# ദൈവം, മതം, വേദം
# സ്നേഹസംവാദം

ശൈഖ് മുഹമ്മദ് കാരകുന്ന്

പ്രസാധനം
ഡയലോഗ് സെന്റർ കേരള

വിതരണം
ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്

കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

# പ്രസ്താവന

നമ്മുടെ നാടിന്റെ പ്രധാന സവിശേഷതകളിലൊന്ന് അതിന്റെ ബഹുസ്വരതയാണ്. മതവൈവിധ്യതയുടെയും സാംസ്കാരിക വൈജാത്യത്തിന്റെയും ഭാഷാ ബഹുത്വത്തിന്റെയും സംഗമ ഭൂമിയാണ് ഇന്ത്യ. അതിനാൽ രാജ്യത്തിന്റെയും ജനതയുടെയും ആരോഗ്യകരമായ നിലനില്പും പുരോഗതിയും സാധ്യമാവണമെങ്കിൽ വിവിധ മത സമൂഹങ്ങൾ തമ്മിലുള്ള സ്നേഹവും സൗഹൃദവും സഹകരണവും സഹിഷ്ണുതയും അനിവാര്യമാണ്. അന്യോന്യം അടുത്തറിയുന്നതിലൂടെ മാത്രമേ ഇത് പ്രായോഗികമാവുകയുള്ളൂ. വസ്തുനിഷ്ഠമായ അറിവിന്റെ അഭാവത്തിൽ അബദ്ധധാരണകളാണ് ആധിപത്യമുറപ്പിക്കുക. അത് വൻ വിപത്തുകൾക്ക് നിമിത്തമായെന്നും വരും.

കേരളം സാക്ഷരതയിലും സാംസ്കാരിക പ്രബുദ്ധതയിലും രാഷ്ട്രീയ അവബോധത്തിലും വളരെ മികച്ചുനിൽക്കുന്ന പ്രദേശമാണല്ലോ. അതുകൊണ്ടു തന്നെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ സജീവമായ ചർച്ചകളും സംവാദങ്ങളും നടക്കാറുണ്ട്. എന്നാൽ മതമേഖലയിൽ ആശയ വിനിമയത്തിനുള്ള അവസരങ്ങൾ അത്യപൂർവമത്രെ. വിവിധ മത സമുദായങ്ങൾക്കിടയിൽ വലിയ അകൽച്ചയും തികഞ്ഞ അജ്ഞതയും ഗുരുതരമായ തെറ്റിദ്ധാരണകളും നിലനിൽക്കാനുള്ള കാരണങ്ങളിലൊന്ന് ഇതാണ്. ഇതു പരിഹരിക്കാനായി സ്നേഹത്തിലും പരസ്പര സഹകരണത്തിലും സൗഹാർദത്തിലും ഗുണകാംക്ഷയിലും അധിഷ്ഠിതമായ മുഖാമുഖങ്ങളും ചർച്ചകളും സെമിനാറുകളും സിമ്പോസിയങ്ങളും സംവാദങ്ങളും സംഘടിപ്പിക്കാനും ഉത്തമ ഗ്രന്ഥങ്ങൾ തയ്യാറാക്കാനുമായി രൂപം കൊണ്ട വേദിയാണ് ഡയലോഗ് സെന്റർ കേരള.

ഐഹിക ജീവിതം സമാധാന നിരതവും ക്ഷേമപൂർണവുമാകണമെന്നാഗ്രഹിക്കാത്ത ആരുമുണ്ടാവില്ല. അവ്വിധം മരണാനന്തരം ദൈവപ്രീതിയും ജീവിത വിജയവും ലഭിക്കണമെന്ന് മുഴുവൻ മതവിശ്വാസികളും ആഗ്രഹിക്കുന്നു. ഇതു രണ്ടും ഒരേ സമയം സാധിതമാവാൻ ഏറ്റം പറ്റിയ മാർഗമേതെന്ന് അന്വേഷിക്കാനും കണ്ടെത്താനും ഏവരും ബാധ്യസ്ഥരത്രെ.

ഭൂമിയിലെ ജീവിതം ഐശ്വര്യ പൂർണവും ക്ഷേമനിരതവുമാക്കാൻ ഏറ്റം ഉതകുന്ന പദ്ധതി തങ്ങളുടെ വശമാണെന്ന് വിശ്വസിക്കുന്ന ഭൗതിക പ്രസ്ഥാ

നങ്ങൾ അവ സമൂഹ സമക്ഷം സമർപ്പിക്കാൻ സദാ ജാഗ്രത പുലർത്താറുണ്ട്. ഭൂമിയിലെ ക്ഷണിക ജീവിതവും മരണശേഷമുള്ള ശാശ്വത ജീവിതവും വിജയകരവും സുരക്ഷിതവുമാകാൻ അനിവാര്യമായ വ്യവസ്ഥ തങ്ങളുടേതാണെന്ന് ഉറച്ചുവിശ്വസിക്കുന്നവർ സാമൂഹിക പ്രതിബദ്ധതയും മനുഷ്യസ്നേഹവുമുള്ളവരാണെങ്കിൽ ജനങ്ങളോടത് ഗുണകാംക്ഷാ പൂർവം തുറന്നുപറയാൻ ബാധ്യസ്ഥരാണ്. അത്തരമൊരു വ്യവസ്ഥയെ ജനങ്ങൾക്ക് പരിചയപ്പെടുത്താതിരിക്കുന്നത് കടുത്ത ദ്രോഹവും സാമൂഹിക വിരുദ്ധ സമീപനവുമാണ്. അങ്ങനെ സംഭവിക്കാതിരിക്കാനുള്ള ശ്രമത്തിന്റെ ഭാഗം കൂടിയാണ് ഡയലോഗ് സെന്റർ.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്താനായി നിരവധി 'മുഖാമുഖം' പരിപാടികളും സ്നേഹസംവാദങ്ങളും സംഘടിപ്പിക്കപ്പെടുകയുണ്ടായി. എല്ലാ വിഭാഗം ജനങ്ങളും അത്തരം പരിപാടികളിൽ താൽപര്യപൂർവം പങ്കെടുക്കുകയും ചർച്ചകളിൽ സജീവമായി സഹകരിക്കുകയും ചെയ്തു. ജിജ്ഞാസാപൂർവം ഉന്നയിക്കപ്പെട്ട ചോദ്യങ്ങളുടെയും അവയ്ക്കു നൽകപ്പെട്ട ഉത്തരങ്ങളുടെയും സമാഹാരമാണിത്. മറുപടികളിൽ ആവശ്യമായ വിശദീകരണങ്ങളും പ്രമാണങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ആമുഖ ഭാഷണം ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് സംഗ്രഹിച്ചു ചേർത്തിരിക്കുന്നു.

ഇതിലെ സംസ്കൃത ഭാഗങ്ങൾ പരിശോധിച്ച് ആവശ്യമായ തിരുത്തങ്ങൾ വരുത്തിയത് പാലക്കാട് വിക്ടോറിയാ കോളേജ് സംസ്കൃത ഭാഷാ വിഭാഗത്തിലെ അധ്യാപിക ഡോ. പി.പി. ഖദീജയാണ്.

പ്രശസ്ത ഗ്രന്ഥകർത്താക്കളും നിരൂപകരുമായ വാണിദാസ് എളയാവൂര്, ഇബ്റാഹീം ബേവിഞ്ച എന്നിവർ ഈ കൃതിയെക്കുറിച്ചെഴുതിയ നിരൂപണങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. വായനക്കാരുടെ കൈകളിലുള്ള ഈ ആറാം പതിപ്പിൽ ചില പരിഷ്കരണങ്ങൾ വരുത്തിയിട്ടുണ്ട്.

സാമൂഹിക പ്രാധാന്യമുള്ള മൗലിക കൃതികൾക്ക് നൽകിവരുന്ന ടി. പി. കുട്ട്യാമു സാഹിബ് അവാർഡ് 2002-ൽ ലഭിച്ചത് ഈ കൃതിക്കാണ്.

ഇസ്‌ലാമിനെ സാമാന്യമായി പരിചയപ്പെടാനും അതിനെ സംബന്ധിച്ച് സമൂഹത്തിൽ നിലനില്ക്കുന്ന ഗുരുതരമായ തെറ്റിദ്ധാരണകൾ ദൂരീകരിക്കാനും ഈ കൃതി ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഉപകരിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

**- പ്രസാധകർ**

# താളുകളിൽ

ആമുഖ ഭാഷണം .... 11
1. ദൈവം നീതിമാനോ? .... 33
2. ദൈവത്തെ സൃഷ്ടിച്ചതാര്? .... 35
3. ഇസ്‌ലാമും അഭൗതിക ജ്ഞാനവും .... 38
4. ദൈവാവതാരം സത്യമോ മിഥ്യയോ .... 43
5. സായിബാബയും മുസ്‌ലിം സിദ്ധന്മാരും .... 50
6. വിഗ്രഹാരാധനയെ എന്തിനെതിർക്കുന്നു? .... 55
7. കഅ്ബയിലെ കറുത്ത കല്ലും ശിലാപൂജയും .... 60
8. അദ്വൈതത്തെ അംഗീകരിക്കാത്തതെന്തുകൊണ്ട് .... 63
9. പരലോകമുണ്ടെന്നതിന് തെളിവുണ്ടോ? .... 74
10. പരലോകം പരമാർഥമോ? .... 78
11. പരലോകത്തും സംവരണമോ? .... 82
12. സ്വർഗത്തിലും സ്ത്രീവിവേചനമോ? .... 86
13. പരലോകവിശ്വാസവും പുനർജന്മ സങ്കൽപവും .... 89
14. സ്വർഗ-നരക വിശ്വാസവും ചൂഷണവ്യവസ്ഥയും .... 95
15. മനസ്സാക്ഷിയും ദിവ്യബോധനവും .... 100
16. ശ്രീരാമനും ശ്രീകൃഷ്ണനും പ്രവാചകന്മാരായിരുന്നോ? .... 105
17. മുഹമ്മദ് നബിയും വിഗ്രഹധ്വംസനവും .... 108
18. വേദവും ഗീതയും ദൈവികമോ? .... 113
19. ഖുർആൻ ബൈബിളിന്റെ അനുകരണമോ? .... 119
20. ഖുർആൻ ദൈവിക ഗ്രന്ഥമോ? .... 124
21. ഇസ്‌ലാമും പരിണാമസിദ്ധാന്തവും .... 132
22. മതമേതായാലും മനുഷ്യൻ നന്നായാൽ പോരേ? .... 137
23. ആധുനിക മനുഷ്യന് ആറാം നൂറ്റാണ്ടിലെ മതമോ? .... 141
24. ദൈവം കഅ്ബയിലോ? .... 145
25. വിധിവിശ്വാസം ഭൗതികവാദത്തിലും ഇസ്‌ലാമിലും .... 149
26. ഖുർആൻ വാക്യങ്ങളിൽ വൈരുധ്യമോ? .... 162

27. അടിമത്തം നിരോധിക്കാതിരുന്നതെന്തുകൊണ്ട്? ........................ 166
28. ഇസ്‌ലാമിന്റെ പ്രചാരണവും ആയുധ പ്രയോഗവും .................. 174
29. ഇസ്‌ലാമിക ഭരണത്തിലെ മതന്യൂനപക്ഷങ്ങൾ ......................... 180
30. ജിസ്‌യ മതനികുതിയോ? .................................................................. 186
31. സ്ത്രീയുടെ പദവി ഇസ്‌ലാമിൽ ........................................................ 191
32. ഇസ്‌ലാം പുരുഷമേധാവിത്വത്തിന്റെ മതമോ? ............................ 197
33. പർദ മുതൽ സാക്ഷ്യം വരെ ............................................................ 200
34. പൊതുജീവിതത്തിലെ സ്ത്രീ പങ്കാളിത്തം ................................ 205
35. അനാഥ പൗത്രന്റെ അനന്തരാവകാശം .......................................... 210
36. ബലികർമവും ജീവകാരുണ്യവും ..................................................... 217
37. ഇസ്‌ലാമും ഭീകരവാദവും ............................................................... 223
38. ഇസ്‌ലാം എന്തുകൊണ്ട് സ്വീകാര്യമാവുന്നില്ല? .......................... 229
39. ഇസ്‌ലാമും മുസ്‌ലിം പിന്നാക്കാവസ്ഥയും .................................. 234
40. യുക്തിവാദികളുടെ ചില ചോദ്യങ്ങൾ ........................................... 239
ഉപസംഹാരം .......................................................................................... 245

**അനുബന്ധം 1**
കാലം ആഗ്രഹിക്കുന്ന ഉത്കൃഷ്ട കൃതി
- വാണിദാസ് എളയാവൂര് ........................................................ 247

**അനുബന്ധം 2**
സംസ്കൃതി പൂക്കുമ്പോൾ
- ഇബ്റാഹീം ബേവിഞ്ച ............................................................ 251

# ആമുഖ ഭാഷണം

പ്രിയമുള്ളവരേ,

നമ്മിലേവരിലും പ്രപഞ്ചനാഥന്റെ അനുഗ്രഹാശിസ്സുകൾ സദാ വർഷിക്കുമാറാവട്ടെ. നമ്മുടെ ഈ സ്നേഹപൂർവമായ സംഗമം ഫലപ്രദമാവാൻ സർവശക്തനായ ദൈവം സഹായിക്കുമാറാവട്ടെ.

പരിമിതമായ സമയത്തിനുള്ളിൽ ഇസ്‌ലാമിനെ സംക്ഷിപ്തമായി പരിചയപ്പെടുത്തുകയെന്നതാണ് ഇപ്പോൾ എന്നിലർപ്പിതമായ ചുമതല. ഈ ബാധ്യത യഥാവിധി നിർവഹിക്കാൻ എന്നെയും ഫലപ്രദമായി കേൾക്കാനും ഉൾക്കൊള്ളാനും നിങ്ങളെയും പരമകാരുണികനായ അല്ലാഹു തുണക്കുമാറാവട്ടെ.

ആരാണ് മനുഷ്യൻ? അവൻ എവിടെനിന്ന് വന്നു? എങ്ങോട്ടു പോകുന്നു? എന്താണ് ജീവിതം? എന്തിനുള്ളതാണ്? എവ്വിധമായിരിക്കണം? മരണശേഷം എന്ത്? ജീവിതത്തെ ബോധപൂർവം സമീപിക്കാനാഗ്രഹിക്കുന്ന ആർക്കും ഇത്തരം ചോദ്യങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുക സാധ്യമല്ല. ഇവയ്ക്കു ലഭിക്കുന്ന മറുപടി ജീവിതത്തിന്റെ ലക്ഷ്യവും മാർഗവും ദിശയും രീതിയും രൂപവും ഭാവവും നിർണയിക്കുന്നതിൽ അനല്പമായ പങ്കുവഹിക്കുന്നു.

മനുഷ്യനിൽ മൂന്ന് അംശമുണ്ട്: ശരീരം, മനസ്സ്, ആത്മാവ്. ശരീരവും ശാരീരികാവശ്യങ്ങളും മനുഷ്യനെപ്പോലെ ഇതര ജീവജാലങ്ങൾക്കുമുണ്ട്. തിന്നുക, കുടിക്കുക, ഭോഗിക്കുക, സുഖിക്കുക, ഉല്ലസിക്കുക പോലുള്ള ശാരീരികാവശ്യങ്ങൾ എല്ലാ ജീവികളും നിർവഹിച്ചുകൊണ്ടിരിക്കുന്നു. അതിന് അവയെ സഹായിക്കുന്നത് ജന്മവാസനകളാണ്. ഇക്കാര്യത്തിൽ മനുഷ്യനെക്കാൾ മികച്ചുനിൽക്കുന്ന ഒട്ടേറെ ജീവജാലങ്ങൾ ലോകത്തുണ്ട്. ഉദാഹരണമായി തേനീച്ച. അതിന് ദിശയറിയാൻ സൂര്യപ്രകാശത്തിന്റെ ആവശ്യമില്ല. വിരിഞ്ഞുനിൽക്കുന്ന പൂവിന്റെ അടുത്തുചെന്നു നിൽക്കുന്ന സസ്യശാസ്ത്രജ്ഞന് അതിൽ ഏറ്റവും കൂടുതൽ തേനുള്ളതെപ്പോഴാണെന്ന് മനസ്സിലാക്കുക സാധ്യമല്ല. എന്നാൽ അതിന്റെ അരികിലൂടെ പാറിപ്പറക്കുന്ന തേനീച്ചക്ക് അത് അനായാസം അറിയാൻ സാധിക്കും. തേനീച്ചയുടെ കൂട്, നിർമാണ വൈദഗ്ധ്യത്തിന്റെ മികച്ച ഉദാഹരണമാണ്. അതിനിപുണനായ എഞ്ചിനീയർക്കുപോലും അത്തരമൊന്നുണ്ടാക്കാനാവില്ല. തേനീച്ചയുടെ ജോലിവിഭജനം ഒരു പരിഷ്കൃത നാഗരിക സമൂഹത്തെ

ക്കാൾ മികച്ചതത്രെ.

ചിതലിന്റെ പുറ്റ് ഏറെ ശ്രദ്ധേയമാണ്. ഭദ്രമായ അനേകം അറകളോടു കൂടിയ അതിന് 25 അടിവരെ ഉയരമുണ്ടാവാറുണ്ട്. ചിതലിന്റെ വലുപ്പവും അതു നിർമിക്കുന്ന പുറ്റിന്റെ ഉയരവും താരതമ്യം ചെയ്ത് മനുഷ്യൻ അതി നനുസൃതമായ വീടുണ്ടാക്കുകയാണെങ്കിൽ ചുരുങ്ങിയത് 1000 നിലയുള്ള കെട്ടിടമെങ്കിലും നിർമിക്കേണ്ടിവരും. തവള അതിന്റെ വലുപ്പത്തിന്റെ ഇരു പതിരട്ടിയോളം ദൂരത്തേക്ക് ചാടാൻ കഴിവുള്ള ജീവിയാണ്. പുൽച്ചാടി യുടെ സ്ഥിതി ഇതിനെക്കാൾ അദ്ഭുതകരമത്രെ. ഉടലിന്റെ വലുപ്പത്തിന്റെ ഇരുനൂറ് മടങ്ങ് ദൂരത്തേക്ക് ചാടാൻ അതിനു സാധിക്കും. അതിനനുസൃ തമായി മനുഷ്യൻ ചാടുകയാണെങ്കിൽ നാനൂറ് മീറ്റർ ദൂരമെങ്കിലുമെത്താ നവന് കഴിയണം. അത് സങ്കല്പാതീതമാണല്ലോ. ദേശാടനപക്ഷികൾ അവ താമസിക്കുന്ന പ്രദേശത്തെ കാലാവസ്ഥ പ്രതികൂലമായി മാറുമ്പോൾ അനേകായിരം കിലോമീറ്റർ അകലെ അനുയോജ്യമായ കാലാവസ്ഥയുള്ള പ്രദേശങ്ങൾ അനായാസം കണ്ടെത്തുന്നു. പെൺ നിശാശലഭങ്ങൾ ശരീര ഗന്ധംകൊണ്ട് പതിനൊന്ന് കിലോമീറ്റർ വരെ അകലെയുള്ള പുരുഷ പൂമ്പാ റ്റയെ അതിവേഗം ആകർഷിക്കുന്നു. നിന്നേടത്തുനിന്ന് മേല്പോട്ടും കീഴ്പോട്ടും മുന്നോട്ടും പിന്നോട്ടും പറക്കാനുള്ള തുമ്പിയുടെ കഴിവ് അത്യന്തം വിസ്മയജന്യമത്രെ. പൂച്ചയുടെ കാഴ്ചശക്തിയും നായയുടെ ശ്രവണകഴിവും കഴുകന്റെ ഘ്രാണശേഷിയും മനുഷ്യന്റേതിനേക്കാൾ ഏറെ മികച്ചവയത്രെ.

എന്നാൽ മനുഷ്യനൊഴിച്ചുള്ള ജീവജാലങ്ങൾക്കൊന്നുംതന്നെ തങ്ങ ളുടെ ജന്മവാസനകളുടെ പരിധിക്ക് പുറത്തുകടക്കുക സാധ്യമല്ല. അതു കൊണ്ടുതന്നെ വളർച്ചയും വികാസവും പുരോഗതിയുമൊക്കെ അവയ്ക്ക് തീർത്തും അപ്രാപ്യമത്രെ. സഹസ്രാബ്ദങ്ങൾക്കപ്പുറം കൂടുണ്ടാക്കിയതു പോലെത്തന്നെയാണ് തേനീച്ച ഇന്നും കൂടുണ്ടാക്കുന്നത്. പറവകൾ അനേ കായിരം വർഷം മുമ്പ് പാറിയ വേഗത്തിലേ ഇന്നും പറക്കുകയുള്ളൂ. പക്ഷേ, മനുഷ്യന്ന് തന്റെ മുഴുജീവിത മേഖലകളിലും വമ്പിച്ച പുരോഗതി നേടാൻ കഴിഞ്ഞ നൂറ്റാണ്ടുകളിലൂടെ കടന്നുപോന്ന തലമുറകളിലൂടെ കഴിഞ്ഞി ട്ടുണ്ട്. നമ്മുടെ പൂർവികർ പാറപ്പൊത്തിലാണല്ലോ പാർത്തിരുന്നത്. പിന്നെ പച്ചിലകൾകൊണ്ട് മറച്ചുണ്ടാക്കിയ കൊച്ചു കൂരകളിൽ കഴിയാൻ തുടങ്ങി. കാലം പിന്നെയും പിന്നിട്ടപ്പോൾ പാർപ്പ് പുല്ലു മേഞ്ഞ പുരകളിലായി. പിന്നീട് താമസം ഓടിട്ട വീടുകളിലായി; ഇപ്പോൾ സുന്ദരമായ സിമന്റ് സൗധങ്ങളിലും. വരാനിരിക്കുന്ന തലമുറകളുടെ വാസസ്ഥലമെവിടെയാ യിരിക്കുമെന്ന് നമുക്കാർക്കുമിന്ന് പ്രവചിക്കാൻ പോലുമാവില്ല. പറക്കാ നുള്ള മോഹം നമ്മുടെ പൂർവികർക്കുമുണ്ടായിരുന്നു. എങ്കിലും അവർക്കത് സങ്കല്പിക്കാനോ സ്വപ്നം കാണാനോ കൂടി സാധ്യമായിരുന്നില്ല. എന്നാൽ നാമിന്ന് പറവകളെക്കാൾ അനേകമിരട്ടി വേഗത്തിൽ പറക്കാൻ സഹായ കമായ ഉപകരണങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇതിനൊക്കെയും മനു ഷ്യനെ സഹായിച്ചത് അറിയാനും പഠിക്കാനും മനസ്സിലാക്കാനും ഉൾക്കൊ ള്ളാനും വിവേചിച്ചറിയാനും കഴിവേകുന്ന വിശേഷബുദ്ധിയാണ്. അത്

മനുഷ്യപുരോഗതിയുടെയും വളർച്ചയുടെയും നിമിത്തമായി വർത്തിക്കുന്നു.

എന്നാൽ ഇതു മാത്രമല്ല മനുഷ്യന്റെ സവിശേഷത. അവന് ജന്മവാസനകളെ നിയന്ത്രിക്കാനും അവയുടെ മേൽ മേധാവിത്വം പുലർത്താനും സാധിക്കും. ഇതര ജീവജാലങ്ങൾക്കതു സാധ്യമല്ല. വിശന്നു വലഞ്ഞ പശുവിന് പുല്ല് കിട്ടിയാൽ തിന്നാതിരിക്കാനാവില്ല. തന്നേക്കാൾ വിശപ്പുള്ള പശുക്കൾ വിശപ്പടക്കട്ടെ എന്നു കരുതി കാത്തിരിക്കാൻ അതിന് കഴിയില്ല. ദാഹിച്ചു വലഞ്ഞ പട്ടിക്ക് വെള്ളം കിട്ടിയാൽ തന്നെക്കാൾ ദാഹിച്ച തള്ളപ്പട്ടിക്കായി അതു മാറ്റിവെക്കാനോ കുടിക്കാതിരിക്കാനോ സാധ്യമല്ല. ഒരു പൂവൻ കോഴി കൊത്താൻ വന്നാൽ മറ്റൊരു പൂവൻകോഴി ക്ഷമിക്കാറോ സഹിക്കാറോ ഇല്ല. എന്നാൽ മനുഷ്യന്റെ സ്ഥിതിയോ; അതികഠിനമായ വിശപ്പുള്ളപ്പോൾ ആഹാരം അടുത്തുണ്ടെങ്കിലും, അത് തിന്നാൻ അതിയായ ആഗ്രഹമുണ്ടെങ്കിലും തിന്നാതിരിക്കാൻ അവന് കഴിയും. കൊടും ദാഹമുള്ളപ്പോൾ വെള്ളം കുടിക്കാൻ കൊതിയുണ്ടെങ്കിലും, വെള്ളം കൈയിൽ കിട്ടിയാലും കുടിക്കാതിരിക്കാൻ കഴിയും. എടാ എന്നു പറയുന്നവനോട് പോടാ എന്നു പറയാൻ പൂതിയുണ്ടെങ്കിലും ആർജിതമായ സംസ്കാരംകൊണ്ടോ പ്രതിയോഗിയെ പേടിച്ചോ അങ്ങനെ പറയാതിരിക്കാൻ അവന്ന് സാധിക്കും. ഇത് മനുഷ്യന്റെ സവിശേഷതയാണ്. ആഗ്രഹങ്ങളെ നിയന്ത്രിക്കാനും മോഹങ്ങളെ മെരുക്കിയെടുക്കാനും ഇഛകളുടെ മേൽ മേധാവിത്വം പുലർത്താനും മനുഷ്യന് സാധിക്കും. ഇതിനവനെ സഹായിക്കുന്നത് ആത്മീയാംശമാണ്. അതുകൊണ്ടുതന്നെ, മനുഷ്യൻ ജന്മവാസനകളാൽ തീർത്തും നിയന്ത്രിതനോ ബന്ധിതനോ അല്ല. അവന്റെ ജീവിതത്തിനു രണ്ടു വശങ്ങളുണ്ട്: ഒന്ന് സ്വയം തെരഞ്ഞെടുക്കാനും തീരുമാനിക്കാനും സ്വാതന്ത്ര്യവും സാധ്യതയുമുള്ള മേഖല. രണ്ടാമത്തേത് അതില്ലാത്തതും.

നമ്മുടെ നാട്, വീട്, ദേശം, ഭാഷ, കാലം, കോലം, ലിംഗം; ഇതൊന്നും തീരുമാനിക്കുന്നത് നാമല്ലല്ലോ. കേരളത്തിൽ, മലയാളികളായി ജനിക്കണമെന്ന് നാമാരും സ്വയം തീരുമാനിച്ചതല്ല. നാം നീണ്ടവരാകണമോ കുറിയവരാകണമോ മലയാളികളാകണമോ തമിഴരാകണമോ കറുത്തവരാകണമോ വെളുത്തവരാകണമോ ആണാകണമോ പെണ്ണാകണമോ ഇരുപതാം നൂറ്റാണ്ടുകാരാകണമോ ഇരുപത്തൊന്നാം നൂറ്റാണ്ടുകാരാകണമോ എന്നൊന്നും തീരുമാനിക്കാനുള്ള സാധ്യതയോ സ്വാതന്ത്ര്യമോ നമുക്കാർക്കും ലഭിച്ചിട്ടില്ല. ഇതൊക്കെയും അലംഘനീയമായ ദൈവനിയമങ്ങൾക്കു വിധേയമാണ്.

എന്നാൽ മനുഷ്യന് സ്വയം തെരഞ്ഞെടുക്കാനും തീരുമാനിക്കാനും സാധ്യതയും സ്വാതന്ത്ര്യവുമുള്ള വിശാലമായ മറ്റൊരു മേഖല കൂടിയുണ്ട്. നാം എന്തു തിന്നണം, എന്തു തിന്നരുത്; എന്തു കുടിക്കണം, എന്തു കുടിക്കരുത് പോലുള്ള കാര്യങ്ങൾ തീരുമാനിക്കാനുള്ള സാധ്യത നമുക്കേവർക്കും നൽകപ്പെട്ടിരിക്കുന്നു. ഈ സ്വാതന്ത്ര്യത്തിന് ഏർപ്പെടുത്തുന്ന നിയന്ത്രണത്തിനാണല്ലോ നിയമമെന്നു പറയുക. നമുക്ക് അന്തരീക്ഷത്തിൽ

കൈ വീശാൻ സാധിക്കും; പക്ഷേ, അത് മറ്റുള്ളവരുടെ ശരീരത്തിൽ തട്ടരുതെന്ന നിയന്ത്രണമാണ് നിയമമാവശ്യപ്പെടുന്നത്. നമുക്ക് സംസാരിക്കാൻ കഴിയും; എന്നാൽ അത് ഇതരരുടെ വികാരത്തെ വ്രണപ്പെടുത്തുന്നതോ അഭിമാനത്തെ ക്ഷതപ്പെടുത്തുന്നതോ ആവരുത്.

മനുഷ്യജീവിതത്തിന് ഇവ്വിധം നിയമം അനിവാര്യമാണെന്ന് ഏവരും അംഗീകരിക്കുന്നു. അതുകൊണ്ടുതന്നെ ലോകത്തുള്ള എല്ലാ ജനതകൾക്കും സമൂഹങ്ങൾക്കും നിയമ വ്യവസ്ഥകളുണ്ട്; ഭരണഘടനകളുണ്ട്. അവ നടപ്പാക്കാനുള്ള സംവിധാനങ്ങളുമുണ്ട്. ഇവിടെ ഒരു ചോദ്യം വളരെ പ്രസക്തമാണ്. ആരാണ് മനുഷ്യന് നിയമം നൽകേണ്ടത്? അവൻ സ്വയം നിർമിക്കുകയാണോ വേണ്ടത്? ഈ ചോദ്യം ബോധമുള്ളവരൊക്കെയും സ്വയം ചോദിക്കാതിരിക്കില്ല. ഒന്നുകൂടി തെളിയിച്ചു പറഞ്ഞാൽ, ഞാനെന്റെ കൈകൊണ്ട് എന്തു ചെയ്യണം, എന്തു ചെയ്യരുത്? കണ്ണുകൊണ്ടെന്ത് കാണണം, എന്തു കാണരുത്? കാതുകൊണ്ട് എന്തു കേൾക്കണം, എന്തൊക്കെ കേൾക്കരുത്? നാവുകൊണ്ട് എന്തു പറയണം, എന്തൊക്കെ പറയരുത്? കാലുകൊണ്ട് എവിടേക്കെല്ലാം പോകാം, എവിടേക്കെല്ലാം പോകരുത്?... ആരാണ് ഇത് തീരുമാനിക്കേണ്ടത്? വേണമെങ്കിൽ നമുക്കു പറയാം: ഇതൊക്കെയും ഓരോരുത്തരും സ്വയം തീരുമാനിച്ചു കൊള്ളട്ടെ. അങ്ങനെയാണെങ്കിൽ അറുനൂറു കോടി മനുഷ്യരുടെ പരസ്പര വിരുദ്ധങ്ങളായ താൽപര്യങ്ങളുടെയും ആഗ്രഹാഭിലാഷങ്ങളുടെയും സംഘട്ടനത്തിനിവിടം സദാ സാക്ഷ്യം വഹിക്കേണ്ടി വരും.

അതോടൊപ്പം നമുക്ക് നമ്മുടെ മേൽതന്നെ എത്രത്തോളം അവകാശമുണ്ടെന്ന ചോദ്യവും ഏറെ പ്രസക്തമത്രെ. നാം സൗകര്യത്തിനു വേണ്ടി പറയാറുണ്ട്- എന്റെ കൈ, എന്റെ കാൽ, എന്റെ കണ്ണ്, എന്റെ കാത്, എന്റെ നാക്ക്, എന്റെ മൂക്ക് എന്നൊക്കെ. പക്ഷേ, സൂക്ഷ്മമായ വിശകലനത്തിൽ, ഇവയൊന്നും തന്നെ നമ്മുടേതല്ലെന്ന് ഏവർക്കുമറിയാമല്ലോ. ഇവയുടെ മേൽ പരമമായ ഉടമാവകാശമോ നിയന്ത്രണമോ നമുക്കാർക്കുമില്ല. കൈ നമ്മുടേതായിരുന്നുവെങ്കിൽ, ഒരിക്കലുമതിനു വേദന വരുമായിരുന്നില്ല. അത് മെലിഞ്ഞു ശോഷിക്കുകയോ അവസാനം നിശ്ചല നിർജീവമാവുകയോ ചെയ്യുമായിരുന്നില്ല. നമ്മിൽ പലരും കണ്ണട വെച്ചിട്ടുണ്ട്. കണ്ണ് നമ്മുടേതായിരുന്നുവെങ്കിൽ നമുക്ക് കണ്ണട വെക്കേണ്ടി വരുമായിരുന്നില്ല. കൈകാലുകൾ നമ്മുടേതായിരുന്നുവെങ്കിൽ അത് മെലിഞ്ഞു ശോഷിക്കുമായിരുന്നില്ല. കാത് നമ്മുടേതായിരുന്നുവെങ്കിൽ കേൾവി കുറയുമായിരുന്നില്ല. അപ്പോൾ നാം നമ്മുടേതെന്ന് പറയുന്ന ശരീരവും ശാരീരികാവയവങ്ങളും ആയുസ്സും ആരോഗ്യവും ജീവനും ജീവിതവും ഒന്നും തന്നെ നമ്മുടേതല്ല. പൂർണമായും നമ്മുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ അല്ല. ആരാണോ നമുക്കവ നൽകിയത് ആ പ്രപഞ്ചത്തിന്റെ പരാശക്തിയായ പടച്ചതമ്പുരാന് മാത്രമേ അവയുടെ മേൽ പരമമായ ഉടമാവകാശമുള്ളൂ. ഇവയൊന്നും ഉണ്ടാക്കിയത് നാമല്ലല്ലോ! യഥാർഥത്തിൽ മനുഷ്യൻ ഈ ഭൂമിയിൽ നിർമാണ കർമം നിർവഹിക്കുന്നേയില്ല. സൗകര്യത്തിന് വേണ്ടി നാം പറയാറുണ്ട്, ആശാരി മേശ ഉണ്ടാക്കി എന്ന്. പക്ഷേ, നമുക്ക

റിയാമല്ലോ ആ മേശയുടെ മരമുണ്ടാക്കുന്നത് ആശാരിയല്ല; അത് നിർമി ക്കാനാവശ്യമായ ആണിയുടെ ഇരുമ്പുണ്ടാക്കുന്നത് ആശാരിയല്ല; മേശ യുണ്ടാക്കാനുപയോഗിക്കുന്ന ഉളിയുടെ ഇരുമ്പും അതിന്റെ പിടിയുടെ മരവും ഉണ്ടാക്കുന്നതും ആശാരിയല്ല; ആശാരിയെ പോലും ഉണ്ടാക്കുന്നത് ആശാരിയല്ലെങ്കിൽ, ആശാരി മേശ ഉണ്ടാക്കി എന്ന പ്രസ്താവം എത്ര മേൽ അബദ്ധമാണെന്ന് ആലോചിക്കേണ്ടതുണ്ട്. പ്രപഞ്ചത്തിലുള്ള പദാർഥ ങ്ങളെടുത്ത് രൂപം മാറ്റാനല്ലാതെ പുതുതായൊന്നും നിർമിക്കാൻ ആർക്കും സാധ്യമല്ല. അതിനാൽ നിർമാണകർമം നിർവഹിക്കാത്ത മനുഷ്യന്ന് ഇവിടെ ഒന്നിന്റെ മേലും പൂർണമായ ഉടമാവകാശമോ പരമമായ അധികാരമോ നിയന്ത്രണമോ ഇല്ല. ആരാണോ സൃഷ്ടികർമം നിർവഹിച്ചത് അവന്നേ ഉടമസ്ഥതയുള്ളൂ. അതുകൊണ്ട് അവന്ന് മാത്രമേ നിയമനിർമാണാധികാ രവുമുള്ളൂ. അതിനാൽ നാം എങ്ങനെ ജീവിക്കണം, എങ്ങനെ ജീവിക്ക രുത്; എന്തൊക്കെ ചെയ്യണം, എന്തൊക്കെ ചെയ്യരുത് എന്നു തീരുമാനി ക്കാനും കല്പിക്കാനും വിരോധിക്കാനും ആത്യന്തികവും പരമവുമായ അവ കാശം നമ്മുടെയും നാം ജീവിക്കുന്ന പ്രപഞ്ചത്തിന്റെയും സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിന് മാത്രമേ ഉള്ളൂ. ഇതാണ് ഇസ്‌ലാമിന്റെ മൗലിക സിദ്ധാന്തം. അതിനാൽ, മനുഷ്യന് സ്വയം തെരഞ്ഞെടുക്കാൻ സാധ്യതയും സ്വാതന്ത്ര്യവും ലഭിച്ച ജീവിതമേഖലകളിൽ ദൈവം നിശ്ച യിച്ച വ്യവസ്ഥക്ക് വിധേയമായി, അവൻ അവതരിപ്പിച്ചുതന്ന ജീവിത വ്യവ സ്ഥക്കനുസൃതമായി ജീവിക്കുന്നതിനാണ് ഇസ്‌ലാം എന്നു പറയുക. അങ്ങനെ ജീവിക്കുന്ന വ്യക്തിക്ക് മുസ്‌ലിമെന്നും വ്യക്തികളുടെ കൂട്ടത്തിന് മുസ്‌ലിംകൾ എന്നും പറയുന്നു. അത് ഏതെങ്കിലും ജാതിയുടെയോ ദേശ ക്കാരുടെയോ ഭാഷക്കാരുടെയോ പ്രത്യേക നാമധാരികളുടെയോ പേരല്ല. മറിച്ച്, ഈ പ്രപഞ്ചത്തിന്റെ പിന്നിലെ നിയമ ഘടന ഏതൊരു ദൈവ മാണോ നിശ്ചയിച്ചത്, അതേ ദൈവത്തിന്റെ തന്നെ നിയമ വ്യവസ്ഥക്ക് വിധേയമായി ജീവിക്കുന്നതിനാണ് ഇസ്‌ലാം എന്നു പറയുക. അങ്ങനെ ജീവിക്കുന്നവർ മാത്രമാണ് മുസ്‌ലിംകൾ.

ദൈവം പ്രപഞ്ചത്തിന്റെ സ്രഷ്ടാവാണ്; ഇവിടെയുള്ളതെല്ലാം സൃഷ്ടി കളും. സൃഷ്ടികൾക്കൊരിക്കലും സ്രഷ്ടാവിനെപ്പോലെയാവാൻ സാധ്യ മല്ല. ദൈവം പ്രപഞ്ചത്തിലെ സൃഷ്ടികളോട് ഉപമിക്കാവുന്ന ഒന്നല്ല എന്നർ ഥം. ഈ പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിമാഹാത്മ്യത്തിന്റെ ഉത്തമ നി ദർശനമാണ്. നമുക്കറിയുന്നതുപോലെ, നാമൊരു ക്ലോക്കുണ്ടാക്കി. അല്ലെ ങ്കിൽ ഏതെങ്കിലും ഒരു വസ്തു നിർമിച്ചു. ആ വസ്തുവിന് നമ്മെപ്പോലെ കേൾക്കാനോ കാണാനോ ചിന്തിക്കാനോ മനസ്സിലാക്കാനോ കഴിയുകയില്ല. അതേസമയം, നാം നിർമിച്ച പദാർഥം നമ്മുടെ നിർമാണ വൈദഗ്ധ്യത്തി ന്റെ തെളിവായിരിക്കും. ഇവ്വിധം തന്നെ, പ്രപഞ്ചത്തിലെ ഒരു വസ്തുവിനും ദൈവത്തെപ്പോലെ കാണാനോ കേൾക്കാനോ അറിയാനോ മനസ്സിലാ ക്കാനോ ഉൾക്കൊള്ളാനോ കാര്യങ്ങൾ നിർവഹിക്കാനോ സാധ്യമല്ല. അവ യൊന്നും ദൈവത്തെപ്പോലെ സർവശക്തനോ സർവജ്ഞനോ അല്ല. അതേ സമയം അവയൊക്കെയും ദൈവത്തിന്റെ നിർമാണ വൈദഗ്ധ്യത്തിന്റെയും

സൃഷ്ടിമാഹാത്മ്യത്തിന്റെയും ഉത്തമ ദൃഷ്ടാന്തമാണ്. അതിനാൽ, പ്രപഞ്ചത്തിന്റെയും അതിലുള്ള സകലതിന്റെയും സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിനു മാത്രമേ മനുഷ്യന്റെ മേൽ നിയമനിർമാണത്തിന്റെ പരമാധികാരമുള്ളൂവെന്നും അവനെ മാത്രം വണങ്ങി, വഴങ്ങി, വിധേയമായി ജീവിക്കേണ്ടവനാണ് മനുഷ്യനെന്നും മതം പഠിപ്പിക്കുന്നു. വിശുദ്ധ വേദഗ്രന്ഥം പറയുന്നു: "മനുഷ്യരേ, നിങ്ങൾ നിങ്ങളെയും നിങ്ങളുടെ മുമ്പുള്ളവരെയും സൃഷ്ടിച്ച ദൈവത്തെ മാത്രം ആരാധിച്ച്, അനുസരിച്ച്, അടിപ്പെട്ട് ജീവിക്കുക." (ഖുർആൻ 2: 21)

കാര്യകാരണ ബന്ധങ്ങൾക്കതീതമായ അറിവ് ദൈവത്തിനല്ലാതെ മറ്റാർക്കുമില്ല. ദൈവദൂതന്മാർക്കുപോലും അവൻ അറിയിച്ചുകൊടുക്കുന്നതിലുപരിയായി സ്വയം നേടാവുന്ന ഒന്നല്ല അഭൗതികജ്ഞാനമെന്നർഥം. അപ്രകാരംതന്നെ കാര്യകാരണ ബന്ധങ്ങൾക്കതീതമായി അഭൗതികമാർഗേണ ഉപകാരമോ ഉപദ്രവമോ ഗുണമോ ദോഷമോ ചെയ്യാൻ ദൈവത്തിനല്ലാതെ ലോകത്താർക്കും സാധ്യമല്ല. അതിനാൽ ദൈവത്തോടല്ലാതെ മറ്റാരോടും പ്രാർഥനയോ സഹായാർഥനയോ അരുത്. നേർച്ചവഴിപാടുകളും ആരാധനാ കർമങ്ങളും അവനു മാത്രമേ അർപ്പിക്കാവൂ. ഇവ്വിധം ജീവിതത്തിന്റെ മുഴു മേഖലകളിലും ദൈവത്തെ മാത്രം അനുസരിച്ചും അവനെ മാത്രം ആരാധിച്ചും അടിപ്പെട്ടും ജീവിക്കണമെന്നാണ് ഇസ്‌ലാം മനുഷ്യരാശിയോട് ആവശ്യപ്പെടുന്നത്.

അതിന്റെ രണ്ടാമത്തെ അടിസ്ഥാനം മരണത്തിനു ശേഷമുള്ള മറുലോക ജീവിതത്തിലുള്ള വിശ്വാസമാണ്. നമുക്കേവർക്കും അറിയാവുന്നതുപോലെ, മനുഷ്യരെല്ലാം മരണത്തിലൂടെ ഭൂമുഖത്തുനിന്ന് തിരോഭവിക്കുന്നു. തങ്ങളുടെ കർമഫലം ഏറ്റുവാങ്ങിക്കൊണ്ടല്ല ആരും മരണമടയുന്നത്. അനേകായിരം മനുഷ്യരെ കൊന്ന കൊലയാളികളും കൊടുംക്രൂരന്മാരും ഈ ലോകത്തുണ്ടായിട്ടുണ്ട്. അവർക്ക് അർഹമായ ശിക്ഷ നൽകാൻ ആർക്കും കഴിഞ്ഞിട്ടില്ല. കഴിയുകയുമില്ല. ഒരാളെ കൊന്നാൽ പരമാവധി നമുക്കയാളെ പകരം കൊല്ലാൻ സാധിച്ചേക്കാം. പക്ഷേ, അങ്ങനെ നാം കൊല്ലുന്നത് കൊണ്ടുമാത്രം നീതി നടപ്പാക്കപ്പെടും എന്ന് പറയുക സാധ്യമല്ല. ഞാൻ കൊല്ലപ്പെട്ടാൽ അതിന്റെ പ്രയാസം അനുഭവിക്കുന്നത് എന്റെ സഹധർമിണിയും മക്കളുമാണ്. എന്നെ കൊന്ന കൊലയാളിക്ക്, വധശിക്ഷ വിധിക്കുന്നതു കൊണ്ടുമാത്രം അവരനുഭവിക്കുന്ന പ്രയാസങ്ങൾ ലഘൂകരിക്കപ്പെടുകയില്ല. ആരാണോ കൊല്ലപ്പെടുന്നത് അവരിലൂടെ കഷ്ടനഷ്ടങ്ങൾ അനുഭവപ്പെടുന്നവർക്ക് ഘാതകൻ വധിക്കപ്പെടുക എന്നത് പരിഹാരമായി മാറുന്നില്ല. എന്നിട്ടും നീതിന്യായ കോടതികളും നിയമനടപടികളും വേണ്ടിവരുന്നത് ഭൂമിയിൽ സമാധാനം സ്ഥാപിക്കാൻ അതനിവാര്യമായതിനാലാണ്.

നീതി നടപ്പാക്കപ്പെടണമെന്നാഗ്രഹിക്കാത്ത ആരുമില്ല. ഓർമയിൽ നിറഞ്ഞുനിൽക്കുന്ന ഒരു സംഭവമിവിടെ ഉദ്ധരിക്കാം: കോഴിക്കോട് ജില്ലയിലെ ഒരു പോലീസ് സ്റ്റേഷനിൽവെച്ച് സോമൻ എന്നു പേരുള്ള സബ് ഇൻസ്പെക്ടർ കൊല്ലപ്പെടുകയുണ്ടായി. അദ്ദേഹത്തെ വധിച്ചത് അതേ സ്റ്റേഷനിലെ

സഹപ്രവർത്തകരായ പോലീസുകാരാണ് എന്ന് ജനം ധരിച്ചു. കേസ് കോടതിയിലെത്തിയപ്പോൾ, കീഴ്കോടതിയിൽവെച്ച് അവർ ശിക്ഷിക്കപ്പെടുകയും ചെയ്തു. പക്ഷേ, ഹൈക്കോടതിയിലെത്തിയപ്പോൾ, എട്ടു കൊല്ലത്തിനു ശേഷം അവർ കുറ്റക്കാരല്ല എന്ന് വിധിയുണ്ടായി. അങ്ങനെ നീണ്ട നിരവധി വർഷങ്ങൾക്കു ശേഷം തന്റെ ഭർത്താവിന്റെ ഘാതകരെന്ന് കരുതപ്പെടുന്നവർ വിട്ടയക്കപ്പെട്ടു എന്നു കേട്ടപ്പോൾ സോമന്റെ ഭാര്യ പൊട്ടിക്കരയുന്ന ചിത്രം മലയാളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളിലും വരികയുണ്ടായി. നീതിക്കുവേണ്ടിയുള്ള മനുഷ്യന്റെ അന്തർദാഹത്തെയാണിത് അനാവരണം ചെയ്യുന്നത്. ചുരുക്കത്തിൽ, ഏതൊരാളും നീതി നടക്കണമെന്നു കൊതിക്കുന്നു. അതേ സമയം, ഒരിക്കലും ഇവിടെ നിഷ്കൃഷ്ടമായ നീതി നടപ്പാക്കുക സാധ്യമല്ല. പത്തും നൂറും ആയിരവും പതിനായിരവും ലക്ഷവും കോടിയും ആളുകളെ കൊന്നവരെ ആർക്കാണ് ഇവിടെ ശിക്ഷിക്കാൻ കഴിയുക? അതുപോലെത്തന്നെ നന്മ ചെയ്തവർക്ക് അർഹമായ രക്ഷയും ഇവിടെ ലഭിക്കാറില്ല. ഇത് രണ്ടും കിട്ടണമെന്ന് കൊതിച്ചുകൊണ്ടിരിക്കെത്തന്നെ അതു നടക്കാതെ, മനുഷ്യജീവിതം ഇവിടെ ഒടുങ്ങുകയാണ്. എത്ര അദ്ഭുതകരമായ ഒരു സൃഷ്ടി സംവിധാനത്തിന്റെ പര്യവസാനമാണിത് എന്നുകൂടി നാം ഓർക്കേണ്ടതുണ്ട്.

മനുഷ്യന്റെ ഘടന ഒരു നിമിഷം നിങ്ങളൊന്ന് ആലോചിച്ചു നോക്കൂ! നാം ജീവിക്കുന്ന ലോകത്ത് 600 കോടിയിലേറെ മനുഷ്യരുണ്ട്. ഒരേ വായു ശ്വസിക്കുകയും വെള്ളം കുടിക്കുകയും ഒരേ ഭൂമിക്കു മുകളിൽ സൂര്യനു കീഴെ കഴിയുകയും ചെയ്യുന്ന ഈ 600 കോടി മനുഷ്യരിൽ ഒരാൾക്കും മറ്റൊരാളെപ്പോലെയുള്ള മുഖമില്ല. രണ്ട് കൈകൊണ്ട് പൊത്തിയാലൊതുങ്ങുന്ന കൊച്ചു സ്ഥലമാണല്ലോ മനുഷ്യന്റെ മുഖം. എന്നാൽ നമ്മെപ്പോലെ മറ്റാരെങ്കിലുമുണ്ടോ? ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലക്ഷക്കണക്കിന് ആളുകൾ ഹജ്ജ് വേളയിൽ ഒത്തുകൂടുന്നു. നമ്മുടെ നാട്ടുകാരെ അവിടെ കണ്ടാൽ നാം നിഷ്പ്രയാസം അവരെ തിരിച്ചറിയുന്നു. ശബരിമലയിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ലക്ഷങ്ങൾ ഒത്തുകൂടിയാൽ നാം നമ്മുടെ നാട്ടുകാരനെ പ്രയാസമില്ലാതെ മനസ്സിലാക്കുന്നു. കാരണം, അവരെപ്പോലെ, നമ്മെപ്പോലെ ഇവിടെ വേറെ ആരുമില്ല. ഒരു നിമിഷം നിങ്ങൾ നിങ്ങളുടെ കൈവിരലുകളിലേക്കൊന്ന് സൂക്ഷിച്ചുനോക്കൂ! നിങ്ങളുടെ തള്ളവിരൽ! എത്ര ചെറുതാണാ പ്രദേശം! സമർഥനായ ഒരു ചിത്രകാരന് അത്ര ചെറിയ സ്ഥലത്ത് ഒരു വസ്തുവിന്റെ എത്ര രൂപം ഉണ്ടാക്കാൻ കഴിയുമെന്ന് ഒരു നിമിഷം ആലോചിച്ചു നോക്കൂ! എന്നാൽ ലോകത്ത് 600 കോടിയിലേറെ മനുഷ്യരുണ്ട്. എന്നിട്ടും ഈ 600 കോടി മനുഷ്യരിൽ ഒരാൾക്കും മറ്റൊരാളുടേതുപോലൊരു കൈവിരലില്ല. എന്നല്ല മരിച്ചുപോയ കോടാനുകോടി മനുഷ്യരിലോ, ജനിക്കാനിരിക്കുന്ന കോടാനുകോടിയിലോ ആർക്കും നമ്മുടേതുപോലൊരു കൈവിരൽ ഇല്ല; ഉണ്ടാവുകയുമില്ല. അതുകൊണ്ടാണല്ലോ, പ്രമാണങ്ങളിൽ തെളിവിനായി, നമ്മുടെ കൈവിരലടയാളങ്ങൾ രേഖപ്പെടുത്തപ്പെടുന്നത്. 14 നൂറ്റാണ്ടുമുമ്പ്

പ്രപഞ്ച നാഥൻ പറഞ്ഞു: "മനുഷ്യന്റെ വിരൽക്കൊടി വരെ കൃത്യമായി നിർമിക്കാൻ കഴിയുന്നവനല്ലോ നാം."(ഖുർആൻ 75: 4)

കൈവിരലുകളുടെ ഈ സവിശേഷത ശാസ്ത്രീയമായി മനസ്സിലാക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ഖുർആൻ അതിലേക്കു വെളിച്ചം വീശിയിട്ടുണ്ടെന്നർഥം. നമ്മുടെ ഓരോരുത്തരുടെയും ശരീരത്തിന് ഓരോ ഗന്ധമുണ്ട്. എന്റെ ശരീരത്തിന്റെ ഗന്ധം പോലെ, നിങ്ങളുടെ ആരുടെയും ശരീരത്തിന് ഗന്ധമില്ല. അതുകൊണ്ടാണല്ലോ, കുറ്റവാളികളെ പിടികൂടുവാൻ പരിശീലനം സിദ്ധിച്ച പോലീസ് നായ്ക്കൾ മനുഷ്യ ശരീരത്തിന്റെ വാസനയെ ഉപയോഗപ്പെടുത്തുന്നത്. എത്രമാത്രം ശാസ്ത്രീയവും ആസൂത്രിതവുമായാണ് സൃഷ്ടികർമം നടന്നതെന്ന് ഇതൊക്കെയും അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ഇത്രയേറെ വിദഗ്ധമായി സംവിധാനിക്കപ്പെട്ട മനുഷ്യന്റെ അന്ത്യം അർഥശൂന്യവും അനീതിപരവുമായിത്തീരുക തീരേ സംഭവ്യമല്ല. അതിനാൽ, നീതിപൂർവമായ ഒരു പര്യവസാനം ഉണ്ടാകേണ്ടതുണ്ട്.

മനുഷ്യൻ അവന്റെ കർമഫലം അനുഭവിക്കുകതന്നെ വേണം. അതാണ് നീതിയുടെ തേട്ടം. അതേസമയം, ഭൂമിയിൽ വെച്ചത് സാധ്യമല്ല. അതിനാൽ, മതം നമ്മോട് പറയുന്നു: മരണം എല്ലാറ്റിന്റെയും അന്ത്യമല്ല; മറിച്ച്, അതൊരു മാറ്റം മാത്രമത്രെ. ജീവിതം അവിരാമം തുടരുകതന്നെ ചെയ്യും. മരണശേഷം മറുലോകത്ത് വച്ചാണ് മനുഷ്യന്ന് അവന്റെ കർമഫലം അനുഭവിക്കേണ്ടിവരിക. ഓരോ മനുഷ്യന്നും അവൻ പ്രവർത്തിച്ചതിന്റെ ഫലമാണ് ഉണ്ടാവുക. "ഓരോ മനുഷ്യനും അവൻ സമ്പാദിച്ചതിനു ബാധ്യസ്ഥനാണ്"(ഖുർആൻ 74: 38). "ആരെങ്കിലും അണുഅളവ് നന്മ ചെയ്താൽ അതിന്റെ ഫലമവനു ലഭിക്കും; ആരെങ്കിലും അണുഅളവ് തിന്മ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഫലവും" (ഖു. 99:11). അതിനാൽ ദൈവം നിശ്ചയിച്ച പാതയിലൂടെ സഞ്ചരിച്ചാൽ പ്രതിഫലമായി ദൈവം വാഗ്ദാനം ചെയ്ത സ്വർഗം ലഭിക്കും. അവൻ വിലക്കിയ വഴിയിലൂടെ സഞ്ചരിച്ചാലോ, അവൻ താക്കീതു ചെയ്ത ശിക്ഷ ഏറ്റുവാങ്ങേണ്ടിയും വരും.

നിങ്ങൾ എവിടെയെങ്കിലും ഒന്നു തൊട്ടാൽ ആ തൊട്ടേടത്ത് നിങ്ങളുടെ കൈവിരലടയാളങ്ങൾ പതിയുന്നു. ഏതെങ്കിലും വഴിയിലൂടെ സഞ്ചരിച്ചാൽ, അതിന്റെ തെളിവായി നിങ്ങളുടെ ശരീരത്തിന്റെ ഗന്ധം അന്തരീക്ഷത്തിൽ വ്യാപരിക്കുന്നു. അപ്രകാരംതന്നെ നിങ്ങളുടെ വാക്കുകൾ ഇവിടെ നശിക്കാതെ നിലനിൽക്കുന്നു. അതായത്, മനുഷ്യന്റെ കർമങ്ങളൊക്കെയും വളരെ കണിശമായും സൂക്ഷ്മമായുമിവിടെ രേഖപ്പെടുത്തപ്പെടുന്നുണ്ട്. എല്ലാം അവന് അനുകൂലമായോ പ്രതികൂലമായോ മരണശേഷം പരലോകത്ത് സാക്ഷ്യം വഹിക്കുന്നു. രേഖപ്പെടുത്തപ്പെടാതെ, മനുഷ്യന്റെ ഒരു വാക്കുമിവിടെ ഉണ്ടാകുന്നില്ലെന്ന് വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. അതിനാൽ മരണശേഷം മനുഷ്യൻ തന്റെ കർമങ്ങൾക്കനുസൃതമായി സ്വർഗമോ നരകമോ ഏറ്റുവാങ്ങേണ്ടിവരും.

അല്ലാഹു, സ്വർഗം, നരകം, മാലാഖമാർ, പിശാചുക്കൾ പോലുള്ള അഭൗതിക കാര്യങ്ങളെക്കുറിച്ച് എങ്ങനെയാണ് മനുഷ്യന്ന് മനസ്സിലാക്കാൻ

സാധിക്കുക? നമുക്കറിയാം: ഭൗതിക വിജ്ഞാനത്തിലെ ഓരോ ശാഖയ്ക്കും പ്രത്യേകം പ്രത്യേകം മാനദണ്ഡമുണ്ട്. രണ്ടും രണ്ടും ചേർന്നാൽ നാലാകുമെന്നും നാലിനെ നാലുകൊണ്ട് ഗുണിച്ചാൽ പതിനാറ് ആയിരിക്കുമെന്നുമുള്ള മാനദണ്ഡമുപയോഗിക്കാതെ ആർക്കും അരിത്തമെറ്റിക്സ് പഠിക്കുക സാധ്യമല്ല. ഒരു വൃത്തത്തിന് 360 ഡിഗ്രി ആണ്. ത്രികോണത്തിന് 180 ഡിഗ്രിയും. ഈ തത്ത്വം അംഗീകരിക്കാതെ ആർക്കും ജ്യാമിതീയ ശാസ്ത്രം പഠിക്കാനാവില്ല. ജ്യാമിതീയത്തിന്റെ മാനദണ്ഡം ഉപയോഗിച്ച് ഭൂഗർഭശാസ്ത്രം പഠിക്കാനാവില്ല. ഭൂഗർഭശാസ്ത്രത്തിന്റെ മാനദണ്ഡമുപയോഗിച്ച് ശരീരശാസ്ത്രമോ ശരീരശാസ്ത്രത്തിന്റെ മാനദണ്ഡമുപയോഗിച്ച് ഗോളശാസ്ത്രമോ പഠിക്കുക സാധ്യമല്ല. ഭൗതിക ശാസ്ത്രത്തിലെ വ്യത്യസ്ത ശാഖകൾക്ക് വ്യത്യസ്ത മാനദണ്ഡങ്ങൾ അനിവാര്യമാണെന്നർഥം.

എന്നാൽ ദൈവം, സ്വർഗം, നരകം, പരലോകം, മാലാഖമാർ, പിശാചുക്കൾ പോലുള്ള അഭൗതികമായ അറിവ് ആർജിക്കാൻ മനുഷ്യന്റെ വശം വല്ല മാധ്യമവുമുണ്ടോ? നാമിവിടെ ഒത്തുകൂടിയിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. പക്ഷേ, ഇത് ഒരു ശാസ്ത്രജ്ഞന്, തന്റെ പരീക്ഷണശാലയിൽ, ടെസ്റ്റ്ട്യൂബിൽ തെളിയിക്കാൻ കഴിയുന്ന കാര്യമല്ല. കാരണം, ഈ അറിവ് നേടിയെടുക്കാനുള്ള മാനദണ്ഡം അതല്ല. ഇവ്വിധംതന്നെ അഭൗതികമായ അറിവ് ആർജിക്കാൻ മനുഷ്യന്റെ വശം ഒരൊറ്റ മാനദണ്ഡമേയുള്ളൂ. അത് സാധാരണ മനുഷ്യരിൽനിന്ന് വ്യത്യസ്തരായ, സവിശേഷരായ, തെരഞ്ഞെടുക്കപ്പെട്ട ദൈവദൂതരിലൂടെ ലഭ്യമായ ദൈവിക വിജ്ഞാനമാണ്. അഥവാ, ദിവ്യബോധനമാണ് അഭൗതിക ജ്ഞാനത്തിന്റെ ഏക മാധ്യമം. അറിവിന്റെ ആറാം സ്രോതസ്സാണത്. ഒരു കാര്യംകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ജന്മനാ അന്ധനായ മനുഷ്യനോട് നാം ഇലയുടെ നിറം പച്ചയാണ്, പാലിന്റെ നിറം വെളുപ്പാണ്, കാക്കയുടെ നിറം കറുപ്പാണ് എന്നു പറഞ്ഞാൽ, അയാൾക്കത് മനസ്സിലാകണമെങ്കിൽ, പറയുന്ന ആളെ വിശ്വസിക്കുകയല്ലാതെ നിർവാഹമില്ല. മറിച്ച്, വർണത്തെക്കുറിച്ച് സംസാരിക്കുന്നവരെയൊക്കെ അന്ധനായ ഈ മനുഷ്യൻ അവിശ്വസിക്കുന്നുവെങ്കിൽ വിജ്ഞാനത്തിന്റെ ഒരു വലിയ ലോകംതന്നെ അയാൾക്ക് അന്യമായിരിക്കും. അവ്വിധം തന്നെയാണ്, മനുഷ്യരിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട, ജീവിതത്തിൽ ഒരിക്കലും കളവ് പറഞ്ഞിട്ടില്ലാത്ത, ആരെയും ദ്രോഹിച്ചിട്ടില്ലാത്ത; സ്വഭാവം, പെരുമാറ്റം, സമീപനം, ജീവിതരീതി പോലുള്ളവയാൽ സവിശേഷരായ ദൈവദൂതന്മാരിലൂടെ ലഭ്യമായ ദിവ്യസന്ദേശത്തെ നിഷേധിക്കുന്നവരുടെയും അവസ്ഥ. സത്യസന്ധത ആരാലും ചോദ്യം ചെയ്യപ്പെട്ടിട്ടില്ലാത്ത ഈ പ്രവാചകന്മാരെ അംഗീകരിക്കാത്തവർക്ക് അഭൗതിക ജ്ഞാനത്തിന്റെ വിശാലമായ ലോകം എന്നും അന്യമായിരിക്കും. അഭൗതികജ്ഞാനത്തെക്കുറിച്ച് അറിവു നൽകിയ ദൈവദൂതന്മാർ ലോകത്തിലെ എല്ലാ പ്രദേശങ്ങളിലും, എല്ലാ കാലഘട്ടങ്ങളിലും നിയോഗിതരായിട്ടുണ്ട്. ഒരു ലക്ഷത്തിലേറെ പ്രവാചകന്മാർ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, ചരിത്രത്തിന്റെ വിവിധ ദശാസന്ധികളിലായി മാനവ സമൂഹത്തിന്റെ മാർഗ

ദർശനത്തിനായി നിയോഗിതരായിട്ടുണ്ട് എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ആ ദൈവദൂതന്മാരൊക്കെയും മനുഷ്യ സമൂഹത്തോട് പറഞ്ഞത് ഒരേ കാര്യമായിരുന്നു: "നിങ്ങൾ ഈ പ്രപഞ്ചത്തിന്റെ പിന്നിലെ പരാശക്തിയായ പടച്ചതമ്പുരാന് മാത്രം വണങ്ങി, വഴങ്ങി, വിധേയമായി അവനെ മാത്രം ആരാധിച്ച്, അനുസരിച്ച്, അടിപ്പെട്ട് ജീവിക്കുക. അവന്റെ അധികാര വശങ്ങളിൽ അനർഹമായി കടന്നുകയറാൻ ആഗ്രഹിക്കുന്ന എല്ലാ ധിക്കാരികളെയും അതിക്രമകാരികളെയും നിരാകരിക്കുക".

ഇന്ത്യയിൽ, ആഫ്രിക്കയിൽ, അമേരിക്കയിൽ, അറബു നാടുകളിൽ ലോകമെങ്ങും ഇത്തരം ദൈവദൂതന്മാർ നിയോഗിതരായിട്ടുണ്ട്. ആ ദൈവദൂതന്മാരിലെ അവസാനത്തെ കണ്ണിയാണ് അന്ത്യപ്രവാചകനായ മുഹമ്മദ് നബി തിരുമേനി. അദ്ദേഹം പതിനാലു നൂറ്റാണ്ടുകൾക്കപ്പുറം അറേബ്യൻ മരുഭൂമിയിൽ ദൈവിക സന്മാർഗവുമായി നിയോഗിതനായി. 'സത്യസന്ധൻ' എന്ന അപരനാമത്തിലായിരുന്നു അദ്ദേഹം അറിയപ്പെട്ടിരുന്നത്. നബിതിരുമേനി ഉൾപ്പെടെ ലോകത്ത് നിയോഗിതരായ, എല്ലാ ദൈവദൂതന്മാരെയും അംഗീകരിക്കുകയും എല്ലാവരിലും വിശ്വസിക്കുകയും വേണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. ഇസ്‌ലാമിന്റെ മൂന്നാമത്തെ മൗലിക വിശ്വാസം ഇതത്രെ.

അതോടൊപ്പംതന്നെ ഇസ്‌ലാം മൂന്നു ബന്ധങ്ങൾ എവ്വിധമാവണമെന്ന് നിശ്ചയിക്കുന്നു: മനുഷ്യനും ദൈവവുമായുള്ള ബന്ധം, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം, മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധം. മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധം ശക്തി പ്രാപിച്ച് സുദൃഢമാകാനും, മനുഷ്യാത്മാവ് ഉൽക്കർഷമാർജിച്ച് ദിവ്യസാമീപ്യം നേടാനുമായി ഇസ്‌ലാം നിശ്ചയിച്ച മാർഗമാണ് ആരാധനാകർമങ്ങൾ. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ദൈവം മനുഷ്യന് ഒരു പാട് അനുഗ്രഹങ്ങൾ നൽകി. വിവരിക്കാനാവാത്ത സൗകര്യങ്ങൾ പ്രദാനം ചെയ്തു. ഈ എല്ലാ അനുഗ്രഹങ്ങൾക്കുമുള്ള നന്ദിപ്രകടനമാണ് ആരാധനാ കർമങ്ങൾ. ഇസ്‌ലാം അതിപ്രധാനമായ നാലു ആരാധനാകർമങ്ങൾ നിർബന്ധമാക്കിയിരിക്കുന്നു. അവയിൽ ഒന്നാമത്തേത് നമസ്കാരമാണ്. അത് മനുഷ്യനെ ദൈവവുമായി അടുപ്പിക്കാനുള്ള ഉപാധിയാണ്. മനുഷ്യൻ തന്റെ സ്രഷ്ടാവുമായി നടത്തുന്ന സ്വകാര്യ ഭാഷണമാണ് നമസ്കാരം. അതോടൊപ്പം തന്നെ ദൈവസന്നിധാനത്തിലേക്കുള്ള മനുഷ്യാത്മാവിന്റെ തീർഥയാത്രയും.

വിശ്വാസികൾ നമസ്കരിക്കുമ്പോൾ– നിങ്ങൾ പലപ്പോഴും അത് കണ്ടിട്ടുണ്ടായിരിക്കും– അണിയണിയായി നിൽക്കുന്നു. അതിനു മുമ്പായി അംഗശുദ്ധി വരുത്തുന്നു. അതിലൂടെ ശരീരത്തിന്റെ അഗ്രാംശങ്ങൾ വൃത്തിയാക്കുക മാത്രമല്ല വിശ്വാസി ചെയ്യുന്നത്. മറിച്ച്, താൻ വൃത്തിയുള്ളവനാണെന്ന് സ്വയം ബോധ്യപ്പെടുകയും സ്വന്തത്തെ ബോധ്യപ്പെടുത്തുകയും കൂടിയാണ്. അങ്ങനെ വൃത്തിയുള്ളവരായാണ് മുസ്‌ലിംകൾ നമസ്കാരത്തിലേക്ക് പ്രവേശിക്കുന്നത്. അപ്പോഴവർ നിൽക്കുന്നത് യഥാർഥത്തിൽ തറയിലല്ല; താരാപഥങ്ങൾക്കപ്പുറം ദൈവസന്നിധിയിലാണ്. ആ ബോധം ഓരോ വിശ്വാസിയും സ്വയം ഉൾക്കൊള്ളേണ്ടതുണ്ട്. നമസ്കാരവേളയിൽ

ഓരോ ഭക്തനും അവന്റെ വീടിനോട്, നാടിനോട്, കച്ചവടത്തോട്, കൃഷി യോട്, ഉദ്യോഗത്തോട്, കുടുംബത്തോട്, കൂട്ടുകാരോട്, അങ്ങനെ എല്ലാ റ്റിനോടും വിടപറഞ്ഞുകൊണ്ടാണ് ദൈവത്തിന്റെ സന്നിധാനത്തിലേക്ക് തീർഥയാത്ര നടത്തുകയും ദൈവവുമായി സ്വകാര്യഭാഷണം നടത്തു കയും ചെയ്യുന്നത്. ഇങ്ങനെ മനുഷ്യൻ ആത്മീയമായി ഔന്നത്യവും ഉൽക്കർഷയും നേടുകയും ദൈവോന്മുഖനായിത്തീരുകയും ചെയ്യുന്നു. അതോടൊപ്പം നമസ്കാരം മനുഷ്യരിൽ രണ്ട് മഹദ്ഗുണങ്ങൾ കൂടി വളർത്തിയെടുക്കേണ്ടതുണ്ട്. അതിലൊന്ന് സാമൂഹിക അവബോധമാണ്. ഒരു മനുഷ്യൻ മരുഭൂമിയിൽ തനിച്ചായിരിക്കുമ്പോഴും നമസ്കാരവേളയിൽ അയാൾ പറയേണ്ടത്, 'ഞങ്ങൾ നിനക്കു മാത്രം വണങ്ങി ജീവിക്കുന്നു' എന്നാണ്. ദൈവമേ, ഞാൻ നിനക്കു മാത്രം വണങ്ങി ജീവിക്കുന്നു എന്നു പറഞ്ഞാൽ അയാളുടെ നമസ്കാരം സ്വീകാര്യമാവുകയില്ല. 'ഞങ്ങൾ' എന്നുതന്നെ പറയേണ്ടതുണ്ട്. ആരാണ് ഈ 'ഞങ്ങൾ?' ലോകമെങ്ങുമുള്ള സച്ചരിതരായ മുഴുവൻ ദൈവദാസന്മാരെയും ആ വാക്ക് ഉൾക്കൊള്ളുന്നു. നമസ്കാരം മുന്നോട്ടു പോകുമ്പോൾ, ഒരിടത്ത് വിശ്വാസി പ്രാർഥിക്കുന്നു: "സച്ചരിതരായ മുഴുവൻ ദൈവദാസന്മാർക്കും നീ രക്ഷയും അനുഗ്രഹവും നൽകേണമേ" എന്ന്. ഓരോ ദിവസവും അഞ്ചുനേരം, ഓരോ മുസ്‌ലിമും ഇവ്വിധം പ്രാർഥിക്കാൻ ബാധ്യസ്ഥമാണ്. എന്താണിതിന്റെ അർഥം? മനു ഷ്യാരംഭം മുതൽ ലോകാവസാനം വരെയുള്ള എല്ലാ പ്രദേശത്തെയും മുഴു വൻ തലമുറകളിലെയും സച്ചരിതരായ സമസ്ത ദൈവദാസന്മാർക്കു വേണ്ടിയുള്ള പ്രാർഥനയാണിത്. കാല-ദേശ-വർഗ-വർണഭേദങ്ങൾക്കതീ തനായ വിശ്വ പൗരനാക്കി വിശ്വാസിയെ വാർത്ത് വളർത്തിയെടുക്കുന്ന വിശുദ്ധ കർമമാണ് നമസ്കാരമെന്നർഥം. അത് വിശ്വാസിയെ വ്യക്തിവൃത്ത ത്തിന്റെ സങ്കുചിതതലത്തിൽനിന്ന് സാമൂഹികതയുടെ അതിരുകളില്ലാത്ത സാമ്രാജ്യത്തിലേക്ക് നയിക്കുന്നു.

അതോടൊപ്പം മുസ്‌ലിംകൾ നമസ്കരിക്കാൻ ഒരേ നേതാവിന്റെ കീഴിൽ ഒരേ ദിശയിലേക്ക് തിരിഞ്ഞ് അണിയണിയായാണ് നിൽക്കുക. അതവ രിൽ സമത്വ വികാരം വളർത്തുന്നു. ആദ്യമായി പള്ളിയിൽ എത്തുന്നത് ശിപായി ആണെന്ന് സങ്കൽപിക്കുക, പിന്നീടെത്തുന്നത് കലക്ടറും. എങ്കിൽ കലക്ടർ തല വെക്കേണ്ടത് ശിപായിയുടെ കാലിന്റെ അടുത്താണ്. ആദ്യം എത്തിയത് പ്യൂൺ; പിന്നീട് മന്ത്രിയും. എങ്കിൽ മന്ത്രിയുടെ തല വെക്കേ ണ്ടത് പ്യൂണിന്റെ കാലിന്റെയടുത്താണ്. "ഇയാൾ എന്റെ ഓഫീസിലെ ശിപായി ആണ്. എന്റെ തല അയാളുടെ കാലിന്റെ അടുത്ത് വെക്കുക യില്ല" എന്ന് ആരെങ്കിലും തീരുമാനിച്ചാൽ അയാൾക്ക് നമസ്കാരമില്ല. രാജാവാകട്ടെ, ചക്രവർത്തിയാകട്ടെ, പ്രമാണിയാകട്ടെ, ആരായാലും ശരി, ആദ്യം എത്തുന്നവരുടെ കാലിന്റെ അടുത്ത് അവരുടെ തല വെക്കുക തന്നെ വേണം. ഇത് വളർത്തിയെടുക്കുന്ന സമത്വ വികാരവും വിനയവും അസ ദൃശമത്രെ.

അവ്വിധം തന്നെയാണ് ഇസ്‌ലാമിന്റെ രണ്ടാമത്തെ ആരാധനാ കർമ മായ നോമ്പ്. മുസ്‌ലിംകൾ നീണ്ട ഒരു മാസക്കാലം, പ്രഭാതം മുതൽ

പ്രദോഷം വരെ അന്നപാനീയങ്ങളുപേക്ഷിച്ച് വ്രതമനുഷ്ഠിക്കുന്നു. ഇത് ദൈവത്തിനുള്ള ആരാധനയാണ്. ആത്മനിയന്ത്രണത്തിലൂടെ ശിക്ഷണവും സംസ്കൃതിയും വളർത്തുന്ന ഉപാസനയാണ്.

തിന്നണമെന്ന് തോന്നുന്നതെല്ലാം തിന്നുകയും കുടിക്കണമെന്ന് കൊതിക്കുന്നതൊക്കെ കുടിക്കുകയും കാണണമെന്നാഗ്രഹിക്കുന്നതെല്ലാം നോക്കുകയും പറയണമെന്ന് തോന്നുന്നതൊക്കെ വിളിച്ചു പറയുകയും ചെയ്യുന്ന താന്തോന്നികൾ മൃഗസമാനരാണല്ലോ. അഥവാ, ജന്മവാസനകളുടെ നിർവിഘ്നമായ നിർവഹണം ജന്തുപരമാണ്; അതിന്റെ നിയന്ത്രണം മാനുഷികവും. മോഹങ്ങളെ മെരുക്കിയെടുക്കാനും ഇഛകളെ നിയന്ത്രിക്കാനും വികാരവിചാരങ്ങളുടെ മേൽ മേധാവിത്വം പുലർത്താനുമുള്ള ശക്തമായ പരിശീലനമാണല്ലോ വ്രതാനുഷ്ഠാനം. വിശപ്പും ദാഹവും സഹിക്കുന്നതിലൂടെ സംയമനം ശീലിപ്പിക്കുന്ന ഈ ആരാധനാകർമം ഭക്തി വളർത്താനുള്ള ശക്തമായ ഉപാധികൂടിയാണ്. അതോടൊപ്പം വ്രതാനുഷ്ഠാനം സാമൂഹിക വികാരം വളർത്തുന്നതിൽ അനൽപമായ പങ്കുവഹിക്കുന്നു. നോമ്പനുഷ്ഠിക്കുന്ന വിശ്വാസി ഉപവാസ വേളയിൽ, ആരോടെങ്കിലും മോശമായി പെരുമാറുകയോ സംസാരിക്കുകയോ ചെയ്താൽ അയാളുടെ നോമ്പ് പാഴ്വേലയായി പരിണമിക്കുന്നു. പ്രവാചകൻ പറഞ്ഞു: "ആരെങ്കിലും വ്യാജവാക്കുകളും വ്യാജവൃത്തികളും ഉപേക്ഷിക്കുന്നില്ലെങ്കിൽ, അയാൾ ആഹാരപാനീയങ്ങൾ ഉപേക്ഷിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല."

സഹജീവികളോടുള്ള ബന്ധം മോശമായാൽ ദൈവത്തിനുള്ള ആരാധനാകർമം പോലും വ്യർഥമായിത്തീരുമെന്നർഥം. അതോടൊപ്പം വ്രതാനുഷ്ഠാനം വളർത്തിയെടുക്കുന്ന സമത്വ വികാരവും ശ്രദ്ധേയമത്രെ. ലോകമെങ്ങുമുള്ള മുഴുവൻ വിശ്വാസികളും നിശ്ചിതസമയത്ത് അന്നപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പും ദാഹവും അനുഭവിക്കുന്നു. സമ്പന്നർക്കും ദരിദ്രർക്കുമിടയിൽ ഒരുവിധ വിവേചനവുമില്ല.

സകാത്തിന്റെ സ്ഥിതിയും ഇതുതന്നെ. വ്രതാനുഷ്ഠാനം ശരീരം തന്റേതല്ലെന്നും ദൈവത്തിന്നവകാശപ്പെട്ടതും അവന്റെ നിർദേശാനുസരണം വിനിയോഗിക്കേണ്ടതുമാണെന്നും പ്രഖ്യാപിക്കുന്നപോലെത്തന്നെ, സമ്പത്ത് തന്റേതല്ലെന്നും ദൈവത്തിന്റേതാണെന്നും അവൻ ആജ്ഞാപിക്കും വിധം വിനിയോഗിക്കാനുള്ളതാണെന്നുമുള്ള സത്യം സർവാത്മനാ സമ്മതിച്ച് വെളിപ്പെടുത്തുന്ന ആരാധനാകർമമാണ് സകാത്ത്. വിശ്വാസികൾ തങ്ങളുടെ സമ്പത്തിന്റെ നിശ്ചിതമായ അംശം നിർബന്ധമായും ദാനം ചെയ്യേണ്ടതുണ്ട്. ഇത് ദൈവത്തിനുള്ള ആരാധനയാണ്. ശ്രേഷ്ഠമായ ഒരുപാസന. എന്നാൽ ആരാണ് ഇതിന്റെ ഗുണഭോക്താക്കൾ? ഒരിക്കലും പണം കെട്ടിപ്പൂട്ടി ദൈവത്തിന്റെ അടുക്കലേക്ക് പാർസൽ അയക്കുക സാധ്യമല്ല. മറിച്ച് ഭൂമിയിലെ കഷ്ടപ്പെടുന്ന, ദരിദ്രരായ, പാവങ്ങളായ, അശരണരായ, അഗതികളായ, കടംകൊണ്ട് വലഞ്ഞ മനുഷ്യർക്കാണ് ആ ധനം നൽകേണ്ടത്. ദൈവത്തിനുള്ള ഈ ആരാധനയുടെ ഗുണഭോക്താക്കൾ സമൂഹത്തിന്റെ താഴേ തട്ടിലുള്ള മനുഷ്യരാണ് എന്നർഥം.

ഇസ്‌ലാമിലെ മറ്റൊരു ആരാധനാ കർമം ഹജ്ജ് ആണ്. പതിനായിരക്കണക്കിന് രൂപ ചെലവഴിച്ചു മാത്രം നിർവഹിക്കാവുന്ന ശ്രേഷ്ഠമായ ഉപാസനയാണത്. പക്ഷേ, ആ ആരാധന സ്വീകാര്യമാകണമെങ്കിൽ ഹജ്ജ് വേളയിൽ ഒരിക്കലും തന്റെ സഹജീവിയുമായി ശണ്ഠ കൂടുക പോലുമരുത്. എന്നല്ല; വിവാദങ്ങളിൽ ഏർപ്പെടാൻ പോലും പാടില്ല. "നിർണിത മാസങ്ങളിൽ ഹജ്ജ് ചെയ്യാൻ തീരുമാനിച്ചവർ ഹജ്ജുവേളയിൽ സ്ത്രീസംസർഗവും പാപവൃത്തികളും വാദവിവാദങ്ങളും വർജിക്കേണ്ടതാണ്." (ഖുർആൻ 2: 197).

മനുഷ്യരുമായുള്ള ബന്ധം നന്നാക്കാത്ത ഭക്തന്റെ ആരാധനകളൊക്കെയും പാഴ്‌വേലകളാണ് എന്നാണ് ഇസ്‌ലാമിവിടെ പഠിപ്പിക്കുന്നത്. അതോടൊപ്പം ഹജ്ജ് വിശ്വാസികളിൽ വളർത്തുന്ന സമത്വവികാരം വിസ്മയജന്യമത്രെ.

ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽനിന്നും എത്തിച്ചേരുന്ന ഭിന്ന ഭാഷക്കാരും ഭിന്ന പ്രകൃതക്കാരുമായ ആളുകൾ അവിടെ എല്ലാ വേഷവും അഴിച്ചുമാറ്റി ഒരേ വേഷമണിയുന്നു; ഒരേ ഭാഷ സ്വീകരിക്കുന്നു; ഒരേ മന്ത്രവും ഒരേ മുദ്രാവാക്യവും ഉരുവിടുന്നു. എല്ലാവരുടെയും ലക്ഷ്യം ഒന്ന്; ഭാഷ ഒന്ന്; മന്ത്രം ഒന്ന്; മുദ്രാവാക്യമൊന്ന്; അനുഷ്ഠാനമൊന്ന്; ആരാധനയൊന്ന്. വർഗ-വർണ-ദേശ-ഭാഷാഭേദങ്ങൾക്കതീതമായി മനുഷ്യരാശിയിവിടെ ഒരേകകമായി മാറുകയാണ്. സമത്വത്തിന്റെ എത്ര മധുര മനോജ്ഞമായ നിദർശനമാണ് ഹജ്ജെന്ന് ആലോചിച്ചുനോക്കൂ! അതോടൊപ്പം ഹജ്ജ് മൂന്ന് മഹൽ വ്യക്തികളുടെ അവിസ്മരണീയമായ ജീവിതാനുഭവങ്ങളുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇബ്റാഹീം പ്രവാചകൻ, അദ്ദേഹത്തിന്റെ പുത്രനായ ഇസ്മാഈൽ നബി, സഹധർമിണി ഹാജറാബീവി. വേണമെങ്കിൽ നമുക്ക് പറയാം ഇബ്റാഹീം നബി ഉന്നത കുലജാതനായിരുന്നു; അമേലു വർഗത്തിലെ അംഗം. എന്നാൽ ഹാജറയോ! സമകാലീന സമൂഹത്തിന്റെയും മനുഷ്യസമൂഹത്തിലെ എക്കാലത്തെയും ഭൗതിക മാനദണ്ഡമനുസരിച്ച്, നാല് പോരായ്മകളുടെ പ്രതീകമായിരുന്നു ഹാജറ. ഒന്നാമതായി അവർ അടിമയായിരുന്നു. നിങ്ങൾക്കറിയാമല്ലോ അടിമകൾ എന്നും എവിടെയും അവഗണിക്കപ്പെടുന്നവരാണ്. ചിരിക്കാനും കരയാനും സ്വാതന്ത്ര്യമില്ലാത്തവർ. സ്വന്തമായ തീരുമാനമോ അസ്തിത്വമോ ഇല്ലാത്തവർ. യജമാനന്റെ വിരലനക്കങ്ങൾക്കും അധരചലനങ്ങൾക്കുമനുസരിച്ച് ചരിക്കാൻ വിധിക്കപ്പെട്ടവർ. എക്കാലവും തുല്യതയില്ലാത്ത പീഡനങ്ങളേറ്റുവാങ്ങേണ്ടിവന്ന പ്രസ്തുത വർഗത്തിന്റെ പ്രതിനിധിയായിരുന്നു അവർ.

രണ്ടാമതായി, ഹാജറ കറുത്തവളായിരുന്നു. ആധുനിക നാഗരിക പരിഷ്കൃത സമൂഹങ്ങൾ പോലും കറുത്തവരെ അവഗണിക്കുകയും അകറ്റിനിർത്തുകയുമാണല്ലോ ചെയ്യുന്നത്. ഇവ്വിധം ഏവരാലും തഴയപ്പെടുന്ന വിഭാഗത്തിന്റെ പ്രതിനിധി ആയിരുന്നു ഹാജറ. മൂന്നാമതായി, ഹാജറ ഒരു വിദേശി ആയിരുന്നു. വിദേശി എന്ന മൂന്നക്ഷരം പേറുന്ന പ്രതിസന്ധികളെക്കുറിച്ച്, വിശ്വമാകെ ഒരു ഗ്രാമമായി മാറിയ സമകാലിക സമൂഹത്തിൽ പോലും ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. നാലാമതായി, ഹാജറ പെണ്ണായിരുന്നു. പെണ്ണ് എപ്പോഴും എവിടെയും പീഡിപ്പിക്കപ്പെടുന്നവളാണ്. സാധാ

രണ സമൂഹത്തിന്റെ ഭൗതിക മാനദണ്ഡമനുസരിച്ച് ഈ നാല് പോരായ്മകളുടെ പ്രതീകമായ ഹാജറ എന്ന പെണ്ണ്, രണ്ട് പർവതങ്ങളിൽ കയറിനിന്നു; ദൈവത്തെ ആരാധിക്കാൻ വേണ്ടിയല്ല, ഉപാസന നിർവഹിക്കാനുമല്ല, അതേപോലെത്തന്നെ അർച്ചനകളും പ്രാർഥനകളും കീർത്തനങ്ങളും നടത്താനുമല്ല, പിന്നെയോ! ദാഹിച്ചു വലഞ്ഞ കുഞ്ഞിന് വെള്ളം തേടിയായിരുന്നു അവർ രണ്ട് മലകളിൽ കയറിനിന്നത്. ആ രണ്ടു മലകളും ഹാജറയെന്ന, കറുത്തവളായ വിദേശിയായ അടിമപ്പെണ്ണിന്റെ പാദസ്പർശം പതിഞ്ഞതിനാൽ, ദൈവ ചിഹ്നങ്ങളായി മാറി.

"തീർച്ചയായും സഫയും മർവയും ദൈവചിഹ്നങ്ങളാണ്" (ഖുർആൻ 2: 158). ഹാജറയുടെ പാദസ്പർശമേറ്റതിനാൽ ആ മലകൾ നൂറ്റാണ്ടുകളിലൂടെ, സഹസ്രാബ്ദങ്ങളിലൂടെ വരുന്ന പുരുഷാന്തരങ്ങൾ ഹജ്ജ് വേളയിൽ കയറി നിൽക്കേണ്ട ഇടങ്ങളായി; അല്ലാഹുവിന്റെ അടയാളങ്ങളായി മാറുകയായിരുന്നു. അന്ന് ഹാജറാബീവിയെന്ന സ്ത്രീ നടന്ന വഴിയിലൂടെ, അവർ നടന്നപോലെ ഹജ്ജ് വേളയിൽ ഓരോ വിശ്വാസിയും നടന്നുനീങ്ങേണ്ടതുണ്ട്. ഹജ്ജ് നിർവഹിക്കുന്നയാൾ പ്രഭുവാകട്ടെ, പ്രമാണിയാകട്ടെ, രാജാവാകട്ടെ, ചക്രവർത്തിയാകട്ടെ ആരായാലും നാലായിരം വർഷം മുമ്പ് കറുത്തവളായ ഒരടിമപ്പെണ്ണ് കയറിനിന്നിടത്ത് കയറി നിൽക്കുകയും അവർ നടന്ന വഴിയിലൂടെ, അവർ നടന്നതുപോലെ നടക്കുകയും ചെയ്യുമ്പോൾ അതവരിൽ വിനയത്തിന്റെയും സമത്വത്തിന്റെയും വികാരങ്ങൾ വളർത്താതിരിക്കില്ല. ഇങ്ങനെ ആരാധനാ കർമങ്ങൾ സാമൂഹികമായ അവബോധം വളർത്തുന്നതോടൊപ്പം സമത്വബോധം സജീവമാക്കുന്നു. സ്രഷ്ടാവായ ദൈവവുമായി മനുഷ്യനെ അടുപ്പിക്കുന്നു. മണ്ണിൽ കാലൂന്നിയ മനുഷ്യനെ മണ്ണിന്റെയും വിണ്ണിന്റെയും നാഥനുമായി ബന്ധിപ്പിക്കുന്നു. ദൈവത്തിന്റെ സന്നിധാനത്തിലേക്ക് ആത്മാവിന് തീർഥയാത്ര നടത്താനുള്ള അസുലഭമായ അവസരങ്ങൾ ഒരുക്കുന്നു. അതോടൊപ്പം അവ മനുഷ്യനെ വളരെയേറെ വിനീതനാക്കുന്നു. നമസ്കാരം എന്ന അതിശ്രേഷ്ഠമായ ആരാധനാകർമത്തിൽ മനുഷ്യൻ ഏറ്റവും കൂടുതൽ ഉച്ചരിക്കുന്ന പദം 'അല്ലാഹു അക്ബർ' എന്നാണല്ലോ. അതിന്റെ അർഥം അറിയാത്തതിനാൽ പലരും അതേക്കുറിച്ച് തികഞ്ഞ തെറ്റിദ്ധാരണയിലാണ്. അല്ലാഹുവാണ് ഏറ്റവും വലിയവൻ എന്നാണ് അതിന്റെ അർഥം. അഥവാ, ഞാൻ ചെറിയവനാണ്. നിസ്സാരനാണ്. എന്റെ താൽപര്യങ്ങളും ആഗ്രഹാഭിലാഷങ്ങളും ദൈവത്തിന്റെയും അവന്റെ ശാസനകളുടെയും മുമ്പിൽ അവഗണിക്കപ്പെടാവുന്നവയാണ്. പ്രപഞ്ചവും അതിലെ സമസ്ത വസ്തുക്കളും ചെറുതും നിസ്സാരവുമാണെന്നും വലിയവനും മഹാനും ദൈവം മാത്രമാണെന്നും ഞാനിതാ എന്നെ അവനുമായി ബന്ധിപ്പിക്കുന്നുവെന്നും ദിനേന അഞ്ചുതവണ ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുകയാണല്ലോ വിശ്വാസി ചെയ്യുന്നത്.

ലോകത്തിലെ എല്ലാ കുഴപ്പങ്ങൾക്കും അടിസ്ഥാനകാരണം അഹങ്കാരമാണല്ലോ. ഞാനാണ് വലിയവൻ, കാര്യം തീരുമാനിക്കേണ്ടത് ഞാനാണ്– ഈ ചിന്തയാണ് ആദിപാപം തൊട്ട് സകല കുറ്റങ്ങളുടെയും കുഴപ്പങ്ങളുടെയും അടിസ്ഥാന കാരണമെന്നത് സുവിദിതമത്രെ. വിശ്വാസി ഒരു ദിവസം നന്നെച്ചുരുങ്ങിയത് 94 പ്രാവശ്യമെങ്കിലും അല്ലാഹു അക്ബർ എന്ന് നമ

സ്കാരവേളയിൽ പറയേണ്ടതുണ്ട്. അങ്ങനെ പറയുന്നതിലൂടെ അവൻ ഏറെ വിനീതനായി മാറുന്നു. അഥവാ അങ്ങനെ മാറേണ്ടതുണ്ട്.

ഒരു കാര്യംകൂടി ഇവിടെ വിശദീകരിക്കേണ്ടിയിരിക്കുന്നു. മനുഷ്യനുമായുള്ള ബന്ധം മോശമായാൽ എല്ലാ ആരാധനാകർമങ്ങളും പാഴ്വേലയായി പരിണമിക്കും. ഒരിക്കൽ പ്രവാചകൻ തിരുമേനി തന്റെ അനുചരന്മാരോട് ചോദിച്ചു:

"പാപ്പരായവർ ആരെന്ന് നിങ്ങൾക്കറിയാമോ?" അവർ പറഞ്ഞു: "ഞങ്ങൾക്കിടയിലെ പാപ്പർ ദിർഹമും ദീനാറും ജീവിതവിഭവവുമില്ലാത്തവരാണ്." അപ്പോൾ അവിടന്ന് അറിയിച്ചു: "എന്റെ സമുദായത്തിലെ പാപ്പർ അന്ത്യദിനത്തിൽ താൻ നിർവഹിച്ച നമസ്കാരവും നോമ്പും സകാത്തുമായി വരുന്നവനാണ്. പക്ഷേ, അയാൾ ഒരാളെ ചീത്ത പറഞ്ഞിരിക്കുന്നു. മറ്റൊരാൾക്കെതിരെ അപവാദം പ്രചരിപ്പിക്കുന്നു. വേറൊരാളുടെ ധനം ആഹരിച്ചിരിക്കുന്നു. ഇനിയുമൊരുത്തന്റെ രക്തം ചിന്തിയിരിക്കുന്നു. വേറൊരുത്തനെ അടിച്ചിരിക്കുന്നു. അതിനാൽ അയാളുടെ നന്മകൾ അവർക്ക് നല്കപ്പെടുന്നു. പക്ഷേ, ബാധ്യതകൾ കൊടുത്തു തീരുംമുമ്പേ അയാളുടെ നന്മകൾ തീർന്നുപോകുന്നു. അപ്പോൾ അവരുടെ പാപങ്ങൾ അയാൾക്ക് നല്കപ്പെടും. അങ്ങനെ അയാൾ നരകത്തിലെറിയപ്പെടുന്നു." (മുസ്‌ലിം)

വിശദീകരണമാവശ്യമില്ലാത്ത വിധം വ്യക്തമാണിതിന്റെ ആശയം. ആരാധനകളുടെ സദ്ഫലങ്ങൾ പോലും സഹജീവികളോട് അന്യായം ചെയ്യുന്നവർക്ക് ആസ്വദിക്കാൻ സാധിക്കുന്നില്ല. മാത്രമല്ല, തങ്ങളാൽ ദ്രോഹിക്കപ്പെടുന്നവരുടെ പാപങ്ങൾ അവർ ചുമക്കേണ്ടി വരികയും ചെയ്യും. ദൈവിക മതം മനുഷ്യന്നും മാനുഷിക ബന്ധങ്ങൾക്കും കല്പിക്കുന്ന സ്ഥാനമാണിത് വ്യക്തമാക്കുന്നത്. അത് മനുഷ്യനെ അത്യധികം ആദരിച്ചിരിക്കുന്നു. ഇസ്‌ലാമിലെ ഏറ്റവും ശ്രേഷ്ഠമായ ആരാധനാകർമമായ നമസ്കാരം പതിനായിരക്കണക്കിന് ആളുകൾക്ക് നേതൃത്വം നൽകി നിർവഹിക്കുമ്പോൾ ഒരു കൊച്ചു കുട്ടിയുടെ നിലക്കാത്ത കരച്ചിൽ കേട്ടാൽ നമസ്കാരം ദീർഘിപ്പിക്കാതെ ലഘൂകരിക്കണമെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. ആ കുട്ടി കരഞ്ഞ് കരഞ്ഞ് മരിക്കുമോയെന്ന ആശങ്കയല്ല അതിനു പറഞ്ഞ കാരണം. പിന്നെയോ, ആ കരയുന്ന കുഞ്ഞിന്റെ മാതാവിന്റെ മനസ്സ് വേദനിക്കുമെന്നതാണ്. ഒരു മാതൃഹൃദയത്തിന്റെ വേദനക്ക് മതം നല്കിയ പരിഗണനയാണിത് വ്യക്തമാക്കുന്നത്.

മരണാനന്തരം മറുലോകത്ത് മനുഷ്യനെ വിചാരണക്കു വിധേയമാക്കുമ്പോൾ ദൈവം മനുഷ്യന്റെ സ്ഥാനത്ത് തന്നെ നിർത്തി മനുഷ്യനോടു ചെയ്ത അനീതി തന്നോടുള്ളതായി പരിഗണിക്കുമെന്ന് മതം പഠിപ്പിക്കുന്നു. അന്ന് അല്ലാഹു പറയും: "ഹേ മനുഷ്യാ, ഞാൻ രോഗിയായപ്പോൾ നീയെന്നെ സന്ദർശിച്ചില്ല. അപ്പോൾ മനുഷ്യൻ ചോദിക്കും: എന്റെ നാഥാ, ഞാൻ നിന്നെ സന്ദർശിക്കുകയോ? അന്നേരം അല്ലാഹു പറയും: എന്റെ ഇന്ന അടിമ രോഗിയായത് നീ അറിഞ്ഞില്ലേ? എന്നിട്ട് നീ അവനെ സന്ദർശിച്ചില്ല. അവനെ സന്ദർശിച്ചിരുന്നുവെങ്കിൽ അവന്റെ അടുത്ത് എന്നെ നീ കാണുമായിരുന്നുവെന്ന് നിനക്ക് അറിഞ്ഞുകൂടേ? ഹേ മനുഷ്യാ, നിന്നോട് ഞാൻ ഭക്ഷണം ആവശ്യപ്പെട്ടു. പക്ഷേ, നീ എനിക്ക് ഭക്ഷണം തന്നില്ല.

മനുഷ്യൻ പറയും: എന്റെ നാഥാ, നീ ലോക രക്ഷിതാവല്ലേ? ഞാൻ നിന ക്കെങ്ങനെ ആഹാരം നല്കും? അല്ലാഹു പറയും: എന്റെ ഇന്ന അടിമ നിന്നോട് ആഹാരം ആവശ്യപ്പെട്ടത് നിനക്കറിയില്ലേ? എന്നിട്ട് നീ അവന് ആഹാരം കൊടുത്തില്ല. നീ അവന് ആഹാരം നല്കിയിരുന്നുവെങ്കിൽ അത് എന്റെ അടുത്ത് കാണുമായിരുന്നുവെന്ന് നിനക്കറിഞ്ഞുകൂടേ? മനുഷ്യാ, ഞാൻ നിന്നോട് കുടിനീര് ആവശ്യപ്പെട്ടു. നീ എനിക്ക് വെള്ളം തന്നില്ല. മനുഷ്യൻ പറയും: എന്റെ നാഥാ, നീ സർവലോക രക്ഷിതാവ്. ഞാൻ എങ്ങനെ നിനക്ക് വെള്ളം തരും? അല്ലാഹു പറയും: എന്റെ ഇന്ന അടിമ നിന്നോട് വെള്ളം ചോദിച്ചു. നീ അവന് കൊടുത്തില്ല. നിനക്കറിഞ്ഞുകൂടേ, നീ കൊടുത്തിരുന്നുവെങ്കിൽ അത് എന്റെ അടുത്ത് കാണുമായിരുന്നു വെന്ന്?" (ബുഖാരി)

മാതാപിതാക്കൾ, മക്കൾ, ഭാര്യാ ഭർത്താക്കന്മാർ, അയൽക്കാർ, അഗ തികൾ, അനാഥർ, ഭരണാധികാരികൾ, ഭരണീയർ തുടങ്ങി സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവരോടും ബന്ധപ്പെടേണ്ടത് എവ്വിധമാണെന്ന് മതം വ്യക്തമായി പഠിപ്പിക്കുന്നുണ്ട്.

പ്രായാധിക്യത്തിന്റെ പാരവശ്യത്താൽ പ്രയാസപ്പെടുന്ന മാതാപിതാ ക്കൾക്ക് അലോസരമുണ്ടാകുന്ന ഒരക്ഷരംപോലും ഉരിയാടരുതെന്ന് മതമ നുശാസിക്കുന്നു. "നിന്റെ നാഥൻ വിധിച്ചിരിക്കുന്നു; നിങ്ങൾ അവനു മാത്ര മല്ലാതെ മറ്റാരെയും ആരാധിക്കുകയോ അടിപ്പെടുകയോ അരുത്. മാതാ പിതാക്കളോട് നല്ല നിലയിൽ വർത്തിക്കണം. അവരിലൊരാളോ രണ്ടുപേ രുമോ വാർധക്യ ബാധിതരായി നിന്നോടൊപ്പമുണ്ടായാൽ അവരോട് 'ഛെ' എന്നു പോലും പറയരുത്. പരുഷമായി സംസാരിക്കരുത്. മറിച്ച് ആദര വോടെ സംസാരിക്കുക, കനിവോടും കാരുണ്യത്തോടുംകൂടെ വിനീതരായി വർത്തിക്കുക, ഇങ്ങനെ പ്രാർഥിക്കുകയും ചെയ്യുക: നാഥാ! എന്റെ കുട്ടി ക്കാലത്ത് അവരെന്നെ എവ്വിധം സ്നേഹവാത്സല്യങ്ങളോടെ പരിചരിച്ചു വോ അവ്വിധം നീ അവർക്ക് കാരുണ്യമരുളേണമേ." (ഖുർആൻ 17: 23, 24)

മാതാപിതാക്കളുടെ പ്രീതി നേടുന്നവർക്കേ ദൈവപ്രീതി ലഭിക്കുക യുള്ളൂവെന്നും അവരുടെ കോപം ദൈവകോപത്തിന് കാരണമാകുമെന്നും ഇസ്‌ലാം കണിശമായി പഠിപ്പിക്കുന്നു. ദമ്പതികൾക്കിടയിലെ സമീപനവും പെരുമാറ്റവും എവ്വിധമായിരിക്കണമെന്നും അത് വ്യക്തമാക്കുന്നുണ്ട്. അയൽക്കാരെയും അതിഥികളെയും ആദരിക്കാത്തവർ വിശ്വാസികളല്ലെന്ന് വിളംബരം ചെയ്യുന്ന ഇസ്‌ലാം അവരോടുള്ള ബാധ്യതകൾ വിശദമായി വിവരിച്ചിരിക്കുന്നു.

അടിയാളരെ മോചിപ്പിക്കൽ, അവശർക്ക് ആശ്വാസമേകൽ, അശര ണർക്ക് അഭയം നൽകൽ, അനാഥരെ ആദരിക്കൽ, അഗതികൾക്കുള്ള അന്നദാനം, കഷ്ടപ്പെടുന്നവരെ സഹായിക്കൽ, മർദിതരെ രക്ഷിക്കൽ ഇവ യൊക്കെ ഇസ്‌ലാമിക വീക്ഷണത്തിൽ വിശ്വാസിയുടെ നിർബന്ധ ബാധ്യ തകളാണ്; ആരാധനാകർമങ്ങളെപ്പോലെത്തന്നെ അതിവിശിഷ്ടമായ കൃത്യ ങ്ങളാണ്.

അല്ലാഹു അറിയിക്കുന്നു: "മതത്തെ നിഷേധിക്കുന്നവൻ ആരെന്ന് നിന ക്കറിയാമോ? അവൻ അനാഥയെ ആട്ടിയകറ്റുന്നവനും അഗതിക്ക് ആഹാരം

കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമാണ്. ആ നമസ്കാരക്കാർക്ക് നാശം! അവർ തങ്ങളുടെ നമസ്കാരത്തെ സംബന്ധിച്ച് അശ്രദ്ധരാണ്. അവർ ആളുകളെ കാണിക്കുകയാണ്. നിസ്സാരമായ ഉപകാരങ്ങൾപോലും വിലക്കുകയും ചെയ്യുന്നു." (ഖുർആൻ 107: 17)

സാധാരണഗതിയിൽ മതനിഷേധി എന്നു പറഞ്ഞാൽ, ദൈവത്തെ നിഷേധിക്കുന്നവനാണ്, മതത്തെ ചോദ്യം ചെയ്യുന്നവനാണ്. എന്നാൽ ഇവിടെ ഒരു പാഠഭേദമുണ്ട്. ഇത് മതത്തെക്കുറിച്ച ഒരു പുനർ വായനയാണ്. വിശുദ്ധ വേദഗ്രന്ഥം പറയുന്നു: അവൻ അനാഥയെ അവഗണിക്കുന്നവനാണ്, അഗതിക്ക് അവന്റെ ആഹാരം നൽകാൻ പ്രേരിപ്പിക്കാത്തവനാണ്. അവൻ നമസ്കരിക്കാത്തവനല്ല, നമസ്കരിക്കും, പക്ഷേ നമസ്കാരത്തിൽ അശ്രദ്ധനാണ്. ആളുകളെ കാണിക്കാൻ വേണ്ടി അങ്ങനെ ചെയ്യുന്നവനാണ്. അതിനാൽ ആ നമസ്കാരത്തിന് ഒരു പ്രതിഫലനവുമില്ല. ഫലമോ, കൊച്ചു കൊച്ചു ഉപകാരങ്ങൾ തടയുന്നത് ഒഴിവാക്കാൻ പോലും അത് പ്രേരകമാകുന്നില്ല. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം ദൃഢവും സുശക്തവും ഭദ്രവും നീതിയുക്തവുമാവുന്നതുപോലെത്തന്നെ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം സ്നേഹ- കാരുണ്യ-വാത്സല്യ -ഗുണകാംക്ഷാ വികാരത്തിലധിഷ്ഠിതവും സുദൃഢവുമാവണമെന്നാണ് ഇസ്ലാമിവിടെ പഠിപ്പിക്കുന്നത്.

അവ്വിധം തന്നെയാണ് മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ബന്ധവും. ഒരു പൂച്ചയെ കെട്ടിയിട്ട് പട്ടിണിക്കിട്ടതിന്റെ പേരിൽ ഒരു പെണ്ണ് നരകപ്രവേശത്തിനു കാരണമായി എന്നും ദാഹിച്ചുവലഞ്ഞ ഒരു പട്ടിക്ക് വെള്ളം കൊടുത്തതിന്റെ പേരിൽ പാപിയായ പെണ്ണ് സ്വർഗസ്ഥയായി എന്നും പ്രവാചകൻ തിരുമേനി പറയുകയുണ്ടായി. ഇത് മറ്റൊരു കാര്യമാണ് നമ്മെ പഠിപ്പിക്കുന്നത്. ഈ പ്രപഞ്ചത്തിലെ സമസ്ത സൃഷ്ടികളോടും ഉദാരപരമായ സമീപനമാണ് സ്വീകരിക്കേണ്ടത്. അനാവശ്യമായി അവയെയൊന്നും ദ്രോഹിക്കാവതല്ല. അകാരണമായി മരത്തെ കല്ലെറിയാൻ പോലും മതമനുവദിക്കുന്നില്ല.

ഇങ്ങനെ മൂന്നു ബന്ധങ്ങളെ കണിശമായി വിശകലനം ചെയ്ത് അവ യഥാവിധി പാലിക്കണമെന്ന് അനുശാസിക്കുന്ന ഇസ്ലാം, ഒരു സമ്പൂർണ ജീവിത വ്യവസ്ഥയാണ്. മാനവ ജീവിതത്തിന്റെ മുഴു മേഖലകളിലേക്കും ആവശ്യമായ ഉപദേശ നിർദേശങ്ങളും നിയമക്രമങ്ങളും ധാർമികാധ്യാപനങ്ങളും അത് നൽകിയിട്ടുണ്ട്. എത്രത്തോളമെന്നാൽ, മനുഷ്യൻ തന്റെ കൂട്ടുകാരനെ കണ്ടുമുട്ടുമ്പോൾ അവന്റെ മുഖം എവ്വിധമാവണമെന്ന് കൂടി പ്രവാചകൻ പറയുകയുണ്ടായി.

ഒരാൾ തന്റെ കൂട്ടുകാരന്റെ മുഖത്ത് നോക്കി മന്ദഹസിക്കുന്നതുപോലും ധർമമാണ്. പുണ്യകർമമാണ്. ജനങ്ങൾ പരസ്പരം കണ്ടുമുട്ടുമ്പോൾ അഭിവാദ്യം ചെയ്യേണ്ടത് എങ്ങനെയാണെന്ന് മതം പഠിപ്പിച്ചു. നമുക്കറിയാം, ലോകത്തിലേറ്റവും പരിഷ്കൃത സമൂഹമായി ഗണിക്കപ്പെടാറുള്ള പാശ്ചാത്യർ പരസ്പരം കണ്ടുമുട്ടുമ്പോൾ പ്രഭാതത്തിൽ 'ഗുഡ്മോർണിംഗ്' എന്നും സായാഹ്നത്തിൽ 'ഗുഡ് ഈവനിംഗ്' എന്നുമാണല്ലോ പറയാറുള്ളത്. എന്നാൽ, ഒരു നിമിഷം നിങ്ങളൊന്ന് ഓർത്തു നോക്കൂ! രാത്രി വയറുവേ

ദന അനുഭവിച്ചു, ആഹാരം കഴിക്കാൻ കഴിഞ്ഞില്ല, ഉറങ്ങാനും കഴിഞ്ഞില്ല. പ്രഭാതത്തിൽ പുറത്തിറങ്ങുന്ന മനുഷ്യനോട് ഗുഡ്മോർണിംഗ് എന്നു പറഞ്ഞാൽ അതെത്രമാത്രം നിരർഥകവും അനുചിതവുമായിരിക്കും. അവ്വിധം തന്നെയല്ലേ, മരിച്ചു കിടക്കുന്ന പിതാവിന്റെ അരികിലിരിക്കുന്ന മകനോട് ഗുഡ് ഈവനിംഗ് എന്നു പറഞ്ഞാൽ? അതയാൾക്ക് ഉൾക്കൊള്ളാൻ കഴിയുമോ? അതേസമയം ലോകത്ത് ഏതു മനുഷ്യനും സന്തോഷത്തോടെ സ്വീകരിക്കാൻ കഴിയുന്ന അഭിവാദ്യരൂപമാണ് ഇസ്‌ലാം നിശ്ചയിച്ചത്; 'അസ്സലാമു അലൈക്കും'- 'നിങ്ങൾക്ക് ദൈവത്തിന്റെ രക്ഷയുണ്ടാവട്ടെ, നന്മയുണ്ടാവട്ടെ' എന്നാണതിന്റെ അർഥം. പ്രത്യുത്തരവും അവ്വിധം തന്നെ. ജീവിതത്തിന്റെ എല്ലാ വശങ്ങളിലേക്കും ആവശ്യമായ നിയമം ഇസ്‌ലാം നൽകിയിട്ടുണ്ട്. നടക്കുന്നത് എങ്ങനെയാവണമെന്ന് പോലും അത് പഠിപ്പിക്കുകയുണ്ടായി. വിശുദ്ധ ഖുർആനിൽ നിരവധി സ്ഥലങ്ങളിൽ, നടത്തം വിനയത്തോടുകൂടിയായിരിക്കണം, അഹങ്കാരത്തോടെയോ പൊങ്ങച്ചത്തോടെയോ ആവരുതെന്ന് അനുശാസിച്ചിരിക്കുന്നു. കിടക്കുന്നതെങ്ങനെ? ഭക്ഷണം കഴിക്കുന്നതെങ്ങനെ? ഉറങ്ങുന്നതെങ്ങനെ? ഉണരുന്നതെങ്ങനെ? അയൽക്കാരനോടുള്ള പെരുമാറ്റമെങ്ങനെ? സമൂഹത്തോടുള്ള സമീപനമെങ്ങനെ? ഭരണാധികാരിയോടുള്ള ബന്ധമെവ്വിധം? ഭരണീയരോടുണ്ടാവേണ്ട നിലപാട് എന്ത്? ഇസ്‌ലാം എല്ലാം വളരെ വിശദമായി പഠിപ്പിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ അതൊരു സമ്പൂർണമായ ജീവിത വ്യവസ്ഥയാണ്. മനുഷ്യന്റെ എല്ലാ വിചാരങ്ങളും വികാരങ്ങളും ചലനങ്ങളും കർമങ്ങളും ദൈവിക നിയമങ്ങൾക്കനുസൃതമായി മാറ്റിത്തീർക്കണമെന്നാണ് അത് നമ്മോട് ആവശ്യപ്പെടുന്നത്. അതിന്നനുസൃതമായി ജീവിക്കുന്നവർക്കാണ് മുസ്‌ലിം എന്നു പറയുക.

ഇപ്രകാരംതന്നെ, ഇസ്‌ലാം വളരെയേറെ ഊന്നിപ്പറയുന്ന ഒന്നാണ് മാനവരാശിയുടെ ഏകത്വവും സമത്വവും. ലോകത്തെങ്ങാനുമുള്ള മുഴുവൻ മനുഷ്യരും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണ്. വർഗ-വർണ-ദേശ-ഭാഷാ-കാല-ലിംഗഭേദങ്ങൾക്കതീതമായി അവരെല്ലാം സമന്മാരും പരസ്പരം സഹോദരങ്ങളുമാണ്. ഒരേ മാതാപിതാക്കളുടെ മക്കളാണ്. അല്ലാഹു അറിയിക്കുന്നു: "മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് നാം നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ, നിങ്ങളെ സമുദായങ്ങളും ഗോത്രങ്ങളുമാക്കി, നിങ്ങൾ പരസ്പരം തിരിച്ചറിയാൻ. അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ഭക്തിയുള്ളവനത്രെ" (ഖുർആൻ 49:13). അന്ത്യപ്രവാചകനായ മുഹമ്മദ് നബി തിരുമേനി പറയുന്നു: "നിങ്ങളുടെയെല്ലാം ദൈവമൊന്നാണ്. നിങ്ങളുടെയെല്ലാവരുടെയും പിതാവും ഒരാൾതന്നെ. എല്ലാവരും ആദമിൽനിന്ന്; ആദമോ മണ്ണിൽനിന്നും."

ചീർപ്പിന്റെ പല്ലുകൾപോലെ മനുഷ്യരൊക്കെ സമന്മാരാണ്, തുല്യരാണ് എന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. ഈ തുല്യത പ്രഖ്യാപനങ്ങളിൽ മാത്രമൊതുക്കി നിർത്താതെ പ്രവാചകൻ പ്രയോഗതലത്തിൽ നടപ്പിൽവരുത്തുകയുണ്ടായി. നബിതിരുമേനി തന്റെ സമൂഹത്തിൽ പ്രവാചകനായി നിയോഗിതനായപ്പോൾ അവിടെ സാമൂഹികമായ ഉച്ചനീചത്വം രൂക്ഷമായി നിലനിന്നിരുന്നു. അടിമകളും ഉടമകളും ഉണ്ടായിരുന്നു. യജമാനന്മാരും കീഴാ

ളന്മാരും ഉണ്ടായിരുന്നു. വരേണ്യവർഗക്കാരും കീഴ്ജാതിക്കാരും ഉണ്ടായിരുന്നു. ഇസ്‌ലാം അവരോട് പറഞ്ഞു: "നിങ്ങളൊക്കെ സമന്മാരാണ്." ആദ്യം അതവർക്ക് ഉൾക്കൊള്ളാൻ പ്രയാസമായിരുന്നു. ഒരിക്കൽ പ്രവാചകന്റെ അരുമശിഷ്യരായ അബൂദർറിൽ ഗിഫാരിയും കറുത്ത അടിമയായിരുന്ന ബിലാലുബ്നു റബാഹും ശണ്ഠകൂടി. വഴക്ക് രൂക്ഷമായപ്പോൾ അബൂദർറിൽ ഗിഫാരി തന്റെ കൂട്ടുകാരനെ 'കറുത്തവളുടെ പുത്രാ' എന്ന് വിളിക്കാനിടയായി. ഉടനെ ബിലാൽ പ്രവാചകന്റെ സന്നിധിയിലെത്തി അദ്ദേഹത്തോട് പരാതി പറഞ്ഞു. പ്രവാചകൻ അബൂദർറിൽ ഗിഫാരിയെ വിളിച്ചുവരുത്തി ചോദിച്ചു: "അല്ല; നീ നിന്റെ കൂട്ടുകാരനെ അവന്റെ മാതാവിന്റെ പേരിൽ ആക്ഷേപിച്ചുവോ?" 'അതെ' എന്നു പറഞ്ഞപ്പോൾ, പ്രവാചകൻ പറഞ്ഞു: "എങ്കിൽ താങ്കളിൽ ഇസ്‌ലാം പൂർണമായിട്ടില്ല; ഇപ്പോഴും താങ്കളിൽ അനിസ്‌ലാമികതയുണ്ട്. അതിനാൽ താങ്കൾ പശ്ചാത്തപിക്കണം." ഇതുകേട്ട് പശ്ചാത്താപവിവശനായ കുലീന ഗോത്രക്കാരനായ പ്രവാചകശിഷ്യൻ അബൂദർറ് ബിലാലിനെ സമീപിച്ച് തന്റെ മുഖം നിലത്തുവച്ചുകൊണ്ട് പറഞ്ഞു: "ബിലാലേ, നിന്നോട് ഞാൻ ചെയ്ത അപരാധത്തിന് എന്റെ കവിളിൽ ചവിട്ടി പ്രതിക്രിയ ചെയ്യൂ." ഇതുകേട്ട ബിലാൽ പറഞ്ഞു: "ഞാൻ താങ്കൾക്ക് മാപ്പ് നൽകിയിരിക്കുന്നു." ഇത് ആ സമൂഹത്തിൽ പ്രവാചകൻ വളർത്തിയെടുത്ത സമത്വ വികാരത്തിന്റെ പ്രതിഫലനമായിരുന്നുവെന്നത് സുവിദിതമത്രെ. ഈ സമത്വ ചിന്തക്ക് വിരുദ്ധമായ നേരിയ നിലപാട് പോലും ആരിൽനിന്നും ഉണ്ടാവരുതെന്ന് ഇസ്‌ലാമിന് നിഷ്കർഷയുണ്ട്. വിശുദ്ധ വേദഗ്രന്ഥമായ ഖുർആനിൽ മുഹമ്മദ് നബി ഒരിക്കൽ മാത്രമേ നിശിതമായി വിമർശിക്കപ്പെട്ടിട്ടുള്ളൂ. അത് പ്രവാചകന്റെ ആരാധനാകർമങ്ങളിൽ വീഴ്ച വന്നതുകൊണ്ടല്ല, ദൈവവുമായുള്ള ബന്ധത്തിൽ പാളിച്ചകൾ പറ്റിയതിന്റെ പേരിലുമല്ല. മറിച്ച്, തന്റെ ഒരു അനുയായിയോടുണ്ടായ സമീപനം വേണ്ടത്ര നല്ല നിലയിലാവാത്തതിന്റെ പേരിലായിരുന്നു. പ്രവാചകൻ ആ സമൂഹത്തിലെ പ്രമുഖന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അബൂജഹൽ, അബൂലഹബ്, ഉത്ബത്, ശൈബത്, അങ്ങനെ മക്കയിലെ ഖുറൈശീ സമൂഹത്തിലെ നേതാക്കളായ മുഴുവൻ ആളുകളും പ്രവാചകന്റെ മുമ്പിൽ ഒത്തുകൂടിയിരുന്നു. ദൈവിക സന്മാർഗത്തെ സംബന്ധിച്ചായിരുന്നു സംഭാഷണം. അപ്പോൾ അന്ധനായൊരാൾ കടന്നുവന്നു; അബ്ദുല്ലാഹിബ്നു ഉമ്മി മക്തൂം. അദ്ദേഹം ജന്മനാ കണ്ണു കാണാത്തവനാണ്. പ്രവാചകൻ അദ്ദേഹത്തെ വേണ്ടത്ര പരിഗണിച്ചില്ല. കാരണം, ആ സമൂഹത്തിലെ ഏറ്റവും പ്രമുഖന്മാരുമായി സംസാരിച്ചുകൊണ്ടിരുന്ന, തിരക്കുപിടിച്ച സന്ദർഭമായിരുന്നു അത്. അതിനാൽ, അദ്ദേഹത്തെ ശ്രദ്ധിക്കാനോ പ്രത്യേകം പരിഗണിക്കാനോ സാധിച്ചില്ല. ഈ സംഭവം അന്ധനായ മനുഷ്യൻ അറിഞ്ഞോ? ഒരിക്കലും അറിഞ്ഞില്ല. കാരണം, അയാൾ ജന്മനാ കുരുടനാണ്. പ്രവാചകന്റെ മുഖഭാവം കാണാൻ അയാൾക്ക് കണ്ണുകളില്ല. അവിടന്ന് തന്നെ ശ്രദ്ധിച്ചോ ഇല്ലയോ എന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നുമില്ല. എന്നിട്ടും ദൈവത്തിന് തന്റെ ദൂതന്റെ സമീപനം അംഗീകരിക്കുക സാധ്യമായിരുന്നില്ല.

കണ്ണുകാണാത്ത ആ മനുഷ്യൻ - അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം- അത് മനസ്സിലാക്കിയോ ഇല്ലയോ എന്നതല്ല ദൈവത്തിന് പ്രശ്നം. മറിച്ച്, തന്റെ അന്ത്യദൂതനായ മുഹമ്മദ്നബി, തന്റെ ഒരു അടിമയെ അവഗണിച്ചോ ഇല്ലയോ എന്നതായിരുന്നു. അതിനാൽ വിശുദ്ധ വേദഗ്രന്ഥത്തിൽ ഒട്ടേറെ വാക്യങ്ങൾ അവതീർണമായി. അവയിലൂടെ പ്രവാചകന്റെ നിലപാടിനെ നിശിതമായി നിരൂപണം ചെയ്തു. പിന്നീട് ആരും അത്തരം സമീപനം സ്വീകരിക്കരുതെന്ന് പ്രത്യേകം ഉണർത്തുകയും ചെയ്തു.

മനുഷ്യൻ മനുഷ്യനോട് മോശമായി പെരുമാറിയാൽ ദൈവത്തിന് അത് ഒരിക്കലും സഹിക്കാനോ പൊറുക്കാനോ സാധ്യമല്ല എന്നർഥം. സമത്വ ത്തിന്റെ ഉജ്ജ്വല വികാരങ്ങൾ വിശ്വാസിയിൽ സദാ ഉണ്ടാക്കണമെന്നും ജീവിതത്തിലുടനീളം അതിന്റെ പ്രതിഫലനങ്ങൾ പ്രകടമാവണമെന്നും കണിശമായി പഠിപ്പിക്കുകയായിരുന്നു വിശുദ്ധ ഖുർആൻ. ഒരു കാര്യംകൂടി ഇവിടെ സൂചിപ്പിക്കട്ടെ, ലോകത്തിൽ ഏറ്റവും ശ്രദ്ധേയമായ ഭവനം വിശുദ്ധ കഅ്ബയാണ്. നൂറുകോടി മനുഷ്യർ ദിനേന അഞ്ചുനേരം അതിന്റെ നേരെ തിരിഞ്ഞ് നമസ്കരിക്കുന്നു. അവരൊക്കെയും ആസന്നമരണരാവുമ്പോൾ തങ്ങളുടെ മുഖം തിരിച്ചുവെക്കാറുള്ളത് അതിന്റെ നേരെയാണ്. വ്യത്യസ്ത തലമുറകളിലെ നിരവധി നൂറ്റാണ്ടുകളിലെ എണ്ണിയാലൊടുങ്ങാത്ത കോടാ നുകോടി മനുഷ്യർ അന്ത്യവിശ്രമം കൊള്ളുന്നത് ആ വിശുദ്ധ മന്ദിരത്തിന്റെ നേരെ മുഖം തിരിച്ചുവച്ചാണ്. ആ ദേവാലയത്തിന്റെ മുകളിൽ ഒരൊറ്റ മനു ഷ്യനേ കയറിനിന്ന് ബാങ്ക് കർമം നിർവഹിച്ചിട്ടുള്ളൂ. അതൊരു വിജയപ്ര ഖ്യാപനം കൂടിയായിരുന്നു. ജന്മനാടിനോട് വിട പറയേണ്ടിവന്ന പ്രവാച കനും അനുചരന്മാരും മക്കയിലേക്ക് ജേതാക്കളായി തിരിച്ചുവന്ന ചരിത്ര മുഹൂർത്തത്തിലായിരുന്നു അത്. അപ്പോൾ ഒരു ജേതാവിനെപ്പോലെ, നെടു നായകനെപ്പോലെ, ഭരണാധികാരിയെപ്പോലെ, സർവസൈന്യാധിപനെ പ്പോലെ വിശുദ്ധ ദേവാലയത്തിന്റെ മുകളിൽ കയറിനിന്ന് വിജയപ്രഖ്യാ പനം നടത്താൻ നബിതിരുമേനി തെരഞ്ഞെടുത്തത് തന്റെ സമൂഹത്തിലെ വരേണ്യവർഗത്തിന്റെ പ്രതിനിധിയെയല്ല; ഉന്നത കുലഗോത്രക്കാരനായ ആരെയുമല്ല; മറിച്ച്, അടിമയെയാണ്- തൊലി കറുത്ത, നീഗ്രോ വംശജ നായ ബിലാലുബ്നു റബാഹിനെ. പ്രവാചകൻ അദ്ദേഹത്തെ വിശുദ്ധ ദേവാ ലയത്തിന്റെ മുകളിൽ കയറ്റിനിർത്തി വിജയപ്രഖ്യാപനം നടത്തിക്കുകയാ യിരുന്നു. ഇങ്ങനെ സമൂഹത്തിലെ ഉച്ചനീചത്വത്തിന്റെ അവസാനത്തെ അംശവും അവസാനിപ്പിക്കാനായിരുന്നു നബി തിരുമേനി ശ്രമിച്ചത്.

ഒരു കാര്യം കൂടി സൂചിപ്പിക്കട്ടെ, ഭൂമിയിൽ മനുഷ്യന് ചെയ്യാൻ കഴി യുന്ന ഏറ്റവും മഹത്തായ കാര്യം എന്ത് എന്ന ചോദ്യം ഏറെ പ്രസക്ത മാണ്. സാധാരണ ഗതിയിൽ നമുക്ക് തോന്നും, ദൈവത്തിന് ഏറ്റവും ഇഷ്ട പ്പെട്ടത് അവന്നുള്ള ആരാധനയാണ്, ഉപാസനയാണ്; മലമുകളിൽ ഏകാ ന്തനായി അവനെ ആരാധിക്കലും തപസ്സനുഷ്ഠിക്കലുമാണെന്ന്. എന്നാൽ, ദൈവം പഠിപ്പിക്കുന്നത് മറ്റൊന്നാണ്; അവൻ മനുഷ്യരോട് പറഞ്ഞു: "ആളു കളെ കാണിക്കുവാൻ വേണ്ടിയല്ലാതെ, ദൈവത്തിന്റെ പ്രീതി മാത്രം കാംക്ഷിച്ചുകൊണ്ട്, അവന്റെ ദാസന് ചെയ്യുന്ന സേവനമാണ് ഏറ്റവും മഹ ത്തരം."

ഇങ്ങനെ സമൂഹജീവിതത്തിന്റെ വ്യത്യസ്ത തലങ്ങളിൽ പുലർത്തേണ്ട നിയമനിർദേശങ്ങൾ പഠിപ്പിച്ച ഇസ്‌ലാം സമ്പത്ത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് വിശദീകരിച്ചു. ധനം ദൈവത്തിന്റേതാണ്. മനുഷ്യന് കൈകാര്യാവകാശം മാത്രമേയുള്ളൂ. അത് എവ്വിധം സമ്പാദിക്കണം; എവ്വിധം സമ്പാദിക്കരുത്; എങ്ങനെ കൈവശം വെക്കാം; എങ്ങനെ കൈവശം വെക്കരുത്; എവ്വിധം വ്യയം ചെയ്യാം; എവ്വിധം വ്യയം ചെയ്യരുത്; ഇതെല്ലാം ഇസ്‌ലാം വ്യക്തമായും കണിശമായും പഠിപ്പിച്ചിരിക്കുന്നു. സമ്പാദിക്കുക എന്നത് പാപമല്ല. മറിച്ച്, പ്രതിഫലാർഹമായ പുണ്യകർമമാണ്. കാരണം, മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണ്. ഈ ഭൂമി ധന്യമാക്കുക, ഐശ്വര്യപൂർണമാക്കുക എന്നത് ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യന്റെ ചുമതലയാണ്. വരുംതലമുറക്ക് വേണ്ടി ഇതിനെ ഫലസമൃദ്ധമാക്കി മാറ്റുന്നത് ആരാധനയാണ്. ഒരിക്കൽ പ്രവാചകൻ പറഞ്ഞു:

“കായികാധ്വാനത്തിലൂടെ വിശ്വാസി ക്ഷീണിതനായാൽ അവൻ പാപമോചിതനായിത്തീരും.”

മറ്റൊരിക്കൽ നബിതിരുമേനി തന്റെ അനുചരനുമായി ഹസ്തദാനം ചെയ്യുകയായിരുന്നു. അയാളുടെ കൈ പരുപരുത്തതായിരുന്നു. അപ്പോൾ പ്രവാചകൻ ചോദിച്ചു, എന്താണ് കൈക്ക് പറ്റിയത്? അയാൾ പറഞ്ഞു: അത് പണിയെടുത്തതിന്റെ തഴമ്പ് ബാധിച്ചതാണ്. ഉടനെ പ്രവാചകൻ അദ്ദേഹത്തിന്റെ ഇരു കൈകളും പിടിച്ചു ചുംബിച്ചു. എന്നിട്ടവ ഉയർത്തിപ്പിടിച്ചു കൊണ്ട് പറഞ്ഞു: ദൈവത്തിനും അവന്റെ ദൂതന്നും ഏറ്റവും പ്രിയപ്പെട്ട കൈകളാണിവ. പാടുപെട്ട് പണിയെടുത്ത്, പാടുകളുണ്ടാകുന്ന കൈകളാണ് അല്ലാഹുവിനും അവന്റെ പ്രവാചകന്നും ഏറെ പ്രിയങ്കരമെന്നർഥം. ഇങ്ങനെ അധ്വാനിക്കാൻ ആവശ്യപ്പെടുന്നതോടൊപ്പം തന്നെ, സമൂഹതാൽപര്യത്തിന് വിരുദ്ധമായി സമ്പാദിക്കരുതെന്ന് കണിശമായി കല്പിക്കുകയും ചെയ്യുന്നു. അപ്രകാരംതന്നെ ധനം കൈവശം വെക്കാൻ അനുവദിക്കുന്ന ഇസ്‌ലാം സമൂഹത്തിന്റെ സാമ്പത്തിക സ്ഥിതി പൂർണമായും പരിഗണിച്ചാവണം അതെന്ന് ശക്തമായി അനുശാസിക്കുന്നു. അതോടൊപ്പം ധനവിനിയോഗത്തിൽ ആർഭാടമോ ആഡംബരമോ ധൂർത്തോ ദുർവ്യയമോ അരുതെന്ന് ആജ്ഞാപിക്കുന്നു.

ഇങ്ങനെ മനുഷ്യ ജീവിതത്തിന്റെ വിവിധ മേഖലകളിലേക്ക് ആവശ്യമായ മുഴുവൻ നിയമനിർദേശങ്ങളും ദൈവം തന്റെ അന്ത്യദൂതനിലൂടെ നൽകിയിരിക്കുന്നു. അവയനുസരിച്ച് ജീവിക്കുന്നവർക്കാണ് മുസ്‌ലിംകൾ എന്നു പറയുക. നേരത്തെ സൂചിപ്പിച്ചതുപോലെ അത് ഏതെങ്കിലും ജാതിയുടെ പേരല്ല; ദേശക്കാരുടെയോ ഭാഷക്കാരുടെയോ പ്രത്യേകം പേരുള്ളവരുടെയോ പേരല്ല. ആർ ഈ പ്രപഞ്ചത്തിന്റെ പിന്നിലെ പ്രകൃതിനിയമം നിശ്ചയിച്ചുവോ അതേ ദൈവത്തിൽനിന്ന് മനുഷ്യരാശിക്കായി അവതീർണമായ ജീവിത വ്യവസ്ഥയനുസരിച്ച് ജീവിക്കുന്നവരാണ് മുസ്‌ലിംകൾ. അങ്ങനെ ജീവിക്കുന്നതിനാണ് ഇസ്‌ലാം എന്നു പറയുക. അതിനാൽ മൂന്ന് അടിസ്ഥാന സിദ്ധാന്തങ്ങൾ ഇസ്‌ലാം മനുഷ്യസമൂഹത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നു. ഒന്ന്, പ്രപഞ്ചത്തിന്റെ സ്രഷ്ടാവും സംരക്ഷകനുമായ

ദൈവത്തിന് മാത്രം വഴങ്ങി വണങ്ങി വിധേയമായി, അവൻ നൽകിയ നിയമവ്യവസ്ഥയനുസരിച്ച് ജീവിക്കുക. അവ്വിധം ജീവിച്ചാൽ മരണശേഷം ദൈവം വാഗ്ദാനം ചെയ്ത സ്വർഗം ലഭിക്കും. ദൈവത്തെ ധിക്കരിച്ച് നിഷേധിയായി, അഹങ്കാരിയായി, പാപിയായി ജീവിച്ചാൽ മരണശേഷം പരലോകത്ത് നരകാവകാശിയായിത്തീരും. ഈ സന്ദേശം മനുഷ്യർക്കെത്തിച്ചു കൊടുത്ത, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ നിയോഗിതരായ മുഴുവൻ ദൈവദൂതന്മാരെയും ആ പരമ്പരയിലെ അവസാനത്തെ കണ്ണിയായ മുഹമ്മദ് നബിയെയും വിശ്വസിക്കുകയും അംഗീകരിക്കുകയും അവരിലൂടെ അവതീർണമായ സന്ദേശം സ്വീകരിക്കുകയും ചെയ്യുക. ഈ മൂന്ന് അടിസ്ഥാനങ്ങളംഗീകരിച്ച് ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി എന്ന നിലയിൽ അവനെ മാത്രം, അവൻ പഠിപ്പിച്ച പോലെ, ആരാധിക്കണമെന്നും ജീവിതത്തിന്റെ വിവിധ മേഖലകളിലേക്ക് ദൈവം നൽകിയ നിയമനിർദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് വിശുദ്ധമായ, പുണ്യകരമായ ജീവിതം നയിക്കണമെന്നും അതാവശ്യപ്പെടുന്നു. അങ്ങനെ ജീവിക്കുന്ന വിശ്വാസി തനിക്ക്, തന്റെ കുടുംബത്തിന്, സമൂഹത്തിന്, നാട്ടിന്, ലോകത്തിന് അനുഗ്രഹമായിരിക്കും. ഇവ്വിധം മനസ്സിൽ ശാന്തിയും വ്യക്തിജീവിതത്തിൽ വിശുദ്ധിയും കുടുംബജീവിതത്തിൽ സ്വൈരവും സമൂഹത്തിൽ സമാധാനവും രാഷ്ട്രത്തിൽ ഭദ്രതയും ലോകത്ത് പ്രശാന്തിയും വളർത്തുക, സർവോപരി മരണശേഷം മറുലോകത്ത് ദൈവശിക്ഷയിൽനിന്ന് മോചിതമായി അവന്റെ അനുഗൃഹീതമായ സ്വർഗത്തിന്റെ അവകാശികളാവുക; ഇതൊക്കെയും സാധിതമാക്കുന്ന ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെ നിങ്ങളുടെ സൂക്ഷ്മമായ പഠനത്തിനും പരിശോധനക്കും നിരീക്ഷണത്തിനും വിലയിരുത്തലിനും വിധേയമാക്കണമെന്നും സ്വീകാര്യമെങ്കിൽ ഉൾക്കൊള്ളണമെന്നും വിനയപൂർവം അഭ്യർഥിക്കുന്നു. ഇവിടെ ഇപ്പോൾ സമർപ്പിച്ചത് ഇസ്‌ലാമിന്റെ സമഗ്രമായ രൂപമോ പൂർണമായ പഠനമോ അല്ല. അതേക്കുറിച്ച് അന്വേഷിക്കാനും പഠിക്കാനും അറിയാനും മനസ്സിലാക്കാനും പ്രചോദകമായേക്കാവുന്ന ഒരു സംക്ഷിപ്ത ചിത്രം മാത്രമാണ്. വിശദമായ പഠനത്തിന് നിങ്ങൾ സന്നദ്ധമാകുമെന്ന് പ്രതീക്ഷിക്കുന്നു. സന്നദ്ധമാവണമെന്ന് വിനയപൂർവം അഭ്യർഥിക്കുന്നു.

ദൈവത്തിന്റെ സത്യശുദ്ധമായ പാത ഏതെന്ന് കണ്ടെത്തി അതിലൂടെ സഞ്ചരിച്ച് മനസ്സിന് സ്വാസ്ഥ്യവും വ്യക്തിജീവിതത്തിൽ വിശുദ്ധിയും കുടുംബത്തിൽ സ്വൈരവും സമൂഹത്തിൽ സമാധാനവും രാജ്യത്ത് ഭദ്രതയും ലോകത്ത് പ്രശാന്തിയും സ്ഥാപിതമാവാനും, സർവോപരി മരണശേഷം ദൈവത്തിന്റെ സമ്മാനമായ സ്വർഗം നേടാനും അവൻ നമ്മെ ഏവരെയും അനുഗ്രഹിക്കട്ടെ. പ്രപഞ്ചനാഥനായ അല്ലാഹു നമ്മെ ഇരു ലോകത്തും തുണക്കുമാറാവട്ടെ.

## ഒന്ന്

# ദൈവം നീതിമാനോ?

*"ദൈവം നീതിമാനാണെന്നാണല്ലോ പറഞ്ഞുവരുന്നത്. എന്നാൽ അനുഭവം മറിച്ചാണ്. മനുഷ്യരിൽ ചിലർ വികലാംഗരും മറ്റു ചിലർ മന്ദബുദ്ധികളുമാണ്. ഇത് അവരോടു ചെയ്ത കടുത്ത അനീതിയല്ലേ?"*

ഈ ചോദ്യം പ്രത്യക്ഷത്തിൽ വളരെ പ്രസക്തവും ന്യായവും തന്നെ. എന്നാൽ അൽപം ആലോചിച്ചാൽ അബദ്ധം അനായാസം ബോധ്യമാകും. നമുക്ക് ഈ ചോദ്യം ഒന്നുകൂടി വികസിപ്പിക്കാം. അപ്പോൾ പ്രസക്തമെന്ന് തോന്നുന്ന നിരവധി ചോദ്യങ്ങൾ നമ്മുടെ മുമ്പിൽ ഉയർന്നുവരും. എനിക്ക് എന്തുകൊണ്ട് ആറടി നീളം നൽകിയില്ലെന്ന് കുറിയവനു ചോദിക്കാവുന്നതാണ്. തന്നെ എന്തുകൊണ്ട് തൊലി വെളുത്തവനാക്കിയില്ലെന്ന കറുത്തവന്റെ ചോദ്യവും സുന്ദരനാക്കിയില്ലെന്ന വിരൂപന്റെ ചോദ്യവും പ്രതിഭാധനനാക്കിയില്ലെന്ന സാമാന്യബുദ്ധിയുടെ ചോദ്യവും സുഖകരമായ കാലാവസ്ഥയുള്ളേടത്ത് ജനിപ്പിച്ചില്ലെന്ന മരുഭൂവാസിയുടെ ചോദ്യവും ധനികകുടുംബത്തിലാക്കിയില്ലെന്ന ദരിദ്രന്റെ ചോദ്യവും ഭരണാധികാരിയാക്കിയില്ലെന്ന ഭരണീയന്റെ ചോദ്യവും ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ജീവിപ്പിച്ചില്ല എന്ന പത്താം നൂറ്റാണ്ടുകാരന്റെ ചോദ്യവുമൊക്കെ പ്രസക്തവും ന്യായവുമത്രെ. ഇതൊക്കെയും ഓരോരുത്തരുടെയും തലത്തിൽനിന്ന് നോക്കുമ്പോൾ തികഞ്ഞ അനീതിയുമാണ്. നമ്മുടെ സഹധർമിണിമാരുടെ ചോദ്യം ഇതിനെക്കാളെല്ലാം ന്യായവും പ്രസക്തവുമത്രെ. മാസത്തിൽ നിശ്ചിത ദിവസം ചില പ്രയാസങ്ങളനുഭവിക്കുന്നവളും ഗർഭം ചുമക്കേണ്ടവളും പ്രസവിക്കേണ്ടവളും കുട്ടിക്ക് മുല കൊടുക്കേണ്ടവളുമായി തന്നെയെന്തിനു സൃഷ്ടിച്ചു; തന്റെ ഭർത്താവിന് ഇത്തരം പ്രയാസങ്ങളൊന്നുമില്ലല്ലോ; അതിനാൽ തന്നെ എന്തുകൊണ്ട് ആണായി സൃഷ്ടിച്ചില്ല എന്ന് ഏതൊരു സ്ത്രീക്കും ചോദിക്കാവുന്നതാണ്. തന്നോട് ചെയ്തത് കടുത്ത അനീതിയാണെന്ന് സമർഥിക്കുകയും ചെയ്യാം. മനുഷ്യർക്കിടയിലെ ഈ വ്യത്യാസങ്ങളെല്ലാം ഇല്ലാതാവലാണ് നീതിയെങ്കിൽ എല്ലാവരും ഒരേ ഭൂപ്രദേശത്ത്, ഒരേ കാലാവസ്ഥയിൽ, ഒരേ കാലത്ത്, ഒരേ കുടുംബത്തിൽ, ഒരേ മാതാപിതാക്കളുടെ മക്കളായി, ബുദ്ധിപരമായി ഒരേ നിലവാരത്തിലുള്ളവരായി, ഒരേ ശരീരപ്രകൃ

തിയോടുകൂടി, ഒരേ ലിംഗക്കാരായി, ഒരേവിധം ആരോഗ്യാവസ്ഥയിൽ ജനിക്കുകയും ജീവിക്കുകയും വേണ്ടിവരും. ഇത് തീർത്തും അസാധ്യവും അപ്രായോഗികവുമാണെന്ന് ഏവർക്കും അറിയാവുന്ന കാര്യമാണ്. അതിനാൽ എല്ലാ കാര്യങ്ങളിലെയും വൈവിധ്യം മനുഷ്യരാശിയുടെ നിലനിൽപിന് അനിവാര്യമത്രെ.

മനുഷ്യജീവിതം മരണത്തോടെ അവസാനിക്കുമെങ്കിൽ നീതിയെ സംബന്ധിച്ച ഈ ചോദ്യങ്ങളെല്ലാം തീർത്തും പ്രസക്തങ്ങളാണ്. എങ്കിൽ ജനനം മുതൽ മരണം വരെയുള്ള ജീവിതം എല്ലാവർക്കും ഒരേപോലെ തുല്യമായി അനുഭവിക്കാനും ആസ്വദിക്കാനും അവസരം ലഭിക്കുകതന്നെ വേണം. എന്നാൽ നീതിമാനായ ദൈവം മരണത്തോടെ മനുഷ്യജീവിതം അവസാനിപ്പിക്കുന്നില്ല. ഐഹിക ജീവിതം കർമകാലമാണ്. വിചാരണയും വിധിയും കർമഫലവും മരണശേഷം മറുലോകത്താണ്. ഓരോരുത്തർക്കും ഭൂമിയിൽ നിർവഹിക്കാനുള്ള ബാധ്യത അവരവർക്ക് നൽകപ്പെട്ട കഴിവുകൾക്കനുസരിച്ചാണ്. പണക്കാരന്റെയത്ര ബാധ്യത പാവപ്പെട്ടവന്നില്ല. പണ്ഡിതന്റെ ചുമതല പാമരന്നില്ല. പ്രതിഭാശാലികളുടെ ഉത്തരവാദിത്വം സാമാന്യബുദ്ധിക്കില്ല. മന്ദബുദ്ധിക്ക് അത്രയുമില്ല. വികലാംഗന് പൂർണ ആരോഗ്യവാനെ അപേക്ഷിച്ച് കുറഞ്ഞ ഉത്തരവാദിത്വമേയുള്ളൂ. ഈ ബാധ്യതകളുടെ നിർവഹണമാണ് ജീവിതത്തിന്റെ ജയാപജയങ്ങളുടെ നിദാനം. ഓരോരുത്തർക്കും ലഭ്യമായ കഴിവുകൾ ഏതുവിധം വിനിയോഗിച്ചുവെന്നതാണ് വിലയിരുത്തപ്പെടുക. തദനുസൃതമായി ഓരോരുത്തരിലും അർപ്പിതമായ ചുമതലകളുടെ പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിലാണ് മരണാനന്തരജീവിതത്തിലെ രക്ഷാശിക്ഷകൾ നിശ്ചയിക്കപ്പെടുക. അതിനാൽ മരണശേഷം മറുലോകമില്ലെങ്കിൽ മാത്രമേ ഈ ഭൂമിയിലെ മനുഷ്യന്റെ അവസ്ഥാന്തരങ്ങൾ അനീതിപരമാവുകയുള്ളൂ. അനശ്വരമായ പരലോകം അനിഷേധ്യമാണെന്നതിനാൽ അംഗവൈകല്യവും ആരോഗ്യാവസ്ഥയിലെ അന്തരവും ധൈഷണിക നിലവാരത്തിലെ വ്യത്യാസവുമൊന്നും ദൈവനീതിക്കു തീരെ വിരുദ്ധമാവുന്നില്ല.

വികലാംഗൻ അംഗവൈകല്യമില്ലാത്തവന്റെയും പാവപ്പെട്ടവൻ പണക്കാരന്റെയും മുമ്പിലെ പരീക്ഷണം കൂടിയത്രെ. തങ്ങൾക്ക് ദൈവം നൽകിയ അനുഗ്രഹങ്ങളനുസ്മരിച്ച് വികലാംഗരോടും ദരിദ്രരോടും സഹാനുഭൂതിയും അനുകമ്പയും പുലർത്തി, സ്നേഹം പകർന്നുകൊടുക്കുകയും സഹായസഹകരണങ്ങൾ നൽകുകയും ഉദാരമായി പെരുമാറുകയും ചെയ്യുന്നുണ്ടോയെന്നതിന്റെ കൂടി അടിസ്ഥാനത്തിലായിരിക്കും അവരുടെ മരണാനന്തരജീവിതത്തിലെ രക്ഷാശിക്ഷകൾ.

എന്നാൽ ദൈവത്തെയും പരലോകത്തെയും നിഷേധിക്കുന്ന ഭൗതികവാദികൾക്ക് നീതിയെ സംബന്ധിച്ച ഇത്തരം ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകുക സാധ്യമല്ല. പ്രപഞ്ചത്തിന് നിയതമായ താളവും വ്യക്തമായ ക്രമവും വ്യവസ്ഥയും നൽകിയ 'പ്രകൃതി' എന്തുകൊണ്ട് മനുഷ്യരോട് നീതി കാണിച്ചില്ല? പ്രകൃതി ചെയ്ത ഈ കടുത്ത അനീതിക്ക് എന്തു പരിഹാരമാണ് ഭൗതികവാദിക്ക് നിർദേശിക്കാനുള്ളത്? ഉത്തരം നൽകേണ്ടത് ദൈവനിഷേധികളും മതവിരുദ്ധരുമാണ്.

## രണ്ട്

# ദൈവത്തെ സൃഷ്ടിച്ചതാര്?

*"പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് വേണമെന്നും ദൈവമാണ് അതിനെ സൃഷ്ടിച്ചതെന്നും നിങ്ങൾ മതവിശ്വാസികൾ പറയുന്നു. എന്നാൽ നിങ്ങളുടെ ദൈവത്തെ സൃഷ്ടിച്ചതാരാണ്? മതവും ദൈവവും വിശ്വാസകാര്യമാണെന്നും അതിൽ യുക്തിക്ക് പ്രസക്തിയില്ലെന്നുമുള്ള പതിവു മറുപടിയല്ലാതെ വല്ലതും പറയാനുണ്ടോ?"*

പ്രപഞ്ചത്തെപ്പറ്റി പ്രധാനമായും രണ്ടു വീക്ഷണമാണ് നിലനിൽക്കുന്നത്. ഒന്ന് മതവിശ്വാസികളുടേത്. അതനുസരിച്ച് പ്രപഞ്ചം സൃഷ്ടിയാണ്. ദൈവമാണതിന്റെ സ്രഷ്ടാവ്. രണ്ടാമത്തേത് പദാർഥ വാദികളുടെ വീക്ഷണമാണ്. പ്രപഞ്ചം അനാദിയാണെന്ന് അവരവകാശപ്പെടുന്നു. അഥവാ അതുണ്ടായതല്ല, ആദിയിലേ ഉള്ളതാണ്. അതിനാലതിന് ആദ്യവും അന്ത്യവുമില്ല.

ആയിരത്തി അഞ്ഞൂറോ രണ്ടായിരമോ കോടി കൊല്ലം മുമ്പ് പ്രപഞ്ചം അതീവസാന്ദ്രതയുള്ള ഒരു കൊച്ചു പദാർഥമായിരുന്നുവെന്ന് ഭൗതികവാദികൾ അവകാശപ്പെടുന്നു. അത് സാന്ദ്രതയുടെയും താപത്തിന്റെയും പാരമ്യതയിലെത്തിയപ്പോൾ പൊട്ടിത്തെറിച്ചു. ആ സ്ഫോടനം അനന്തമായ അസംഖ്യം പൊട്ടിത്തെറികളുടെ ശൃംഖലയായി. സംഖ്യകൾക്ക് അതീതമായ അവസ്ഥയിൽ ആദിപദാർഥത്തിന്റെ താപവും സാന്ദ്രതയും എത്തിയപ്പോഴാണ് അത് പൊട്ടിത്തെറിച്ചത്. ആ പൊട്ടിത്തെറിയുടെ ശബ്ദവും അളക്കാനാവാത്തതത്രെ. വൻ വിസ്ഫോടനത്തിന്റെ അതേ നിമിഷത്തിൽ മുവ്വായിരം കോടി ഡിഗ്രി താപമുള്ള പ്രപഞ്ചം ഉണ്ടായി. പൊട്ടിത്തെറിയുടെ ഫലമായി വികാസമുണ്ടായി. വികാസം കാരണമായി താപനില കുറയുവാൻ തുടങ്ങി. സ്ഫോടനം കഴിഞ്ഞ് നാല് നിമിഷം പിന്നിട്ടപ്പോൾ ന്യൂട്രോണുകളും പ്രോട്ടോണുകളും കൂടിച്ചേർന്നു. ആ സംഗമമാണ് നക്ഷത്രങ്ങൾ തൊട്ട് മനുഷ്യൻ വരെയുള്ള എല്ലാറ്റിന്റെയും ജന്മത്തിന് നാന്ദി കുറിച്ചത്.

പ്രപഞ്ചോൽപത്തിയെ സംബന്ധിച്ച ഭൗതികവാദികളുടെ ഈ സങ്കൽപം ഉത്തരംകിട്ടാത്ത നിരവധി ചോദ്യങ്ങളുയർത്തുന്നു. ആദിപദാർഥം എന്നാണ് താപത്തിലും സാന്ദ്രതയിലും പാരമ്യതയിലെത്തിയത്? എന്തു

കൊണ്ട് അതിനു മുമ്പായില്ല, അല്ലെങ്കിൽ ശേഷമായില്ല? അനാദിയിൽ തന്നെ താപത്തിലും സാന്ദ്രതയിലും പാരമ്യതയിലായിരുന്നെങ്കിൽ എന്തു കൊണ്ട് അനാദിയിൽ തന്നെ സ്ഫോടനം സംഭവിച്ചില്ല? അനാദിയിൽ താപവും സാന്ദ്രതയും പാരമ്യതയിലായിരുന്നില്ലെങ്കിൽ പിന്നെ എങ്ങനെ അവ പാരമ്യതയിലെത്തി? പുറത്തുനിന്നുള്ള ഇടപെടലുകൾ കാരണ മാണോ? എങ്കിൽ എന്താണ് ആ ഇടപെടൽ? അല്ലെങ്കിൽ അനാദിയിലി ല്ലാത്ത സാന്ദ്രതയും താപവും ആദിപദാർഥത്തിൽ പിന്നെ എങ്ങനെയു ണ്ടായി? എന്നാണ് ആദ്യത്തെ പൊട്ടിത്തെറിയുണ്ടായത്? എന്തുകൊണ്ട് അതിനു മുമ്പായില്ല? എന്തുകൊണ്ട് ശേഷമായില്ല? ഒന്നായിരുന്ന സൂര്യനും ഭൂമിയും രണ്ടായത് എന്ന്? എന്തുകൊണ്ട് അതിനു മുമ്പോ ശേഷമോ ആയില്ല? ഇത്തരം നിരവധി ചോദ്യങ്ങൾക്ക് ഇന്നോളം ഭൗതികവാദികൾ മറുപടി നൽകിയിട്ടില്ല. നൽകാനൊട്ടു സാധ്യവുമല്ല.

ഈ പ്രപഞ്ചം വളരെ വ്യവസ്ഥാപിതവും ക്രമാനുസൃതവുമാണെന്ന് ഏവരും അംഗീകരിക്കുന്നു. ലോകഘടനയിലെങ്ങും തികഞ്ഞ താളൈ ക്യവും കൃത്യതയും കണിശതയും പ്രകടമാണ്. വ്യക്തമായ യുക്തിയു ടെയും ഉയർന്ന ആസൂത്രണത്തിന്റെയും നിത്യ നിദർശനമാണീ പ്രപഞ്ചം. മനുഷ്യന്റെ അവസ്ഥ പരിശോധിച്ചാൽതന്നെ ഇക്കാര്യം ആർക്കും ബോധ്യ മാകും. നാം ജീവിക്കുന്ന ലോകത്ത് അറുനൂറു കോടിയോളം മനുഷ്യരുണ്ട്. എല്ലാവരും ശ്വസിക്കുന്ന വായു ഒന്നാണ്. കുടിക്കുന്ന വെള്ളവും ഒന്നു തന്നെ. കഴിക്കുന്ന ആഹാരത്തിലും പ്രകടമായ അന്തരമില്ല. എന്നിട്ടും അറു നൂറു കോടി മനുഷ്യർക്ക് അറുനൂറു കോടി മുഖം. നമ്മെപ്പോലുള്ള മറ്റൊ രാളെ ലോകത്തെവിടെയും കാണുക സാധ്യമല്ല. നമ്മുടെ തള്ളവിരൽ എത്ര ചെറിയ അവയവമാണ്. എന്നിട്ടും അറുനൂറു കോടി മനുഷ്യരിലൊരാൾക്കും നമ്മുടേതുപോലുള്ള ഒരു കൈവിരലില്ല. മരിച്ചുപോയ കോടാനുകോടി ക്കുമില്ല. ജനിക്കാനിരിക്കുന്ന കോടാനുകോടികൾക്ക് ഉണ്ടാവുകയുമില്ല. നമ്മുടെ ഓരോരുത്തരുടെയും തലയിൽ പതിനായിരക്കണക്കിന് മുടിയുണ്ട്. എന്നാൽ ലോകത്തിലെ അറുനൂറു കോടി തലയിലെ അസംഖ്യം കോടി മുടികളിലൊന്നു പോലും നമ്മുടെ മുടിപോലെയില്ല. അവസാനത്തെ ഡി.എൻ.എ. പരിശോധനയിൽ നമ്മുടേത് തിരിച്ചറിയുക തന്നെ ചെയ്യും. നമ്മുടെയൊക്കെ സിരകളിൽ ആയിരക്കണക്കിന് രക്തത്തുള്ളികൾ ഒഴു കിക്കൊണ്ടേയിരിക്കുന്നു. അറുനൂറു കോടിയുടെ സിരകളിലെ കോടാനു കോടി രക്തത്തുള്ളികളിൽ നിന്നും നമ്മുടേത് വ്യത്യസ്തമത്രെ. നമ്മുടെ ശരീരത്തിന്റെ ഗന്ധം പോലും മറ്റുള്ളവരുടേതിൽനിന്ന് ഭിന്നമത്രെ. ഇത്ര യേറെ അദ്ഭുതകരവും ആസൂത്രിതവും വ്യവസ്ഥാപിതവും കണിശവുമായ അവസ്ഥയിൽ നാമൊക്കെ ആയിത്തീർന്നത് കേവലം യാദൃഛികതയും പദാർഥത്തിന്റെ പരിണാമവും ചലനവും മൂലവുമാണെന്ന് പറയുന്നത് ഒട്ടും യുക്തിനിഷ്ഠമോ ബുദ്ധിപൂർവമോ അല്ല. അത് പരമാബദ്ധമാണെന്ന് അഹ ന്തയാൽ അന്ധത ബാധിക്കാത്തവരെല്ലാം അംഗീകരിക്കും. അറുനൂറു കോടി മനുഷ്യർക്ക് അത്രയും മുഖഭാവവും കൈവിരലുകളും ഗന്ധവും തലമു ടിയും രക്തത്തുള്ളികളും മറ്റും നൽകിയത് സർവശക്തനും സർവജ്ഞനും

യുക്തിമാനുമായ ശക്തിയാണെന്ന് അംഗീകരിക്കലും വിശ്വസിക്കലുമാണ് ബുദ്ധിപൂർവകം. ആ ശക്തിയത്രെ പ്രപഞ്ചസ്രഷ്ടാവായ ദൈവം.

പ്രപഞ്ചത്തിൽ പുതുതായൊന്നുമുണ്ടാവില്ലെന്ന് പദാർഥവാദികൾ പറയുന്നു. പുതുതായി വല്ലതും ഉണ്ടാവുകയാണെങ്കിൽ അതുണ്ടാക്കിയത് ആര് എന്ന ചോദ്യമുയരുമല്ലോ. എന്നാൽ ഇന്നുള്ള അറുനൂറോളം കോടി മനുഷ്യർക്ക് ബുദ്ധിയും ബോധവും അറിവും യുക്തിയുമുണ്ട്. ഈ ബുദ്ധിയും ബോധവും അറിവും യുക്തിയുമൊക്കെ എവിടെയായിരുന്നു? വിസ്ഫോടനത്തിനു മുമ്പുള്ള ആദിപദാർഥം ഇതൊക്കെയും ഉൾക്കൊണ്ടിരുന്നോ? എങ്കിൽ അനാദിയിൽ ആ പദാർഥത്തിന്റെ ബുദ്ധിയും ബോധവും അറിവും യുക്തിയും അതിരുകളില്ലാത്തത്ര ആയിരിക്കില്ലേ? അപ്പോൾ അചേതന പദാർഥം ഇത്രയേറെ സർവജ്ഞനും യുക്തിജ്ഞനുമാവുകയോ?

അതിനാൽ അറുനൂറു കോടി മനുഷ്യർക്ക് അറിവും ബോധവും ബുദ്ധിയും യുക്തിയും നൽകിയത് അതിരുകളില്ലാത്ത അറിവിന്റെയും ബോധത്തിന്റെയും യുക്തിയുടെയും ഉടമയായ സർവശക്തനായ ദൈവമാണെന്ന് വിശ്വസിക്കലും അംഗീകരിക്കലുമാണ് ന്യായവും ശരിയും. സത്യസന്ധവും വിവേകപൂർവകവുമായ സമീപനവും അതുതന്നെ.

അനാദിയായ ഒന്നുണ്ട്; ഉണ്ടായേ തീരൂവെന്ന് ഏവരും അംഗീകരിക്കുന്നു. അത് അചേതനമായ പദാർഥമാണെന്ന് ഭൗതികവാദികളും, സർവശക്തനും സർവജ്ഞനുമായ ദൈവമാണെന്ന് മതവിശ്വാസികളും പറയുന്നു. അനാദിയായ, അഥവാ തുടക്കമില്ലാത്ത ഒന്നിനെ സംബന്ധിച്ച്, അതിനെ ആരുണ്ടാക്കി; എങ്ങനെയുണ്ടായി തുടങ്ങിയ ചോദ്യങ്ങൾ ഒട്ടും പ്രസക്തമല്ലെന്നതും സുസമ്മതമാണ്. അനാദിയായ ആദിപദാർഥത്തെ ആരുണ്ടാക്കിയെന്ന ചോദ്യം അപ്രസക്തമാണെന്ന് പറയുന്നവർ തന്നെ അനാദിയായ ദൈവത്തെ ആരുണ്ടാക്കിയെന്ന് ചോദിക്കുന്നത് അർഥശൂന്യവും അബദ്ധപൂർണവുമത്രെ.

പദാർഥ നിഷ്ഠമായ ഒന്നും ഒരു നിർമാതാവില്ലാതെ ഉണ്ടാവുകയില്ല. അതിനാൽ പദാർഥനിർമിതമായ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് അനിവാര്യമാണ്. എന്നാൽ പദാർഥപരമായതിന്റെ നിയമവും അവസ്ഥയും പദാർഥാതീതമായതിനു ബാധകമല്ല. ദൈവം പദാർഥാതീതനാണ്. അതിനാൽ പദാർഥനിഷ്ഠമായ പ്രപഞ്ചത്തിന്റെ നിയമവും മാനദണ്ഡവും അടിസ്ഥാനമാക്കി പദാർഥാതീതനായ ദൈവത്തെ ആരു സൃഷ്ടിച്ചുവെന്ന ചോദ്യം തീർത്തും അപ്രസക്തമത്രെ.

അനാദിയായ, ആരംഭമില്ലാത്ത, എന്നെന്നും ഉള്ളതായ ഒന്നുണ്ടായേ തീരൂവെന്നത് അനിഷേധ്യവും സർവസമ്മതവുമാണ്. അതാണ് സർവശക്തനും പ്രപഞ്ചങ്ങളുടെയൊക്കെ സ്രഷ്ടാവും സംരക്ഷകനുമായ ദൈവം.

## മൂന്ന്

# ഇസ്‌ലാമും അഭൗതിക ജ്ഞാനവും

*"ലോകത്ത് ആർക്കും തന്റെ ഭാവിയെ സംബന്ധിച്ച് ഒന്നും അറിയുകയില്ലെന്ന് താങ്കൾ ആമുഖ ഭാഷണത്തിൽ പറഞ്ഞു. എന്നാൽ ജനനസമയത്തെ നക്ഷത്രഘടനയുടെ അടിസ്ഥാനത്തിൽ ജാതകഫലം പ്രവചിക്കാറുണ്ടല്ലോ. പ്രമുഖ ജ്യോതിഷിമാരുടെ പ്രവചനങ്ങൾ പലപ്പോഴും യാഥാർഥ്യമാവാറുണ്ട്. ഇതിനെക്കുറിച്ച് എന്തു പറയുന്നു?"*

നമ്മുടെ ജനനത്തീയതിയും രാവും രാശിയും നക്ഷത്രവുമൊക്കെ അറിയുകയാണെങ്കിൽ ഭാവിയിലെന്തു സംഭവിക്കുമെന്ന് മനസ്സിലാക്കാമെന്ന ധാരണ സമൂഹത്തിൽ വളരെ വ്യാപകമായി നിലനിൽക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ ദിനംപ്രതി പതിനായിരക്കണക്കിനും ലക്ഷക്കണക്കിനും പ്രതികൾ വിറ്റഴിക്കപ്പെടുന്ന പത്രങ്ങൾ പലതും 'ഈ ആഴ്ച നമുക്കെന്ത് സംഭവിക്കു' മെന്ന് പതിവായി നമ്മോട് പറഞ്ഞുതരാറുണ്ടല്ലോ. ഓരോ വാരാന്ത്യത്തിലും വരുംവാരത്തിൽ വന്നുഭവിച്ചേക്കാവുന്ന സംഭവങ്ങളെ സംബന്ധിച്ച വിവരം ലഭിക്കുകയാണെങ്കിൽ അത് അതിമഹത്തായ നേട്ടം തന്നെ. അനാവശ്യമായ ആശങ്കകളൊഴിവാക്കാനും പ്രാപിക്കാനാവാത്ത പ്രതീക്ഷകൾ വച്ചു പുലർത്താതിരിക്കാനും കരുതലോടെ കാര്യങ്ങൾ ചിട്ടപ്പെടുത്താനും കഴിയുമല്ലോ. എന്നാൽ നക്ഷത്രഫലത്തിന്റെ അടിസ്ഥാനത്തിൽ ഭാവി അറിയാനാർക്കും സാധ്യമല്ലെന്നതാണ് സത്യം. നമ്മുടെ രാജ്യത്തെ മുൻപ്രധാനമന്ത്രിയായ ഇന്ദിരാഗാന്ധിക്ക് ജനനത്തീയതിയും രാവും രാശിയും നക്ഷത്രവുമൊക്കെ അറിയാമായിരുന്നു. ജ്യോത്സ്യന്മാരെ സ്ഥിരമായി കാണാറുമുണ്ടായിരുന്നു. എന്നിട്ടും സ്വന്തം അംഗരക്ഷകന്റെ വെടിയേറ്റ് മരിക്കുമെന്ന് അവരെ ആരും അറിയിച്ചില്ലല്ലോ. രാജീവ്ഗാന്ധിയുടെ അവസ്ഥയും വ്യത്യസ്തമായിരുന്നില്ല. തമിഴ്നാട്ടിൽവച്ച് ബോംബ് സ്ഫോടനത്തിൽ മരണമടയുമെന്ന് പ്രവചിക്കാൻ ഒരാൾക്കും സാധിച്ചില്ല. ആരും അങ്ങനെയൊരു കാര്യം അദ്ദേഹത്തോടു പറഞ്ഞതുമില്ല. ലാത്തൂരിലെ പതിനായിരക്കണക്കിന് ആളുകൾക്ക് ജനനത്തീയതിയും മറ്റു വിശദാംശങ്ങളുമറിയാമായിരുന്നു. ജാതകം തയ്യാറാക്കുന്ന ജ്യോതിഷിമാർ പോലും അവരിലുണ്ടായിരുന്നു. എന്നിട്ടും ഭൂകമ്പത്തെപ്പറ്റി ആർക്കും മുന്നറിവുണ്ടായില്ല എന്നതാണല്ലോ വസ്തുത. ജാതകം നോക്കി ഭാവി മനസ്സിലാക്കാമായിരുന്നെ

ങ്കിൽ ഇങ്ങനെയൊന്നും സംഭവിക്കുമായിരുന്നില്ല.

പി.ജെ.എസ്. ഗിയാനി, പി.കെ. ചക്രവർത്തി, ജഗജിത് ഉപ്പൽ, രാമൻത ക്കാർ, മാലതി സിർസിക്കാർ തുടങ്ങിയ പ്രശസ്ത ജ്യോത്സ്യന്മാരുടെ പ്രമാ ദമായ പല പ്രവചനങ്ങളും പുലർന്നിട്ടില്ലെന്നതിന് അനുഭവം സാക്ഷിയാണ്. ഒമ്പതാം ലോക്സഭാ തെരഞ്ഞെടുപ്പിൽ രാജീവ്ഗാന്ധി അധികാരത്തിൽ വരുമെന്ന് ഉപ്പൽ പ്രവചിച്ചിരുന്നുവെങ്കിലും അത് പുലർന്നില്ല. ഗൾഫ് യുദ്ധ ത്തിന്റെ ഒരു ദിവസം മുമ്പ് അടുത്തൊന്നും അതുണ്ടാവില്ലെന്ന് പ്രവചിച്ച പ്രശസ്ത ജ്യോത്സ്യനാണ് ബജൻഭറുവാല. പക്ഷേ, പാളിപ്പോയ ഇത്തരം പ്രവചനങ്ങളെപ്പറ്റി പിന്നീട് പലരും വിസ്മരിക്കാറാണ് പതിവ്. അതേസ മയം, വല്ലപ്പോഴും ഒത്തുവരികയോ വ്യാഖ്യാനിച്ച് ഒപ്പിക്കുകയോ ചെയ്യുന്ന പ്രവചനങ്ങളെ സംബന്ധിച്ച് വ്യാപകമായ പ്രചാരണം നടത്തുകയും ചെയ്യുന്നു. ഭോപ്പാലിലെ വാതകദുരന്തത്തെക്കുറിച്ചോ ബംഗ്ലാദേശിലെ ലക്ഷ ങ്ങളുടെ മരണത്തിനിടയാക്കിയ കൊടുങ്കാറ്റിനെ സംബന്ധിച്ചോ ദുരന്തം വാരിവിതറിയ ഇറാനിലെ ഭൂകമ്പത്തെപ്പറ്റിയോ മുന്നറിവ് നൽകാൻ ഒരു ജ്യോത്സ്യന്നും നക്ഷത്രഫലക്കാരന്നും കണക്കുനോട്ടക്കാരന്നും പ്രവചന ക്കാരന്നും സാധിച്ചിട്ടില്ലെന്നതാണ് സത്യം.

അജ്ഞത, അന്ധവിശ്വാസം, ഭാവി അറിയാനുള്ള അദമ്യമായ അഭി വാഞ്ഛ ഇതൊക്കെ ഒത്തുചേരുമ്പോൾ ആളുകൾ ഭാവി പറഞ്ഞുതരുന്ന വരെ പ്രതീക്ഷാപൂർവം സമീപിക്കുന്നു. വിദ്യാസമ്പന്നരും ബുദ്ധിജീവികളും ശാസ്ത്രജ്ഞരും സാംസ്കാരിക നായകന്മാരും ഭരണാധികാരികളുമൊന്നും ഇതിൽനിന്നൊഴിവല്ല. അതിനാലവർ ചിലരിൽ അഭൗതികമായ അറിവു കൾ ആരോപിക്കുന്നു. ദിവ്യമായ കഴിവുകൾ കണ്ടെത്തുന്നു. ഭാവി പ്രവ ചിക്കാൻ പ്രാപ്തരെന്ന് അവരെ പരിചയപ്പെടുത്തുന്നു. എന്നാൽ പ്രപഞ്ച സ്രഷ്ടാവായ ദൈവത്തിനല്ലാതെ ആർക്കും അഭൗതിക കാര്യങ്ങളറിയുക യില്ല. ഭാവിയിൽ എന്തുനടക്കുമെന്ന് കണ്ടെത്താനാവില്ല. ഇസ്ലാം ഇക്കാ ര്യം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. അകലത്തുള്ള അത്തിവൃക്ഷ ത്തിൽ പഴമില്ലെന്ന് മനസ്സിലാക്കാൻ സാധിക്കാതിരുന്നതിനാൽ യേശു ശിഷ്യരെ അതിന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. തന്റെ പ്രിയപത്നി ആഇശക്കെതിരെ അപവാദാരോപണമുണ്ടായപ്പോൾ അത് അപ്പാടെ കള്ള മാണെന്ന് കണ്ടെത്താൻ മുഹമ്മദ് നബിതിരുമേനിക്ക് കഴിഞ്ഞില്ല. പിന്നീട്, ദിവ്യവെളിപാടുകളുണ്ടായപ്പോഴാണ് വസ്തുത വ്യക്തമായത്. ശ്രീരാമൻ, കാട്ടിൽ വച്ച് ജനിച്ചുവളർന്ന സ്വന്തം സന്താനങ്ങളായ ലവകുശന്മാർ തന്റെ മുമ്പിൽ വന്ന് രാമചരിതം ചൊല്ലിയപ്പോൾ അവരെ തിരിച്ചറിഞ്ഞില്ല. പ്രിയ പത്നി ലങ്കയിലായിരിക്കെ അദ്ദേഹത്തിന് അമാനുഷിക മാർഗത്തിലൂടെ അവരെ കണ്ടെത്താൻ കഴിഞ്ഞില്ല. പ്രവാചകന്മാർക്കും പുണ്യപുരുഷ ന്മാർക്കുമൊന്നുംതന്നെ അഭൗതിക കാര്യങ്ങളറിയില്ലെന്നും ഭാവിയിലെന്തു സംഭവിക്കുമെന്ന് മുൻകൂട്ടി കണ്ടെത്താനാവില്ലെന്നും ഈ വസ്തുതകൾ സംശയാതീതമായി വ്യക്തമാക്കുന്നു.

കാര്യകാരണ ബന്ധങ്ങൾക്കതീതമായി അഭൗതിക കാര്യങ്ങൾ ദൈവ ത്തിനല്ലാതെ മറ്റാർക്കും അറിയില്ലെന്നത് ഇസ്ലാമിലെ ഈശ്വരവിശ്വാസ

ത്തിന്റെ അടിസ്ഥാനമത്രെ. ഖുർആൻ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്:

"പറയുക: അല്ലാഹു അല്ലാതെ ആകാശഭൂമികളിലാരുംതന്നെ അഭൗതിക കാര്യങ്ങളറിയുന്നില്ല."(27: 65)

"നബിയേ, പറയുക: എന്റെ വശം ദൈവത്തിന്റെ ഖജനാവുകളുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. ഞാൻ അഭൗതിക കാര്യങ്ങൾ അറിയുന്നുമില്ല."(6: 50)

നമ്മുടെ കാലത്തും ലോകത്തുമെന്നപോലെ അഭൗതിക മാർഗേണ പുണ്യവാളന്മാർക്ക് ദിവ്യജ്ഞാനമുണ്ടെന്ന മൂഢധാരണ ചരിത്രത്തിൽ പലപ്പോഴും നിലനിന്നിരുന്നു. അതുകൊണ്ടുതന്നെ എല്ലാ ദൈവദൂതന്മാരും ആ ധാരണ തിരുത്താനും അത്തരം അന്ധവിശ്വാസങ്ങൾക്ക് അറുതിവരുത്താനും ശ്രമിച്ചിരുന്നു. അതിനാൽ ദൈവദൂതനായ താനുൾപ്പെടെ ആർക്കും അഭൗതികജ്ഞാനമില്ലെന്ന് അവരെല്ലാം ഊന്നിപ്പറഞ്ഞിരുന്നു. ദൈവദൂതനായ നൂഹ് തന്റെ ജനതയോട് പറഞ്ഞു: "അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ കൈവശമുണ്ടെന്ന് ഞാൻ നിങ്ങളോടവകാശപ്പെടുന്നില്ല. എനിക്ക് അഭൗതികജ്ഞാനമുണ്ടെന്നും ഞാൻ പറയുന്നില്ല."(11: 31)

അതിനാൽ കാര്യകാരണ ബന്ധങ്ങൾക്കതീതമായ അഭൗതികജ്ഞാനം ദൈവദൂതന്മാർക്കോ പുണ്യപുരുഷന്മാർക്കോ ഭഗവാന്മാരെന്നവകാശപ്പെടുന്നവർക്കോ ജ്യോത്സ്യന്മാർക്കോ കണക്കുനോട്ടക്കാർക്കോ മറ്റാർക്കെങ്കിലുമോ ഇല്ല. ഉണ്ടെന്ന് അവകാശപ്പെടുന്നത് തീർത്തും വ്യാജമാണ്. നക്ഷത്രഫലവും ജ്യോത്സ്യപ്രവചനവുമെല്ലാം തെറ്റും തികഞ്ഞ അന്ധവിശ്വാസവുമത്രെ.

നക്ഷത്രഫലം വ്യാജവും കൊടിയ തട്ടിപ്പുമാണെന്ന് സ്വാമി ദയാനന്ദ സരസ്വതി അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ചോദ്യോത്തര രൂപത്തിൽ ഇക്കാര്യം ഇങ്ങനെ അവതരിപ്പിക്കുന്നു:

പ്രശ്നം: രാജാക്കന്മാരും പ്രജകളും അടങ്ങിയ ഈ ലോകത്തിൽ ചിലർ സുഖമുള്ളവരായും ചിലർ ദുഃഖമനുഭവിക്കുന്നതായും കാണപ്പെടുന്നു. അതെല്ലാം ഗ്രഹസ്ഥിതിയുടെ ഫലമല്ലേ?

ഉത്തരം: അതെല്ലാം പുണ്യപാപങ്ങളുടെ ഫലമാണ്.

പ്രശ്നം: ജ്യോതിശ്ശാസ്ത്രം കേവലം കളവാണോ?

ഉത്തരം: അല്ല. ആ ശാസ്ത്രത്തിലന്തർഭവിച്ച അങ്കഗണിതം, രേഖാഗണിതം, ബീജഗണിതം മുതലായ ഗണിതഭാഗങ്ങളെല്ലാം ശരിയായിട്ടുള്ളതാണ്. ഫലഭാഗം മുഴുവൻ ശുദ്ധവ്യാജമാണ്.

പ്രശ്നം: ജന്മപത്രം (ജാതകം) തീരെ നിഷ്ഫലമായിട്ടുള്ളതാണോ?

ഉത്തരം: അതെ, അതിനു ജന്മപത്രമെന്നല്ല, ശോകപത്രം എന്നാണ് പേര് പറയേണ്ടത്. എന്തെന്നാൽ സന്താനം ഉണ്ടാകുമ്പോൾ സകല ജനങ്ങൾക്കും ആനന്ദം ഉണ്ടാകാറുണ്ട്. എന്നാൽ ആ ആനന്ദം സന്താനത്തിന്റെ ജാതകം എഴുതി ഗ്രഹങ്ങളുടെ ഫലം പറഞ്ഞു കേൾക്കുന്നതുവരെ മാത്രമേ നിലനിൽക്കുന്നുള്ളൂ. ജാതകം എഴുതിക്കേണ്ടതാണെന്ന് ജ്യോത്സ്യൻ പറയുമ്പോൾ കുട്ടിയുടെ അച്ഛനമ്മമാർ ജ്യോത്സ്യനോട് "വളരെ വിശേഷപ്പെട്ട ജാതകമായിരിക്കണം എഴുതുന്നത്" എന്നു പറയുന്നു. പറഞ്ഞേൽപി

ച്ചത് ധനികനാണെങ്കിൽ ചുകന്ന നിറത്തിലും മഞ്ഞനിറത്തിലുമുള്ള വരകൾ കൊണ്ടും ചിത്രങ്ങൾകൊണ്ടും മോടിപിടിപ്പിച്ചും ദരിദ്രനാണെങ്കിൽ സാധാരണ സമ്പ്രദായത്തിലും ഒരു ജാതകം എഴുതിയുണ്ടാക്കി ജ്യോത്സ്യൻ അത് വായിച്ചു കേൾപ്പിക്കാൻ വരുന്നു. അപ്പോൾ കുട്ടിയുടെ മാതാപിതാക്കന്മാർ ജ്യോത്സ്യനു മുമ്പിലിരുന്നു ചോദിക്കുന്നു: "ഇവന്റെ ജാതകം നല്ലതുതന്നെയല്ലേ?" ജ്യോത്സ്യൻ പറയുന്നു: "ഉള്ളതു മുഴുവൻ പറഞ്ഞു കേൾപ്പിച്ചേക്കാം. ഇവന്റെ ജന്മഗ്രഹങ്ങളും മിത്രഗ്രഹങ്ങളും ശുഭങ്ങളാകുന്നു. അതിന്റെ ഫലമായി ഇവൻ വലിയ ധനികനും കീർത്തിമാനും ആയിത്തീരും. ഏതു സഭയിൽ കടന്നിരുന്നാലും ഇവന്റെ തേജസ്സ് മറ്റുള്ളവരുടേതിനേക്കാൾ മികച്ചുനിൽക്കും. ശരീരത്തിനു നല്ല ആരോഗ്യമുള്ളവനും രാജാക്കന്മാരാൽ കൂടി ബഹുമാനിക്കപ്പെടുന്നവനും ആയിത്തീരും." ഈ മാതിരി വാക്കുകൾ കേട്ട് കുട്ടിയുടെ അച്ഛനമ്മമാർ പറയും: "നല്ലത്. നല്ലതു ജ്യോത്സ്യരേ; അങ്ങ് വളരെ നല്ല ഒരാളാണ്." എന്നാൽ ഇതുകൊണ്ടൊന്നും തന്റെ കാര്യം സാധിക്കുകയില്ലെന്ന് ജ്യോത്സ്യന്നറിയാം. അതുകൊണ്ട് ജ്യോത്സ്യൻ പിന്നെയും പറയുന്നു: "ഈ പറഞ്ഞ ഗ്രഹങ്ങളെല്ലാം വളരെ ശോഭനങ്ങൾ തന്നെയാണ്. എന്നാൽ ഈ ശുഭഗ്രഹങ്ങൾ വേറെ ചില ക്രൂരഗ്രഹങ്ങളോടു കൂടിച്ചേർന്നാണിരിക്കുന്നത്. അതുനിമിത്തം ഈ കുട്ടിക്ക് എട്ടാമത്തെ വയസ്സിൽ മൃത്യുയോഗം ഉണ്ട്." ഇതു കേൾക്കുമ്പോഴേക്കും മാതാപിതാക്കൾ പുത്രജനനംകൊണ്ടുണ്ടായ ആനന്ദമെല്ലാം പരിത്യജിച്ച് സന്താപസമുദ്രത്തിൽ മുങ്ങി ജ്യോത്സ്യനോട് പറയുന്നു: "ജ്യോത്സ്യരേ, ഇനി ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?" ജ്യോത്സ്യൻ പറയുന്നു: "അതിനു വല്ല പരിഹാരവും ചെയ്യണം." പരിഹാരം എന്താണെന്ന് ഗൃഹസ്ഥൻ ചോദിക്കുമ്പോൾ ജ്യോത്സ്യൻ വീണ്ടും പറഞ്ഞു തുടങ്ങുന്നു: "ദാനങ്ങൾ കൊടുക്കണം. ഗ്രഹശാന്തിക്കുള്ള മന്ത്രങ്ങൾ ജപിക്കണം. ദിവസം തോറും ബ്രാഹ്മണരെ കാൽകഴുകിച്ച് ഊട്ടണം. ഇങ്ങനെയെല്ലാം ചെയ്യുന്നതായാൽ ഗ്രഹപ്പിഴകളെല്ലാം തീരുമെന്നാണ് അനുമാനിക്കേണ്ടത്." ജ്യോത്സ്യൻ ഇവിടെ അനുമാനശബ്ദം പ്രയോഗിക്കുന്നത് വളരെ മുൻകരുതലോടുകൂടിയാണ്. ഒരുപക്ഷേ, കുട്ടി മരിച്ചുപോകുന്നതായാൽ അയാൾ പറയും: "ഞങ്ങൾ എന്തു ചെയ്യും? പരമേശ്വരനു മേലെ ആരും ഇല്ല. ഞങ്ങൾ വളരെ പ്രയത്നം ചെയ്തുനോക്കി. നിങ്ങൾ പലതും ചെയ്യിച്ചു. പക്ഷേ, അവന്റെ കർമഫലം അങ്ങനെയാണ്." കുട്ടി ജീവിക്കുകയാണ് ചെയ്തതെങ്കിൽ അപ്പോഴും അയാൾക്ക് ഇങ്ങനെ പറയാം: " നോക്കുക, ഞങ്ങളുടെ മന്ത്രങ്ങളുടെയും ഞങ്ങൾ ഉപാസിക്കുന്ന ദേവതമാരുടെയും ബ്രാഹ്മണരുടെയും ശക്തി എത്ര വലുതാണ്. നിങ്ങളുടെ കുട്ടിയെ രക്ഷിച്ചുതന്നില്ലേ?" വാസ്തവത്തിൽ ജപം കൊണ്ടു ഫലമൊന്നുമുണ്ടായില്ലെങ്കിൽ ആ ധൂർത്തന്മാരുടെ കൈയിൽനിന്ന് അവർക്ക് കൊടുത്തതിന്റെ രണ്ടോ മൂന്നോ ഇരട്ടി പണം മടക്കിവാങ്ങേണ്ടതാണ്. കുട്ടി ജീവിച്ചിരിക്കുന്നതായാലും അങ്ങനെ മടക്കിമേടിക്കുക തന്നെയാണ് വേണ്ടത്. എന്തെന്നാൽ, 'അത് അവന്റെ കർമഫലമാണ്. ഈശ്വരന്റെ നിയമത്തെ ലംഘിക്കുവാൻ ആർക്കും ശക്തിയില്ല' എന്നു ജ്യോതിഷി പറയുന്നപോലെ

അവന്റെ കർമഫലവും ഈശ്വരന്റെ നിയമവുമാണ് അവനെ രക്ഷിച്ചത്; നിങ്ങളുടെ പ്രവൃത്തിയല്ല എന്ന് ഗൃഹസ്ഥന് അയാളോടും പറയാവുന്ന താണല്ലോ. ദാനങ്ങളും മറ്റു പുണ്യകർമങ്ങളും അനുഷ്ഠിപ്പിച്ചു പ്രതിഗ്ര ഹം വാങ്ങിയിട്ടുള്ള ഗുരു മുതലായവരോടും ജ്യോത്സ്യനോട് പറഞ്ഞതു പോലെ തന്നെ പറയേണ്ടതാണ്.(സത്യാർഥപ്രകാശം, ആര്യപ്രാദേശിക പ്രതിനിധി സഭ, പഞ്ചാബ്. പുറം: 45-47)

ജ്യോതിഷത്തിന്റെ നിരർഥകത വ്യക്തമാക്കാനായി സ്വാമി വിവേകാ നന്ദൻ ഒരു കഥ ഉദ്ധരിക്കുന്നു: “ഒരു ജ്യോതിഷി ഒരു രാജാവിന്റെ അടു ക്കൽ ചെന്ന് അദ്ദേഹം ആറു മാസത്തിനുള്ളിൽ മരിക്കുമെന്ന് പ്രവചിച്ചു. അതുകേട്ടു ഭയന്ന രാജാവ് അപ്പോൾതന്നെ മരിക്കുമെന്ന നിലയിലായി. അപ്പോൾ മന്ത്രി അവിടെയെത്തി ‘ജ്യോതിഷികൾ പൊതുവെ വിഡ്ഢിക ളാണെന്നും അവർ പറയുന്നത് വിശ്വസിക്കേണ്ടതില്ലെ’ന്നും പറഞ്ഞ് രാജാ വിനെ ആശ്വസിപ്പിക്കാൻ നോക്കിയെങ്കിലും ഫലിച്ചില്ല. അപ്പോൾ മന്ത്രി ജ്യോതിഷിയോട് ‘രാജാവിന്റെ മരണം പ്രവചിച്ചത് ശരി തന്നെയോ’ എന്ന് ഒന്നുകൂടി ചോദിച്ചു. വീണ്ടും ഗണിച്ചതിന് ശേഷം ജ്യോതിഷി തന്റെ പ്രവ ചനത്തിലുറച്ചുനിന്നു. ഉടനെ മന്ത്രി ജ്യോതിഷിയോട് ‘നിങ്ങൾ എപ്പോ ഴാണ് മരിക്കുക’യെന്ന് ചോദിച്ചു. ‘പന്ത്രണ്ടുകൊല്ലം കഴിഞ്ഞാൽ’ എന്ന് മറുപടി. അതുകേട്ടയുടനെ മന്ത്രി വാളെടുത്തു വീശി ആ ജ്യോതിഷിയെ വെട്ടിക്കൊന്നു. എന്നിട്ട് രാജാവിനോടു പറഞ്ഞു: ‘അങ്ങേക്കിപ്പോൾ ബോധ്യ മായല്ലോ, അവൻ കള്ളനാണെന്ന്. ഈ നിമിഷം തന്നെ അവൻ ചത്തു വല്ലോ.”(വിവേകാനന്ദ സാഹിത്യസർവസ്വം, വാ. 4, പുറം 87)

സ്വാമി വിവേകാനന്ദൻ തന്നെ എഴുതുന്നു: “വിധിയെപ്പറ്റി പുലമ്പിക്കൊ ണ്ടിരിക്കുന്നത് പ്രായം കൂടിവരുന്നവരാണ്. യുവജനങ്ങൾ പ്രായേണ ജ്യോതിഷത്തെ ആശ്രയിക്കാറില്ല. ഗ്രഹങ്ങൾ നമ്മുടെ മേൽ പ്രാഭവം പ്രയോഗിക്കുന്നുണ്ടാവാം. എന്നാൽ നാം അതിനത്ര പ്രാധാന്യം കൽപി ക്കാൻ പാടില്ല.... ജ്യോതിർഗണങ്ങൾ വന്നുകൊള്ളട്ടെ; അതുകൊണ്ടെന്തു ദോഷം? ഒരു നക്ഷത്രത്തിന് താറുമാറാക്കാവുന്നതാണ് എന്റെ ജീവിതമെ ങ്കിൽ അതൊരു കാശിനു വിലപിടിപ്പുള്ളതല്ല. ജ്യോതിഷവും അതുപോ ലുള്ള ഗൂഢവിദ്യകളും പ്രായേണ ദുർബലമനസ്സിന്റെ ചിഹ്നങ്ങളാണെന്ന് നിങ്ങൾക്കറിയാനാകും. അതിനാലവ നമ്മുടെ മനസ്സിൽ സ്ഥാനം പിടിക്കാൻ തുടങ്ങിയാൽ ഉടൻ നാം ഒരു വൈദ്യനെ കാണുകയും നല്ല ആഹാരം കഴിക്കുകയും വിശ്രമിക്കുകയും ചെയ്യേണ്ടതാണ്”(അതേ പുസ്തകം, പുറം 86).

ഏകദൈവത്തിനല്ലാതെ മറ്റാർക്കും അഭൗതികകാര്യങ്ങളറിയുകയില്ലെ ന്നത് കലർപ്പില്ലാത്ത ദൈവവിശ്വാസത്തിന്റെ അവിഭാജ്യഘടകമത്രെ. ഇസ്ലാം അക്കാര്യം ഊന്നിപ്പറയാനുള്ള കാരണവും അതുതന്നെ.

## നാല്

# ദൈവാവതാരം സത്യമോ മിഥ്യയോ?

*“അവതാരസങ്കൽപത്തെ ഇസ്‌ലാം അംഗീകരിക്കുന്നില്ലെന്ന് താങ്കൾ പറഞ്ഞുവല്ലോ. ദൈവം വിവിധ രൂപേണ അവതരിക്കുമെന്ന വിശ്വാസം ഇസ്‌ലാമിന് വിരുദ്ധമാണോ?”*

ഇസ്‌ലാമിക വീക്ഷണത്തിൽ ദൈവം ഏകനാണ്, അനാദിയാണ്, അനന്തനാണ്, അദൃശ്യനാണ്, അരൂപിയാണ്, അതുല്യനാണ്, അസദൃശനാണ്, അവിഭാജ്യനാണ്, ജനിമൃതികൾക്കതീതനാണ്. എന്നാൽ ദൈവാവതാരമെന്ന് അവകാശപ്പെടുന്നവയ്ക്കെല്ലാം ജനനമുണ്ട്, മരണമുണ്ട്, രൂപമുണ്ട്, സ്ഥലകാലവുമായി ബന്ധമുണ്ട്, പരിധികളും പരിമിതികളുമുണ്ട്. ദൈവം ഇതിനെല്ലാം അതീതനത്രെ. അതിനാൽ ഇസ്‌ലാം അവതാര സങ്കൽപത്തെ അനുകൂലിക്കുന്നില്ലെന്നു മാത്രമല്ല, ശക്തമായെതിർക്കുകയും ചെയ്യുന്നു.

എന്നാൽ ഇസ്‌ലാം മാത്രമല്ല അതിനെ എതിർക്കുന്നത്. ഹൈന്ദവവേദദർശനവും അവതാരസങ്കൽപത്തിനെതിരാണ്. അത് ഹിന്ദുമത വിശ്വാസത്തിന്റെ ഭാഗമേയല്ല, പിൽക്കാലത്ത് കൂട്ടിച്ചേർക്കപ്പെട്ടതാണ്.

ദൈവം മനുഷ്യശരീര രൂപമണിയുന്നവനാണെന്ന വിശ്വാസത്തെ ഭഗവത്ഗീത ശക്തമായെതിർക്കുന്നു:

“അവജാനന്തി മാം മൂഢാഃ മാനുഷീം തനുമാശ്രിതം
പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം.
മോഘാശാ മോഘകർമാണോ മോഘജ്ഞാനാ വിചേതസഃ
രാക്ഷസീമാസുരീം ചൈവ പ്രകൃതിം മോഹിനീം ശ്രിതാഃ”

(ഭൂതങ്ങളുടെ മഹേശ്വരനെന്ന പരമമായ എന്റെ ഭാവത്തെ അറിയാത്ത മൂഢന്മാർ എന്നെ മാനുഷികമായ ശരീരത്തെ ആശ്രയിച്ചവനായി നിന്ദിക്കുന്നു. അങ്ങനെ എന്നെ ധരിക്കുന്നവരുടെ ആശകളും അവർ ചെയ്യുന്ന കർമങ്ങളും അവർക്കുള്ള ജ്ഞാനവും നിഷ്ഫലങ്ങളാണ്. അവർ അവിവേകികളും മനസ്സിനെ മോഹിപ്പിക്കുന്ന രാക്ഷസപ്രകൃതിയെയും അസുരപ്രകൃതിയെയും ആശ്രയിച്ചുള്ളവരാകുന്നു.) (അധ്യായം 9, രാജവിദ്യാരാജ ഗുഹ്യയോഗം, ശ്ലോകം: 11, 12)

നമ്മുടെ രാജ്യത്ത് ദൈവാവതാരങ്ങളായി ഗണിച്ച് ആരാധിക്കപ്പെടുന്ന

ബ്രഹ്മാവ്, വിഷ്ണു, ശിവൻ, ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നിവരെക്കുറിച്ച് പ്രമുഖ വേദപണ്ഡിതനായ വാഗ്ഭടാനന്ദ ഗുരു എഴുതുന്നു:

"സൃഷ്ടിസ്ഥിത്യന്തകരണീം ബ്രഹ്മവിഷ്ണു ശിവാത്മികാം

സ സംജ്ഞാം യാതി ഭഗവാനേക ഏവ മഹേശ്വരഃ (വിഷ്ണുപുരാണം 1- 2- 66).

അർഥം: സൃഷ്ടി സ്ഥിതി സംഹാരങ്ങൾ നടത്തുന്നതുകൊണ്ട് ഏകനായ ഈശ്വരനെ ബ്രഹ്മാവെന്നും വിഷ്ണുവെന്നും ശിവൻ എന്നും വിളിക്കുന്നു. ഇതുകൊണ്ട് പൗരാണികന്മാരുടെ ഇടയിലും ഏകദൈവവിശ്വാസമാണുള്ളതെന്ന് അനായാസേന ഗ്രഹിക്കാവുന്നതാണ്.

'സത്യം അങ്ങനെയാണെങ്കിലും പൗരാണികന്മാർ തുടങ്ങി ഇതുവരെയുള്ള ബഹുജനങ്ങൾ ബ്രഹ്മാദികളെ വെവ്വേറെ ഈശ്വരന്മാരായി വിശ്വസിച്ചുവരുന്നുണ്ടല്ലോ! ഇതിനു പരമാണുഗ്രായമായിട്ടെങ്കിലും വല്ല കാരണവും ഉണ്ടോ, ഉണ്ടെങ്കിൽ അത് എന്തായിരിക്കും എന്നു ചോദിക്കുന്നു. എങ്കിൽ ഞാൻ കുറഞ്ഞൊരു സമാധാനം പറയാം. പണ്ട് ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നും മറ്റും ചില മനുഷ്യർ ഉണ്ടായിരുന്നു. അവരെല്ലാം മതവാദികളും ബുദ്ധമതപ്രചാരണത്തോടുകൂടി ഉടഞ്ഞുതകർന്നുപോയ പൗരോഹിത്യ പ്രഭാവക്കോട്ടയുടെ പുനരുദ്ധാരണത്തിന്നായി കൈയുയർത്തി ചാടിപ്പുറപ്പെട്ട വീരവീരന്മാരും ആയിരുന്നു. ഇവരുടെ ഇടയിൽ ബ്രഹ്മാവ് കുറെ നല്ല മനസ്ഥിതിയുള്ള ഒരാളായിരുന്നു എന്നു വിശ്വസിക്കാം. അദ്ദേഹം തന്റെ മതം പ്രചരിപ്പിക്കുന്നതിന് ആയുധം ഉപയോഗിച്ചിരുന്നില്ല. അതായിരുന്നു അദ്ദേഹത്തിനുള്ള വൈശിഷ്ട്യം. വിഷ്ണുവും ശിവനും തങ്ങളുടെ മതപ്രചാരണത്തിന്നായി കരവാൾ, ഗദ, ശൂലം മുതലായവ നിഷ്കരുണം ഉപയോഗിച്ചു. അതിന്റെ ഫലമായിട്ട് അവരുടെ മതം ഇന്ത്യയിൽ പ്രബലപ്പെട്ടു. വിഷ്ണു, വികുണ്ഠ എന്ന സ്ത്രീയുടെ മകനും വൈകുണ്ഠനെന്ന് പ്രസിദ്ധനുമാകുന്നു. അദ്ദേഹം ആര്യവർഗത്തിൽ പെട്ട ഒരുവനായിരുന്നു എന്നു വിശ്വസിക്കുന്നതിന് വിരോധമില്ല. ഭിക്ഷാശിയായി സഞ്ചരിച്ചതുകൊണ്ടും സർപ്പവശീകരണത്തിൽ സാരസ്യം കാട്ടിയിരുന്നതുകൊണ്ടും 'നങ്ങ' എന്ന കുറവസ്ത്രീയുടെ പിതാവായിരുന്നതുകൊണ്ടും മദ്യപാനത്തിൽ ആസക്തനായിരുന്നു എന്നറിയപ്പെട്ടതുകൊണ്ടും മറ്റും 'ശിവൻ' ഒരു കുറവനായിരുന്നു എന്നൂഹിക്കാൻ വഴിയുണ്ട്. ഏതായാലും ശിവന്റെ നൈവേദ്യത്തെ ഇന്നും ബ്രാഹ്മണജാതിക്കാർ ഭക്ഷിക്കാത്തതുകൊണ്ട് അദ്ദേഹം താഴ്ത്തപ്പെട്ട ഒരു ജാതിയിൽ ഉൾപ്പെട്ട ആളായിരിക്കണമെന്നത് തീർച്ച തന്നെ. 'ബ്രഹ്മാവിന്റെ കഴുത്തറുത്ത പാതകം നിമിത്തമാണ് ബ്രാഹ്മണ ജാതിക്കാർ ശിവനൈവേദ്യം ഭക്ഷിക്കാത്തത്' എന്നു പറയുന്നതു സ്വീകാര്യമല്ല. അങ്ങനെയാണെങ്കിൽ അനേകായിരം ജനങ്ങളുടെ ഗളനാളം മുറിച്ച് ജനാർദനൻ എന്ന പേർ സമ്പാദിച്ചതിന് പുറമെ മാതൃഹത്യാ മഹാപാതകവും കൂടി ചെയ്ത വിഷ്ണുവിന്റെ നൈവേദ്യം മേൽജാതിക്കാർ ആഹരിക്കുന്നതെങ്ങനെ? ഈ വിഷ്ണുവും ശിവനും പരമദ്രോഹികളായിരുന്നു എന്നതിനുപുറമെ അന്യോന്യമത്സരികളുമായിരുന്നു. ശിവൻ ബ്രഹ്മമതത്തെ നിഷ്പ്രയാസം ഉടച്ചിരുന്നു. ബ്രഹ്മാവിന്റെ ശിരസ്സ

റ്റുപോയി എന്ന ഐതിഹ്യത്തിന്റെ മൂലം അതാണ്. ബ്രഹ്മമതം തകർന്നു പോകയാൽ ബ്രഹ്മാവിനെ കുടിവെപ്പാനും ആരാധിപ്പാനും അധികം പേരുണ്ടായിരുന്നില്ല. തന്മൂലം അദ്ദേഹം അനാരാധ്യകോടിയിൽ ഗണിക്കപ്പെട്ടു. വൈഷ്ണവന്മാരും ശൈവന്മാരും കൂടുതൽ ഉണ്ടാകയാൽ വിഷ്ണുവിന്റെയും ശിവന്റെയും മരണശേഷം അവരെ സാദരം കുടിവയ്ക്കുന്നതിനും ആരാധിക്കുന്നതിനും അത്യധികം സൗകര്യമുണ്ടായി. ഇന്ത്യയിൽ വിഷ്ണുക്ഷേത്രങ്ങളും ശിവക്ഷേത്രങ്ങളും ധാരാളം ആവിർഭവിച്ചതിനു കാരണം ഇതുതന്നെ. ആയുധങ്ങൾ ഉപയോഗിച്ചു അനവരതം സാധുദ്രോഹം ചെയ്തിരുന്നതുകൊണ്ടും അന്യോന്യം കലഹങ്ങൾ നടത്തിയിരുന്നതുകൊണ്ടും മറ്റു പല കാരണങ്ങൾകൊണ്ടും ശിവന്റെയും വിഷ്ണുവിന്റെയും മനസ്ഥിതി ലേശം പോലും ഉൽകൃഷ്ടമായിരുന്നില്ലെന്ന് ധരിക്കുവാൻ ബുദ്ധിയുള്ള ഏതു മനുഷ്യന്നും എളുപ്പമാകുന്നു. ശിവന്റെ ദുഃസ്ഥിതിയെ വെളിവായി ഗ്രഹിക്കണമെങ്കിൽ അദ്ദേഹം ഏർപ്പെടുത്തിയ ശാക്തേയത്തിലുള്ള വാമതന്ത്രം ഒന്നു വായിച്ചുനോക്കിയാൽ മതി. മനുഷ്യരെ ഉടലോടെ നരകത്തിൽ തള്ളിവിടുന്ന നഗ്നങ്ങളും ബീഭത്സങ്ങളുമായ ദുരാചാരങ്ങളാണ് അതിൽ പ്രതിപാദിക്കപ്പെടുന്നത്. വൈഷ്ണവ മതത്തെ പ്രബലമായി പ്രചരിപ്പിച്ചവരെ വിഷ്ണുവിന്റെ അവതാര പുരുഷന്മാരാക്കിയും ശൈവമതത്തിന് പ്രാബല്യം വരുത്തിയവരെ ശിവന്റെ പുത്രന്മാരാക്കിയും വർണിക്കുകയാണ് പ്രായേണ ചെയ്തുകാണുന്നത്. ശ്രീരാമനും ശ്രീകൃഷ്ണനും മറ്റും അവതാര പുരുഷന്മാരായതും ഗണപതിയും സുബ്രഹ്മണ്യനും ശിവസൂതന്മാരായതും ഈ വഴിയിൽ കൂടിയാകുന്നു." (വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്. 1998 പുറം 751-752)

വാഗ്ഭടാനന്ദ ഗുരു തന്നെ ഇക്കാര്യം സംഭാഷണ രൂപേണ ഇങ്ങനെ വ്യക്തമാക്കുന്നു:

"രാമൻ: സ്നേഹിത, നിങ്ങൾ ഈശ്വരവിശ്വാസമില്ലാതെ ജീവിക്കുന്നതിൽ ഞാൻ വ്യസനിക്കുന്നു.

കൃഷ്ണൻ: ഞാൻ ഈശ്വരവിശ്വാസിയല്ലെന്ന് നിങ്ങളോടാരാണ് പറഞ്ഞത്?

രാമൻ: ആരെങ്കിലും പറഞ്ഞുതരേണമോ? ശിവൻ, വിഷ്ണു, ബ്രഹ്മാവ് തുടങ്ങിയ സകാരമൂർത്തികളെ നിഷേധിച്ചു പ്രസംഗങ്ങൾ നടത്തുന്ന നിങ്ങൾ ഒരു ഭയങ്കരനായ നിരീശ്വരനല്ലേ?

കൃഷ്ണൻ: സ്നേഹിത, ആകാരഭേദങ്ങളോടുകൂടിയ ശിവനും വിഷ്ണുവും മറ്റും ഈശ്വരസ്ഥാനത്തിൽ അഭിഷിക്തരാകുന്നതിന് അർഹന്മാരല്ലെന്നും ശിവാദികളെ സൃഷ്ടിച്ച സർവശക്തനാണ് ഈശ്വരനെന്നും വിശ്വസിക്കുന്ന ഞാനല്ലയോ ഈശ്വരവിശ്വാസി? നശ്വരങ്ങളും ഈശ്വരസൃഷ്ടങ്ങളുമായ സാകാരവസ്തുക്കളെ ഈശ്വരന്മാരെന്ന് വിശ്വസിച്ചും തദനുസാരം ആരാധിച്ചും വരുന്ന നിങ്ങളല്ലേയോ ധൂർത്തന്മാരായ നിരീശ്വരന്മാർ?

രാമൻ: ആശ്ചര്യം! ആശ്ചര്യം! സാകാരമൂർത്തികളായ ശിവാദികൾ നശ്വരന്മാരാണോ? എന്തൊരധികപ്രസംഗമാണിത്? എനിക്കിതൊന്നും കേൾക്കേ

ണ്ട.

കൃഷ്ണൻ: സ്നേഹിത, ആകാരമുള്ള എല്ലാ പദാർഥങ്ങളും നശ്വര ങ്ങളാണ്. ഇതിന്റെ തെളിവിന്ന് ഒരു ഘടത്തെ പരിശോധിച്ചാൽ മതി. ഘടം ആകാരമുള്ളതാകുന്നു, അത് നശിക്കുന്നതുമാകുന്നു. ഈ നിയമം പര മാണു കാരണവാദികൾ കൂടി സമ്മതിക്കാതിരിക്കില്ല. എന്തുകൊണ്ടെന്നാൽ ഈ നിയമം എവിടെയും ബാധകമാകുന്നു. എന്നാൽ സാകാരമായ ആ ഘടത്തിന് ഒരു കർത്താവു കൂടി വേണം. അല്ലാതെ ഘടം ഉണ്ടാവുക യില്ല. ആ കർത്താവാണ് കുശവൻ. അതുപോലെ ശിവാദികൾ സാകാര ന്മാരാണെങ്കിൽ അവർ നശിക്കുന്നവർതന്നെ, സംശയമില്ല. അവരുടെ ഉൽപ ത്തിക്ക് ഒരു കർത്താവുണ്ടായിരിക്കണമെന്ന് അനുമാനിക്കണം. ആ കർത്താ വത്രെ ഈശ്വരൻ. 'വിശ്വസ്യ കർത്താ' എന്നും മറ്റും വേദങ്ങൾ ശ്ലാഘിക്കു ന്നത് ആ ഈശ്വരനെയാകുന്നു. താദൃശനായ ഈശ്വരനെ വിശ്വസിക്കു കയും ജനിച്ചു മരിച്ച ശിവാദികളെ ഈശ്വരനെന്ന് വിശ്വസിക്കാതിരിക്കു കയും ചെയ്യുക. അതാണ് ഉചിതം. കഥയില്ലാതെ വല്ലതും വിശ്വസിക്കു കയും ആ മൂഢവിശ്വാസത്തെ ആക്ഷേപിക്കുന്ന ദയാശാലികളെ അധിക പ്രസംഗികളെന്ന് അധിക്ഷേപിക്കുകയും ചെയ്യുന്നത് സുജനതക്ക് യോജി ച്ചതല്ല.

രാമൻ: കഷ്ടം! കഷ്ടം! ശിവാദികൾ ജനിച്ചു മരിച്ചവരെന്നോ! എന്തൊ രു ധിക്കാരമാണിത്? ഇങ്ങനെ ആരെങ്കിലും പറയുമോ?

കൃഷ്ണൻ: സ്നേഹിതാ, ശിവാദികൾ ജനിച്ചവരെങ്കിൽ മരിക്കുകയില്ലേ? മരിച്ചിട്ടില്ലെങ്കിൽ നാം കാണേണ്ടതുമാണ്; അവർ സാകാരന്മാരാണല്ലോ! അവരെവിടെ? എന്തുകൊണ്ട് കാണുന്നില്ല?

രാമൻ: ശിവ! ശിവ! അവരെ നാം കാണുകയോ? പാപികളായ നമുക്ക് അത്ര ഭാഗ്യമുണ്ടോ? പുണ്യവാളന്മാരായ സജ്ജനങ്ങൾക്കു മാത്രമേ അവ രെക്കാണാൻ കഴിയുകയുള്ളൂ!

കൃഷ്ണൻ: രാവണൻ തുടങ്ങിയ രാക്ഷസന്മാരേക്കാൾ നാം പാപിക ളാണെന്നോ?

രാമൻ: അതല്ല, രാവണാദികൾ നരഹത്യയും ബ്രഹ്മഹത്യയും ദേവ ന്മാരെ അടിച്ചോടിക്കുക എന്ന പാപകൃത്യവും ചെയ്ത ഘോരപാപിക ളല്ലേ? അത്ര പാപം നാം ചെയ്യുന്നില്ല. ചെയ്യുകയുമില്ല! രാവണാദികളേ ക്കാൾ നാം സുകൃതം ചെയ്തവരാണെന്ന് പറയേണ്ടതുണ്ടോ?

കൃഷ്ണൻ: രാവണനും മറ്റും ശിവാദികളെ പലപ്പോഴും കാണുകയു ണ്ടായല്ലോ. എന്നു മാത്രമല്ല, ബാണാസുരന്റെ കോട്ടയിൽ കുറച്ചുകാലം ശിവൻ കാവൽക്കാരനായിരുന്നില്ലേ? ആദ്യത്തെ ഭാര്യ മരിച്ചതിനു ശേഷം പാർവതിയെന്ന മലയിപ്പെണ്ണിനെ അദ്ദേഹം കല്യാണം കഴിച്ചില്ലേ? ഇങ്ങനെ മഹാപാപികളായ രാക്ഷസന്മാർക്കു കൂടി ശിവനെ കാണാൻ മാത്രമല്ല, ഭൃത്യനാക്കുവാൻ കൂടി സാധിച്ചിട്ടുണ്ടെങ്കിൽ ഒരു മലയിക്കുറത്തിപ്പെണ്ണിന് അദ്ദേഹത്തെ ഭർത്താവാക്കി വരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അദ്ദേ ഹത്തെ നമുക്ക് പാപശക്തിയാൽ കാണാൻ കഴിയില്ലെന്ന് പറയുന്നത് കഥ കേടല്ലേ?

രാമൻ: ശിവൻ രണ്ടാമതും കല്യാണം കഴിച്ചത് മലയത്തിപ്പെണ്ണിനെയോ? എന്താ പറയുന്നത്? അനാവശ്യമായി അസംബന്ധം പറയുന്നത് കേൾക്കുമ്പോൾ എനിക്ക് ദേഷ്യം വളരുന്നു. വേണ്ട, വേണ്ടാസനം പറയണ്ട!

കൃഷ്ണൻ: വേണ്ടാസനം പറയുകയല്ല. വേണ്ട ആസനം പറയുകയാണ്. പാർവതിയെ ശിവൻ കല്യാണം കഴിച്ചതായി നിങ്ങൾ കേട്ടിട്ടുണ്ടോ?

രാമൻ: ഉവ്വ്, കേട്ടിട്ടുണ്ട്.

കൃഷ്ണൻ: പാർവതിയെന്നു വച്ചാൽ ആരാണെന്നാണ് നിങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്? പർവതം മലയാണെങ്കിൽ പാർവതി മലയിയല്ലേ? സംസ്കൃതഭാഷയിൽ ഭ്രമിക്കാതെ അർഥമൊന്നു ചിന്തിച്ചുനോക്കുക! മാതംഗൻ എന്ന മലക്കുറവന്റെ മകളായ പാർവതിയെന്ന മലയിയെക്കുറിച്ച് നിങ്ങൾ മറ്റൊരു പ്രകാരം ധരിച്ചിട്ടുണ്ടെങ്കിൽ ഈ നൂറ്റാണ്ടിൽ ചിലവാകാത്ത ആ ധാരണാഭേദവും കൊണ്ട് മറയത്തുപോകുന്നതാണ് നല്ലത്! കല്യാണം കഴിച്ച് മക്കളോടുകൂടി അങ്ങനെയങ്ങനെ ജീവിച്ചും മരിച്ചും മണ്ണടിഞ്ഞും പോയ ശിവാദികളെക്കുറിച്ചുള്ള വിശ്വാസം അകലെ തള്ളി ശാശ്വതനും നിരാകാരനുമായ ഈശ്വരനെ വിശ്വസിച്ചു നല്ല മനുഷ്യനായി ജീവിക്കാൻ നോക്കൂ! ഞങ്ങളോട് ഉപദേശിപ്പാൻ വരുന്നത് പിന്നെയാവട്ടെ"(വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ. പുറം 357-359)

ശ്രീസ്വാമി ദയാനന്ദസരസ്വതി ഈ വിഷയം ചോദ്യോത്തര രൂപത്തിൽ ഇങ്ങനെ അവതരിപ്പിക്കുന്നു:

"പ്രശ്നം: ഈശ്വരൻ അവതാരം സ്വീകരിക്കുന്നുണ്ടോ ഇല്ലയോ?

ഉത്തരം: ഇല്ല, എന്തെന്നാൽ 'അജ ഏകപാത്' (35-53), 'സ പര്യഗാത് ശുക്രമകായം' (40-8) എന്നു തുടങ്ങിയ യജുർവേദ വചനങ്ങളിൽനിന്ന് പരമേശ്വരൻ ജന്മം കൊള്ളുന്നില്ലെന്ന് മനസ്സിലാകുന്നുണ്ട്.

പ്രശ്നം: യദാ യദാ ഹി ധർമസ്യ ഗ്ലാനിർഭവതി ഭാരത!
അഭ്യുത്ഥാനമധർമസ്യ തദാത്മാനം സൃജാമ്യഹം.
(ഭഗവത്ഗീത, അ. 4, ശ്ലോകം 7)

ധർമത്തിന് ലോപം വരുമ്പോഴെല്ലാം ഞാൻ ശരീരം ധരിക്കുന്നു എന്ന് ശ്രീകൃഷ്ണൻ പറയുന്നുണ്ടല്ലോ?

ഉത്തരം: വേദവിരുദ്ധമായതുകൊണ്ട് ഇത് പ്രമാണമാകുന്നില്ല. ധർമാത്മാവും ധർമത്തെ രക്ഷിക്കാൻ ഇഛിക്കുന്നവനുമായ ശ്രീകൃഷ്ണൻ 'ഞാൻ യുഗംതോറും ജന്മം കൈക്കൊണ്ടു ശിഷ്ടജനങ്ങളെ പരിപാലിക്കുകയും ദുഷ്ടന്മാരെ സംഹരിക്കുകയും ചെയ്യും' എന്നിങ്ങനെ ആഗ്രഹിച്ചിട്ടുണ്ടായിരിക്കാം. അങ്ങനെ ചെയ്യുന്നതിൽ ദോഷമൊന്നുമില്ല. എന്തെന്നാൽ 'പരോപകാരായ സതാം വിഭൂതയഃ'- സജ്ജനങ്ങളുടെ ശരീരം, മനസ്സ്, ധനം എന്നിവയെല്ലാം പരോപകാരത്തിനായിട്ടുള്ളതാണല്ലോ. എന്നാലും ശ്രീകൃഷ്ണൻ ഇതുകൊണ്ട് ഈശ്വരനാണെന്ന് വരുവാൻ തരമില്ല.

പ്രശ്നം: ഇങ്ങനെയാണെങ്കിൽ, ലോകത്തിൽ ഈശ്വരന്റെ ഇരുപത്തിനാല് അവതാരങ്ങളുണ്ടെന്നു പറയുന്നതിനെ എങ്ങനെയാണ് കൈക്കൊള്ളുന്നത്?

ഉത്തരം: വേദത്തിന്റെ അർഥം അറിഞ്ഞുകൂടാത്തതുകൊണ്ടും, സാമ്പ്ര

ദായികന്മാരുടെ വഞ്ചനകൾക്ക് വശംവദന്മാരാകുന്നതുകൊണ്ടും അവരവർക്ക് അറിവില്ലാത്തതുകൊണ്ടും അജ്ഞാതമാകുന്ന വലയിൽ കുടുങ്ങിപ്പോകുന്നതുകൊണ്ടുമാണ് ഇങ്ങനെ പ്രമാണ ശൂന്യങ്ങളായ വാക്കുകൾ പറയുകയും അവയെ വിലവയ്ക്കുകയും ചെയ്യുന്നത്.

പ്രശ്നം: ഈശ്വരൻ അവതാരം ചെയ്യുന്നില്ലെങ്കിൽ കംസൻ, രാവണൻ മുതലായ ദുഷ്ടന്മാരെ സംഹരിപ്പാൻ എങ്ങനെ സാധിക്കും?

ഉത്തരം: ഒന്നാമത്, ജനിച്ചിട്ടുള്ളവരെല്ലാം നിശ്ചയമായും മരിക്കാതിരിക്കുകയില്ല. എന്നു മാത്രമല്ല, ശരീരം കൈക്കൊണ്ട് അവതരിക്കാതെ തന്നെ ജഗത്തിന്റെ സൃഷ്ടി-സ്ഥിതി-സംഹാരങ്ങൾ നടത്തുന്ന ഈശ്വരന്റെ മുമ്പിൽ കംസൻ, രാവണൻ മുതലായവർ കേവലം ഒരു കൃമിയോട് സാദൃശ്യപ്പെടുത്തത്തക്കവർ പോലുമല്ല. അദ്ദേഹം സർവവ്യാപിയായതുകൊണ്ട് കംസരാവണാദികളുടെ ശരീരങ്ങളിലും കുടിനിറഞ്ഞിരിക്കുന്നവനാണ്. ഇഛിക്കുന്ന ക്ഷണത്തിൽതന്നെ അവരുടെ മാറ് പിളർന്ന് അവരെ കൊന്നുകളയാൻ അദ്ദേഹത്തിനു കഴിയും. എണ്ണമറ്റ ഗുണ-കർമ- സ്വഭാവങ്ങളോടുകൂടിയ പരമേശ്വരൻ ഒരു ക്ഷുദ്രജന്തുവിനെ കൊല്ലുവാനായി ജനനമരണങ്ങളുള്ളവനായിത്തീരുന്നുവെന്നു പറയുന്ന മനുഷ്യനെ വിഡ്ഢിയോടല്ലാതെ മറ്റാരോടാണ് ഉപമിക്കാൻ സാധിക്കുക?.... ഇതിനു പുറമെ പരമേശ്വരൻ ജന്മം സ്വീകരിക്കുന്നുണ്ടെന്നുള്ളത് യുക്തികൊണ്ടും കിട്ടുന്നില്ല. അതിരില്ലാത്തതായ ഈ ആകാശം ഗർഭത്തിൽ അടങ്ങിയെന്നോ കരതലത്തിൽ ഒതുങ്ങിയെന്നോ ആരെങ്കിലും പറയുന്നതായാൽ അതു നേരായി വരുവാൻ ഒരിക്കലും നിവൃത്തിയില്ല. എന്തെന്നാൽ ആകാശം അതിരറ്റതും എങ്ങും നിറഞ്ഞതുമാകുന്നു. അതിനാൽ ആകാശം അകത്തേക്ക് പ്രവേശിക്കുകയും പുറത്തേക്ക് നിർഗമിക്കുകയും ചെയ്യുന്നില്ല. അതുപോലെത്തന്നെ പരമാത്മാവ് അനന്തനും സർവവ്യാപിയുമായതുകൊണ്ട് അദ്ദേഹത്തിന് പ്രവേശ നിർഗമങ്ങൾ ഉണ്ടെന്ന് സിദ്ധിക്കുന്ന കാര്യം ഒരിക്കലും ശക്യമല്ല. ഒരു വസ്തു എവിടെ ഇല്ലയോ അവിടെ മാത്രമേ ഗതാഗതങ്ങൾ സംഭവിക്കാൻ തരമുള്ളൂ. പരമേശ്വരൻ എങ്ങുനിന്നോ വന്നുവെന്നു പറയുവാൻ, ഗർഭത്തിൽ വ്യാപിച്ചിരുന്നില്ലെന്നോ? പരമേശ്വരൻ പുറത്ത് ഉണ്ടായിരുന്നില്ലേ? ഉണ്ടായിരുന്നുവെങ്കിൽ പിന്നെ എങ്ങനെയാണ് നിർഗമിച്ചു എന്നു പറയുന്നത്? അറിവില്ലാത്തവരല്ലാതെ മറ്റാരാണ് ഈശ്വരനെപ്പറ്റി ഇങ്ങനെ പറയുകയും വിചാരിക്കുകയും ചെയ്യുക? അതുകൊണ്ട് പരമേശ്വരനു ഗതാഗതങ്ങളും ജനനമരണങ്ങളും ഉണ്ടെന്ന് സിദ്ധിക്കുവാൻ ഒരിക്കലും നിവൃത്തിയില്ല. അതിനാൽ യേശു മുതലായവരും ഈശ്വരന്റെ അവതാരമല്ലെന്നു മനസ്സിലാക്കിക്കൊള്ളുക. എന്തെന്നാൽ, രാഗദ്വേഷങ്ങൾ, ക്ഷുത്പിപാസകൾ, ഭയശോകങ്ങൾ, സുഖദുഃഖങ്ങൾ, ജനനമരണങ്ങൾ മുതലായ ഗുണങ്ങളോടു കൂടിയവരായിരുന്നതുകൊണ്ട് അവർ മനുഷ്യർ തന്നെയായിരുന്നു"(സത്യാർഥ പ്രകാശം, പുറം 304-306).

അതിനാൽ ദൈവത്തിന് അവതാരമില്ലെന്നും ഉണ്ടാവുകയില്ലെന്നും ഇസ്‌ലാമിനെപ്പോലെ ഹിന്ദുദർശനവും അംഗീകരിക്കുന്നു. പ്രപഞ്ചത്തിലുള്ളതെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ്. യേശുവും മോശെയും

മുഹമ്മദും ബ്രഹ്മാവും വിഷ്ണുവും ശിവനും രാമനും കൃഷ്ണനു മൊന്നും ഇതിൽനിന്നൊഴിവല്ല. അവരൊന്നും ഈശ്വരന്മാരോ ഈശ്വരാ വതാരങ്ങളോ അല്ല. മറിച്ച് ഈശ്വരസൃഷ്ടങ്ങളാണ്. അതിനാൽ, അവ രെയൊന്നും വിളിച്ചു പ്രാർഥിക്കുകയോ ആരാധിക്കുകയോ അരുത്. അവർക്ക് നിവേദ്യങ്ങളോ നേർച്ചവഴിപാടുകളോ അർപ്പിക്കരുത്. അവരു ടെയൊക്കെ സ്രഷ്ടാവായ ദൈവത്തെ മാത്രമേ ആരാധിക്കാവൂ. മറിച്ചു സംഭവിക്കുന്നതെല്ലാം അജ്ഞതകൊണ്ടോ അന്ധവിശ്വാസം നിമിത്തമോ ആണ്. അങ്ങനെ ചെയ്യുന്നത് അക്ഷന്തവ്യമായ അപരാധമത്രെ.

## അഞ്ച്

# സായിബാബയും മുസ്‌ലിം സിദ്ധന്മാരും

*"ദൈവം മനുഷ്യാകാരത്തിൽ അവതരിക്കില്ലെന്ന് താങ്കൾ പറഞ്ഞുവല്ലോ. അപ്പോൾ ഭഗവാൻ സത്യസായിബാബ ദൈവാവതാരമല്ലെന്നാണോ താങ്കളുടെ വാദം? ബാബയുടെ അദ്ഭുതസിദ്ധികളിൽ ആകൃഷ്ടരായ ആയിരക്കണക്കിന് മുസ്‌ലിം അനുയായികൾ പോലും അദ്ദേഹത്തിനുണ്ടല്ലോ. അതേക്കുറിച്ച് എന്തു പറയുന്നു?"*

ദൈവത്തിന് അവതാരമില്ലെന്നും ഉണ്ടാകാവതല്ലെന്നും ഞാൻ മാത്രമല്ല; പ്രമുഖ ഹൈന്ദവ വേദപണ്ഡിതൻമാർ പോലും പ്രമാണങ്ങളുടെ വെളിച്ചത്തിൽ സമർഥിച്ചിട്ടുണ്ട്. കഴിഞ്ഞ ചോദ്യത്തിന്റെ മറുപടിയിൽ അക്കാര്യം വിശദമായി വിവരിച്ചതാണല്ലോ.

സത്യസായിബാബ കേവലം ഒരു മനുഷ്യൻ മാത്രമാണ്. 1926 നവംബർ 23-നാണ് അദ്ദേഹം ജനിച്ചത്. പിതാവ് പെദ്ദവെങ്കപ്പ രാജുവും മാതാവ് ഈശ്വരാംബയുമാണ്. ആന്ധ്രയിലെ ഗോപാലപ്പള്ളി ഗ്രാമത്തിലായിരുന്നു ജനനം. അതാണിപ്പോൾ പുട്ടപർത്തി എന്ന പേരിലറിയപ്പെടുന്ന പ്രദേശം. സായിബാബയും ഒരു നാൾ നമ്മെപ്പോലെ മരിക്കും. മണ്ണിൽ വച്ചാൽ അദ്ദേഹത്തിന്റെ ശരീരവും മണ്ണായി മാറും. ചിതയിൽ വച്ചാൽ ചാരമാകും. നിരാകാരനും നിരാശ്രയനും അനാദിയും അവിഭാജ്യനുമായ ദൈവം ഇത്തരം ദൗർബല്യങ്ങളിൽനിന്നെല്ലാം മുക്തനത്രെ.

സായിബാബക്ക് വിദഗ്ധനായ ഒരു മജീഷ്യന്റേതിൽ കവിഞ്ഞ കഴിവോ എന്തെങ്കിലും അദ്ഭുതസിദ്ധികളോ ഒന്നുമില്ലെന്ന് ഏതു സാധാരണക്കാരനും ബോധ്യമാകാൻ പര്യാപ്തമായ നിരവധി സംഭവങ്ങൾ ഇതിനകം ഉണ്ടായിട്ടുണ്ട്. ചിലതു മാത്രമിവിടെ സൂചിപ്പിക്കാം:

1. പുട്ടപർത്തിയിലെ ആശ്രമത്തിൽ വച്ച് സായിബാബയുടെ നേരെ വധശ്രമം നടന്നു. അക്രമികളുടെ വെട്ടും കുത്തുമേറ്റ് അംഗരക്ഷകരിൽ രണ്ടുപേർ കൊല്ലപ്പെട്ടു. രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തു. സംഭവം നടന്ന ഉടനെ സ്ഥലത്തെത്തിയ പോലീസിന്റെ വെടിയേറ്റ് അക്രമികൾ നാലുപേരും മരിച്ചുവീണു. എന്നിട്ടും ഗൂഢാലോചനയുടെ രഹസ്യമറിയാൻ സായിബാബക്കു സാധിച്ചില്ല. കുറ്റവാളികളെ കണ്ടെത്താൻ പോലീ

സുകാർ വരേണ്ടിവന്നു. അതും മതിയാവാതെ പോലീസ് നായ്ക്കളെ കൊണ്ടുവരികയാണുണ്ടായത്. ഇതിന്റെ അർഥം വളരെ വ്യക്തമാണല്ലോ. അഭൗതിക മാർഗേണ വല്ല അറിവും സായിബാബക്കുണ്ടായിരുന്നുവെങ്കിൽ അക്രമികളായ കൊലയാളികളെ തന്റെ ആസ്ഥാനത്ത് അന്തേവാസികളായി താമസിപ്പിക്കില്ലായിരുന്നു. കുറ്റവാളികളെ കണ്ടെത്താൻ പോലീസോ പോലീസ് നായയോ വേണ്ടിവരില്ലായിരുന്നു. സംഭവത്തെ തുടർന്ന് സായി ബാബ താമസിച്ച ചന്ദ്ര ഓഡിറ്റോറിയത്തിന് പോലീസ് കാവൽ ഏർപ്പെടുത്തേണ്ടിവരുമായിരുന്നില്ല. വല്ല അമാനുഷിക കഴിവും അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിൽ പുട്ടപർത്തിയിലും പരിസരത്തും അഞ്ഞൂറിലേറെ പോലീസുകാരെ കാവൽ നിർത്തേണ്ടിവരില്ലായിരുന്നു. പുട്ടപർത്തിയിലെ സായി ബാബയുടെ പ്രധാന അനുയായികൾക്കു തന്നെ അദ്ദേഹത്തിന്റെ ദൈവികതയിൽ വിശ്വാസമില്ലെന്നതാണ് സത്യം. അതുകൊണ്ടാണല്ലോ അവരദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചത്.

2. 1993-ൽ ഹൈദറാബാദിൽ സത്യസായിബാബ ട്രസ്റ്റിന്റെ വകയായി ഒരു കല്യാണമണ്ഡപം അന്നത്തെ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. പരിപാടിയിൽ അന്നത്തെ ആഭ്യന്തര മന്ത്രി എസ്.ബി. ചവാൻ, കൃഷിമന്ത്രി ബൽറാംഝാക്കർ, ആന്ധ്രയിലെയും കർണാടകത്തിലെയും മുൻ മുഖ്യമന്ത്രിമാരായ വിജയഭാസ്കര റെഡ്ഢി, ബംഗാരപ്പ തുടങ്ങിയ നിരവധി പ്രമുഖർ സംബന്ധിച്ചിരുന്നു. വേദിയിൽവെച്ച് സായിബാബ അന്തരീക്ഷത്തിൽ നിന്ന് ഒരു സ്വർണച്ചെയിനെടുത്ത് കല്യാണമണ്ഡപം രൂപകൽപന ചെയ്ത ശിൽപിക്ക് സമ്മാനിക്കുകയുണ്ടായി. ഉദ്ഘാടന പരിപാടി ദൂരദർശൻ വിഭാഗം ഫിലിമിൽ പകർത്തിയിരുന്നു. പ്രസ്തുത വീഡിയോ ചിത്രം സായി ബാബയുടെ 'അമാനുഷികത'യുടെ എല്ലാ രഹസ്യവും പുറത്തുകൊണ്ടുവരാൻ പര്യാപ്തമത്രെ. സായിബാബ തന്റെ ഒരടുത്ത അനുയായിയിൽനിന്ന് സ്വർണച്ചെയിൻ കൈവശപ്പെടുത്തുന്നതും അത് തന്ത്രപൂർവം കൈയിലെടുക്കുന്നതും അതിൽ വ്യക്തമായി കാണാം. കോടിക്കണക്കിന് മനുഷ്യരെ വഴിതെറ്റിക്കുന്ന ബാബയുടെ 'ദിവ്യാദ്ഭുത'ത്തിന്റെ നിജസ്ഥിതി കാണികൾക്ക് നന്നായി മനസ്സിലാക്കാൻ കഴിയുന്ന ഈ പരിപാടി ദൂരദർശൻ പ്രദർശിപ്പിച്ചില്ല. എന്നാൽ കല്യാണമണ്ഡപം ഉദ്ഘാടനപരിപാടിയുടെ വീഡിയോ ചിത്രം അമാനുഷികതയെക്കുറിച്ച അവകാശവാദങ്ങളുടെ നിജസ്ഥിതി അന്വേഷിക്കുന്ന അന്താരാഷ്ട്ര സമിതിയുടെ ഇന്ത്യൻ കൺവീനർ സി. പ്രേമാനന്ദ് തന്ത്രപൂർവം കൈവശപ്പെടുത്തുകയുണ്ടായി. അത് ഇതിനകം കോഴിക്കോടുൾപ്പെടെ നാടിന്റെ നാനാഭാഗങ്ങളിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്തു. സായിബാബക്കോ അനുയായികൾക്കോ ഇതിന് തൃപ്തികരമായ ഒരു വിശദീകരണം നൽകാൻ ഇന്നോളം കഴിഞ്ഞിട്ടില്ല.

3. ശൂന്യതയിൽനിന്ന് ഭസ്മവും സ്വർണമോതിരവും എടുക്കാൻ കഴിയുമെങ്കിൽ മരുന്നും മറ്റു വസ്തുക്കളും ഉണ്ടാക്കാനും കഴിയേണ്ടതാണല്ലോ. എന്നാൽ പുട്ടപർത്തിയിലെ ആശുപത്രിയിൽ സ്വദേശത്തുനിന്നു മാത്രമല്ല, വിദേശത്തുനിന്നും മരുന്ന് വരുത്തുകയാണ് ചെയ്യുന്നത്. സായിബാബക്ക് വല്ല ദിവ്യകഴിവുമുണ്ടായിരുന്നെങ്കിൽ രോഗികൾക്ക് ആശ്വാസം പകരാൻ

സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി സ്ഥാപിക്കേണ്ടിവരുമായിരുന്നില്ല. പുട്ട പർത്തിയിലും മറ്റേത് ആശുപത്രിയിലെയും പോലെ മരുന്ന് നൽകിയും ശസ്ത്രക്രിയ നടത്തിയുമൊക്കെത്തന്നെയാണ് രോഗികളെ ചികിത്സിക്കുന്നത്. ഒരമാനുഷികതയും ഒന്നിലുമില്ലെന്ന് ഏവർക്കുമറിയാവുന്ന കാര്യമാണ്.

സായിബാബയുടെയും അതുപോലുള്ളവരുടെയും അനുയായികൾ ദിവ്യാദ്ഭുതങ്ങളെ സംബന്ധിച്ച വ്യാജകഥകൾ പ്രചരിപ്പിക്കാൻ ഒട്ടും മടി കാണിക്കാറില്ല. ഉദാഹരണത്തിന് ഒരു സംഭവം മാത്രം ഇവിടെ ഉദ്ധരിക്കാം:

"വിശ്വവിഖ്യാതമായ സൈക്കോ വാച്ച് കമ്പനിയുടെ ഉടമ പുതിയ മെച്ചപ്പെട്ട ഒരിനം വാച്ച് നിർമിച്ചു. കൂടുതൽ പരിശോധനയ്ക്കും സൂക്ഷ്മനിരീക്ഷണത്തിനുമായി അത് തന്റെ സേഫിൽ ഭദ്രമായി സൂക്ഷിച്ചു.

ഒഴിവുകാലത്തൊരിക്കൽ ഇന്ത്യയിലായിരിക്കെ ആകാംക്ഷാപൂർവം പുട്ടപർത്തി സന്ദർശിച്ചു. തന്റെ ഭക്തർക്കിടയിൽ ജപ്പാൻകാരനായ മാന്യനെ കണ്ട സത്യസായിബാബ അദ്ദേഹത്തെ തന്റെ അടുത്തേക്ക് വിളിച്ചു. അന്തരീക്ഷത്തിൽനിന്ന് ഒരു പൊതിയെടുത്ത് അദ്ദേഹത്തിന് കൊടുത്തു. അത് തുറന്നുനോക്കിയ വാച്ചുനിർമാതാവ് അദ്ഭുതസ്തബ്ധനായി. ടോക്കിയോവിൽ തന്റെ സേഫിൽ ഭദ്രമായി സൂക്ഷിച്ച പുതിയ ഇനം വാച്ചായിരുന്നു അത്. പേരും വിലയും കുറിച്ചിട്ട ലേബലിലോ അതിന്മേലുണ്ടായിരുന്ന സിൽക്ക് റിബണിലോ ഒരു വ്യത്യാസവുമുണ്ടായിരുന്നില്ല. അതോടെ സൈക്കോ കമ്പനിക്കാരന് സത്യസായിബാബയുടെ ദൈവിക കഴിവുകളെ സംബന്ധിച്ച സംശയങ്ങളെല്ലാം നീങ്ങി. അയാൾ സായിബാബയുടെ പാദങ്ങളിൽ പ്രണമിക്കുകയും അദ്ദേഹത്തെ ആരാധിക്കുകയും ചെയ്തു. അങ്ങനെ ആ ജപ്പാൻകാരൻ സായിബാബയുടെ ഉത്തമ ഭക്തനായിത്തീർന്നു.

ടോക്കിയോവിൽ മടങ്ങിയെത്തി തന്റെ സേഫ് പരിശോധിച്ചപ്പോൾ താൻ സൂക്ഷിച്ച വാച്ച് അവിടെ ഉണ്ടായിരുന്നില്ലെന്നത് സൈക്കോ കമ്പനിക്കാരനെ കൂടുതൽ ആശ്ചര്യഭരിതനാക്കി. നിബിഡമായ തലമുടിയുള്ള, ദൈവികത തോന്നിക്കുന്ന ഒരാൾ ഒരു ദിവസം ഓഫീസിൽ വന്ന് സേഫു തുറന്ന് വാച്ചുമായി തിരിച്ചുപോയതായി പേഴ്സണൽ സെക്രട്ടറി അറിയിച്ചപ്പോൾ അദ്ദേഹത്തിന്റെ അദ്ഭുതം പതിന്മടങ്ങ് വർധിച്ചു"- ഇന്ത്യാ ഗവൺമെന്റ് മുൻ ശാസ്ത്ര ഉപദേഷ്ടാവ് ഡോ. എസ്. ഭാഗവതം എം.എസ്.സി, ഡി.എ.എസ്.സി, പി.എച്ച്.ഡി 1973-ൽ എസ്.കെ. നായരുടെ പത്രാധിപത്യത്തിലുണ്ടായിരുന്ന മലയാളനാട് വാരികയിൽ എഴുതിയ ലേഖനത്തിൽ ചേർത്തതാണ് പ്രസ്തുത സംഭവം.

പ്രമുഖ യുക്തിവാദിയായിരുന്ന പരേതനായ എ.ടി. കോവൂർ സംഭവത്തിന്റെ നിജസ്ഥിതി അന്വേഷിച്ചറിയാൻ തീരുമാനിച്ചു. അങ്ങനെ പുട്ടപർത്തി സന്ദർശിച്ച ജപ്പാൻകാരന്റെ പേരും വിലാസവും അറിയിക്കാനാവശ്യപ്പെട്ട് കോവൂർ 1973 സെപ്തംബർ 11-ന് ഡോക്ടർ ഭാഗവതത്തിന് കത്തെഴുതി. രണ്ടു മാസം കഴിഞ്ഞിട്ടും ഭാഗവതം പ്രതികരിച്ചില്ല. അതിനാൽ കോവൂർ ശ്രീലങ്കയിലെ ജപ്പാൻ എംബസിയിൽനിന്ന് സൈക്കോ വാച്ച്

നിർമാതാവിന്റെ വിലാസം ശേഖരിച്ചു. തുടർന്ന് 1973 ഒക്ടോബർ 30–ന് സൈക്കോ വാച്ച് നിർമാതാക്കളായ ഹട്ടോറി ആന്റ് കമ്പനി ലിമിറ്റഡിന്റെ പ്രസിഡന്റ് ഷോജി ഹട്ടോറിക്ക് ഒരു കത്തയച്ചു. അതിൽ ഡോ. ഭാഗവതം ഉദ്ധരിച്ച കഥ ചേർത്ത ശേഷം നാലു കാര്യം അന്വേഷിച്ചു:

1. നിങ്ങളോ നിങ്ങളുടെ ഏതെങ്കിലും പാർട്ണർമാരോ എപ്പോഴെങ്കിലും ഇന്ത്യയിലെ സത്യസായിബാബയെ സന്ദർശിച്ചിട്ടുണ്ടോ?

2. താങ്കൾക്കോ താങ്കളുടെ ഏതെങ്കിലും പാർട്ണർക്കോ സായിബാബ അന്തരീക്ഷത്തിൽനിന്ന് വാച്ച് ഉണ്ടാക്കി സമ്മാനിച്ചിട്ടുണ്ടോ?

3. താങ്കളോടോ താങ്കളുടെ ഏതെങ്കിലും പാർട്ണറോടോ താങ്കളുടെ പേഴ്സണൽ സെക്രട്ടറി ഒരപരിചിതൻ സേഫ് തുറന്ന് വാച്ച് എടുത്തുകൊണ്ടുപോയതായി പറഞ്ഞിട്ടുണ്ടോ?

4. താങ്കളോ താങ്കളുടെ ഏതെങ്കിലും പാർട്ണർമാരോ സത്യസായി ബാബയുടെ ഭക്തനാണോ?

സൈക്കോ കമ്പനി ഉടമ ഷോജി ഹട്ടോറി 1973 നവംബർ 8–ന് കോവൂരിന്റെ കത്തിന് മറുപടി അയച്ചു. അതിൽ താനോ തന്റെ പാർട്ണർമാരോ സായിബാബയെ അറിയില്ലെന്ന് അറിയിക്കുകയും നാലു കാര്യങ്ങളും തീർത്തും നിഷേധിക്കുകയും ചെയ്തു.

എ.ടി. കോവൂർ പ്രസ്തുത മറുപടിയുടെ ഫോട്ടോകോപ്പിയോടൊപ്പം ഡോക്ടർ ഭാഗവതത്തിന് കത്തയച്ചു. അതിൽ ഷോജി ഹട്ടോറിയോ അദ്ദേഹത്തിന്റെ പാർട്ണർമാരോ അല്ലാത്ത ആരെങ്കിലുമാണ് മലയാളനാടിലെ ലേഖനത്തിൽ വിവരിച്ച സംഭവത്തിലെ കഥാപാത്രമെങ്കിൽ അയാളുടെ പേരും വിലാസവും അറിയിക്കാനാവശ്യപ്പെട്ടു. അതിനും മറുപടി ഉണ്ടായില്ല. അതിനാൽ എ.ടി. കോവൂർ ഈ സംഭവങ്ങളെല്ലാം വിവരിച്ച് 1976 സെപ്തംബർ 12–ലെ ടൈംസ് ഓഫ് ഇന്ത്യയിലെഴുതി. അതോടെ ഡോ. ഭാഗവതം രംഗത്തുവന്നു. 1976 നവംബർ 29–ന് ടൈംസ് ഓഫ് ഇന്ത്യയിൽ ഒരു വിശദീകരണക്കുറിപ്പെഴുതി. അതിൽ താൻ അങ്ങനെ ഒരു സംഭവം അറിയില്ലെന്നും അങ്ങനെ ഒരു ലേഖനം ഇംഗ്ലീഷിലോ മറ്റേതെങ്കിലും ഭാഷയിലോ എഴുതിയിട്ടില്ലെന്നും മലയാളം തനിക്കറിയില്ലെന്നും വരുത്താനാണ് ശ്രമിച്ചത്.

മലയാളനാട് വാരികയിൽ സായിബാബയുടെ ദൈവികതക്ക് തെളിവായി ഉദ്ധരിച്ച സൈക്കോ വാച്ച് സംഭവം തീർത്തും വ്യാജവും ബോധപൂർവം കെട്ടിച്ചമച്ചതുമായിരുന്നുവെന്ന് അതോടെ ഏവർക്കും ബോധ്യമായി. (വിശദവിവരങ്ങൾക്ക് SAIBABA'S MIRACLES: AN OVERVIEW. Edited by DALE BEYER STEIN, Page 89-98 കാണുക.)

യഥാർഥത്തിൽ പ്രപഞ്ചസ്രഷ്ടാവായ ദൈവത്തിനല്ലാതെ മറ്റാർക്കും, ഒളിപ്പിച്ചുവച്ചവ പുറത്തെടുക്കാനോ ലോകത്തുള്ള പദാർഥങ്ങളെടുത്ത് അവയുടെ രൂപം മാറ്റാനോ അല്ലാതെ, പുതുതായൊന്നും ഉണ്ടാക്കുക സാധ്യമല്ല. ശൂന്യതയിൽ നിന്നൊന്നും സൃഷ്ടിക്കാനാർക്കുമാവില്ല. അഭൗതിക കാര്യങ്ങളറിയുകയുമില്ല. ഭാവിയിലെന്തു നടക്കുമെന്ന് കണ്ടെത്താനും കഴിയില്ല. അതിനാൽ ദൈവികതയോ അമാനുഷികതയോ അവകാശപ്പെടുന്ന

വരാരായാലും തനി വ്യാജന്മാരാണവർ. അവരിൽ വിശ്വസിക്കുന്നവർ അറബിപ്പേരുള്ളവരായാലും അല്ലാത്തവരായാലും തികഞ്ഞ അന്ധവിശ്വാസികളുമാണ്. ദൈവത്തിന്റെ മാത്രം സവിശേഷതകൾ മറ്റുള്ളവരിൽ ആരോപിക്കുന്നതിലൂടെ ദൈവത്തിൽ അവന്റെ സൃഷ്ടികളെ പങ്കുചേർക്കുന്ന അക്ഷന്തവ്യമായ അപരാധമാണവർ ചെയ്യുന്നത്.

*"എങ്കിൽ ദിവ്യശക്തിയുണ്ടെന്നവകാശപ്പെടുന്ന മുസ്‌ലിം സിദ്ധന്മാരോ?"*

തനി വ്യാജന്മാരാണവർ. ദൈവത്തിനല്ലാതെ മറ്റാർക്കും ഒരുവിധ അഭൗതിക കഴിവോ സിദ്ധികളോ ഇല്ല. അഭൗതിക മാർഗേണ ആർക്കെങ്കിലും ഒരു തലവേദനയോ വയറുവേദനയോ മനോരോഗം പോലുമോ നൽകാനാർക്കും സാധ്യമല്ല. സാധ്യമാകുമായിരുന്നുവെങ്കിൽ ക്ലിന്റൺ മോണിക്കക്കെതിരെയും സദ്ദാം ഹുസൈനെതിരെയും ലോകത്തു കിട്ടാവുന്ന എല്ലാ ഭഗവാന്മാരെയും അമ്മമാരെയും പുണ്യവാളന്മാരെയും സിദ്ധന്മാരെയും കൂട്ടുപിടിച്ച് അങ്ങനെ ചെയ്യുമായിരുന്നു. സിദ്ധന്മാരായി ചമയുകയും ഔലിയാക്കളായി വാഴുകയും ചെയ്യുന്നവർക്ക് വല്ല കഴിവുമുണ്ടെങ്കിൽ ഫലസ്തീനികളെ ക്രൂരമായി പീഡിപ്പിക്കുന്ന ഇസ്രയേൽ ഭരണാധികാരിക്ക് മാറാത്ത തലവേദനയോ വയറുവേദനയോ നൽകട്ടെ. സാധ്യമല്ലെന്നതാണ് സത്യം. സ്വന്തത്തെ പോലും രക്ഷിക്കാൻ കഴിയാത്തവരാണ് അഭൗതിക സിദ്ധികളും അമാനുഷ കഴിവുകളും അവകാശപ്പെടുന്ന എല്ലാവരും. ഈയിടെ വധിക്കപ്പെട്ട, സിദ്ധനായി വിലസിയിരുന്ന തിരുവില്വാമലയിലെ ഫക്കീർ ഉപ്പാപ്പയുടെ അനുഭവം തന്നെ ഇതിനു സാക്ഷിയാണ്. അന്ധവിശ്വാസത്തിനടിപ്പെട്ടവർ സത്യസ്ഥിതി മനസ്സിലാക്കുന്നില്ലെന്നു മാത്രം.

## ആറ്

# വിഗ്രഹാരാധനയെ എന്തിനെതിര്‍ക്കുന്നു?

*“മുസ്‌ലിംകള്‍ ധരിക്കുന്നതുപോലെ ഞങ്ങള്‍ ബഹുദൈവവിശ്വാസികളോ ബഹുദൈവാരാധകരോ അല്ല. ദൈവം ഏകനാണെന്ന് വിശ്വസിച്ച് ദൈവത്തെ ആരാധിക്കുന്നവരാണ്. വിഗ്രഹങ്ങള്‍ പ്രതിഷ്ഠിക്കുന്നത് ദൈവത്തെ ഓര്‍ക്കാനും ദൈവത്തില്‍ ശ്രദ്ധ കേന്ദ്രീകരിക്കാനുമാണ്. എന്നിട്ടും നിങ്ങളെന്തിനാണ് വിഗ്രഹാരാധനയെ കുറ്റപ്പെടുത്തുന്നത്?”*

ഇസ്‌ലാം ദൈവത്തിന്റെ ഏകത്വം ഊന്നിപ്പറയുന്നു. അവനെ മാത്രമേ വിളിച്ചു പ്രാര്‍ഥിക്കുകയും ആരാധിക്കുകയും ചെയ്യാവൂ എന്ന് കണിശമായി കല്‍പിക്കുന്നു. ദൈവത്തിന്റെ സത്തയിലും ഗുണവിശേഷങ്ങളിലും അധികാരാവകാശങ്ങളിലും അവനു പങ്കുകാരെ കല്‍പിക്കുന്നത് അക്ഷന്തവ്യമായ അപരാധമായി കണക്കാക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ നിരവധി കാരണങ്ങളാല്‍ വിഗ്രഹാരാധനയോട് വിയോജിക്കേണ്ടിവരുന്നു.

1. ദൈവം അരൂപിയും അദൃശ്യനുമാണെന്ന് ഹിന്ദുമതമുള്‍പ്പെടെ ലോകത്തിലെ എല്ലാ മതങ്ങളും ഉദ്ഘോഷിക്കുന്നു.

കേനോപനിഷത്തിലിങ്ങനെ കാണാം:

“യന്മനസാ ന മനുതേ യേനാഹുര്‍മനോമതം
തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ” (1: 6)

(മനസ്സിന് അറിവാന്‍ കഴിയാത്തതും എന്നാല്‍ മനസ്സിന് അറിവാനുള്ള കഴിവിനെ നല്‍കുന്നതുമായതിനെ ബ്രഹ്മമെന്ന് അറിയുക. ഇതാണ് ബ്രഹ്മം എന്നു വിചാരിച്ച് ഉപാസിക്കുന്നതൊന്നും ബ്രഹ്മമല്ല.)

“യച്ചക്ഷുഷാ ന പശ്യതി യേന ചക്ഷൂംഷി പശ്യതി
തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ” (1:7)

(കണ്ണുകൊണ്ട് കാണ്മാന്‍ കഴിയാത്തതും കണ്ണുകൊണ്ട് വിഷയങ്ങളെ കാണുന്നതിന് ഹേതുഭൂതമായിട്ടുള്ളതുമേതോ അത് ബ്രഹ്മമെന്നറിഞ്ഞാലും. ഇതാണതെന്ന നിലയില്‍ ഉപാസിക്കുന്നതൊന്നും ബ്രഹ്മമല്ല.)

“യത് ശ്രോത്രേണ ന ശൃണോതി യേന ശ്രോത്രമിദം ശ്രുതം
തദേവ ബ്രഹ്മ ത്വം വിദ്ധി നേദം യദിദമുപാസതേ”(1: 8)

(ചെവികൊണ്ട് കേള്‍ക്കാന്‍ കഴിയാത്തതും എന്നാല്‍ ചെവിക്ക് കേള്‍ക്കാനുള്ള കഴിവ് നല്‍കുന്നതുമായതേതോ അതാണ് ബ്രഹ്മമെന്നറിഞ്ഞാലും.

അതാണിതെന്ന നിലയിൽ ഉപാസിക്കുന്നതൊന്നും ബ്രഹ്മമല്ല.)

ദൈവം നിരാകാരനാണെന്ന് ഹൈന്ദവദർശനം അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. ഉപനിഷത്ത് ദൈവത്തെ വിശേഷിപ്പിച്ചത് 'നിർഗത ആകാരാത് സ നിരാകാരഃ'- യാതൊരുവന് ആകൃതിയൊന്നുമില്ലയോ അങ്ങനെയുള്ളവൻ- എന്നാണ് (സ്വാമി ദയാനന്ദ സരസ്വതി, സത്യാർഥപ്രകാശം, ആര്യപ്രാദേശിക പ്രതിനിധി സഭ, പഞ്ചാബ്, പുറം 38)

സ്വാമി ദയാനന്ദ സരസ്വതി എഴുതുന്നു: "ഈശ്വരൻ നിരാകാരനാകുന്നു. എന്തെന്നാൽ സാകാരനാണെങ്കിൽ വ്യാപകനായിരിക്കുന്നതല്ല. വ്യാപകനല്ലെങ്കിൽ സർവജ്ഞത്വം മുതലായ ഗുണങ്ങൾ ഈശ്വരനിൽ ഘടിക്കുകയില്ല. എന്തെന്നാൽ പരിഛിന്നമായ വസ്തുവിലുള്ള ഗുണ-കർമ-സ്വഭാവങ്ങളും പരിഛിന്നങ്ങളായിരിക്കുമല്ലോ. എന്നു മാത്രമല്ല, ഈശ്വരൻ സാകാരനാണെങ്കിൽ ശീതോഷ്ണങ്ങൾ, രോഗങ്ങൾ, ദോഷങ്ങൾ, ഛേദനം, ഭേദനം മുതലായ ക്രിയകളൊന്നുമേൽക്കാത്തവനായിരിപ്പാൻ കഴിയുകയില്ല. അതിനാൽ ഈശ്വരൻ നിരാകാരനാണെന്നുതന്നെയാണ് തീരുമാനിക്കപ്പെടുന്നത്."(സത്യാർഥപ്രകാശം, പുറം 288)

ഖുർആൻ പറയുന്നു: "അല്ലാഹു സകല വസ്തുക്കളെയും സൃഷ്ടിച്ചിരിക്കുന്നു. അവൻ സകല സംഗതികളും അറിയുകയും ചെയ്യുന്നു. അവനാകുന്നു നിങ്ങളുടെ നാഥനായ ദൈവം. അവനല്ലാതെ ഒരു ആരാധ്യനുമില്ല. സകല വസ്തുക്കളുടെയും സ്രഷ്ടാവാണവൻ. അതിനാൽ നിങ്ങൾ അവനെ അനുസരിച്ചു ജീവിക്കുക. അവൻ എല്ലാ കാര്യങ്ങളുടെയും ഉത്തരവാദിത്വമേറ്റവനാകുന്നു. കണ്ണുകൾക്കവനെ കാണാനാവില്ല. അവനോ, കണ്ണുകളെ കണ്ടുകൊണ്ടിരിക്കുന്നു. അവൻ സൂക്ഷ്മദൃക്കും അഭിജ്ഞനുമല്ലോ"(6:101-103).

അരൂപിയും അദൃശ്യനുമായ ദൈവത്തിന് രൂപം സങ്കൽപിക്കുന്നത് കൃത്രിമമാണ്. മിഥ്യയെ സത്യവുമായി കലർത്തലാണ്. അത് ദൈവത്തെ സംബന്ധിച്ച് വളരെ തെറ്റായ സങ്കൽപം വിശ്വാസികളിൽ വളർത്തുന്നു. അതുകൊണ്ടുതന്നെ അത് ദൈവത്തോടു ചെയ്യുന്ന കടുത്ത അനീതിയാണ്.

ഇതു സംബന്ധമായി ബ്രഹ്മാനന്ദ സ്വാമി ശിവയോഗി എഴുതുന്നു: "നമ്മുടെ പിതാവിന്റെയോ ഗുരുവിന്റെയോ മറ്റോ ഛായയെടുത്തുവെച്ച് അവരുടെ അഭാവത്തിൽ അവരെ കണ്ട് സന്തോഷിക്കുന്നു; വന്ദിക്കുന്നു. അപ്രകാരം ക്ഷേത്രത്തിൽ ദൈവത്തിന്റെ പ്രതിമവെച്ച് പൂജിച്ച് സന്തോഷിക്കുന്നതാകുന്നു. അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ സ്വല്പബുദ്ധികൾക്ക് ദൈവം ഉണ്ടെന്ന് മനസ്സിലാകുന്നത് എങ്ങനെയാണ്? എന്ന് കാർമൻമാർ വാദിക്കുന്നു. ഇതും അസംബന്ധം തന്നെ. പിതാവിനെയും ഗുരുവിനെയും മറ്റും കണ്ടുംകൊണ്ടാണ് ഫോട്ടോ എടുക്കുന്നത്. ആ ഛായയിൽ അവരുടെ ആകൃതിവടിവും ഉണ്ട്. ദൈവത്തിന് ആകൃതിയില്ല. പിന്നെ എങ്ങനെ ഛായയെടുത്തു? ആർ എടുത്തു? ബിംബപ്പണിക്കാരും മറ്റും കല്ലുകളിലും വല്ലതിലും കൊത്തുന്നതും വരക്കുന്നതുമാണോ ദൈവത്തിന്റെ ഛായ? ഇങ്ങനെ നാനാ വിഗ്രഹരൂപത്തിനാൽ ദൈവസ്വരൂപത്തെയും ആരാധനാക്രമത്തെയും തെറ്റിദ്ധരിപ്പിക്കുന്നത് മഹാ അനർഥമാകുന്നു." (വിഗ്രഹാരാധനാഖണ്ഡനം, പ്രസാധകർ: നിർമലാനന്ദയോഗി, പ്രസിഡന്റ് ബ്രഹ്മാ

നന്ദ ശിവയോഗി സിദ്ധാശ്രമം, ആലത്തൂർ; പുറം 28, 29)

2. നമ്മിൽ ശ്രദ്ധ കേന്ദ്രീകരിക്കാനോ നമ്മെ ഓർക്കാനോ വേണ്ടി കുരങ്ങന്റെയോ നായയുടെയോ ചിത്രമോ പ്രതിമയോ സ്ഥാപിക്കുന്നത് നാമാരും ഇഷ്ടപ്പെടുകയില്ലല്ലോ. കാരണം, കുരങ്ങനും നായയുമൊക്കെ നമ്മേക്കാൾ നിസ്സാരവും താഴെയുമാണെന്ന് നാം ധരിക്കുന്നു. അവ്വിധം തന്നെ ഈ പ്രപഞ്ചത്തിലുള്ള എല്ലാ വസ്തുക്കളും ദൈവത്തിന്റെ സൃഷ്ടികളും അവനോട് താരതമ്യം ചെയ്യാനാവാത്ത വിധം നന്നേ നിസ്സാരവുമാണ്. അവയിലേതെങ്കിലും ഒന്നിനെ, ദൈവത്തെ ഓർക്കാനും അവനിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുമായി സ്ഥാപിക്കുന്നത് ദൈവത്തോടു ചെയ്യുന്ന കടുത്ത അനീതിയാണ്; അതുകൊണ്ടുതന്നെ അക്ഷന്തവ്യമായ അപരാധവും.

3. ദൈവത്തെ ആരാധിക്കേണ്ടത് എങ്ങനെയാണെന്ന് പറയേണ്ടത് ദൈവമാണ്. വിഗ്രഹമോ പ്രതിമകളോ പ്രതിഷ്ഠകളോ സ്ഥാപിച്ചാണ് തന്നെ ആരാധിക്കേണ്ടതെന്ന് ദൈവം പറഞ്ഞിട്ടില്ല. അത്തരമൊരു ആരാധനാരീതി പഠിപ്പിച്ചിട്ടുമില്ല. എന്നല്ല, വിഗ്രഹങ്ങളോ പ്രതിഷ്ഠകളോ സ്ഥാപിച്ച് ആരാധന നടത്തരുതെന്ന് കണിശമായി കൽപിക്കുകയും ചെയ്തിട്ടുണ്ട്.

4. സാക്ഷാൽ ദൈവത്തെയല്ലാതെ വിളിച്ചു പ്രാർഥിക്കുന്നതും ആരാധിക്കുന്നതും അരുതാത്തതാണെന്ന് ഇസ്‌ലാമിനെപ്പോലെ ഹിന്ദുമതവും പഠിപ്പിക്കുന്നുണ്ട്. വിഗ്രഹാരാധന ബഹുദൈവാരാധനയല്ലെങ്കിൽ അന്യാരാധനയെ വിമർശിക്കേണ്ടതില്ലല്ലോ. ഛന്ദോഗ്യോപനിഷത്തിൽ ഇങ്ങനെ കാണാം: “ഓമിത്യേതദക്ഷരമുദ്ഗീഥമുപാസീത” (ഓംകാരം യാതൊരുവന്റെ നാമധേയമാണോ, യാതൊരുവൻ ഒരിക്കലും നശിക്കയില്ലയോ അവനെയാണ് ഉപാസിക്കേണ്ടത്; മറ്റൊരുവനെയല്ല.)

വിഖ്യാതമായ ഹൈന്ദവസ്തോത്രത്തിലിങ്ങനെ കാണാം:

“ത്വമേകം വരണ്യം ത്വമേകം ശരണ്യം
ത്വമേകം ജഗത്കാരണം വിശ്വരൂപം”

(നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടുമാത്രം ഞങ്ങൾ ശരണം തേടുന്നു. ലോകോല്പത്തിക്കു കാരണം നീ തന്നെ. നീ വിശ്വരൂപം.)

ശ്വേതാശ്വതരോപനിഷത്തിലിങ്ങനെ കാണാം:

“തമീശ്വരാണാം പരമം മഹേശ്വരം
തം ദേവതാനാം പരമം ച ദൈവതം
പതിം പതീനാം പരമം പരസ്താത്
വിദാമ ദേവം ഭുവനേശമീഡ്യം” (6-7)

(അത് എല്ലാ ഈശ്വരന്മാരുടെയും മഹാനായ ശാസകനും സർവ ദേവന്മാർക്കും പരമാരാധ്യനും സമസ്ത പതികളുടെയും പതിയും [സംരക്ഷകൻ] സമസ്ത ബ്രഹ്മാണ്ഡനായകനും ആകുന്നു. സ്തുത്യർഹനും പ്രകാശസ്വരൂപനുമായ അത് സർവത്തിനും അതീതമാണെന്ന് നാം മനസ്സിലാക്കുന്നു.)

ഗീതയിലിങ്ങനെ കാണാം:

യാന്തി ദേവപ്രതാ ദേവാന് പിതൃന് യാന്തി പിതൃ വ്രതാഃ
ഭൂതാനി യാന്തി ഭൂതേ ജ്യായാന്തി മദ്‌യാജിനോ f ഹമാം.

(ദേവന്മാരെ ഉപാസിക്കുന്നവർ ദേവന്മാരെ പ്രാപിക്കുന്നു. പിതൃക്കളെ ആരാ

ധിക്കുന്നവർ പിതൃക്കളെ അണയുന്നു. ഭൂതങ്ങളെ ഉപാസിക്കുന്നവർ ഭൂതങ്ങളിലെത്തുന്നു. എന്നാൽ എന്നെ ഉപാസിക്കുന്നവർ എന്നെ പ്രാപിക്കുന്നു.) (ഉദ്ധരണം: വിദ്യവാചാസ്പതി വി. പനോളി, 'ശ്രീശങ്കരദർശനം', പുറം 91)

സ്വാമി ദയാനന്ദ സരസ്വതി എഴുതുന്നു: "സ്തുതി, പ്രാർഥന, ഉപാസന എന്നിവയെല്ലാം ശ്രേഷ്ഠനായിട്ടുള്ളവനു മാത്രമേ ചെയ്യപ്പെടാറുള്ളൂ. ഗുണം, കർമം, സ്വഭാവം, സത്യവ്യവഹാരം എന്നീ വിഷയങ്ങളിൽ മറ്റെല്ലാവരെക്കാളും ഉൽക്കർഷം ആർക്കുണ്ടോ അവനെയാണ് ശ്രേഷ്ഠൻ എന്നു പറയേണ്ടത്. ആർ ശ്രേഷ്ഠന്മാരിൽ വച്ച് ശ്രേഷ്ഠനാകുന്നുവോ അവനെ പരമേശ്വരൻ എന്നു പറയുന്നു. മറ്റൊരുവനേയുമല്ല. അവന് തുല്യനായിട്ട് ഒരുവൻ ഇതിനു മുമ്പ് ഉണ്ടായിട്ടില്ല. ഇപ്പോൾ ഇല്ല. ഇനിമേൽ ഉണ്ടാവുകയുമില്ല. അങ്ങനെയിരിക്കെ അവനെക്കാൾ ഉൽകൃഷ്ടനായി ഒരുവൻ ഉണ്ടാകുന്നത് എങ്ങനെ? സത്യം, ന്യായം, ദയ, സർവകർമസാമർഥ്യം, സർവജ്ഞത്വം മുതലായ അസംഖ്യം ഗുണങ്ങൾ അവന്നുള്ളതുപോലെ മറ്റൊരു ജഡപദാർഥത്തിനോ ജീവാത്മാവിനോ ഇല്ല. സത്യസ്വരൂപമായി വിളങ്ങുന്ന വസ്തുവിന്റെ ഗുണകർമ സ്വഭാവങ്ങളും സത്യങ്ങളായിത്തന്നെയിരിക്കും. അതിനാൽ മനുഷ്യരെല്ലാം പരമേശ്വരനെയാണ് സ്തുതിക്കുകയും പ്രാർഥിക്കുകയും ഉപാസിക്കുകയും ചെയ്യേണ്ടത്. മറ്റൊരുവനെയുമല്ല. ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്ന പേരോടു കൂടിയ പുരാതനന്മാരായ വിദ്വാന്മാരും ദൈത്യന്മാർ, ദാനവന്മാർ തുടങ്ങിയ നികൃഷ്ട മനുഷ്യരും മറ്റുള്ള സാധാരണ മനുഷ്യരും പരമേശ്വരനിൽ പൂർണവിശ്വാസത്തോടുകൂടി അദ്ദേഹത്തെത്തന്നെയാണ് സ്തുതിക്കുകയും പ്രാർഥിക്കുകയും ഉപാസിക്കുകയും ചെയ്തിരുന്നത്. വേറൊരുവനെയല്ല. അതുകൊണ്ട് നമ്മളെല്ലാവരും അപ്രകാരം ചെയ്യുന്നതാണുചിതമായിട്ടുള്ളത്"(സത്യാർഥപ്രകാശം, പുറം 12,13).

ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവരെപ്പോലും സ്തുതിക്കുകയോ പ്രാർഥിക്കുകയോ ഉപാസിക്കുകയോ ചെയ്യരുതെന്നാണല്ലോ ഇതിന്റെയർഥം. ഇക്കാര്യം ശ്രീ വാഗ്ഭടാനന്ദ ഗുരുവും അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. (വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ. ഒന്നാം പതിപ്പ്, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്. പുറം 357-359).

ബ്രഹ്മാനന്ദ സ്വാമി ശിവയോഗി വസിഷ്ഠനിൽനിന്ന് ഉദ്ധരിക്കുന്നു:

നട്ടകല്ലെത്തൈവമെൻറു നാലു പുഷ്പം ചാർത്തുരിർ
ചുറ്റിവന്തുമൊണൻറു ചൊല്ലുമന്തിരമെതക്കടോ
നട്ടുകല്ലു പേയുമോ നാതതുള്ളിരുക്കയിൽ
ചുട്ടചട്ടിചട്ടുകം കറിച്ചുവൈയറിയുമോ

(ഒരു കല്ലിനെ പ്രതിഷ്ഠിക്കുന്നു. അതിൽ ഈശ്വര ഭാവനയോടു കൂടി പൂജിക്കുന്നു. അതിനെ പ്രദക്ഷിണം വെക്കുന്നു. മന്ത്രം ജപിക്കുന്നു. ആ പ്രതിഷ്ഠിച്ച കല്ലു കേൾക്കുമോ? കറിവെക്കുന്ന ചട്ടിയോ കറിയിളക്കുന്ന ചട്ടുകമോ, കറിയുടെ രസത്തെ അറിയുമോ?) (വിഗ്രഹാരാധനാ ഖണ്ഡനം, പുറം 7)

5. സാധാരണക്കാർക്ക് ആരാധിക്കാൻ വിഗ്രഹം വേണമെന്ന വാദത്തെ ബ്രഹ്മാനന്ദസ്വാമി ശിവയോഗി ഇങ്ങനെ ഖണ്ഡിക്കുന്നു: "കുട്ടികൾക്ക് ചെറിയ കുപ്പായം വേണം. വലിയ കുപ്പായം പറ്റുകയില്ല. അപ്രകാരം അല്പ

ബുദ്ധികൾക്ക് വിഗ്രഹാരാധന വേണം. ബ്രഹ്മധ്യാനത്തിന് കഴിയുകയില്ല' എന്ന് വാദിക്കുന്നു. ഇത് 'കുട്ടികൾക്ക് കാണ്മാൻ ഒരു ചെറിയ സൂര്യൻ വേണം. വലിയ സൂര്യന്റെ വെളിച്ചം നോക്കിയാൽ കാണുകയില്ല' എന്നു പറയുന്നപോലെ അസംബന്ധമാകുന്നു."(വിഗ്രഹാരാധനാഖണ്ഡനം)

6. വിഗ്രഹാരാധകരായ മഹാഭൂരിപക്ഷവും വിഗ്രഹങ്ങൾക്ക് പ്രത്യേക മായ പുണ്യവും ദിവ്യത്വവും കൽപിക്കുന്നവരാണ്. ആരുടെ പ്രതിഷ്ഠ യാണോ, അവരുടെ ചൈതന്യം അതിൽ ആവാഹിക്കപ്പെട്ടതായാണ് വിഗ്ര ഹാരാധകരുടെ വിശ്വാസം. മറിച്ച്, ശ്രദ്ധ കേന്ദ്രീകരിക്കാൻ മാത്രമായിരു ന്നെങ്കിൽ മുന്നിൽ എന്തെങ്കിലുമൊന്ന് വച്ചാൽ മതിയല്ലോ. എന്നു മാത്ര മല്ല, നിലവിലുള്ള വിഗ്രഹം മാറ്റി മറ്റു വല്ലതും വച്ചാൽ എതിർക്കപ്പെടുക യുമില്ല. എന്നാൽ തങ്ങളാരാധിക്കുന്ന വിഗ്രഹത്തെ മാറ്റുന്നത് വിശ്വാസി കൾക്ക് സങ്കൽപിക്കുക പോലും സാധ്യമല്ല. അതിനാൽ വിഗ്രഹം ദൈവ ത്തെ ഓർക്കാനും ശ്രദ്ധ കേന്ദ്രീകരിക്കാനും മാത്രമാണെന്ന വാദം വസ്തു നിഷ്ഠമല്ല. അത് ബഹുദൈവാരാധന തന്നെയാണ്. അതിനാലാണ് ഛന്ദോ ഗ്യോപനിഷത്തിനും സ്വാമി ദയാനന്ദ സരസ്വതിക്കും വാഗ്ഭടാനന്ദഗുരു വിനുമെല്ലാം അന്യദൈവാരാധനയെ എതിർക്കേണ്ടിവന്നത്.

7. ദൈവം അദ്വിതീയനും അതുല്യനും അസദൃശനുമാണെന്ന് എല്ലാ മതങ്ങളും പറയുന്നു. ദൈവത്തെ സംബന്ധിച്ച് ഇന്നതുപോലെ എന്നു പോലും പറയുക സാധ്യമല്ല. അതോടൊപ്പം മനുഷ്യന്റെ കണ്ണും മനസ്സും എവിടെയാണോ കേന്ദ്രീകരിക്കുന്നത് അതിന്റെ പ്രതിരൂപമാണ് മനസ്സിൽ പതിയുക. വിഗ്രഹാരാധകന്റെ മനസ്സിൽ വിഗ്രഹത്തിന്റെ പ്രതിബിംബമാണ് സ്ഥാനം പിടിക്കുക. അതിനാൽ ആരാധകന്റെ മനസ്സിൽ ദൈവത്തിനു പ കരം വിഗ്രഹമാണ് സ്ഥാനം പിടിക്കുക. അങ്ങനെ ദൈവത്തിന്റെ സ്ഥാനം വിഗ്രഹം കൈയടക്കുന്നു.

8. ആരാധ്യനോടുള്ള ആത്യന്തികമായ ആദരവിനാൽ ആരാധകൻ പര മമായ വിനയത്തോടെ നിർവഹിക്കുന്ന കർമമാണല്ലോ ആരാധന. സൃഷ്ടി കളിൽ ശ്രേഷ്ഠനായ മനുഷ്യൻ അത് തന്നെപ്പോലുള്ളവർക്കോ തന്നേ ക്കാൾ താഴെയുള്ളവയ്ക്കോ അർപ്പിക്കുന്നത് തന്റെ മഹിതമായ പദവിക്കും മാന്യതക്കും നിരക്കുന്നതല്ല. അതുകൊണ്ടുതന്നെ ദൈവേതരർക്കുള്ള ആരാ ധന സ്വന്തത്തോടുള്ള അതിക്രമം കൂടിയായാണ് ഇസ്‌ലാം കാണുന്നത്. സർവോപരി, സ്വാമി ദയാനന്ദ സരസ്വതി വ്യക്തമാക്കിയപോലെ പരമമായ ആദരവ് അർപ്പിക്കേണ്ടത് അതർഹിക്കുന്നവനാണ്. ശ്രേഷ്ഠതയിലും മഹ ത്വത്തിലും ജ്ഞാനത്തിലും ശക്തിയിലും പൂർണതയുള്ളവൻ ദൈവം മാത്ര മാണ്. അതിനാൽ അവൻ മാത്രമേ ആരാധന അർഹിക്കുന്നുള്ളൂ. അതവ നുമാത്രം അവകാശപ്പെട്ടതുമാണ്. ദൈവത്തിനു മാത്രം അവകാശപ്പെട്ടത് മറ്റുള്ളവർക്ക് നൽകൽ ദൈവഹിതത്തിനെതിരും അവയെ ദൈവത്തിന്റെ സ്ഥാനത്ത് അവരോധിക്കലുമാണ്. വിഗ്രഹാരാധന കൊടിയ പാപമാകാ നുള്ള കാരണവും അതുതന്നെ.

ഏഴ്

# കഅ്ബയിലെ കറുത്ത കല്ലും ശിലാപൂജയും

*“വിഗ്രഹാരാധനയെ ശക്തമായെതിർക്കുന്ന മതമാണല്ലോ ഇസ്‌ലാം. എന്നിട്ടും കഅ്ബയിൽ ഒരു കറുത്ത കല്ല് പ്രതിഷ്ഠിച്ചത് എന്തിനാണ്? മറ്റെല്ലാ ബിംബങ്ങളെയും എടുത്തുമാറ്റിയപ്പോൾ അതിനെ മാത്രം നിലനിർത്തിയത് എന്തിന്? ശിലാപൂജ ഇസ്‌ലാമിലും ഉണ്ടെന്നല്ലേ ഇത് വ്യക്തമാക്കുന്നത്?”*

ഈ ചോദ്യം സമൂഹത്തിൽ നിലനിൽക്കുന്ന വ്യാപകമായ തെറ്റുധാരണയിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിനാൽ ചില കാര്യങ്ങളിവിടെ വ്യക്തമാക്കാനാഗ്രഹിക്കുന്നു:

1. കഅ്ബയിലെ കറുത്ത കല്ല്(ഹജറുൽ അസ്‌വദ്) ചരിത്രത്തിലൊരിക്കലും ആരാലും ആരാധിക്കപ്പെട്ടിട്ടില്ല. വിശുദ്ധ കഅ്ബയിലും പരിസരത്തും മുന്നൂറ്റി അറുപതിലേറെ വിഗ്രഹങ്ങൾ പൂജിക്കപ്പെട്ടപ്പോഴും ആരും അതിനെ പൂജിച്ചിരുന്നില്ല. പ്രവാചകനിയോഗത്തിനു മുമ്പുള്ള വിഗ്രഹാരാധനയുടെ കാലത്തും ഹജറുൽ അസ്‌വദ് ആരാധ്യവസ്തുവായിരുന്നില്ലെന്നതാണ് വസ്തുത.

2. ലോകത്തിലെ ഏത് പൂജാവസ്തുവും അതിന്റെ സ്വന്തം പേരിലറിയപ്പെടാറില്ല. ഏതിന്റെ പ്രതിഷ്ഠയാണോ അതിന്റെ പേരിലാണത് അറിയപ്പെടുക. ബ്രഹ്മാവ്, വിഷ്ണു, ശിവൻ, കൃഷ്ണൻ, ഗുരുവായൂരപ്പൻ പോലുള്ളവരുടെ വിഗ്രഹങ്ങൾ അവരുടെ പേരിലാണ് വിളിക്കപ്പെടുക. അല്ലാതെ കല്ലിൻ കഷണം, മരക്കുറ്റി, ഓട്ടിൻകഷണം, മൺകൂന എന്നിങ്ങനെ, എന്തുകൊണ്ടാണോ അവ നിർമിക്കപ്പെട്ടത് അവയുടെ പേരിലല്ല. എന്നാൽ കഅ്ബയിലെ കറുത്ത കല്ല് അതേ പേരിലാണ് അറിയപ്പെടുന്നത്. കറുത്ത കല്ല് എന്നതിന്റെ അറബിപദമാണ് ‘ഹജറുൽ അസ്‌വദ്’ എന്നത്. അത് പ്രതിഷ്ഠയോ പൂജാവസ്തുവോ വിഗ്രഹമോ അല്ലെന്നതിന് ഈ നാമം തന്നെ മതിയായ തെളിവാണ്.

3. നൂറും അഞ്ഞൂറും ആയിരവും മീറ്റർ ഓട്ടമത്സരം നടക്കുമ്പോൾ ഓട്ടം ആരംഭിക്കുന്നേടത്ത് ഒരടയാളമുണ്ടാകുമല്ലോ. അവ്വിധം വിശുദ്ധ

കഅ്ബക്കു ചുറ്റും പ്രയാണം നടത്തുമ്പോൾ അതാരംഭിക്കാനുള്ള അടയാളമാണ് ഹജറുൽ അസ്‌വദ്. അതിനപ്പുറം അതിന് പ്രത്യേക പുണ്യമോ ദൈവികതയോ കൽപിക്കാൻ പാടില്ലെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. പ്രവാചകന്റെ അടുത്ത അനുയായിയും രണ്ടാം ഖലീഫയുമായ ഉമറുൽ ഫാറൂഖ് ഇക്കാര്യം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ആ കല്ലിന് പ്രത്യേക പുണ്യം ആരും കൽപിക്കാതിരിക്കാനായി അദ്ദേഹം പറഞ്ഞു: "നീ കേവലം ഒരു കല്ലാണ്. നബി തിരുമേനി നിന്നെ ചുംബിച്ചില്ലായിരുന്നുവെങ്കിൽ നിന്നെ ഞാനൊരിക്കലും മുത്തുമായിരുന്നില്ല."

*"കഅ്ബക്കു ചുറ്റുമുള്ള പ്രയാണത്തിന് പ്രാരംഭം കുറിക്കാൻ അടയാളമായി കല്ലുതന്നെ വേണമെന്നുണ്ടോ?"*

"ഇതിന്റെ കാരണം തീർത്തും ചരിത്രപരമാണ്. അല്ലാഹുവിനെ ആരാധിക്കാനായി ആദ്യമായി നിർമിക്കപ്പെട്ട ഭവനമാണ് കഅ്ബ. ദൈവം നിശ്ചയിച്ച സ്ഥലത്ത് ഇബ്റാഹീം നബിയും മകൻ ഇസ്മാഈൽ നബിയും കൂടിയാണത് നിർമിച്ചത്. ആ വിശുദ്ധ മന്ദിരത്തിന്റെ ഭാഗമെന്ന് തീർച്ചയുള്ള കല്ലാണ് ഹജറുൽ അസ്‌വദ്. അതിനാൽ പ്രവാചകൻമാർ പണിത ദേവാലയത്തിന്റെ ഭാഗമെന്ന ചരിത്രപരമായ പ്രാധാന്യമാണ് ആ കറുത്ത കല്ലിനുള്ളത്.

*"ദിവ്യത്വം കൽപിക്കപ്പെടുന്ന ആരാധ്യവസ്തുവല്ലെങ്കിൽ എന്തിനാണ് അതിനെ ചുംബിക്കുന്നത്?"*

മനുഷ്യർ പതിവായി ചുംബിക്കാറുള്ളത് ആരാധ്യവസ്തുക്കളെയല്ലല്ലോ; സ്നേഹിക്കപ്പെടുന്നവയെയാണല്ലോ. തന്റെ പൂർവികരായ ഇബ്റാഹീം നബിയും ഇസ്മാഈൽ നബിയും പണിത ദൈവിക ഭവനത്തിന്റെ ഭാഗമെന്ന നിലയിൽ മുഹമ്മദ് നബി അതിനെ സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തു. തന്റെ വിടവാങ്ങൽ തീർഥാടനത്തിൽ പ്രവാചകൻ അതിനെ ചുംബിച്ചു. അതിനാൽ എക്കാലവും എല്ലാ തീർഥാടകരും അതിനെ ചുംബിച്ചുവരുന്നു. പിന്നാലെ വരുന്ന വിശ്വാസികൾ തന്റെ മാതൃക പിന്തുടരുമെന്ന് പ്രവാചകന്നറിയാമായിരുന്നു. എന്നിട്ടും പ്രവാചകനതു ചെയ്തു. പിൻഗാമികളുടെ ചുണ്ടുകൾ തന്റെ ചുംബനത്തിന്റെ ഓർമകളുമായി കറുത്ത കല്ലിൻമേൽ പതിയുമെന്ന പ്രതീക്ഷയോടെത്തന്നെ. അതിനാൽ ഉപകാരമോ ഉപദ്രവമോ ചെയ്യാനാവാത്ത വെറുമൊരു കല്ല് മാത്രമാണതെന്ന് അദ്ദേഹം പ്രത്യേകം ഊന്നിപ്പറഞ്ഞു.

ഹജറുൽ അസ്‌വദിനുള്ള ചുംബനം പ്രവാചകനോടുള്ള സ്നേഹപ്രകടനം മാത്രമത്രെ. അതിൽ ആരാധനാവികാരമില്ല. ഉണ്ടാകാവതുമല്ല. കാലത്തിനപ്പുറത്തേക്ക് തന്റെ മുഴുവൻ അനുയായികൾക്കുമായി നബിതിരുമേനി അർപ്പിച്ച പ്രതീകാത്മകമായ പരിരംഭണത്തിൽ പങ്കുചേരുകയാണ് അതിനെ ഉമ്മവയ്ക്കുന്നവരൊക്കെയും. നിരവധി നൂറ്റാണ്ടുകളിലെ അനേകം തലമുറകളിലെ കോടാനുകോടി വിശ്വാസികളുടെ അധരസ്പർശമേറ്റിടത്ത് സ്വന്തം ചുണ്ടുകൾ വയ്ക്കുന്നതിലൂടെ വിശ്വാസി തന്നെ പൂർവികരുമായി ബന്ധിപ്പിക്കുകയാണ് ചെയ്യുന്നത്. നൂറ്റാണ്ടുകളിലൂടെ അവിരാമം തുടർന്നുവരുന്ന വിശ്വാസി സമൂഹത്തിന്റെ മഹാപ്രവാഹത്തിലെ ഒരു കണിക മാത്ര

മാണ് താനെന്ന ബോധം അത് തീർഥാടകനിലുണർത്തുന്നു. അങ്ങനെ നിരവധി നൂറ്റാണ്ടുകളിലൂടെ പരന്നുകിടക്കുന്ന പൂർവികരുമായി തന്നെ വൈകാരികമായി ബന്ധിക്കുന്നു. അത് മാനവതയുടെ ഏകതയെക്കുറിച്ച അവബോധം വളർത്തുകയും അവാച്യമായ അനുഭൂതി നൽകുകയും ചെയ്യുന്നു. അതിനപ്പുറം ആ കറുത്ത കല്ലിന് ദൈവികത കൽപിക്കുകയോ, അതിനെ പ്രതിഷ്ഠയായി ഗണിക്കുകയോ, ആരാധനാ വികാരത്തോടെ തൊടുകയോ ചുംബിക്കുകയോ വീക്ഷിക്കുകയോ ചെയ്യുന്നത് അക്ഷന്തവ്യമായ അപരാധമാണ്. അത് ഇസ്‌ലാം കണിശമായി വിലക്കിയ ബഹുദൈവാരാധനയുടെ ഭാഗമത്രെ.

## എട്ട്

# അദ്വൈതത്തെ അംഗീകരിക്കാത്തതെന്തുകൊണ്ട്?

*"അദ്വൈതസിദ്ധാന്തത്തെ ഇസ്‌ലാം അംഗീകരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?"*

ശ്രീശങ്കരാചാര്യരാണ് ഒരു സിദ്ധാന്തമെന്ന നിലയിൽ അദ്വൈതത്തെ പരിചയപ്പെടുത്തിയത്. ഏഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിലും എട്ടാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായാണ് അദ്ദേഹം ജീവിച്ചതെന്നാണ് പൊതു ധാരണ. എന്നാൽ എട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണെന്നും ഒമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണെന്നുമൊക്കെ വിശ്വസിക്കുന്നവരും വിരളമല്ല. ജന്മനാട് കേരളത്തിലെ കാലടിയാണെന്ന് കരുതപ്പെടുന്നു. ശങ്കരാചാര്യർ തന്റെ ഗുരുവായ ഗോവിന്ദന്റെ ആചാര്യനായ ഗൗഡപാദനിൽനിന്നാണ് അദ്വൈതസിദ്ധാന്തം സ്വീകരിച്ചത്. എങ്കിലും ബാദരായണന്റെ ബ്രഹ്മസൂത്രത്തിന്റെ വ്യാഖ്യാനമെന്ന നിലയിലാണ് അദ്ദേഹം അദ്വൈതം ആവിഷ്കരിച്ചത്. ഉപനിഷദ്‌വാക്യങ്ങളുടെ സമന്വയരൂപമാണ് ബ്രഹ്മസൂത്രം.

കേരളത്തിലെ അദ്വൈതത്തിന്റെ ഏറ്റം കരുത്തനായ വക്താവായിരുന്ന വിദ്യാവാചാസ്പതി വി. പനോളി എഴുതുന്നു: "അദ്വൈത ദർശനത്തെ യാഥാർഥ്യമാക്കാൻ പോന്നതാണ് ആചാര്യവീക്ഷണം. ബ്രഹ്മം നിർഗുണമാണെന്നും ജീവാത്മാവും പരമാത്മാവും ഏകമാണെന്നും തെളിയിക്കാൻ ശ്രീശങ്കര ഭഗവദ്പാദർക്കല്ലാതെ മറ്റൊരാചാര്യനും സാധിച്ചിട്ടില്ല."(ശ്രീശങ്കരദർശനം, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, 1998, പുറം 61)

ബുദ്ധമതത്തെ നേരിടാനാണ് ശ്രീശങ്കരാചാര്യർ അദ്വൈതസിദ്ധാന്തം ആവിഷ്കരിച്ചത്. പനോളി എഴുതുന്നു: "തരംതാണുപോയ ബുദ്ധമതത്തിന്റെ എതിർപ്പുകളെ ശ്രീശങ്കരന് അഭിമുഖീകരിക്കേണ്ടിവന്നു. പ്രസ്തുത സാഹചര്യത്തിൽ ബുദ്ധമതത്തിന്റെ ഭീഷണിയെ ചെറുക്കുവാൻ ശക്തവും നൂതനവുമായ ഒരു തത്വശാസ്ത്രം രൂപപ്പെടുത്തേണ്ടത് അത്യാവശ്യമായിരുന്നു. ശ്രീശങ്കരന്റെ അദ്വൈതമതം ധീരവും സമർഥവുമായ വിധത്തിൽ ആ വെല്ലുവിളിയെ നേരിടുകയും ചെയ്തു."(Ibid പുറം 138)

ബുദ്ധമതത്തെ നേരിടാൻ ശങ്കരാചാര്യർ അവരുടെ ആശയങ്ങൾതന്നെ

കടം കൊള്ളുകയായിരുന്നു. വി. പനോളി എഴുതുന്നു: “അവയിൽനിന്ന് സ്വീകാര്യമായതൊക്കെ ആചാര്യൻ സ്വീകരിക്കുകയും സ്വവീക്ഷണത്തിൽ വിലയിപ്പിക്കുകയും ചെയ്തു. പ്രച്ഛന്നബുദ്ധൻ എന്ന അപരനാമം പോലും ശ്രീശങ്കരാചാര്യർക്ക് ഉണ്ടായിരുന്നു.”(Ibid പുറം 68)

ശങ്കരാചാര്യർ അദ്വൈതത്തെ അവതരിപ്പിച്ചതിങ്ങനെയാണ്: “ബ്രഹ്മ സത്യം, ജഗന്മിഥ്യാ, ജീവോ ബ്രഹ്മൈവ നാ പരഃ”
(ബ്രഹ്മം സത്യം; ജഗത്ത് അയഥാർഥം; ജീവൻ ബ്രഹ്മമല്ലാതെ മറ്റൊന്നുമല്ല.)

വി. പനോളി എഴുതുന്നു: “ആചാര്യസ്വാമികൾ ആയിരത്താണ്ടുകൾക്കപ്പുറം ഈ ലോകത്തോടായി പ്രവചിച്ചു: ഈ ദൃശ്യപ്രപഞ്ചം എന്തിൽനിന്നുദ്ഭവിച്ചുവോ അത് ബ്രഹ്മമാകുന്നു. അതാകട്ടെ ഏകവും നിത്യവുമാണ്. അങ്കരൻ, അമരൻ, പരമാത്മാവ് തുടങ്ങിയിട്ടുള്ള പേരുകളിൽ ബ്രഹ്മം അറിയപ്പെടുന്നു. അതറിഞ്ഞു കഴിഞ്ഞാലാകട്ടെ ലോകത്തിലെ സർവവും അറിയാൻ കഴിയും. വേദങ്ങൾക്കും ബ്രഹ്മമെന്ന് പേരുണ്ട്. പരമാത്മാവും ജീവാത്മാവും ഒന്നുതന്നെ. കേവലം അവിദ്യകൊണ്ടാണ് അങ്ങനെയല്ലെന്ന് തോന്നുന്നത്. ഈ അവിദ്യ ഒന്നുമാത്രമാണ് ദുഃഖകാരണം. ആത്മജ്ഞാനോദയത്തിൽ അവിദ്യ നീങ്ങും. കർതൃത്വവും ഭോക്തൃത്വവും ജീവാത്മാവിന്റെ ധർമങ്ങളാണ്. ജ്ഞാനികൾക്ക് കർമമില്ല; ശരീരബന്ധമില്ല. ബ്രഹ്മോപാസകർ ബ്രഹ്മമായി ഭവിക്കുന്നു.”(Ibid, പുറം 113)

അദ്ദേഹം തന്നെ എഴുതുന്നു: “എട്ടുകാലിയിൽനിന്ന് നൂലെന്ന പോലെ, ശരീരത്തിൽ നിന്ന് കേശരോമാദികളെന്ന പോലെ നിത്യവസ്തുവായ ബ്രഹ്മത്തിൽനിന്ന് ഉദ്ഭൂതമായതാണ് ഈ ജഗത്ത്' എന്ന് മുണ്ഡകോപനിഷത്തിൽ പ്രസ്താവിച്ചതായി കാണാം.”(Ibid, പുറം 48)

പാരമാർഥികമായി ബ്രഹ്മം മാത്രമേയുള്ളൂവെന്നും ജഗത്ത് മായയാണെന്നും അവിദ്യയാണ് അത് യാഥാർഥ്യമായി അനുഭവപ്പെടാൻ കാരണമെന്നും സമർഥിക്കാനായി അദ്വൈതവാദികൾ പലവിധ ഉദാഹരണങ്ങളും സമർപ്പിക്കാറുണ്ട്. ചിലതിവിടെ ചേർക്കുന്നു:

1. സ്വർണമാല എടുത്ത് എന്താണെന്ന് ചോദിച്ചാൽ ഏവരും മാല എന്നു പറയും. അത് ഉരുക്കി വളയാക്കിയാൽ വളയെന്നും പാദസരമാക്കിയാൽ ആ പേരിലും അറിയപ്പെടും. എന്നാൽ യഥാർഥത്തിൽ അതൊന്നുമല്ല അവ; സ്വർണമെന്ന അവസ്ഥക്കു മാത്രമാണ് മാറ്റമില്ലാത്തത്. അവ്വിധം ഇക്കാണപ്പെടുന്ന ജഗത്ത് ബ്രഹ്മത്തിന്റെ വിവർത്തിത രൂപമാണ്. പ്രകാശിത രൂപം കണ്ട് അവ യഥാർഥമാണെന്ന് ധരിക്കുന്നത് അവിദ്യകാരണമാണ്. ആത്മജ്ഞാനം നേടുന്നതോടെ അവയെല്ലാം വ്യവഹാരികമാണെന്നും പാരമാർഥികമായി ബ്രഹ്മമേയുള്ളൂവെന്നും ബോധ്യമാവുന്നു. വളയും മാലയും പാദസരവും സ്വർണമാണെന്നറിയുന്നപോലെ.

2. സ്വപ്നത്തിലെ അനുഭവവും ഉണർച്ചയിലെ അനുഭവവും തമ്മിൽ അന്തരമില്ല. എന്നാൽ സ്വപ്നത്തിലെ അനുഭവം യാഥാർഥ്യമല്ല. ഇവ്വിധം തന്നെ അവിദ്യയുള്ളപ്പോൾ യാഥാർഥ്യമായി തോന്നുന്നത് വിദ്യ നേടുന്നതോടെ മായയാണെന്ന് ബോധ്യമാകും. ഉറക്കത്തിലെ സ്വപ്നം ഉണർച്ചയിൽ അയഥാർഥമായി അനുഭവപ്പെടുന്നപോലെ.

3. മങ്ങിയ വെളിച്ചത്തിൽ കയർ കണ്ടാൽ പാമ്പാണെന്ന് കരുതും. വെളിച്ചം വരുന്നതോടെ യാഥാർഥ്യം തിരിച്ചറിയും. അവ്വിധം അവിദ്യ കാരണമാണ് ജഗത് യാഥാർഥ്യമായിതോന്നുന്നത്. ബ്രഹ്മജ്ഞാനം ലഭിക്കുന്നതോടെ അത് മായയാണെന്നും ബ്രഹ്മം മാത്രമേ പാരമാർഥികമായുള്ളൂവെന്നും ബോധ്യമാകും.

അതിനാൽ ജീവാത്മാവിന് വ്യാവഹാരിക തലത്തിലേ അസ്തിത്വമുള്ളൂ. പാരമാർഥിക തലത്തിലത് ബ്രഹ്മം തന്നെയാണ്. അഥവാ ജീവാത്മാവും പരമാത്മാവും ഒന്നുതന്നെ. വിദ്യ നേടുന്നതോടെ ഇത് തിരിച്ചറിയും.

ഈ അദ്വൈത സിദ്ധാന്തത്തെ ഇസ്ലാം അംഗീകരിക്കുന്നുണ്ടോ എന്ന് ആലോചിക്കുന്നതിനുമുമ്പ് ഇത് ദൈവികമോ വൈദികമോ മതപരമോ ആണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ബ്രഹ്മസൂത്രത്തെ അവലംബിച്ചിട്ടാണല്ലോ ശങ്കരാചാര്യർ ഈ സിദ്ധാന്തം ആവിഷ്കരിച്ചത്.

ആർക്കും എവ്വിധവും വ്യാഖ്യാനിക്കാൻ പാകത്തിൽ അവ്യക്തവും ദുർഗ്രഹവുമാണ് ബ്രഹ്മസൂത്രം. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "വാക്കുകൾ കഴിയാവുന്നത്ര കുറക്കാനുള്ള തിരക്കിൽ സൂത്രങ്ങൾ ദുർഗ്രാഹ്യമാവുകയും വ്യാഖ്യാനം അനിവാര്യമാവുകയും ചെയ്തു." (ബ്രഹ്മസൂത്ര, പുറം23)

ഹാജിമി നകമുറ എഴുതുന്നു: "വ്യാഖ്യാനമില്ലാതെ ബ്രഹ്മസൂത്രത്തിലെ ഒരു വാക്യം പോലും മനസ്സിലാക്കാൻ പ്രയാസമാണ്. അതിലെ ഒരു വാക്യത്തിൽ വിഷയമോ വിഷയിയോ ഇല്ലാതിരിക്കുന്നത് സാധാരണമാണ്. ചിലപ്പോൾ ഏറ്റവും പ്രധാനപ്പെട്ട പദം തന്നെ വിട്ടുപോയിരിക്കും. അതില്ലാതെ വാചകം ഗ്രഹിക്കാനാവില്ല. രണ്ടോ ഏറിയാൽ പത്തോ വാക്കുകൾ അടങ്ങിയതാണ് ഒരു സൂത്രം. ദീർഘമായ സൂത്രം അപൂർവമാണ്. ചിലപ്പോൾ ഒരു സൂത്രത്തിൽ ഒരൊറ്റ വാക്കേ കാണൂ" (History of Early Vedantha Philosophy, p. 440. ഉദ്ധരണം: ബ്രഹ്മസൂത്രം ദ്വൈതമോ അദ്വൈതമോ? പുറം 31)

വ്യാഖ്യാതാവിന്റെ ഭാവനയ്ക്കും സങ്കൽപത്തിനും വമ്പിച്ച പ്രാധാന്യവും പ്രാമുഖ്യവും കൈവരാനിത് കാരണമായി. ബ്രഹ്മസൂത്രത്തെ അവലംബിച്ച് പരസ്പര വിരുദ്ധമായ സിദ്ധാന്തങ്ങൾ രൂപംകൊള്ളാനുള്ള കാരണവും ഇതുതന്നെ. ശങ്കരാചാര്യരുടെ അദ്വൈതവും രാമാനുജാചാര്യരുടെ വിശിഷ്ടാദ്വൈതവും മാധ്വാചാര്യരുടെ ദ്വൈതവുമെല്ലാം ബ്രഹ്മസൂത്രത്തെ ആധാരമാക്കിയുള്ളവയാണല്ലോ. മൂന്നിനെയും ഒരേപോലെ പഠനവിധേയമാക്കിയ പണ്ഡിതന്മാർ ബ്രഹ്മസൂത്രം അദ്വൈതത്തേക്കാൾ അടുത്തുനിൽക്കുന്നത് ദ്വൈതത്തോടാണെന്ന് അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. അദ്വൈതത്തിന്റെ യഥാർഥ സ്രോതസ്സ് അപഭ്രംശം വന്ന ബൗദ്ധ ദർശനമാണെന്നും അവരഭിപ്രായപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ ദർശനങ്ങളുടെ ചരിത്രം സമഗ്രമായി സമർപ്പിച്ച പ്രമുഖ പണ്ഡിതനായ ദാസ്ഗുപ്ത എഴുതുന്നു: "സൂത്രങ്ങളുടെ അടിസ്ഥാനത്തിൽ വിധി കൽപിക്കുകയാണെങ്കിൽ ശങ്കരന്റെ ദാർശനിക സിദ്ധാന്തത്തെ ബ്രഹ്മസൂത്രം പിന്തുണക്കുന്നതായി എനിക്കു തോന്നുന്നില്ല. ശങ്കരൻ തന്നെയും ദ്വൈതസ്വഭാവത്തിൽ വ്യാഖ്യാനിച്ച ചില സൂത്രങ്ങൾ അതിലുണ്ടു താനും." (A History of Indian Philosophy, Vol. II, P. 2)

അദ്ദേഹം തന്നെ തുടരുന്നു: “തന്റെ ദർശനം ഉപനിഷത്തുകൾ പഠിപ്പിക്കുന്നതാണെന്ന് തെളിയിക്കുന്നതിലായിരുന്നു ശങ്കരന് താൽപര്യം. പക്ഷേ, ആസ്തികവാദപരവും ദ്വൈതവീക്ഷണങ്ങളോടുകൂടിയതുമായ ധാരാളം വാക്യങ്ങൾ ഉപനിഷത്തുകളിലുണ്ട്. ഭാഷാപരമായ കൗശലം എത്രയുണ്ടായിരുന്നാലും ശങ്കരന്റെ സിദ്ധാന്തത്തെ പിന്തുണക്കുന്ന അർഥം ഈ വാചകങ്ങളിൽ നിന്ന് കണ്ടെടുക്കാനാവില്ല.”(Ibid, P.2)

“ബ്രഹ്മസൂത്രത്തിന് ആറിലധികം വൈഷ്ണവ വ്യാഖ്യാനങ്ങളുണ്ട്. അവ ശങ്കരന്റെ വ്യാഖ്യാനത്തിൽനിന്നു ഭിന്നമാണെന്നു മാത്രമല്ല, പരസ്പരം വ്യത്യസ്തങ്ങളാണ്. ദ്വൈത വീക്ഷണങ്ങൾക്ക് അവ നൽകുന്ന ഊന്നൽ പലവിധത്തിലാണ്. അതെന്തൊക്കെയാവട്ടെ, ശങ്കരന്റെ വ്യാഖ്യാനത്തേക്കാൾ സൂത്രങ്ങളോട് കൂടുതൽ അടുത്തത് ബ്രഹ്മസൂത്രങ്ങളുടെ ദ്വൈത വ്യാഖ്യാനങ്ങളാണെന്ന് ഞാൻ വിശ്വസിക്കുന്നു”(Ibid, Vol. I, P. 420, 421).

ശങ്കരാചാര്യരുടെ അനുയായിയെന്ന് സ്വയം സമ്മതിക്കുന്ന പ്രമുഖ അദ്വൈതവാദി ഡോ. രാധാകൃഷ്ണൻ എഴുതുന്നു: “അവിദ്യകൊണ്ടാണ് ലോകം യാഥാർഥ്യമായി തോന്നുന്നതെന്ന കാഴ്ചപ്പാടല്ല ബ്രഹ്മസൂത്രകാരനുണ്ടായിരുന്നതെന്ന് വ്യക്തമാണ്. പ്രപഞ്ചസൃഷ്ടി ഗൗരവകരമായ പ്രശ്നമായാണ് സൂത്രകാരൻ കണ്ടിട്ടുള്ളത്. സാംഖ്യന്മാരുടെ പ്രകൃതിയല്ല പ്രപഞ്ചത്തിനു കാരണമെന്നും അതീവ ബുദ്ധിയായ ബ്രഹ്മമാണ് അതിന്റെ സൃഷ്ടിക്കു പിന്നിലെന്നും സൂത്രകാരൻ വാദിക്കുന്നു. ലോകം മായയാണെന്ന യാതൊരു സൂചനയും ഇവിടെയില്ല”(Brahmasutra, P. 252).

ജീവാത്മാവും പരമാത്മാവും ഒന്നാണെന്ന ശങ്കരദർശനത്തെയും രാധാകൃഷ്ണൻ നിരാകരിക്കുന്നു: “ജീവാത്മാവ് കർമനിരതമാണ്. അത് ആനന്ദത്തിലാണ്. ഗുണവും ദോഷവും ആർജിക്കുകയും സുഖവും ദുഃഖവും അനുഭവിക്കുകയും ചെയ്യുന്നു. പരമാത്മാവിന് വ്യത്യസ്തമായ പ്രകൃതമാണുള്ളത്. എല്ലാ ദുരിതങ്ങളിൽനിന്നും അത് സ്വതന്ത്രമാണ്. രണ്ടും തികച്ചും ഭിന്നമായതിനാൽ ജീവാത്മാവിന്റെ അനുഭവങ്ങൾ പരമാത്മാവിനെ ബാധിക്കുന്നില്ല. ജീവാത്മാവ് സുഖവും ദുഃഖവും അനുഭവിക്കുന്നു. കാരണം അത് കർമവിധേയമാണ്. എന്നാൽ പരമാത്മാവ് അതിനതീതവുമാണ്” (Ibid, 273).

“സർഗശക്തിയായ ബ്രഹ്മം ജീവാത്മാവിൽനിന്ന് വ്യത്യസ്തമാണ്. ജീവാത്മാവിന് സ്വയംഭൂവാകാനോ സ്വയം നശിക്കാനോ കഴിയില്ല. പ്രയോജനകരമല്ലാത്തതും ഇഷ്ടകരമല്ലാത്തതുമായ കർമങ്ങളൊന്നും ബ്രഹ്മം ചെയ്യുന്നില്ല. ഉപകാരങ്ങൾ ചെയ്യേണ്ട ആവശ്യമോ ഉപദ്രവങ്ങൾ ചെയ്യാതിരിക്കേണ്ട ആവശ്യമോ അതിനില്ല. ബ്രഹ്മത്തിന് അറിയാത്തതോ ബ്രഹ്മത്തിന് പങ്കില്ലാത്തതോ ആയി യാതൊന്നുമില്ല. ജീവാത്മാവിന് വ്യത്യസ്തമായ സ്വഭാവമാണുള്ളത്. മേൽസൂചിപ്പിച്ച പരിമിതികളെല്ലാം അതിനുണ്ട്” (Ibid, 355).

“ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയാണെന്ന് നാം കരുതുന്നില്ല. എന്തുകൊണ്ടെന്നാൽ അവയ്ക്കിടയിലെ വ്യത്യാസങ്ങൾ വ്യക്തമായി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്.”(Ibid, 417).

ജീവാത്മാവും പരമാത്മാവും ഒന്നാണെന്ന ശങ്കരാചാര്യരുടെ സിദ്ധാന്തത്തെ ബ്രഹ്മസൂത്രം പിന്തുണക്കുന്നില്ലെന്ന വസ്തുത ഡോ. രാധാകൃഷ്ണനെപ്പോലെ നിരവധി ദാർശനികന്മാർ വ്യക്തമാക്കിയിട്ടുണ്ട്. ശങ്കരാദ്വൈതത്തിന്റെ ശക്തനായ അനുകൂലിയായിരുന്നിട്ടുകൂടി ഡോ. രാധാകൃഷ്ണന് തന്റെ വിയോജിപ്പ് വ്യക്തമാക്കേണ്ടിവന്നത് അതിനാലാണ്. ഇപ്രകാരംതന്നെ ശങ്കരാചാര്യർ നിരന്തരം ആവർത്തിക്കുന്ന 'മായ' എന്ന പദം തന്നെ ബ്രഹ്മസൂത്രത്തിൽ ഒരിടത്തുമാത്രമേ പ്രയോഗിച്ചിട്ടുള്ളൂ (ബ്രഹ്മസൂത്രം 3:2:3). സ്വപ്നലോകം അതിന്റെ മൗലിക സ്വഭാവത്തിൽതന്നെ വെറും തോന്നലാണെന്നും ഉണർച്ചാ അവസ്ഥയിലെ പ്രത്യേകതകൾ അതിനില്ലെന്നും വ്യക്തമാക്കുകയാണ് സൂത്രകാരനിവിടെ. അഥവാ, ഒരിടത്ത് 'മായ' എന്ന പദമുപയോഗിച്ചതുതന്നെ ശങ്കരാചാര്യരുടെ സിദ്ധാന്തത്തിന് കടകവിരുദ്ധമായ ആശയം പ്രകാശിപ്പിക്കാനാണ്. സ്വപ്നത്തിലെ അനുഭവവും ഉണർച്ചയിലേതും ഒരേപോലെയാണെന്ന വാദമാണല്ലോ ശങ്കരദർശനം സമർപ്പിക്കുന്നത്.

യാഥാർഥ്യത്തെ പരമാർഥികമെന്നും വ്യാവഹാരികമെന്നും ശങ്കരൻ രണ്ടായി തിരിക്കുകയും വ്യാവഹാരികം മായയാണെന്ന് വാദിക്കുകയും ചെയ്യുന്നു. എന്നാൽ ഇത്തരമൊരു വിഭജനം തന്നെ ബ്രഹ്മസൂത്രത്തിന് അന്യമാണ്. ഡോ. നകമുറ എഴുതുന്നു: "ഇത് വ്യാവഹാരികാർഥത്തിലുള്ള വിശദീകരണമാണ്. പരമാർഥിക തലത്തിലുള്ളതല്ല. പരമാർഥിക തലത്തിൽ ഇവ രണ്ടും ഒന്നുതന്നെയാണ്. ശങ്കരനിൽ നിന്നുണ്ടാവുന്ന ഇത്തരം ചിന്ത ബ്രഹ്മസൂത്രത്തിന്റെ സത്തയോട് നിരക്കുന്നതല്ല"(History of Early Vedantha Philosophy, P. 460. ഉദ്ധരണം: ബ്രഹ്മസൂത്രം ദ്വൈതമോ അദ്വൈതമോ, പുറം 44).

ശങ്കരാചാര്യരുടെ അദ്വൈത സിദ്ധാന്തം ആദ്യാവസാനം വേദങ്ങൾക്കും ഉപനിഷദ്വാക്യങ്ങളുടെ സമന്വയ രൂപമായ ബാദരായണന്റെ ബ്രഹ്മസൂത്രത്തിനും കടകവിരുദ്ധമാണെന്ന് ഇതെല്ലാം അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. അദ്ദേഹത്തിന്റെ യഥാർഥ അവലംബമായ ഗൗഡപാദൻ ഇക്കാര്യം ബുദ്ധമതക്കാരോട് തുറന്നുസമ്മതിച്ചിരുന്നു. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "തന്റെ വീക്ഷണം യാതൊരു ധർമശാസ്ത്ര ഗ്രന്ഥങ്ങളെയും ഈശ്വരപ്രോക്തങ്ങളെയും ദിവ്യാനുഭൂതികളെയും ആധാരമാക്കുന്നില്ല എന്ന അടിസ്ഥാനത്തിൽ അദ്ദേഹം ബുദ്ധമതക്കാരോട് നിവേദനം ചെയ്യുകയുണ്ടായി."(ഭാരതീയ ദർശനം, വാള്യം രണ്ട്, പുറം 444)

ശങ്കരാചാര്യരുടെ അദ്വൈതം വേദവിരുദ്ധമെന്നപോലെത്തന്നെ യുക്തിവിരുദ്ധവുമാണ്. ഏറെ പ്രസക്തങ്ങളായ ഒട്ടേറെ ചോദ്യങ്ങളുടെ മുമ്പിൽ ഉത്തരം നൽകാനാവാതെ പകച്ചുനിൽക്കാൻ അദ്വൈതവാദികൾ നിർബന്ധിതരാവുന്നതും അതുകൊണ്ടുതന്നെ. ചിലതുമാത്രമിവിടെ ചേർക്കുന്നു:

1. ലോകം മായയാണെന്ന് പറയുന്ന ശങ്കരാചാര്യരും അദ്ദേഹത്തിന്റെ ശരീരവും ശാരീരികാവയവങ്ങളും മനസ്സും ബുദ്ധിയും മായയല്ലേ? പ്രപഞ്ചം മായയാണെന്ന് കണ്ടെത്തിയ മനസ്സുതന്നെ മായയായതിനാൽ മായയുടെ കണ്ടെത്തലും മായയല്ലേ? അദ്വൈതസിദ്ധാന്തം മനസ്സിന്റെ കണ്ടെത്തലാ

യതിനാൽ അദ്വൈതവും മായയല്ലേ? അപ്പോൾ ലോകം മായയാണെന്ന തുൾപ്പെടെ അദ്വൈത സിദ്ധാന്തം മായയുടെ ദർശനമെന്ന നിലയിൽ തീർത്തും മായയല്ലേ?

2. ബാദരായണനും അദ്ദേഹത്തിന്റെ ബ്രഹ്മസൂത്രവും മായയല്ലേ? മായ യായ ബ്രഹ്മസൂത്രത്തിന് മായയായ ശങ്കരാചാര്യർ നൽകിയ വ്യാഖ്യാനവും മായയല്ലേ?

3. യഥാർഥമായ ബ്രഹ്മവും അയഥാർഥമായ ജഗത്തും തമ്മിലുള്ള ബന്ധമെന്ത്? ജഗത് ബ്രഹ്മത്തിൽനിന്ന് അന്യമല്ലെങ്കിൽ, ബ്രഹ്മത്തിൽ അധി ഷ്ഠിതമെങ്കിൽ പരിവർത്തന വിധേയമായ ജഗത്തും പരിവർത്തന വിധേ യമല്ലാത്ത ബ്രഹ്മവും എങ്ങനെ ഒന്നാകും? മായയും പരമാർഥവും താദാ ത്മ്യം പ്രാപിക്കുമോ?

4. യഥാർഥമായ ബ്രഹ്മം മായയായ പ്രപഞ്ചത്തെ സ്വീകരിക്കുമോ? ബ്രഹ്മം ജഗത്തിന് കാരണമാണോ? ആണെങ്കിൽ കാരണമായ ബ്രഹ്മം അന ന്തവും സ്വയംഭൂവുമായതിനാൽ കാര്യമായ ജഗത്തും അനന്തവും സ്വയം ഭൂവുമാകേണ്ടതല്ലേ?

5. ജഗത്ത് ശങ്കരാചാര്യർ പറഞ്ഞതു പോലെ നിഴലാണെങ്കിൽ ന്യൂന തയില്ലാത്ത ബ്രഹ്മത്തിന്റെ നിഴലിൽ ന്യൂനത ഉണ്ടാകുമോ? പാപമില്ലാത്ത ബ്രഹ്മത്തിന്റെ നിഴലിൽ പാപമുണ്ടാകുമോ? നിഴലിൽ പാപവും പുണ്യവും ഉണ്ടാവുന്നതെങ്ങനെ?

6. മായയ്ക്ക് അസ്തിത്വമുണ്ടോ? ഇല്ലെങ്കിൽ ഇക്കാണുന്ന ജഗത്തോ? ജഗത്തിനെ ജനിപ്പിക്കാൻ കഴിയുമാറ് ശക്തമാണല്ലോ മായ. അസ്തിത്വമു ണ്ടെങ്കിൽ ബ്രഹ്മത്തോടൊപ്പം അസ്തിത്വമുള്ള മറ്റൊന്നുമുണ്ടോ? എങ്കിൽ അത് ദ്വൈതമാവില്ലേ?

7. ജഗത്തിന് കാരണം ബ്രഹ്മമോ അതോ അവിദ്യയോ? അവിദ്യ ആരുടെ സൃഷ്ടിയാണ്? ബ്രഹ്മമാണോ അവിദ്യക്കു കാരണം? അവിദ്യ തന്നെ മായയല്ലേ? അപ്പോൾ മായയായ അവിദ്യയാണ് പ്രപഞ്ചം മായയാ ണെന്ന് തോന്നാതിരിക്കാൻ കാരണമെന്ന സിദ്ധാന്തവും മായയല്ലേ?

8. അവിദ്യ പരമാർഥിക സത്യമാണെന്നാണ് വാദമെങ്കിൽ പരമാർഥിക മായി ബ്രഹ്മവുമുണ്ട്. അവിദ്യയുമുണ്ട്. അത് ദ്വൈതത്തെ അംഗീകരിക്ക ലാവില്ലേ? രണ്ട് പരമാർഥിക സത്യമുണ്ടെന്ന് സമ്മതിക്കലല്ലേ? അതിനാൽ അവിദ്യ പരമാർഥിക സത്യമാണെന്നു പറഞ്ഞാലും വ്യാവഹാരികമാ ണെന്നു വാദിച്ചാലും പരമാബദ്ധമായിത്തീരുകയില്ലേ?

9. സ്വപ്നത്തിലെ അനുഭവവും ഉണർച്ചയിലെ അനുഭവവും ഒരുപോ ലെയാണെന്ന ശങ്കരാചാര്യരുടെ വാദം തീർത്തും തെറ്റല്ലേ? സ്വപ്നം യഥാർഥമാണെന്ന തോന്നൽ കേവലം തോന്നലാണെന്നതല്ലേ സത്യം? ഒരാൾ വീണ് കാലു മുറിഞ്ഞതായി സ്വപ്നംകണ്ടാൽ കാൽ മുറിഞ്ഞതായി തോന്നും. പക്ഷേ, അത് കേവലം തോന്നലാണ്. ഉണർച്ചയിൽ കാൽ മുറി ഞ്ഞാൽ അത് തോന്നലിൽ നിൽക്കുമോ?

10. ഉണർച്ചയിലെ അനുഭവങ്ങൾക്ക് കാര്യകാരണബന്ധമുണ്ടാവും. മുറി വുണ്ടായാലേ രക്തമൊലിക്കുകയുള്ളൂ. എന്നാൽ സ്വപ്നത്തിൽ ഇത്തരം

കാര്യകാരണ ബന്ധമൊന്നുമില്ലാതെ സംഭവങ്ങൾ നടന്നതായി അനുഭവപ്പെടുന്നു. സ്വപ്നവും ഉണർച്ചയിലെ അനുഭവവും ഒരുപോലെയല്ലെന്ന് ഇത് അസന്ദിഗ്ധമായി വ്യക്തമാക്കുന്നില്ലേ?

11. സ്വപ്നം സ്വയം അയഥാർഥമോ മായയോ അല്ല. സ്വപ്നം കാണണമെങ്കിൽ കാണുന്ന വ്യക്തി ഉണ്ടാവണം; അയാൾ ഉറങ്ങണം; സ്വപ്നത്തിൽ കാണുന്നവയ്ക്ക് ഏതോ അർഥത്തിൽ യാഥാർഥ്യലോകത്ത് അസ്തിത്വമുണ്ടാകണം. അതിനാൽ സ്വപ്നം മായയാണെന്ന വാദമല്ലേ മായ? ഉറക്കം, ഉണർച്ച എന്നീ യാഥാർഥ്യങ്ങളിൽ ഉറക്കമെന്നത് സംഭവിച്ചാലല്ലേ സ്വപ്നം ഉണ്ടാകുകയുള്ളൂ? ജീവിതത്തിൽ ഒന്നും കണ്ടിട്ടില്ലാത്ത അന്ധൻ സ്വപ്നം കാണുമോ? അപ്പോൾ സ്വപ്നം കാണുന്നവന്നും കണ്ണ് എന്ന യാഥാർഥ്യം ഉണ്ടാവേണ്ടതില്ലേ?

12. ഇരുട്ടിൽ കയറ് കാണുമ്പോൾ പാമ്പാണെന്ന് ധരിക്കുന്നത് ഇരുട്ട്, പാമ്പ്, കയറ് എന്നിവ യാഥാർഥ്യമായതുകൊണ്ടല്ലേ? വെളിച്ചമുണ്ടാകുമ്പോൾ കയറാണെന്ന് തിരിച്ചറിയുന്നത് കയറിന് അസ്തിത്വമുള്ളതുകൊണ്ടല്ലേ? യഥാർഥ ലോകത്ത് കയറും പാമ്പും ഇരുട്ടുമൊന്നുമില്ലെങ്കിൽ പാമ്പാണെന്ന തോന്നൽതന്നെ ഉണ്ടാവുകയില്ലല്ലോ. അതിനാൽ ശങ്കരാചാര്യർ ലോകം മിഥ്യയാണെന്നും അവിദ്യയാണ് അത് യാഥാർഥ്യമാണെന്ന് തോന്നാൻ കാരണമെന്നും വരുത്താനായി പറഞ്ഞ ഉദാഹരണം പോലും പ്രപഞ്ചം മായയല്ല, യാഥാർഥ്യമാണെന്നല്ലേ തെളിയിക്കുന്നത്?

13. പരമാർഥികാർഥത്തിൽ ജീവാത്മാവും ബ്രഹ്മവും അല്ലെങ്കിൽ പരമാത്മാവും ഒന്നുതന്നെയാണെന്നും അതിനാൽ ജീവാത്മാവ് മിഥ്യയാണെന്നും വാദിക്കുന്ന ശങ്കരാചാര്യർ ജീവാത്മാവ് ബ്രഹ്മജ്ഞാനം നേടുകവഴി പരമാത്മാവ് അല്ലെങ്കിൽ ബ്രഹ്മമാണെന്ന് തിരിച്ചറിയുമെന്ന് സിദ്ധാന്തിക്കുന്നു. വ്യാവഹാരിക തലത്തിൽ മാത്രം അസ്തിത്വമുള്ള, പരമാർഥിക തലത്തിൽ നിലനിൽപില്ലാത്ത ജീവാത്മാവ് എങ്ങനെയാണ് പരമാർഥിക തലത്തിൽ പരമാത്മാവായി മാറുക? സൂര്യനും വെള്ളത്തിലുള്ള അതിന്റെ പ്രതിബിംബവും പോലെയാണ് പരമാത്മാവും ജീവാത്മാവുമെന്ന് ഗൗഡപാദനും ശങ്കരാചാര്യരും ഉദാഹരിക്കുന്നു. പ്രതിബിംബം സൂര്യനോ സൂര്യന്റെ ഭാഗമോ അല്ല. യഥാർഥ അസ്തിത്വം പോലുമില്ലാത്ത അതെങ്ങനെയാണ് സൂര്യനായി മാറുക? പരമാർഥികമായി ജീവാത്മാവ് മിഥ്യയാണെങ്കിൽ മായയായ ജീവാത്മാവ് എങ്ങനെയാണ് ബ്രഹ്മജ്ഞാനം നേടുക? ജീവാത്മാവ് വ്യാവഹാരികമോ പരമാർഥികമോ? വ്യാവഹാരികമാണെങ്കിൽ അഥവാ മിഥ്യയാണെങ്കിൽ പിന്നെ എങ്ങനെയാണ് അസ്തിത്വമില്ലാത്ത ഒന്ന് ബ്രഹ്മജ്ഞാനം നേടുക? പരമാർഥികമാണെങ്കിൽ പരമാത്മാവിനോടൊപ്പം ജീവാത്മാവും അസ്തിത്വമുള്ളവയായി ഉണ്ടാവുകയില്ലേ? ഇത് ദ്വൈതമല്ലേ?

14. ബ്രഹ്മജ്ഞാനം വ്യാവഹാരികമോ പരമാർഥികമോ? വ്യാവഹാരികമാണെങ്കിൽ ഇല്ലാത്ത ഒന്നിനെ എങ്ങനെയാണ് സ്വായത്തമാക്കുക? പരമാർഥികമാണെങ്കിൽ ബ്രഹ്മത്തോടൊപ്പം അസ്തിത്വമുള്ള ബ്രഹ്മജ്ഞാനമെന്ന മറ്റൊന്നുകൂടി ഉണ്ടാവില്ലേ?

15. വ്യാവഹാരികാർഥത്തിൽ മാത്രം നിലനിൽക്കുന്നതും മായയും സഗുണവുമായ സ്വർണം, എട്ടുകാലി, ശരീരം പോലുള്ളവയെ നിർഗുണവും പാരമാർഥികവുമായ ബ്രഹ്മത്തോട് ഉപമിച്ചത് ശരിയാണോ? വ്യാവഹാരികാർഥത്തിൽ മാത്രം നിലനില്പുള്ള, അഥവാ മായയായ എട്ടുകാലിയുടെ മായയായ നൂലിനെയും മായയായ ശരീരത്തിലെ മായയായ മുടിയെയും എങ്ങനെ പാരമാർഥികമായ ബ്രഹ്മത്തോടുപമിക്കും?

16. അദ്വൈതമെന്നത് സമൂഹത്തിന്ന് സ്വീകരിക്കാവുന്ന പ്രായോഗിക സിദ്ധാന്തമല്ല. ഇക്കാര്യം വിദ്യാവാചാസ്പതി വി. പനോളി തന്നെ പലതവണ വ്യക്തമാക്കിയിട്ടുണ്ട്:

"വിവേക-വിചാര-വൈരാഗ്യശാലികളായ ആളുകൾ ലോകത്ത് പത്തുലക്ഷത്തിലൊരാൾ പോലുമില്ലെന്നതാണ് യാഥാർഥ്യം. ജ്ഞാനോദയത്താൽ അനുഗൃഹീതരും പ്രാപഞ്ചികവസ്തുക്കളുടെ ക്ഷണികത്വം ഗ്രഹിച്ചവരുമായ പുണ്യാത്മാക്കൾ മാത്രമേ മോക്ഷാർഥികളായി തീരുകയുള്ളൂ. അപ്രകാരമുള്ളവരുടെ എണ്ണം എത്രയോ പരിമിതമായിരിക്കും."(ശ്രീ ശങ്കരദർശനം, പുറം 136)

"അനേകം കോടിയിൽ ഒന്നോ രണ്ടോ പേർ യഥാർഥത്തിൽ മുക്തി മാത്രം ലക്ഷ്യമാക്കിയവരായിട്ടുണ്ടാവാം."(Ibid പുറം 14)

കോടികളിൽ ഒന്നോ രണ്ടോ പേർക്കു മാത്രം സ്വീകരിക്കാവുന്ന ഒരു സിദ്ധാന്തത്തിനുവേണ്ടി ജനകോടികൾ നിലകൊള്ളുന്നത് നിരർഥകവും വിഡ്ഢിത്തവുമല്ലോ.

17. അദ്വൈതസിദ്ധാന്തം അവതരിപ്പിച്ചുകൊണ്ട് ശ്രീശങ്കരാചാര്യർ പറഞ്ഞു: "കർമണാം ചാ വിദ്വ ദ്വിഷയഃ" (കർമങ്ങൾ അജ്ഞാനികൾക്കുള്ളതാണ്.)

"ഭാരതീയരെ കർമവിമുഖരാക്കിത്തീർത്തു ശ്രീ ശങ്കരാചാര്യർ" എന്ന് ആക്ഷേപസ്വരത്തിൽ ആചാര്യരെ അല്പം വിമർശിക്കുന്നുണ്ട് അരവിന്ദൻ, 'ഈശോപനിഷത്ത്' എന്ന തന്റെ കൃതിയിൽ (ഉദ്ധരണം Ibid, പുറം 35)

ഇതിനെ വിമർശിച്ചുകൊണ്ട് വി. പനോളി എഴുതുന്നു: "വാളിന്റെ വായ്ത്തലയിലൂടെ നടന്നുനീങ്ങുക എന്നതുപോലെ ദുഷ്കരമാണ് യഥാർഥത്തിൽ ആദ്ധ്യാത്മചര്യ. കോടികളിൽ ഒരാൾക്കെങ്കിലും സംസാരസാഗരത്തിന്റെ മറുകരപറ്റാൻ കഴിഞ്ഞെങ്കിൽ അതുതന്നെ മഹാഭാഗ്യം. അപ്പോൾ ഭാരതീയരെ കർമവിമുഖരാക്കിത്തീർത്തു ആചാര്യപാദർ എന്നു പറയുന്നത് നിരർഥകമാണ്."(Ibid, പുറം 35)

കോടികളിൽ ഒരാൾക്കുപോലും അദ്വൈതം അംഗീകരിച്ച് ജീവിക്കാനാവില്ലെന്നല്ലേ ഇത് വ്യക്തമാക്കുന്നത്? അതോടൊപ്പം സമൂഹം അദ്വൈതം അംഗീകരിച്ച് ജീവിച്ചാൽ എല്ലാവരും കർമവിമുഖരാകുമെന്നും നാടും സമൂഹവും നശിക്കുമെന്നുമുള്ള വിമർശനം ശരിയാണെന്ന് സമ്മതിക്കുകയല്ലേ പനോളി പോലും ചെയ്യുന്നത്?

18. ശങ്കരാചാര്യർ പറയുന്നു: "ആത്മജ്ഞാനോദയത്തിൽ അവിദ്യ നീങ്ങും. കർതൃത്വവും ഭോക്തൃത്വവും ജീവാത്മാവിന്റെ ധർമങ്ങളാണ്. ജ്ഞാനികൾക്ക് കർമ്മമില്ല. ശരീരബന്ധമില്ല. ബ്രഹ്മോപാസകർ ബ്രഹ്മമായി ഭവിക്കുന്നു." (ഉദ്ധരണം Ibid പുറം 113). ഇവ്വിധം അദ്വൈതാനുഭവം നേടിയ

ആരെങ്കിലും ഇന്ന് ലോകത്തുണ്ടോ? അഥവാ, ആഹാരം കഴിക്കാതെയും മറ്റു ശാരീരികാവശ്യങ്ങൾ നിർവഹിക്കാതെയും(അതൊക്കെയും മായയെ അവലംബിക്കലാണല്ലോ.) ജീവിക്കുന്ന ആരെങ്കിലും ലോകത്തുണ്ടോ? ഉണ്ടെങ്കിൽ ആര്? എവിടെ? ശ്രീ ശങ്കരാചാര്യർക്കുപോലും കർമമില്ലാതെയും ശരീരബന്ധമില്ലാതെയും ജീവിക്കാൻ സാധിച്ചിട്ടില്ലെന്നതല്ലേ സത്യം? സ്വയം ആചരിക്കാൻ കഴിയാത്ത സിദ്ധാന്തമല്ലേ അദ്ദേഹം മുന്നോട്ടു വെച്ചത്?

19. അദ്വൈതം മനുഷ്യർക്ക് അവലംബിക്കാവുന്ന ഒരു ജീവിത രീതി സമർപ്പിക്കുന്നില്ലെന്നിരിക്കെ എന്താണ് ഈ സിദ്ധാന്തത്തിന്റെ പ്രയോജനം? കോടികളിലൊരാൾക്കുപോലും ആചരിക്കാൻ കഴിയാത്ത സിദ്ധാന്തം എന്തിന്? ആർക്കുവേണ്ടി?

ഇത്തരം നിരവധി പ്രശ്നങ്ങൾക്ക് അദ്വൈതത്തിൽ ഉത്തരമില്ല. യുക്തിയുടെ വരുതിയിൽ എല്ലാം വരണമെന്ന് വാദമുള്ളതിനാലല്ല ഇത്തരം പ്രശ്നങ്ങളുന്നയിക്കുന്നത്. മറിച്ച്, എല്ലാം യുക്തിയുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന സമീപനം അദ്വൈത വാദികൾ സ്വീകരിച്ചതിനാലാണ്. മാത്രമല്ല, അദ്വൈത സിദ്ധാന്തം യുക്തിക്ക് അതീതമാണെന്നതല്ല പ്രശ്നം. അയുക്തികവും യുക്തിവിരുദ്ധവുമാണെന്നതാണ്. അതുകൊണ്ടുതന്നെ അദ്വൈതം ദാർശനിക പ്രശ്നങ്ങൾ പരിഹരിക്കുകയല്ല; കൂടുതൽ സങ്കീർണമാക്കുകയാണ് ചെയ്യുന്നത്. അരവിന്ദ് ഘോഷ് ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "മിഥ്യ എന്ന അർഥത്തിലുള്ള മായാ സിദ്ധാന്തവും പ്രപഞ്ചം അയഥാർഥമാണെന്ന വാദവും ദാർശനിക പ്രശ്നങ്ങൾ പരിഹരിക്കുകയല്ല; സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അസ്തിത്വപ്രശ്നം അത് യഥാർഥമായി പരിഹരിക്കുന്നില്ല, മറിച്ച് അതിനെ അപരിഹാര്യമാക്കി വിടുകയാണ്"(Sri. Aurobindo, The Life Divine, 1949, Quoted by Thomas O' Neil, P, 201, ഉദ്ധരണം: ബ്രഹ്മസൂത്രം ദ്വൈതമോ അദ്വൈതമോ, പുറം: 63)

അദ്വൈത സിദ്ധാന്തത്തെ ഒരു ജീവിതാദർശമെന്ന നിലയിൽ ഉൾക്കൊള്ളാൻ അതിന്റെ ഉപജ്ഞാതാവായ ശങ്കരാചാര്യർക്കു പോലും സാധിച്ചില്ലെന്നതാണ് വസ്തുത. ക്ഷേത്രങ്ങളോ തീർഥങ്ങളോ ആവശ്യമില്ലെന്ന് ശക്തമായി വാദിച്ചിരുന്ന അദ്ദേഹം തന്നെ ക്ഷേത്രങ്ങളിൽ പോയിരുന്നു. അതിന്റെ പേരിൽ അദ്ദേഹത്തിന് ആസന്നമരണനായിരിക്കേ അനുതപിക്കേണ്ടിവരികയുമുണ്ടായി. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "ശങ്കരൻ മൃത്യുശയ്യയിൽ കിടക്കുന്ന ഘട്ടത്തിൽ, താൻ പലപ്പോഴും ക്ഷേത്രങ്ങളിൽ പോവാറുണ്ടായിരുന്നതിനെക്കുറിച്ച് ക്ഷമായാചനം ചെയ്തതായി പറയപ്പെടുന്നു. എന്തെന്നാൽ അത് ഈശ്വരന്റെ സർവവ്യാപിത്വത്തെ നിഷേധിക്കലായി തോന്നിയിരുന്നു" (ഭാരതീയ ദർശനം, വാല്യം രണ്ട്, പുറം 647).

അദ്വൈതത്തോട് നീതി പുലർത്താത്ത കാര്യങ്ങൾ ശ്രീശങ്കരാചാര്യർ തന്നെ പറഞ്ഞിട്ടുണ്ടെന്നത് സുസമ്മതമത്രെ. വി. പനോളി എഴുതുന്നു: "ശ്രീമദ് ഭാരതീ തീർഥസ്വാമികൾ (ശൃംഗേരി മഠം ശ്രീശങ്കരാചാര്യർ) കോഴിക്കോട്ടുവന്നപ്പോൾ (1985ൽ) ഞാൻ അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. ഉച്ഛൃംഖലമായ പാണ്ഡിത്യത്തിന്റെ ഉടമയെന്നതിലേറെ ശങ്കര ദർശന

ത്തിന്റെ ആധികാരിക വക്താവുംകൂടിയാണല്ലോ സ്വാമികൾ. ആ നിലക്ക് ആചാര്യ സ്വാമികളുടെ കൃതികളെക്കുറിച്ച് അദ്ദേഹത്തിനുള്ള അഭിപ്രായ മായിരിക്കും കൂടുതൽ സ്വീകാര്യമായിരിക്കുക. 'വിശ്വോത്തര ശങ്കരഭാഷ്യ ത്തിൽ നിശ്ശങ്കം രേഖപ്പെടുത്തിയിട്ടുള്ള ആശയങ്ങളുടെ ഔന്നത്യം പുലർത്താത്തതും ചിലേടത്ത് ആ ആശയങ്ങൾക്ക് അല്പമെങ്കിലും മങ്ങ ലേല്പിക്കുന്നതുമായ ചിന്താശകലങ്ങൾ 'വിവേക ചൂഡാമണി' തുടങ്ങിയ കൃതികളിൽ കാണുന്നുണ്ടല്ലോ' എന്ന സംശയം ഈ ലേഖകൻ ഉന്നയിച്ച പ്പോൾ മഹാനായ സ്വാമികൾ പ്രതികരിച്ചത് എങ്ങനെയെന്നോ?

'കാളിദാസകൃതികളായ രഘുവംശത്തിലും മറ്റും വ്യാകരണനിയമം അനുവദിക്കാത്ത പല പദപ്രയോഗങ്ങളും നാം കാണുന്നില്ലേ? ഏതോ ചില സാഹചര്യങ്ങൾക്കു വിധേയനായിട്ട് മഹാകവി അങ്ങനെയൊക്കെ പദപ്ര യോഗം ചെയ്തു എന്നു വിചാരിപ്പാനല്ലേ ഉപപത്തിയുള്ളൂ? ആചാര്യപാദ രുടെ വിവേകചൂഡാമണി തുടങ്ങിയ കൃതികളിലും മറ്റു ചിലേടത്തും ദർശി ക്കാവുന്ന ആശയങ്ങളുടെ വ്യതിയാനത്തിന്റെ സ്വഭാവവും ഏറെക്കുറെ മേൽപറഞ്ഞ രീതിയിൽ രൂപം പൂണ്ടതാണെന്നു കരുതിയാൽ മതി."(ശ്രീ ശങ്കര ദർശനം, പുറം 44, 45)

ശ്രീശങ്കരാചാര്യർക്കുപോലും എപ്പോഴും അദ്വൈതസിദ്ധാന്തത്തെ മുറുകെ പിടിക്കാൻ സാധിച്ചിരുന്നില്ല എന്നല്ലേ ഇതു വ്യക്തമാക്കുന്നത്? ശങ്കരാചാര്യർക്ക് ബ്രഹ്മജ്ഞാനം ലഭിച്ചിരുന്നില്ല എന്നും ഇത് തെളിയി ക്കുന്നു. ലഭിച്ചിരുന്നുവെങ്കിൽ ആശയവ്യതിയാനം സംഭവിക്കുമായിരുന്നി ല്ലല്ലോ.

വേദവിരുദ്ധവും യുക്തിവിരുദ്ധവുമായ അദ്വൈതസിദ്ധാന്തത്തെ ഇ സ്ലാം അംഗീകരിക്കുന്നില്ല. വേദങ്ങളും ഉപനിഷദ് വാക്യങ്ങളുടെ സമന്വ യ രൂപമായ ബ്രഹ്മസൂത്രവും പഠിപ്പിക്കുന്നപോലെ ബ്രഹ്മം അല്ലെങ്കിൽ ഈശ്വരൻ അഥവാ അല്ലാഹുവാണ് പ്രപഞ്ചത്തെയും അതിലുള്ളവയെയും സൃഷ്ടിച്ചതെന്നും ഈ ലോകം മിഥ്യയോ പരമാർഥിക യാഥാർഥ്യമോ അല്ലെന്നും ദൈവത്തിന്റെ സൃഷ്ടിയായ ക്ഷണിക യാഥാർഥ്യമാണെന്നും അത് സിദ്ധാന്തിക്കുന്നു. സ്രഷ്ടാവ് നിർഗുണനല്ല; സഗുണനാണ്. എന്നാൽ സ്രഷ്ടാവും സൃഷ്ടിയും ഒരിക്കലും ഒരു കാര്യത്തിലും സമമോ സദൃ ശമോ അല്ല. സ്രഷ്ടാവിന്റെ സവിശേഷതകളൊന്നും സൃഷ്ടികൾക്കില്ല. സ്രഷ്ടാവിന് തുല്യമായി ഒന്നുമില്ലെന്നർഥം. വേദവും ബ്രഹ്മസൂത്രവും സിദ്ധാന്തിക്കുന്നതും ഇതുതന്നെ.

സർവശക്തനും സർവജ്ഞനും സർവനിയന്താവുമായ അല്ലാഹുവി നെയാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ബ്രഹ്മസൂത്രം പരിചയപ്പെടു ത്തുന്ന ബ്രഹ്മവും അതുതന്നെ.

'ജന്മാദി അസ്യയഥാ' (ബ്രഹ്മസൂത്രം 1:1:2) എന്നതിന്റെ വ്യാഖ്യാനത്തിൽ ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "പ്രകൃതിപരമായ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലുള്ള ദൈവശാസ്ത്രമാണ് ഈ സൂത്രത്തിലുള്ളത്. അനു ഭവവേദ്യമായ നിരീക്ഷണങ്ങളിൽനിന്നും ആത്യന്തിക യാഥാർഥ്യത്തെക്കു റിച്ചുള്ള സിദ്ധാന്തം നാം രൂപീകരിക്കുന്നു. അടുത്ത സൂത്രം വൈദിക സ്രോ

തസ്സുകളിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കുന്നു. ലോകത്തിന്റെ സ്വഭാവത്തെ പ്പറ്റി ചിന്തിക്കുമ്പോൾ ഏക പരമോന്നത യാഥാർഥ്യത്തെപ്പറ്റിയുള്ള നിഗമ നത്തിലാണ് നാമെത്തുന്നത്. ലോകം അസ്തിത്വത്തിനും നിലനിൽപിനും വിലയനത്തിനും അവലംബിക്കുന്ന സ്വയം പര്യാപ്തനായ സൃഷ്ടിവൈഭ വനിൽ നാമെത്തുന്നു"(Brahmasutra, P. 226).

അപ്പോൾ ശങ്കരാചാര്യർ തന്റെ യഥാർഥ അവലംബമെന്ന് അവകാശ പ്പെടുന്ന ബ്രഹ്മസൂത്രം 'ബ്രഹ്മമാണ് ലോകത്തിന്റെ സൃഷ്ടിക്കും നില നിൽപിനും നാശത്തിനും നിമിത്ത'മെന്ന് (1:1:2) കൃത്യമായി വ്യക്തമാ ക്കുന്നു. ബ്രഹ്മത്തിന്റെ അഭീഷ്ടമാണ് സൃഷ്ടിയുടെ കാരണമെന്ന് സിദ്ധാ ന്തിക്കുന്നു. ഇസ്‌ലാമും ഇതുതന്നെയാണ് പറയുന്നത്. അല്ലാഹുവാണ് പ്രപ ഞ്ചത്തിന്റെ സ്രഷ്ടാവും സംരക്ഷകനും നാഥനും നിയന്താവുമെന്നും അവന്റെ ഇഛയും (ഇറാദത്ത്, അല്ലെങ്കിൽ മശീഅത്ത്) തീരുമാന(ഖദാ അ്)വുമാണ് സൃഷ്ടിക്ക് കാരണമെന്നും അത് വ്യക്തമാക്കുന്നു. ഇതിനു കടകവിരുദ്ധമായ അദ്വൈത സിദ്ധാന്തത്തെ നിരാകരിക്കുകയും ചെയ്യുന്നു.

## ഒമ്പത്

# പരലോകമുണ്ടെന്നതിന് തെളിവുണ്ടോ?

*"മരണശേഷം നാം വീണ്ടും പുനരുജ്ജീവിപ്പിക്കപ്പെടുന്ന പരലോകമുണ്ടെന്നതിന് വല്ല തെളിവുമുണ്ടോ? ഉണ്ടെന്ന വിശ്വാസം തീര്‍ത്തും അയുക്തികമല്ലേ?"*

അറിവ് ആര്‍ജിക്കാന്‍ നമുക്കുള്ളത് അഞ്ച് ഇന്ദ്രിയങ്ങളാണ്. ഇവിടെ ഭൗതിക വിദ്യതന്നെ വിവിധയിനമാണ്. അവയോരോന്നിന്റെയും വാതില്‍ തുറക്കാന്‍ വ്യത്യസ്ത താക്കോലുകള്‍ വേണം. ഓരോന്നിനും സവിശേഷമായ മാനദണ്ഡങ്ങള്‍ അനിവാര്യമാണ്. ഗണിതശാസ്ത്രം പഠിക്കാനുപയോഗിക്കുന്ന മാനദണ്ഡമുപയോഗിച്ച് ശരീരശാസ്ത്രം പഠിക്കുക സാധ്യമല്ല. ഗണിതശാസ്ത്രത്തിലെ തന്നെ വിവിധ വശങ്ങള്‍ക്ക് വ്യത്യസ്ത മാധ്യമങ്ങള്‍ വേണം. ഒരു വൃത്തത്തിന് മുന്നൂറ്ററുപത് ഡിഗ്രിയും ത്രികോണത്തിന് നൂറ്റിയെണ്‍പതു ഡിഗ്രിയുമാണെന്ന സങ്കല്‍പം സ്വീകരിക്കാതെ ക്ഷേത്രഗണിതം അഭ്യസിക്കാനാവില്ല. ബീജഗണിതത്തിന് ഭിന്നമായ മാനദണ്ഡം അനിവാര്യമത്രെ. ഗോളശാസ്ത്രം, ഭൂഗര്‍ഭശാസ്ത്രം, ഭൂമിശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം പോലുള്ളവയ്ക്കെല്ലാം പ്രത്യേകം പ്രത്യേകം മാധ്യമങ്ങളാവശ്യമാണ്.

ഭൗതിക വിദ്യയുടെ വിവിധ വശങ്ങള്‍ക്ക് വ്യത്യസ്ത മാനദണ്ഡങ്ങള്‍ വേണമെന്നിരിക്കെ, ആധ്യാത്മിക ജ്ഞാനം നേടാന്‍ തീര്‍ത്തും ഭിന്നമായ മാര്‍ഗം അനിവാര്യമാണ്. ദൈവം, പരലോകം, സ്വര്‍ഗം, നരകം, മാലാഖ, പിശാച് പോലുള്ള അഭൗതിക കാര്യങ്ങളെ സംബന്ധിച്ച അറിവ് ആര്‍ജിക്കാന്‍ മനുഷ്യന്റെ വശം സ്വന്തമായൊരു മാധ്യമവുമില്ല; ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളില്‍ വിവിധ ദേശങ്ങളില്‍ നിയോഗിതരായ ദൈവദൂതന്മാരിലൂടെ ലഭ്യമായ ദിവ്യസന്ദേശങ്ങളല്ലാതെ. ദിവ്യബോധനമാകുന്ന ആറാം സ്രോതസ്സിലൂടെ അറിവ് ലഭിക്കുന്ന അനുഗൃഹീതരായ പ്രവാചകന്മാര്‍ പറയുന്ന കാര്യങ്ങള്‍ പഞ്ചേന്ദ്രിയങ്ങള്‍ മാത്രമുള്ളവര്‍ നിഷേധിക്കുന്നതും നിരാകരിക്കുന്നതും കണ്ണുള്ളവര്‍ പറയുന്നതിനെ കുരുടന്മാര്‍ ചോദ്യം ചെയ്യുന്നതുപോലെയാണ്. ഇലയുടെ നിറം പച്ചയും കാക്കയുടെ നിറം കറുപ്പും പാലിന്റെ വര്‍ണം വെളുപ്പുമാണെന്ന് നാം പറയുമ്പോള്‍ തങ്ങളത് കണ്ടറിഞ്ഞിട്ടില്ലെന്ന കാരണത്താല്‍ അന്ധന്മാര്‍ അതംഗീകരിക്കുന്നി

ല്ലെങ്കിൽ വർണപ്രപഞ്ചം അവർക്ക് തീർത്തും അന്യവും അപ്രാപ്യവുമാ യിരിക്കും. അതുപോലെ തന്നെയാണ് ദിവ്യസന്ദേശങ്ങളെ അംഗീകരിക്കാ ത്തവരുടെയും അവസ്ഥ. അഭൗതിക ജ്ഞാനം അവർക്ക് അന്യവും എന്നും അജ്ഞാതവുമായിരിക്കും.

മരണശേഷമുള്ള മറുലോകത്തെ കുറിച്ചും അവിടത്തെ സ്വർഗനരക ങ്ങളെ സംബന്ധിച്ചും മനുഷ്യരാശിക്ക് അറിവു നൽകിയത് ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ വിവിധ നാടുകളിൽ നിയോഗിതരായ ദൈവദൂതന്മാ രാണ്. അവർ എല്ലാവരും അതിന്റെ അനിവാര്യത ഊന്നിപ്പറഞ്ഞിട്ടുണ്ട്. അതോടൊപ്പം ഭൗതിക പ്രപഞ്ചത്തിന്റെ ഘടനയും അതിലെ മനുഷ്യന്റെ അവസ്ഥയും അത്തരമൊരു ലോകത്തിന്റെ അനിവാര്യതയിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്നു.

നീതി നടക്കണമെന്നാഗ്രഹിക്കാത്തവർ നന്നേ കുറവാണ്. അനീതി പ്രവർത്തിക്കുന്നവർ പോലും നീതിക്കുവേണ്ടി വാദിക്കുന്നു. തങ്ങൾ നീതി യുടെ വക്താക്കളെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഒരാൾ വധിക്ക പ്പെട്ടാൽ അയാളുടെ ആശ്രിതർ കൊലയാളിയെ ശിക്ഷിക്കണമെന്ന് കൊതി ക്കുന്നു. നീതിപുലരാനുള്ള മനുഷ്യരാശിയുടെ അദമ്യമായ ആഗ്രഹമാണ ല്ലോ ലോകത്ത് നിയമവും നീതിന്യായ വ്യവസ്ഥയും കോടതികളും നിയ മപാലകരുമെല്ലാമുണ്ടാകാൻ കാരണം. നീതി നടക്കണമെന്ന് പറയാത്ത ആരുമുണ്ടാവില്ലെന്നർഥം. എന്നാൽ, പൂർണാർഥത്തിൽ നീതി പുലരുന്ന നാടും സമൂഹവുമില്ല. ആരെത്ര വിചാരിച്ചാലും നിഷ്കൃഷ്ടമായ നീതി നടപ്പാക്കുക സാധ്യവുമല്ല. ഒരാളെ കൊന്നാൽ പരമാവധി സാധിക്കുക കൊലയാളിയെ കൊല്ലാനാണ്. എന്നാൽ അതുകൊണ്ട് വധിക്കപ്പെട്ടവന്റെ, നിത്യവൈധവ്യത്തിന്റെ നിതാന്ത വേദന അനുഭവിക്കുന്ന വിധവയ്ക്ക് ഭർത്താവിനെയോ അനാഥത്വത്തിന്റെ പ്രയാസം പേറുന്ന മക്കൾക്ക് പിതാ വിനെയോ ലഭിക്കുകയില്ല. ഘാതകനെ വധിക്കുന്നതുപോലും കൊല യ്ക്കുള്ള യഥാർഥ പരിഹാരമോ പ്രതിവിധിയോ അല്ലെന്നർഥം. അത് ഭൂമി യിൽ സമാധാനം സ്ഥാപിക്കാനുള്ള ഉപാധി മാത്രമത്രെ.

ഇതുതന്നെ കൊലയാളി ശിക്ഷിക്കപ്പെട്ടാലാണ്. എന്നാൽ ഭൂമിയിലെ യഥാർഥ അവസ്ഥ എന്താണ്? എന്നും എങ്ങും കൊലയാളികൾ സ്വൈര വിഹാരം നടത്തുന്നു. കൊള്ളക്കാർ രംഗം കൈയടക്കുന്നു. ചൂഷകൻമാർ മാന്യത ചമയുന്നു. അഴിമതിക്കാർ സസുഖം വാഴുന്നു. അക്രമികൾ ആധി പത്യം നടത്തുന്നു. വഞ്ചകന്മാർ വിഘ്നമൊട്ടുമില്ലാതെ നാട്ടിലെങ്ങും വിഹ രിക്കുന്നു. നീതി നടത്തേണ്ട ന്യായാധിപന്മാർ അനീതിക്ക് കൂട്ടുനിൽക്കുന്നു. പണത്തിനും പദവിക്കുമായി പരാക്രമികളുടെ പക്ഷം ചേരുന്നു. ഭരണാ ധികാരികൾ പൊതുമുതൽ കൊള്ളയടിക്കുന്നു. പൊതുജനങ്ങളെവിടെയും പീഡിപ്പിക്കപ്പെടുന്നു. അടിക്കടി അനീതിക്കും അക്രമത്തിനും അടിപ്പെടുന്നു. നീതിക്കായുള്ള അവരുടെ അർഥനകളൊക്കെയും വ്യർഥമാവുന്നു. അതി നാൽ നീതി പലപ്പോഴും മരീചിക പോലെ അപ്രാപ്യമത്രെ. മഹാഭൂരിപ ക്ഷത്തിനും തീർത്തും അന്യവും.

നന്മ നടത്തുന്നവർ ഇവിടെ കൊടിയ കഷ്ടനഷ്ടങ്ങൾക്കിരയാവുന്നു.

ആരെയും അല്പവും അലോസരപ്പെടുത്താത്തവർ അക്രമിക്കപ്പെടുന്നു. നിസ്വാർഥരായി നിലകൊള്ളുന്നവർ നിരന്തരം മർദിക്കപ്പെടുന്നു. എന്നാൽ വിദ്രോഹവൃത്തികളിൽ വ്യാപൃതരാവുന്നവരോ, വിപത്തേതുമേൽക്കാതെ സസുഖം വാഴുന്നു.

ഒരാളെ കൊന്നാൽ പകരം കൊലയാളിയെ വധിക്കാൻ സാധിച്ചേക്കാം. പക്ഷേ, പത്തും നൂറും ആയിരവും പതിനായിരവും പേരെ വധിച്ചവരെ ശിക്ഷിക്കാൻ ആർക്കും സാധ്യമല്ല. അതിനാൽ നിഷ്കൃഷ്ടമായ നീതി നടത്താൻ ആർക്കുമിവിടെ സാധ്യമല്ല. കൊല്ലപ്പെടുന്ന നിരപരാധരും അവരുടെ ആശ്രിതരുമനുഭവിക്കുന്ന പ്രയാസങ്ങൾ അപാരമത്രെ. അവയ്ക്ക് പരിഹാരമുണ്ടാക്കാൻ ഏവരും അശക്തരും. അതുകൊണ്ടുതന്നെ മരണത്തോടെ മനുഷ്യജീവിതം ഒടുങ്ങുമെങ്കിൽ ലോകഘടന തീർത്തും അനീതിപരമാണ്. അർഥശൂന്യവും അബദ്ധപൂർണവുമാണ്; വ്യവസ്ഥാപിതമായ പ്രപഞ്ചഘടനയോട് തീരെ പൊരുത്തപ്പെടാത്തതും. അറുനൂറു കോടി മനുഷ്യർക്ക് അറുനൂറു കോടി മുഖവും കൈവിരലും ഗന്ധവും വ്യതിരിക്തമായ തലമുടിയും രക്തത്തുള്ളികളുമെല്ലാം നല്കപ്പെട്ട് വ്യവസ്ഥാപിതമായും ആസൂത്രിതമായും യുക്തിനിഷ്ഠമായും സൃഷ്ടിക്കപ്പെട്ട മനുഷ്യരുടെ അന്ത്യം അപ്പാടെ അനീതിപരമാവുക അസംഭവ്യമത്രെ. അതിനാൽ യഥാർഥവും പൂർണവുമായ നീതി പുലരുക തന്നെ വേണം. ഭൂമിയിലത് അസംഭവ്യമായതിനാൽ പരലോകം അനിവാര്യമാണ്. എല്ലാവരും തങ്ങളുടെ കർമഫലം അവിടെവെച്ച് അനുഭവിക്കും-നന്മ ചെയ്തവൻ രക്ഷയും തിന്മ ചെയ്തവൻ ശിക്ഷയും.

മരണശേഷം നീതി പുലരുന്ന മറുലോകമില്ലെങ്കിൽ നീതിബോധമുള്ളവർ നിത്യനിരാശരായിരിക്കും. സദാ അസ്വസ്ഥരും അസംതൃപ്തരുമായിരിക്കും. അതോടൊപ്പം എല്ലാ മനുഷ്യരും പ്രകൃത്യാ നീതി കൊതിക്കുന്നു. അതിനാൽ അത് പുലരുന്ന ഒരു പരലോകം നീതിയുടെ തേട്ടമത്രെ; മാനവമനസ്സിന്റെ മോഹസാക്ഷാൽക്കാരവും. വളരെ വ്യവസ്ഥാപിതമായി സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ജീവിതം നീതിരഹിതമായി മരണത്തോടെ ഒടുങ്ങുമെന്ന് ധരിക്കുന്നതിനേക്കാൾ എന്തുകൊണ്ടും യുക്തിനിഷ്ഠവും ബുദ്ധിപൂർവകവുമാണ് നീതി പുലരുന്ന പരലോകത്തെ സംബന്ധിച്ച വിശ്വാസം.

മനുഷ്യജീവിതത്തിലൂടെ കടന്നുപോകുന്ന സംഭവങ്ങളെല്ലാം അവനിൽ കൃത്യമായും കണിശമായും രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ സമർഥനായ ഡോക്ടർക്ക് ശസ്ത്രക്രിയയിലൂടെ അവ കണ്ടെത്താനാവില്ല. അതിവിദഗ്ധമായ ഉപകരണങ്ങൾക്കുപോലും അവ പകർത്തുക സാധ്യമല്ല. അതോടൊപ്പം അവയൊക്കെ മനുഷ്യന് ഓർക്കാൻ കഴിയുകയും ചെയ്യുന്നു. അപ്രകാരം തന്നെ നാം തൊടുന്നേടത്തെല്ലാം നമ്മുടെ വിരലടയാളങ്ങൾ പതിയുന്നു. സഞ്ചരിക്കുന്നേടത്തൊക്കെ നമ്മുടെ ശരീരത്തിന്റെ ഗന്ധം വ്യാപരിക്കുന്നു. പറയുന്ന വാക്കുകൾ അന്തരീക്ഷത്തിൽ ലയിച്ചു ചേരുകയും ചെയ്യുന്നു. അങ്ങനെ നമ്മുടെ വാക്കുകളും പ്രവൃത്തികളും ചലനങ്ങളും വിചാരവികാരങ്ങളുമെല്ലാം നമുക്കനുകൂലമോ പ്രതികൂലമോ ആയി സാക്ഷ്യം വഹിക്കാൻ സാധിക്കുമാറ് രേഖപ്പെടുത്തപ്പെടുന്നു. നമ്മിൽ നിന്ന്

കൊഴിഞ്ഞുപോകുന്ന മുടിയും ഇറ്റിവീഴുന്ന രക്തവും സ്രവിക്കുന്ന ഇന്ദ്രിയത്തുള്ളിയുമൊക്കെ നമുക്ക് അനുകൂലമോ പ്രതികൂലമോ ആയ സാക്ഷ്യമായിത്തീരുന്നു.

സർവോപരി, ഇല്ലായ്മയിൽനിന്ന് പ്രപഞ്ചത്തെയും മനുഷ്യനുൾപ്പെടെ അതിലുള്ള സർവതിനെയും വളരെ ആസൂത്രിതമായും വ്യവസ്ഥാപിതമായും കൃത്യമായും കണിശമായും സൃഷ്ടിച്ച ദൈവത്തിന് മനുഷ്യന്റെ പുനഃസൃഷ്ടി ഒട്ടും പ്രയാസകരമോ അസാധ്യമോ അല്ല. അതുകൊണ്ടുതന്നെ മരണശേഷം മറുലോകത്ത് മനുഷ്യരെല്ലാം ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നും ഭൂമിയിലെ കർമങ്ങളുടെ ഫലം അവിടെവച്ച് അനുഭവിക്കേണ്ടി വരുമെന്നും ദൈവം തന്റെ ദൂതൻമാരിലൂടെ അറിയിച്ചതുപോലെ സംഭവിക്കുകതന്നെ ചെയ്യും. അതൊട്ടും അവിശ്വസനീയമോ അയുക്തികമോ അല്ല. മറിച്ച്, അത്യദ്ഭുതകരമായ അവസ്ഥയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ജീവിതം അനീതിക്കിരയായി, അർഥരഹിതമായി എന്നെന്നേക്കുമായി അവസാനിക്കുമെന്ന് പറയുന്നതാണ് അയുക്തികവും അവിശ്വസനീയവും!

ഒരു കാര്യവും കൂടി സൂചിപ്പിക്കാനാഗ്രഹിക്കുന്നു. നാം ഇപ്പോഴുള്ള അവസ്ഥയിൽ നിന്നുകൊണ്ട് മനസ്സിലാക്കുന്നതാണ് യഥാർഥ വസ്തുതയെന്ന് ധരിക്കുന്നത് ശരിയല്ല. ഉപകരണമേതുമില്ലാതെ നിഴലിനെ നോക്കുമ്പോൾ അത് തീർത്തും നിശ്ചലമാണെന്നാണ് നമുക്കു തോന്നുക. എന്നാൽ നിഴലിന് സദാ നേരിയ ചലനമുണ്ടല്ലോ. മരീചിക വെള്ളമാണെന്ന് കരുതാറുണ്ട്. അടുത്തെത്തുമ്പോഴാണ് സത്യം ബോധ്യമാവുക. നിദ്രാ വേളയിലെ സ്വപ്നത്തിൽ കാണുന്ന കാര്യങ്ങൾ യാഥാർഥ്യമാണെന്നാണ് നമുക്ക് അപ്പോൾ തോന്നുക. ഉണരുന്നതോടെ മറിച്ച് അനുഭവപ്പെടുന്നു. അതിനാൽ പഞ്ചേന്ദ്രിയങ്ങൾ മാത്രമുള്ള നമുക്ക് മനസ്സിലാക്കാനാവാത്ത പലതും ദിവ്യബോധനമാകുന്ന അറിവിന്റെ ആറാം സ്രോതസ്സ് തുറന്നുകിട്ടുന്ന ദൈവദൂതൻമാർക്ക് ഗ്രഹിക്കാൻ കഴിയും. സ്വപ്നം കാണുന്നവൻ അപ്പോൾ പറയുന്ന കാര്യങ്ങൾക്കപ്പുറമാണ് വസ്തുതയെന്ന്, ഉണർന്നിരിക്കുന്നവൻ അറിയുന്ന പോലെ ഇന്ദ്രിയ ബന്ധിതനായ മനുഷ്യൻ കാണുന്നതിനപ്പുറമാണ് സത്യമെന്ന് ദൈവദൂതൻമാരറിയുന്നു. അവരത് സമൂഹത്തെ അറിയിക്കുകയും ചെയ്യുന്നു. അഭൗതികജ്ഞാനത്തിന്റെ പിഴക്കാത്ത ഏകാവലംബം അതു മാത്രമത്രെ.

## പത്ത്

# പരലോകം പരമാർഥമോ?

*“മനുഷ്യൻ മരണമടഞ്ഞാൽ ചിലർ മണ്ണിൽ മറവുചെയ്യുന്നു. ഏറെ വൈകാതെ മൃതശരീരം മണ്ണോടു ചേരുന്നു. വേറെ ചിലർ ജഡം ചിതയിൽ ദഹിപ്പിക്കുന്നു. അതോടെ അത് ചാരമായി മാറുന്നു. നദിയിലൊഴുക്കപ്പെടുന്ന ശവശരീരങ്ങളെ മത്സ്യം വെട്ടിവിഴുങ്ങുകയും ചെയ്യുന്നു. ഈ വിധം അപ്രത്യക്ഷരാവുന്ന മനുഷ്യരെ വീണ്ടും ഉയിർത്തെഴുന്നേൽപിക്കുമെന്നല്ലേ ഇസ്ലാം അവകാശപ്പെടുന്നത്? ഇത് വിശ്വസനീയമാണോ? മനുഷ്യബുദ്ധിക്ക് നിരക്കുന്നതാണോ?”*

എന്നും എവിടെയും മഹാഭൂരിപക്ഷം ജനങ്ങളും ദൈവവിശ്വാസികളായിരുന്നു. അറിയപ്പെടുന്ന മനുഷ്യചരിത്രത്തിൽ ഈശ്വരവിശ്വാസമില്ലാത്ത സമൂഹങ്ങളും ജനതകളും വളരെ വിരളമത്രെ. അതുകൊണ്ടുതന്നെ ദൈവദൂതന്മാർക്ക് അഭിമുഖീകരിക്കേണ്ടിവന്നത് നിരീശ്വരവാദികളെയായിരുന്നില്ല. മറിച്ച്, മരണാനന്തര ജീവിതത്തിൽ വിശ്വാസമില്ലാത്ത ദൈവവിശ്വാസികളെയായിരുന്നു. പ്രവാചകന്മാർക്കെതിരെ അണിനിരന്ന വിവിധ കാലഘട്ടങ്ങളിലെ ജനങ്ങൾ പരലോകത്തെ അവിശ്വസിക്കുന്നവരും തള്ളിപ്പറയുന്നവരുമായിരുന്നു. അവരുന്നയിച്ച വാദങ്ങളും ചോദ്യങ്ങളും വിശുദ്ധഖുർആൻ ഇങ്ങനെ ഉദ്ധരിക്കുന്നു:

“അവർ ദൈവനാമത്തിൽ ശക്തമായി ആണയിട്ടു പറയുന്നു: മരിച്ചുപോകുന്നവരെ അല്ലാഹു വീണ്ടും ജീവിപ്പിച്ച് എഴുന്നേൽപിക്കുകയില്ല.” (അധ്യായം 16, വാക്യം 38).

“ജീവിതമെന്നാൽ നമ്മുടെ ഈ ഐഹികജീവിതം മാത്രമേയുള്ളൂ. മരണാനന്തരം നാമൊരിക്കലും പുനരുജ്ജീവിപ്പിക്കപ്പെടാൻ പോകുന്നില്ല” (അധ്യായം 6, വാക്യം 29).

“നിങ്ങൾ മരിച്ച് മണ്ണും അസ്ഥിയുമായ ശേഷം വീണ്ടും ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്ന് ഇയാൾ നിങ്ങളോട് പറയുന്നോ? എന്നാലത് വളരെ വളരെ വിദൂരം തന്നെ. ഇയാൾ നിങ്ങളോട് വാഗ്ദാനം ചെയ്യുന്നത് വളരെ വിദൂരമത്രെ! നമ്മുടെ ഐഹികജീവിതമല്ലാതെ ജീവിതമില്ല. ഇവിടെ നാം മരിക്കുന്നു. ജീവിക്കുന്നു. നാമൊരിക്കലും ഉയിർത്തെഴുന്നേൽപിക്കപ്പെടുകയില്ല.” (അധ്യായം 23, വാക്യം 36, 37).

“അവർ അവരുടെ മുൻഗാമികൾ പറഞ്ഞതുതന്നെ പറയുന്നു. അവർ പറയുന്നു: ഞങ്ങൾ മരിച്ച് മണ്ണും എല്ലുമായി മാറിക്കഴിഞ്ഞാൽ പിന്നെയും ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ? ഈ വാഗ്ദാനം ഞങ്ങൾ ഏറെ കേട്ടിട്ടുള്ളതാണ്. പണ്ട് ഞങ്ങളുടെ പൂർവപിതാക്കളും കേട്ടുപോന്നിട്ടുണ്ട്. അതാവട്ടെ കേവലം കെട്ടുകഥകൾ മാത്രമാകുന്നു”(അധ്യായം 23, വാക്യം 82, 83).

“അവർ ചോദിക്കുന്നു: ഞങ്ങൾ മരിച്ച് മണ്ണും അസ്ഥിപഞ്ജരവുമായി മാറിക്കഴിഞ്ഞാൽ വീണ്ടും ഉയിർത്തെഴുന്നേൽപിക്കപ്പെടുമെന്നോ? ഞങ്ങളുടെ പൂർവപിതാക്കളും അങ്ങനെ ഉയിർത്തെഴുന്നേൽപിക്കപ്പെടുമോ?” (അധ്യായം 37, വാക്യം 16, 17).

പുരാതന കാലം മുതൽക്കുതന്നെ ദൈവവിശ്വാസികളായ പലരും പരലോകത്തിൽ വിശ്വസിച്ചിരുന്നില്ലെന്ന് ഉപര്യുക്ത വാക്യങ്ങൾ വ്യക്തമാക്കുന്നു. ഇന്നത്തെ അവസ്ഥയും ഭിന്നമല്ല. അവിശ്വാസികൾ ഉയിർത്തെഴുന്നേൽപിനെ നിഷേധിച്ചും അവിശ്വസിച്ചും സംശയിച്ചും ഉന്നയിച്ച ചോദ്യങ്ങൾക്ക് വിശുദ്ധ ഖുർആൻ വ്യക്തമായ മറുപടി നൽകുന്നു. “അവർ ചോദിക്കുന്നു: ‘ഞങ്ങൾ കേവലം അസ്ഥികളും മണ്ണുമായിത്തീർന്നാൽ പിന്നെ വീണ്ടും പുതിയ സൃഷ്ടിയായി എഴുന്നേൽപിക്കപ്പെടുമെന്നോ?’ അവരോടു പറയുക: നിങ്ങൾ കല്ലോ തുരുമ്പോ ആയിക്കൊള്ളുക. അല്ലെങ്കിൽ ജീവനുൾക്കൊള്ളാൻ തീരെ അസാധ്യമായതെന്ന് നിങ്ങൾക്ക് തോന്നുന്ന മറ്റെന്തെങ്കിലും കടുത്ത സൃഷ്ടിയായിക്കൊള്ളുക. എന്നാലും നിങ്ങൾ എഴുന്നേൽപിക്കപ്പെടും.’ അവർ തീർച്ചയായും ചോദിക്കും: ‘ആരാണ് ഞങ്ങളെ വീണ്ടും ജീവിതത്തിലേക്ക് മടക്കുക?’ പറയുക: ‘ആദ്യതവണ സൃഷ്ടിച്ചവനാരോ അവൻ തന്നെ.’ അവർ തലയിളക്കി പരിഹാസത്തോടെ ചോദിക്കും: ‘ഓഹോ, അതെപ്പോഴാണുണ്ടാവുക?’ പറയുക: അദ്ഭുതമെന്ത്? അടുത്തുതന്നെ അത് സംഭവിച്ചേക്കാം. ദൈവം നിങ്ങളെ വിളിക്കുന്ന നാളിൽ അതിനുത്തരമായി നിങ്ങളവനെ സ്തുതിച്ചുകൊണ്ട് പുറപ്പെട്ടുവരും. ‘ഞങ്ങൾ അൽപനേരം മാത്രമേ ഈ അവസ്ഥയിൽ കഴിഞ്ഞിട്ടുള്ളൂ’ എന്നായിരിക്കും അന്നേരം നിങ്ങളുടെ തോന്നൽ” (അധ്യായം 17, വാക്യം 49-52).

“ഞങ്ങൾ കേവലം അസ്ഥികളും മണ്ണുമായിക്കഴിഞ്ഞ ശേഷം പുതിയ സൃഷ്ടിയായി വീണ്ടും എഴുന്നേൽപിക്കപ്പെടുകയോ’ എന്നു ചോദിച്ചതിനുള്ള പ്രതിഫലമാണിത്. ഭൂലോകത്തെയും വാനലോകങ്ങളെയും സൃഷ്ടിച്ച അല്ലാഹുവിന് ഇവരെപ്പോലുള്ളവരെയും സൃഷ്ടിക്കുവാൻ തീർച്ചയായും കഴിവുണ്ടെന്ന് ഇവർക്ക് മനസ്സിലായിട്ടില്ലേ? അവരെ പുനരുജ്ജീവിപ്പിച്ച് ഒരുമിച്ചുകൂട്ടുന്നതിന് അവനൊരു സമയം നിർണയിച്ചുവച്ചിട്ടുണ്ട്. അതുണ്ടാവുമെന്നതിൽ സംശയമില്ല. പക്ഷേ, അതിനെ ധിക്കരിക്കുക തന്നെ വേണമെന്ന് ധിക്കാരികൾക്ക് ശാഠ്യമുണ്ട്”(അധ്യായം 17, വാക്യം 98, 99).

“മനുഷ്യരേ, മരണാനന്തര ജീവിതത്തെക്കുറിച്ച് വല്ല സംശയവുമുണ്ടെങ്കിൽ നിങ്ങൾ മനസ്സിലാക്കുക: ആദിയിൽ നിങ്ങളെ നാം സൃഷ്ടിച്ചത് മണ്ണിൽനിന്നാണ്. പിന്നെ രേതസ്കണത്തിൽനിന്ന്. പിന്നെ ഒട്ടിപ്പിടിക്കുന്നതിൽനിന്ന്, പിന്നെ രൂപം പ്രാപിച്ചതും അല്ലാത്തതുമായ മാംസപിണ്ഡ

ത്തിൽനിന്ന്. ഈ വിവരണം നിങ്ങൾക്ക് യാഥാർഥ്യം വ്യക്തമാകാനത്രെ. നാമുദ്ദേശിക്കുന്ന ബീജത്തെ ഒരു നിശ്ചിത അവധി വരെ ഗർഭാശയങ്ങളിൽ നിവസിപ്പിക്കുന്നു. പിന്നെ നിങ്ങളെ ശിശുവായി പുറത്തുകൊണ്ടുവരുന്നു. പിന്നെ നിങ്ങൾ യൗവനം പ്രാപിക്കുന്നു. നിങ്ങളിൽ ചിലർ നേരത്തെ തന്നെ തിരിച്ചുവിളിക്കപ്പെടുന്നു. ചിലരാവട്ടെ എല്ലാം അറിഞ്ഞശേഷം ഒന്നും അറിയാത്തവരായിത്തീരാൻ, മോശമായ പ്രായാധിക്യത്തിലേക്ക് നയിക്കപ്പെടുന്നു. ഭൂമി വരണ്ടുകിടക്കുന്നതായി നീ കാണുന്നു. പിന്നെ നാമതിൽ മഴ വർഷിപ്പിച്ചാൽ പെട്ടെന്നത് തുടികൊള്ളുന്നു. പുഷ്പിണിയാവുന്നു. കൗതുകമാർന്ന സകലയിനം ചെടികളെയും മുളപ്പിച്ചുതുടങ്ങുന്നു. അല്ലാഹു തന്നെയാകുന്നു യാഥാർഥ്യം. അവൻ നിർജീവമായതിനെ ജീവിപ്പിക്കുന്നു. അവൻ സകലതിനും കഴിവുള്ളവനാണെന്നതിനാലാണിതൊക്കെയും ഉണ്ടാവുന്നത്. അതിനാൽ പുനരുത്ഥാനവേള വരികതന്നെ ചെയ്യും. അതിൽ സംശയമേയില്ല. ഖബ്റിലുള്ളവരെയെല്ലാം അല്ലാഹു ഉയിർത്തെഴുന്നേൽപിക്കും, തീർച്ച"(അധ്യായം 22, വാക്യം 5-7).

"നിങ്ങൾ ലോകരെയെല്ലാം സൃഷ്ടിക്കുകയും പിന്നെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയെന്നത് അത് അവന് ഒരു ജീവിയെ സൃഷ്ടിക്കുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതുപോലെയേയുള്ളൂ." (അധ്യായം 31, വാക്യം 28)

"സത്യനിഷേധികൾ വലിയ വാദമായി ഉന്നയിച്ചു, മരണാനന്തരം തങ്ങളൊരിക്കലും പുനരുജ്ജീവിപ്പിക്കപ്പെടുകയില്ലെന്ന്. അവരോടു പറയുക: അല്ല; എന്റെ നാഥനാണ് സത്യം! നിങ്ങൾ തീർച്ചയായും പുനരുജ്ജീവിപ്പിക്കപ്പെടുകതന്നെ ചെയ്യും. അങ്ങനെ ചെയ്യൽ അല്ലാഹുവിന് തീർത്തും അനായാസകരമത്രെ." (അധ്യായം 64, വാക്യം 7).

"ആകാശഭൂമികളെ സൃഷ്ടിച്ചവനും അവയുടെ സൃഷ്ടിയാൽ ക്ഷീണിക്കാത്തവനുമായ അല്ലാഹു തീർച്ചയായും മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവനാണെന്ന കാര്യം ഈ ജനത്തിന് മനസ്സിലായിട്ടില്ലെന്നോ? എന്തുകൊണ്ടില്ല? നിശ്ചയം, അവൻ സകല സംഗതികൾക്കും കഴിവുള്ളവനാകുന്നു" (അധ്യായം 46, വാക്യം 33).

"മനുഷ്യൻ വിചാരിക്കുന്നുണ്ടോ, അവൻ വെറുതെ വിടപ്പെടുമെന്ന്? അവൻ വിസർജിക്കപ്പെട്ട നിസ്സാരമായ ശുക്ലകണമായിരുന്നില്ലേ? പിന്നീടവൻ ഒട്ടിപ്പിടിക്കുന്ന വസ്തുവായി. അനന്തരം അല്ലാഹു അവന്റെ ശരീരം സൃഷ്ടിച്ചു. അവയവങ്ങൾ സംവിധാനിച്ചു. എന്നിട്ടതിൽനിന്ന് സ്ത്രീയുടെയും പുരുഷന്റെയും രണ്ടു വർഗങ്ങളുണ്ടാക്കി. അവൻ മരിച്ചവരെ പുനരുജ്ജീവിപ്പിക്കാൻ കഴിവുള്ളവനല്ലെന്നോ?"(അധ്യായം 75, വാക്യം 36-40).

"അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിലൊന്ന് ഇതാകുന്നു: എന്തെന്നാൽ ഭൂമിയെ ചൈതന്യമറ്റു കിടക്കുന്നതായി നീ കാണുന്നു. പിന്നെ നാമതിൽ മഴ വർഷിപ്പിച്ചാലോ, പെട്ടെന്നതാ അത് ചലനം കൊള്ളുകയും വളർന്നു വികസിക്കുകയും ചെയ്യുന്നു. നിശ്ചയം, ഈ മൃതഭൂമിയെ സജീവമാക്കിയതാരോ, അവൻ മരിച്ചുപോയവരെയും ജീവിപ്പിക്കുന്നവനാകുന്നു. അവൻ സകല സംഗതികൾക്കും കഴിവുറ്റവനല്ലോ" (അധ്യായം 41, വാക്യം 39).

“മനുഷ്യൻ വിചാരിക്കുന്നുവോ, അവന്റെ അസ്ഥികളെ സംഘടിപ്പിക്കാൻ നമുക്കാവില്ലെന്ന്. എന്തുകൊണ്ടാവില്ല? നാമവന്റെ വിരൽതുമ്പുകൾ വരെ കൃത്യമായി നിർമിക്കാൻ കഴിവുള്ളവനല്ലോ.” (അധ്യായം 75, വാക്യം 3, 4).

ചുരുക്കത്തിൽ, ഇല്ലായ്മയിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന് അവനെ പുനരുജ്ജീവിപ്പിക്കുക ഒട്ടും പ്രയാസകരമായ കാര്യമല്ല. അറുനൂറു കോടി മനുഷ്യർക്ക് അറുനൂറു കോടി കൈവിരലുകളും വ്യതിരിക്തമായ തലമുടിയും രക്തത്തുള്ളികളും ഗന്ധവുമൊക്കെ നൽകി സൃഷ്ടികർമം നിർവഹിച്ച ദൈവത്തിന് മനുഷ്യനെ ഉയിർത്തെഴുന്നേൽപിക്കുക എന്നത് തീർത്തും അനായാസകരമത്രെ. നിർജീവമായ ഭൂമി മഴ കിട്ടിയാൽ സജീവമാകുന്ന പോലെ മരിച്ചു മണ്ണായ മനുഷ്യരെ അല്ലാഹു വിളിക്കുമ്പോൾ പുനരുജ്ജീവിച്ച് ഓടിയെത്തുന്നുവെന്നത് തീരെ അയുക്തികമോ അവിശ്വസനീയമോ അല്ല. ശരീരത്തിന്റെ നേരിയ ഒരു അംശമുപയോഗിച്ച് ക്ലോണിംഗിലൂടെ പൂർണ മനുഷ്യനെ സൃഷ്ടിക്കാൻ ശ്രമം നടക്കുന്ന ലോകത്ത്, സർവശക്തനായ ദൈവം മനുഷ്യനെ പുനഃസൃഷ്ടിക്കുമെന്ന സത്യം അംഗീകരിക്കാൻ വിസമ്മതിക്കുന്നതാണ് അയുക്തികവും വിസ്മയകരവുമായ കാര്യം.

## പതിനൊന്ന്

# പരലോകത്തും സംവരണമോ?

*“മുസ്‌ലിംകൾ മാത്രമേ സ്വർഗത്തിൽ പ്രവേശിക്കുകയുള്ളൂവെന്നല്ലേ ഇസ്‌ലാം പറയുന്നത്? ഇത് തീർത്തും സങ്കുചിത വീക്ഷണമല്ലേ? പരലോകത്തും സംവരണമോ?”*

ഒരാൾ പരീക്ഷ പാസാകണമെന്നാഗ്രഹിക്കുന്നില്ല. പരീക്ഷക്കു വന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നുമില്ല. എങ്കിൽ മറ്റെന്തൊക്കെ എഴുതിയാലും പരീക്ഷയിൽ വിജയിക്കുകയില്ല. വിജയിക്കുമെന്ന് ആരും പ്രതീക്ഷിക്കുകയുമില്ല. അപ്രകാരംതന്നെ രോഗം മാറണമെന്ന് ആഗ്രഹിക്കുന്നില്ല; രോഗശമനത്തിന് നിർദേശിക്കപ്പെട്ട മരുന്ന് കഴിക്കുന്നുമില്ല. എന്നാലും രോഗം മാറണമെന്ന് ആരും പറയുകയില്ലല്ലോ. ഇവ്വിധംതന്നെ സ്വർഗം ലക്ഷ്യമാക്കാതെ, സ്വർഗലബ്ധിക്കു നിശ്ചയിക്കപ്പെട്ട മാർഗമവലംബിക്കാതെ ജീവിക്കുന്നവർക്ക് സ്വർഗം ലഭിക്കുകയില്ല. അത്തരക്കാർക്കും സ്വർഗം നൽകണമെന്ന് നീതിബോധമുള്ളവരാരും അവകാശപ്പെടുകയുമില്ല.

സ്വർഗം സജ്ജനങ്ങൾക്കുള്ള ദൈവത്തിന്റെ ദാനമാണ്. വേദഗ്രന്ഥത്തിൽ ദൈവദൂതന്മാരിലൂടെയാണ് അല്ലാഹു അത് വാഗ്ദാനം ചെയ്തത്. അത് ലഭ്യമാകാൻ വ്യക്തമായ മാർഗം നിശ്ചയിച്ചിട്ടുമുണ്ട്. അതിനാൽ ആർ ദൈവം, സ്വർഗം, ദൈവദൂതന്മാർ, വേദഗ്രന്ഥം തുടങ്ങിയവയിൽ യഥാവിധി വിശ്വസിച്ച് സ്വർഗം ലക്ഷ്യം വച്ച് അതിനു നിശ്ചയിക്കപ്പെട്ട വഴിയിലൂടെ സഞ്ചരിക്കുന്നുവോ അവർക്ക് സ്വർഗം ലഭിക്കും. ഇക്കാര്യത്തിലാരോടും ദൈവം ഒട്ടും വിവേചനം കാണിക്കുകയില്ല. എന്നാൽ സ്വർഗത്തിൽ വിശ്വസിക്കുകയോ അത് ലക്ഷ്യം വെക്കുകയോ അത് വാഗ്ദാനം ചെയ്ത ദൈവത്തെയും ആ അറിവു നൽകിയ ദൈവദൂതനെയും വേദഗ്രന്ഥത്തെയും അംഗീകരിക്കുകയോ ചെയ്യാതെ, അതിനു നിശ്ചയിക്കപ്പെട്ട മാർഗമവലംബിക്കാതെ ജീവിക്കുന്നവർക്ക് അത് ലഭിക്കുമെന്ന് പ്രതീക്ഷിക്കാവതല്ല. ലഭിക്കണമെന്ന് പറയുന്നതിലൊട്ടും അർഥവുമില്ല. അതിനാലിതിൽ സങ്കുചിതത്വത്തിന്റെയോ സംവരണത്തിന്റെയോ പ്രശ്നമില്ല. നിഷ്കൃഷ്ടമായ നീതിയാണ് ദീക്ഷിക്കപ്പെടുക.

## അമുസ്‌ലിംകളെല്ലാം നരകത്തിലോ?

*“മുസ്‌ലിം സമുദായത്തിൽ ജനിക്കുന്നവർക്ക് ദൈവത്തെയും പ്രവാചകനെയും വേദഗ്രന്ഥത്തെയും സ്വർഗനരകങ്ങളെയും സംബന്ധിച്ച അറിവ് സ്വാഭാവികമായും ലഭിക്കും. മറ്റുള്ളവർക്കത് കിട്ടുകയില്ല. അതിനാൽ ആ അറിവ് ലഭിക്കാത്തതിന്റെ പേരിൽ അതനുസരിച്ച് ജീവിക്കാൻ സാധിക്കാത്തവരൊക്കെ നരകത്തിലായിരിക്കുമെന്നാണോ നിങ്ങൾ പറയുന്നത്?”*

മുസ്‌ലിം സമുദായത്തിൽ ജനിക്കുകവഴി, ദൈവത്തെയും ദൈവിക ജീവിത വ്യവസ്ഥയെയും സംബന്ധിച്ച വ്യക്തമായ അറിവു ലഭിച്ച ശേഷം അതനുസരിച്ച് ജീവിക്കാത്തവൻ സത്യനിഷേധി (കാഫിർ) യാണ്. അവർക്ക് മരണശേഷം കൊടിയ ശിക്ഷയുണ്ടാകുമെന്ന് ഖുർആൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. മാത്രമല്ല, ദൈവത്തെയും ദൈവിക ജീവിതക്രമത്തെയും സംബന്ധിച്ച് അറിവുള്ളവരെല്ലാം മറ്റുള്ളവരെ അതറിയിച്ചുകൊടുക്കാൻ ബാധ്യസ്ഥരാണ്. ഈ ബാധ്യത നിർവഹിച്ചില്ലെങ്കിൽ അതിന്റെ പേരിലും പരലോകത്ത് അവർ ശിക്ഷാർഹരായിരിക്കും.

എന്നാൽ ദൈവത്തെയും ദൈവിക മതത്തെയും സംബന്ധിച്ച് ഒട്ടും കേട്ടറിവു പോലുമില്ലാത്തവർ ശിക്ഷിക്കപ്പെടുമെന്നോ നരകാവകാശികളാകുമെന്നോ ഇസ്‌ലാം പഠിപ്പിക്കുന്നില്ല. ഖുർആനോ പ്രവാചക ചര്യയോ അങ്ങനെ പറയുന്നുമില്ല. മറിച്ച്, ദിവ്യ സന്ദേശം വന്നെത്തിയിട്ടില്ലാത്തവർ ശിക്ഷിക്കപ്പെടില്ലെന്നാണ് വേദഗ്രന്ഥം പഠിപ്പിക്കുന്നത്. പതിനേഴാം അധ്യായം പതിനഞ്ചാം വാക്യത്തിലിങ്ങനെ കാണാം: “ആർ സന്മാർഗം സ്വീകരിക്കുന്നുവോ, അതവന്റെ തന്നെ ഗുണത്തിനു വേണ്ടിയാകുന്നു. ആർ ദുർമാർഗിയാകുന്നുവോ, അതിന്റെ ദോഷവും അവനുതന്നെ. ഭാരം വഹിക്കുന്നവരാരുംതന്നെ ഇതരന്റെ ഭാരം വഹിക്കുകയില്ല. (സന്മാർഗം കാണിക്കാനായി) ദൈവദൂതൻ നിയോഗിതനാവുന്നതുവരെ നാമാരെയും ശിക്ഷിക്കാറുമില്ല.”

അതേസമയം ദൈവത്തെ സംബന്ധിച്ച് കേൾക്കാത്തവരോ സാമാന്യ ധാരണയില്ലാത്തവരോ ഉണ്ടാവുകയില്ല. അവർ ദൈവത്തെക്കുറിച്ച് കൂടുതലന്വേഷിക്കാനും ആ ദൈവം വല്ല ജീവിതമാർഗവും നിശ്ചയിച്ചുതന്നിട്ടുണ്ടോ എന്ന് പരിശോധിക്കാനും ബാധ്യസ്ഥരാണ്. അപ്രകാരം തന്നെ സ്വർഗമുണ്ടെന്നും നിശ്ചിത മാർഗത്തിലൂടെ നീങ്ങുന്നവർക്കേ അത് ലഭിക്കുകയുള്ളൂവെന്നുമുള്ള കാര്യം കേട്ടറിഞ്ഞവരൊക്കെയും അതേക്കുറിച്ച് പഠിക്കാൻ കടപ്പെട്ടവരാണ്. അതിന്റെ ലംഘനം ശിക്ഷാർഹമായ കുറ്റമാവുക സ്വാഭാവികമാണല്ലോ.

## സുകർമികളെല്ലാം സ്വർഗാവകാശികളാവേണ്ടതല്ലേ?

*“ഒരാൾ ദൈവത്തിലും മരണാനന്തര ജീവിതത്തിലുമൊന്നും വിശ്വസിക്കുന്നില്ല. അതേസമയം മദ്യപിക്കുകയോ വ്യഭിചരിക്കുകയോ ചെയ്യുന്നില്ല. ആരെയും ദ്രോഹിക്കുന്നില്ല. എല്ലാവർക്കും സാധ്യമാവുന്നത്ര ഉപകാരം ചെയ്ത് ജീവിക്കുന്നു. അയാൾക്ക് സ്വർഗം ലഭിക്കുമോ?”*

ഏതൊരാൾക്കും ഏതു കാര്യത്തിലും പരമാവധി ശ്രമിച്ച് ഫലപ്രാപ്തി

യിലെത്തിയാൽ പോലും അയാൾ ഉദ്ദേശിച്ചതും ലക്ഷ്യം വച്ചതുമല്ലേ ലഭിക്കുകയുള്ളൂ. ദൈവത്തിലും മരണാനന്തര ജീവിതത്തിലും വിശ്വാസമില്ലാത്ത വ്യക്തി തിന്മയുപേക്ഷിക്കുന്നതും നന്മ പ്രവർത്തിക്കുന്നതും സ്വർഗം ലക്ഷ്യം വച്ചായിരിക്കില്ലെന്നതിൽ സംശയമില്ല. അയാളങ്ങനെ ചെയ്യുന്നത് സമൂഹത്തിൽ സൽപ്പേരും പ്രശസ്തിയും ലഭിക്കാനായിരിക്കാം. എങ്കിൽ അതാണയാൾക്ക് ലഭിക്കുക. അഥവാ മനസ്സംതൃപ്തിക്കും ആത്മനിർവൃതിക്കും വേണ്ടിയാണെങ്കിൽ അതാണുണ്ടാവുക. ദൈവത്തിന്റെ പ്രീതിയും പ്രതിഫലവും പ്രതീക്ഷിച്ചും ലക്ഷ്യം വച്ചും ജീവിക്കുന്നവർക്കേ അത് ലഭിക്കുകയുള്ളൂ. അതിനാൽ നേരത്തെ വ്യക്തമാക്കിയ പോലെ സ്വർഗമാഗ്രഹിച്ച് അതിന് നിശ്ചയിക്കപ്പെട്ട വഴിയിലൂടെ സഞ്ചരിക്കുന്നവരേ അവിടെ എത്തിച്ചേരുകയുള്ളൂ.

എന്നാൽ ഇന്ന വ്യക്തി സ്വർഗത്തിലായിരിക്കും അല്ലെങ്കിൽ നരകത്തിലായിരിക്കും എന്ന് നമുക്ക് തീരുമാനിക്കാനോ പറയാനോ സാധ്യമല്ല. അത് ദൈവനിശ്ചയമാണ്. അവന്നും അവൻ നിശ്ചയിച്ചു കൊടുക്കുന്ന ദൂതന്മാർക്കും മാത്രമേ അതറിയുകയുള്ളൂ.

## സ്വർഗജീവിതം ഏത് വിധം?

*“ഇസ്‌ലാം വിഭാവന ചെയ്യുന്ന സ്വർഗത്തെ സംബന്ധിച്ച വിവരണം കേട്ടപ്പോഴെല്ലാം അത് സമ്പന്ന സമൂഹത്തിന്റെ സുഖസമൃദ്ധമായ ജീവിതത്തിന് സമാനമായാണനുഭവപ്പെട്ടത്. ഭൂമിയിലെ ജീവിതം പോലെത്തന്നെയാണോ സ്വർഗജീവിതവും?”*

അഭൗതികമായ ഏതിനെ കുറിച്ചും അറിവ് ലഭിക്കാനുള്ള ഏക മാധ്യമം ദിവ്യബോധനം മാത്രമത്രെ. അതിനാൽ ദൈവം, സ്വർഗം, നരകം, മാലാഖമാർ, പിശാചുക്കൾ എന്നിവയെക്കുറിച്ച് ദൈവദൂതന്മാരിലൂടെ ലഭിച്ച വിശദീകരണങ്ങളല്ലാതെ മറ്റൊന്നും ആർക്കും അറിയുകയില്ല. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന്റെ പരിമിതിയിൽനിന്നുകൊണ്ട് അവന് മനസ്സിലാക്കാൻ കഴിയുന്ന ഭാഷയിലും ശൈലിയിലുമാണ് ദൈവം അഭൗതിക കാര്യങ്ങളെ സംബന്ധിച്ച വിശദീകരണം നൽകിയത്. അതിനാൽ സ്വർഗത്തെക്കുറിച്ച് വിവരിക്കവെ, അല്ലലും അലട്ടുമൊട്ടുമില്ലാത്ത സംതൃപ്തവും ആഹ്ലാദഭരിതവുമായ ജീവിതമാണ് അവിടെ ഉണ്ടാവുകയെന്ന വസ്തുത വ്യക്തമാക്കിയ വിശുദ്ധ ഖുർആൻ ഇങ്ങനെ പറയുന്നു: “അവിടെ നിങ്ങൾ ആശിക്കുന്നതെല്ലാം ലഭിക്കും. നിങ്ങൾക്കു വേണമെന്ന് തോന്നുന്നതെല്ലാം നിങ്ങളുടേതാകും.” (41: 31)

മനുഷ്യന്റെ സകല സങ്കല്പങ്ങൾക്കും ഉപരിയായ സ്വർഗീയ സുഖത്തെ സംബന്ധിച്ച് പ്രവാചകൻ പറഞ്ഞത്, ഒരു കണ്ണും കാണാത്തതും ഒരു കാതും കേൾക്കാത്തതും ഒരു മനസ്സും മനനം ചെയ്തിട്ടില്ലാത്തതുമെന്നാണ്. അതിനാൽ സ്വർഗജീവിതം ഏതു വിധമായിരിക്കുമെന്ന് ഇവിടെ വച്ച് നമുക്ക് കണക്കുകൂട്ടുക സാധ്യമല്ല. എന്നാൽ പ്രയാസമൊട്ടുമില്ലാത്തതും മോഹങ്ങളൊക്കെയും പൂർത്തീകരിക്കപ്പെടുന്നതും സുഖവും സന്തോഷവും സംതൃപ്തിയും സമാധാനവും നിറഞ്ഞതുമായിരിക്കുമെ

ന്നതിൽ സംശയമില്ല.

## സ്വർഗജീവിതം മടുക്കില്ലേ?

*“അങ്ങനെയാണെങ്കിൽ അൽപകാലം കഴിയുമ്പോൾ സ്വർഗജീവിത ത്തോടും മടുപ്പനുഭവപ്പെടുമല്ലോ?”*

ഇപ്പോഴുള്ള മാനസികാവസ്ഥയുടെയും വികാരവിചാരങ്ങളുടെയും അടി സ്ഥാനത്തിലാണ്, അൽപകാലം സ്വർഗീയ സുഖജീവിതം നയിക്കുമ്പോൾ മടുപ്പു തോന്നുമെന്ന് പറയുന്നത്. ഭൂമിയിൽ നമുക്ക് സന്തോഷവും സന്താ പവും സ്നേഹവും വെറുപ്പും പ്രത്യാശയും നിരാശയും അസൂയയും പകയും കാരുണ്യവും ക്രൂരതയും അതുപോലുള്ള വിവിധ വികാരങ്ങളും അനുഭവപ്പെടാറുണ്ട്. എന്നാൽ സ്വർഗത്തിലെ മാനസികാവസ്ഥ ഒരിക്കലും ഇതുപോലെയാകില്ല. അവിടെ വെറുപ്പോ വിദ്വേഷമോ അസൂയയോ നിരാ ശയോ മറ്റു വികല വികാരങ്ങളോ ഒരിക്കലും ഉണ്ടാവുകയില്ല. ഇക്കാര്യം ഖുർആനും പ്രവാചക വചനങ്ങളും അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. മനംമടുപ്പ് ഉൾപ്പെടെ എന്തെങ്കിലും അഹിതകരമായ അനുഭവമുണ്ടാവുന്ന ഇടമൊരിക്കലും സ്വർഗമാവുകയില്ല. ‘ആഗ്രഹിക്കുന്നതെന്തും അവിടെ ഉ ണ്ടാകു’മെന്ന് (41: 31) പറഞ്ഞാൽ മടുപ്പില്ലാത്ത മാനസികാവസ്ഥയും അ തിൽ പെടുമല്ലോ.

## പന്ത്രണ്ട്

# സ്വർഗത്തിലും സ്ത്രീവിവേചനമോ?

*“പരലോകത്ത് പുരുഷന്മാർക്ക് സ്വർഗകന്യകകളെ ഇണകളായി ലഭിക്കുമെന്ന് ഖുർആൻ പറയുന്നു. എന്നാൽ സ്ത്രീകൾക്ക് ഇത്തരം ഇണകളെ കിട്ടുമെന്ന് എവിടെയും കാണുന്നില്ല. സ്വർഗത്തിലും സ്ത്രീവിവേചനമോ?”*

ദൈവിക നിയമമനുസരിച്ച് ഭൂമിയിൽ ജീവിക്കുന്നവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട ഇടമാണ് സ്വർഗം. ഇക്കാര്യത്തിൽ സ്ത്രീ-പുരുഷന്മാർക്കിടയിൽ ഒരു വിവേചനവും ഇസ്‌ലാമിലില്ല. ഖുർആൻ പറയുന്നു: “സത്യവിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹായികളും മിത്രങ്ങളുമാകുന്നു. അവർ നന്മ കൽപിക്കുന്നു. തിന്മ വിരോധിക്കുന്നു. നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുന്നു. സകാത്ത് നൽകുന്നു. ദൈവത്തെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവർക്ക് അല്ലാഹുവിന്റെ അനുഗ്രഹം ലഭിക്കുകതന്നെ ചെയ്യും. അല്ലാഹു സകലർക്കും അജയ്യനും യുക്തിജ്ഞനുമത്രെ. വിശ്വാസികളായ സ്ത്രീ പുരുഷന്മാർക്കായി അല്ലാഹു അടിഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന ആരാമങ്ങൾ വാഗ്ദാനം ചെയ്തിരിക്കുന്നു. അവരതിൽ നിത്യവാസികളായിരിക്കും. ആ അനശ്വര സ്വർഗങ്ങളിൽ അവർക്കായി പാവനമായ വസതികളുണ്ടായിരിക്കും. സർവോപരി ദൈവപ്രീതിയും! അതെത്ര മഹത്തരം! ഇതുതന്നെയാകുന്നു വൻവിജയം”(അധ്യായം 9, വാക്യം 71, 72).

“നിശ്ചയം, മുസ്‌ലിംകളും വിശ്വാസികളും വണക്കമുള്ളവരും സത്യസന്ധരും സഹനശീലരും അല്ലാഹുവിനോട് ഭയഭക്തിയുള്ളവരും ദാനശീലരും വ്രതമനുഷ്ഠിക്കുന്നവരും തങ്ങളുടെ ലൈംഗികാവയവങ്ങളെ സൂക്ഷിക്കുന്നവരും അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവരുമായ സ്ത്രീകളും പുരുഷന്മാരും ആരോ, അവർക്ക് അല്ലാഹു പാപമുക്തിയും മഹത്തായ പ്രതിഫലവും ഒരുക്കിവച്ചിരിക്കുന്നു”(അധ്യായം 33, വാക്യം 35)

“സ്ത്രീയാവട്ടെ, പുരുഷനാവട്ടെ, നിങ്ങളിലാരുടെയും കർമത്തെ നാം നിഷ്ഫലമാക്കുന്നതല്ല. നിങ്ങളെല്ലാവരും ഒരേ വർഗത്തിൽപെട്ടവരാണല്ലോ. അതിനാൽ എനിക്കുവേണ്ടി സ്വദേശം വെടിയുകയും എന്റെ മാർഗത്തിൽ സ്വഭവനങ്ങളിൽനിന്ന് ബഹിഷ്കൃതരാവുകയും മർദിക്കപ്പെടുകയും എനി

ക്കായി സമരം ചെയ്യുകയും വധിക്കപ്പെടുകയും ചെയ്തവരാരോ അവരുടെ സകല പാപങ്ങളും ഞാൻ പൊറുത്തുകൊടുക്കുന്നതാകുന്നു. ഞാനവരെ അടിഭാഗത്തിലൂടെ ആറുകളൊഴുകുന്ന ആരാമങ്ങളിൽ പ്രവേശിപ്പിക്കുന്നതുമാണ്. ഇത് അല്ലാഹുവിൽ നിന്നുള്ള പ്രതിഫലമാകുന്നു. ഉൽകൃഷ്ടമായ പ്രതിഫലം ദൈവത്തിങ്കൽ മാത്രമത്രെ"(അധ്യായം 3, വാക്യം 195).

സ്ത്രീ-പുരുഷ ഭേദമന്യേ സുകൃതവാന്മാരെല്ലാം സ്വർഗാവകാശികളായിരിക്കുമെന്ന് ഈ വിശുദ്ധ വാക്യങ്ങൾ വ്യക്തമാക്കുന്നു. സ്വർഗം ദൈവികദാനവും സമ്മാനവുമാണ്. മനുഷ്യരാഗ്രഹിക്കുന്നതൊക്കെയും അവിടെ ലഭിക്കും. അതിനാൽ പുരുഷന്മാർക്ക് അവരാഗ്രഹിക്കുന്ന ഇണകളെയെന്നപോലെ സ്ത്രീകൾക്ക് അവർ കൊതിക്കുന്ന കൂട്ടുകാരെയും കിട്ടും.

സ്ത്രീ - പുരുഷ സമ്പർക്കങ്ങളും ബന്ധങ്ങളും ഒരിക്കലും ഏകപക്ഷീയമാവുക സാധ്യമല്ലല്ലോ. പുരുഷന്മാർക്ക് സ്ത്രീകളെ ലഭിക്കുമെന്ന് പറഞ്ഞാൽ സ്ത്രീകൾക്ക് പുരുഷന്മാരെയും ഇണകളായി കിട്ടുമെന്നത് സ്വാഭാവികവും അനിവാര്യവുമാണല്ലോ. ഒന്നു പറഞ്ഞാൽ മറ്റൊന്നു പറയേണ്ടതിന്റെ ആവശ്യമില്ലെന്നർഥം.

ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആൻ മനുഷ്യർക്കുവേണ്ടിയാണ് അവതീർണമായത്. അതിനാലതിന്റെ ശൈലിയും പ്രയോഗവും ഘടനയുമെല്ലാം ജനങ്ങൾക്ക് അനായാസം മനസ്സിലാക്കാൻ സാധിക്കുമാറ് പരിചിതരീതിയിലാണ്. എക്കാലത്തെയും വിശ്വസാഹിത്യത്തിലെന്ന പോലെ ഖുർആന്റെ അവതരണകാലത്തെ അറബി സാഹിത്യത്തിലും സ്ത്രൈണ സൗന്ദര്യമാണ് വർണിക്കപ്പെട്ടിരുന്നത്. ഖുർആനിലും പ്രബോധിത സമൂഹത്തിന് തീർത്തും സ്വീകാര്യവും വേഗം ഉൾക്കൊള്ളാൻ സാധിക്കുന്നതുമായ അതേ രീതിയാണ് സ്വീകരിക്കപ്പെട്ടത്. അതേ സമയം ഭൂമിയിൽവച്ച് അറിയുന്നതും സങ്കൽപിക്കുന്നതുമായ, സകല സീമകൾക്കും അതീതമായ സുഖസൗകര്യങ്ങളാവും സ്വർഗത്തിലുണ്ടാവുകയെന്ന് ഖുർആൻ അസന്ദിഗ്ധമായി അറിയിക്കുകയും അതിൽ സ്ത്രീ-പുരുഷന്മാരെല്ലാം ഒരേപോലെ പങ്കാളികളായിരിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തു. അതിനാൽ സ്വർഗത്തിൽ സ്ത്രീ വിവേചനത്തിന്റെ പ്രശ്നമേ ഉദ്ഭവിക്കുന്നില്ല- വിവേചനമെന്നത് അതിനിരയാവുന്നവർക്ക് അനിഷ്ടകരമായിരിക്കുമല്ലോ. ആർക്കും അനിഷ്ടകരമായ ഒന്നും അവിടെയുണ്ടാവില്ലെന്ന് വിശുദ്ധ വേദഗ്രന്ഥം ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്.

## ഭൂമിയിലെ വൈകല്യം സ്വർഗത്തിലുമുണ്ടാകുമോ?

*"ഭൂമിയിലെ അതേ അവസ്ഥയിലായിരിക്കുമോ മനുഷ്യരെല്ലാം പരലോകത്തും? വികലാംഗരും വിരൂപരുമെല്ലാം ആ വിധം തന്നെയാകുമോ?"*

ഭൗതിക പ്രപഞ്ചത്തിലെ പദാർഥനിഷ്ഠമായ പശ്ചാത്തലത്തിൽ കാര്യങ്ങൾ ഗ്രഹിക്കാനാവശ്യമായ പഞ്ചേന്ദ്രിയങ്ങളും ബൗദ്ധിക നിലവാരവുമാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. അതുപയോഗിച്ച് തീർത്തും വ്യത്യസ്തമായ പരലോകത്തെ അവസ്ഥ മനസ്സിലാക്കുക സാധ്യമല്ല. അതുകൊണ്ടുതന്നെ ദിവ്യബോധനങ്ങളിലൂടെ ലഭ്യമായ അറിവുമാത്രമേ ഇക്കാര്യ

ത്തിൽ അവലംബനീയമായുള്ളൂ. പരലോക ജീവിതത്തിന്റെ സൂക്ഷ്മാം ശങ്ങളൊക്കെയും അതിൽ വിശദീകരിക്കപ്പെട്ടിട്ടില്ല. സ്വർഗം സുഖസൗക ര്യങ്ങളുടെ പാരമ്യതയും നരകം കൊടിയ ശിക്ഷയുടെ സങ്കേതവുമായിരി ക്കുമെന്ന ധാരണ വളർത്താനാവശ്യമായ സൂചനകളും വിവരണങ്ങളുമാണ് വിശുദ്ധ ഖുർആനിലും പ്രവാചകവചനങ്ങളിലുമുള്ളത്. ഒരു കണ്ണും കാണാ ത്തതും ഒരു കാതും കേൾക്കാത്തതും ഒരു മനസ്സും സങ്കൽപിക്കാത്തതു മായ സുഖാസ്വാദ്യതകളായിരിക്കും സ്വർഗത്തിലുണ്ടാവുകയെന്ന് അവ വ്യക്തമാക്കുന്നു. പരലോകത്തെ സ്ഥിതി ഭൂമിയിൽ വച്ച് പൂർണമായും ഗ്രഹിക്കാനാവില്ലെന്നാണ് ഇത് തെളിയിക്കുന്നത്.

എന്നാൽ സ്വർഗാവകാശികളായ സുകർമികൾ വാർധക്യത്തിന്റെ വിവ ശതയോ രോഗത്തിന്റെ പ്രയാസമോ വൈരൂപ്യത്തിന്റെ അലോസരമോ മറ്റെ ന്തെങ്കിലും വിഷമതകളോ ഒട്ടുമനുഭവിക്കുകയില്ല. നരകാവകാശികളായ ദുഷ്കർമികൾ നേരെ മറിച്ചുമായിരിക്കും. സങ്കൽപിക്കാനാവാത്ത ദുരന്ത

ങ്ങളും ദുരിതങ്ങളുമായിരിക്കും അവരെ ആവരണം ചെയ്യുക.

## പതിമൂന്ന്

# പരലോക വിശ്വാസവും പുനർജന്മ സങ്കൽപവും

*“ഇസ്‌ലാമിലെ പരലോക വിശ്വാസവും ഹിന്ദുമതത്തിലെ പുനർജന്മ സങ്കൽപവും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ? ഉണ്ടെങ്കിൽ എന്താണ്? പുനർജന്മ സങ്കൽപത്തെ ഇസ്‌ലാം അംഗീകരിക്കുന്നുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?”*

മരണത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നില്ല എന്ന ഒരൊറ്റ കാര്യത്തിൽ മാത്രമേ പരലോക വിശ്വാസവും പുനർജന്മ സങ്കൽപവും ഒത്തുവരുന്നുള്ളൂ. ഇസ്‌ലാമിക വിശ്വാസമനുസരിച്ച് ഭൂമി കർമവേദിയാണ്. വിചാരണയും വിധിയും മരണശേഷം മറുലോകത്താണ്. ഭൂമിയിലെ കർമങ്ങളുടെ അടിസ്ഥാനത്തിലാണ് പരലോകത്തെ രക്ഷാശിക്ഷകളുണ്ടാവുക. പദാർഥനിഷ്ഠമായ പ്രപഞ്ച ഘടനയുടെയും ഇവിടത്തെ അവസ്ഥകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ, പഞ്ചേന്ദ്രിയങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് പരലോകം എങ്ങനെയായിരിക്കുമെന്ന് സങ്കൽപിക്കുക സാധ്യമല്ല. എന്നാൽ ദൈവനിർദേശമനുസരിച്ച് വിശുദ്ധ ജീവിതം നയിക്കുന്നവർക്ക് അവിടെ സർവവിധ സൗഭാഗ്യങ്ങളും സുഖസൗകര്യങ്ങളുമുള്ള ശാശ്വത സ്വർഗം ലഭിക്കുമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ദൈവധിക്കാരിയായി പാപപങ്കിലമായ ജീവിതം നയിക്കുന്ന അക്രമികൾ നരകാവകാശികളാകുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. മരണശേഷമുള്ള മറുലോകത്തെ രക്ഷാശിക്ഷകൾ നിഷ്കൃഷ്ടമായ വിചാരണക്കും നീതിനിഷ്ഠമായ വിധിക്കും ശേഷമായിരിക്കും ലഭിക്കുക. അതേസമയം പരലോകത്തെ വിചാരണയും വിധിയുമൊക്കെ മനുഷ്യനിവിടെ നിർവഹിക്കുന്നതുപോലെയായിരിക്കുമെന്ന് ധരിക്കുന്നത് പരമാബദ്ധമത്രെ. എന്നാൽ രക്ഷ ലഭിക്കുന്നവൻ ഭൂമിയിലെ തന്റെ ഏതു സൽക്കർമം കാരണമാണത് കിട്ടിയതെന്നും ശിക്ഷ അനുഭവിക്കുന്നവൻ ഏതു പാപത്തിന്റെ പേരിലാണതിന് വിധേയനായതെന്നും വ്യക്തമായറിയും. അപ്പോഴല്ലേ അത് യഥാർഥ കർമഫലവും രക്ഷാശിക്ഷയുമാവുകയുള്ളൂ.

എന്നാൽ പുനർജന്മ സങ്കൽപമനുസരിച്ച് മരണശേഷമുള്ള ജനനവും ജീവിതവും ഇവിടെ ഭൂമിയിൽ തന്നെയാണ്. ധർമം പാലിക്കാത്തവർ മരണാനന്തരം ശുനകനോ ശൂദ്രനോ ചണ്ഡാലനോ മറ്റോ ആയി വീണ്ടും ഇവിടെ ജനിക്കുമെന്നതാണ് പുനർജന്മ സിദ്ധാന്തം. അതേസമയം ധർമനിഷ്ഠമായ ജീവിതം നയിച്ചാൽ ബ്രാഹ്മണനോ ക്ഷത്രിയനോ വൈശ്യനോ ആയി പുനർജനിക്കുമെന്നും അത് അവകാശപ്പെടുന്നു. ഇവ്വിഷയകമായി ചില കാര്യങ്ങൾ ഇവിടെ വിശദമായി തന്നെ ഗ്രഹിക്കേണ്ടതുണ്ട്:

1. കാരണം വ്യക്തമാക്കുകയും പ്രതിയെ ബോധ്യപ്പെടുത്തുകയും ചെയ്യാതെ നാം ശിക്ഷ നടപ്പാക്കിയാൽ അത് തീർത്തും അനീതിയായാണ് അനുഭവപ്പെടുക. നാം ആരെയെങ്കിലും അടിക്കുകയോ ജയിലിലടയ്ക്കുകയോ വധിക്കുകയോ ആണെങ്കിൽ അത് ഏത് കുറ്റത്തിന്റെ പേരിലാണെന്ന് വ്യക്തമാക്കുകയും ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തുകയും വേണം. ഇത് നീതിയുടെ പ്രാഥമിക താൽപര്യമത്രെ. അതോടൊപ്പം വിചാരണക്കും വിധിക്കും ശേഷമായിരിക്കണം ശിക്ഷ നടപ്പാക്കപ്പെടുന്നത്. എന്നാൽ ശൂദ്രനോ ചണ്ഡാലനോ ഒരിക്കലും ഇവ്വിധം വിചാരണക്ക് വിധേയമാക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ ജന്മത്തിൽ താൻ എന്തു തെറ്റ് ചെയ്തതിന്റെ പേരിലാണ് ഈ ജന്മത്തിൽ ഇവ്വിധമായതെന്നറിയുകയുമില്ല. കഴിഞ്ഞ ജന്മത്തിലെ കർമഫലമാണ് ഈ ജീവിതത്തിലെ സ്ഥിതി നിർണയിക്കുന്നതെങ്കിൽ അത് ഏത് കർമത്തിന്റെ ഫലമാണെന്നറിയണമല്ലോ? ബ്രാഹ്മണനും ക്ഷത്രിയനും തങ്ങളുടെ ഏതു പുണ്യകർമമാണ് അവ്വിധമാകാൻ കാരണമെന്നും അറിയുന്നില്ല. അതുകൊണ്ടുതന്നെ പുനർജന്മ സങ്കൽപം കർമഫല സിദ്ധാന്തത്തിനും തദടിസ്ഥാനത്തിലുള്ള രക്ഷാശിക്ഷാ വിശ്വാസത്തിനും കടകവിരുദ്ധമത്രെ.

2. പുനർജന്മ സങ്കൽപ പ്രകാരം പാപി രണ്ടാം ജന്മത്തിൽ നീചനും അധമനുമായിരിക്കും. അത്തരക്കാരിൽ നിന്ന് നികൃഷ്ടജീവിതവും അധമവൃത്തികളുമാണുണ്ടാവുക. സുകൃതങ്ങളുണ്ടാവുകയില്ല. അതിനാൽ മൂന്നാം ജന്മം കൂടുതൽ അധമവും പതിതവുമായിരിക്കും. നാലാം ജന്മം അതിലും ഹീനമായിരിക്കും. ഇങ്ങനെ പാപികൾ ഓരോ ജന്മത്തിലും കൂടുതൽ കൂടുതൽ പാപികളാവുകയല്ലാതെ അവർക്ക് ഉദ്ഗതി പ്രാപിക്കുക സാധ്യമേയല്ല. മാത്രമല്ല, പാപിയായ മനുഷ്യന് അടുത്ത ജന്മത്തിൽ മൃഗമാകാം. മൃഗത്തിന് പിന്നെ മനുഷ്യനാകാൻ സാധ്യമാണോ? പുതുതായി പിറക്കുന്ന മനുഷ്യർ കഴിഞ്ഞ ജന്മത്തിൽ എന്തായിരുന്നു? എന്തു പുണ്യം ചെയ്തതിന്റെ പേരിലാണ് മനുഷ്യരായി ജന്മംകൊണ്ടത്? ഇത്തരം ചോദ്യങ്ങൾക്കൊന്നും പുനർജന്മ സിദ്ധാന്തത്തിൽ ഉത്തരമില്ല.

3. ഹൈന്ദവ വേദങ്ങളിലെവിടെയും പുനർജന്മ സിദ്ധാന്തമില്ല. ഉപനിഷത്തുകളിലേ അതിനെ സംബന്ധിച്ച പരാമർശവും വിശദീകരണവുമുള്ളൂ. ഇക്കാര്യം ഡോ. എസ്. രാധാകൃഷ്ണൻ ഇങ്ങനെ വ്യക്തമാക്കുന്നു: “ബ്രാഹ്മണം അടുത്ത ലോകത്തിലേ ജനനമരണങ്ങൾ നടക്കുന്നതായി സ്വീകരിക്കുന്നുള്ളൂ. ഉപനിഷത്തുകളിലായപ്പോൾ ആ വിശ്വാസം ഈ ലോകത്താണ് പുനർജന്മമെന്ന വിശ്വാസപ്രമാണമായി മാറി”(ഭാരതീയ ദർശനം,

വാള്യം ഒന്ന്, പുറം 224, മാതൃഭൂമി പബ്ലിഷിംഗ് കമ്പനി, കോഴിക്കോട് 1995).

അതിനാൽ പുനർജന്മ സങ്കൽപം വേദപ്രോക്തമല്ലെന്നത് സുവിദിതമത്രെ.

4. ഉപനിഷത്തിലാണ് പുനർജന്മത്തെപ്പറ്റി പറയുന്നത്. ജാതിവ്യവസ്ഥയെ ന്യായീകരിക്കാനും അതിന്റെ കടുത്ത വിവേചനങ്ങളെയും ക്രൂരതകളെയും നിലനിർത്താനുമായി ആവിഷ്കരിക്കപ്പെട്ടതാണ് അതെന്ന് ആർക്കും അനായാസം മനസ്സിലാക്കാവുന്നതാണ്.

പുനർജന്മത്തെപ്പറ്റി പറയുന്ന ഛാന്ദോഗ്യോപനിഷത്തിലിങ്ങനെ കാണാം:

തദ്യ ഇഹ രമണീയചരണാ അഭ്യാശോ ഹ യത്തേ രമണീയാം യോനിമാപദ്യേരൻ, ബ്രാഹ്മണയോനിം വാ ക്ഷത്രിയയോനിം വാ വൈശ്യയോനിം വാ. അഥ യ ഇഹ കപൂയചരണാ അഭ്യാശോ ഹ യത്തേ കപൂയാം യോനിമാപദ്യേരൻ, ശ്വയോനിം വാ സൂകരയോനിം ചണ്ഡാലയോനിം, വാ

(അധ്യായം 5, ഖണ്ഡം 10, ശ്ലോകം 7)

(അവരിൽ സൽക്കർമങ്ങൾ ചെയ്യുന്നവരാരോ അവർ വേഗം തന്നെ ഉത്തമയോനികളിൽ ചെന്നു ചേരുന്നു. ബ്രാഹ്മണയോനിയിലോ ക്ഷത്രിയയോനിയിലോ വൈശ്യയോനിയിലോ എത്തിച്ചേരുന്നു. അതുപോലെ അശുഭചാരന്മാരായവരാരോ അവർ അശുഭ യോനിയെ പ്രാപിക്കുന്നു. പട്ടിയുടെ യോനിയെയോ പന്നിയുടെ യോനിയെയോ ചണ്ഡാലന്റെ യോനിയെയോ പ്രാപിക്കുന്നു.)

ഇത് ഉയർന്ന ജാതിക്കാരിൽ, തങ്ങൾ മേൽജാതിയിലായത് കഴിഞ്ഞ ജന്മത്തിൽ പുണ്യം ചെയ്തതിനാലാണെന്നും അതിനാൽ തങ്ങളിന്നനുഭവിക്കുന്ന പ്രത്യേകാവകാശങ്ങൾക്കെല്ലാം ന്യായമായും അർഹരാണെന്നുമുള്ള ബോധം വളർത്തുന്നു. അതോടൊപ്പം താഴ്ന്ന ജാതിക്കാർ അവ്വിധമായത് അവരുടെത്തന്നെ കർമഫലമാണെന്ന ധാരണയും സൃഷ്ടിക്കുന്നു. അവരെ പട്ടികളെയും പന്നികളെയുമെന്നപോലെ നികൃഷ്ട ജീവികളായി കാണാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ജാതിവ്യവസ്ഥയുടെ എല്ലാവിധ വൃത്തികേടുകളെയും അരക്കിട്ടുറപ്പിക്കുകയും ന്യായീകരിക്കുകയുമാണ് പുനർജന്മ സിദ്ധാന്തം ചെയ്യുന്നത്.

5. മരണശേഷം മനുഷ്യാത്മാക്കൾ മൃഗശരീരത്തിൽ നിലകൊള്ളുന്നുവെന്ന പ്രാകൃത ഗോത്രവിശ്വാസത്തിൽ നിന്നാണ് പുനർജന്മ സങ്കൽപം രൂപം കൊണ്ടത്. ഡോ. എസ്. രാധാകൃഷ്ണൻ എഴുതുന്നു: "കർമപദ്ധതിയുടെയും പുനർജന്മ സിദ്ധാന്തത്തിന്റെയും ആശയം ആര്യമസ്തിഷ്കത്തിൽ രൂപംകൊണ്ടതാണെന്ന് ഉറപ്പിച്ചു പറയാം. എന്നാൽ ഇതിനുള്ള പ്രേരണ ലഭിച്ചത് മരണശേഷം ആത്മാക്കൾ മൃഗശരീരങ്ങളിൽ കുടികൊള്ളുന്നു എന്ന് വിശ്വസിക്കുന്ന ആദി ഗോത്രക്കാരിൽ നിന്നാകാമെന്ന സംഗതിയും നിഷേധിക്കേണ്ടതില്ല."(ഭാരതീയ ദർശനം, വാള്യം 1, പുറം 113)

6. സെമിറ്റിക് മതങ്ങളെപ്പോലെത്തന്നെ ഹിന്ദുമതത്തിലെ വേദങ്ങളും പരലോകത്തെപ്പറ്റിയാണ് പറയുന്നത്. ഋഗ്വേദത്തിലും സാമവേദത്തിലും

അഥർവ വേദത്തിലും പരലോകത്തെ സംബന്ധിച്ച പരാമർശം കാണാം. ഉദാഹരണത്തിന്:

രായേ അഗ്നേ മഹേ ത്വാ ദാനായ സമിധീമഹി
ഈഡിഷ്വാ ഹി മഹേ വൃഷൻ ദ്യാവാ ഹോത്രായാ പൃഥിവീ
(സാമവേദം, ആഗ്നേയ കാണ്ഡം: 1-10-3)

(എല്ലാ ആഗ്രഹങ്ങളും പൂർണമാക്കുന്ന ഭഗവാനേ, അങ്ങയിൽനിന്നും ഏറ്റവും വലിയ ദാനം കിട്ടാൻ അങ്ങയെ ഞങ്ങൾ സന്തോഷിപ്പിക്കുന്നു. അറിവിന്നായും ഭൂമിയിൽ സമാധാനത്തിനായും പരലോകത്ത് ശാന്തിക്കായും ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.)

അഥർവ വേദം, പരലോകത്തെപ്പറ്റി ചിന്തിച്ച് സൽക്കർമങ്ങളനുഷ്ഠിക്കാൻ ദമ്പതികളോടാവശ്യപ്പെടുന്നു.

"അന്വാരഭേഥാമനുസംരഭേഥാമേതം ലോകം ശ്രദ്ധാനാഃ സചന്തേ (6: 12: 3)

വേദങ്ങളിലെന്നപോലെത്തന്നെ ഉപനിഷത്തുകളിലും പുരാണങ്ങളിലുമെല്ലാം പരലോകത്തെയും സ്വർഗ നരകങ്ങളെയും സംബന്ധിച്ച ധാരാളം പരാമർശങ്ങളുണ്ട്.

ഈശാവാസ്യോപനിഷത്തിൽ മരണാനന്തരമുള്ള നരകത്തെ സംബന്ധിച്ച് ഇങ്ങനെ കാണാം:

അസുര്യാ നാമ തേ ലോകാഃ അന്ധേന തമസാവൃതാഃ
താംസ്തേ പ്രേത്യാഭിഗച്ഛന്തി യേ കേ ചാത്മഹനോ ജനാഃ
(മന്ത്രം: 3)

(സൂര്യനില്ലാത്ത ആ ലോകങ്ങൾ അജ്ഞതാന്ധകാരാവൃതങ്ങളാകുന്നു. ആത്മഘാതികൾ, അഥവാ ഈശ്വര സ്മരണയില്ലാതെ വിഷയാസക്തരായി കഴിയുന്നവർ വീണ്ടും ദുഃഖനിരതമായ ആ ലോകങ്ങളിലെത്തുന്നു).

സ്വർഗത്തെ സംബന്ധിച്ച് കഠോപനിഷത്ത് പറയുന്നു:

"സ്വർഗേ ലോകേ ന ഭയം കിഞ്ചനാസ്തി
ന തത്ര ത്വം ന ജരയാ ബിഭേതി
ഉഭേ തീർത്വാശനായാപിപാസേ
ശോകാതിഗോ മോദതേ സ്വർഗലോകേ (1:1: 12)

(സ്വർഗലോകത്ത് അൽപം പോലും ഭയമില്ല. അവിടെ ആർക്കും മരണമില്ല. ജരാനരയാൽ ആർക്കും ഭയവുമില്ല. അവിടെ വസിക്കുന്നവർ വിശപ്പിനും ദാഹത്തിനും ശോകാദികൾക്കും അതീതന്മാരായി എല്ലാവിധ ആനന്ദവും അനുഭവിക്കുന്നു.)

മനുസ്മൃതിയിലിങ്ങനെ കാണാം:

നാമുത്ര ഹി സഹായാർഥം പിതാ മാതാ ച തിഷ്ഠത
ന പുത്രദാരാ ന ജ്ഞാതിർ ധർമസ്തിഷ്ഠതി കേവലഃ
(4: 239)

(പരലോകത്ത് സഹായത്തിന് അച്ഛനമ്മമാരെ കിട്ടുകയില്ല. മക്കളോ ഭാര്യയോ ബന്ധുക്കളോ അവിടെ പ്രയോജനപ്പെടുകയില്ല. സഹായിക്കാൻ ധർമം മാത്രം നിലകൊള്ളുന്നു.)

ഏകഃ പ്രജായതേ ജന്തുരേക ഏവ പ്രലീയതേ
ഏകോ(അ)നുഭുങ്ക്തേ സുകൃതമേക ഏവ ച ദുഷ്കൃതം
(4: 240)

(ജീവി ജനിക്കുന്നതും മരിക്കുന്നതും തനിച്ചാണ്. സ്വർഗത്തിൽ സുകൃതം അനുഭവിക്കുന്നതും നരകത്തിൽ ദുഷ്കൃതം അനുഭവിക്കുന്നതും തനിച്ചു തന്നെ.)

ഭഗവദ് ഗീതയും സ്വർഗ-നരകങ്ങളുടെ കാര്യം ഊന്നിപ്പറയുന്നു. ഉദാഹരണത്തിന് ചിലതു മാത്രമിവിടെ ഉദ്ധരിക്കാം.

ഉത്സന്നകുലധർമാണാം മനുഷ്യാണാം ജനാർദന!
നരകേ നിയതം വാസോ ഭവതീത്യനു ശുശ്രുമ
(പ്രഥമാധ്യായം, ശ്ലോകം 44)

(ഹേ ജനാർദനാ, കുലധർമങ്ങൾ നശിച്ചുപോയ മനുഷ്യരുടെ വാസം എന്നെന്നേക്കും നരകത്തിലാണെന്ന് ഞങ്ങൾ കേട്ടറിഞ്ഞിട്ടുണ്ട്.)

അഥ ചേത്ത്വമിമം ധർമ്യം
സംഗ്രാമം ന കരിഷ്യസി
തതഃ സ്വധർമം കീർത്തിം ച
ഹിത്വാ പാപമവാപ്സ്യസി (ദ്വിതീയാധ്യായം, ശ്ലോകം 33)

(എന്നാൽ അർജുനാ, നീ സ്വധർമാനുസൃതമായ ഈ യുദ്ധം ചെയ്യാതിരിക്കുന്ന പക്ഷം സ്വർഗപ്രാപ്തിയുണ്ടാവുകയില്ലെന്നു തന്നെയല്ല സ്വധർമത്തെയും യശസ്സിനെയും ഉപേക്ഷിക്കുന്നതുകൊണ്ട് നിനക്ക് പാപം നേരിടുന്നതുമാണ്.)

ഹതോ വാ പ്രാപ്സ്യസി സ്വർഗം
ജിത്വാ വാ ഭോക്ഷ്യസേ മഹീം,
തസ്മാദുത്തിഷ്ഠ കൗന്തേയ
യുദ്ധായ കൃതനിശ്ചയഃ (ദ്വിതീയാധ്യായം, ശ്ലോകം 37)

(അല്ലയോ കുന്തിപുത്രാ, ശത്രുക്കൾ നിന്നെ വധിച്ചാൽ, നിനക്ക് സ്വർഗത്തിൽ പോകാം. നീ ശത്രുക്കളെ ജയിക്കുന്നതായാൽ രാജ്യമനുഭവിക്കുകയും ചെയ്യാം. അതുകൊണ്ട് രണ്ടായാലും നീ യുദ്ധം ചെയ്യാനുറച്ചുകൊണ്ടു വേഗം എഴുന്നേൽക്കുക.)

വേദകാലം മുതൽക്കു തന്നെ പരലോക വിശ്വാസമുണ്ടായിരുന്നുവെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "സ്വർഗം, നരകം എന്നിവയെപ്പറ്റിയുള്ള ചില അവ്യക്ത ധാരണകളിൽ നിന്ന് ചിന്താശക്തിയുള്ള മനസ്സുകൾക്ക് ഒഴിഞ്ഞുമാറാൻ കഴിഞ്ഞിരുന്നില്ല. പുനർജന്മ സിദ്ധാന്തങ്ങൾ അപ്പോഴും വിദൂരത്തിലായിരുന്നു. മരണത്തോടെ എല്ലാം അവസാനിക്കുന്നില്ലെന്ന ഉറപ്പ് വൈദികാര്യന്മാർക്ക് ഉണ്ടായിരുന്നു."(ഭാരതീയ ദർശനം, വാള്യം 1, പുറം 91)

രാഹുൽ സാംകൃത്യായൻ എഴുതുന്നു: "വേദത്തിലെ ഋഷിമാർ ഈ ലോകത്തിന് വിഭിന്നമായ മറ്റൊരു ലോകമുണ്ടെന്ന് വിശ്വസിച്ചിരുന്നു. അവിടേക്കാണ് മരണാനന്തരം സൽക്കർമികൾ പോകുക. അവരവിടെ ആനന്ദപൂർവം ജീവിക്കുന്നതാണ്. താഴെയുള്ള പാതാളം അന്ധകാരമായ നരക

ലോകമാണ്. അവിടേക്കാണ് ദുഷ്കർമികൾ പോകുന്നത്" (വിശ്വദർശനങ്ങൾ, പുറം 552).

അതിനാൽ പുനർജന്മ സിദ്ധാന്തം അനിസ്ലാമികമെന്ന പോലെത്തന്നെ അവൈദികവുമാണ്. അത് ജാതിവ്യവസ്ഥയുടെ ജീർണതകൾ സംരക്ഷിക്കാൻ നിർമിക്കപ്പെട്ടതാണ്. പരലോകത്തെയും സ്വർഗ-നരകങ്ങളെയും സംബന്ധിച്ച വിശ്വാസമാണ് ഇസ്ലാമികമെന്നതുപോലെ തന്നെ ഹൈന്ദവവും. വേദപ്രോക്തവും ധർമനിഷ്ഠവും അതുമാത്രമത്രെ.

(വിശദ പഠനത്തിന് ഡയലോഗ് സെന്റർ കേരള പ്രസിദ്ധീകരിച്ച 'പുനർജന്മ സങ്കല്പവും പരലോകവിശ്വാസവും' എന്ന കൃതി കാണുക. വിതരണം: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ്)

## പതിനാല്

# സ്വർഗ-നരക വിശ്വാസവും ചൂഷണവ്യവസ്ഥയും

*"ദരിദ്രരും ചൂഷിതരുമായ സാധാരണക്കാരെ സ്വർഗം പറഞ്ഞ് സമാശ്വസിപ്പിക്കുകയും അവരുടെ സമരാവേശത്തെ കെടുത്തുകയുമല്ലേ മതം ചെയ്യുന്നത്? സമ്പന്ന വർഗത്തിന്റെ താൽപര്യ സംരക്ഷണത്തിനല്ലേ മതം സ്വർഗ- നരകങ്ങളെക്കുറിച്ച് സംസാരിക്കുന്നത്?"*

മതത്തെ സംബന്ധിച്ച് വളരെ വ്യാപകമായി വളർത്തപ്പെട്ട വികല ധാരണകളാണ് ഇത്തരം സംശയങ്ങൾക്കു കാരണം. മർദിതരുടെയും ചൂഷിതരുടെയും മോചനമാർഗമായ മതത്തെ സംബന്ധിച്ച് ഇത്തരം ഗുരുതരമായ തെറ്റുധാരണകൾ വളർന്നുവന്നതിൽ വിശ്വാസികളും വിരുദ്ധരും ഒരുപോലെ കുറ്റക്കാരാണ്. സ്വർഗ-നരകങ്ങളിലുള്ള വിശ്വാസം സകലവിധ ചൂഷണങ്ങൾക്കും അറുതിവരുത്തി, സാമൂഹിക സമത്വവും സാമ്പത്തിക നീതിയും സ്ഥാപിക്കുകയാണ് ചെയ്യുക. വിശുദ്ധ ഖുർആന്റെ സാമ്പത്തിക സമീപനം ശ്രദ്ധിക്കുന്ന ആർക്കുമിത് സുതരാം വ്യക്തമാകും.

1. ഇസ്‌ലാമിക വീക്ഷണത്തിൽ ധനം ദൈവത്തിന്റേതാണ്. മനുഷ്യരിലാർക്കും അതിന്റെ മേൽ പരമവും പൂർണവുമായ ഉടമാവകാശമില്ല. കൈകാര്യാവകാശമേയുള്ളൂ. അതും അനിയന്ത്രിതമല്ല. കണിശമായ ദൈവികശാസനകൾക്ക് വിധേയമാണ്. സമ്പന്ന വിഭാഗത്തിന്റെ വശമുള്ള സ്വത്തിൽ ദരിദ്രർക്കും അഗതികൾക്കും അവകാശമുണ്ടെന്ന് ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. മാത്രമല്ല; ആ അവകാശം നിഷേധിക്കൽ ദൈവനിഷേധം പോലെ ഗുരുതരമാണെന്നും തികഞ്ഞ മതനിഷേധമാണെന്നും അത് പഠിപ്പിക്കുന്നു. നരകശിക്ഷക്കു കാരണമാകുന്ന കുറ്റകൃത്യങ്ങളെയൊക്കെ രണ്ടായി സംഗ്രഹിച്ചാൽ അതിലൊന്ന് അഗതിക്ക് ആഹാരം നൽകാൻ പ്രേരിപ്പിക്കാതിരിക്കലാണെന്ന് മതം പഠിപ്പിക്കുന്നു. അല്ലാഹു അറിയിക്കുന്നു: "കർമപുസ്തകം ഇടതുകൈയിൽ നൽകപ്പെടുന്നവൻ പറയും: 'കഷ്ടം! എനിക്കെന്റെ കർമപുസ്തകം കിട്ടാതിരുന്നെങ്കിൽ! എന്റെ കണക്ക് എന്തെന്ന് ഞാൻ അറിഞ്ഞിരുന്നില്ലെങ്കിൽ! മരണത്തോടെ എല്ലാം അവസാനിച്ചിരുന്നെങ്കിൽ! എന്റെ ധനമെനിക്ക് ഒട്ടും പ്രയോജനപ്പെട്ടില്ല. എന്റെ അധികാരമൊക്കെയും നശിച്ചുപോയി.' അപ്പോൾ

ദൈവശാസനയുണ്ടാകും: അവനെ പിടിക്കൂ. ചങ്ങലയിൽ കുരുക്കിയിടൂ! എന്നിട്ട് നരകത്തിലേക്കെറിയൂ. പിന്നെ എഴുപതു മുഴം നീളമുള്ള ചങ്ങലയിൽ ബന്ധിക്കൂ. കാരണം, അവൻ മഹോന്നതനായ അല്ലാഹുവിൽ വിശ്വസിച്ചിരുന്നില്ല. അഗതികളുടെ ആഹാരമവർക്കു നൽകാൻ പ്രേരിപ്പിച്ചിരുന്നില്ല. അതിനാൽ ഇന്നിവിടെ അവനോടനുഭാവമുള്ള ഒരു മിത്രവുമില്ല. വ്രണങ്ങളുടെ ദുഷ്ടുകളല്ലാതെ അവന്ന് ഒരാഹാരവുമില്ല. പാപികൾ മാത്രമേ അത് ഭക്ഷിക്കുകയുള്ളൂ"(അധ്യായം 69, സൂക്തം 25-37).

നരകാവകാശികൾ കുറ്റം ഏറ്റുപറയുമ്പോഴും തങ്ങളുടെ ദുഃസ്ഥിതിക്ക് കാരണമായി എണ്ണുന്നത് അഗതികൾക്ക് ആഹാരം നൽകാതിരുന്നതത്രെ. "ഓരോ മനുഷ്യനും താൻ സമ്പാദിച്ചതിനു കടപ്പെട്ടിരിക്കുന്നു. വലതുപക്ഷമൊഴികെ. അവർ സ്വർഗാവകാശികളായിരിക്കും. അവർ കുറ്റവാളികളോട് ചോദിക്കും: നിങ്ങൾ നരകത്തിൽ പ്രവേശിക്കാൻ കാരണമെന്താണ്? അവർ പറയും: ഞങ്ങൾ നമസ്കരിക്കുന്നവരായിരുന്നില്ല. അഗതികൾക്ക് അന്നം നൽകിയിരുന്നില്ല. സത്യത്തിനെതിരെ വാദങ്ങൾ മെനയുന്നവരോടൊപ്പം ഞങ്ങളും അത് ചെയ്യാറുണ്ടായിരുന്നു. വിധിദിനത്തെ നിഷേധിക്കുന്നവരായിരുന്നു ഞങ്ങൾ. അങ്ങനെ ആ അനിഷേധ്യ യാഥാർഥ്യം ഞങ്ങൾ നേരിട്ടനുഭവിച്ചു."(അധ്യായം 74, സൂക്തം 38-47).

പ്രിയമുള്ളവരേ ഇനി പറയൂ! ഈ സ്വർഗ-നരക വിശ്വാസം ദരിദ്രർക്കും അഗതികൾക്കും ഗുണമാണോ ദോഷമാണോ വരുത്തുക? സാമ്പത്തിക അനീതി നിലനിർത്തുകയാണോ അതോ അവസാനിപ്പിക്കുകയാണോ ചെയ്യുക?

ഖുർആൻ പിന്നെയും പറയുന്നു: "അവരുടെ ധനത്തിൽ ചോദിക്കുന്നവന്നും ആശ്രയമറ്റവന്നും അവകാശമുണ്ട്"(അധ്യായം 51, സൂക്തം 19). "ബന്ധുവിനും ദരിദ്രന്നും വഴിയാത്രക്കാരന്നും അവരുടെ അവകാശം നൽകുക."(അധ്യായം 17, സൂക്തം 26).

"മതത്തെ നിഷേധിക്കുന്നവനെ നീ കണ്ടുവോ? അവൻ അനാഥരെ അവഗണിക്കുന്നവനാണ്; അഗതിക്ക് ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനും"(അധ്യായം 107, സൂക്തം 1-3).

ഈ വിശുദ്ധ വചനങ്ങളിൽ വിശ്വസിക്കുന്നവർ അനാഥരെ അവഗണിക്കുകയോ അഗതികൾക്കും ദരിദ്രർക്കും അവരുടെ അവകാശം നിഷേധിക്കുകയോ ഇല്ലെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

2. ധനം വ്യയം ചെയ്യാതെ ശേഖരിച്ചു വയ്ക്കുന്നവർക്ക് മരണശേഷം കൊടിയ ശിക്ഷയുണ്ടാകുമെന്ന് താക്കീതു ചെയ്യുന്ന ഖുർആൻ, സമ്പത്ത് ധനിക വർഗത്തിനിടയിൽ മാത്രം കറങ്ങുന്ന അവസ്ഥ ഉണ്ടാവരുതെന്ന് ആവശ്യപ്പെടുന്നു. അതോടൊപ്പം അതിരുവിട്ട പണക്കൊതിയെ രൂക്ഷമായി ആക്ഷേപിക്കുകയും ചെയ്യുന്നു: "നിശ്ചയം, മനുഷ്യന്റെ ധനക്കൊതി കഠിനം തന്നെ"(അധ്യായം 100, സൂക്തം 8).

"അല്ല! ഒരിക്കലുമല്ല! നിങ്ങൾ അനാഥരോട് ആദരവോടെ പെരുമാറുന്നില്ല. അഗതികൾക്ക് അന്നം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല. പൈതൃകസ്വത്തൊക്കെയും ശേഖരിച്ചുവച്ചു തിന്നുകയാണ്. നിങ്ങൾ വഷ

ളാംവിധം ധനപ്രേമത്തിലകപ്പെട്ടിരിക്കുന്നു" (അധ്യായം 89, സൂക്തം 17-20).

"സമ്പത്ത് നിങ്ങൾക്കിടയിലെ ധനികവിഭാഗത്തിനിടയിൽ മാത്രം കൈയാളപ്പെടുന്ന ഒന്നാവാതിരിക്കാൻ വേണ്ടിയാണിത്" (59 : 7).

"സ്വർണവും വെള്ളിയും ശേഖരിച്ചുവയ്ക്കുകയും എന്നിട്ടത് ദൈവ മാർഗത്തിൽ ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് വേദനാജനക മായ ശിക്ഷയുണ്ടെന്ന വാർത്ത അവരെ അറിയിക്കുക. അതേ സ്വർണവും വെള്ളിയും നരകാഗ്നിയിൽ പഴുപ്പിക്കുകയും അനന്തരം അതുകൊണ്ട് അവ രുടെ നെറ്റികളും പാർശ്വങ്ങളും മുതുകുകളും ചൂടുവയ്ക്കപ്പെടുകയും ചെയ്യുന്ന ഒരു ദിനം വരുന്നുണ്ട്" (9: 34, 35).

ഇവ്വിധം രക്ഷാശിക്ഷകളിൽ വിശ്വസിക്കുന്നവർ ധനം കുന്നുകൂട്ടി വയ്ക്കുകയില്ലെന്നും ദൈവമാർഗത്തിൽ ദരിദ്രർക്കത് നിർലോഭം നൽകു മെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

3. ധനം ചെലവഴിക്കുന്നവർ മാത്രമാണ് വിശ്വാസികളും സ്വർഗാവകാ ശികളുമെന്ന് പഠിപ്പിക്കുന്ന പരിശുദ്ധ ഖുർആൻ ഏറ്റവും പുണ്യകരമായ കാര്യമതാണെന്നും അതിന് അനേകമിരട്ടി പ്രതിഫലമുണ്ടെന്നും പഠിപ്പി ക്കുന്നു:

"നിങ്ങൾ പശ്ചിമ ദിക്കിലേക്കോ പൂർവദിക്കിലേക്കോ മുഖം തിരിക്കുക എന്നതിലല്ല പുണ്യം. പിന്നെയോ, മനുഷ്യൻ അല്ലാഹുവിലും അന്ത്യദിന ത്തിലും മലക്കുകളിലും വേദത്തിലും പ്രവാചകന്മാരിലും ആത്മാർഥമായി വിശ്വസിക്കുകയും അല്ലാഹുവോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയ പ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്ര ക്കാർക്കും സഹായമഭ്യർഥിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്ന തിനും ചെലവഴിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയും ചെയ്യലാണ് പുണ്യം"(2: 177).

"ഞാൻ ധാരാളം ധനം തുലച്ചുകളഞ്ഞിട്ടുണ്ടെ'ന്ന് അവൻ ഘോഷി ക്കുന്നുവല്ലോ. തന്നെ ആരും കണ്ടിട്ടില്ലെന്നാണോ അവന്റെ വിചാരം? നാമ വന് രണ്ടു കണ്ണുകളും ഒരു നാവും ചുണ്ടിണകളും നൽകിയില്ലേ? വ്യ ക്തമായ രണ്ടു വഴികൾ (നന്മയുടെയും തിൻമയുടെയും) കാണിച്ചുകൊടു ക്കുകയും ചെയ്തില്ലേ? പക്ഷേ, അവൻ ദുർഘടമായ മാർഗം താണ്ടാൻ തയ്യാറായില്ല. ആ ദുർഘടമായ മാർഗം ഏതെന്ന് താങ്കൾക്ക് എന്തറിയാം? അടിമയെ മോചിപ്പിക്കുക, അല്ലെങ്കിൽ പട്ടിണിനാളിൽ ബന്ധുവായ അനാ ഥക്കോ അവശനായ അഗതിക്കോ ആഹാരം നൽകുക; പിന്നെയവൻ വി ശ്വാസം സ്വീകരിച്ചവരും ക്ഷമയും കാരുണ്യവും അന്യോന്യം ഉപദേശി ക്കുന്നവരുമായ ജനത്തിൽ ഉൾപ്പെടുകയും ചെയ്യുക; ഇവയെല്ലാമാണത്" (90: 7-17).

"നിങ്ങൾക്ക് ഏറെ പ്രിയങ്കരമായ വസ്തുക്കളെന്തോ അത് ചെലവഴി ക്കാതെ പുണ്യം നേടുക സാധ്യമല്ല. നിങ്ങൾ ചെലവഴിക്കുന്നതെന്തും സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു" (3: 92).

ഈ വിശുദ്ധ വാക്യങ്ങളംഗീകരിക്കുന്നവർ ദരിദ്രർക്കുള്ള ധനവ്യയത്തി

ലൊട്ടും പിശുക്കു കാട്ടുകയില്ലെന്നും പാവപ്പെട്ടവരുടെ പ്രയാസങ്ങളക റ്റുന്നതിൽ നിതാന്ത ജാഗ്രത പുലർത്തുമെന്നതിലും സംശയമില്ല.

4. ഇസ്ലാം ചൂഷണത്തിന്റെ എല്ലാ വഴികളും കൊട്ടിയടക്കുന്നു. സമൂ ഹത്തിന് ഹാനികരമായ സമ്പാദ്യമാർഗങ്ങളെ കണിശമായി വിലക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു:

"കള്ളത്താപ്പുകാർക്ക് കൊടിയ നാശം! ആളുകളോട് അളന്നെടുക്കു മ്പോൾ തികച്ചുവാങ്ങുകയും അളന്നോ തൂക്കിയോ കൊടുക്കുമ്പോൾ കുറവു വരുത്തുകയും ചെയ്യുക എന്നതത്രെ അവരുടെ സ്വഭാവം. ഒരു കഠിനനാളിൽ തങ്ങൾ ഉയിർത്തെഴുന്നേൽപിച്ച് കൊണ്ടുവരപ്പെടുന്നവരാ ണെന്ന് ഈ ജനം മനസ്സിലാക്കുന്നില്ലയോ? അന്നാളിൽ മനുഷ്യരൊക്കെയും ലോകനാഥന്റെ സന്നിധിയിൽ വന്നുനിൽക്കേണ്ടി വരും" (83: 1-6).

"പലിശ ഭുജിക്കുന്നവരോ, അവരുടെ ഗതി പിശാച് ബാധിച്ച് ഭ്രാന്ത് പിടിച്ചവന്റേതുപോലെയാണ്." (2: 275).

പലിശ വൻ പാപമാണെന്നും അതു തിന്നുന്നവർ നരകാവകാശികളാ ണെന്നും ഇസ്ലാം പഠിപ്പിക്കുന്നു. ചൂതാട്ടം പോലുള്ള സാമ്പത്തിക ചൂഷ ണത്തെയും അത് ശക്തിയായി വിലക്കിയിട്ടുണ്ട്. പ്രവാചകൻ തിരുമേനി പറയുന്നു: " ആർ വഞ്ചന നടത്തിയോ അവർ നമ്മുടെ കൂട്ടത്തിൽ പെട്ടവ നല്ല" (അഹ്മദ്, തിർമിദി).

"പൂഴ്ത്തിവച്ചവൻ പാപിയാണ്" (മുസ്ലിം, അബൂദാവൂദ്).

"തൊഴിലാളിയെക്കൊണ്ട് വേലയെടുപ്പിച്ച് കൂലികൊടുക്കാത്തവരുടെ ശത്രുവായിരിക്കും അന്ത്യനാളിൽ അല്ലാഹു" (ബുഖാരി).

ഇങ്ങനെ സാമ്പത്തിക ചൂഷണത്തിന്റെ കവാടങ്ങളെല്ലാം കൊട്ടിയട ക്കുന്ന ഇസ്ലാം പിശുക്കിനെ രൂക്ഷമായി ആക്ഷേപിക്കുന്നു. അവരെ ബാധി ക്കാനിരിക്കുന്ന കൊടിയ ശിക്ഷയെ കുറിച്ച് താക്കീതുനൽകുകയും ചെയ്യുന്നു: "അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ പിശുക്ക് കാണിക്കു ന്നവർ, ആ പിശുക്ക് തങ്ങൾക്ക് ഗുണകരമാണെന്ന് കരുതാതിരിക്കട്ടെ. അല്ല, അതവർക്ക് വളരെ ദോഷകരമാകുന്നു. തങ്ങൾ പിശുക്കി സമ്പാദിച്ചുവച്ച തൊക്കെയും അന്ത്യനാളിലവരുടെ കണ്ഠത്തിലണിയിക്കപ്പെടും. വാന-ഭുവ നങ്ങളുടെ അന്തിമമായ അവകാശം അല്ലാഹുവിന് മാത്രമാകുന്നു. അല്ലാഹു നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതിനെ കുറിച്ചൊക്കെയും അഭിജ്ഞ നല്ലോ" (ആലു ഇംറാൻ 180).

5. മർദിതരെയും ചൂഷിതരെയും അവരനുഭവിക്കുന്ന ദുരിതാവസ്ഥയിൽ വിടാനല്ല മതമാവശ്യപ്പെടുന്നത്. മറിച്ച്, അവരുടെ രക്ഷക്കും മോചനത്തി നുമായി യത്നിക്കാനും പൊരുതാനുമാണ്. ഖുർആൻ ചോദിക്കുന്നു: "പീഡി തരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീ- പുരുഷന്മാർക്കു വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിന് എന്തുണ്ട് ന്യായം? ആ ജനമോ, പറഞ്ഞുകൊണ്ടേയിരിക്കുന്നു: 'നാഥാ, മർദകരായ നിവാസികളുടെ ഈ പട്ടണത്തിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ. നിന്റെ പക്കൽനിന്ന് ഞങ്ങൾക്ക് ഒരു രക്ഷകനെ നിശ്ചയിച്ചു തരേണമേ! നീ ഞങ്ങൾക്ക് ഒരു സഹായിയെയും ഉണ്ടാക്കിത്തരേണമേ!" (3: 75). പ്രവാ

ചകൻ പറയുന്നു: "വിധവക്കും അഗതിക്കും വേണ്ടി അധ്വാനിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ പൊരുതുന്നവനെപ്പോലെയാണ്" (ബുഖാരി).

"എല്ലാ കാലുകളും തെന്നി നരകത്തിൽ പതിക്കുന്ന ദിവസം. മർദിതനോടൊത്തുനിന്ന് അവന്റെ അവകാശം നേടിക്കൊടുത്തവന്റെ ഇരുകാലുകളും പതറാതെ ഉറച്ചുനിൽക്കും."

മതവും അതനുശാസിക്കുന്ന സ്വർഗ-നരക വിശ്വാസവും എല്ലാവിധ ചൂഷണങ്ങൾക്കുമറുതി വരുത്തി സാമ്പത്തിക നീതിയും സാമൂഹിക സമത്വവും സ്ഥാപിക്കുകയാണ് ചെയ്യുന്നതെന്ന് ഈ വസ്തുതകളൊക്കെയും അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. മതത്തിന്റെ നിയോഗം മർദിതരുടെ മോചനമായതിനാലാണ്, ചരിത്രത്തിലെന്നും എവിടെയും പ്രവാചകന്മാരുടെയും അവരുടെ പാത പിന്തുടർന്ന മതപ്രബോധകരുടെയും പ്രവർത്തകരുടെയും മുഖ്യ പ്രതിയോഗികൾ പണക്കാരും പ്രമാണിമാരും മർദകരായ അധികാരികളുമായത്. മർദകരുടെയും ചൂഷകരുടെയും മടക്കം നരകത്തിലേക്കാണെന്നും സുമനസ്സുകൾക്കും സുകർമികൾക്കും മാത്രമേ സ്വർഗം ലഭിക്കുകയുള്ളൂവെന്നും പഠിപ്പിക്കുന്ന മതവിശ്വാസം ചൂഷണവ്യവസ്ഥക്ക് അറുതി വരുത്തുകയാണ്, അതിനെ താങ്ങിനിർത്തുകയല്ല ചെയ്യു

കയെന്നത് പകൽവെളിച്ചം പോലെ പ്രകടമത്രെ.

## പതിനഞ്ച്

# മനസ്സാക്ഷിയും ദിവ്യബോധനവും

*"മനുഷ്യന്റെ മാർഗദർശനത്തിന് ദിവ്യസന്ദേശം അനിവാര്യമാണെന്ന വാദം ശരിയാണോ? ഓരോരുത്തരും തങ്ങളുടെ മനസ്സാക്ഷിക്കനുസരിച്ച് ജീവിച്ചാൽ പോരേ?*

മനസ്സാക്ഷി മഹത്തായൊരു സിദ്ധിതന്നെ. എന്നാൽ എന്താണീ മനസ്സാക്ഷി? എല്ലാവരുടെയും മനസ്സാക്ഷി ഒരുപോലെയാണോ? അതിന്റെ തീരുമാനം എപ്പോഴും എല്ലാവരിലും ഒരേ വിധമാകുമോ? അത് കുറ്റമറ്റതാണെന്ന് ആരെങ്കിലും അവകാശപ്പെടുമോ? ഇതൊക്കെയും പരിശോധിക്കപ്പെടേണ്ട പ്രശ്നങ്ങളാണ്.

ജനിച്ച കുടുംബസാഹചര്യവും ജീവിക്കുന്ന പരിതഃസ്ഥിതിയും പിന്തുടരുന്ന പാരമ്പര്യവും മനസ്സാക്ഷിയെ അഗാധമായി സ്വാധീനിക്കുന്നു. ദേശീയവും വംശീയവും കാലികവും ജാതീയവും സാമൂഹികവും സാമ്പത്തികവുമായ അവസ്ഥാന്തരങ്ങൾ അതിന്റെ തീരുമാനങ്ങളെ വളരെയേറെ ബാധിക്കും.

എല്ലാവരുടെയും വിചാരശേഷിയും ശൈലിയും ഒരേപോലെയല്ല. മനുഷ്യർ ഭിന്ന പ്രകൃതരാണ്; വ്യത്യസ്ത വിഭാഗങ്ങളും. അവരുടെ താൽപര്യങ്ങളും വിവിധങ്ങളാണ്. വൈജ്ഞാനികവും ബുദ്ധിപരവുമായ നിലവാരത്തിലും പ്രകടമായ ഏറ്റക്കുറവുകളുണ്ട്. ഓരോരുത്തരും തങ്ങളുടെ തലത്തിലും നിലവാരത്തിലും നിന്നുകൊണ്ടാണ് കാര്യങ്ങൾ നോക്കിക്കാണുക. എല്ലാവരും ഒരേപോലെ ചിന്തിക്കുക സാധ്യമേയല്ല. അതിനാൽ വീക്ഷണ വ്യത്യാസം അനിവാര്യമത്രെ.

സൗന്ദര്യം ആപേക്ഷികമാണ്. വ്യക്തികളുടെ അനുഭൂതിവൈവിധ്യമാണ് അതിനു കാരണം. ചിലർക്ക് ചിലത് സുന്ദരം. അവതന്നെ മറ്റു ചിലർക്ക് വിരൂപം. അഭിരുചികളിലും ഈ അന്തരം പ്രകടമാണ്. ചിലർക്ക് ചിലതിനോടിഷ്ടം. അവയോടുതന്നെ വേറെ ചിലർക്ക് വെറുപ്പ്. നന്മതിന്മകളും ഈ വിധം ആകാമോ? വ്യക്തികളുടെ അഭിരുചിക്കൊത്ത് അവ വ്യത്യാസപ്പെടാമോ? അതസാധ്യമത്രെ. നന്മ എന്നും എവിടെയും നന്മ

തന്നെ; തിന്മ തിന്മയും. മറിച്ചായാൽ മനുഷ്യരാശിക്ക് മൂല്യബോധമില്ലാതാവും. നന്മതിന്മാവിവേചനം വ്യർഥമാകും. അങ്ങനെ സമൂഹം അരാജകത്വത്തിനടിപ്പെടും.

സാമൂഹികാവസ്ഥകൾക്കും സാമ്പത്തിക ഘടനകൾക്കുമനുസരിച്ച് മാറിവരാവുന്നതല്ല നന്മതിന്മകൾ. അങ്ങനെ വാദിക്കുന്നത് ഫലത്തിൽ അവയുടെ നിരാസത്തിലേക്കാണ് നയിക്കുക. 'നന്മയെന്നത് ഒരു പേര് മാത്രമാണെ'ന്ന നിക്കോളോ മാക്യവല്ലിയുടെ വീക്ഷണവും, 'നന്മയെന്നത് വെറുമൊരു കെട്ടുകഥയാണെ'ന്ന ഴാൻ പോൾ സാർത്രെയുടെ വാദവുമൊക്കെ ഇതാണ് തെളിയിക്കുന്നത്.

നന്മതിന്മകൾ കാല-ദേശ-വർഗ-വർണ-ജാതി-ലിംഗ ഭേദങ്ങൾക്കതീതമായി സുസ്ഥിരവും ശാശ്വതവുമായിരിക്കണം. മനുഷ്യമനസ്സാക്ഷിയോ സാമൂഹികാവസ്ഥയോ സാമ്പത്തിക ഘടനയോ ദേശീയ സാഹചര്യമോ കാലിക താൽപര്യമോ ആണ് അവ നിശ്ചയിക്കുന്നതെങ്കിൽ അതസാധ്യമായിരിക്കും. അതിനാൽ നന്മതിന്മകളുടെയോ ന്യായാന്യായങ്ങളുടെയോ മാനദണ്ഡവും അവലംബവുമാകാൻ മനുഷ്യേഛകൾക്കോ മനസ്സാക്ഷിക്കോ സാധ്യമല്ല. പക്ഷപാതരഹിതമായ മനസ്സാക്ഷിയില്ല. അതിനൊരിക്കലും അപ്രമാദിത്വം അവകാശപ്പെടുക സാധ്യവുമല്ല. ഫലത്തിൽ മനസ്സാക്ഷിക്കനുസരിച്ച് ജീവിക്കുന്നവനും ദേഹേഛയ്ക്കടിപ്പെട്ടവനും തമ്മിൽ അന്തരമൊട്ടുമില്ല. സ്വന്തം ചോദനയ്ക്കനുസരിച്ച് ചരിക്കുന്നവരാണവർ.

നന്മയും തിന്മയും നിശ്ചയിക്കുന്നത് എല്ലാ കാലത്തെയും ദേശത്തെയും മുഴുവൻ മനുഷ്യരുടെയും സ്രഷ്ടാവായ ദൈവമായിരിക്കണം. അവനത് വ്യക്തമായി വിവേചിക്കുകയും നിർണയിക്കുകയും ചെയ്തിട്ടുണ്ട്. അതിനാൽ നന്മയും തിന്മയും ശരിയും തെറ്റും ദൈവനിശ്ചിതമാണ്. കാലാതീതവും ദേശാതീതവുമാണ്; അനശ്വരവും. മനുഷ്യരാശിക്ക് അവ അറിയാനുള്ള ഏക മാർഗം പ്രവാചകന്മാർക്ക് ലഭ്യമായ ദിവ്യബോധനം മാത്രമത്രെ.

താൻ ആരാണ്? എവിടെനിന്ന് വന്നു? എങ്ങോട്ടു പോകുന്നു? എന്താണ് ജീവിതം? എന്തിനുള്ളതാണ്? ഏതുവിധമായിരിക്കണം? തുടങ്ങിയ കാര്യങ്ങളൊന്നും ദിവ്യവെളിപാടുകളുടെ വെളിച്ചമില്ലാതെ ആർക്കും മനസ്സിലാക്കുക സാധ്യമല്ല. അതിസമർഥരായ ധിഷണാശാലികളും ഗവേഷകരും മനുഷ്യനെ സംബന്ധിച്ച് പരമാബദ്ധങ്ങൾ പറയാനും പ്രചരിപ്പിക്കാനും കാരണമതത്രെ. തങ്ങളുടെ മുമ്പിൽ പ്രകാശിതമായ വശങ്ങൾ വച്ചുകൊണ്ടു മാത്രമേ ഏവർക്കും കാര്യങ്ങൾ കാണാൻ കഴിയുകയുള്ളൂ. ഇന്നും മനുഷ്യനെ സംബന്ധിച്ച അധിക വശങ്ങളും അപ്രകാശിതങ്ങളാണ്. അവയെപ്പറ്റിയുള്ള മനുഷ്യന്റെ അന്വേഷണം അവസാനിപ്പിക്കാതിരിക്കാനുള്ള കാരണം അതാണല്ലോ. വിവേകശാലികളായ വിജ്ഞാനദാഹികൾ അവനെക്കുറിച്ച് ഓരോ പുതിയ അറിവ് ലഭിക്കുമ്പോഴും തങ്ങളുടെ അറിവില്ലായ്മയുടെ ആഴവും പരപ്പും മനസ്സിലാക്കാറാണ് പതിവ്.

ചാൾസ് ഡാർവിനും സിഗ്മണ്ട് ഫ്രോയിഡും ഹെഗലും മാർക്സുമെല്ലാം മനുഷ്യനെ നോക്കിക്കണ്ടത് വ്യത്യസ്ത രൂപത്തിലാണ്. ചിലർ തങ്ങളുടെ അന്വേഷണത്തിൽ മുഴുശ്രദ്ധയും ശരീരപ്രകൃതിയിലും രൂപഭാ

വങ്ങളിലും കേന്ദ്രീകരിച്ചു. അതിനാൽ ശരീര കേന്ദ്രീകൃതമായ ചില നിഗമനങ്ങളിലെത്തിച്ചേർന്നു. വേറെ ചിലർ ജോലിയുടെ തലത്തിൽ നിന്ന വനെ നോക്കിക്കണ്ടു. അപ്പോൾ തൊഴിലിലൂടെ പരിണാമ വിധേയനായ ജന്തുവായാണ് മനുഷ്യനെ കണ്ടത്. ഒരുപറ്റം ചിന്തകരുടെ ശ്രദ്ധ പതിഞ്ഞത് വയറിലാണ്. അവർ അതിനെക്കുറിച്ചുള്ള ആലോചനയിൽ ആമഗ്നരായി. എല്ലാറ്റിനെയും അതുമായി ബന്ധപ്പെടുത്തി. വയറാണ് പരമ പ്രധാനമെന്നവർ വാദിച്ചു. അതിനെ പരമാവധി വലുതാക്കുകയും വികസിപ്പിക്കുകയും ചെയ്തു. വിശപ്പാണ് മുഴു പ്രശ്നങ്ങളുടെയും അടിസ്ഥാനമെന്ന് വിധിയെഴുതി. അത് പരിഹരിക്കപ്പെട്ടാൽ എല്ലാം ശരിയാവുമെന്ന് അവകാശപ്പെടുകയും ചെയ്തു. ലൈംഗികതയിലൂടെ മനുഷ്യനെയും ജീവിതത്തെയും നോക്കിക്കണ്ടവർ അതാണ് സർവപ്രധാനമെന്ന് വിശ്വസിച്ചു. അതിനാൽ അറിയുന്നവയെയും കാണുന്നവയെയും കേൾക്കുന്നവയെയും അതുമായി ബന്ധിപ്പിച്ചു. മാനവ ജീവിതത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളും ലിംഗബദ്ധമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ലൈംഗികതയുടെ മേൽ ഏർപ്പെടുത്തപ്പെട്ട നിയന്ത്രണങ്ങൾ നീങ്ങിയാൽ എല്ലാം നേരെയാവുമെന്ന നിഗമനത്തിലാണവരെത്തിയത്. മറ്റു ചിലർ ആത്മീയതക്ക് അമിതപ്രാധാന്യം കൽപിച്ചു. ശരീരത്തെയും അതിന്റെ ആവശ്യങ്ങളെയും അവഗണിച്ചു. അതിനാൽ ദിവ്യസന്ദേശത്തിന്റെ അഭാവത്തിൽ മനുഷ്യനെ സംബന്ധിച്ച് പഠിക്കാനും അറിയാനും ശ്രമിച്ചവർ ആനയെ അറിയാൻ ശ്രമിച്ച അന്ധന്മാരെപ്പോലെയാണ്. അപൂർണവും അബദ്ധജടിലവുമായ നിഗമനങ്ങളിലാണവരെത്തിച്ചേർന്നത്.

മനുഷ്യനെസ്സംബന്ധിച്ച് അറിയാത്തവർക്ക് അവനെങ്ങനെ ജീവിക്കണമെന്ന് മനസ്സിലാക്കുക സാധ്യമല്ല. ഏതുവിധമിവിടെ കഴിയണമെന്ന് ഗ്രഹിക്കാനാവശ്യമായ മൗലിക ധാരണയെങ്കിലും തന്നെക്കുറിച്ച് ഓരോരുത്തർക്കും അനിവാര്യമാണ്. ദിവ്യസന്ദേശത്തിലൂടെ മാത്രമേ അത് ലഭിക്കുകയുള്ളൂ; ലഭിച്ചിട്ടുള്ളൂ. മനുഷ്യന് അവന്റെ അസ്തിത്വത്തിന്റെ അർഥവും ലക്ഷ്യവും നിയോഗവും അഭ്യസിപ്പിച്ചത് മതമാണ്. അത് ജീവിതത്തിന്റെ ലക്ഷ്യവും മാർഗവും നിർണയിക്കുകയും ചെയ്തിരിക്കുന്നു.

ദിവ്യബോധനത്തെ അവലംബിക്കാത്തവരെ സംബന്ധിച്ചിടത്തോളം മരണശേഷം എന്ത് എന്ന ചോദ്യം പോലും അപ്രസക്തമാണ്. അതിനാലവർക്ക് ജീവിതം ജനനത്തോടെ ആരംഭിച്ച് മരണത്തോടെ അവസാനിക്കുന്ന ഒന്നു മാത്രമാണ്. ഈ വീക്ഷണം ജീവിതലക്ഷ്യത്തെയും മാർഗത്തെയും അഗാധമായി ബാധിക്കുന്നു. എല്ലാ ജീവിതവൃത്തികളെയും സാരമായി സ്വാധീനിക്കുന്നു. എന്നാൽ ദൈവികസന്ദേശം മറുലോകത്തെക്കുറിച്ച് സംസാരിക്കുന്നു. മരണാനന്തര ജീവിതമാണ് മർമപ്രധാനമെന്ന് പ്രഖ്യാപിക്കുന്നു. ഈ ലോകം കർമരംഗമാണെന്നും വിചാരണയും വിധിയും പ്രതിഫലവും പരലോകത്തുവെച്ചാണെന്നും ഊന്നിപ്പറയുന്നു. ഈ വിശ്വാസത്തിന്റെ അഭാവത്തിൽ ഭൂമിയിൽ സഫലമാവാത്ത സൽക്കർമങ്ങൾ നിരർഥകമായിരിക്കും. എന്നാൽ കർമങ്ങളെ അവയുടെ ഭൗതികഫലം മാത്രം നോക്കി വിലയിരുത്തുന്നത് ശരിയായ സമീപനമല്ല. ഒഴുക്കിൽപെട്ട പിഞ്ചു

പൈതലിനെ രക്ഷിക്കാൻ പുഴയിലേക്ക് എടുത്തുചാടുന്ന മനുഷ്യൻ പരമാവധി ശ്രമിച്ചിട്ടും പരാജിതനാവുന്നുവെങ്കിൽ അതുകൊണ്ടുമാത്രം അയാളുടെ അധ്വാനം അയോഗ്യമോ അനാദരണീയമോ ആവുന്നില്ല. പ്രത്യക്ഷത്തിൽ പ്രയോജനരഹിതമായി തോന്നുന്ന ഈ ത്യാഗം ഒരു പരാജിതശ്രമമാണ്. പക്ഷേ, അതിൽ അത്യുദാത്തമായ മൂല്യം എമ്പാടുമുണ്ട്. അഥവാ, കുഞ്ഞിനെ രക്ഷിക്കാനുള്ള ശ്രമത്തിൽ അയാൾ പ്രവാഹത്തിൽപെട്ട് പരലോകം പ്രാപിച്ചാൽ അതിന്റെ പ്രത്യക്ഷഫലം ഒരാൾക്കു പകരം രണ്ടാളുടെ മരണമാണ്. ഭൗതിക വീക്ഷണത്തിൽ വൻനഷ്ടമാണ്. എന്നാൽ യഥാർഥത്തിലത് പ്രശംസാർഹമായ വീരമൃത്യുവത്രെ. മരണത്തോടെ എല്ലാം അവസാനിക്കുമെങ്കിൽ ആദർശങ്ങൾക്കു വേണ്ടിയുള്ള ആത്മത്യാഗം അർഥശൂന്യമായിരിക്കും. നീതിക്കുവേണ്ടിയുള്ള പരാജിതമായ പോരാട്ടം നൽകുന്ന നിർവൃതി ഈ ലോകവുമായി ബന്ധപ്പെട്ടതല്ല. മരണം എല്ലാറ്റിന്റെയും അന്ത്യമെങ്കിൽ വീരനായകന്റെ ത്യാഗം വങ്കത്തമാണ്. അഥവാ, നാമത് നിഷ്ഫലമല്ലെന്ന് വിധിയെഴുതുന്നുവെങ്കിൽ അത് മറ്റൊരു ലോകത്തെക്കുറിച്ചുള്ള ബോധത്തിന്റെ ഫലമാണ്. സത്യത്തിന്റെയും നന്മയുടെയും ഭാഗത്തുനിൽക്കുകയും തോൽക്കുകയും ചെയ്ത വീരനായകന്റെ പ്രവൃത്തി ന്യായീകരിക്കപ്പെടുകയും വിശിഷ്ടമെന്ന് വാഴ്ത്തപ്പെടുകയും ചെയ്യുന്നുവെങ്കിൽ അത് പരലോകത്തെക്കുറിച്ച ഏതോ വിധ ധാരണയുടെ ഫലമാണ്. സംഭവഗതികളുടെ വിലയിരുത്തലുകളിൽ അത് അന്തർധാരയായി വർത്തിക്കുകയും ആഴത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. ദിവ്യബോധനത്തിന്റെ സ്വാധീനത്തിൽനിന്ന് തീർത്തും മുക്തമായ മനുഷ്യമനസ്സാക്ഷിക്ക് ത്യാഗത്തിന്റെ വിലയറിയുകയില്ല. ഗണിതശാസ്ത്ര തലത്തിലെ ലാഭചേതങ്ങൾക്കനുസൃതമായല്ലാതെ എന്തെങ്കിലും തീരുമാനങ്ങളെടുക്കാനോ കാര്യങ്ങൾ ചെയ്യാനോ അത് അനുവദിക്കുകയുമില്ല.

ദിവ്യസന്ദേശങ്ങളുടെ അഭാവത്തിൽ മനുഷ്യന് തന്നെക്കുറിച്ചെന്നപോലെ തന്റെ സ്രഷ്ടാവിനെ സംബന്ധിച്ചും ഒന്നുമറിയുകയില്ല. പിതാവ് ജീവിച്ചിരിക്കുകയും തന്നോടൊപ്പമുണ്ടായിരിക്കുകയും ചെയ്തിട്ടും സ്വന്തം പിതാവിനെ അറിയാത്ത പുത്രനെക്കാൾ അനേകമടങ്ങ് നിർഭാഗ്യവാനാണ് തന്റെ സ്രഷ്ടാവിനെപ്പറ്റി അറിയാത്ത മനുഷ്യൻ. ദൈവത്തെ സംബന്ധിച്ച അജ്ഞത അവൻ നൽകിയ ജീവിതവ്യവസ്ഥയെ സംബന്ധിച്ച അറിവില്ലായ്മക്കും അതുവഴി നിത്യനാശത്തിനും നിമിത്തമാകുന്നു.

ശാസ്ത്രം എത്രയൊക്കെ പുരോഗതി പ്രാപിക്കുകയും സാങ്കേതിക വിദ്യ സമൃദ്ധമാവുകയും വിജ്ഞാനം വികസിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും മനുഷ്യനിന്നും സ്വന്തത്തെ സംബന്ധിച്ചെന്ന പോലെ താൻ ജീവിക്കുന്ന ലോകത്തെക്കുറിച്ചും തീർത്തും അജ്ഞനാണ്. പുതുതായി കിട്ടുന്ന ഓരോ അറിവും അജ്ഞതയുടെ ആഴമറിയാനാണ് സഹായകമായിത്തീരുന്നത്. തന്നെയും താൻ ജീവിക്കുന്ന ലോകത്തെയും കുറിച്ചറിയാതെ ഇവിടെ വിജയകരവും സ്വസ്ഥവും സമാധാന നിരതവുമായ ജീവിതം നയിക്കുക സാധ്യമല്ല. അതുകൊണ്ടുതന്നെ കേവല മനസ്സാക്ഷിക്ക് ജീവിത

ത്തിന്റെ മാർഗദർശകനാകാനാവില്ല.

സ്വാർഥതയിൽനിന്ന് തീർത്തും മുക്തമായ ആരുമില്ല. സമൂഹത്തിനാവശ്യമായ നിയമങ്ങളും വ്യവസ്ഥകളും ചിട്ടകളും ചട്ടങ്ങളുമൊക്കെ നിശ്ചയിക്കുന്നത് പുരുഷന്മാരാണെങ്കിൽ അവരുടെ താൽപര്യങ്ങൾക്ക് പ്രാമുഖ്യം കൽപിക്കപ്പെടുന്നു. സ്ത്രീകളാണെങ്കിൽ മറിച്ചും. കറുത്തവനുണ്ടാക്കുന്ന നിയമങ്ങളും വ്യവസ്ഥകളും അവന് അനുകൂലമായിരിക്കും. തങ്ങളുടെ താൽപര്യങ്ങൾക്ക് കൂടുതൽ പരിഗണന നൽകാതിരിക്കാൻ വെളുത്തവർക്ക് സാധ്യമല്ല. തൊഴിലാളി-മുതലാളി വർഗങ്ങളുടെ സ്ഥിതിയും ഭിന്നമല്ല. ഓരോ പ്രദേശത്തുകാരും രാജ്യക്കാരും തങ്ങളുടെ താൽപര്യങ്ങൾക്കാണ് മുൻഗണന നൽകുക. ദേശീയതയുടെ അടിസ്ഥാനം തന്നെ അതാണല്ലോ. നിക്കോളോ മാക്യവല്ലി പറയുന്നു: "നന്മയെന്നത് ഒരു പേരുമാത്രമാണ്. യഥാർഥത്തിൽ തിന്മയാണുള്ളത്. അതിനാൽ തന്റെ രാഷ്ട്രത്തെ ശക്തിപ്പെടുത്താനാഗ്രഹിക്കുന്ന ഏതൊരു ഭരണാധികാരിയും തിന്മ ചെയ്യേണ്ടതെങ്ങനെയെന്ന് ശരിക്കും മനസ്സിലാക്കണം." വെയിൻപോളിന്റെ വീക്ഷണവും അതുതന്നെ: "സാന്മാർഗികനായ ഒരാൾക്ക് രാഷ്ട്രത്തെ നയിക്കുക സാധ്യമല്ല. കാരണം, രാഷ്ട്രത്തിന്റെ രക്ഷയ്ക്കു വേണ്ട കാര്യങ്ങൾ ഒരു സന്മാർഗിക്ക് ചെയ്യാൻ കഴിയില്ല. രാജ്യനന്മയ്ക്കുവേണ്ടി രാഷ്ട്രത്തലവൻ എന്തും എങ്ങനെയും പ്രവർത്തിക്കാൻ തയ്യാറാവണം. നന്മ-തിന്മകളെക്കുറിച്ച് വിവേചനം നടത്തുന്ന സന്മാർഗിക്കിത് സാധ്യമല്ല."

ഏതെങ്കിലും സ്വഭാവത്തിലുള്ള സ്വാർഥത ഒട്ടുമില്ലാത്തവരുണ്ടാകില്ല. അതുകൊണ്ടുതന്നെ അത്തരക്കാരുണ്ടാക്കുന്ന നിയമവ്യവസ്ഥകളിലും അത് പ്രതിഫലിക്കും. ലോകത്തെ ഒന്നായും, അതിലെ മുഴുവൻ മനുഷ്യരെയും ഒരുപോലെയും കാണാൻ അവരുടെ സ്രഷ്ടാവും സംരക്ഷകനുമായ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ. എല്ലാ ദേശത്തെയും കാലത്തെയും മുഴുവൻ മനുഷ്യരോടും നീതി പുലർത്തുന്ന നിയമവ്യവസ്ഥ നൽകാനും അവനേ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ സന്മാർഗബോധനം സ്വീകരിക്കാതെ കേവല മനസ്സാക്ഷിയനുസരിച്ച് ആർക്കുമിവിടെ ഉത്തമജീവിതം നയിക്കാനാവില്ലെന്നു പറയാനുള്ള കാരണവും അതുതന്നെ. തന്റെ സന്ദേശവാഹകരായ പ്രവാചകന്മാരിലൂടെയാണ് ദൈവം ഈ ജീവിതവ്യവസ്ഥ മനുഷ്യ

രാശിക്ക് സമർപ്പിച്ചത്. വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ലോകത്തിന്റെയും നിലനിൽപ് അതിന്റെ അടിസ്ഥാനത്തിലാവണമെന്ന് മതമാവശ്യപ്പെടുകയും ചെയ്യുന്നു.

## പതിനാറ്

# ശ്രീരാമനും ശ്രീകൃഷ്ണനും പ്രവാ ചകന്മാരായിരുന്നോ?

### ദിവ്യജ്ഞാനം ഇക്കാലത്തുമുണ്ടാവില്ലേ?

*"ദീർഘകാലത്തെ മനനത്തിലൂടെ മഹാമനീഷികൾക്ക് ലഭിക്കുന്നതല്ലേ ദിവ്യജ്ഞാനം? ഇക്കാലത്തും ഇത് സാധ്യമല്ലേ?"*

ഇന്ദ്രിയങ്ങളാൽ ഗ്രഹിക്കാൻ സാധിക്കുന്നതോ മനനത്തിലൂടെ മനസ്സുകൾക്ക് ആർജിക്കാൻ കഴിയുന്നതോ അല്ല ദിവ്യസന്ദേശം. ആഗ്രഹിച്ചോ ശ്രമിച്ചോ ലഭിക്കുന്നതുമല്ല ദിവ്യബോധനം. എല്ലാവിധ ഭൗതിക വിശകലനങ്ങൾക്കും അതീതവും അതിസൂക്ഷ്മവുമായ പ്രതിഭാസമാണത്. സ്വപ്നദർശനത്തിലൂടെ ലഭ്യമാകുന്ന അറിവ് ആർജിതജ്ഞാനമോ ആഗ്രഹിച്ച് ലഭിക്കുന്നതോ അല്ലല്ലോ. എന്നാൽ സ്വപ്നജ്ഞാനം ശരിയാവാനും തെറ്റാവാനും സാധ്യതയുണ്ട്. ദിവ്യബോധനം അതിനോടുപമിക്കാമെങ്കിലും പ്രവാചകന്മാർക്ക് വന്നെത്തുന്ന ദിവ്യസന്ദേശം ഒരിക്കലും അബദ്ധമാവുകയില്ല. സകല വിധ പ്രമാദസാധ്യതകളിൽനിന്നും മുക്തമത്രെ അത്.

പ്രവാചകത്വം ദൈവത്തിന്റെ ദാനമാണ്. അവൻ ഇഛിക്കുന്നവരെ തന്റെ ദൂതന്മാരായി തെരഞ്ഞെടുക്കുന്നു. മാനവ സമൂഹത്തിന്റെ മാർഗദർശനത്തിനായി അവരെ നിയോഗിക്കുന്നു. അതിൽ മനുഷ്യേഛക്കോ അധ്വാന പരിശ്രമങ്ങൾക്കോ ഒരു പങ്കുമില്ല. അല്ലാഹു പറയുന്നു: "നിനക്ക് വേദം നൽകപ്പെടുമെന്ന് നീയൊട്ടും പ്രതീക്ഷിച്ചിരുന്നില്ല. ഇത് നിന്റെ നാഥനിൽനിന്നുള്ള അനുഗ്രഹം കൊണ്ടുമാത്രമത്രെ. അതിനാൽ നീ സത്യനിഷേധികളുടെ സഹായിയാവരുത്"(28: 86).

"അത് അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. അവൻ ഇഛിക്കുന്നവർക്ക് അവനത് നൽകുന്നു."(62: 44)

എന്താണ് ദിവ്യബോധനമെന്നും വേദഗ്രന്ഥമെന്നും മുഹമ്മദ് നബി തിരുമേനിക്ക് നേരത്തെ അറിയുക പോലുമില്ലായിരുന്നുവെന്ന് ഖുർആൻ

വ്യക്തമാക്കുന്നു: "നമ്മുടെ കൽപനയനുസരിച്ച് നാം നിനക്ക് ബോധനം നൽകിയിരിക്കുകയാണല്ലോ. വേദമെന്താണ്, സത്യവിശ്വാസമെന്താണ് എന്നൊന്നും നിനക്കൊട്ടും അറിവുണ്ടായിരുന്നില്ല. എന്നാൽ നാമതിനെ ഒരു പ്രകാശമാക്കിയിരിക്കുന്നു. നാം ഉദ്ദേശിക്കുന്നവർക്ക് അതുവഴി മാർഗ ദർശനം നൽകുന്നു"(42: 52).

## മുഹമ്മദ് നബിയുടെ ഹിറാ വാസം എന്തിന്?

*"എങ്കിൽ എന്തിനാണ് മുഹമ്മദ് നബി പ്രവാചകത്വത്തിനു മുമ്പ് ഹിറാ ഗുഹയിൽ പോയി ഏകാന്തവാസം അനുഷ്ഠിച്ചത്?"*

ദിവ്യബോധനം സ്വീകരിക്കുന്ന വ്യക്തി അതിനർഹനായിരിക്കണമല്ലോ. എല്ലാ അർഥത്തിലും സുസജ്ജനും. മറ്റെല്ലാ പ്രവാചകന്മാരെയും പോലെ മുഹമ്മദ് നബിയും ദൈവികസന്ദേശം ഏറ്റുവാങ്ങാൻ പറ്റും വിധം വളർത്ത പ്പെടുകയായിരുന്നു. ആവശ്യമായ യോഗ്യതയാലും സിദ്ധിയാലും അനു ഗ്രഹിക്കപ്പെടുകയായിരുന്നു. അതിനാൽ എല്ലാവിധ ദുശ്ശീലങ്ങളിൽനിന്നും പാപവൃത്തികളിൽനിന്നും തീർത്തും മുക്തനായി പരമ പരിശുദ്ധനായാണ് നബിതിരുമേനി വളർന്നുവന്നത്. വിശ്വസ്തനായി പരക്കെ അറിയപ്പെടു മാറ് കുറ്റമറ്റതായിരുന്നു തിരുമേനിയുടെ ജീവിതം. നാൽപതു വയസ്സോട ടുത്തപ്പോൾ ദൈവികമായ ഉൾവിളി സ്വീകരിച്ച്, മലീമസമായ ചുറ്റുപാ ടിൽനിന്നു മാറി ഹിറാഗുഹയിൽ ഏകാന്തവാസമനുഷ്ഠിച്ചു. അങ്ങനെ പ്രവാചകത്വം ഏറ്റുവാങ്ങാനാവശ്യമായ മാനവികമായ പൂർണത പ്രാപി ക്കുകയായിരുന്നു മുഹമ്മദ് നബി. അഥവാ, ദൈവം തന്റെ അന്ത്യദൂതനായി നിയോഗിക്കാൻ പോകുന്ന വ്യക്തിയെ അതിനനുയോജ്യമാം വിധം വളർ ത്തിക്കൊണ്ടുവരികയായിരുന്നു. ഹിറാ ഗുഹയിലെ ധ്യാനനിരതമായ ജീവിതം അതിന്റെ ഭാഗമായിരുന്നു.

## ദൈവദൂതനെ എങ്ങനെ തിരിച്ചറിയും?

*"എങ്ങനെയാണ് ഒരാൾ ദൈവദൂതനാണോ അല്ലേയെന്ന് തിരിച്ചറിയുക?"*

സമകാലീന സമൂഹത്തിലെ സത്യസന്ധനായ ഏതൊരാൾക്കും തിരി ച്ചറിയാൻ സാധിക്കുമാറ് സവിശേഷമായ വ്യക്തിത്വത്തിന്റെ ഉടമയായി രിക്കും ദൈവദൂതൻ. അദ്ദേഹം പരമപരിശുദ്ധനായിരിക്കും. ജീവിതത്തി ലൊരിക്കലും കള്ളം പറയില്ല. സത്യവിരുദ്ധമായി ഒന്നും പ്രവർത്തിക്കുക യില്ല. പ്രകൃതം തീർത്തും പാവനമായിരിക്കും. ചീത്ത വാക്കോ ദുർവൃ ത്തിയോ ദൈവദൂതനിൽനിന്നൊരിക്കലുമുണ്ടാവുകയില്ല. സത്യവും നീതിയും സൽക്കർമവും മറ്റുള്ളവരോട് ഉപദേശിക്കുന്നതോടൊപ്പം സ്വയം നടപ്പാക്കുകയും ചെയ്യും. പറയുന്നതിനെതിരെ പ്രവർത്തിച്ചതിന് ഒരൊറ്റ ഉദാഹരണം പോലും കാണപ്പെടുകയില്ല. എപ്പോഴും ഋജുവും ശ്രേഷ്ഠവും സുതാര്യവും സംശുദ്ധവും സംശയരഹിതവുമായ മാർഗമേ അവലംബി ക്കുകയുള്ളൂ. സകല വിധ സ്വാർഥതകളിൽനിന്നും തീർത്തും മുക്തനായി രിക്കും. ആരെയും വാക്കാലോ പ്രവൃത്തിയാലോ ദ്രോഹിക്കുകയില്ല. ആരു ടെയും അവകാശം അശേഷം കവർന്നെടുക്കുകയില്ല. സത്യസന്ധത, ത്യാഗ ശീലം, ശ്രേഷ്ഠ ചിന്ത, സന്മാർഗനിഷ്ഠ, നന്മ പോലുള്ള ഉത്തമ ഗുണങ്ങൾ ക്ക് എക്കാലത്തെയും ഏറ്റവും നല്ല മാതൃകയായിരിക്കും. ആരെത്ര ശ്രമി

ച്ചാലും ദൈവദൂതന്റെ ജീവിതത്തിൽ ന്യൂനത കണ്ടെത്തുക സാധ്യമല്ല.

കവിയെ അയാളുടെ കവിതയിലൂടെയും കലാകാരനെ അയാളുടെ വരകളിലൂടെയും തിരിച്ചറിയുന്നപോലെ സമൂഹം പ്രവാചകനെ അദ്ദേഹത്തിന് അവതീർണമാകുന്ന കാര്യങ്ങളിലൂടെ മനസ്സിലാക്കുക തന്നെ ചെയ്യും. അന്യർക്ക് ഊഹിക്കാൻ പോലും കഴിയാത്ത കാര്യങ്ങൾ ദൈവദൂതന്റെ മനസ്സിൽ അനായാസം തെളിഞ്ഞുവരുന്നു. അവയൊക്കെ ശരിയാണെന്ന് സമൂഹത്തിന് ബോധ്യമാവുകയും ചെയ്യുന്നു. ഇങ്ങനെ എല്ലാ ദൈവദൂതന്മാരും തങ്ങളുടെ സമൂഹത്തിലെ സകല സുമനസ്സുകളാലും തിരിച്ചറിയപ്പെടുന്നു.

## ശ്രീരാമനും ശ്രീകൃഷ്ണനും

*"ഈ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലും ഇസ്‌ലാമിക വീക്ഷണത്തിലും ശ്രീരാമനും ശ്രീകൃഷ്ണനും പ്രവാചകന്മാരായിരുന്നോ?"*

ദൈവദൂതന്മാർ ആഗതമാകാത്ത സമൂഹങ്ങളും ജനതകളുമില്ലെന്ന് ഇസ്‌ലാം ഖണ്ഡിതമായി പറഞ്ഞിട്ടുണ്ട്. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: "എല്ലാ സമുദായത്തിനും നാം ദൂതന്മാരെ നിയോഗിച്ചു കൊടുത്തിട്ടുണ്ട്"(16: 36).

"നാം നിന്നെ സത്യവുമായി നിയോഗിച്ചിരിക്കുന്നു, ശുഭവാർത്ത അറിയിക്കുന്നവനും താക്കീത് നൽകുന്നവനുമായി. ഒരു സമുദായവും അതിലൊരു താക്കീതുകാരൻ നിയോഗിതമാകാതെ കഴിഞ്ഞുപോയിട്ടില്ല."(35: 24).

സഹസ്രാബ്ദങ്ങളുടെ ചരിത്രമുള്ള ഇന്ത്യയിൽ ദൈവദൂതന്മാർ ആഗതരായിരിക്കുമെന്നും ദൈവികസന്ദേശം അവതരിപ്പിക്കപ്പെട്ടിരിക്കുമെന്നുമുള്ളതിൽ സംശയമേയില്ല. എന്നാൽ ആരായിരുന്നു ആ പ്രവാചകന്മാരെന്നും എവിടെയെല്ലാം, എന്നെല്ലാമാണ് അവർ നിയോഗിതരായതെന്നും വ്യക്തമായും ഖണ്ഡിതമായും അറിയാൻ കഴിയുന്ന പ്രാമാണിക രേഖകളൊന്നുമിന്ന് ലഭ്യമല്ല. നമ്മുടെ രാജ്യത്തെ പൂർവികരായ പുണ്യപുരുഷന്മാരെ സംബന്ധിച്ച് നിലവിലുള്ളത് കുറേ ഐതിഹ്യങ്ങളും അവിശ്വസനീയവും അതിശയോക്തിപരവുമായ വർണനകളുമാണ്. ശരിയും തെറ്റും വേർതിരിച്ചറിയാൻ സാധ്യമല്ലാത്ത വിധം അവ അതീവ സങ്കീർണമത്രെ. ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും ശ്രീബുദ്ധന്റെയും ചരിത്രവും ഇതിന് അപവാദമല്ല. അവരെ സംബന്ധിച്ച് ഇന്ന് പറയപ്പെടുന്നവ പലതും ശരിയാവാൻ സാധ്യതയില്ല. അതിനാൽ നിലവിലുള്ള ധാരണകൾ വച്ച് അവരൊക്കെ ദൈവദൂതന്മാരായിരുന്നോ, അല്ലേയെന്ന് ഖണ്ഡിതമായി പറയുക സാധ്യമല്ല. അതേസമയം ആവാനുള്ള സാധ്യത തള്ളിക്കളയാനുമാവില്ല. നമ്മുടെ രാജ്യത്തെ മുൻഗാമികളായ മഹദ്‌വ്യക്തികളുടെ യഥാർഥ ചരിത്രം ഐതിഹ്യങ്ങളിൽനിന്നും, അനുയായികളും എതിരാളികളും പറഞ്ഞുണ്ടാക്കിയ കൽപിതകഥകളിൽനിന്നും മോചിതമായിക്കിട്ടാൻ എന്തെങ്കിലും മാർഗമുണ്ടെങ്കിൽ അത് മഹത്തായൊരു നേട്ടമായിരിക്കും. സത്യസന്ധവും നിഷ്പക്ഷവുമായ അന്വേഷണപഠനങ്ങളിലൂടെ അവരുടെ യഥാർഥ ജീവിതം അനാവൃതമാവുകയും അങ്ങനെ അവർ ദൈവദൂതന്മാരായിരു

ന്നുവെന്ന് ബോധ്യമാവുകയുമാണെങ്കിൽ അതിലേറ്റവുമധികം സന്തോഷിക്കുക ഈ രാജ്യത്തെ മുസ്‌ലിംകളായിരിക്കും. ഏതായാലും അത്തരമൊരന്വേഷണവും പഠനവും അത്യധികം അഭികാമ്യമത്രെ.

## പതിനേഴ്

# മുഹമ്മദ് നബിയും വിഗ്രഹ ധ്വംസനവും

### എന്തുകൊണ്ട് 'അല്ലാഹു'?

*"മുസ്‌ലിംകൾ സ്രഷ്ടാവിനെ അന്യ ഭാഷയായ അറബിയിൽ 'അല്ലാഹു' എന്ന് പറയുന്നത് എന്തിനാണ്? ഓരോരുത്തരും തങ്ങളുടെ മാതൃഭാഷയിൽ യുക്തമായ പേര് നൽകിയാൽ പോരേ, മലയാളികളായ നാം ദൈവം, ഈശ്വരൻ എന്നെല്ലാം വിളിക്കുന്നപോലെ?"*

പ്രപഞ്ചവും അതിലുള്ള സകലതും സൃഷ്ടിച്ച് സംരക്ഷിക്കുന്ന ശക്തിയെക്കുറിക്കുന്ന നാമമാണ് അല്ലാഹു. ദൈവം, ഈശ്വരൻ, കർത്താവ്, ഗോഡ്, ഖുദാ തുടങ്ങി ആ സ്രഷ്ടാവിനെ പരിചയപ്പെടുത്താൻ ഏതു ഭാഷയിലെ പേരും ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഏകനും ലിംഗഭേദങ്ങൾക്കതീതനുമായ ആ ശക്തിയെ പ്രതിനിധീകരിക്കാൻ ഏറ്റവും അനുയോജ്യമായ പദം 'അല്ലാഹു' എന്നതുതന്നെയാണ്. അറബിഭാഷയിലെ പ്രസ്തുത നാമപദത്തിന് ബഹുവചനമോ ലിംഗഭേദമോ ഇല്ല. അതിനാൽ 'അല്ലാഹു' എന്നതിന് ലോകത്തിലൊരു ഭാഷയിലും പൂർണാർഥത്തിലുള്ള പരിഭാഷയില്ല. പരിഭാഷ സാധ്യവുമല്ല. ദൈവം, ഗോഡ്, ഖുദാ പോലുള്ളവയെല്ലാം അറബിയിലെ 'ഇലാഹ്' എന്നതിന്റെ പരിഭാഷയാണ്. 'അല്ലാഹു' എന്നതിന്റേതല്ല. ദൈവം എന്നതിന് ദൈവങ്ങൾ, ദേവി എന്നും ഗോഡ് എന്നതിന് ഗോഡസ്, ഗോഡ്സ് എന്നുമൊക്കെ പ്രയോഗിക്കുക പതിവാണല്ലോ. ഇതര ഭാഷകളിലെ പദങ്ങളുടെ സ്ഥിതിയും ഇതുതന്നെ. ദൈവം, ഈശ്വരൻ, ഗോഡ് പോലുള്ളവയ്ക്ക് 'അല്ലാഹു' എന്നതുപോലെ ഗൗരവം കൽപിക്കപ്പെടാറില്ലെന്നതും ശ്രദ്ധേയമത്രെ. കോടികളുടെ ഉടമയെ 'കോടീശ്വരനെ'ന്നും 'ഗോഡ് ഓഫ് സ്മാൾ തിംഗ്സ്' എന്നുമൊക്കെ ഒട്ടും മനഃപ്രയാസമില്ലാതെ ഏവരും പറയാറുണ്ടല്ലോ. 'അല്ലാഹു' എന്നത് ഇത്തരം പ്രയോഗങ്ങൾക്കും വചന, ലിംഗമാറ്റങ്ങൾക്കും അതീതമായ നാമപദമാണ്.

അതിനാൽ സ്രഷ്ടാവിന്റെ സവിശേഷതകളെ യഥാവിധി പ്രതിനിധീകരിക്കാൻ ഏറ്റവും പറ്റിയ പേരും അതുതന്നെ. ലോകമെങ്ങുമുള്ള ജനതക്ക് സ്രഷ്ടാവിനെ പരിചയപ്പെടുത്താൻ ഒരു പേര് അനിവാര്യമാണല്ലോ. അതിന് ഏറ്റവും അനുയോജ്യം 'അല്ലാഹു' എന്ന് ആയതിനാലാണ് അന്ത്യദൂതനിലൂടെ ആ നാമം നിശ്ചയിക്കപ്പെട്ടത്. അതോടൊപ്പം നിർണിതമായ ആരാധനാകർമങ്ങളിലൊഴിച്ച് സ്രഷ്ടാവിനെ പരിചയപ്പെടുത്താനും അഭിസംബോധന ചെയ്യാനും 'അല്ലാഹു' എന്നുതന്നെ പ്രയോഗിക്കണമെന്നില്ല. പ്രാദേശിക ഭാഷകളിലോ ലോകഭാഷകളിലോ ഉള്ള ഇതര പേരുകൾ ഉപയോഗിക്കാവുന്നതാണ്.

## വിഗ്രഹ ധ്വംസനം

*"ഇന്ത്യയിലെ ഹിന്ദുക്കളെപ്പോലെത്തന്നെ മക്കയിലെ അറബികളും വിഗ്രഹാരാധകരായിരുന്നു. കഅ്ബ നിരവധി വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കപ്പെട്ട പുരാതന ക്ഷേത്രവുമായിരുന്നു. മുഹമ്മദിന് രാഷ്ട്രീയാധികാരം ലഭിച്ചപ്പോൾ ബലപ്രയോഗത്തിലൂടെ വിഗ്രഹങ്ങൾ നശിപ്പിക്കുകയാണുണ്ടായത്. ഇതിനെക്കുറിച്ച് എന്തു പറയുന്നു?"*

ലോകത്ത് ഒരു മതവും ബഹുദൈവ സങ്കൽപം അംഗീകരിക്കുകയോ വിഗ്രഹാരാധന അനുശാസിക്കുകയോ ചെയ്യുന്നില്ല. ഹിന്ദുമതത്തിന്റെ സ്ഥിതിയും ഭിന്നമല്ല. ഹിന്ദുക്കൾ ആദ്യകാലത്ത് വിഗ്രഹാരാധകരായിരുന്നില്ല. അത് പിന്നീട് കടന്നുകൂടിയ അത്യാചാരമാണ്. പ്രമുഖരായ വേദപണ്ഡിതന്മാരും ഹൈന്ദവ നവോത്ഥാരകന്മാരും ഇക്കാര്യം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. ദയാനന്ദ സരസ്വതിയുടെ ഇതുസംബന്ധമായ വീക്ഷണം കെ. ഗോകുലാനന്ദൻ ഇങ്ങനെ വിശദീകരിക്കുന്നു: "ഈശ്വരനിൽനിന്നും ഭിന്നമായ പദാർഥങ്ങളെ പൂജിക്കുന്നതിന്റെ ഫലം ദുഃഖമായിരിക്കും. ഈശ്വരന് പല പേരുകളുണ്ട്. എന്നാൽ അവയെല്ലാം ഒരേ ശക്തിയുടെ പര്യായങ്ങളാണ്. ഈശ്വരൻ സർവവ്യാപിയും സ്വയംഭൂവും അനാദിയും അനന്തനുമാണ്. 'അജ ഏക പാത്'(യജുർ 34-53), 'സപര്യഗായ്ഛ്യശ്രമകായ്മ'(യജുർ 40-8) എന്നീ യജുർവേദ വചനങ്ങളിൽനിന്നും ഈശ്വരൻ ജന്മം കൊള്ളുന്നില്ലെന്ന് വ്യക്തമാണെന്ന് ദയാനന്ദൻ ചൂണ്ടിക്കാട്ടി. അതിനാൽ അവതാരമെന്ന സങ്കൽപവും അതിനെ അടിസ്ഥാനമാക്കിക്കൊണ്ട് വൈഷ്ണവർ പ്രചരിപ്പിക്കുന്ന അവതാരകഥകളും കെട്ടിച്ചമച്ചവയാണ്. അതിനാൽതന്നെ ഗീത 4-7ലെ

യദാ യദാ ഹി ധർമസ്യ
ഗ്ലാനിർഭവതി ഭാരത!
അഭ്യുത്ഥാനമധർമസ്യ
തദാത്മാനം സൃജാമ്യഹം

എന്ന വചനവും സ്വീകാര്യമായതല്ല. എണ്ണമറ്റ ഗുണകർമ സ്വഭാവങ്ങളോടുകൂടിയ ഈശ്വരന് കംസരാവണാദികളെ കൊല്ലുവാനായി അവതാരമെടുക്കേണ്ടതായ ആവശ്യമില്ല. ഈശ്വരൻ നിസ്സാരനായ ഒരു വ്യക്തിയെ കൊല്ലുവാനായി ജനനമരണങ്ങൾ സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നവൻ

വിഡ്ഢി മാത്രമായിരിക്കും. 'മാതാപിതാക്കൾ, ആചാര്യൻ, അതിഥി എന്നിവരെ ശുശ്രൂഷിക്കലാണ് ദേവപൂജ- അല്ലാതെ ശിലാശകലങ്ങളെ പൂജിക്കലല്ല.'

"മഹാഭാരതത്തിലെ 4400 ശ്ലോകങ്ങളാണ് വ്യാസൻ രചിച്ചത്. ശിഷ്യന്മാർ 5600 ശ്ലോകങ്ങൾ കൂട്ടിച്ചേർത്തു. അങ്ങനെ മൊത്തം പതിനായിരം ശ്ലോകങ്ങളേ യഥാർഥ മഹാഭാരതത്തിലുള്ളൂ. മറ്റുള്ളതെല്ലാം പല കാലത്തായി പലരാൽ കൂട്ടിച്ചേർക്കപ്പെട്ടവയാണ്. ജ്യോത്സ്യന്മാരും മന്ത്രവാദികളും മൂഢന്മാരെ വഞ്ചിക്കുന്നു. അചേതന വസ്തുക്കളാണ് ജ്യോതിർ ഗോളങ്ങൾ. അവ കോപിക്കുകയോ ദുഃഖിക്കുകയോ ഇല്ല. ഗ്രഹം, നക്ഷത്രം, ജാതകം, രാശി, മുഹൂർത്തം മുതലായവ നോക്കി ഫലം പറയുന്നവർ മുഴുക്കെ വഞ്ചകരാണ്. ഇത്തരക്കാർ ഗണിതത്തെയും ജ്യോതിശ്ശാസ്ത്രത്തെയും മറയാക്കി വഞ്ചനകൾ നടത്തുകയാണ്. മാരണം, മോഹനം, ഉച്ചാടനം, വശീകരണം മുതലായ മന്ത്രവാദ കർമങ്ങളിൽ വിശ്വസിക്കുന്നവരും വിഡ്ഢികളാണ്...

"യജുർവേദം 32-3 അനുസരിച്ച് പ്രപഞ്ച പ്രതിഭാസത്തിന് ഒരു പ്രതിമയും സൃഷ്ടിക്കാൻ സാധ്യമല്ല. വൈദികർ ബിംബാരാധകരായിരുന്നില്ല. ജൈനമതക്കാർ അവരുടെ തീർഥങ്കരന്മാരുടെ ബിംബങ്ങൾ നിർമിച്ചു. അതിനെ അനുകരിച്ചുകൊണ്ടാണ് ഭാരതത്തിൽ ബിംബാരാധന രൂപമെടുത്തത്. ബിംബാരാധനയിലൂടെ ആഗ്രഹങ്ങൾ നേടാമെന്നും ഈശ്വരൻ അനുഗ്രഹിക്കുമെന്നും വിശ്വസിക്കുന്നവർ യഥാ സമയം ശരിയായ പ്രവർത്തനങ്ങൾ നടത്താതെ സമയം കളയുകയും സമ്പത്ത് നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ക്ഷേത്രങ്ങളിലെ പൂജാരികളും പാണ്ഡകളും ഭക്തന്മാരെ വഞ്ചിച്ച് പണം തട്ടിയെടുക്കുന്നു.

"അചേതനശിലയെ പൂജിക്കുന്നതിലൂടെ മനസ്സിന്റെ ശക്തി പാഴായിപ്പോകുന്നു. മനസ്സ് ശിലാരൂപമായി സ്വതന്ത്രമായി ചിന്തിക്കാൻ കഴിവില്ലാതായിത്തീരുന്നു."(ഗോകുലാനന്ദൻ. കെ.- 'ആധുനിക ഇന്ത്യാ ചരിത്രം' ജനറൽ എഡിറ്റർ: ഡോ. സി. വിശ്വനാഥൻ നായർ. യൂനിവേഴ്സിറ്റി ബുക്സ് പബ്ലിക്കേഷൻസ്, കാലിക്കറ്റ്. പുറം 58).

മക്കയിലെ അറബികളും ആദ്യകാലത്ത് വിഗ്രഹപൂജകരായിരുന്നില്ല. ജനശൂന്യവും ജലശൂന്യവും ഫലശൂന്യവുമായിരുന്ന അവിടെ മനുഷ്യവാസമാരംഭിച്ചത് ഇബ്റാഹീം നബിയുടെയും കുടുംബത്തിന്റെയും ആഗമനത്തോടെയാണ്. അവർ തികഞ്ഞ ഏകദൈവാരാധകരും ബിംബാരാധനയെ ശക്തമായി എതിർത്തവരുമായിരുന്നുവെന്നത് സുസമ്മതവും സുവിദിതവുമാണല്ലോ.

ഇബ്റാഹീം നബിയും മകൻ ഇസ്മാഈൽ നബിയും ചേർന്നാണ് ഇന്നുള്ള വിശുദ്ധ കഅ്ബ നിർമിച്ചത്. ഏകദൈവാരാധനക്കായാണ് അവരത് പണിതത്. എന്നല്ല; ഏകദൈവാരാധനക്കായി ഭൂമിയിൽ ആദ്യമായി നിർമിക്കപ്പെട്ട ഭവനമാണത്. "നിസ്സംശയം, മനുഷ്യർക്കായി നിർമിക്കപ്പെട്ട പ്രഥമ ദേവാലയം മക്കയിൽ സ്ഥിതി ചെയ്യുന്നതു തന്നെയാണ്. അത് അനുഗൃഹീതവും ലോകർക്കാകമാനം മാർഗദർശന കേന്ദ്രവുമായി നിർമിക്ക

പ്പെട്ടതുമത്രെ.”(ഖുർആൻ 3: 96).

വിശുദ്ധ കഅ്ബയിൽ ആദ്യമായി വിഗ്രഹം പ്രതിഷ്ഠിച്ചത് ഖുസാഅഃ ഗോത്രത്തലവനായ അംറുബ്നു ലുഅയ്യാണ്. മുആബ് പ്രദേശത്തുനിന്ന് കൊണ്ടുവന്ന ഹുബ്ൽ വിഗ്രഹത്തെയാണ് അയാൾ സ്ഥാപിച്ചത്. ഇസാഫിന്റെയും നാഇലയുടെയും വിഗ്രഹങ്ങളും കഅ്ബയിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്നു. ഇങ്ങനെയാണ് ഏകദൈവാരാധനക്കായി സ്ഥാപിക്കപ്പെട്ട കഅ്ബ വിഗ്രഹാലയമായി മാറിയത്. നബിതിരുമേനിയുടെ നിയോഗ ഘട്ടത്തിൽ അവിടെ മുന്നൂറിലേറെ വിഗ്രഹങ്ങളുണ്ടായിരുന്നു. പ്രവാചകത്വ ലബ്ധിക്കുശേഷം മുഹമ്മദ് നബി നീണ്ട പതിമൂന്നു വർഷം അവിടെ ജീവിച്ചു. ബഹുദൈവാരാധനക്കെതിരെ തന്റെ ജനതയെ ശക്തമായി ബോധവൽക്കരിച്ചിരുന്ന പ്രവാചകൻ തന്റെ പൂർവ പിതാവായ ഇബ്റാഹീംനബി ഏകദൈവാരാധനക്കായി നിർമിച്ച മന്ദിരത്തിൽ സ്ഥാപിക്കപ്പെട്ടിരുന്ന വിഗ്രഹങ്ങളെ ഒന്നും ചെയ്തില്ല. പിന്നീട് അവിടം ഇസ്ലാമികാധിപത്യത്തിലാവുകയും തദ്ദേശീയരെല്ലാം സന്മാർഗം സ്വീകരിക്കുകയും ചെയ്തു. അതോടെ അവിടെ വിഗ്രഹങ്ങളെ ആരാധിക്കുന്ന ആരുമില്ലാതായി. പ്രവാചകനെതിരെ അണിനിരന്ന് വിഗ്രഹാരാധനയ്ക്കും ഇതര അനാചാരങ്ങൾക്കുമായി നിലകൊണ്ടിരുന്ന നേതാക്കൾപോലും നബിതിരുമേനിയുടെ ഉറ്റ അനുയായികളായി മാറി. അപ്പോൾ മാത്രമാണ് പ്രവാചകൻ വിശുദ്ധ കഅ്ബയെ വിഗ്രഹങ്ങൾ നീക്കംചെയ്ത് ശുദ്ധീകരിച്ചത്. വിഗ്രഹാരാധനയ്ക്കായി വീറോടെ വാദിക്കുകയും പ്രവാചകനെതിരെ പോർക്കളത്തിൽ പടയോട്ടത്തിന് നേതൃത്വം നൽകുകയും ചെയ്ത അബൂസുഫ്യാനാണ് തന്റെ മനം മാറ്റത്തിനു ശേഷം ‘മനാത’ എന്ന വിഗ്രഹത്തെ തച്ചുടച്ച് കഅ്ബയിൽനിന്ന് നീക്കം ചെയ്തത്. നബിതിരുമേനിക്കെതിരെ നിരവധി തവണ ആയുധമണിഞ്ഞ ഖാലിദുബ്നു വലീദാണ് ‘ഉസ്സാ’ വിഗ്രഹത്തെ തൂത്തെറിഞ്ഞത്. അങ്ങനെ മക്കയിലെ വിഗ്രഹാരാധകരായിരുന്നവർ തന്നെയാണ് ആദർശമാറ്റത്തെ തുടർന്ന് തങ്ങൾ ആരാധിച്ചിരുന്ന വിഗ്രഹങ്ങളെ നീക്കം ചെയ്ത് കഅ്ബയെ പൂർവാവസ്ഥയിലാക്കിയത്. വിഗ്രഹങ്ങൾ ഉണ്ടായിരുന്നപ്പോൾ വിശുദ്ധ കഅ്ബയുടെ താക്കോൽ സൂക്ഷിച്ചിരുന്ന അതേ ഉസ്മാനുബ്നു ത്വൽഹ തന്നെയാണ് അവ എടുത്തു മാറ്റിയശേഷവും അതിന്റെ താക്കോൽ സൂക്ഷിപ്പുകാരനായതെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമത്രെ. തങ്ങളുടെ ആരാധ്യവസ്തുക്കൾ ഉണ്ടായിരുന്നപ്പോൾ കഅ്ബയുടെ സംരക്ഷണത്തിനു നേതൃത്വം നൽകിയവർ തന്നെ അവയൊക്കെ നശിപ്പിക്കപ്പെട്ട ശേഷവും അതേ സംരക്ഷണം തുടരണമെങ്കിൽ അതിനിടയിൽ നടന്ന മനം മാറ്റവും ആദർശവിശ്വാസ പരിവർത്തനവും എത്ര ശക്തവും അഗാധവുമായിരിക്കുമെന്ന് ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. ആദർശവിപ്ലവത്തിലൂടെ മക്കാനിവാസികളുടെ മനസ്സുകളിലെ വിഗ്രഹങ്ങൾ നശിപ്പിച്ച ശേഷം നബിതിരുമേനി അവരെക്കൊണ്ടുതന്നെയാണ് ആരാധകരാരുമില്ലാതായി മാറിയ വിഗ്രഹങ്ങളെ എടുത്തുമാറ്റിയത്.

ഇസ്ലാം ഏകദൈവാരാധന കണിശമായി നിഷ്കർഷിക്കുകയും വിഗ്രഹാരാധനയെ ശക്തമായി വിലക്കുകയും ചെയ്യുന്നു. എന്നാൽ വിഗ്രഹങ്ങ

ളെയോ മറ്റ് ആരാധ്യ വസ്തുക്കളെയോ ആക്ഷേപിക്കാനോ അവഹേളിക്കാനോ നശിപ്പിക്കാനോ അത് ഒരിക്കലും അനുവദിക്കുന്നില്ല.

"ജനം അല്ലാഹുവിനെ കൂടാതെ വിളിച്ചു പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെ നിങ്ങൾ ആക്ഷേപിക്കരുത്"(ഖുർആൻ 6:108). വിശ്വാസ, ആരാധനാകാര്യങ്ങളിൽ ഒരു വിധ സമ്മർദവും ബലപ്രയോഗവും അരുതാത്തതാണ്. ഓരോരുത്തർക്കും ഇഷ്ടമുള്ള വഴി തെരഞ്ഞെടുക്കാം. സത്യവും അസത്യവും ശരിയും തെറ്റും വേർതിരിച്ചു കാണിച്ചുകൊടുക്കേണ്ട ബാധ്യത മാത്രമേ വിശ്വാസികൾക്കുള്ളൂ. "പറയുക: ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം"(ഖുർആൻ 18: 29).

"മതകാര്യത്തിൽ ഒരുവിധ ബലപ്രയോഗവുമില്ല. സന്മാർഗം ദുർമാർഗത്തിൽ നിന്ന് വേർതിരിഞ്ഞ് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. ഇനി ആർ ദൈവേതരശക്തികളെ നിഷേധിച്ച് അല്ലാഹുവിൽ വിശ്വസിക്കുന്നുവോ അവൻ ബലിഷ്ഠമായ ഒരവലംബ പാശത്തിൽ മുറുകെപ്പിടിച്ചിരിക്കുന്നു. അതൊരിക്കലും അറ്റുപോകുന്നതല്ല. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ"(2: 256).

## പതിനെട്ട്

# വേദവും ഗീതയും ദൈവികമോ?

*"ഇന്ത്യയിലെ ഹൈന്ദവവേദങ്ങൾ ദൈവികമാണെന്ന് അംഗീകരിക്കുന്നുണ്ടോ?"*

വിദ്യ, വിജ്ഞാനം എന്നൊക്കെയാണ് വേദമെന്ന പദത്തിന്റെ അർഥം. അധ്യാത്മജ്ഞാനമെന്നാണ് അതിന്റെ വിവക്ഷ. വേദങ്ങൾ അപൗരുഷേയങ്ങളാണെന്ന് വിശ്വസിക്കപ്പെടുന്നു. അത് മനുഷ്യനിർമിതമല്ലെന്നും ദൈവപ്രോക്തമാണെന്നും ചില വേദപണ്ഡിതന്മാർ അവകാശപ്പെടാറുണ്ട്. എന്നാൽ വേദങ്ങൾ സ്വയം അത്തരമൊരവകാശവാദമുന്നയിക്കുന്നില്ല.

ചരിത്രത്തിലെ എല്ലാ ജനസമൂഹങ്ങളിലേക്കും ദൈവദൂതന്മാർ നിയോഗിതരായിട്ടുണ്ടെന്നും ദൈവികസന്ദേശം നൽകപ്പെട്ടിട്ടുണ്ടെന്നും ഇസ്‌ലാം സിദ്ധാന്തിക്കുന്നു. അതിനാൽ വേദങ്ങൾ ആര്യന്മാർക്ക് അവതീർണമായ ദിവ്യസന്ദേശങ്ങളുടെ ഭാഗമാവാനുള്ള സാധ്യത നിരാകരിക്കാനോ നിഷേധിക്കാനോ ന്യായമില്ല. എന്നല്ല, അത്തരമൊരു സാധ്യത തീർച്ചയായുമുണ്ട്. എന്നാൽ ഇന്ന് നിലവിലുള്ള ഋക്ക്, യജുസ്സ്, സാമം, അഥർവം എന്നീ നാലു വേദങ്ങൾ ദൈവികമാണെന്ന് കരുതാവതല്ല. അവ മനുഷ്യ ഇടപെടലുകൾക്ക് നിരന്തരം വിധേയമായതിനാൽ മൗലികത നഷ്ടമാവുകയും അപൗരുഷേയങ്ങളല്ലാതാവുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം വേദവിശ്വാസികൾ തന്നെ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ഡോക്ടർ രാധാകൃഷ്ണൻ എഴുതുന്നു:

"ആര്യന്മാർ അവരുടെ ആദിമ വാസസ്ഥലത്തുനിന്ന് തങ്ങളുടെ ഏറ്റവും വിലപിടിച്ച സമ്പത്തെന്ന നിലയിൽ ഇന്ത്യയിലേക്ക് കൊണ്ടുവന്ന ദിവ്യപ്രചോദനമുൾക്കൊണ്ട ഗാനങ്ങൾ ശേഖരിച്ചു സംരക്ഷിക്കേണ്ടതിന്റെ ആവശ്യം പുതിയ രാജ്യത്ത് ഇതര ദേവന്മാരെ ആരാധിക്കുന്ന വളരെയധികം ജനങ്ങളുമായി അവർക്ക് ഇടപെടേണ്ടിവന്നപ്പോൾ നേരിട്ടതിനാൽ അവ സമാഹരിക്കപ്പെട്ടതായി പൊതുവെ വിശ്വസിച്ചുവരുന്നു...

"വളരെക്കാലത്തോളം അഥർവവേദത്തിന് ഒരു വേദത്തിന്റെ അന്തസ്സ് കൈവന്നിരുന്നില്ല. എങ്കിലും നമ്മുടെ ഇപ്പോഴത്തെ ഉദ്ദേശ്യത്തെ സംബന്ധിച്ചേടത്തോളം ഋഗ്വേദം പോലെത്തന്നെ അഥർവവേദവും സ്വതന്ത്രങ്ങ

ളായ ഉള്ളടക്കങ്ങളുടെ ചരിത്രപരമായ സമാഹാരമാകുന്നു. ചിന്തയുടെ ഒരു പിൽക്കാലയുഗത്തിൽ നിർമിക്കപ്പെട്ട ഈ വേദത്തിൽ വ്യാപിച്ചു നിൽക്കുന്നത് വിഭിന്നമായ ഒരു മനോഭാവമത്രെ. തങ്ങൾ പതുക്കെപ്പതുക്കെ കീഴടക്കിക്കൊണ്ടിരുന്ന രാജ്യത്ത് മുമ്പുണ്ടായിരുന്ന ജനങ്ങൾ ആരാധിച്ചിരുന്ന ദേവന്മാരുടെയും ഭൂതപ്രേതാദികളുടെയും നേർക്ക് വൈദികാര്യന്മാർ കൈക്കൊണ്ട ഒത്തുതീർപ്പ് മനോഭാവത്തിന്റെ ഫലങ്ങളെ അതു കാണിക്കുന്നു"(ഭാരതീയ ദർശനം, മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്. പുറം 44, 45).

വേദങ്ങളിലെ ദൈവസങ്കൽപത്തിൽ പോലും ഗുരുതരമായ മാറ്റം സംഭവിച്ചതായി ഡോ. രാധാകൃഷ്ണൻ വിലയിരുത്തുന്നു.

1017 സൂക്തങ്ങളും 10472 ഋക്കുകളും 8 അഷ്ടകങ്ങളും 10 മണ്ഡലങ്ങളുമുള്ള ഋഗ്വേദത്തിലെ പത്താം മണ്ഡലത്തെക്കുറിച്ച് രാധാകൃഷ്ണൻ പറയുന്നു: "പത്താം മണ്ഡലം പിൽക്കാലത്ത് കൂട്ടിച്ചേർത്തതാണെന്ന് തോന്നുന്നു. വേദസൂക്തങ്ങളുടെ വികാസത്തിന്റെ അവസാനഘട്ടത്തിൽ പ്രചാരത്തിലിരുന്ന വീക്ഷണങ്ങളാണ് അതിലടങ്ങിയത് എന്ന കാര്യത്തിൽ സംശയമില്ല. ആദ്യകാലത്തെ ഭക്തിനിർഭരമായ കവിതയുടെ ജന്മസിദ്ധമായ വർണം ഇതിൽ ദാർശനികചിന്തയുടെ വിളർപ്പ് കലർന്ന് രോഗബാധിതമായപോലെ കാണപ്പെടുന്നു. സൃഷ്ടിയുടെ ഉത്ഭവം മുതലായ വിഷയങ്ങളെക്കുറിച്ചുള്ള ഊഹാപോഹപ്രധാനങ്ങളായ സൂക്തങ്ങൾ ഇതിൽ കാണാം. ഈ അമൂർത്തങ്ങളായ സിദ്ധാന്തചർച്ചകളോടൊപ്പം അഥർവവേദകാലത്തിലേക്കു ചേർന്ന അന്ധവിശ്വാസപരങ്ങളായ ആകർഷണോച്ചാടന മന്ത്രങ്ങളും ഇതിൽ കാണാനുണ്ട്. ഭാവപ്രധാനങ്ങളായ സൂക്തങ്ങളിൽ സ്വയം അനാവരണം ചെയ്ത മനസ്സിന്റെ പ്രായമെത്തലിനെ സൂചിപ്പിക്കുന്നവയാണ് ഊഹാപോഹങ്ങളായ സൂക്തങ്ങളെങ്കിൽ, അന്ധവിശ്വാസപരമായ സൂക്തങ്ങൾ കാണിക്കുന്നത്, അപ്പോഴേക്ക് ഇന്ത്യയിലെ ആദിമനിവാസികളുടെ സിദ്ധാന്തങ്ങളും ആചാരങ്ങളുമായി വൈദികാര്യന്മാർ പരിചയപ്പെട്ടുകഴിഞ്ഞിരുന്നു എന്നാണ്. പത്താം മണ്ഡലം പിൽക്കാലത്തുണ്ടായതാണ് എന്നതിന് ഇവ സാക്ഷ്യം വഹിക്കുന്നു''(Ibid ***പുറം*** 47).

ഋഗ്വേദത്തിൽപോലും ഒരു ദൈവികഗ്രന്ഥത്തിന് ഒട്ടും യോജിക്കാത്ത വിധമുള്ള ജാതീയത കടന്നുകൂടിയതായി കാണാം:

"ബ്രാഹ്മണോസ്യ മുഖമാസീദ്
ബാഹൂ രാജന്യഃ കൃതഃ
ഊരു തദസ്യ യദ്വൈശ്യഃ
പദ്ഭ്യാം ശൂദ്രോ അജായത" (ഋഗ്വേദം 10: 90: 12)

(ആ പ്രജാപതിക്ക് ബ്രഹ്മണൻ മുഖമായി, മുഖത്തിൽ നിന്നുൽപന്നമായി. ക്ഷത്രിയൻ ബാഹുക്കളിൽ നിന്നുളവായി. ഊരുക്കളിൽനിന്ന് വൈശ്യനുണ്ടായി. അവിടത്തെ പാദങ്ങളിൽനിന്ന് ശൂദ്രൻ ജനിച്ചു.)

ഋഗ്വേദത്തിന്റെ രണ്ടാം ഭാഗത്തിന്റെ അവതാരികയിൽ, വേദങ്ങളിലെ മുഴുവൻ ഭാഗവും ഇന്ന് ലഭ്യമല്ലെന്നും അവയിൽ പലതും കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ടെന്നും അവ്യക്തവും ദുരൂഹവുമായ പലതും അവയിലുണ്ടെന്നും

എൻ.വി. കൃഷ്ണവാരിയർ വ്യക്തമാക്കുന്നു.

"വേദങ്ങൾ പ്രമാദമുക്തങ്ങളോ എല്ലാം ഉൾക്കൊള്ളുന്നതോ അല്ലെ"ന്ന് ഡോ. എസ്. രാധാകൃഷ്ണൻ തന്റെ Indian Religions (പേജ് 22)ലും തെളിയിച്ചു പറഞ്ഞിട്ടുണ്ട്. നരേന്ദ്രഭൂഷൺ എഴുതുന്നു: "ക്രമേണ പാഠാന്തരങ്ങളും ശാഖകളും നിലവിൽവരികയും ലോപിക്കുകയും ചെയ്തു. ചിലർ ബ്രാഹ്മണങ്ങളെയും വേദങ്ങളിൽ ഉൾപ്പെടുത്തി. ഇങ്ങനെ സംഹിതയും ബ്രാഹ്മണവുമെല്ലാം കൂടിക്കുഴഞ്ഞപ്പോൾ വ്യാസൻ അവയെ പുനർനിർണയം ചെയ്തിരിക്കാം. അങ്ങനെയാവാം വ്യാസൻ വേദം പകുത്തെന്ന കഥ നിലവിൽവന്നത്... ഇവയിൽനിന്ന് നമുക്ക് അനുമാനിക്കാവുന്നത് സംഹിതകളും ബ്രാഹ്മണങ്ങളും കൂടിക്കുഴഞ്ഞ് അസ്സൽ വേദമേത്, പ്രവചനമേത്, ശാഖയേത് എന്ന് തിരിച്ചറിയാനാവാതെ വന്ന ഒരു കാലഘട്ടമുണ്ടായിരുന്നുവെന്നാണ്"(വൈദിക സാഹിത്യ ചരിത്രം, പുറം 51, 53).

സത്യവ്രത പട്ടേലിന്റെ ഭാഷയിൽ, "ഹിന്ദുമതത്തിന്റെ ആദ്യ സ്രോതസ്സ് വേദമാണ്. മുഴുവിഭാഗങ്ങളും അതിനോട് കൂറുപുലർത്തുകയും അതിന്റെ മൗലികത അംഗീകരിക്കുകയും ചെയ്യുന്നു. ചില വേദസൂക്തങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. എങ്കിലും ഇപ്പോൾ നിലവിലുള്ളവതന്നെ ധാരാളമാണ്" (Hinduism Religion and Way of Life. Page 5).

ഋഗ്വേദം പത്താം മണ്ഡലത്തിലെ പത്താം സൂക്തത്തിൽ സ്വന്തം സഹോദരനെ ലൈംഗികവേഴ്ചക്കു ക്ഷണിക്കുന്ന സഹോദരിയുടെ ഭാഷയും ശൈലിയും ഒരു ദൈവിക ഗ്രന്ഥത്തിന് ഒട്ടും അനുയോജ്യമല്ല. അപ്രകാരംതന്നെ സൂര്യഗ്രഹണത്തെയും ചന്ദ്രഗ്രഹണത്തെയും സംബന്ധിച്ച ഋഗ്വേദത്തിലെയും അഥർവവേദത്തിലെയും പ്രസ്താവങ്ങൾ അബദ്ധജടിലങ്ങളും അന്ധവിശ്വാസാധിഷ്ഠിതങ്ങളുമത്രെ. അതിനാൽ വേദങ്ങളിൽ നീക്കംചെയ്യേണ്ട പലതുമുണ്ടെന്ന് പ്രമുഖ ഹൈന്ദവ പണ്ഡിതന്മാർ തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഗുരു നിത്യചൈതന്യയതി എഴുതുന്നു: "വേദങ്ങൾ ഏറ്റവും നികൃഷ്ടമായിട്ടുള്ള ഹിംസക്ക് അനുമതി നൽകുന്നുവെന്ന് മാത്രമല്ല, അവയെല്ലാം ചെയ്യേണ്ടതുതന്നെയാണെന്ന് വിവരിക്കുന്ന ഒട്ടേറെ മന്ത്രങ്ങളുണ്ട്. നിഷ്പക്ഷമതികളായിട്ടുള്ള ആർക്കും അത് കണ്ടില്ലെന്ന് ഭാവിക്കാൻ കഴിയുന്നതല്ല. ഹിന്ദുക്കളുടെ ഏറ്റവും ഉൽകൃഷ്ടമായ ശ്രുതി വേദമാണെന്ന് പറയുന്ന അതേ നാവുകൊണ്ട് അതിൽ ഏറ്റവും ഹീനമായ മന്ത്രങ്ങളുണ്ടെന്നു കൂടി പറയേണ്ടിവരുന്നത് ഏതൊരു പണ്ഡിതന്നും ദുഃഖകരമായ അനുഭവം തന്നെയാണ്. എന്നാൽ, ചില പണ്ഡിതന്മാർ ചരിത്രസത്യങ്ങളോട് നീതികാണിക്കാതെ, വേദങ്ങളിലെ നീക്കംചെയ്യപ്പെടേണ്ടതായ ഈ മന്ത്രങ്ങളെ സാധൂകരിക്കാനും ന്യായീകരിക്കാനും ശ്രമിക്കുന്നത് ഒരിക്കലും ക്ഷന്തവ്യമാണെന്ന് പറയാവതല്ല."(ഗുരുകുലം മാസിക. ഉദ്ധരണം, ഭാരതീയ നവോത്ഥാനത്തിന്റെ രൂപരേഖ, പേജ് 212)

ചുരുക്കത്തിൽ, നിലവിലുള്ള വേദങ്ങൾ ദൈവികങ്ങളോ അപൗരുഷേയങ്ങളോ ആണെന്ന് വേദവിശ്വാസികൾ പോലും അവകാശപ്പെടുകയില്ല. അവയിൽ പലതും കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്, കൃത്രിമങ്ങൾക്കിരയായിട്ടുണ്ട്, പലതും നഷ്ടപ്പെട്ടിട്ടുമുണ്ട്. എന്നാൽ ഇതിലൊട്ടും അത്ഭുതമില്ല. വേദങ്ങ

ളുടെ ചരിത്രം ആർക്കുമറിയില്ലല്ലോ. അതിന്റെ കാലത്തെക്കുറിച്ചുപോലും ഗുരുതരമായ അഭിപ്രായവ്യത്യാസമാണുള്ളത്. ക്രിസ്തുവിനു മുമ്പ് 6000 വർഷമാണെന്നും 4500 ആണെന്നും 3000 ആണെന്നും 1500 ആണെന്നു മൊക്കെ വാദിക്കുന്നവരുണ്ട്. ഇതേക്കുറിച്ച് ഖണ്ഡിതമായി ആരും ഒന്നും പറയുന്നില്ല. ആര്യന്മാർ ഇന്ത്യയിലെത്തിയ ശേഷമാണ് അവ ക്രോഡീക രിച്ചതെന്ന കാര്യത്തിൽ പക്ഷാന്തരമില്ല. വേദാവതരണത്തിനും ക്രോഡീ കരണത്തിനുമിടയിലെ സുദീർഘമായ കാലവ്യത്യാസം അവയിലെ ഗുരു തരമായ മാറ്റങ്ങൾക്കും കൃത്രിമങ്ങൾക്കും കാരണമാവുക സ്വാഭാവികമത്രെ. ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "ആര്യന്മാർ കൂടെ കൊണ്ടുവന്ന ചില ധാരണകളും വിശ്വാസങ്ങളും അവർ ഇന്ത്യയുടെ മണ്ണിൽ തുടർന്ന് വിക സിപ്പിച്ചു. ഈ സൂക്തങ്ങൾ നിർമിച്ചതിനു ശേഷം വളരെ നീണ്ട ഇടക്കാലം കഴിഞ്ഞായിരുന്നു അവ സമാഹരിക്കപ്പെട്ടത്"(ഭാരതീയ ദർശനം, പുറം 46).

വേദങ്ങൾ പ്രകാശിതമായ പ്രാക്തന വൈദികഭാഷ തന്നെ ഇന്നി ല്ലെന്നും നിലവിലുള്ള സംസ്കൃതം അതിന്റെ രൂപാന്തരമാണെന്നും വേദ കാലത്തിനുശേഷം വളരെക്കഴിഞ്ഞാണ് അതുണ്ടായതെന്നും നരേന്ദ്രഭൂ ഷൺ ഉൾപ്പെടെയുള്ള പണ്ഡിതന്മാർ വ്യക്തമാക്കുന്നു (വൈദിക സാഹിത്യ ചരിത്രം, പുറം 27, 39).

ഇത്തരത്തിലുള്ള എല്ലാ മനുഷ്യ ഇടപെടലുകളിൽനിന്നും കൂട്ടിച്ചേർക്ക ലുകളിൽനിന്നും വെട്ടിച്ചുരുക്കലുകളിൽനിന്നും കൂട്ടിക്കലർത്തലുകളിൽ നിന്നും തീർത്തും മോചിതമായ, അവതരണം തൊട്ടിതേവരെയുള്ള ചരിത്രം മനുഷ്യരാശിയുടെ മുമ്പിൽ തെളിഞ്ഞുനിൽക്കുന്ന ഗ്രന്ഥം ഖുർആൻ മാത്ര മായതിനാലാണ് അതിനെ നിലവിലുള്ള ഏക ദൈവികഗ്രന്ഥമെന്ന് പറ യുന്നത്. അത് പൂർവിക ദൈവിക ഗ്രന്ഥങ്ങളെയെല്ലാം സത്യപ്പെടുത്തു കയും ചെയ്യുന്നു.

*"ഭഗവത്ഗീതയും ദൈവികമല്ലെന്നാണോ താങ്കളുടെ അഭിപ്രായം?"*

നിലവിലുള്ള വേദങ്ങൾ മനുഷ്യ ഇടപെടലുകൾക്ക് വിധേയമായിട്ടു ണ്ടെന്ന് ഡോ. രാധാകൃഷ്ണൻ, എൻ.വി. കൃഷ്ണവാരിയർ, നരേന്ദ്രഭൂഷൺ, സത്യവ്രത പട്ടേൽ പോലുള്ള വേദപണ്ഡിതന്മാർ അസന്ദിഗ്ധമായി വ്യക്ത മാക്കിയതാണ്.

മഹാഭാരതത്തിൽ കുരുക്ഷേത്രയുദ്ധഭൂമിയിൽ കൗരവരോട് യുദ്ധം ചെയ്യാൻ പാണ്ഡവന്മാർ ചെന്നപ്പോൾ പാണ്ഡവവീരനായ അർജുനന് ബന്ധുജനങ്ങളെ കൊല്ലാൻ വലിയ ദുഃഖം തോന്നി. അർജുനന്റെ തേരാളി യായ കൃഷ്ണൻ അർജുനന്റെ അസ്ഥാനത്തുള്ള ആ ഹൃദയദൗർബല്യം മാറ്റാൻ പറഞ്ഞുകൊടുത്ത തത്വോപദേശമാണ് ഗീതയെന്ന് വിശ്വസിക്ക പ്പെടുന്നു. വ്യാസമഹർഷിയാണ് ഗീതയുൾപ്പെടെയുള്ള മഹാഭാരതം നിർമി ച്ചത്.

ശ്രീകൃഷ്ണൻ ഭഗവാന്റെ അവതാരമാണെന്നും അതിനാൽ ഗീത ഭഗ വദ്ഗീതയാണെന്നും പ്രചരിപ്പിക്കപ്പെടുന്നു. എന്നാൽ ഭഗവാൻ ഒരിക്കലും മനുഷ്യരൂപത്തിൽ അവതരിക്കില്ലെന്നും അവതരിച്ചിട്ടില്ലെന്നുമാണ് പ്രമു ഖരായ ഹൈന്ദവ പണ്ഡിതന്മാരും പരിഷ്കർത്താക്കളും വ്യക്തമാക്കുന്നത്.

സ്വാമി ദയാനന്ദ സരസ്വതി ഇക്കാര്യം ചോദ്യോത്തരരൂപത്തിൽ ഇങ്ങനെ അവതരിപ്പിക്കുന്നു:

"പ്രശ്നം: ഈശ്വരൻ അവതാരം സ്വീകരിക്കുന്നുണ്ടോ?

ഉത്തരം: ഇല്ല. എന്തെന്നാൽ 'അജ ഏക പാത്' (35-53), 'സപര്യ്യഗാ തുക്രമകായം' (40-8) എന്നു തുടങ്ങിയ യജുർവേദ വചനങ്ങളിൽനിന്ന് പരമേശ്വരൻ ജന്മം കൊള്ളുന്നില്ലെന്ന് മനസ്സിലാകുന്നുണ്ട്.

പ്രശ്നം:

യദാ യദാ ഹി ധർമസ്യ
ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാന മധർമസ്യ
തദാത്മാനം സൃജാമ്യഹം (ഭഗവത് ഗീത അ: 4 ശ്ലോകം 7)

ധർമത്തിന് ലോപം വരുമ്പോഴെല്ലാം ഞാൻ ശരീരം ധരിക്കുന്നു എന്ന് ശ്രീകൃഷ്ണൻ പറയുന്നുണ്ടല്ലോ?

ഉത്തരം: വേദവിരുദ്ധമായതുകൊണ്ട് ഇത് പ്രമാണമാകുന്നില്ല. ധർമാത്മാവും ധർമത്തെ രക്ഷിക്കാൻ ഇഛിക്കുന്നവനുമായ ശ്രീകൃഷ്ണൻ 'ഞാൻ യുഗം തോറും ജന്മം കൈക്കൊണ്ടു ശിഷ്ട ജനങ്ങളെ പരിപാലിക്കുകയും ദുഷ്ടന്മാരെ സംഹരിക്കുകയും ചെയ്യും' എന്നിങ്ങനെ ആഗ്രഹിച്ചിട്ടുണ്ടായിരിക്കാം. അങ്ങനെ ചെയ്യുന്നതിൽ ദോഷമൊന്നുമില്ല. എന്തെന്നാൽ 'പരോപകാരായ സതാം വിഭൂതയഃ' -സജ്ജനങ്ങളുടെ ശരീരം, മനസ്സ്, ധനം എന്നിവയെല്ലാം പരോപകാരത്തിനായിട്ടുള്ളതാണല്ലോ. എന്നാലും ശ്രീകൃഷ്ണൻ ഇതുകൊണ്ട് ഈശ്വരനാണെന്ന് വരുവാൻ തരമില്ല"(സത്യാർഥ പ്രകാശം, പുറം 304, 305).

ഈശ്വരന് അവതാരമുണ്ടാവില്ലെന്ന് ശ്രീവാഗ്ഭടാനന്ദ ഗുരുവും അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട് (വാഗ്ഭടാനന്ദന്റെ സമ്പൂർണ കൃതികൾ, പുറം 357-359, 751, 752. മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്).

ഗീതതന്നെ അവതാര സങ്കൽപത്തെ നിരാകരിക്കുന്നു:

അവജാനന്തി മാം മൂഢാ
മാനുഷീം തനു മാ ശ്രിതം
പരം ഭാവമജാനന്തോ
മമ ഭൂത മഹേശ്വരം
മോഘാശാ മോഘ കർമ്മാണോ
മോഘജ്ഞാനാ വിചേതസഃ
രാക്ഷസി മാസുരി ചൈവ
പ്രകൃതീം മോഹിനീം ശ്രീതാഃ

(ഭൂതങ്ങളുടെ മഹേശ്വരനെന്ന പരമമായ എന്റെ ഭാവത്തെ അറിയാത്ത മൂഢന്മാർ എന്നെ മാനുഷികമായ ശരീരത്തെ ആശ്രയിച്ചവനായി തെറ്റായി മനസ്സിലാക്കുന്നു. അങ്ങനെ എന്നെ ധരിക്കുന്നവരുടെ ആശകളും അവർ ചെയ്യുന്ന കർമങ്ങളും അവർക്കുള്ള ജ്ഞാനവും നിഷ്ഫലങ്ങളാണ്. അവർ അവിവേകികളും മനസ്സിനെ മോഹിപ്പിക്കുന്ന രാക്ഷസ പ്രകൃതിയെയും

അസുര പ്രകൃതിയെയും ആശ്രയിച്ചുള്ളവരാകുന്നു." അധ്യായം 9, രാജ വിദ്യാ രാജഗുഹ്യയോഗം, ശ്ലോകം 11, 12).

ഗീതയിലെ ഇത്തരം സൂക്തങ്ങൾ ദിവ്യവചനങ്ങളാവാനുള്ള സാധ്യത നിഷേധിക്കാനാവില്ല. എന്നാൽ ശ്രീകൃഷ്ണൻ ഭഗവാനായിരുന്നുവെന്ന സങ്കൽപം തീർത്തും തെറ്റാണ്. ഗീതയുടെ തന്നെ ഉപര്യുക്ത പ്രസ്താവ ത്തിന് കടകവിരുദ്ധവുമാണ്. ശ്രീകൃഷ്ണൻ ദൈവദൂതനാവാനുള്ള സാധ്യ തയാണ് ഏറെയുള്ളത്. എന്നാൽ അദ്ദേഹത്തിന്റെ വ്യക്തവും സത്യസന്ധ വുമായ ചരിത്രം ലഭ്യമല്ലാത്തതിനാൽ ഇക്കാര്യത്തിൽ ഖണ്ഡിതമായൊരു നിഗമനത്തിലെത്തുക സാധ്യമല്ല.

ഗീതയുടെ വ്യക്തവും ഖണ്ഡിതവുമായ ചരിത്രം ലഭ്യമല്ല. അത് മഹാ ഭാരതയുദ്ധത്തോടനുബന്ധിച്ചാണോ രചിക്കപ്പെട്ടതെന്ന കാര്യത്തിൽ പോ ലും വീക്ഷണ വ്യത്യാസമുണ്ട്. ഗീതയുടെ കാലവും വിവാദവിധേയമാണ്. ക്രിസ്തുവിനു മുമ്പ് അഞ്ചാം നൂറ്റാണ്ടിലാണെന്നും നാലാം നൂറ്റാണ്ടിലാ ണെന്നും മൂന്നാം നൂറ്റാണ്ടിലാണെന്നും ക്രിസ്തുവിനു ശേഷം രണ്ടാം നൂറ്റാ ണ്ടിലാണെന്നും നാലാം നൂറ്റാണ്ടിലാണെന്നുമെല്ലാം അഭിപ്രായാന്തരമുണ്ട്. ഈ അവ്യക്തതയെക്കുറിച്ച് ഡോ. രാധാകൃഷ്ണൻ എഴുതുന്നു: "ഭഗവ ദ്ഗീത മഹാഭാരതത്തിന്റെ യഥാർഥ ഭാഗമാണെന്ന് നാം സ്വീകരിച്ചാൽ തന്നെയും അതിൽ പല കാലഘട്ടങ്ങളിലെയും കൃതികൾ ഉൾക്കൊള്ളി ച്ചിട്ടുള്ളതുകൊണ്ട് നമുക്ക് ഗീതയുടെ കാലത്തെപ്പറ്റി ഉറപ്പ് പറയാനാവില്ല." (ഭാരതീയ ദർശനം, ഭാഗം 1, പുറം 481).

ഗീതാകർത്താവ് തന്റെ കാലത്തെ വിവിധ ചിന്താധാരകളെ സമന്വയി പ്പിക്കുകയും സമാഹരിക്കുകയുമാണുണ്ടായതെന്ന് ഡോ. രാധാകൃഷ്ണൻ തുടർന്നു പറയുന്നു.

ഏതായാലും ഗീത ദൈവികമാണെന്ന് അദ്ദേഹത്തിന് അഭിപ്രായമില്ല. "ദർശനം, മതം, സദാചാരങ്ങൾ എന്നിവയുടെ ഉപദേശങ്ങളടങ്ങുന്ന ഗ്രന്ഥ മാണത്. അതിനെ ശ്രുതിയെന്നോ അഥവാ ഈശ്വരീയമായ അരുളപ്പാ ടെന്നോ കരുതുന്നില്ല. സ്മൃതിയെന്ന് പറയാവുന്നതാണ്"(Ibid പുറം 477).

ചുരുക്കത്തിൽ ഗീതയിൽ ദൈവിക സന്ദേശങ്ങളുടെ അംശങ്ങളും ആശ യങ്ങളും ഉണ്ടാവാമെങ്കിലും അതൊരു ദൈവിക ഗ്രന്ഥമല്ല. ഒരു ദൈവിക ഗ്രന്ഥമാണെന്ന് ഗീത സ്വയം അവകാശപ്പെടുന്നില്ലെന്നതും ശ്രദ്ധേയമത്രെ.

## പത്തൊമ്പത്

# ഖുർആൻ ബൈബിളിന്റെ അനുകരണമോ?

*“മുഹമ്മദ് തന്റെ കാലത്തെ യഹൂദ-ക്രൈസ്തവ പണ്ഡിതന്മാരുമായി ബന്ധപ്പെട്ട് പഠിച്ച കാര്യങ്ങൾ സ്വന്തം ഭാഷയിലും ശൈലിയിലും അവതരിപ്പിക്കുകയാണുണ്ടായത്. പൂർവസമൂഹങ്ങളെ സംബന്ധിച്ച ഖുർആന്റെയും ബൈബിളിന്റെയും വിവരണം ഒരേ വിധമാവാൻ കാരണം അതാണ്'- ഒന്നിലേറെ ഇംഗ്ലീഷ് പുസ്തകങ്ങളിൽ ഈ വിധമുള്ള പരാമർശം വായിക്കാനിടയായി. ഇതിനെക്കുറിച്ച് എന്തു പറയുന്നു?”*

ഇസ്ലാമിനോട് കൊടിയ ശത്രുത വച്ചുപുലർത്തുന്ന പാശ്ചാത്യൻ എഴുത്തുകാർ വ്യാപകമായി പ്രചരിപ്പിച്ച തീർത്തും വ്യാജമായ ആരോപണമാണിത്. ഈ ആരോപണത്തിന് സത്യവുമായി വിദൂരബന്ധം പോലുമില്ലെന്ന് ഖുർആനും ബൈബിളും ഒരാവൃത്തി വായിക്കുന്ന ഏവർക്കും വളരെ വേഗം ബോധ്യമാകും.

മാനവരാശിക്ക് ദൈവിക ജീവിതവ്യവസ്ഥ സമർപ്പിക്കാൻ നിയുക്തരായ സന്ദേശവാഹകരാണ് പ്രവാചകന്മാർ. അതിനാൽ അവരിലൂടെ സമർപിതമായ ദൈവികസന്മാർഗത്തിൽ ഏകത ദൃശ്യമാവുക സ്വാഭാവികമത്രെ. ദൈവദൂതന്മാരുടെ അധ്യാപനങ്ങളിൽനിന്ന് അനുയായികൾ വ്യതിചലിച്ചില്ലായിരുന്നുവെങ്കിൽ മതങ്ങൾക്കിടയിൽ വൈവിധ്യമോ വൈരുധ്യമോ ഉണ്ടാവുമായിരുന്നില്ല. എന്നല്ല; ദൈവദൂതന്മാരുടെ അടിക്കടിയുള്ള നിയോഗം സംഭവിച്ചതുതന്നെ മുൻഗാമികളുടെ മാർഗത്തിൽനിന്ന് അവരുടെ അനുയായികൾ വ്യതിചലിച്ചതിനാലാണ്.

മുഹമ്മദ് നബി നിയോഗിതനായ കാലത്ത് മോശയുടെയോ യേശുവിന്റെയോ സന്ദേശങ്ങളും അധ്യാപനങ്ങളും തനതായ സ്വഭാവത്തിൽ നിലവിലുണ്ടായിരുന്നില്ല. ജൂത-ക്രൈസ്തവ സമൂഹങ്ങൾ അവയിൽ ഗുരുതരമായ കൃത്രിമങ്ങളും വെട്ടിച്ചുരുക്കലുകളും കൂട്ടിച്ചേർക്കലുകളും നടത്തിയിരുന്നു. അതിനാൽ ആ പ്രവാചകന്മാർ പ്രബോധനംചെയ്ത കാര്യങ്ങളിൽ ചെറിയ ഒരംശം മാത്രമാണ് ബൈബിളിലുണ്ടായിരുന്നത്. അവയുമായി മുഹമ്മദ് നബിയിലൂടെ അവതീർണമായ വിവരണങ്ങൾ ഒത്തുവരിക സ്വാഭാവികമാണ്. അങ്ങനെ സംഭവിച്ചിട്ടുമുണ്ട്. ബൈബിളിലും ഖുർആനിലും കാണപ്പെടുന്ന സാദൃശ്യം അതത്രെ.

മതത്തിന്റെ അടിസ്ഥാന സിദ്ധാന്തമായ ദൈവവിശ്വാസത്തിൽതന്നെ ജൂത-ക്രൈസ്തവ വീക്ഷണവും മുഹമ്മദ് നബിയുടെ പ്രബോധനവും തമ്മിൽ പ്രകടമായ അന്തരവും വൈരുധ്യവും കാണാം. മുഹമ്മദ് നബി കണിശമായ ഏകദൈവസിദ്ധാന്തമാണ് സമൂഹസമക്ഷം സമർപ്പിച്ചത്. എന്നാൽ ജൂത-ക്രൈസ്തവ സമൂഹങ്ങൾ ഇന്നത്തെപ്പോലെ അന്നും വികലമായ ദൈവവിശ്വാസമാണ് വെച്ചുപുലർത്തിയിരുന്നത്. നബിതിരുമേനി ഇത് അംഗീകരിച്ച് അനുകരിച്ചില്ലെന്ന് മാത്രമല്ല, അദ്ദേഹത്തിലൂടെ അവതീർണമായ ഖുർആൻ അതിനെ നിശിതമായി എതിർക്കുക കൂടി ചെയ്തു. "യഹൂദന്മാർ പറയുന്നു: 'ഉസൈർ ദൈവപുത്രനാകുന്നു.' ക്രൈസ്തവർ പറയുന്നു: 'മിശിഹാ ദൈവപുത്രനാകുന്നു'. ഇതെല്ലാം അവർ വായകൊണ്ട് പറയുന്ന നിരർഥകമായ ജൽപനങ്ങളത്രെ. അവർ, തങ്ങൾക്കുമുമ്പ് സത്യനിഷേധത്തിലകപ്പെട്ടവരുടെ വാദത്തോട് സാദൃശ്യംവഹിക്കുന്നു" (9:30).

"അല്ലാഹു പുത്രന്മാരെ സ്വീകരിച്ചിരിക്കുന്നുവെന്ന് വാദിക്കുന്നവരെ താക്കീത് ചെയ്യാനുമാണ് ഈ ഗ്രന്ഥം അവതീർണമായത്. അവർക്ക് ഇക്കാര്യത്തെക്കുറിച്ച് യാതൊരറിവുമില്ല. അവരുടെ പൂർവികർക്കും ഉണ്ടായിരുന്നില്ല. അവരുടെ വായകളിൽനിന്ന് വമിക്കുന്നത് ഗുരുതരമായ വാക്കുതന്നെ. വെറും കള്ളമാണവർ പറയുന്നത്"(18: 4, 5).

"അല്ലാഹു മൂവരിൽ ഒരുവനാകുന്നു എന്നു വാദിച്ചവർ തീർച്ചയായും സത്യനിഷേധികളായിരിക്കുന്നു. ഏകദൈവമല്ലാതെ വേറെ ദൈവമേയില്ല. അവർ തങ്ങളുടെ ഇത്തരം വാദങ്ങളിൽനിന്ന് വിരമിച്ചില്ലെങ്കിൽ അവരിലെ നിഷേധികളെ വേദനാനിരതമായ ശിക്ഷ ബാധിക്കുകതന്നെ ചെയ്യും. ഇനിയും അവർ പശ്ചാത്തപിക്കുകയും ദൈവത്തോട് മാപ്പപേക്ഷിക്കുകയും ചെയ്യുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും മാപ്പ് നൽകുന്നവനുമല്ലോ"( 5: 73, 74).

ഇന്നത്തെ ജൂത-ക്രൈസ്തവ സമൂഹത്തെപ്പോലെ അന്നത്തെ യഹൂദരും ക്രൈസ്തവരും യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കുന്നവരായിരുന്നു. എന്നാൽ ഖുർആൻ ഇതിനെ ശക്തമായി നിഷേധിക്കുന്നു. "യഹൂദർ പറഞ്ഞു: 'മസീഹ് ഈസബ്നു മർയമിനെ- ദൈവദൂതനെ- ഞങ്ങൾ കൊന്നുകളഞ്ഞിരിക്കുന്നു.' സത്യത്തിലോ, അവരദ്ദേഹത്തെ വധിച്ചിട്ടില്ല, ക്രൂശിച്ചിട്ടുമില്ല. പിന്നെയോ, സംഭവം അവർക്ക് അവ്യക്തമാവുകയാണുണ്ടായത്. അദ്ദേഹത്തെ സംബന്ധിച്ച് ഭിന്നാഭിപ്രായമുള്ളവരും സംശയഗ്രസ്തർ തന്നെ. അവർക്ക് അതിനെക്കുറിച്ചൊരറിവുമില്ല; ഊഹത്തെ പിൻപറ്റുന്നതല്ലാതെ. അവരദ്ദേഹത്തെ ഉറപ്പായും കൊന്നിട്ടില്ല"(4: 157).

ദൈവത്തെയും ദൈവദൂതന്മാരെയും സംബന്ധിച്ച് അബദ്ധജടിലമായ അനേകം പ്രസ്താവനകൾ ബൈബിളിലുണ്ട്. അവയൊന്നും ഖുർആനിലില്ലെന്നു മാത്രമല്ല; അവയുടെ സത്യസന്ധവും കൃത്യവും വസ്തുനിഷ്ഠവുമായ വിവരണം നൽകുന്നുമുണ്ട്. ഉദാഹരണത്തിന് ചിലതു മാത്രമിവിടെ പറയാം:

"വെയിലാറിയപ്പോൾ തോട്ടത്തിലൂടെ കർത്താവായ ദൈവം നടക്കുന്ന ശബ്ദം അവർ കേട്ടു. ദൈവസന്നിധിയിൽ നിന്നകന്ന് മനുഷ്യനും ഭാര്യയും

തോട്ടത്തിലെ വൃക്ഷങ്ങൾക്കിടയിൽ പോയി ഒളിച്ചു" (ഉൽപത്തി 3:8,9).

"അനന്തരം കർത്താവായ ദൈവം അരുൾചെയ്തു: നോക്കുക, മനുഷ്യൻ നന്മതിന്മകൾ അറിഞ്ഞ് നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു. ഇനി ഇപ്പോൾ അവർ കൈനീട്ടി ജീവവൃക്ഷത്തിന്റെ കനികൂടി പറിച്ച് തിന്ന് എന്നെന്നും ജീവിക്കാൻ ഇടവരരുത്"(ഉൽപത്തി 3:22).

ഇസ്‌ലാമിലെ ദൈവസങ്കൽപത്തിനും വിശ്വാസത്തിനും കടകവിരുദ്ധമാണ് ഈ പ്രസ്താവങ്ങൾ. ദൈവദൂതന്മാരെ സംബന്ധിച്ച് ബൈബിളിലുള്ള പലതും അവിശ്വസനീയങ്ങളാണെന്നു മാത്രമല്ല; അവരെ അത്യന്തം അവഹേളിക്കുന്നവയും  കൊടുംകുറ്റവാളികളായി ചിത്രീകരിക്കുന്നവയുമാണ്. നോഹയെക്കുറിച്ച് പറയുന്നു: "നോഹ് വീഞ്ഞ് കുടിച്ച് ലഹരി ബാധിച്ച് നഗ്നനായി കൂടാരത്തിൽ കിടന്നു. പിതാവിന്റെ നഗ്നത കണ്ടിട്ട് കാനാനിന്റെ പിതാവായ ഹാം വെളിയിൽ ചെന്ന് മറ്റു രണ്ട് സഹോദരന്മാരോട് വിവരം പറഞ്ഞു. ശേമും യാഫെതും കൂടി ഒരു വസ്ത്രം എടുത്ത് ഇരുവരുടെയും തോളുകളിലായി ഇട്ട്, പിറകോട്ട് നടന്നുചെന്ന് പിതാവിന്റെ നഗ്നത മറച്ചു. മുഖം തിരിച്ചു നടന്നതിനാൽ അവർ പിതാവിന്റെ നഗ്നത കണ്ടില്ല. മദ്യലഹരി വിട്ടുണർന്ന് തന്റെ ഇളയ പുത്രന്റെ പ്രവൃത്തിയെക്കുറിച്ച് അറിഞ്ഞപ്പോൾ നോഹ് പറഞ്ഞു: കാനാൻ ശപിക്കപ്പെട്ടവൻ. അയാൾ സ്വന്തം സഹോദരന്മാർക്ക് അടിമകളിൽ അടിമയായിരിക്കും. കർത്താവ് ശേമിനെ അനുഗ്രഹിക്കട്ടെ"(ഉൽപത്തി 9: 21-26).

മദ്യപിച്ച് ലഹരിക്കടിപ്പെട്ട് നഗ്നനാവുകയും ഒരു കുറ്റവുമില്ലാതെ പേരക്കുട്ടിയെ ശപിക്കുകയും ചെയ്ത നോഹ് ഖുർആൻ പരിചയപ്പെടുത്തുന്ന പരമപരിശുദ്ധനായ നൂഹ് നബിയിൽനിന്നെത്രയോ വ്യത്യസ്തനത്രെ.

പ്രവാചകനായ അബ്രഹാമിനെപ്പറ്റി ബൈബിൾ പറയുന്നു: "ക്ഷാമം രൂക്ഷമായതിനാൽ അബ്രാം പ്രവസിക്കുന്നതിനായി ഈജിപ്തിലേക്ക് പുറപ്പെട്ടു. ഈജിപ്തിൽ പ്രവേശിക്കുന്നതിനു മുമ്പ് അബ്രാം ഭാര്യ സാറായോട് പറഞ്ഞു: 'നീ സുന്ദരിയാണെന്ന് എനിക്കറിയാം. ഈജിപ്തുകാർ നിന്നെ കാണുമ്പോൾ 'ഇവൾ ഇയാളുടെ ഭാര്യയാണ്' എന്നു പറഞ്ഞ് എന്നെ കൊല്ലുകയും നിന്നെ ജീവനോടെ വിടുകയും ചെയ്യും. നീ നിമിത്തം എനിക്കു നന്മ വരാൻ നീ എന്റെ സഹോദരിയാണെന്ന് പറയുക. നീ നിമിത്തം എന്റെ ജീവൻ രക്ഷിക്കുകയും ചെയ്യും.' അബ്രാം ഈജിപ്തിൽ പ്രവേശിച്ചപ്പോൾ സ്ത്രീ അത്യന്തം സുന്ദരിയാണെന്ന് ഈജിപ്തുകാർ കണ്ടു. അവളെ കണ്ട ഫറോവന്റെ പ്രഭുക്കന്മാർ ഫറോവന്റെ മുമ്പിൽ അവളെപറ്റി പ്രശംസിച്ചു സംസാരിച്ചു. സ്ത്രീയെ ഫറോവന്റെ അരമനയിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവൾ നിമിത്തം ഫറോവൻ അബ്രാമിനോട് ദയാപൂർവം പെരുമാറി. അയാൾക്ക് ആടുമാടുകളെയും ഭൃത്യന്മാരെയും ഭൃത്യകളെയും പെൺകഴുതകളെയും ഒട്ടകങ്ങളെയും നൽകി"(ഉൽപത്തി 12: 10-16).

സ്വന്തം സഹധർമിണിയെ ഭരണാധികാരിക്ക് വിട്ടുകൊടുത്ത് സമ്മാനം സ്വീകരിക്കുന്ന നീചരിൽ നീചനായ ബൈബിളിലെ അബ്രാമും ഖുർആൻ പരിചയപ്പെടുത്തുന്ന ആദർശശാലിയും ത്യാഗസന്നദ്ധനും ധീരനും വിപ്ലവകാരിയുമായ ഇബ്റാഹീം നബിയും തമ്മിൽ ഒരു താരതമ്യം പോലും സാധ്യമല്ല.

പ്രവാചകനായ ലോത്തിനെക്കുറിച്ച് ബൈബിൾ പറയുന്നു: "സോവറിൽ പാർക്കാൻ ലോത്ത് ഭയപ്പെട്ടു. അതുകൊണ്ട് അയാൾ രണ്ടു പുത്രിമാരെയും കൂട്ടി സോവർ നഗരത്തിൽനിന്ന് പോയി മലയിൽ താമസിച്ചു. അവിടെ ഒരു ഗുഹയിൽ അവർ പുത്രിമാരോടൊത്ത് പാർത്തു. മൂത്ത പുത്രി ഇളയവളോട് പറഞ്ഞു: 'നമ്മുടെ പിതാവ് വൃദ്ധനായിരിക്കുന്നു. ഭൂമിയിലെ നടപ്പനുസരിച്ച് നമ്മോട് ഇണ ചേരാൻ ഭൂമിയിൽ ഒരു മനുഷ്യനുമില്ല. വാ, നമുക്ക് പിതാവിനെ വീഞ്ഞ് കുടിപ്പിക്കാം. പിതാവിനോടൊപ്പം ശയിച്ച് പിതാവിൽനിന്ന് സന്തതികളെ നേടാം!' അന്നു രാത്രി അവർ പിതാവിനെ വീഞ്ഞു കുടിപ്പിച്ചു. മൂത്തപുത്രി അകത്തുചെന്ന് പിതാവിനോടൊപ്പം ശയിച്ചു. അവൾ എപ്പോൾ വന്നു ശയിച്ചെന്നോ എപ്പോൾ എഴുന്നേറ്റു പോയെന്നോ ഒന്നും അയാൾ അറിഞ്ഞില്ല. അടുത്ത ദിവസം മൂത്ത മകൾ ഇളയവളോടു പറഞ്ഞു: 'ഇന്നലെ ഞാൻ നമ്മുടെ പിതാവിനോടൊപ്പം ശയിച്ചു. ഇന്നു രാത്രിയും നമുക്ക് പിതാവിനെ വീഞ്ഞ് കുടിപ്പിക്കാം. അനന്തരം നീ അകത്തുപോയി പിതാവിനോടൊപ്പം ശയിച്ച് നമ്മുടെ പിതാവിലൂടെ നമുക്ക് സന്തതികളെ നേടിയെടുക്കാം.' അന്നു രാത്രിയും അവർ പിതാവിനെ വീഞ്ഞ് കുടിപ്പിച്ചു. ഇളയപുത്രി എഴുന്നേറ്റു ചെന്ന് അയാളുടെ കൂടെ ശയിച്ചു. അവൾ എപ്പോൾ വന്നു ശയിച്ചുവെന്നോ എപ്പോൾ എഴുന്നേറ്റു പോയെന്നോ ഒന്നും അയാൾ അറിഞ്ഞില്ല. അങ്ങനെ ലോത്തിന്റെ രണ്ടു പുത്രിമാരും പിതാവിനാൽ ഗർഭവതികളായി. മൂത്തവൾ ഒരു പുത്രനെ പ്രസവിച്ചു. അവന് മോവാബ് എന്നു പേരിട്ടു. അയാളാണ് ഇന്നോളമുള്ള മോവാബിയരുടെ പിതാവ്. ഇളയവളും ഒരു പുത്രനെ പ്രസവിച്ചു. അവന്ന് ബെൻ അമ്മീ എന്ന് പേരിട്ടു. അയാളാണ് ഇന്നോളമുള്ള അമ്മേനിയരുടെ പിതാവ്"(ഉൽപത്തി 19: 30-38).

അത്യന്തം ഹീനവും നീചവും മ്ലേഛവുമായ വൃത്തിയിലേർപ്പെട്ടതായി ബൈബിൾ പരിചയപ്പെടുത്തിയ ലോത്തും ജീവിതവിശുദ്ധിക്കും ലൈംഗിക സദാചാരത്തിനും ജീവിതകാലം മുഴുവൻ നിലകൊണ്ട പരിശുദ്ധിയുടെ പ്രതീകമായ ലൂത് നബിയും ഒരിക്കലും സമമാവുകയില്ല. അരാജകവാദികളായ കാമവെറിയന്മാർ മെനഞ്ഞുണ്ടാക്കിയ കള്ളക്കഥകൾ പരിശുദ്ധരായ പ്രവാചകന്മാരുടെമേൽ വച്ചുകെട്ടുകയായിരുന്നു ബൈബിൾ. ഇത്തരം എല്ലാവിധ അപഭ്രംശങ്ങളിൽനിന്നും തീർത്തും മോചിതമാണ് വിശുദ്ധ ഖുർആൻ.

പ്രവാചകത്വത്തിന്റെ യഥാർഥ അവകാശിയായിരുന്ന ഏശാവിൽനിന്ന് അപ്പവും പയർപായസവും നൽകി അതു വാങ്ങുകയായിരുന്നു ബൈബിളിന്റെ ഭാഷയിൽ യാക്കോബ്: "ഒരിക്കൽ യാക്കോബ് പായസം ഉണ്ടാക്കിക്കൊണ്ടിരിക്കുമ്പോൾ ഏശാവ് വെളിയിൽനിന്ന് വിശന്നുവലഞ്ഞു കയറി വന്നു. 'ആ ചെമന്ന പായസത്തിൽ ഒരു ഭാഗം എനിക്ക് തരിക. ഞാൻ വിശന്നുവലയുന്നു' എന്ന് ഏശാവ് യാക്കോബിനോട് പറഞ്ഞു. 'ആദ്യം നിന്റെ ജന്മാവകാശം എനിക്കു വിൽക്കുക' എന്ന് യാക്കോബ് പറഞ്ഞു. ഏശാവ് മറുപടി പറഞ്ഞു: 'മരിക്കാറായിരിക്കുന്ന എനിക്ക് ജന്മാവകാശം കൊണ്ട് എന്തു പ്രയോജനം?' യാക്കോബ് പറഞ്ഞു: 'ആദ്യംതന്നെ എന്നോട് പ്രതിജ്ഞ ചെയ്യുക.' ഏശാവ് അപ്രകാരം പ്രതിജ്ഞ ചെയ്തു. ജന്മാവ

കാശം യാക്കോബിനു വിറ്റു. തുടർന്ന് യാക്കോബ് ഏശാവിന് അപ്പവും പയർപായസവും കൊടുത്തു."(ഉൽപത്തി 25: 29-34).

സ്വന്തം ജ്യേഷ്ഠൻ വിശന്നുവലഞ്ഞപ്പോൾ അതിനെ ചൂഷണംചെയ്ത് അയാളുടെ ജന്മാവകാശം തട്ടിയെടുത്ത ക്രൂരനാണ് ബൈബിളിലെ യാക്കോബ്. എന്നാൽ ഖുർആനിലെ യഅ്ഖൂബ്നബി വിശുദ്ധനും ക്ഷമാ ശീലനും പരമ മര്യാദക്കാരനുമത്രെ. ബൈബിൾ വിവരണമനുസരിച്ച് യാക്കോബിന്റെ പിതാവ് ഇസ്ഹാഖ് കള്ളം പറഞ്ഞവനാണ്. "ഇസ്ഹാഖ് ഗറാറിൽ താമസിച്ചു. അവിടത്തെ നിവാസികൾ അയാളുടെ ഭാര്യയെപ്പറ്റി അന്വേഷിച്ചപ്പോൾ അവൾ എന്റെ സഹോദരിയാണ് എന്ന് അയാൾ പറഞ്ഞു. കാരണം, അവൾ എന്റെ ഭാര്യയാണ് എന്നു പറയാൻ ഇസ്ഹാഖ് ഭയപ്പെട്ടു. 'റിബെക്ക സുന്ദരിയാകയാൽ അവൾക്കു വേണ്ടി സ്ഥലവാസികൾ എന്നെ കൊലപ്പെടുത്തിയേക്കും' എന്ന് അയാൾ ചിന്തിച്ചു".(ഉൽപത്തി 26: 6-7).

തികഞ്ഞ വഞ്ചനയും ചതിയും ചെയ്താണ് യാക്കോബ് പിതാവിന്റെ അനുഗ്രഹവും പ്രാർഥനയും സമ്പാദിച്ചത്. ജ്യേഷ്ഠ സഹോദരൻ ഏശാവിന്റെ അവകാശം അന്യായമായി തട്ടിയെടുക്കുകയായിരുന്നു അയാൾ (ഉൽപത്തി 27: 1-38).

ബൈബിൾ വിവരണമനുസരിച്ച് യാക്കോബിന്റെ ഭാര്യാപിതാവ് ലാബാൻ കൊടിയ ചതിയനും ഭാര്യ റാഫേൽ വിഗ്രഹാരാധകയുമാണ് (ഉൽപത്തി 29: 25-30, 31: 17-23). പ്രവാചകനായ യാക്കോബിന്റെ പുത്രി വ്യഭിചരിക്കപ്പെട്ടതായും യഹൂദാ മകന്റെ ഭാര്യയെ വ്യഭിചരിച്ചതായും ബൈബിൾ പറയുന്നു (ഉൽപത്തി 38: 13-30).

ദൈവദൂതനായ ദാവീദ് തന്റെ രാജ്യത്തെ പട്ടാളക്കാരനായ ഊറിയായുടെ ഭാര്യ ബത്ശേബയെ വ്യഭിചരിച്ചതായും അവളെ ഭാര്യയാക്കാനായി ഊറിയയെ യുദ്ധമുന്നണിയിലേക്കയച്ച് കൊല്ലിച്ചതായും ബൈബിൾ പറയുന്നു (ശാമുവേൽ 11: 1-16). പ്രവാചകനായ സോളമൻ ദൈവശാസന ധിക്കരിച്ച് വിലക്കപ്പെട്ടവരെ വിവാഹം കഴിച്ചതായും ബൈബിളിൽ കാണാം (രാജാക്കന്മാർ 11: 1-14).

പൂർവപ്രവാചകന്മാരുടെ പിൽക്കാല ശിഷ്യന്മാർ പ്രവാചകാധ്യാപനങ്ങളിൽനിന്ന് വ്യതിചലിച്ച് പൈശാചിക ദുർബോധനങ്ങൾക്ക് വശംവദരായപ്പോൾ സ്വന്തം അധർമങ്ങളും സദാചാരരാഹിത്യങ്ങളും പ്രവാചകന്മാരിലും ആരോപിക്കുകയും അത് വേദപുസ്തകങ്ങളിൽ കൂട്ടിച്ചേർക്കുകയുമായിരുന്നു. ഇങ്ങനെ കൈകടത്തപ്പെട്ട പൂർവവേദങ്ങളുടെ അനുകരണമാണ് വിശുദ്ധ ഖുർആനെന്ന് അതിനെ സംബന്ധിച്ച നേരിയ അറിവെങ്കിലുമുള്ള ആരും ആരോപിക്കുകയില്ല. ദൈവദൂതന്മാരെപ്പറ്റി പ്രചരിപ്പിക്കപ്പെട്ട കള്ളക്കഥകൾ തിരുത്തി അവരുടെ യഥാർഥ അവസ്ഥ അനാവരണം ചെയ്യുകയാണ് ഖുർആൻ. അതുകൊണ്ടുതന്നെ ബൈബിൾ പരിചയപ്പെടുത്തുന്ന പ്രവാചകന്മാരിൽ പലരും ചതിയന്മാരും തെമ്മാടികളും കൊടും കുറ്റവാളികളും ക്രൂരന്മാരുമാണെങ്കിൽ, ഖുർആനിലവർ എക്കാലത്തും ഏവർക്കും മാതൃകാ യോഗ്യമായ സദ്ഗുണങ്ങളുടെ ഉടമകളായ മഹദ് വ്യക്തികളാണ്; മനുഷ്യരാശിയുടെ മഹാന്മാരായ മാർഗദർശകരും.

## ഇരുപത്

# ഖുർആൻ ദൈവികഗ്രന്ഥമോ?

*"ഖുർആൻ ദൈവികഗ്രന്ഥമാണെന്നാണല്ലോ മുസ്‌ലിംകൾ അവകാശപ്പെടാറുള്ളത്. അത് മുഹമ്മദിന്റെ രചനയല്ലെന്നും ദൈവികമാണെന്നും എങ്ങനെയാണ് മനസ്സിലാവുക? എന്താണതിന് തെളിവ്?"*

ഖുർആൻ ദൈവികമാണെന്നതിനു തെളിവ് ആ ഗ്രന്ഥം തന്നെയാണ്. മുഹമ്മദ് നബിയുടെയും അദ്ദേഹത്തിലൂടെ അവതീർണമായ ഖുർആന്റെയും വ്യക്തമായ ചിത്രവും ചരിത്രവും മനുഷ്യരാശിയുടെ മുമ്പിലുണ്ട്. നബിതിരുമേനിയുടെ ജീവിതത്തിന്റെ ഉള്ളും പുറവും രഹസ്യവും പരസ്യവുമായ മുഴുവൻ കാര്യങ്ങളും ഒന്നൊഴിയാതെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആധുനികലോകത്തെ മഹാന്മാരുടെ ചരിത്രം പോലും ആ വിധം വിശദമായും സൂക്ഷ്മമായും കുറിക്കപ്പെട്ടിട്ടില്ലെന്നതാണ് വസ്തുത.

അജ്ഞതാന്ധകാരത്തിൽ ആണ്ടുകിടന്നിരുന്ന ആറാം നൂറ്റാണ്ടിലെ അറേബ്യയിലാണല്ലോ മുഹമ്മദ് ജനിച്ചത്. മരുഭൂമിയുടെ മാറിൽ തീർത്തും അനാഥനായാണ് അദ്ദേഹം വളർന്നുവന്നത്. ചെറുപ്പത്തിൽതന്നെ ഇടയവൃത്തിയിലേർപ്പെട്ട മുഹമ്മദിന് എഴുതാനോ വായിക്കാനോ അറിയുമായിരുന്നില്ല. പാഠശാലകളിൽ പോവുകയോ മതചർച്ചകളിൽ പങ്കെടുക്കുകയോ ചെയ്തിരുന്നില്ല. മക്ക സാഹിത്യകാരന്മാരുടെയും കവികളുടെയും പ്രസംഗകരുടെയും കേന്ദ്രമായിരുന്നെങ്കിലും നാൽപതു വയസ്സുവരെ അദ്ദേഹം ഒരൊറ്റ വരി കവിതയോ ഗദ്യമോ പദ്യമോ രചിച്ചിരുന്നില്ല. പ്രസംഗപാടവം പ്രകടിപ്പിച്ചിരുന്നില്ല. സർഗസിദ്ധിയുടെ അടയാളമൊന്നും അദ്ദേഹത്തിൽ ദൃശ്യമായിരുന്നില്ല.

ആത്മീയതയോട് അതിതീവ്രമായ ആഭിമുഖ്യമുണ്ടായിരുന്ന മുഹമ്മദ് മക്കയിലെ മലിനമായ അന്തരീക്ഷത്തിൽനിന്ന് മാറി ധ്യാനത്തിലും പ്രാർഥനയിലും വ്യാപൃതനായി. ഏകാന്തവാസം ഏറെ ഇഷ്ടപ്പെട്ടു. വിശുദ്ധ കഅ്ബയിൽനിന്ന് മൂന്നു കിലോമീറ്റർ വടക്കുള്ള മലമുകളിലെ ഹിറാഗുഹയിൽ ഏകാന്തവാസമനുഷ്ഠിക്കവെ മുഹമ്മദിന് ആദ്യമായി ദിവ്യസന്ദേശം ലഭിച്ചു. തുടർന്നുള്ള ഇരുപത്തിമൂന്നു വർഷങ്ങളിൽ വിവിധ സന്ദർഭങ്ങളിലായി ലഭിച്ച ദിവ്യബോധനങ്ങളുടെ സമാഹാരമാണ് വിശുദ്ധ ഖുർ

ആൻ. അത് സാധാരണ അർഥത്തിലുള്ള ഗദ്യമോ പദ്യമോ കവിതയോ അല്ല. തീർത്തും സവിശേഷമായ ശൈലിയാണ് ഖുർആന്റേത്. അതിനെ അനുകരിക്കാനോ അതിനോട് മത്സരിക്കാനോ കിടപിടിക്കാനോ ഇന്നേ വരെ ആർക്കും സാധിച്ചിട്ടില്ല. ലോകാവസാനം വരെ ആർക്കും സാധിക്കുകയുമില്ല.

അനുയായികൾ ദൈവികമെന്ന് അവകാശപ്പെടുന്ന ഒന്നിലേറെ ഗ്രന്ഥങ്ങൾ ലോകത്തുണ്ട്. എന്നാൽ സ്വയം ദൈവികമെന്ന് പ്രഖ്യാപിക്കുന്ന ഒരൊറ്റ ഗ്രന്ഥമേ ലോകത്തുള്ളൂ. ഖുർആനാണത്. ഖുർആൻ ദൈവത്തിൽനിന്ന് അവതീർണമായതാണെന്ന് അത് അനേകം തവണ ആവർത്തിച്ചാവർത്തിച്ചു പ്രഖ്യാപിക്കുന്നു. അതോടൊപ്പം അതിലാർക്കെങ്കിലും സംശയമുണ്ടെങ്കിൽ, 114 അധ്യായങ്ങളുള്ള ഖുർആനിലെ ഏതെങ്കിലും ഒരധ്യായത്തിന് സമാനമായ ഒരധ്യായമെങ്കിലും കൊണ്ടുവരാൻ അത് വെല്ലുവിളിക്കുന്നു. അതിന് ലോകത്തുള്ള ഏതു സാഹിത്യകാരന്റെയും പണ്ഡിതന്റെയും ബുദ്ധിജീവിയുടെയും സഹായം തേടാമെന്ന കാര്യം ഉണർത്തുകയും ചെയ്തു. അല്ലാഹു പറയുന്നു: "നാം നമ്മുടെ ദാസന്ന് അവതരിപ്പിച്ചിട്ടുള്ള ഈ ഗ്രന്ഥത്തെക്കുറിച്ച്, അതു നമ്മിൽ നിന്നുള്ളതു തന്നെയോ എന്നു നിങ്ങൾ സംശയിക്കുന്നുവെങ്കിൽ അതുപോലുള്ള ഒരദ്ധ്യായമെങ്കിലും നിങ്ങൾ കൊണ്ടുവരിക. അതിന്ന് ഏകനായ അല്ലാഹുവിനെകൂടാതെ, സകല കൂട്ടാളികളുടെയും സഹായം തേടിക്കൊള്ളുക. നിങ്ങൾ സത്യവാന്മാരെങ്കിൽ അതു ചെയ്തുകാണിക്കുക."(ഖുർആൻ 2: 23)

പ്രവാചകകാലം തൊട്ടിന്നോളം നിരവധി നൂറ്റാണ്ടുകളിലെ ഇസ്‌ലാം വിമർശകരായ എണ്ണമറ്റ കവികളും സാഹിത്യകാരന്മാരും ഈ വെല്ലുവിളിയെ നേരിടാൻ ശ്രമിച്ചിട്ടുണ്ട്. രണ്ടിലൊരനുഭവമേ അവർക്കൊക്കെയും ഉണ്ടായിട്ടുള്ളൂ. മഹാഭൂരിപക്ഷവും പരാജയം സമ്മതിച്ച് ഖുർആന്റെ അനുയായികളായി മാറുകയായിരുന്നു. അവശേഷിക്കുന്നവർ പരാജിതരായി പിന്മാറുകയും. നബിതിരുമേനിയുടെ കാലത്തെ പ്രമുഖ സാഹിത്യകാരന്മാരായിരുന്ന ലബീദും ഹസ്സാനും കഅ്ബുബ്നു സുഹൈറുമെല്ലാം ഖുർആന്റെ മുമ്പിൽ നിരുപാധികം കീഴടങ്ങിയവരിൽ പെടുന്നു.

യമനിൽനിന്നെത്തിയ ത്വുഫൈലിനെ ഖുർആൻ കേൾക്കുന്നതിൽ നിന്ന് ഖുറൈശികൾ വിലക്കി. ഏതോ അന്തഃപ്രചോദനത്താൽ അതു കേൾക്കാനിടയായ പ്രമുഖ കവിയും ഗായകനുമായ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "ദൈവമാണ! അവൻ സർവശക്തനും സർവജ്ഞനുമല്ലോ. ഞാനിപ്പോൾ ശ്രവിച്ചത് അറബി സാഹിത്യത്തിലെ അതുല്യമായ വാക്യങ്ങളത്രെ. നിസ്സംശയം, അവ അത്യുൽകൃഷ്ടം തന്നെ. മറ്റേതിനെക്കാളും പരിശുദ്ധവും. അവ എത്ര ആശയ സമ്പുഷ്ടം! അർഥപൂർണം! എന്തുമേൽ മനോഹരം! ഏറെ ആകർഷകവും! ഇതുപോലുള്ള ഒന്നും ഞാനിതുവരെ കേട്ടിട്ടില്ല. അല്ലാഹുവാണ! ഇത് മനുഷ്യവചനമല്ല. സ്വയംകൃതവുമല്ല. ദൈവികം തന്നെ, തീർച്ച. നിസ്സംശയം ദൈവികവാക്യങ്ങളാണിവ."

മുഗീറയുടെ മകൻ വലീദ് ഇസ്‌ലാമിന്റെയും പ്രവാചകന്റെയും കടുത്ത എതിരാളിയായിരുന്നു. ഖുർആൻ ഓതിക്കേൾക്കാനിടയായ അയാൾ തന്റെ അഭിപ്രായം ഇങ്ങനെ രേഖപ്പെടുത്തി: "ഇതിൽ എന്തെന്നില്ലാത്ത മാധുര്യ

മുണ്ട്. പുതുമയുണ്ട്. അത്യന്തം ഫലസമൃദ്ധമാണിത്. നിശ്ചയമായും ഇത് അത്യുന്നതി പ്രാപിക്കും. മറ്റൊന്നും ഇതിനെ കീഴ്പെടുത്തുകയില്ല. ഇതിനു താഴെയുള്ളതിനെ ഇത് തകർത്ത് തരിപ്പണമാക്കും. ഒരിക്കലും ഒരു മനുഷ്യനിങ്ങനെ പറയുക സാധ്യമല്ല."

വിവരമറിഞ്ഞ പ്രവാചകന്റെ പ്രധാന പ്രതിയോഗി അബൂജഹ്ൽ വലീദിനെ സമീപിച്ച് ഖുർആനെ സംബന്ധിച്ച് മതിപ്പ് കുറയ്ക്കുന്ന എന്തെങ്കിലും പറയാനാവശ്യപ്പെട്ടു. നിസ്സഹായനായ വലീദ് ചോദിച്ചു: "ഞാനെന്തു പറയട്ടെ; ഗാനം, പദ്യം, കവിത, ഗദ്യം തുടങ്ങി അറബി സാഹിത്യത്തിന്റെ ഏതു ശാഖയിലും എനിക്കു നിങ്ങളെക്കാളേറെ പരിജ്ഞാനമുണ്ട്. അല്ലാഹുവാണ! ഈ മനുഷ്യൻ പറയുന്ന കാര്യങ്ങൾക്ക് അവയോടൊന്നും സാദൃശ്യമില്ല. അല്ലാഹു സാക്ഷി! ആ സംസാരത്തിൽ അസാധാരണ മാധുര്യവും സവിശേഷ സൗന്ദര്യവുമുണ്ട്. അതിന്റെ ശാഖകൾ ഫലസമൃദ്ധവും തളിരുകൾ ശ്യാമസുന്ദരവുമാണ്. ഉറപ്പായും അത് മറ്റേതു വാക്യത്തേക്കാളും ഉൽകൃഷ്ടമാണ്. ഇതര വാക്യങ്ങൾ സർവവും അതിനു താഴെയും."

ഇത് അബൂജഹ്ലിനെ അത്യധികം അസ്വസ്ഥനാക്കി. അയാൾ പറഞ്ഞു: "താങ്കൾ ആരാണെന്നറിയാമോ? അറബികളുടെ അത്യുന്നതനായ നേതാവാണ്. യുവസമൂഹത്തിന്റെ ആരാധ്യനാണ്; എന്നിട്ടും താങ്കൾ ഒരനാഥ ച്ചെക്കനെ പിൻപറ്റുകയോ? അവന്റെ ഭ്രാന്തൻ ജൽപനങ്ങളെ പാടിപ്പുകഴ്ത്തുകയോ? താങ്കളെപ്പോലുള്ള മഹാന്മാർക്കത് കുറച്ചിലാണ്. അതിനാൽ മുഹമ്മദിനെ പുഛരിച്ചു തള്ളുക."

അബൂജഹ്ലിന്റെ ലക്ഷ്യം പിഴച്ചില്ല. അഹന്തക്കടിപ്പെട്ട വലീദ് പറഞ്ഞു: "മുഹമ്മദ് ഒരു ജാലവിദ്യക്കാരനാണ്. സഹോദരങ്ങളെ തമ്മിൽ തല്ലിക്കുന്നു. ഭാര്യാഭർതൃബന്ധം മുറിച്ചുകളയുന്നു. കുടുംബഭദ്രത തകർക്കുന്നു. നാട്ടിൽ കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന ഒരു ജാലവിദ്യക്കാരൻ മാത്രമാണ് മുഹമ്മദ്."

എത്ര ശ്രമിച്ചിട്ടും വലീദിനെപ്പോലുള്ള പ്രഗത്ഭനായ സാഹിത്യകാരന് ഖുർആന്നെതിരെ ഒരക്ഷരം പറയാൻ സാധിച്ചില്ലെന്നത് ശ്രദ്ധേയമത്രെ.

നാൽപതു വയസ്സുവരെ നബിതിരുമേനി ജീവിതത്തിലൊരൊറ്റ കളവും പറഞ്ഞിട്ടില്ല. അതിനാൽ അദ്ദേഹം അൽഅമീൻ (വിശ്വസ്തൻ) എന്ന പേരിലാണറിയപ്പെട്ടിരുന്നത്. അത്തരമൊരു വ്യക്തി ദൈവത്തിന്റെ പേരിൽ പെരുങ്കള്ളം പറയുമെന്ന് സങ്കൽപിക്കുക പോലും സാധ്യമല്ല. മാത്രമല്ല; അത്യുൽകൃഷ്ടമായ ഒരു ഗ്രന്ഥം സ്വയം രചിക്കുന്ന ആരെങ്കിലും അത് തന്റേതല്ലെന്നും തനിക്കതിൽ ഒരു പങ്കുമില്ലെന്നും പറയുമെന്ന് പ്രതീക്ഷിക്കാവതല്ല. അഥവാ പ്രവാചകൻ ഖുർആൻ സ്വന്തം സൃഷ്ടിയാണെന്ന് അവകാശപ്പെട്ടിരുന്നെങ്കിൽ അറേബ്യൻ ജനത അദ്ദേഹത്തെ അത്യധികം ആദരിക്കുമായിരുന്നു. എന്നാൽ അദ്ദേഹത്തിന് ലഭിച്ചത് കൊടിയ പീഡനങ്ങളാണല്ലോ.

ലോകത്ത് അസംഖ്യം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏറെ ശ്രദ്ധേയമായവ ചരിത്രത്തിൽ ചില മാറ്റങ്ങൾ സൃഷ്ടിക്കുകയും വിപ്ലവങ്ങൾക്ക് നിമിത്തമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിശുദ്ധ ഖുർആനെപ്പോലെ, ഒരു ജനതയുടെ ജീവിതത്തെ സമഗ്രമായി സ്വാധീനിക്കുകയും പരിവർത്തിപ്പിക്കുകയും ചെയ്ത മറ്റൊരു ഗ്രന്ഥവും ലോകത്തില്ല. വിശ്വാ

സം, ജീവിതവീക്ഷണം, ആരാധന, ആചാരാനുഷ്ഠാനങ്ങൾ, വ്യക്തിജീവിതം, കുടുംബരംഗം, സാമൂഹിക മേഖല, സാമ്പത്തിക വ്യവസ്ഥ, സാംസ്കാരിക മണ്ഡലം, രാഷ്ട്രീയ ഘടന, ഭരണസമ്പ്രദായം, സ്വഭാവ രീതി, പെരുമാറ്റക്രമം തുടങ്ങി വ്യക്തിയുടെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും ലോകത്തിന്റെയും എല്ലാ അവസ്ഥകളെയും വ്യവസ്ഥകളെയും വിശുദ്ധ ഖുർആൻ അടിമുടി മാറ്റിമറിക്കുകയുണ്ടായി. നിരക്ഷരനായ ഒരാൾ ഈ വിധം സമഗ്രമായ ഒരു മഹാവിപ്ലവം സൃഷ്ടിച്ച ഗ്രന്ഥം രചിക്കുമെന്ന് സങ്കൽപിക്കാനാവില്ല. ശത്രുക്കളെപ്പോലും വിസ്മയകരമായ വശ്യശക്തിയാൽ കീഴ്പെടുത്തി മിത്രമാക്കി മാറ്റി, അവരെ തീർത്തും പുതിയ മനുഷ്യരാക്കി പരിവർത്തിപ്പിച്ച ഗ്രന്ഥമാണ് ഖുർആൻ. രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖ് ഈ ഗണത്തിലെ ഏറെ ശ്രദ്ധേയനായ വ്യക്തിയത്രെ. ഇന്നും ഖുർആൻ ആഴത്തിൽ പഠിക്കാൻ സന്നദ്ധരാവുന്നവർ അനായാസം അതിന്റെ അനുയായികളായി മാറുന്നു.

ഖുർആൻ മാനവസമൂഹത്തിന്റെ മുമ്പിൽ സമ്പൂർണമായൊരു ജീവിത വ്യവസ്ഥ സമർപ്പിക്കുന്നു. മനുഷ്യ മനസ്സുകൾക്ക് സമാധാനം സമ്മാനിക്കുകയും വ്യക്തിജീവിതത്തെ വിശുദ്ധവും കുടുംബവ്യവസ്ഥയെ സ്വൈരമുള്ളതും സമൂഹഘടനയെ ആരോഗ്യകരവും രാഷ്ട്രത്തെ ഭദ്രവും ലോകത്തെ പ്രശാന്തവുമാക്കുകയും ചെയ്യുന്ന സമഗ്രമായ പ്രത്യയശാസ്ത്രമാണത്. കാലാതീതവും ദേശാതീതവും നിത്യനൂതനവുമായ ഇത്തരമൊരു ജീവിതപദ്ധതി ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥവും ലോകത്ത് വേറെയില്ല. ലോകത്തിലെ കോടിക്കണക്കിന് കൃതികളിലൊന്നുപോലും ഖുർആനിനെപ്പോലെ സമഗ്രമായ ഒരു ജീവിതക്രമം സമർപ്പിക്കുന്നില്ല. നിരക്ഷരനായ ഒരാൾക്ക് ഈ വിധമൊന്ന് രചിക്കാനാവുമെന്ന്, ബോധമുള്ള ആരും അവകാശപ്പെടുകയില്ല.

മനുഷ്യചിന്തയെ ജ്വലിപ്പിച്ച് വിചാരവികാരങ്ങളിലും വിശ്വാസവീക്ഷണങ്ങളിലും വമ്പിച്ച വിപ്ലവം സൃഷ്ടിച്ച വിശുദ്ധ ഖുർആൻ ചരിത്രത്തിൽ തുല്യതയില്ലാത്ത, എക്കാലത്തും ഏതു നാട്ടുകാർക്കും മാതൃകായോഗ്യമായ സമൂഹത്തെ വാർത്തെടുത്ത് പുതിയൊരു സംസ്കാരത്തിനും നാഗരികതയ്ക്കും ജന്മം നൽകി. നൂറ്റിപ്പതിനാല് അധ്യായങ്ങളിൽ, ആറായിരത്തിലേറെ സൂക്തങ്ങളിൽ, എൺപത്താറായിരത്തിലേറെ വാക്കുകളിൽ, മൂന്നു ലക്ഷത്തി ഇരുപത്തിനാലായിരത്തോളം അക്ഷരങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഖുർആന്റെ പ്രധാന നിയോഗം മാനവസമൂഹത്തിന്റെ മാർഗദർശനമാണ്. മുപ്പതു ഭാഗമായും അഞ്ഞൂറ്റിനാൽപത് ഖണ്ഡികകളായും വിഭജിക്കപ്പെട്ട ഈ ഗ്രന്ഥത്തിന്റെ പ്രധാനപ്രമേയം മനുഷ്യനാണ്. എങ്കിലും അവന്റെ മാർഗസിദ്ധിക്ക് സഹായകമാംവിധം ചിന്തയെ ഉത്തേജിപ്പിക്കാനും കാര്യങ്ങൾ ബോധ്യപ്പെടുത്താനും വിജ്ഞാനം വികസിപ്പിക്കാനും ആവശ്യമായ ചരിത്രവും പ്രവചനങ്ങളും ശാസ്ത്രസൂചനകളുമെല്ലാം അതിലുണ്ട്. ഈ രംഗത്തെല്ലാം അക്കാലത്തെ ജനതയ്ക്ക് തീർത്തും അജ്ഞാതമായിരുന്ന കാര്യങ്ങൾ വിശുദ്ധ ഖുർആൻ അനാവരണം ചെയ്യുകയുണ്ടായി. ചിലതുമാത്രമിവിടെ ചേർക്കുന്നു.

1. അല്ലാഹു പറയുന്നു: "സത്യനിഷേധികൾ ചിന്തിക്കുന്നില്ലേ? ഉപരി ലോകങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നു. പിന്നീട് നാമവയെ വേർപ്പെടുത്തി."(21: 30)

ഈ സത്യം ശാസ്ത്രം കണ്ടെത്തിയത് ഖുർആൻ അവതീർണമായി അനേക നൂറ്റാണ്ടുകൾ പിന്നിട്ട ശേഷമാണെന്നത് സുവിദിതമത്രെ.

2. "ജീവനുള്ളതിനെയെല്ലാം ജലത്തിൽനിന്നാണ് നാം സൃഷ്ടിച്ചത്" (21: 30). ഈ വസ്തുത ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയത് സമീപകാലത്തു മാത്രമാണ്.

3. "അതിനുപുറമെ അവൻ ഉപരിലോകത്തിന്റെയും സംവിധാനം നിർവഹിച്ചു. അത് ധൂളി(നെബുല)യായിരുന്നു" (41: 11). ഈ സൃഷ്ടിരഹസ്യം ശാസ്ത്രം അനാവരണംചെയ്തത് അടുത്ത കാലത്താണ്.

4. "സൂര്യൻ അതിന്റെ നിർണിത കേന്ദ്രത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. അത് പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹുവിന്റെ ക്രമീകരണമത്രെ."(36: 38)

കോപ്പർ നിക്കസിനെപ്പോലുള്ള പ്രമുഖരായ ശാസ്ത്രജ്ഞർ പോലും സൂര്യൻ നിശ്ചലമാണെന്ന് വിശ്വസിക്കുന്നവരായിരുന്നു. അടുത്ത കാലം വരെയും സൂര്യൻ ചലിക്കുന്നുവെന്ന സത്യം അംഗീകരിക്കാൻ ഭൗതിക ശാസ്ത്രജ്ഞന്മാർ സന്നദ്ധരായിരുന്നില്ല. എങ്കിലും അവസാനം ഖുർആന്റെ പ്രസ്താവം സത്യമാണെന്ന് സമ്മതിക്കാനവർ നിർബന്ധിതരായി.

5. "ഉപരിലോകത്തെ നാം സുരക്ഷിതമായ മേൽപുരയാക്കി. എന്നിട്ടും അവർ നമ്മുടെ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ ശ്രദ്ധിക്കുന്നേയില്ല."(21: 32)

അടുത്ത കാലം വരെയും ഖുർആന്റെ വിമർശകർ ഈ വാക്യത്തിന്റെ പേരിൽ പരിഹാസം ഉതിർക്കുക പതിവായിരുന്നു. എന്നാൽ ഏറെ മാരകമായ കോസ്മിക് രശ്മികളിൽനിന്ന് ഭൂമിയെയും അതിലെ ജന്തുജാലങ്ങളെയും മനുഷ്യരെയും കാത്തുരക്ഷിക്കുന്ന ഓസോൺ പാളികളെക്കുറിച്ച അറിവ് ഇന്ന് സാർവത്രികമാണ്. അന്തരീക്ഷത്തിന്റെ ഈ മേൽപ്പുരയാണ് ഉൽക്കകൾ ഭൂമിയിൽ പതിച്ച് വിപത്തുകൾ വരുത്തുന്നത് തടയുന്നത്. കാലാവസ്ഥയെ നിയന്ത്രിക്കുന്നതിലും അതിന് അനൽപമായ പങ്കുണ്ട്. മലിനീകരണം കാരണം അതിന് പോറൽ പറ്റുമോ എന്ന ആശങ്ക പരിസ്ഥിതി ശാസ്ത്രജ്ഞന്മാർ നിരന്തരം പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ജീവിതമിവിടെ സാധ്യമാവണമെങ്കിൽ ഖുർആൻ പറഞ്ഞ സുരക്ഷിതമായ മേൽപ്പുര അനിവാര്യമത്രെ. ശ്വസനത്തിനാവശ്യമായ വായുവിന്റെ മണ്ഡലത്തെ ഭദ്രമായി നിലനിർത്തുന്നതും ഈ മേൽപ്പുരതന്നെ.

6. "നാം ഭൂമിയെ തൊട്ടിലും പർവതങ്ങളെ ആണികളുമാക്കിയില്ലേ?" (78:7). "ഭൂമിയിൽ നാം ഉറച്ച പർവതങ്ങളുണ്ടാക്കിയിരിക്കുന്നു, ഭൂമി അവരെയുമായി തെന്നിപ്പോവാതിരിക്കാൻ. ഭൂമിയിൽ നാം വിശാലമായ വഴികളുണ്ടാക്കി, ജനം തങ്ങളുടെ മാർഗമറിയാൻ"(21:31).

ഭൂമിയുടെ സന്തുലിതത്വത്തിൽ പർവതങ്ങൾ വഹിക്കുന്ന പങ്ക് അടുത്തകാലം വരെയും അജ്ഞാതമായിരുന്നു. എന്നാലിന്ന് ഭൂകമ്പങ്ങൾ തടയുന്നതിലും ഭൂഗോളത്തിന്റെ ആന്തരികവും ബാഹ്യവുമായ ഘടന സംര

ക്ഷിക്കുന്നതിലും അവയുടെ പങ്ക് പ്രമുഖ ഭൂഗർഭശാസ്ത്രജ്ഞന്മാരെല്ലാം ഊന്നിപ്പറഞ്ഞിട്ടുണ്ട്.

7. "നിശ്ചയം, നാം ഉപരിലോകത്തെ വികസിപ്പിച്ചുകൊണ്ടേയിരിക്കുന്നു"(51: 47). പ്രപഞ്ചഘടനയെ സംബന്ധിച്ച പ്രാഥമിക ജ്ഞാനമുള്ളവരിലെല്ലാം ഒടുങ്ങാത്ത വിസ്മയം സൃഷ്ടിക്കാൻ ഖുർആന്റെ ഈ പ്രസ്താവം പര്യാപ്തമത്രെ.

8. ഹോളണ്ടുകാരനായ സ്വാമർഡാം എന്ന ജന്തുശാസ്ത്രജ്ഞൻ തേനീച്ചകളിൽ കൂട് ഉണ്ടാക്കുകയും തേൻ ഉൽപാദിപ്പിക്കുകയും ചെയ്യുന്നത് പെൺവർഗമാണെന്ന് തെളിയിച്ചത് 1876-ൽ മാത്രമാണ്. എന്നാൽ ഈ രണ്ടും തേനീച്ചകളിലെ സ്ത്രീകളാണ് ചെയ്യുകയെന്ന് പതിനാലു നൂറ്റാണ്ട് മുമ്പു തന്നെ ഖുർആൻ അതിനെ പരാമർശിക്കുന്ന വാക്യങ്ങളിലെ സ്ത്രീലിംഗ പ്രയോഗത്തിലൂടെ സ്ഥാപിക്കുകയുണ്ടായി. (16: 68, 69)

9. ലോകത്തിലെ അറുനൂറു കോടി മനുഷ്യരുടെയും കൈവിരലടയാളം 600 കോടി രൂപത്തിലാണ്. സൃഷ്ടിയിലെ മഹാവിസ്മയങ്ങളിലൊന്നാണിത്. എന്നാൽ വിരൽത്തുമ്പിലെ ഈ മഹാത്ഭുതം മനുഷ്യൻ തിരിച്ചറിഞ്ഞത് സമീപകാലത്താണ്. എങ്കിലും വിശുദ്ധ ഖുർആൻ പതിനാലു നൂറ്റാണ്ടുകൾക്കപ്പുറം ഈ മഹാവിസ്മയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. "മനുഷ്യൻ വിചാരിക്കുന്നുവോ, നമുക്കവന്റെ എല്ലുകൾ ശേഖരിക്കാനാവില്ലെന്ന്? നാമവന്റെ വിരൽക്കൊടികൾപോലും കൃത്യമായി നിർമിക്കാൻ കഴിവുള്ളവനായിരിക്കെ എന്തുകൊണ്ടില്ല?"(75: 3,4)

10. സൂര്യൻ വിളക്കുപോലെ സ്വയം പ്രകാശിക്കുന്നതും ചന്ദ്രൻ സൂര്യകിരണം തട്ടി പ്രകാശം പ്രതിബിംബിക്കുന്നതുമാണെന്ന് ലോകം മനസ്സിലാക്കിയത് അടുത്ത കാലത്താണ്. ഖുർആൻ ഇക്കാര്യം അസന്ദിഗ്ധമായി സൂചിപ്പിച്ചിട്ടുണ്ട്. "ഉപരിലോകത്ത് കോട്ടകളുണ്ടാക്കുകയും അതിലൊരു ദീപവും പ്രകാശിക്കുന്ന ചന്ദ്രനും സ്ഥാപിക്കുകയും ചെയ്തവനാരോ അവൻ മഹത്തായ അനുഗ്രഹമുടയവനത്രെ"(25:61).

ഈ ദീപം സൂര്യനാണെന്ന് ഖുർആൻ തന്നെ വ്യക്തമാക്കുന്നു: "അവൻ പ്രകാശമായി ചന്ദ്രനെയും വിളക്കായി സൂര്യനെയും നിശ്ചയിച്ചു."(71: 16)

11. മനുഷ്യജന്മത്തിൽ പുരുഷബീജത്തിന് മാത്രമാണ് പങ്കെന്നായിരുന്നു പതിനെട്ടാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന ധാരണ. സ്ത്രീയുടെ ഗർഭാശയം കുഞ്ഞു വളരാനുള്ള ഇടം മാത്രമായാണ് ഗണിക്കപ്പെട്ടിരുന്നത്. സ്ത്രീയുടെ അണ്ഡത്തിന്റെ പങ്ക് തിരിച്ചറിഞ്ഞത് അതിനുശേഷം മാത്രമാണ്. ഖുർആൻ ജന്മത്തിലെ സ്ത്രീ-പുരുഷ പങ്കിനെ വ്യക്തമായി ഊന്നിപ്പറഞ്ഞിട്ടുണ്ട്: "മനുഷ്യരേ, നിശ്ചയമായും നാം നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു"(49:13). "കൂടിച്ചേർന്നുണ്ടാവുന്ന ഒരു ബീജത്തിൽനിന്ന് നാം നിശ്ചയമായും മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നു" (76: 2).

12. കുഞ്ഞിന്റെ ലിംഗനിർണയം നിർവഹിക്കുന്നത് പുരുഷബീജമാണെന്ന് വിശുദ്ധഖുർആൻ വ്യക്തമാക്കിയെങ്കിലും ശാസ്ത്രലോകമിത് തിരിച്ചറിഞ്ഞത് വളരെ വൈകിയാണ്. "സ്രവിക്കപ്പെടുന്ന ഒരു ബീജത്തിൽനിന്ന്

ആൺ-പെൺ ഇണകളെ സൃഷ്ടിച്ചതും അവനാണ് "(53: 45, 46).

ഒരു തുള്ളി ഇന്ദ്രിയത്തിൽ അസംഖ്യം ബീജങ്ങളുണ്ടാവുമെങ്കിലും അവയിലൊന്നു മാത്രമാണ് ജനനത്തിൽ പങ്കുചേരുന്നതെന്ന കാര്യവും ഖുർആനിവിടെ വ്യക്തമാക്കുന്നു. ജനിതകശാസ്ത്രം കണ്ടെത്തിയ നിരവധി വസ്തുതകൾ വിശുദ്ധ വേദഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ടതായി കാണാം. അത് സവിസ്തരമായ പഠനമർഹിക്കുന്നതായതിനാൽ ഇവിടെ വിശദീകരിക്കുന്നില്ല.

13. "രണ്ട് സമുദ്രങ്ങളെ കൂട്ടിച്ചേർത്തതും അവൻതന്നെ. ഒന്ന് രുചികരമായ തെളിനീർ. മറ്റേത് ചവർപ്പുറ്റ ഉപ്പുനീരും. രണ്ടിനുമിടയിൽ ഒരു മറയുണ്ട്. അവ കൂടിക്കലരുന്നതിനെ വിലക്കുന്ന ഒരു തടസ്സം"(25:53).

പതിനാറാം നൂറ്റാണ്ടിൽ തുർക്കി അമീറുൽ ബഹ്റ് സയ്യിദ് അലി റഈസ് രചിച്ച മിർആത്തുൽ മമാലിക് എന്ന ഗ്രന്ഥത്തിൽ, പേർഷ്യൻ ഗൾഫിന്റെ അടിത്തട്ടിൽ ഇത്തരം ജലാശയങ്ങളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എങ്കിലും അത് കണ്ടെത്തിയതിനു തെളിവുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ ബഹ്റൈൻ തീരത്തുനിന്ന് മൂന്നര കിലോമീറ്റർ ദൂരെ പേർഷ്യൻ ഗൾഫിൽ ഉമ്മുസുവാലിയിൽ വമ്പിച്ച ശുദ്ധജലശേഖരം ഉപ്പുവെള്ളത്തിൽ കലരാതെ കണ്ടെത്തിയിരിക്കുന്നു. അങ്ങനെ നൂറ്റാണ്ടുകൾക്കപ്പുറം ഖുർആൻ അറിയിച്ച കാര്യം കണ്ടെത്താൻ മനുഷ്യസമൂഹത്തിന് സാധിക്കുകയുണ്ടായി.

14. നൂഹ്നബിയുടെ കപ്പൽ ജൂദി പർവതത്തിലാണ് ചെന്നുതങ്ങിയതെന്ന് ഖുർആൻ പറയുന്നു (11:44). Charles Berlits നോഹയുടെ നഷ്ടപ്പെട്ട പേടകം (The Lost Ship of Noah) എന്ന ഗ്രന്ഥത്തിൽ 1883-ൽ കിഴക്കൻ തുർക്കിയിലെ അറാറത്ത് പർവതനിരകളിലെ ജൂദിമലയിൽ 450 അടി നീളവും 150 അടി വീതിയും 50 അടി ഉയരവുമുള്ള കപ്പൽ കണ്ടെത്തിയതായി വ്യക്തമാക്കിയിട്ടുണ്ട്. പര്യവേക്ഷണവേളയിൽ കണ്ടെടുക്കപ്പെട്ട ഈ കപ്പൽ നോഹാ പ്രവാചകന്റേതാണെന്ന് ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

നിരക്ഷരനായ ഒരാൾക്കെന്നല്ല, ആറാം നൂറ്റാണ്ടിൽ നിലവിലുണ്ടായിരുന്ന എല്ലാ വിജ്ഞാനങ്ങളും ആർജിച്ച മഹാപണ്ഡിതനുപോലും ഇത്തരം കാര്യങ്ങൾ കണ്ടെത്താൻ ആവില്ലെന്ന് സത്യസന്ധതയുടെ നേരിയ അംശമുള്ള ഏവരും അംഗീകരിക്കും. ദൈവികമെന്ന് സ്വയം അവകാശപ്പെട്ട ഒരു ഗ്രന്ഥം അന്നെന്നല്ല, തുടർന്നുള്ള നിരവധി നൂറ്റാണ്ടുകളിലും മുഴു ലോകത്തിനും അജ്ഞാതമായിരുന്ന ഇത്തരം കാര്യങ്ങൾ തുറന്നുപ്രഖ്യാപിക്കുവാൻ ധൈര്യംകാണിക്കുകയും ഒന്നൊഴിയാതെ അവയൊക്കെയും സത്യമാണെന്ന് സ്ഥാപിതമാകുകയും ചെയ്തതുതന്നെ ഖുർആൻ ദൈവികഗ്രന്ഥമാണെന്നതിന് അനിഷേധ്യമായ തെളിവാണ്. സ്വയം ദൈവികമെന്ന് അവകാശപ്പെടുന്ന ഒരു ഗ്രന്ഥം ശാസ്ത്രവസ്തുതകൾ അനാവരണം ചെയ്യാൻ ധൈര്യപ്പെട്ടുവെന്നതും പിൽക്കാലത്തെ മനുഷ്യധിഷണയുടെ കണ്ടെത്തലുകളിലൊന്നുപോലും അവയ്ക്ക് വിരുദ്ധമായില്ലെന്നതും ആലോചിക്കുന്ന ആരെയും വിസ്മയഭരിതരാക്കാതിരിക്കില്ല.

മനനം ചെയ്യുകവഴി ദർശനങ്ങൾ ഉരുത്തിരിഞ്ഞു വന്നേക്കാം. ശാസ്ത്ര

സത്യങ്ങൾ കണ്ടെത്താനും കഴിഞ്ഞേക്കാം. എന്നാൽ ചരിത്രവസ്തുതകൾ കേവല ചിന്തയിലൂടെ ഉരുത്തിരിച്ചെടുക്കുക സാധ്യമല്ല. നിരക്ഷരനായ നബിതിരുമേനിയിലൂടെ അവതീർണമായ ഖുർആൻ ഗതകാല സമൂഹങ്ങളുടെ ചരിത്രം വിശദമായി വിശകലനം ചെയ്യുന്നു. അവയിലൊന്നുപോലും വസ്തുനിഷ്ഠമല്ലെന്ന് സ്ഥാപിക്കാൻ ഇസ്ലാമിന്റെ വിമർശകർക്ക് ഇന്നോളം സാധിച്ചിട്ടില്ല. എന്നല്ല; അവയൊക്കെ തീർത്തും സത്യനിഷ്ഠമാണെന്ന് ലഭ്യമായ രേഖകളും പ്രമാണങ്ങളും തെളിയിക്കുകയും ചെയ്യുന്നു.

ദൈവിക ഗ്രന്ഥമെന്ന് സ്വയം പ്രഖ്യാപിക്കുന്ന ഖുർആൻ ഭാവിയെ സംബന്ധിച്ച് നിരവധി പ്രവചനങ്ങൾ നടത്താൻ ധൈര്യപ്പെട്ടുവെന്നതും അവയൊക്കെയും സത്യമായി പുലർന്നുവെന്നതും അതിന്റെ അമാനുഷികതക്ക് മതിയായ തെളിവാണ്.

ടോൾസ്റ്റോയി, വിക്ടർ യൂഗോ, മാക്സിം ഗോർക്കി, ഷേയ്ക്സ്പിയർ, ഗോയ്ഥെ, ഷെല്ലി, മിൽട്ടൻ തുടങ്ങി കാലം നിരവധി സാഹിത്യകാരന്മാരെ കാണുകയും, അവരുടെ രചനകളുമായി പരിചയപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ നൂറ് വർഷം പിന്നിടുമ്പോഴേക്കും ലോകത്തിലെ ഏത് മഹദ്ഗ്രന്ഥത്തിലെയും പല പദങ്ങളും ശൈലികളും പ്രയോഗങ്ങളും കാലഹരണപ്പെടുകയും പ്രയോഗത്തിലില്ലാതാവുകയും ചെയ്യുന്നു.

യേശുവിന്റെ ഭാഷയായ അരാമിക്കിൽ ലോകത്തെവിടെയും ഇന്ന് ബൈബിളില്ല. സുവിശേഷങ്ങൾ രചിക്കപ്പെട്ട ഭാഷയിലും ശൈലിയിലും അവ നിലനിൽക്കുന്നുമില്ല. ഉള്ളവ വിവർത്തനങ്ങളായതിനാൽ അവയുടെ ഭാഷയും ശൈലിയും നിരന്തരം മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ വേദഭാഷയും ഇന്ന് ജീവൽഭാഷയോ പ്രയോഗത്തിലുള്ളതോ അല്ല.

എന്നാൽ പതിനാലു നൂറ്റാണ്ടു പിന്നിട്ടശേഷവും ഖുർആന്റെ ഭാഷയും ശൈലിയും പ്രയോഗങ്ങളും ഇന്നും അറബിയിലെ ഏറ്റം മികച്ചവയും അതുല്യവും അനനുകരണീയവുമായി നിലകൊള്ളുന്നു. അറബി ഭാഷ അറിയുന്ന ആരെയും അത് അത്യധികം ആകർഷിക്കുന്നു. ആർക്കും അതിന്റെ ആശയം അനായാസം മനസ്സിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. ഇവ്വിധം നിത്യനൂതനമായ ഒരു ഗ്രന്ഥവും ലോകത്ത് എവിടെയും ഒരു ഭാഷയിലും കണ്ടെത്താനാവില്ല.

എന്നാൽ ഇത്തരം ഏതൊരു വിവരണത്തേക്കാളുമേറെ ഖുർആന്റെ ദൈവികത ബോധ്യമാവാൻ സഹായകമാവുക അതിന്റെ പഠനവും പാരായണവുമത്രെ.

*“ഖുർആൻ ദൈവികമെന്നതിന് താങ്കളുദ്ധരിച്ച മുഴുവൻ തെളിവുകളും ഖുർആനിൽനിന്നുള്ളവയാണല്ലോ. ഇതെങ്ങനെയാണ് സ്വീകാര്യമാവുക?”*

സ്വർണവള സ്വർണനിർമിതമാണെന്നതിനു തെളിവു ആ വളതന്നെയാണ്. മാവ് മാവാണെന്നതിനു തെളിവു ആ വൃക്ഷം തന്നെയാണല്ലോ. ‘യുദ്ധവും സമാധാനവും’ ടോൾസ്റ്റോയിയുടേതാണെന്നതിന്നും ‘വിശ്വചരിത്രാവലോകം’ നെഹ്റുവിന്റെതാണെന്നതിന്നും പ്രസ്തുത ഗ്രന്ഥങ്ങളാണ് ഏറ്റവും പ്രബലവും സ്വീകാര്യവുമായ തെളിവ്. അവ്വിധം തന്നെ ഖുർആൻ ദൈവികമാണെന്നതിന്ന് ഏറ്റം ശക്തവും അനിഷേധ്യവുമായ തെളിവ് ആ ഗ്രന്ഥം തന്നെയാണ്.

## ഇരുപത്തൊന്ന്

# ഇസ്‌ലാമും പരിണാമസിദ്ധാന്തവും

*“ശാസ്ത്രവിരുദ്ധമായി ഒന്നും ഇസ്‌ലാമിലില്ലെന്നാണല്ലോ പറയപ്പെടുന്നത്. എങ്കിൽ ഇസ്‌ലാം പരിണാമസിദ്ധാന്തത്തെ അംഗീകരിക്കുന്നുണ്ടോ?”*

ഖണ്ഡിതമായി തെളിയിക്കപ്പെട്ട ശാസ്ത്ര സത്യങ്ങൾക്ക് വിരുദ്ധമായതൊന്നും ഇസ്‌ലാമിലില്ലെന്നത് തീർത്തും ശരിയാണ്. എന്നാൽ, ശാസ്ത്രനിഗമനങ്ങൾക്കോ ചരിത്രപരമായ അനുമാനങ്ങൾക്കോ ഇതു ബാധകമല്ല. പരിണാമവാദം ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ഒന്നല്ല. ചരിത്രപരമായ ഒരനുമാനം മാത്രമാണ്.

പരിണാമം രണ്ടിനമാണെന്ന് ജീവശാസ്ത്രജ്ഞർ പറയുന്നു. സൂക്ഷ്മപരിണാമവും സ്ഥൂലപരിണാമവും. സ്പീഷ്യസിനകത്തു നടക്കുന്ന നിസ്സാര മാറ്റങ്ങളെപ്പറ്റിയാണ് സൂക്ഷ്മപരിണാമമെന്നു പറയാറുള്ളത്. മനുഷ്യരിൽ നീണ്ടവരും കുറിയവരും വെളുത്തവരും കറുത്തവരും ആണും പെണ്ണും പ്രതിഭാശാലികളും മന്ദബുദ്ധികളുമെല്ലാമുണ്ടല്ലോ. ഒരേ കുടുംബത്തിൽ ഒരേ മാതാപിതാക്കളുടെ മക്കളിൽപോലും ഈ വൈവിധ്യം ദൃശ്യമാണ്. ഇത്തരം മാറ്റങ്ങളെക്കുറിക്കുന്ന സൂക്ഷ്മപരിണാമത്തെ ഇസ്‌ലാം എതിർക്കുന്നില്ല. എന്നാൽ ഒരു ജീവി മറ്റൊന്നായി മാറുന്ന അഥവാ ഒരു സ്പീഷ്യസ് മറ്റൊന്നായി മാറുന്നുവെന്ന് അവകാശപ്പെടുന്ന സ്ഥൂലപരിണാമത്തെ സംബന്ധിച്ചാണ് വ്യത്യസ്തമായ വീക്ഷണമുള്ളത്. അതിലൊട്ടും അസാംഗത്യവുമില്ല. കാരണം സ്ഥൂലപരിണാമത്തിന് ശാസ്ത്രത്തിലോ ചരിത്രത്തിലോ ഒരു തെളിവുമില്ല. കേരളത്തിലെ പരിണാമവാദികളുടെ മുന്നണിപ്പോരാളിയായ ഡോ. കുഞ്ഞുണ്ണി വർമതന്നെ ഇക്കാര്യം തുറന്നുസമ്മതിച്ചിട്ടുണ്ട്. “പരീക്ഷണാത്മകമായ തെളിവുകളില്ലെന്ന് പറഞ്ഞത് സ്ഥൂലപരിണാമത്തെക്കുറിച്ചു മാത്രമാണ്. അതേസമയം, പരീക്ഷണവാദത്തിലടങ്ങിയിട്ടുള്ള മിക്ക തത്ത്വങ്ങളെക്കുറിച്ചും സൂക്ഷ്മമായ പരിണാമമാറ്റങ്ങളെക്കുറിച്ചും പരീക്ഷണങ്ങൾ നടത്തി ആശിച്ച ഫലങ്ങൾ സമ്പാദിക്കുവാൻ ശാസ്ത്രജ്ഞന്മാർക്കു കഴിഞ്ഞിട്ടുണ്ട്”(ഉദ്ധരണം: സൃഷ്ടിവാദവും പരിണാമവാദികളും, പുറം 33).

പരിണാമവാദത്തിന്റെ ഉപജ്ഞാതാവായി വാഴ്ത്തപ്പെടുന്ന ചാൾസ് ഡാർവിൻ പോലും അതിനെ അനിഷേധ്യമായ ഒരു സിദ്ധാന്തമായി തറപ്പിച്ചു പറഞ്ഞിട്ടില്ല. അദ്ദേഹം എഴുതുന്നു: "വിശേഷരൂപങ്ങളുടെ വ്യതിരിക്തതയും അവ അനേകം പരിവർത്തനകണ്ണികളാൽ ചേർക്കപ്പെട്ടിട്ടില്ല എന്നതും വളരെ വ്യക്തമായ പ്രശ്നമാണ്..."

"എന്റെ സിദ്ധാന്തപ്രകാരം സിലൂറിയൻ ഘട്ടത്തിനു മുമ്പ് തീർച്ചയായും എവിടെയെങ്കിലും അടിഞ്ഞുകൂടിയിരിക്കാവുന്ന വിപുലമായ ഫോസിൽപാളികളുടെ അഭാവം ഉൾക്കൊള്ളുന്നതിലുള്ള പ്രയാസം വളരെ വലുതാണ്. ഇതു വിശദീകരിക്കാനാവാതെ തുടരും. ഞാനിവിടെ അവതരിപ്പിച്ച വീക്ഷണങ്ങളോടുള്ള, സാധുതയുള്ള എതിർവാദമായി ന്യായമായും ഇതുന്നയിക്കപ്പെട്ടേക്കാം."(ഒറിജിൻ ഓഫ് സ്പീഷ്യസ്, പേജ് 314. ഉദ്ധരണം, ഡാർവിനിസം: പ്രതീക്ഷയും പ്രതിസന്ധിയും, പുറം 23).

"ഡാർവിൻ കൃതിയിലെ ഒമ്പതാം അധ്യായത്തിന്റെ തലക്കെട്ട് 'ഭൂശാസ്ത്ര രേഖയുടെ അപൂർണതയെപ്പറ്റി' എന്നാണ്. ഫോസിൽ ശൃംഖലയിലെ വിടവുകളെപ്പറ്റി ഡാർവിൻ നൽകുന്ന വിശദീകരണങ്ങളാണ് അതിന്റെ ഉള്ളടക്കം. അദ്ദേഹം എഴുതി: 'വിശേഷരൂപങ്ങളുടെ വ്യതിരിക്തതയും അവ അനേകം പരിവർത്തനകണ്ണികളാൽ ചേർക്കപ്പെട്ടിട്ടില്ല എന്നതും വളരെ വ്യക്തമായ പ്രശ്നമാണ്" (ഒറിജിൻ ഓഫ് സ്പീഷ്യസ്, പേജ് 291. ഉദ്ധരണം, ഡാർവിനിസം: പ്രതീക്ഷയും പ്രതിസന്ധിയും, പുറം 30).

"ഒരേ ഗ്രൂപ്പിലെ വിവിധ സ്പീഷ്യസുകൾ പഴക്കമേറിയ പാലിയോസോയിക് കൽപത്തിന്റെ ആദ്യഘട്ടമായ സിലൂറിയൻ പാളികളിൽ പെട്ടെന്ന് പ്രത്യക്ഷപ്പെടുന്നതായി അക്കാലത്തെ ഉത്ഖനനങ്ങൾ തെളിയിച്ചിരുന്നു. സിലൂറിയന് തൊട്ടുമുമ്പുള്ള ക്രസ്റ്റേഷ്യൻ പാളിയിൽ ഇവയുടെ മുൻഗാമികളെ കാണേണ്ടിയിരുന്നു. പക്ഷേ, ലഭ്യമായില്ല. ഇതു ഗുരുതരമായ പ്രശ്നമാണെന്ന് സമ്മതിച്ചുകൊണ്ട് ഡാർവിൻ എഴുതുന്നു: 'ഈ വിസ്തൃതമായ പ്രാഗ്ഘട്ടങ്ങളുടെ രേഖകൾ എന്തുകൊണ്ടു കാണുന്നില്ലെന്ന ചോദ്യത്തിന് സംതൃപ്തമായ ഉത്തരം നൽകാൻ എനിക്കു കഴിയില്ല"(ഒറിജിൻ ഓഫ് സ്പീഷ്യസ്, പേജ്, 313. ഉദ്ധരണം, ഡാർവിനിസം: പ്രതീക്ഷയും പ്രതിസന്ധിയും, പുറം 30).

ചാൾസ് ഡാർവിനു ശേഷം പരിണാമവാദത്തിന് ഉപോദ്ബലകമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ലെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ചിക്കാഗോ സർവകലാശാലയിലെ ഭൂഗർഭ ശാസ്ത്രവകുപ്പിന്റെ ചെയർമാൻ ഡേവിഡ് എം. റൂപ്പ് എഴുതുന്നു: "തന്റെ സിദ്ധാന്തവും ഫോസിൽ തെളിവുകളും തമ്മിലുള്ള പൊരുത്തക്കേടിന് സാമാന്യ പരിഹാരമായി ഫോസിൽ രേഖ വളരെ അപൂർവമാണെന്നാണ് ഡാർവിൻ പറഞ്ഞത്. ഡാർവിനു ശേഷം നൂറ്റിരുപത് വർഷം കഴിഞ്ഞിരിക്കുന്നു. ഫോസിൽ രേഖയെപ്പറ്റിയുള്ള വിജ്ഞാനം വളരെയേറെ വികസിച്ചിട്ടുണ്ട്. നമുക്കിപ്പോൾ രണ്ടു ലക്ഷത്തി അമ്പതിനായിരം ഫോസിൽ സ്പീഷ്യസുകളുണ്ടെങ്കിലും സ്ഥിതി അത്രയൊന്നും മാറിയിട്ടില്ല. പരിണാമരേഖ ഇപ്പോഴും വിസ്മയിപ്പിക്കും വിധം ഭംഗമുള്ളതാണ്. വിരോധാഭാസമെന്നോണം ഡാർവിന്റെ കാലത്തു

ണ്ടായിരുന്നതിനേക്കാൾ കുറഞ്ഞ പരിണാമ ഉദാഹരണങ്ങളേ നമുക്കുള്ളൂ" (Conflicts between Darwinism and Paloeantology Bullettin Field Museum of Natural History: 50 Jan 1979, P: 22 ഉദ്ധരണം Ibid പുറം 23).

ഡാർവിനിസത്തിൽ പരിണാമവാദികൾക്കുതന്നെ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഓക്സ്ഫോർഡ് സർവകലാശാല 1982-ൽ പുറത്തിറക്കിയ, പ്രമുഖ ജന്തുശാസ്ത്രജ്ഞനും പരിണാമവാദിയുമായ ഹൊവാഡിന്റെ ഡാർവിനെ സംബന്ധിച്ച ജീവചരിത്ര കൃതിയിലിങ്ങനെ കാണാം: "ഡാർവിന്റെ മരണശതാബ്ദിയോടെ വിജ്ഞാനത്തിനുള്ള ഡാർവിന്റെ സംഭാവനയുടെ വിലയേയും നിലയേയും പറ്റി വ്യാപകമായ സംശയമനോഭാവവും അസ്വസ്ഥതയും ഉണ്ടായിവരുന്നു"(ഉദ്ധരണം: സൃഷ്ടിവാദവും പരിണാമവാദികളും, പുറം 54).

പ്രമുഖ ഫോസിൽ ശാസ്ത്രജ്ഞരായ സ്റ്റീഫൻ ഗൗൾഡും നീൽസ് എൽഡ്രെഡ്ജും ഡാർവിനിസത്തിൽ വിശ്വാസം നഷ്ടപ്പെട്ടതിനാൽ പുതിയ സിദ്ധാന്തം ആവിഷ്കരിക്കുകയുണ്ടായി. വിശ്വവിഖ്യാതരായ പരിണാമവാദികൾക്കുപോലും തങ്ങൾ മുമ്പോട്ടുവച്ച സിദ്ധാന്തത്തിന്റെ ദൗർബല്യങ്ങളെക്കുറിച്ച് നന്നായറിയാം. സത്യസന്ധരായ ചിലരെങ്കിലും അത് തുറന്നുപറയാറുണ്ട്. പ്രശസ്ത പുരാജീവിശാസ്ത്രജ്ഞനും പരിണാമവിശ്വാസിയുമായ ഡോ. കോളിൻ പാറ്റേഴ്സൺ എഴുതിയ കത്തിലിങ്ങനെ കാണാം: "പക്ഷികളുടെയെല്ലാം മുൻഗാമിയായിരുന്നുവോ ആർക്കിയോപ്ടെറിക്സ്? ഒരുപക്ഷേ, ആയിരിക്കാം. ഒരുപക്ഷേ അല്ലായിരിക്കാം. ഈ ചോദ്യത്തിനു ഉത്തരം കണ്ടെത്താൻ യാതൊരു മാർഗവുമില്ല. ഒരു രൂപത്തിൽനിന്നും മറ്റൊരു രൂപമുണ്ടായതെങ്ങനെയെന്നതിനെപ്പറ്റി കഥകൾ മെനയാൻ എളുപ്പമാണ്; പ്രകൃതിനിർധാരണം ഓരോ ഘട്ടത്തെയും എങ്ങനെയാണ് പിന്തുണച്ചതെന്നു പറയാനും. പക്ഷേ, അത്തരം കഥകൾ ശാസ്ത്രത്തിന്റെ ഭാഗമല്ല. കാരണം അവയെ പരീക്ഷണ വിധേയമാക്കാനാവില്ല" (1979 ഏപ്രിൽ 10-ലെ പാറ്റേഴ്സന്റെ കത്ത് Scopes II The Great Debate pp. 14-15. ഉദ്ധരണം: Ibid പുറം 68).

പ്രമുഖ സൃഷ്ടിവാദ എഴുത്തുകാരനായ സുന്ദർലാന്റിന്റെ കത്തിനുള്ള മറുപടിക്കത്തായിരുന്നു കോളിൻ പാറ്റേഴ്സന്റേത്. അതിലദ്ദേഹം ഇത്രകൂടി കുറിച്ചിടുകയുണ്ടായി: "പരിണാമപരമായ പരിവർത്തനങ്ങളുടെ നേരിട്ടുള്ള ഉദാഹരണങ്ങൾ എന്റെ പുസ്തകത്തിൽ ഇല്ലാത്തതിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളോട് ഞാൻ പൂർണമായി യോജിക്കുന്നു. ജീവിച്ചിരിക്കുന്നതോ ഫോസിൽ രൂപത്തിലുള്ളതോ ആയ അത്തരം ഏതെങ്കിലും ഒന്നിനെക്കുറിച്ച് എനിക്കറിയാമായിരുന്നെങ്കിൽ തീർച്ചയായും ഞാനത് ഉൾപ്പെടുത്തുമായിരുന്നു. അത്തരം പരിവർത്തനങ്ങൾ ഒരു ആർട്ടിസ്റ്റിനെക്കൊണ്ട് ഭാവനയിൽ വരപ്പിച്ചുകൂടേയെന്ന് താങ്കൾ നിർദേശിക്കുന്നു. പക്ഷേ, അതേപ്പറ്റിയുള്ള വിവരങ്ങൾ അയാൾക്ക് എവിടെനിന്ന് ലഭിക്കും? സത്യസന്ധമായി പറഞ്ഞാൽ എനിക്ക് നൽകാനാവില്ല."(Ibid പുറം 68)

ശാസ്ത്രത്തിന്റെ കണ്ടെത്തലുകളൊക്കെ ഡാർവിനിസത്തെ ശക്തിപ്പെടുത്തിയിട്ടേയുള്ളൂവെന്ന് അടുത്തകാലം വരെ ശക്തമായി വാദിച്ചിരുന്ന

ഡോ. എ.എൻ. നമ്പൂതിരിപോലും മറിച്ചുപറയാൻ നിർബന്ധിതനാവുകയുണ്ടായി. അദ്ദേഹം എഴുതി: "ശാസ്ത്രരംഗത്തെ പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാനും ഊർജസ്വലമായി നിലനിർത്താനും ഡാർവിനിസത്തിനു ഇതുവരെ കഴിഞ്ഞു. അടുത്തകാലത്താണ് ചിത്രം മാറിയത്. ഇപ്പോഴും ഡാർവിനിസത്തിന്റെ പ്രഭയ്ക്ക് പൊതുവെ മങ്ങലേറ്റിട്ടില്ല. എങ്കിലും ജീവന്റെ ചരിത്രത്തിലെ ചില ഘട്ടങ്ങളിലെങ്കിലും പരിണാമത്തിന്റെ പ്രവർത്തനരീതി ഡാർവിൻ സങ്കൽപത്തിന് അനുയോജ്യമല്ല എന്ന സൂചനകളുണ്ട്. ഡാർവിനിസം നേരിടുന്ന ആദ്യത്തെ പ്രതിസന്ധി." (ഡാർവിനിസം വഴിത്തിരിവിൽ, കലാകൗമുദി 1076, പേജ് 19).

ശാസ്ത്രസത്യങ്ങളുടെ നേരെ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടികളുണ്ടായിരിക്കും. എന്നാൽ പരിണാമവാദത്തിനു നേരെ ധൈഷണിക തലത്തിൽനിന്ന് ഉയർത്തപ്പെട്ട ചോദ്യങ്ങൾക്കൊന്നും ഇതേവരെ മറുപടി ലഭിച്ചിട്ടില്ല. ഉദാഹരണത്തിന് ഒന്നുമാത്രമിവിടെ ഉദ്ധരിക്കാം."ജീവികളിൽ നിരന്തരമായി വ്യതിയാനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അനുകൂല വ്യതിയാനങ്ങളെ പ്രകൃതിനിർധാരണം വഴി അതിജീവിപ്പിക്കുന്നതിനാൽ അവ പാരമ്പര്യമായി കൈമാറപ്പെടുന്നു. അനുകൂല ഗുണങ്ങൾ സ്വരൂപിക്കപ്പെട്ട് പുതിയ ജീവിവർഗങ്ങളുണ്ടാവുന്നു" എന്നാണ് ഡാർവിനിസത്തിന്റെ വാദം. ഇതു ശരിയാണെങ്കിൽ ഏകദേശം മുന്നൂറു കോടി വർഷങ്ങൾക്കപ്പുറം ഉണ്ടായ (ഇന്നും നിലനിൽക്കുന്ന) ഏകകോശ ലളിതജീവികളായ അമീബകൾ എന്തുകൊണ്ടവശേഷിച്ചു? ഇന്നു കാണപ്പെടുന്ന അമീബകളുടെ മുൻതലമുറകളിൽ നിരന്തരമായി വ്യതിയാനങ്ങൾ ഉണ്ടായില്ലേ? ഇല്ലെങ്കിൽ എന്തുകൊണ്ട്? അവ മറ്റൊരു ജീവിവർഗമായി പരിണമിക്കാതെ പ്രതികൂല പരിതഃസ്ഥിതികളെ എങ്ങനെ അതിജീവിച്ചു? മുന്നൂറുകോടി വർഷങ്ങൾക്കപ്പുറം നിലനിന്ന ഏകകോശങ്ങളുടെ ഒരു ശ്രേണി അതേപടി തുടരുകയും മറ്റൊരു ശ്രേണി അസംഖ്യം പുതിയ സ്പീഷ്യസുകളിലൂടെ സസ്തനികളിലെത്തുകയും ചെയ്തതെന്തുകൊണ്ട്? ഇത്തരം ചോദ്യങ്ങൾ ഡാർവിനിസത്തിന്റെ സൈദ്ധാന്തിക ശേഷിയെ പരീക്ഷിക്കുന്നവയാണ്. ഈ വസ്തുത തന്നെ കുഴക്കുന്നതായി ഡാർവിൻ തന്നെ സമ്മതിച്ചിട്ടുണ്ട്. 1860 മെയ് 22-ന് ഡാർവിൻ അദ്ദേഹത്തിന്റെ പിന്തുണക്കാരനും ഹാർവാർഡ് സർവകലാശാലയിലെ സസ്യശാസ്ത്രജ്ഞനുമായിരുന്ന അസാഗ്രേക്ക് എഴുതി: "കത്തുകളിൽനിന്നും അഭിപ്രായ പ്രകടനങ്ങളിൽനിന്നും മനസ്സിലാകുന്നതിനനുസരിച്ച് എന്റെ കൃതിയുടെ ഏറ്റവും വലിയ പോരായ്മ എല്ലാ ജൈവരൂപങ്ങളും പുരോഗമിക്കുന്നുവെങ്കിൽ പിന്നെ ലളിതമായ ജൈവരൂപങ്ങൾ എന്തിനു നിലനിൽക്കുന്നു എന്നു വിശദീകരിക്കാൻ കഴിയാതെ പോയതാണ്."(ഫ്രാൻസിസ് ഡാർവിൻ എഡിറ്റു ചെയ്ത The life and letters of Charls Darwin എന്ന കൃതിയിൽനിന്ന്, എൻ. എം. ഹുസൈൻ, ഡാർവിനിസം: പ്രതീക്ഷയും പ്രതിസന്ധിയും, പുറം 18,19).

പരിണാമവാദികൾ ആദ്യകാലത്ത് തങ്ങളുടെ വാദത്തിന് തെളിവായി എടുത്തുകാണിച്ചിരുന്ന നിയാണ്ടർതാൽ മനുഷ്യരുടെ ഫോസിലുകൾ കണരോഗം ബാധിച്ച സാധാരണ മനുഷ്യരുടെ അസ്ഥികൾ ചേർത്തുവെച്ചതാ

ണെന്ന് പിന്നീട് തെളിയിക്കപ്പെടുകയുണ്ടായി. അതോടെ മൃഗഛായയുള്ള നിയാണ്ടർതാൽ മനുഷ്യന്റെ കഥയും കണ്ണിയും അറ്റുപോയി കഥാവശേഷമായി. പകരമൊന്നു വയ്ക്കാനിന്നോളം പരിണാമവാദികൾക്കു സാധിച്ചിട്ടില്ല. ഇപ്രകാരംതന്നെയാണ് ഹൽട്ട് മനുഷ്യന്റെ കഥയും. മനുഷ്യനും ആൾക്കുരങ്ങനുമിടയിലെ പ്രസിദ്ധമായൊരു കണ്ണിയായാണ് പരിണാമവാദികൾ ഹൽട്ട് മനുഷ്യനെ അവതരിപ്പിച്ചിരുന്നത്. എന്നാൽ ആൾക്കുരങ്ങിന്റെ താടിയെല്ല് മനുഷ്യന്റെ തലയോട്ടിൽ ഘടിപ്പിച്ച് കൃത്രിമമായി ഉണ്ടാക്കിയതാണ് ഈ അർധ മനുഷ്യ ഫോസിലെന്ന് പിന്നീട് തെളിയിക്കപ്പെടുകയുണ്ടായി. ഇതെല്ലാം പരിണാമവാദത്തെ കഥാവശേഷമാക്കുന്നതിൽ അതിപ്രധാനമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്.

ചുരുക്കത്തിൽ, പരിണാമവാദത്തിന് എന്തെങ്കിലും ശാസ്ത്രീയ അടിത്തറയോ പ്രമാണത്തിന്റെ പിൻബലമോ ഇല്ല. കേവലം വികല ഭാവനയും അനുമാനങ്ങളും നിഗമനങ്ങളും മാത്രമാണത്. അതിന്റെ വിശ്വാസ്യത അടിക്കടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരമൊന്നിനെ ഇസ്‌ലാം അംഗീകരിക്കുന്നുണ്ടോ എന്ന പ്രശ്നം ഉദ്ഭവിക്കുന്നില്ല. പരിണാമ സങ്കല്പം ഒരു സിദ്ധാന്തമായി തെളിയിക്കപ്പെടുമ്പോഴേ അതിന്റെ നേരെയുള്ള ഇസ്‌ലാമിന്റെ സമീപനം വിശകലനം ചെയ്യുന്നതിലർഥമുള്ളൂ.

## ഇരുപത്തിരണ്ട്

# മതമേതായാലും മനുഷ്യൻ നന്നായാൽ പോരേ?

*“മതം ദൈവികമാണെങ്കിൽ ലോകത്ത് വിവിധ മതങ്ങളുണ്ടായത് എന്തുകൊണ്ട്? വ്യത്യസ്ത ദേശക്കാർക്കും കാലക്കാർക്കും വെവ്വേറെ മതമാണോ ദൈവം നൽകിയത്? അങ്ങനെയാണെങ്കിൽ തന്നെ വിവിധ മതങ്ങൾക്കിടയിൽ പരസ്പര ഭിന്നതയും വൈരുധ്യവും ഉണ്ടാവാൻ കാരണമെന്ത്?”*

മാനവസമൂഹത്തിന് ദൈവം നൽകിയ ജീവിതവ്യവസ്ഥയാണ് മതം. മനുഷ്യൻ ആരാണെന്നും എവിടെനിന്നു വന്നുവെന്നും എങ്ങോട്ടു പോകുന്നുവെന്നും ജീവിതം എന്താണെന്നും ഏതു വിധമാവണമെന്നും മരണശേഷം എന്ത് എന്നും ഒക്കെയാണ് അത് മനുഷ്യന് പറഞ്ഞുകൊടുക്കുന്നത്. അങ്ങനെ ജനജീവിതത്തെ നേർവഴിയിലൂടെ നയിച്ച് വിജയത്തിലെത്തിക്കുകയാണ് മതം ചെയ്യുന്നത്; ചെയ്യേണ്ടത്. ദൈവം തന്റെ സമഗ്രമായ ഈ ജീവിതവ്യവസ്ഥ കാലദേശഭേദമില്ലാതെ എല്ലാ ജനസമൂഹങ്ങൾക്കും സമ്മാനിച്ചിട്ടുണ്ട്. തന്റെ സന്ദേശവാഹകരിലൂടെയാണത് അവതരിപ്പിച്ചത്. എല്ലാ ദൈവദൂതന്മാരും മനുഷ്യരാശിക്കു നൽകിയ ജീവിതാദർശം മൗലികമായി ഒന്നുതന്നെയാണ്. അല്ലാഹു അറിയിക്കുന്നു: “എല്ലാ സമുദായങ്ങളിലേക്കും നാം ദൂതന്മാരെ നിയോഗിച്ചിട്ടുണ്ട്. അവരിലൂടെ എല്ലാവരെയും അറിയിച്ചു: നിങ്ങൾ ദൈവത്തെ മാത്രം വണങ്ങി, വഴങ്ങി, വിധേയമായി ജീവിക്കുക. പരിധിലംഘിച്ച അതിക്രമകാരികളെ നിരാകരിക്കുക.”(ഖുർആൻ 16: 36)

അങ്ങനെ ഒരു ജനതയിൽ ദൈവദൂതൻ നിയോഗിതനാകുന്നു. തന്റെ ജനതയെ ദൈവികസന്മാർഗത്തിലേക്ക് ക്ഷണിക്കുന്നു. അപ്പോൾ അവരിലൊരു വിഭാഗം അദ്ദേഹത്തെ അംഗീകരിക്കുകയും പിന്തുടരുകയും ചെയ്യുന്നു. അവശേഷിക്കുന്നവർ പൂർവികാചാരങ്ങളിൽ ഉറച്ചുനിൽക്കുന്നു. ദൈവദൂതന്റെ വിയോഗാനന്തരം ഹ്രസ്വമോ ദീർഘമോ ആയ കാലം കഴിയുന്നതോടെ അദ്ദേഹത്തിന്റെ അനുയായികൾതന്നെ ദൈവിക സന്മാർഗത്തിൽനിന്ന് വ്യതിചലിക്കുന്നു. പണ്ഡിത പുരോഹിതന്മാർ അവരിൽ അന്ധ

വിശ്വാസങ്ങളും അനാചാരങ്ങളും വളർത്തുന്നു. ആവിധം സമൂഹം സത്യ ശുദ്ധമായ ദൈവപാതയിൽനിന്ന് വ്യതിചലിക്കുമ്പോൾ വീണ്ടും ദൈവദൂതൻ നിയോഗിതനാവുന്നു. സമൂഹത്തിലെ ഒരുവിഭാഗം അദ്ദേഹത്തെ പിന്തുടരുകയും മറ്റുള്ളവർ പഴയ സമ്പ്രദായങ്ങളിൽതന്നെ നിലകൊള്ളുകയും ചെയ്യുന്നു. അതോടെ അദ്ദേഹത്തെ അനുഗമിക്കുന്നവർ ഒരു മതാനുയായികളായും അല്ലാത്തവർ മറ്റൊരു മതക്കാരായും അറിയപ്പെടുന്നു. യഥാർഥത്തിൽ എല്ലാ ദൈവദൂതന്മാരും ജനങ്ങളെ ക്ഷണിച്ചത് ഒരേ സ്രഷ്ടാവിലേക്കും അവന്റെ ജീവിതവ്യവസ്ഥയിലേക്കുമാണ്. ഇസ്രായേല്യർ ദൈവികസന്മാർഗത്തിൽനിന്ന് വ്യതിചലിച്ചപ്പോൾ അവരെ നേർവഴിയിലേക്ക് നയിക്കാൻ മോശെ പ്രവാചകൻ നിയോഗിതനായി. പിന്നീട് അദ്ദേഹത്തിന്റെ അനുയായികൾ വഴിപിഴച്ചപ്പോൾ യേശു നിയോഗിതനായി. യേശുവിന്റെ ക്ഷണം നിരാകരിച്ച് തങ്ങളുടെ ദുരാചാരങ്ങളിലുറച്ചുനിന്നവർ ജൂതന്മാരായി അറിയപ്പെട്ടു. യേശുവിനെ പിന്തുടർന്നുവന്നവർ ക്രിസ്ത്യാനികളായിത്തീർന്നു. ഈവിധം സമൂഹം സത്യപാതയിൽനിന്ന് വ്യതിചലിക്കുമ്പോൾ അവരെ സന്മാർഗത്തിലേക്ക് നയിക്കാൻ നിയോഗിതരാവുന്ന പുതിയ പ്രവാചകന്മാരെ അനുധാവനം ചെയ്യാതെ പൂർവികാചാരങ്ങളെ പിന്തുടർന്നതിനാലാണ് ലോകത്ത് വിവിധ മതങ്ങളും അവയ്ക്കിടയിൽ ഭിന്നതയും വൈരുധ്യങ്ങളും ഉണ്ടായത്.

*"നദികൾ പലയിടങ്ങളിലും നിന്നാരംഭിച്ച് പല വഴികളിലൂടെ ഒഴുകി സമുദ്രത്തിലെത്തുന്നു. ആ വിധം മനുഷ്യൻ വ്യത്യസ്ത മാർഗമവലംബിച്ച് ദൈവത്തിലെത്തുന്നു. അതിനാൽ ശ്രീനാരായണഗുരു പറഞ്ഞപോലെ 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'യെന്നതല്ലേ ശരി?"*

ദൈവത്തിന്റെ പ്രീതിയും പ്രതിഫലവും നേടാനുള്ള പാതയാണല്ലോ മതം. തന്നിലേക്ക് വന്നുചേരാനുള്ള വഴിയേതെന്ന് നിശ്ചയിക്കേണ്ടത് സ്രഷ്ടാവായ ദൈവം തന്നെയാണ്. അതവൻ നിശ്ചയിക്കുകയും തന്റെ ദൂതന്മാരിലൂടെ മാനവസമൂഹത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

പരസ്പരവിരുദ്ധമായ കാര്യങ്ങൾ ഒരേസമയം സത്യമാവുക സാധ്യമല്ലെന്നത് സുവിദിതമാണല്ലോ. ഗണിതശാസ്ത്രത്തിൽ രണ്ടും രണ്ടും ചേർത്താൽ നാലാണെന്നത് ശരിയാണ്. മൂന്നാണെന്നതും അഞ്ചാണെന്നതും തെറ്റാണ്. ഓക്സിജനും ഹൈഡ്രജനും കൂടിച്ചേർന്നാൽ വെള്ളമുണ്ടാകുമെന്നത് സത്യമാണ്. മദ്യമുണ്ടാകുമെന്നത് അസത്യമാണ്. ഇവ്വിധം തന്നെ മതത്തിൽ സത്യവും അസത്യവും ഏതെന്നത് മൗലിക പ്രധാനമാണ്. അദ്വൈതമാണ് സത്യമെന്നും ദ്വൈതം അസത്യമാണെന്നും ശ്രീശങ്കരാചാര്യർ പറയുന്നു. ദ്വൈതമാണ് സത്യമെന്നും അദ്വൈതം അസത്യമാണെന്നും മാധ്വാചാര്യർ സ്ഥാപിക്കുന്നു. ഇത് രണ്ടും അസത്യമാണെന്നും വിശിഷ്ടാദ്വൈതമാണ് സത്യമെന്നും രാമാനുജാചാര്യർ അവകാശപ്പെടുന്നു. ദൈവാവതാര സങ്കല്പം സത്യമാണെന്ന് വിശ്വസിക്കുന്നവരും അസത്യമാണെന്ന് വിശ്വസിക്കുന്നവരും ഹൈന്ദവ പണ്ഡിതൻമാരിലുണ്ട്. പുനർജൻമസങ്കല്പത്തിന്റെ സ്ഥിതിയും ഇതുതന്നെ. ഹൈന്ദവ പണ്ഡി

തൻമാർ തന്നെ ഹിന്ദുമതത്തിലെ വിവിധ വിശ്വാസങ്ങൾ സത്യമാണെന്ന് വിശ്വസിക്കുന്നില്ലെന്ന് ഇത് തെളിയിക്കുന്നു. അതിനാൽ വിവിധ മതങ്ങളിലെ ഏകദൈവത്വം, ത്രിയേകത്വം, ബഹുദൈവത്വം, ദ്വൈതം, അദ്വൈതം, ഏകദൈവാരാധന, ബഹുദൈവാരാധന, വിഗ്രഹാരാധന, വിഗ്രഹാരാധന കൊടിയ പാപമാണെന്ന വിശ്വാസം, പരലോക വിശ്വാസം, പുനർജന്മവിശ്വാസം, മനുഷ്യരൊക്കെ പരിശുദ്ധരായാണ് ജനിക്കുന്നതെന്ന വീക്ഷണം, പാപികളായാണ് പിറക്കുന്നതെന്ന പ്രസ്താവം പോലുള്ള കാര്യങ്ങൾ ഒരേസമയം സത്യവും ശരിയും സ്വീകാര്യവുമാവുകയില്ല. ആവുമെന്ന് പറയുന്നത് രണ്ടും രണ്ടും നാലാണെന്നതും അഞ്ചാണെന്നതും മൂന്നാണെന്നതും സത്യവും ശരിയുമാണെന്നു പറയുന്നതുപോലെ പരമാബദ്ധമാണ്.

അതുകൊണ്ടുതന്നെ മനുഷ്യ ഇടപെടലുകളിൽനിന്ന് മുക്തമായ, സത്യശുദ്ധമായ ദൈവിക സൻമാർഗം ഏതെന്ന് അന്വേഷിച്ച് കണ്ടെത്തി അത് പിന്തുടരുകയാണ് വേണ്ടത്. വിജയത്തിന്റെ വഴിയും അതുതന്നെ. താൻ വിശ്വസിക്കുന്ന കാര്യവും അതിനു നേരെ വിരുദ്ധമായതും ഒരേസമയം സത്യവും സ്വീകാര്യവുമാണെന്ന്, ബോധമുള്ള ആരും അംഗീകരിക്കുകയില്ല. കമ്യൂണിസവും മുതലാളിത്തവും ഒരുപോലെ ശരിയും നല്ലതുമാണെന്ന് അവയെക്കുറിച്ചറിയുന്ന അവരുടെ അനുയായികളാരും പറയുകയില്ലല്ലോ.

യഥാർഥത്തിൽ വേണ്ടത് മനുഷ്യനെ നന്നാക്കുന്ന മതമാണ്. അഥവാ, ഐഹികജീവിതത്തിൽ മനസ്സിന് സമാധാനവും വ്യക്തിജീവിതത്തിൽ വിശുദ്ധിയും കുടുംബത്തിന് സ്വൈരവും സമൂഹത്തിന് സമാധാനവും രക്ഷയും രാഷ്ട്രത്തിന് ക്ഷേമവും ഭദ്രതയും ലോകത്ത് പ്രശാന്തിയും സർവോപരി പരലോകത്ത് നരകത്തിൽനിന്ന് മോചനവും സ്വർഗലബ്ധിയും ഉറപ്പുവരുത്തുന്ന മതം. മതമില്ലാതെ ഇത് സാധ്യവുമല്ല.

*"ഏത് മതവും സ്വീകരിക്കാമെന്ന് ഖുർആനിൽ തന്നെ ഉണ്ടല്ലോ. ഖുർആൻ 2: 62-ൽ ഇങ്ങനെ കാണാം: 'ഉറപ്പായി അറിയുക: ഈ പ്രവാചകനിൽ വിശ്വസിച്ചവരോ ജൂതന്മാരോ ക്രിസ്ത്യാനികളോ സാബികളോ ആരുമാവട്ടെ, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർ ഭയപ്പെടാനോ ദുഃഖിക്കാനോ ഇടയാവുന്നതല്ല'. ഇതിനെക്കുറിച്ച് എന്തു പറയുന്നു?"*

യഹൂദരുടെ വംശീയവാദത്തെ നിരാകരിക്കുന്ന വിശുദ്ധവാക്യമാണിത്. തങ്ങളുടെ വംശം മാത്രമാണ് ദൈവത്തിന് പ്രിയപ്പെട്ടവരും സ്വർഗാവകാശികളുമെന്നായിരുന്നു അവരുടെ അവകാശവാദം. തങ്ങൾ എങ്ങനെ ജീവിച്ചാലും രക്ഷപ്രാപിക്കുമെന്നും മറ്റുള്ളവരെല്ലാം നരകാവകാശികളായിരിക്കുമെന്നും അവർ വിശ്വസിച്ചു. ഇതിനെ ഖണ്ഡിച്ചുകൊണ്ട് ഖുർആൻ പറഞ്ഞു: "വംശമോ ജാതിയോ സമുദായമോ അല്ല വിജയനിദാനം; മറിച്ച് ദൈവത്തിലും പരലോകത്തിലുമുള്ള വിശ്വാസവും സൽക്കർമവുമാണ്."

ദൈവത്തിലും മരണാനന്തര ജീവിതത്തിലും യഥാവിധി വിശ്വസിക്കലും സൽക്കർമങ്ങളനുഷ്ഠിക്കലും തന്നെയാണ് ഇസ്‌ലാം. ആർ ആവിധം ജീവിക്കുന്നുവോ അവർ മുസ്‌ലിംകളാണ്. അവരുടെ വംശമോ വർഗമോ ദേശമോ ജാതിയോ ഏതായിരുന്നാലും ശരി. ജൂതന്മാരും ക്രിസ്ത്യാനികളും സാബികളും ദൈവത്തിലും മരണാനന്തര ജീവിതത്തിലും വിശ്വസിച്ച് സൽക്കർമങ്ങളനുഷ്ഠിക്കുന്നതോടെ അവർ അവരല്ലാതായിത്തീരുന്നു. വിശ്വാസങ്ങളിലും ആരാധനകളിലും ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും ജീവിതരീതികളിലും സമൂലമായ മാറ്റം സംഭവിക്കുന്നു. പിന്നെ, നിലവിലുള്ള പേരിലവരറിയപ്പെടാനും ഇടയില്ല. അതിനാൽ ഖുർആൻ ഇവിടെയും വിജയത്തിന്റെ നിദാനമായി ഊന്നിപ്പറഞ്ഞത് ഇസ്‌ലാമിന്റെ അടിസ്ഥാനങ്ങളായ സത്യവിശ്വാസവും സൽക്കർമങ്ങളും

തന്നെയാണ്.

(വിശദീകരണത്തിന് ഡയലോഗ് സെന്റർ പ്രസിദ്ധീകരിച്ച 'സർവമത സത്യവാദം' എന്ന കൃതി കാണുക.)

## ഇരുപത്തിമൂന്ന്

# ആധുനികമനുഷ്യന് ആറാംനൂറ്റാണ്ടിലെ മതമോ?

### പ്രവാചകൻ മതസ്ഥാപകനല്ല

*"യേശു ദൈവപുത്രനാണെന്ന് ക്രിസ്ത്യാനികളും നിങ്ങളുടെ നബി ദൈവത്തിന്റെ അന്ത്യദൂതനാണെന്ന് നിങ്ങളും വാദിക്കുന്നു. ഇതെല്ലാം സ്വന്തം മതസ്ഥാപകരെ മഹത്വവൽക്കരിക്കാനുള്ള കേവലം അവകാശവാദങ്ങളല്ലേ?"*

ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച ഗുരുതരമായ തെറ്റുധാരണകളാണ് ഈ ചോദ്യത്തിനു കാരണം. മുഹമ്മദ് നബി നമ്മുടെയൊക്കെ പ്രവാചകനാണ്. ഏതെങ്കിലും ജാതിക്കാരുടെയോ സമുദായക്കാരുടെയോ മാത്രം നബിയല്ല. മുഴുവൻ ലോകത്തിനും സകല ജനത്തിനും വേണ്ടി നിയോഗിക്കപ്പെട്ട ദൈവദൂതനാണ്. അദ്ദേഹത്തെ സംബന്ധിച്ച് വിശുദ്ധഖുർആൻ പറയുന്നത്, 'ലോകർക്കാകെ അനുഗ്രഹമായിട്ടല്ലാതെ നിന്നെ നാം നിയോഗിച്ചിട്ടില്ല.' (21: 107) എന്നാണ്.

അപ്രകാരംതന്നെ എക്കാലത്തെയും ഏതു ദേശത്തെയും എല്ലാ നബിമാരെയും തങ്ങളുടെ സ്വന്തം പ്രവാചകന്മാരായി സ്വീകരിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരാണ്. അവർക്കിടയിൽ ഒരുവിധ വിവേചനവും കൽപിക്കാവതല്ല. മുസ്‌ലിംകൾ ഇപ്രകാരം പ്രഖ്യാപിക്കാൻ ശാസിക്കപ്പെട്ടിരിക്കുന്നു: "പറയുക: ഞങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുന്നു. ഇബ്റാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, അദ്ദേഹത്തിന്റെ സന്തതികൾ എന്നിവർക്കവതരിപ്പിക്കപ്പെട്ടിരുന്നതിലും മോശെ, യേശു എന്നിവർക്കും ഇതര പ്രവാചകന്മാർക്കും അവരുടെ നാഥങ്കൽനിന്നവതരിപ്പിച്ചിട്ടുള്ള മാർഗദർശനങ്ങളിലും ഞങ്ങൾ വിശ്വസിക്കുന്നു. അവരിലാരോടും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അല്ലാഹുവിന്റെ ആജ്ഞാനുവർത്തികളല്ലോ."(ഖുർആൻ 3:84)

ഖുർആൻ പറയുന്നു: “ദൈവദൂതൻ തന്റെ നാഥനിൽനിന്ന് തനിക്ക് അവതരിച്ച മാർഗദർശനത്തിൽ വിശ്വസിച്ചിരിക്കുന്നു. ഈ ദൂതനിൽ വിശ്വസിക്കുന്നവരാരോ അവരും ആ മാർഗദർശനത്തെ വിശ്വസിച്ചംഗീകരിച്ചിരിക്കുന്നു. അവരെല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും വേദഗ്രന്ഥങ്ങളിലും ദൂതന്മാരിലും വിശ്വസിക്കുന്നു. അവരുടെ പ്രഖ്യാപനമിവ്വിധമത്രെ: ഞങ്ങൾ ദൈവദൂതന്മാരിൽ ആരോടും വിവേചനം കാണിക്കുന്നില്ല. ഞങ്ങൾ വിധി ശ്രവിച്ചു. വിധേയത്വമംഗീകരിച്ചു. നാഥാ, ഞങ്ങൾ നിന്നോട് മാപ്പിരക്കുന്നവരാകുന്നു. ഞങ്ങൾ നിന്നിലേക്കുതന്നെ മടങ്ങുന്നവരാണല്ലോ”(2: 285).

പ്രവാചകന്മാരല്ല മതസ്ഥാപകരെന്നും അവർ ദൈവികസന്ദേശം മനുഷ്യരാശിക്കെത്തിക്കുന്ന ദൈവദൂതന്മാരും പ്രബോധകരും മാത്രമാണെന്നും ഈ വിശുദ്ധവാക്യങ്ങൾ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. അതിനാൽ മുഹമ്മദ് നബിയല്ല ഇസ്‌ലാമിന്റെ സ്ഥാപകൻ. ഇസ്‌ലാം അദ്ദേഹത്തിലൂടെ ആരംഭിച്ചതുമല്ല. ആദിമമനുഷ്യൻ മുതൽ മുഴുവൻ മനുഷ്യർക്കും ദൈവം നൽകിയ ജീവിത വ്യവസ്ഥയാണത്. ആ ജീവിതവ്യവസ്ഥ ജനങ്ങൾക്കെത്തിച്ചുകൊടുക്കാനായി നിയോഗിതരായ സന്ദേശവാഹകരാണ് പ്രവാചകന്മാർ. അവർ ദൈവത്തിന്റെ പുത്രന്മാരോ അവതാരങ്ങളോ അല്ല. മനുഷ്യരിൽനിന്നു തന്നെ ദൈവത്താൽ നിയുക്തരായ സന്ദേശവാഹകർ മാത്രമാണ്. ഭൂമിയിൽ ജനവാസമാരംഭിച്ചതു മുതൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത കാലഘട്ടങ്ങളിൽ ഇത്തരം അനേകായിരം ദൈവദൂതന്മാർ നിയോഗിതരായിട്ടുണ്ട്. അവരിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബിതിരുമേനി.

## എന്തുകൊണ്ടിപ്പോൾ ദൈവദൂതൻമാർ വരുന്നില്ല?

*“നബിതിരുമേനി ദൈവത്തിന്റെ അന്ത്യദൂതനായതെന്തുകൊണ്ട്? ദൈവത്തിന്റെ മാർഗദർശനം ഇന്നും ആവശ്യമല്ലേ? എങ്കിൽ എന്തുകൊണ്ടിപ്പോൾ ദൈവദൂതന്മാരുണ്ടാകുന്നില്ല?”*

മനുഷ്യരുടെ മാർഗദർശനമാണല്ലോ ദൈവദൂതന്മാരുടെ നിയോഗലക്ഷ്യം. മുഹമ്മദ് നബിക്കു മുമ്പുള്ള പ്രവാചകന്മാരിലൂടെ അവതീർണമായ ദൈവികസന്ദേശം ചില പ്രത്യേക കാലക്കാർക്കും ദേശക്കാർക്കും മാത്രമുള്ളവയായിരുന്നു. ലോകവ്യാപകമായി ആ സന്ദേശങ്ങളുടെ പ്രചാരണവും അവയുടെ ഭദ്രമായ സംരക്ഷണവും സാധ്യമായിരുന്നില്ലെന്നതാവാം ഇതിനു കാരണം. ഏതായാലും അവരിലൂടെ ലഭ്യമായ ദൈവികസന്ദേശം മനുഷ്യ ഇടപെടലുകളിൽനിന്ന് തീർത്തും മുക്തമായ നിലയിൽ ലോകത്തിന്ന് എവിടെയുമില്ല. എന്നാൽ പതിനാലു നൂറ്റാണ്ടിനപ്പുറം മുഹമ്മദ് നബിതിരുമേനിയിലൂടെ അവതീർണമായ ഖുർആൻ മുഴുവൻ മനുഷ്യർക്കും മാർഗദർശനമേകാൻ പര്യാപ്തമത്രെ. അന്നത് ലോകമെങ്ങും എത്താൻ സൗകര്യപ്പെടുമാറ് മനുഷ്യനാഗരികത വളർന്നു വികസിച്ചിരുന്നു. പ്രവാചക നിയോഗാനന്തരം ഏറെക്കാലം കഴിയുംമുമ്പേ അന്നത്തെ അറിയപ്പെട്ടിരുന്ന നാടുകളിലെങ്ങും ഖുർആന്റെ സന്ദേശം ചെന്നെത്തുകയും

പ്രചരിക്കുകയും ചെയ്തു. ഖുർആൻ മനുഷ്യരുടെ എല്ലാവിധ ഇടപെടലുകളിൽനിന്നും കൂട്ടിച്ചേർക്കലുകളിൽനിന്നും വെട്ടിച്ചുരുക്കലുകളിൽനിന്നും മുക്തമായി തനതായ നിലയിൽ ഇന്നും നിലനിൽക്കുന്നു. ലോകാവസാനം വരെ അത് അവ്വിധം സുരക്ഷിതമായി ശേഷിക്കും. ദൈവികമായ ഈ ഗ്രന്ഥത്തിൽ ഒരക്ഷരം പോലും മാറ്റത്തിന് വിധേയമായിട്ടില്ല. അതിന്റെ സൂക്ഷ്മമായ സംരക്ഷണം ദൈവംതന്നെ ഏറ്റെടുക്കുകയും ചെയ്തിരിക്കുന്നു. അവൻ വാഗ്ദാനം ചെയ്യുന്നു: "ഈ ഖുർആൻ നാം തന്നെ അവതരിപ്പിച്ചതാണ്. നാം തന്നെയാണതിന്റെ സംരക്ഷകനും"(15: 9).

മനുഷ്യരാശിക്കായി നൽകപ്പെട്ട ദൈവികമാർഗദർശനം വിശുദ്ധഖുർആനിലും അതിന്റെ വ്യാഖ്യാനവിശദീകരണമായ പ്രവാചകചര്യയിലും ഭദ്രമായും സൂക്ഷ്മമായും നിലനിൽക്കുന്നതിനാൽ പുതിയ മാർഗദർശനത്തിന്റെയോ പ്രവാചകന്റെയോ ആവശ്യമില്ല. അതുകൊണ്ടുതന്നെ കഴിഞ്ഞ പതിനാലുനൂറ്റാണ്ടിൽ പുതിയ വേദഗ്രന്ഥമോ ദൈവദൂതനോ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാവുകയുമില്ല. ഇക്കാര്യം ഖുർആൻതന്നെ ഊന്നിപ്പറഞ്ഞിട്ടുണ്ട്. "ജനങ്ങളേ, മുഹമ്മദ് നബി നിങ്ങളിലുള്ള പുരുഷന്മാരിലാരുടെയും പിതാവല്ല. പ്രത്യുത, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരിൽ അവസാനത്തെയാളുമാകുന്നു. അല്ലാഹു സർവസംഗതികളും അറിയുന്നവനല്ലോ"(32: 40).

## ആറാം നൂറ്റാണ്ടിലെ മതം!

*"പതിനാലു നൂറ്റാണ്ടിനകം ലോകം വിവരിക്കാനാവാത്ത വിധം മാറി. പുരോഗതിയുടെ പാരമ്യതയിലെത്തിയ ആധുനിക പരിഷ്കൃതയുഗത്തിൽ ആറാം നൂറ്റാണ്ടിലെ മതവുമായി നടക്കുന്നത് വിഡ്ഢിത്തമല്ലേ?"*

കാലം മാറിയിട്ടുണ്ട്, ശരിയാണ്. ലോകത്തിന്റെ കോലവും മാറിയിരിക്കുന്നു. മനുഷ്യനിന്ന് വളരെയേറെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. ശാസ്ത്രം വിവരണാതീതമാം വിധം വളർന്നു. സാങ്കേതികവിദ്യ സമൃദ്ധമായി. വിജ്ഞാനം വമ്പിച്ച വികാസം നേടി. ജീവിതസൗകര്യങ്ങൾ സീമാതീതമായി വർധിച്ചു. നാഗരികത നിർണായക നേട്ടങ്ങൾ കൈവരിച്ചു. ജീവിതനിലവാരം വളരെയേറെ മെച്ചപ്പെട്ടു. എന്നാൽ മനുഷ്യനിൽ ഇവയെല്ലാം എന്തെങ്കിലും മൗലികമായ മാറ്റം വരുത്തിയിട്ടുണ്ടോ? വിചാരവികാരങ്ങളെയും ആചാരക്രമങ്ങളെയും ആരാധനാരീതികളെയും പെരുമാറ്റ സമ്പ്രദായങ്ങളെയും സ്വഭാവ സമീപനങ്ങളെയും അൽപമെങ്കിലും സ്വാധീനിച്ചിട്ടുണ്ടോ? ഇല്ലെന്നതല്ലേ സത്യം? സഹസ്രാബ്ദങ്ങൾക്കപ്പുറം അന്ധവിശ്വാസങ്ങൾ സമൂഹത്തെ അടക്കിഭരിച്ചിരുന്നു. സമകാലീന സമൂഹത്തിലെ സ്ഥിതിയും അതുതന്നെ. അന്നത്തെപ്പോലെ ഇന്നും മനുഷ്യൻ അചേതന വസ്തുക്കളെ ആരാധിക്കുന്നു. ചതിയും വഞ്ചനയും കളവും കൊള്ളയും പഴയതുപോലെ തുടരുന്നു. മദ്യം മോന്തിക്കുടിക്കുന്നതിൽ പോലും മാറ്റമില്ല. ലൈംഗിക അരാജകത്വത്തിന്റെ അവസ്ഥയും അതുതന്നെ. എന്തിനേറെ, ആറാം നൂറ്റാണ്ടിലെ ചില അറേബ്യൻ ഗോത്രങ്ങൾ ചെയ്തിരുന്നതുപോലെ പെൺകുഞ്ഞുങ്ങളെ ആധുനിക മനുഷ്യനും ക്രൂരമായി കൊലപ്പെടുത്തുന്നു. അന്ന്

ഒന്നും രണ്ടുമൊക്കെയായിരുന്നുവെങ്കിൽ ഇന്ന് ലക്ഷങ്ങളും കോടികളുമാണെന്നു മാത്രം. വൈദ്യവിദ്യയിലെ വൈദഗ്ധ്യം അത് അനായാസകരമാക്കുകയും ചെയ്തിരിക്കുന്നു. നാം കിരാതമെന്ന് കുറ്റപ്പെടുത്തുന്ന കാലത്ത് സംഭവിച്ചിരുന്നപോലെ തന്നെ ഇന്നും മനുഷ്യൻ തന്റെ സഹജീവിയെ ക്രൂരമായി കൊലപ്പെടുത്തുന്നു. അന്ന് കൂർത്തുമൂർത്ത കല്ലായിരുന്നു കൊലയ്ക്ക് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്ന് വൻ വിസ്ഫോടന ശേഷിയുള്ള ബോംബാണെന്നു മാത്രം. അതിനാൽ കൊല ഗണ്യമായി വർധിച്ചിരിക്കുന്നു. ചുരുക്കത്തിൽ, ലോകത്തുണ്ടായ മാറ്റമൊക്കെയും തീർത്തും ബാഹ്യമത്രെ. അകം അന്നും ഇന്നും ഒന്നുതന്നെ. മനുഷ്യന്റെ മനമൊട്ടും മാറിയിട്ടില്ല. അതിനാൽ മൗലികമായൊരു മാറ്റവും സംഭവിച്ചിട്ടില്ല. പിന്നിട്ട നൂറ്റാണ്ടുകളിലെ പുരുഷാന്തരങ്ങളിൽ മനംമാറ്റവും അതുവഴി ജീവിത പരിവർത്തനവും സൃഷ്ടിച്ച ആദർശവിശ്വാസങ്ങൾക്കും മൂല്യബോധത്തിനും മാത്രമേ ഇന്നും അതുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ആറാം നൂറ്റാണ്ടിലെ മാനവമനസ്സിന് സമാധാനവും ജീവിതത്തിന് വിശുദ്ധിയും കുടുംബത്തിന് സ്വൈരവും സമൂഹത്തിന് സുരക്ഷയും രാഷ്ട്രത്തിന് ഭദ്രതയും നൽകിയ ദൈവികജീവിതവ്യവസ്ഥക്ക് ഇന്നും അതിനൊക്കെയുള്ള കരുത്തും പ്രാപ്തിയുമുണ്ട്. പ്രയോഗവൽക്കരണത്തിനനുസൃതമായി അതിന്റെ സമകാലിക പ്രസക്തിയും പ്രാധാന്യവും സദ്ഫലങ്ങളും പ്രകടമാകും; പ്രകടമായിട്ടുണ്ട്; പ്രകടമാകുന്നുമുണ്ട്. വിശുദ്ധ ഖുർആനും പ്രവാചകചര്യയും സമർപ്പിക്കുന്ന സമഗ്ര ജീവിതവ്യവസ്ഥയിൽ ഒരംശം പോലും ആധുനിക ലോകത്തിന് അപ്രായോഗികമോ അനുചിതമോ ആയി ഇല്ലെന്നതാണ് വസ്തുത. എന്നല്ല;

അതിന്റെ പ്രയോഗവൽക്കരണത്തിലൂടെ മാത്രമേ മാനവരാശി ഇന്നനുഭ വിക്കുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പൂർണമായും പരിഹരിക്കപ്പെടു കയുള്ളൂ.

## ഇരുപത്തിനാല്

## ദൈവം കഅ്ബയിലോ?

*"മുസ്‌ലിംകൾ എന്തിനാണ് നമസ്കാരത്തിൽ കഅ്ബയിലേക്ക് തിരിഞ്ഞു നിൽക്കുന്നത്? കഅ്ബയിലാണോ ദൈവം? അല്ലെങ്കിൽ കഅ്ബ ദൈവ ത്തിന്റെ പ്രതീകമോ പ്രതിഷ്ഠയോ?"*

ഇസ്‌ലാമിന്റെ വീക്ഷണത്തിൽ ദൈവം ഏതെങ്കിലും പ്രത്യേകസ്ഥലത്ത് പരിമിതനോ കുടിയിരുത്തപ്പെട്ടവനോ അല്ല. ദൈവത്തിന് പ്രതിമകളോ പ്രതി ഷ്ഠകളോ ഇല്ല.

"കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതാകുന്നു. നിങ്ങൾ എവിടെ തിരിഞ്ഞാലും അവിടെയെല്ലാം അവന്റെ വദനമുണ്ട്. അല്ലാഹു അതിവി ശാലനും സർവജ്ഞനുമത്രെ."(ഖുർആൻ 2: 115)

"ആകാശഭൂമികളുടെ സകല സംഗതികളും അല്ലാഹു അറിയുന്നുവെന്ന് നിങ്ങളറിയുന്നില്ലേ? ഒരിക്കലും മൂന്നുപേർ തമ്മിൽ രഹസ്യസംഭാഷണം നടക്കുന്നില്ല, അവരിൽ നാലാമനായി അല്ലാഹു ഇല്ലാതെ. അല്ലെങ്കിൽ അഞ്ചുപേരുടെ രഹസ്യസംഭാഷണം-ആറാമനായി അല്ലാഹു ഇല്ലാതെ നട ക്കുന്നില്ല. രഹസ്യംപറയുന്നവർ ഇതിലും കുറച്ചാവട്ടെ കൂടുതലാവട്ടെ, അവ രെവിടെയായിരുന്നാലും അല്ലാഹു അവരോടൊപ്പമുണ്ടായിരിക്കും." (58:7)

"മനുഷ്യനെ സൃഷ്ടിച്ചത് നാമാകുന്നു. അവന്റെ മനസ്സിലുണരുന്ന തോന്നലുകൾ വരെ നാമറിയുന്നു. അവന്റെ കണ്ഠനാഡിയേക്കാൾ അവ നോടടുത്തവനത്രെ നാം."(50: 16)

ലോകമെങ്ങുമുള്ള മുഴുവൻ മനുഷ്യരെയും അഖില ജീവിത മേഖല കളിലും ഏകീകരിക്കുന്ന സമഗ്ര ജീവിതപദ്ധതിയാണ് ഇസ്‌ലാം. അതിന്റെ ആരാധനാക്രമം വിശ്വാസികളെ ഏകീകരിക്കുന്നതിൽ അനൽപമായ പങ്കു വഹിക്കുന്നു. ഇതു സാധ്യമാവണമെങ്കിൽ എല്ലാവരുടെയും ആരാധനാ രീതി ഒരേവിധമാവേണ്ടതുണ്ടല്ലോ. അതിനാൽ നമസ്കാരത്തിൽ വിശ്വമെ

ങ്ങുമുള്ള വിശ്വാസികൾക്ക് തിരിഞ്ഞുനിൽക്കാൻ ഒരിടം അനിവാര്യമത്രെ. അത് ദൈവത്തെ മാത്രം ആരാധിക്കാനായി ആദ്യമായി നിർമിക്കപ്പെട്ട കഅ്ബയായി നിശ്ചയിക്കപ്പെടുകയാണുണ്ടായത്. അതുകൊണ്ട് ആ വിശുദ്ധ ദേവാലയം ലോകജനതയെ ഏകീകരിക്കുന്ന കേന്ദ്രബിന്ദുവാണ്. ദൈവം പ്രത്യേകമായി കുടിയിരുത്തപ്പെട്ട ഇടമോ ദൈവത്തിന്റെ പ്രതീകമോ പ്രതിഷ്ഠയോ ഒന്നുമല്ല. മറിച്ച്, അത് ഏകദൈവാരാധനയുടെ പ്രതീകമാണ്.

"നിസ്സംശയം, മനുഷ്യർക്കായി നിർമിക്കപ്പെട്ട പ്രഥമ ദേവാലയം മക്കയിൽ സ്ഥിതിചെയ്യുന്നതുതന്നെയാകുന്നു. അത് അനുഗൃഹീതവും ലോകർക്കാകമാനം മാർഗദർശക കേന്ദ്രവുമായിട്ടത്രെ നിർമിക്കപ്പെട്ടിട്ടുള്ളത്." (ഖുർആൻ 3:96)

"ഈ മന്ദിരത്തെ നാം ജനങ്ങൾക്ക് ഒരു കേന്ദ്രവും അഭയസ്ഥാനവുമായി നിശ്ചയിച്ചതും സ്മരിക്കുക"(2:125). "വിശുദ്ധഗേഹമായ കഅ്ബാലയത്തെ അല്ലാഹു ജനങ്ങൾക്ക് (സാമൂഹിക ജീവിതത്തിന്റെ) നിലനിൽപിനുള്ള ആധാരമാക്കി നിശ്ചയിച്ചിരിക്കുന്നു"(5: 97).

അതിനാൽ വിശുദ്ധ ദേവാലയത്തെയല്ല ആരാധിക്കേണ്ടത്, അതിന്റെ നാഥനായ ദൈവത്തെ മാത്രമാണ്. "അതിനാൽ നിങ്ങൾ ഈ മന്ദിരത്തിന്റെ നാഥനെ വണങ്ങുവിൻ"(106:3).

ചില പ്രമുഖ ചരിത്രകാരന്മാർ പോലും തെറ്റിദ്ധരിക്കുകയും തെറ്റായി രേഖപ്പെടുത്തുകയും ചെയ്തതുപോലെ കഅ്ബ ഒരു കല്ലല്ല. കല്ലുകൊണ്ട് നിർമിക്കപ്പെട്ട പന്ത്രണ്ടു മീറ്റർ നീളവും പത്തുമീറ്റർ വീതിയും പതിനഞ്ചു മീറ്റർ ഉയരവുമുള്ള ഒരു മന്ദിരമാണ്. കഅ്ബ എന്ന പദം തന്നെ ഘനചതുരത്തെ(ക്യൂബ്)യാണ് പ്രതിനിധീകരിക്കുന്നത്. നിർമാണചാതുരിയോ ശിൽപഭംഗിയോ കലകളോ കൊത്തുപണികളോ ഒട്ടുമില്ലാത്ത ലാളിത്യത്തിന്റെ പ്രതീകമാണത്.

എന്നാൽ ലോകത്തിലെ ഏറ്റവും ശ്രദ്ധേയമായ ഭവനമാണത്. നൂറുകോടിയോളം മനുഷ്യർ നിത്യവും നന്നെ ചുരുങ്ങിയത് അഞ്ചു നേരമെങ്കിലും അതിന്റെ നേരെ തിരിഞ്ഞുനിൽക്കുന്നു. നിരവധി നൂറ്റാണ്ടുകളിലൂടെ കടന്നുപോയ കോടാനുകോടി വിശ്വാസികളുടെ മുഖം അന്ത്യവിശ്രമത്തിനായി തിരിച്ചുവയ്ക്കപ്പെട്ടതും കഅ്ബയുടെ നേരെയാണ്. ജനവികാരങ്ങളുമായി ഈവിധം കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു മന്ദിരവും ലോകത്ത് വേറെയില്ല. ദൈവത്തിന്റെ ഭവനമാണത്. അതുകൊണ്ടുതന്നെ മുഴുവൻ മനുഷ്യരുടേതുമാണ്. ഏകദൈവാരാധനയുടെ പ്രതീകവും എല്ലാ ഏകദൈവാരാധകരുടെയും പ്രാർഥനയുടെ ദിശയുമാണത്.

*"എന്തിനാണ് മുസ്‌ലിംകൾ കഅ്ബക്കു ചുറ്റും കറങ്ങുന്നത്? എന്താണ് അതിന്റെ പ്രയോജനം? ഒരർഥവുമില്ലാത്ത ആചാരമല്ലേ അത്?"*

ദൈവമാണ് തന്നെ എങ്ങനെ ആരാധിക്കണമെന്ന് തീരുമാനിക്കേണ്ടത്. പൂർവപ്രവാചകനായ ഇബ്റാഹീം നബിയുടെ കാലം തൊട്ടേയുള്ള ദൈവനിശ്ചിതമായ ആരാധനാകർമമാണത്. നമുക്കു തോന്നിയതുപോലെയല്ലല്ലോ നാം ദൈവത്തെ വണങ്ങേണ്ടത്. അങ്ങനെ ആയിരുന്നുവെങ്കിൽ

നമുക്ക് യുക്തമെന്ന് തോന്നുന്ന രീതികൾ ആവിഷ്കരിക്കാമായിരുന്നു. എന്നാൽ ആരാധനാകർമങ്ങൾ ഏതൊക്കെയെന്നും എപ്പോൾ, ഏതുവിധ മെന്നും ദൈവം കണിശമായി നിർണയിച്ചിട്ടുണ്ട്. തന്റെ ദൂതന്മാരിലൂടെ സമൂഹത്തെ പഠിപ്പിച്ചിട്ടുമുണ്ട്. അവയിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ വെട്ടിക്കുറയ്ക്കാനോ മാറ്റംവരുത്താനോ ആർക്കും അനുവാദമോ അവകാ ശമോ ഇല്ല. കഅ്ബക്കു ചുറ്റുമുള്ള കറക്കവും ഈവിധം നിർണിത രൂപ മുള്ള, ദൈവനിർദിഷ്ടമായ ആരാധനാ കർമമാണ്. എന്നാൽ ഇതിന്റെ പിന്നിൽ മഹത്തായ യുക്തിയും അർഥവുമുണ്ടെന്ന് അൽപം ആലോചി ച്ചാൽ മനസ്സിലാക്കാവുന്നതാണ്.

മനുഷ്യൻ പ്രപഞ്ചഘടനയോട് താദാത്മ്യം പ്രാപിക്കുന്നു; അതിലെ അത്ഭുതകരമായ സംവിധാനത്തോട് ഉൾച്ചേരുന്ന അതിവിശിഷ്ടമായ ആരാ ധനാകർമമാണത്. വിശുദ്ധ കഅ്ബയാണതിന്റെ കേന്ദ്രബിന്ദു. ജനം അതിനു ചുറ്റും കറങ്ങുന്നു. സൗരയൂഥത്തിലെ ഗ്രഹങ്ങൾ സൂര്യനു ചുറ്റു മെന്നപോലെ. പരമാണുവിലെ ഇലക്ട്രോണുകൾ ന്യൂക്ലിയസിനു ചുറ്റും കറങ്ങുന്നതുപോലെ. ഏഴുതവണ ചുറ്റിയാലേ ഒരു പ്രാവശ്യമായി പരിഗ ണിക്കുകയുള്ളൂ. അഥവാ ഏഴു പ്രാവശ്യം ചുറ്റുന്നതാണ് ഒരു ത്വവാഫ്. ഇവിടെ ഏഴ് എന്നത് പ്രപഞ്ചഘടനയെ പ്രതിനിധീകരിക്കുന്നു. ഭൂഖണ്ഡ ങ്ങൾ ഏഴാണല്ലോ. സമുദ്രവും ഏഴുതന്നെ. ആകാശവും ഏഴാണെന്ന് ഖുർ ആൻ പറയുന്നു.

വലതുവശത്തിന് ഏറെ പ്രാമുഖ്യം കൽപിച്ച ഇസ്‌ലാം ത്വവാഫിൽ കഅ്ബ, തീർഥാടകന്റെ ഇടതുവശത്താവണമെന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇത് വളരെയേറെ ശ്രദ്ധേയമത്രെ. ഇതുവഴി കഅ്ബക്കു ചുറ്റുമുള്ള കറക്കം പ്രകൃതിവ്യവസ്ഥയുമായി പൂർണമായും പൊരുത്തപ്പെടുന്നു. സൗരയൂഥ ത്തിലെ ഗോളങ്ങൾ സൂര്യനെ ചുറ്റുന്നത്, അത് ഇടതുവശം വരുംവിധ മാണ്. അഥവാ ത്വവാഫിലേതുപോലെ, ഘടികാരത്തിന്റെ സൂചി പിറകോട്ട് തിരിയുംവിധമാണ്. ഗ്രഹങ്ങൾ സ്വന്തം അക്ഷത്തിൽ കറങ്ങുന്നതും ആവി ധം തന്നെ. ധൂമകേതുക്കൾ സൂര്യനുചുറ്റും ചലിക്കുന്നതും അതേ ദിശയി ലാണ്. അണ്ഡ-ബീജസങ്കലനം നടക്കുംമുമ്പ് പുരുഷബീജങ്ങൾ അണ്ഡ ത്തിനു ചുറ്റും കറങ്ങുന്നതും ആന്റിക്ലോക്ക് വൈസിലാണ്. അങ്ങനെ വിശി ഷ്ടമായ ഈ ആരാധനാകർമം പ്രപഞ്ചവ്യവസ്ഥയോട് വിസ്മയകരമാം വിധം യോജിച്ചുവന്നിരിക്കുന്നു. പരമാണു മുതൽ ഗാലക്സി വരെയുള്ള പ്രവിശാലമായ ഈ പ്രപഞ്ചത്തിന്റെ ഭാഗമാണ് താനെന്നും അവയൊക്കെ സ്രഷ്ടാവായ ദൈവത്തിന് വഴങ്ങി, വണങ്ങുന്നപോലെ താനും അവനെ മാത്രം ആരാധിച്ചും അനുസരിച്ചും ജീവിക്കേണ്ടവനാണെന്നുമുള്ള ബോധ മുണർത്തുന്ന ഈ അനുഷ്ഠാനം താനെങ്ങനെ ചെയ്യുമെന്നതിന്റെ പ്രതീ കാത്മകമായ പ്രഖ്യാപനം കൂടിയാണ്.

കഅ്ബക്കു ചുറ്റുമുള്ള കറക്കത്തിന്റെ അതിമഹത്തരവും അത്യന്തം വിസ്മയകരവുമായ ഈ അർഥതലങ്ങൾ അറിയാൻ സാധിച്ചത് അടുത്ത കാലത്ത് മാത്രമാണ്. ഇനിയും പിടികിട്ടാത്ത പല മാനങ്ങളും അതിനു ണ്ടായേക്കാം. ദൈവനിർദിഷ്ടമായ ആരാധന അവന്റെ സൃഷ്ടികളായ മനു

ഷ്യർ അതിന്റെ യുക്തിയും ന്യായവും മനസ്സിലായാലും ഇല്ലെങ്കിലും നിശ്ചിത രൂപത്തിൽ നിർവഹിക്കാൻ ബാധ്യസ്ഥരാണ്.

## ക്ഷേത്രപ്രദക്ഷിണവും കഅ്ബാ ത്വവാഫും

*"ഹിന്ദുക്കൾ ക്ഷേത്രത്തിനു ചുറ്റും പ്രദക്ഷിണം ചെയ്യുന്നപോലെത്തന്നെയല്ലേ മുസ്‌ലിംകൾ കഅ്ബക്കു ചുറ്റും കറങ്ങുന്നത്?"*

ഇബ്‌റാഹീം പ്രവാചകനാണ് വിശുദ്ധ കഅ്ബ പുനർനിർമിച്ചത്. ഹജ്ജിന് വിളംബരം ചെയ്തതും അദ്ദേഹം തന്നെ. അദ്ദേഹം പണിത കഅ്ബയിൽ പ്രതിമകളോ പ്രതിഷ്ഠകളോ വിഗ്രഹങ്ങളോ ചിത്രങ്ങളോ ഒന്നുമുണ്ടായിരുന്നില്ല. എന്നല്ല, ഏകദൈവാരാധനയ്ക്കായാണ് ഇബ്‌റാഹീം നബിയും പുത്രൻ ഇസ്മാഈൽ പ്രവാചകനും കൂടി അത് പണിതത്. ഹജ്ജിന്റെ ഭാഗമായി അതിനു ചുറ്റും കറങ്ങുന്ന സമ്പ്രദായം അന്നു മുതൽ തന്നെ നിലനിന്നുപോന്നിരുന്നു. എന്നാൽ പിൽക്കാലത്ത് ജനം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിപ്പെടുകയും അതേ പ്രവാചകന്മാരുടെ പോലും ചിത്രങ്ങൾ അതിൽ കോറിയിട്ട് അവയെ ആരാധിക്കുകയും ചെയ്തു. കഅ്ബയിലും അതിനു ചുറ്റും നിരവധി വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് അവയെ ആരാധിക്കാൻ തുടങ്ങി. അങ്ങനെ ഏകദൈവാരാധനയുടെ പ്രകാശനമായി നടന്നുവന്നിരുന്ന കഅ്ബക്കു ചുറ്റുമുള്ള കറക്കം വിഗ്രഹാരാധനയായി പരിണമിച്ചു. ഈ ഘട്ടത്തിലാണ് പ്രവാചകനായ മുഹമ്മദ്നബി നിയോഗിതനായി വമ്പിച്ച വിശ്വാസവിപ്ലവത്തിലൂടെ അവരുടെ മനംമാറ്റി അവരെക്കൊണ്ടുതന്നെ കഅ്ബയിലെ വിഗ്രഹങ്ങൾ എടുത്തുമാറ്റി അതിനെ ശുദ്ധീകരിച്ചത്. അങ്ങനെ കഅ്ബക്കു ചുറ്റും കറങ്ങുന്ന ആരാധനാസമ്പ്രദായം ഇസ്‌ലാം തുടർന്നും നിലനിർത്തി. എന്നാൽ അത് വിഗ്രഹാരാധനയ്ക്കു പകരം ഏകദൈവാരാധനയ്ക്കാക്കി മാറ്റി. നഗ്നരായി നിർവഹിച്ചിരുന്ന പ്രസ്തുത കർമം മാന്യമായി വസ്ത്രം ധരിച്ചു മാത്രമേ നിർവഹിക്കാവൂ എന്ന് നിഷ്കർഷിച്ചു. അപ്രകാരം അതിലെ എല്ലാ തിന്മകളും മ്ലേഛതകളും അവസാനിപ്പിച്ച് അതിനെ ശുദ്ധീകരിച്ചു.

മതങ്ങളുടെയെല്ലാം സ്രോതസ്സ് മൗലികമായി ഒന്നും അത് ദൈവത്തിൽനിന്നുമായതിനാൽ ആരാധനകളിലും അനുഷ്ഠാനങ്ങളിലുമെല്ലാം സമാനത കണ്ടെത്തുക സ്വാഭാവികമാണ്. ഇന്ത്യയിലേക്ക് കുടിയേറിപ്പാർത്ത ആര്യന്മാർ ഇബ്‌റാഹീം പ്രവാചകന്റെ അനുയായികളും പിൻമുറക്കാരുമായിരുന്നുവെന്ന ചില ചരിത്രഗവേഷകരുടെ നിഗമനം ഇവിടെ പ്രത്യേക പരിഗണന അർഹിക്കുന്നു. അതിനാൽ ഇബ്‌റാഹീം നബിയിലൂടെ നടപ്പാക്കപ്പെട്ട ആരാധനാകർമത്തിന്റെ രൂപപരിണാമത്തിനിടയായ അനുഷ്ഠാനമായിരിക്കാം ഇവിടെ നിലനിന്നുവരുന്ന ക്ഷേത്രപ്രദക്ഷിണം. ഏതായാലും ദൈവത്തെ പ്രതിനിധീകരിക്കാൻ പ്രതിമകളും പ്രതിഷ്ഠകളും വിഗ്രഹങ്ങളും സ്ഥാപിക്കുന്നതിനെയും അവയെ ആരാധിക്കുന്നതിനെയും അതിന്റെ ഭാഗമായി അവ സ്ഥാപിച്ച ഭവനങ്ങളെ ചുറ്റുന്നതിനെയും ഇസ്‌ലാം അനുകൂലിക്കുന്നില്ലെന്നു മാത്രമല്ല; ശക്തമായി വിലക്കുകയും ചെയ്യുന്നു.

ആരാധനാനുഷ്ഠാനങ്ങളിലെ സമാനത മതങ്ങളുടെ സ്രോതസ്സിനെ

സംബന്ധിച്ച സത്യസന്ധവും വസ്തുനിഷ്ഠവുമായ അന്വേഷണത്തിനും അതുവഴി മതപരമായ ഏകത കണ്ടെത്താനും കൈവരിക്കാനും കഴിഞ്ഞാൽ അത് അതിമഹത്തായ നേട്ടമായിരിക്കും. അത്തരമൊരന്വേഷണത്തിനും പഠനത്തിനും ഈ ചർച്ച പ്രചോദകമായെങ്കിൽ!

## ഇരുപത്തഞ്ച്

# വിധിവിശ്വാസം ഭൗതികവാദത്തിലും ഇസ്‌ലാമിലും

*"ദൈവം സർവശക്തനും സർവജ്ഞനുമാണല്ലോ. എങ്കിൽ ലോകത്തിലെ മനുഷ്യരെല്ലാം എവ്വിധമായിരിക്കുമെന്നും എങ്ങനെയാണ് ജീവിക്കുകയെന്നും ദൈവത്തിന് മുൻകൂട്ടി അറിയില്ലേ? ദിവ്യജ്ഞാനത്തിന് തെറ്റുപറ്റാനിടയില്ലാത്തതിനാൽ എല്ലാം മുൻകൂട്ടി ദൈവം തീരുമാനിച്ചു വച്ചിട്ടുണ്ടെന്നും അതിലൊട്ടും മാറ്റം വരുത്താനാർക്കും സാധ്യമല്ലെന്നുമല്ലേ ഇതിനർഥം? ദൈവവിധിക്കനുസൃതമായി ചരിക്കുന്ന മനുഷ്യൻ തീർത്തും അസ്വതന്ത്രനല്ലേ? പിന്നെ, നിർബന്ധിതമായി ചെയ്യുന്ന കർമങ്ങളുടെ പേരിൽ അവനെ ശിക്ഷിക്കുന്നത് നീതിയാണോ?"*

മതവിശ്വാസികളും നിഷേധികളും ഈ വിഷയകമായി നിരന്തരം സംശയങ്ങളുന്നയിക്കുക പതിവാണ്. അതിനാൽ ഈ വിഷയം അൽപം വിശദമായി തന്നെ പരാമർശിക്കുന്നത് ഫലപ്രദമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ദൈവവിധിയെയും മനുഷ്യസ്വാതന്ത്ര്യത്തെയും സംബന്ധിച്ച ഇസ്‌ലാമിക വീക്ഷണം വിശദീകരിക്കുന്നതിനു മുമ്പ് മനുഷ്യാവസ്ഥയെ സംബന്ധിച്ച ഭൗതിക സങ്കൽപം പരിശോധിക്കുന്നത് നന്നായിരിക്കും.

1. ഭൗതികവാദികൾ അപ്രമാദിത്വം കൽപിച്ച ജനിതകശാസ്ത്രമനുസരിച്ച് മനുഷ്യൻ തീർത്തും അസ്വതന്ത്രനാണ്. അവന്റെ വികാര വിചാരങ്ങളും തീരുമാനങ്ങളും കർമങ്ങളുമെല്ലാം ശരീരഘടനയുടെ സൃഷ്ടിയാണ്. ജൈവവസ്തുക്കൾ രൂപംകൊള്ളുന്നത് ജീവകോശങ്ങളിൽ നിന്നാണ്. അവയ്ക്കുള്ളിലെ ക്രോമസോമുകളിലെ ജീനുകളിലുള്ള ജനിതകകോഡുകളാണ് ജീവികളുടെ സ്വഭാവം നിർണയിക്കുന്നത്. മനുഷ്യന്റെ സ്ഥിതിയും ഇതുതന്നെ. അതിനാൽ കരുണയും ക്രൂരതയും സൽസ്വഭാവവും ദുഃസ്വഭാവവും സത്കർമങ്ങളും ദുഷ്കർമങ്ങളുമെല്ലാം ജനിതക കോഡുകൾക്കനുസരിച്ചാണുണ്ടാകുന്നത്. മനുഷ്യന്റെ ശരീരപ്രകൃതം മുതൽ വികാര വിചാ

രങ്ങൾ വരെ അവയെ അന്ധമായി അനുധാവനം ചെയ്യുകയാണ്. ജീവിതത്തിലെ മുഴുവൻ കാര്യങ്ങളും കർമങ്ങളും ഈ വിധം ജനിതക കോഡുകളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്ന് അതുസംബന്ധമായ ശാസ്ത്രം അവകാശപ്പെടുന്നു. അവയിൽനിന്ന് അണുഅളവ് തെറ്റാനോ അവയെ ലംഘിക്കാനോ ആർക്കും സാധ്യമല്ല. അഥവാ മനുഷ്യൻ തീർത്തും തന്റെ ശരീരഘടനക്ക് വിധേയനാണ്. മസ്തിഷ്കത്തിന്റെയും നാഡീവ്യൂഹങ്ങളുടെയും പദാർഥപരമായ ഘടനയാണ് അവന്റെ ഭാഗധേയം പരിപൂർണമായും തീരുമാനിക്കുന്നതും നിയന്ത്രിക്കുന്നതും. അതിൽ ആർക്കും ഇടപെടാനോ ഏതെങ്കിലും വിധത്തിൽ പങ്കുവഹിക്കാനോ സാധ്യമല്ല. അതിനാൽ ആധുനിക ഭൗതിക ജനിതക ശാസ്ത്രമനുസരിച്ച് മനുഷ്യൻ പ്രകൃതിവിധിക്ക് വിധേയനാണ്. അതിൽനിന്ന് പുറത്തുകടക്കാനാകാത്തവിധം പൂർണമായും അസ്വതന്ത്രനും. നാം ശരി, തെറ്റ്, നന്മ, തിന്മ, ധർമം, അധർമം, വിനയം, അഹങ്കാരം, കനിവ്, ക്രൂരത എന്നൊക്കെ പറയുന്നത് ജീനുകളിലെ ജനിതകകോഡുകളുടെ ഫലമായുണ്ടാകുന്നവയാണ്. ശാരീരികാരോഗ്യം പോലെ തന്നെയാണ് ജീവിത വിശുദ്ധിയും. മ്ലേഛത അനാരോഗ്യം പോലെയും. അതിനാൽ മഹൽകൃത്യങ്ങളുടെ പേരിൽ ആളുകളെ വാഴ്ത്തുന്നത് ശാരീരികാരോഗ്യത്തിന്റെ പേരിൽ അഭിനന്ദിക്കുന്നതുപോലെ അർഥശൂന്യമത്രെ. ഹീനകൃത്യങ്ങളുടെ പേരിൽ ഇകഴ്ത്തുന്നത് അനാരോഗ്യത്തിന്റെ പേരിൽ അപലപിക്കുന്നതുപോലെയും.

2. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം മുന്നോട്ടുവയ്ക്കുന്ന ശക്തമായ ഒരാശയമാണ് 'പാരമ്പര്യനിയമം'. അതനുസരിച്ച് മനുഷ്യന്റെ സ്വഭാവവും പെരുമാറ്റവും ജീവിതരീതിയുമെല്ലാം യുഗാന്തരങ്ങളിലൂടെ തലമുറ തലമുറകളായി തുടർന്നു വരുന്നവയാണ്. പൈതൃകത്തിന്റെ പിടിയിൽനിന്ന് കുതറിമാറാനാർക്കും സാധ്യമല്ല. മനുഷ്യൻ ചെയ്യുന്ന നന്മയുടെയും തിന്മയുടെയും ബീജങ്ങൾ തന്റെ പൂർവപരമ്പരയിലെ ഏതോ പ്രപിതാവിനാൽ നിക്ഷേപിക്കപ്പെട്ടതായിരിക്കും. അയാളിലതുണ്ടായത് മുൻഗാമികളിലെ മുതുമുത്തച്ഛൻ നിക്ഷേപിച്ചതിന്റെ ഫലവും. അതിനാൽ അണ്ടിയിൽ നിന്ന് മാവുണ്ടാവുന്നതുപോലെ അനിവാര്യമായും പാരമ്പര്യത്തിൽ നിന്നവ പിറവിയെടുക്കും. അതുകൊണ്ടുതന്നെ ആർക്കും തങ്ങളുടെ സ്വഭാവരീതികളും പെരുമാറ്റ സമ്പ്രദായങ്ങളും കർമപരിപാടികളും തീരുമാനിക്കുന്നതിലൊരു പങ്കുമില്ല. എല്ലാം അലംഘനീയമായ പൈതൃകത്തിനും പാരമ്പര്യത്തിനും വിധേയമാണ്. മനുഷ്യൻ കാലത്തിന്റെ കൈകളിലെ കളിപ്പാവ മാത്രം.

3. കാറൽമാർക്സും ഫ്രെഡറിക് ഏംഗൽസുമുൾപ്പെടെയുള്ള ഭൗതിക ദാർശനികരുടെ വീക്ഷണത്തിൽ, മനുഷ്യൻ സാമൂഹികാവസ്ഥകളുടെയും സാമ്പത്തിക ഘടനയുടെയും സാംസ്കാരിക സാഹചര്യത്തിന്റെയും സൃഷ്ടിയാണ്. കേവല ഭൗതിക തലത്തിൽനിന്ന് ചരിത്രത്തെ വ്യാഖ്യാനിച്ചവർ ഈ വീക്ഷണം സമർഥിക്കാനായി സമാനമായ സാഹചര്യത്തിൽ സമൂഹത്തിൽ കാണപ്പെട്ട വിദൂര സാദൃശ്യങ്ങളെ പോലും തേടിപ്പിടിക്കുകയുണ്ടായി. മനുഷ്യന്റെ സ്വഭാവവും പെരുമാറ്റവും വികാര വിചാരങ്ങളും

കർമ സമ്പ്രദായങ്ങളും ജീവിത സമീപനങ്ങളുമെല്ലാം ബാഹ്യമായ കാരണങ്ങളാൽ സംഭവിക്കുന്നതാണെന്ന് അവരവകാശപ്പെടുന്നു. ജനങ്ങളിലെ നന്മതിന്മകൾ അവർ ജീവിക്കുന്ന സാഹചര്യങ്ങളുടെ സ്വാധീനതയാൽ സംഭവിക്കുന്നതാണെന്ന വീക്ഷണമംഗീകരിച്ച ഈ വിഭാഗം ശരിയും തെറ്റും ധർമവും അധർമവും ന്യായവും അന്യായവുമൊക്കെ സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്ന് വാദിക്കുന്നു. ഇവിടെയും വ്യക്തി തീർത്തും അസ്വതന്ത്രനാണ്; സാഹചര്യങ്ങളുടെ വിധിക്ക് പൂർണവിധേയനും.

മതനിരാസത്തിന്റെ മുഖമുദ്രയണിഞ്ഞ ഭൗതിക വാദം അനിഷേധ്യമായി കരുതുന്ന ഉപര്യുക്ത വീക്ഷണങ്ങളെല്ലാം മനുഷ്യൻ തീർത്തും അസ്വതന്ത്രനാണെന്ന് വിളംബരം ചെയ്യുന്നു. സ്വന്തവും സ്വതന്ത്രവുമായ ഇഛയോ തീരുമാനശേഷിയോ ആർക്കുമില്ല. പ്രകൃതിനിയമങ്ങളാൽ ബന്ധിതനാണവൻ. അലംഘനീയമായ വിധിയുടെ ഇര. ഇവാൻ പാവ്‌ലോവ് എഴുതുന്നു: “പ്രകൃതിയിലുള്ള മറ്റെല്ലാ വ്യവസ്ഥകളെയും പോലെ മനുഷ്യൻ ഒരു വ്യവസ്ഥയാണ്. പ്രകൃതിയുടെ അലംഘനീയവും സാമാന്യവുമായ നിയമങ്ങൾക്ക് മനുഷ്യൻ കീഴ്പെട്ടിരിക്കുന്നു” (Psychologic Experimental, ഉദ്ധരണം: അലിജാ അലി ഇസ്സത്ത് ബെഗോവിച്ച്- ‘ഇസ്‌ലാം രാജമാർഗം’, പുറം 39).

ഫ്രെഡറിക് ഏംഗൽസ് പറയുന്നു: “മനുഷ്യൻ അവന്റെ പരിതോവസ്ഥയുടെയും ജോലിയുടെയും ഉൽപന്നമാണ്”(ഉദ്ധരണം Ibid, പുറം 39).

മനുഷ്യനൊഴിച്ചുള്ള ജീവജാലങ്ങളെ സംബന്ധിച്ചേടത്തോളം ഇതെല്ലാം ശരിയാണ്. എന്നാൽ മനുഷ്യൻ തീർത്തും അസ്വതന്ത്രനോ പ്രകൃതി നിയമങ്ങളാൽ ബന്ധിതനോ അല്ല.

1. പക്ഷികളും മൃഗങ്ങളും ഇഴജീവികളും ജലജീവികളുമെല്ലാം അവയുടെ ജന്മവാസനകൾക്കനുസൃതമായാണ് നിലകൊള്ളുന്നത്. അവയെ ലംഘിക്കാനോ മറികടക്കാനോ അവയ്ക്ക് സാധ്യമല്ല. ജന്മവാസനകളുടെ കാര്യത്തിൽ മനുഷ്യനേക്കാൾ മികച്ചുനിൽക്കുന്ന നിരവധി ജീവജാലങ്ങളുണ്ട്. ആ ജന്മവാസനകളാണ് അവയുടെ നിലനിൽപും സുരക്ഷയും ഉറപ്പുവരുത്തുന്നത്. എന്നാൽ ജന്മവാസനകൾ നിയന്ത്രിക്കാനവയ്ക്കാവില്ല. വിശന്നുവലഞ്ഞ പശുവിന് പുല്ല് കിട്ടിയാൽ തിന്നാതിരിക്കാൻ സാധ്യമല്ല. ദാഹിച്ചു വിവശയായ പട്ടിക്ക് വെള്ളം കിട്ടിയാൽ കുടിക്കാതിരിക്കാൻ കഴിയില്ല. കൊത്താൻ വരുന്ന കോഴിയുടെ മുമ്പിലകപ്പെട്ട പൂവൻ കോഴി ക്ഷമിക്കുകയോ മാപ്പു പറയുകയോ ചെയ്യാറില്ല. തേനീച്ചക്ക് നിർണിതമായ രൂപത്തിലല്ലാതെ അതിന്റെ കൂട് നിർമിക്കാനാവില്ല. ദേശാടനപക്ഷികൾക്ക് വിദൂരദേശങ്ങളെ പ്രാപിക്കാതിരിക്കാൻ സാധ്യമല്ല. എന്നാൽ മനുഷ്യന്റെ സ്ഥിതി മറിച്ചാണ്. കഠിനമായ ദാഹമുള്ളപ്പോൾ വെള്ളം കിട്ടിയാൽ കുടിക്കാൻ കൊതിയുണ്ടെങ്കിലും കുടിക്കാതിരിക്കാനവന് കഴിയും. അതിശക്തമായ വിശപ്പുള്ളപ്പോൾ ആഹാരം കിട്ടിയാൽ അത് കഴിക്കാനാഗ്രഹമുണ്ടെങ്കിലും തിന്നാതിരിക്കാനവന് സാധിക്കും. ‘എടാ’ എന്നു വിളിക്കുന്നവനോട് ‘പോടാ’ എന്നു പറയാൻ പൂതിയുണ്ടെങ്കിലും പ്രതിയോഗിയെ പേടിച്ചോ ആർജിതമായ സംസ്കാരം കൊണ്ടോ അങ്ങനെ പറയാതിരിക്കാനവന് ഒട്ടും പ്രയാ

സമില്ല. സ്വന്തം ജീവിതരീതി നിർണയിക്കാനും തീരുമാനിക്കാനുമവന് സാധിക്കും. മഹിതമായ ആദർശങ്ങൾക്കായി ആത്മാർപ്പണം നടത്തുന്ന വിപ്ലവകാരി തികഞ്ഞ ഇഛാശക്തി കൊണ്ടാണത് ചെയ്യുന്നത്. മോഹങ്ങളെ മെരുക്കിയെടുക്കാനും ആഗ്രഹങ്ങളെ നിയന്ത്രിക്കാനും ഇഛകളുടെ മേൽ മേധാവിത്വം പുലർത്താനും സാധിക്കുന്ന മനുഷ്യൻ ജന്മവാസനകളുടെ അടിമയല്ല; അവയുടെ യജമാനനാണ്. ശരീരഘടനയുടെയോ പാരമ്പര്യത്തിന്റെയോ സാഹചര്യത്തിന്റെയോ സൃഷ്ടിയുമല്ല. മറിച്ച്, സ്വന്തം ഭാഗധേയം തീരുമാനിക്കാൻ സാധിക്കുന്ന സ്വതന്ത്രമായ അസ്തിത്വത്തിന്റെയും വ്യക്തിത്വത്തിന്റെയും ഉടമയാണ്.

2. നിർബന്ധിതമായി ചെയ്യുന്ന കർമങ്ങളുടെ പേരിൽ ആരും വാഴ്ത്തപ്പെടുകയോ ഇകഴ്ത്തപ്പെടുകയോ ഇല്ല. സമ്മാനാർഹനോ ശിക്ഷാർഹനോ ആവുകയില്ല. യജമാനന്റെ നിർബന്ധത്തിനു വഴങ്ങി മോഷണം നടത്തുന്ന അടിമയോ വഴിയാത്രക്കാരെ കല്ലെറിയുന്ന മനോരോഗിയോ കുറ്റക്കാരനായി ഗണിക്കപ്പെടുകയില്ല. എന്നാൽ മറ്റാരെങ്കിലുമത് ചെയ്താൽ പാപം ചുമത്തപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും. അതിനാൽ ഭൂമിയിൽ പ്രശംസയും ആക്ഷേപവും ശിക്ഷയും രക്ഷയുമൊക്കെ നൽകപ്പെടുന്നുവെന്നത് തന്നെ മനുഷ്യൻ നിർബന്ധിതാവസ്ഥയാൽ ബന്ധിതനല്ലെന്നതിനും ഒട്ടൊക്കെ സ്വതന്ത്രനാണെന്നതിനും മതിയായ തെളിവാണ്. അവൻ തീർത്തും അസ്വതന്ത്രനും പ്രകൃതിനിയമങ്ങളാൽ വരിഞ്ഞുമുറുക്കപ്പെട്ടവനുമാണെങ്കിൽ ഹീനകൃത്യങ്ങളുടെ പേരിൽ ആക്ഷേപിക്കപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നതിലർഥമില്ല. മഹൽകൃത്യങ്ങളുടെ പേരിലുള്ള പ്രശംസയും പ്രതിഫലം നൽകലും ആ വിധം തന്നെ.

3. ഭൗതിക വാദികൾ വിശ്വസിക്കുന്ന പോലെ മനുഷ്യൻ തീർത്തും പ്രകൃതിയുടെ വിധിക്കു വിധേയനെങ്കിൽ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും ചിട്ടകൾക്കും ഒട്ടും പ്രസക്തി ഇല്ല. മസ്തിഷ്കത്തിലെയും നാഡീവ്യൂഹത്തിലെയും ജീനുകളിലെ ജനിതക കോഡുകൾക്കും പാരമ്പര്യത്തിനും സാമൂഹികാവസ്ഥക്കുമൊത്തവൻ ചരിച്ചുകൊള്ളുമല്ലോ. എന്നാൽ നിയമവും വ്യവസ്ഥയും ഭരണഘടനയും നീതിന്യായ സംവിധാനങ്ങളുമില്ലാത്ത സമൂഹങ്ങളോ രാഷ്ട്രങ്ങളോ ഇല്ല. മനുഷ്യന് പരിമിതമായ സ്വാതന്ത്ര്യമെങ്കിലുമുണ്ടെന്നും സ്വന്തം കർമങ്ങൾക്ക് ഓരോരുത്തരും ഉത്തരവാദികളാണെന്നും പ്രയോഗതലത്തിൽ എല്ലാവരും അംഗീകരിക്കുന്നുണ്ടെന്നാണിത് വ്യക്തമാക്കുന്നത്.

ചുരുക്കത്തിൽ, ഏതു മതവിശ്വാസിയേക്കാളും കടുത്ത വിധിവിശ്വാസികളാണ് ഭൗതിക വാദികൾ. അതോടൊപ്പം പ്രകൃതി നിയമങ്ങളുടെ പിടിയിൽ നിന്ന് കുതറിമാറാനാവാതെ തീർത്തും അസ്വതന്ത്രനായി കഴിയുന്ന യന്ത്രസമാനമായ ജന്തുവാണ് മനുഷ്യനെന്ന അവരുടെ വീക്ഷണം വസ്തുനിഷ്ഠമല്ല. ഇതര ജീവജാലങ്ങളിൽനിന്ന് വ്യത്യസ്തമായ അസ്തിത്വവും വ്യക്തിത്വവും അവന് അംഗീകരിച്ചുകൊടുക്കാത്ത ഏതു ദർശനവും പ്രത്യയ ശാസ്ത്രവും അബദ്ധപൂർണമത്രെ.

## വിധിവിശ്വാസം ഇസ്‌ലാമിക വീക്ഷണത്തിൽ

നാം ആരായിരിക്കണം? വെളുത്തവരോ, സുന്ദരരോ, വിരൂപരോ, പുരുഷന്മാരോ, സ്ത്രീകളോ, കുറിയവരോ, നീണ്ടവരോ? എവിടെ ജനിക്കണം? ഇന്ത്യയിലോ ഇന്തോനേഷ്യയിലോ? മരുഭൂമിയിലോ മലമ്പ്രദേശത്തോ? പട്ടിണിക്കാരന്റെ കൂരയിലോ പണക്കാരന്റെ കൊട്ടാരത്തിലോ? ഏകാധിപത്യ വ്യവസ്ഥയിലോ ജനാധിപത്യ സംവിധാനത്തിലോ? കാലമേതായിരിക്കണം? പതിനൊന്നാം നൂറ്റാണ്ടിലോ ഇരുപത്തൊന്നാം നൂറ്റാണ്ടിലോ?

വർഗം, വർണം, ദേശം, ഭാഷ, കാലം, കോലം, കുലം, ലിംഗം പോലുള്ള ഇത്തരം കാര്യങ്ങളൊന്നും തീരുമാനിക്കുന്നത് നാമാരുമല്ല. നമ്മോട് ആലോചിക്കാതെയാണ് എല്ലാം നിശ്ചയിക്കപ്പെട്ടത്. അപ്രകാരം തന്നെയാണ് നമ്മുടെ മരണവും. അതെപ്പോൾ, എവിടെവച്ച് എങ്ങനെയാവണമെന്ന് തീരുമാനിക്കുന്നതും നാമല്ല, എല്ലാം ദൈവനിശ്ചിതം. അവന്റെ വിധിയോ, നിർണിതം; അലംഘനീയവും. ഇത്തരം കാര്യങ്ങളിലൊക്കെയും നാം ദൈവത്തിന്റെ വിധിനിഷേധങ്ങൾക്ക് നിന്നുകൊടുക്കാൻ നിർബന്ധിതരാണ്. നമ്മുടെ ആഗ്രഹാഭിലാഷങ്ങളും ഇഛകളും വെറും നോക്കുകുത്തികൾ മാത്രം. അല്ലാഹു അറിയിക്കുന്നു: "ഗർഭാശയങ്ങളിൽ താനുദ്ദേശിക്കുന്നവിധം നിങ്ങളെ രൂപപ്പെടുത്തുന്നത് അല്ലാഹുവാണ്. അജയ്യനും യുക്തിജ്ഞനുമായ അവനല്ലാതെ ദൈവമില്ല"(ഖുർആൻ 3: 6). "അവൻ നിങ്ങളെ സൃഷ്ടിച്ചു. പിന്നീട് രൂപപ്പെടുത്തുകയും ചെയ്തു" (7:11). "മനുഷ്യാ, ഉദാരനായ നിന്റെ നാഥനെക്കുറിച്ച് നിന്നെ വഞ്ചിതനാക്കിയത് എന്തൊന്നാണ്? ഉദ്ദിഷ്ടരൂപത്തിൽ നിന്റെ ഘടകങ്ങളവൻ കൂട്ടിയിണക്കി. സന്തുലിതമായ ആകാരവടിവ് നൽകി നിന്നെ സൃഷ്ടിച്ച നിന്റെ നാഥനാണവൻ"(82: 6-8).

പുരുഷന്റെ ഏതു ബീജമാണ് സ്ത്രീയുടെ അണ്ഡവുമായി സംയോജിക്കുന്നതെന്ന് തീരുമാനിക്കുന്നത് മനുഷ്യനല്ല, ദൈവമാണ്. സംയോജിക്കുന്ന ബീജത്തിന്റെ മാറ്റത്തിനനുസരിച്ച് മനുഷ്യന്റെ പ്രകൃതത്തിലും രൂപത്തിലും സ്വഭാവത്തിലുമെല്ലാം വ്യത്യാസം സംഭവിക്കുന്നുവെന്നറിയുമ്പോഴാണ് ദൈവനിശ്ചയത്തിന്റെ പ്രാധാന്യം മനസ്സിലാവുക. അല്ലാഹു ചോദിക്കുന്നു: "നിങ്ങൾ നിക്ഷേപിക്കുന്ന ബീജത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? നിങ്ങളാണോ അതിനെ സൃഷ്ടിക്കുന്നത്; അതോ നാമോ?"(56: 58, 59).

ലക്ഷക്കണക്കിൽ പുരുഷബീജങ്ങളിൽ അല്ലാഹു തനിക്കിഷ്ടമുള്ള ഒന്നിനെ ഗർഭാശയത്തിലെ അണ്ഡവുമായി ബന്ധിപ്പിക്കുന്നു. അതിന്റെ സ്വഭാവമനുസരിച്ച് കുഞ്ഞ് ആണോ പെണ്ണോ ആയിത്തീരുന്നു. അല്ലാഹു അറിയിക്കുന്നു: "ആകാശങ്ങളുടെ ആധിപത്യം അല്ലാഹുവിന്നാണ്. താനുദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. താനുദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. താനുദ്ദേശിക്കുന്ന മറ്റു ചിലർക്ക് ആൺമക്കളെയും. അല്ലെങ്കിൽ ആ സന്താനങ്ങളെ ആണും പെണ്ണുമായി ഇടകലർത്തുന്നു. അപ്രകാരം തന്നെ താനുദ്ദേശിക്കുന്നവനെ അവൻ സന്താനരഹിതനാക്കുന്നു. അവൻ അഗാധജ്ഞനും സർവജ്ഞനുമത്രെ."(42: 49,50). "അല്ലാഹു അവനെ ബീജത്തിൽ നിന്ന് സൃഷ്ടിക്കുകയും രൂപപ്പെടുത്തു

കയും ചെയ്തു"(80:19).

മനുഷ്യന്റെ ഭാഗധേയം രൂപപ്പെടുത്തുന്നതിൽ നമ്മുടെ ജീവിതപശ്ചാത്തലത്തിനും കുടുംബപാരമ്പര്യത്തിനും ശാരീരിക പ്രകൃതത്തിനും അനൽപമായ പങ്കുണ്ട്. ആ അർഥത്തിൽ നമ്മുടെ ഭാഗധേയം നിർണിതമത്രെ; ദൈവനിശ്ചിതവും. ദൈവഹിതത്തെ മറികടക്കാനാർക്കുമാവില്ല. അല്ലാഹു പറയുന്നു: "നിങ്ങളെയും നിങ്ങൾ ഉണ്ടാക്കുന്നതിനെയും സൃഷ്ടിച്ചത് അല്ലാഹുവാകുന്നു"(37: 96). "അല്ലാഹു താനിഛിക്കുന്നവരെ ദുർമാർഗത്തിലും താനിഛിക്കുന്നവരെ നേർമാർഗത്തിലുമാക്കുന്നു" (6: 39). "അല്ലാഹു വഴിതെറ്റിച്ചവരെ നേർവഴിയിലാക്കാൻ നിങ്ങൾ ഉദ്ദേശിക്കുന്നുവോ? ആരെ അല്ലാഹു വഴിതെറ്റിച്ചുവോ അവന് നീ ഒരു വഴിയും കണ്ടെത്തുകയില്ല"(4: 88). "നിന്റെ നാഥൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂതലത്തിലുള്ളവർ മുഴുക്കെ വിശ്വാസികളാകുമായിരുന്നു. എന്നിട്ടും ജനങ്ങളെ വിശ്വാസികളാക്കാൻ നീ നിർബന്ധിക്കുകയാണോ? എന്നാൽ ദൈവത്തിന്റെ അനുമതിയില്ലാതെ ആർക്കും വിശ്വാസിയാവുക സാധ്യമല്ല"(10: 99). "അവിശ്വസിച്ചവരോ, യഥാർഥത്തിൽ നീ അവരെ താക്കീതു ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും സമമാണ്. അവരുടെ ഹൃദയങ്ങളും ശ്രവണേന്ദ്രിയങ്ങളും അല്ലാഹു മുദ്രവച്ചിരിക്കുന്നു. അവരുടെ ദൃഷ്ടികളുടെ മേൽ ആവരണം വീണിരിക്കുന്നു. അവർക്ക് കഠിനമായ ശിക്ഷയുണ്ട്"(2: 6-7). "ഭൂമിയിലോ, നിങ്ങൾക്കുതന്നെയോ ഭവിക്കുന്ന ഒരാപത്തുമില്ല, നാമത് സൃഷ്ടിക്കുന്നതിനു മുമ്പ് ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിവച്ചിട്ടല്ലാതെ. അവ്വിധം ചെയ്യുക അല്ലാഹുവിന് അതിലളിതമാകുന്നു"(57: 22).

എന്നാൽ എല്ലാം ദൈവനിശ്ചയമനുസരിച്ചാണ് സംഭവിക്കുകയെന്ന് പ്രഖ്യാപിക്കുന്ന വിശുദ്ധ ഖുർആൻ മനുഷ്യനു നൽകപ്പെട്ട സ്വാതന്ത്ര്യത്തെ എടുത്തു കാണിക്കുകയും ഊന്നിപ്പറയുകയും ചെയ്യുന്നു. ജന്മനാ തന്നെ മനുഷ്യനിൽ നന്മ-തിന്മാവിവേചനശേഷി നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. അല്ലാഹു പറയുന്നു: "അല്ലാഹു ആത്മാവിനെ സന്തുലിതമാക്കി അതിന് ധർമാധർമ ബോധനം നൽകി"(91: 7,8). "നാമവന് കണ്ണിണകളും നാവും രണ്ടു ചുണ്ടുകളും നൽകിയില്ലേ? വ്യക്തമായ രണ്ടു വഴികൾ കാണിച്ചു കൊടുക്കുകയും ചെയ്തില്ലയോ"? (90: 8-10).

അതിനാൽ മനുഷ്യർക്കെല്ലാം നന്മയും തിന്മയും തെറ്റും ശരിയും ധർമവും അധർമവും തെരഞ്ഞെടുത്ത് സന്മാർഗിയും ദുർമാർഗിയുമാകാനുള്ള സ്വാതന്ത്ര്യമുണ്ട്. അവ്വിധം സ്വയം തീരുമാനിച്ച് ജീവിക്കുന്നതിനനുസരിച്ചായിരിക്കും മരണാനന്തരമുള്ള രക്ഷാശിക്ഷകൾ. വിശുദ്ധ ഖുർആൻ പറയുന്നു: "ആർ സന്മാർഗം സ്വീകരിക്കുന്നുവോ, അത് അവന്റെ തന്നെ ഗുണത്തിനുവേണ്ടിയാണ്. ആർ ദുർമാർഗമവലംബിക്കുന്നുവോ അതിന്റെ ദോഷവും അവനുതന്നെ. ഭാരം വഹിക്കുന്നവരാരും മറ്റാരുടെയും ഭാരം ചുമക്കുകയില്ല"(17:15). "മതത്തിൽ ഒരുവിധ ബലപ്രയോഗവുമില്ല. സന്മാർഗം മിഥ്യാധാരണകളിൽനിന്ന് വേർതിരിഞ്ഞ് വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ ആർ ദൈവേതര ശക്തികളെ നിഷേധിച്ച് അല്ലാഹുവിൽ വിശ്വസിക്കുന്നുവോ അവൻ ബലിഷ്ഠമായ അവലംബപാശത്തെ മുറുകെ പിടി

ച്ചിരിക്കുന്നു. അത് ഒരിക്കലും അറ്റുപോകുന്നതല്ല"(2: 256). "പറയുക, ഇത് നിന്റെ നാഥനിൽനിന്നുള്ള സത്യമാണ്. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം. അക്രമികൾക്ക് നാം നരകം സജ്ജമാക്കിവച്ചിട്ടുണ്ട്"(18: 29). "ഒരു ജനതയെയും അവർ സ്വയം മാറ്റുന്നതുവരെ അല്ലാഹു പരിവർത്തിപ്പിക്കുന്നില്ല."(13: 11). "ആർ തെറ്റ് ചെയ്യുന്നുവോ അവനതിന്റെ ഫലമനുഭവിക്കും"(4: 123). "ഓരോ വ്യക്തിയും തന്റെ പ്രവർത്തനത്തിന് കടപ്പെട്ടിരിക്കുന്നു"(52:21). "ഇന്ന് നിങ്ങൾ പ്രവർത്തിച്ചതിന് പ്രതിഫലം നൽകപ്പെടും"(45: 28). "നിങ്ങൾ പ്രവർത്തിച്ചതല്ലാതെ നിങ്ങൾക്ക് പകരം നൽകപ്പെടുമോ?"(27: 90). "നിന്റെ നാഥൻ ദാസൻമാരോട് ഒരിക്കലും അക്രമം പ്രവർത്തിക്കുന്നതല്ല" (41: 46). "ജനങ്ങളുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കരയിലും കടലിലും കുഴപ്പം പ്രത്യക്ഷപ്പെട്ടിരിക്കുന്നു" (30: 41). "നിങ്ങൾക്ക് വല്ല വിപത്തും സംഭവിച്ചിട്ടുണ്ടെങ്കിൽ അത് നിങ്ങളുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമാണ്"(42: 30). "നിശ്ചയം, അല്ലാഹു മനുഷ്യരോട് ഒട്ടും അക്രമം പ്രവർത്തിക്കുന്നില്ല. പ്രത്യുത, മനുഷ്യർ സ്വയം തന്നെ അക്രമം പ്രവർത്തിക്കുകയാണ്"(10: 44). "വല്ലവനും നേർവഴി സ്വീകരിച്ചാൽ അവൻ തനിക്കുവേണ്ടി തന്നെയാണ് സന്മാർഗം സ്വീകരിക്കുന്നത്" (10:108). "ഒരു നാടിനെയും അതിലെ നിവാസികൾ അക്രമികളായെങ്കിലല്ലാതെ നാം നശിപ്പിക്കുന്നില്ല"(28: 59). "ആർ നമുക്കുവേണ്ടി കഠിനാധ്വാനം ചെയ്യുന്നുവോ അവർക്കു നാം നമ്മുടെ മാർഗങ്ങൾ കാണിച്ചുകൊടുക്കും" (29: 69). "എന്റെ ഉദ്ബോധനത്തിൽനിന്ന് മുഖം തിരിക്കുന്നതാരാണോ അവന് ഈ ലോകത്ത് കുടുസ്സായ ജീവിതമാണുള്ളത്. പുനരുത്ഥാന നാളിലോ, അവനെ നാം അന്ധനായി എഴുന്നേൽപിക്കും. അപ്പോൾ അവൻ പറയും: നാഥാ, നീ എന്നെ അന്ധനായി എഴുന്നേൽപിച്ചതെന്ത്? ഭൂമിയിൽ ഞാൻ കാഴ്ചയുള്ളവനായിരുന്നല്ലോ. അല്ലാഹു അരുൾ ചെയ്യും: ശരിയാണ്, നമ്മുടെ ദൃഷ്ടാന്തങ്ങൾ നിന്റെയടുക്കൽ വന്നപ്പോൾ നീ അവയെ മറന്നല്ലോ. അതേവിധം ഇന്ന് നീയും വിസ്മരിക്കപ്പെടുകയാകുന്നു. ഇപ്രകാരമത്രെ തങ്ങളുടെ നാഥന്റെ സൂക്തങ്ങളംഗീകരിക്കാതെ അതിരുകവിഞ്ഞവർക്ക് നാം ഈ ലോകത്ത് പ്രതിഫലം നൽകുന്നത്. പരലോക ശിക്ഷയോ അതികഠിനവും ഏറെ ദീർഘവുമത്രെ"(20: 124-127). "ഭാരം ചുമക്കുന്ന ആരും മറ്റൊരുവന്റെ ഭാരം പേറുകയില്ല. മനുഷ്യന് താൻ പ്രയത്നിച്ചതല്ലാതെ യാതൊന്നുമില്ല. താൻ പ്രയത്നിച്ചത് താമസിയാതെ അവന് കാണിക്കപ്പെടുന്നതാണ്. അനന്തരം അവന് തികവോടെ പ്രതിഫലം നൽകപ്പെടുകയും ചെയ്യും"(53: 38-41). "ആർ അണുമണിത്തൂക്കം നന്മ ചെയ്തുവോ അവനത് കണ്ടെത്തുക തന്നെ ചെയ്യും. ആർ അണുമണിത്തൂക്കം തിന്മ ചെയ്തോ അവനുമത് കണ്ടെത്തും"(99: 7,8).

ഇസ്ലാമിക വീക്ഷണത്തിൽ മനുഷ്യൻ തീർത്തും അസ്വതന്ത്രനോ കേവലം വിധിയുടെ കൈയിലെ പാവയോ ഉപകരണമോ അല്ലെന്ന് ഇവിടെ ഉദ്ധരിച്ചവയും അതുപോലുള്ളവയുമായ നിരവധി വിശുദ്ധ വാക്യങ്ങൾ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. തന്റെ ജീവിത മാർഗം തീരുമാനിക്കാനും തെരഞ്ഞെടുക്കാനും ഓരോരുത്തർക്കും അനുവാദവും സ്വാതന്ത്ര്യവും

നൽകപ്പെട്ടിട്ടുണ്ട്. അതിനാൽ മനുഷ്യജീവിതത്തിന് രണ്ടു വശമുണ്ട്. നാട്, തറവാട്, ദേശം, ഭാഷ, കാലം, കോലം, ലിംഗം, ജനനം, മരണം പോലുള്ള വയെല്ലാം അവന്റെ നിയന്ത്രണത്തിലോ പരിധിയിലോ അല്ല. ഇതാണ് ഒരു വശം. മറുവശത്ത് താൻ എന്ത് കുടിക്കണം, കുടിക്കരുത്, തിന്നണം, തിന്ന രുത്, എന്ത് കാണണം, കാണരുത്, കേൾക്കണം, കേൾക്കരുത്, എന്ത് പറ യണം, പറയരുത്, എന്ത് ചെയ്യണം, എന്ത് ചെയ്യരുത്, എങ്ങനെ ജീവി ക്കണം, ജീവിക്കരുത് തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാനും അതനുസ രിച്ച് ചരിക്കാനും മനുഷ്യന് ബാധ്യതയും സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ ഈ സ്വാതന്ത്ര്യം അപരിമിതമോ തീർത്തും അനിയന്ത്രിതമോ അല്ല. അതി നുപയോഗിക്കുന്ന കണ്ണും കാതും നാക്കും മൂക്കും കൈയും കാലും ശരീ രവും ജീവനും പൂർണമായും മനുഷ്യനിയന്ത്രണത്തിലല്ലല്ലോ. അവയൊ ക്കെയും ദൈവാധീനത്തിലും നിയന്ത്രണത്തിലുമാണ്. അതോടൊപ്പം അവ ഇഷ്ടാനുസൃതം ഉപയോഗിക്കാനുള്ള സാധ്യതയും സ്വാതന്ത്ര്യവും മനുഷ്യന് ദൈവം തന്നെ നൽകിയിട്ടുണ്ട്. ഇവ്വിധം ലഭ്യമായ സ്വാതന്ത്ര്യ ത്തിന്റെ തോതനുസരിച്ചാണ് മനുഷ്യന്റെ മേൽ ബാധ്യത ചുമത്തപ്പെട്ടി ട്ടുള്ളത്. അഥവാ ഓരോ മനുഷ്യനും തനിക്ക് സ്വാതന്ത്ര്യം ലഭിച്ച മേഖ ലയെ എവ്വിധം ഉപയോഗിക്കുന്നുവെന്നതിനനുസരിച്ചായിരിക്കും ജീവിത വിജയവും പരാജയവും രക്ഷയും ശിക്ഷയുമുണ്ടാകുക. ഈ സ്വാതന്ത്ര്യം കിട്ടിയ വശങ്ങളിൽ സ്വയം സ്വീകരിക്കാനും നടപ്പാക്കാനുമുള്ള ജീവിത പദ്ധതിയാണ് ദൈവം പ്രവാചകന്മാരിലൂടെ നൽകിയത്. ഉള്ള സാധ്യ തയും സ്വാതന്ത്ര്യവും ഉപയോഗിച്ച് അതനുസരിച്ച് ജീവിക്കുന്നവർ വിജ യികളായി സ്വർഗാവകാശികളായിത്തീരും. അതിനെ ധിക്കരിച്ചും നിഷേ ധിച്ചും താന്തോന്നികളായി ജീവിക്കുന്നവർ പരാജിതരായി നരകശിക്ഷക്ക് അർഹരാവുകയും ചെയ്യും. സന്മാർഗം സ്വീകരിച്ച് നല്ലവരായി ജീവിക്കാൻ തീരുമാനിച്ച് അതിനായി ശ്രമിക്കുന്ന ആരെയും അല്ലാഹു നിർബന്ധിച്ച് ദുർമാർഗികളാക്കുകയില്ല. മറിച്ചും അവ്വിധം തന്നെ.

മനുഷ്യന് നൽകപ്പെട്ട സ്വാതന്ത്ര്യത്തിനും സാധ്യതക്കുമപ്പുറമൊരു കാര്യവും ദൈവം അവനോടാവശ്യപ്പെടുകയോ ആജ്ഞാപിക്കുകയോ ചെയ്യുന്നില്ല. അല്ലാഹു അറിയിക്കുന്നു: “അല്ലാഹു ആരോടും അവന്റെ കഴി വിന്നതീതമായത് കല്പിക്കുകയില്ല. ഓരോരുത്തരും പ്രവർത്തിച്ചതിന നുസരിച്ചുള്ള രക്ഷയും ശിക്ഷയും അവർക്കുണ്ട്”(2: 286).

അതിനാൽ ദൈവം ആരോടും അനീതി കാണിക്കുന്നില്ല. “നിന്റെ നാഥൻ തന്റെ ദാസന്മാരോട് ഒട്ടും അനീതി കാണിക്കുന്നവനല്ല”(41: 46).

മനുഷ്യന്റെ തീരുമാനങ്ങളും കർമങ്ങളും ദൈവത്തിന്റെ അറിവിനും വിധിക്കും വിധേയമല്ലേ? മനുഷ്യസ്വാതന്ത്ര്യത്തെയും ദൈവനിശ്ചയ ത്തെയും ബന്ധിപ്പിക്കുന്ന കണ്ണി ഏത്? എങ്ങനെ? തുടങ്ങിയ ചോദ്യങ്ങളു ന്നയിക്കപ്പെടാവുന്നതാണ്. എന്നാൽ മനുഷ്യനിവിടെ തന്റെ പരിധിയും പരി മിതിയും നന്നായി മനസ്സിലാക്കുക തന്നെ വേണം. അനന്ത വിസ്തൃത മായ ഈ മഹാപ്രപഞ്ചത്തിലെ ഒരു കൊച്ചു ഗോളമാണ് ഭൂമി. അതിലെ പരകോടി സൃഷ്ടികളിലൊന്നു മാത്രമാണ് മനുഷ്യൻ. അവനിന്നോളം സ്വന്തത്തെക്കുറിച്ചുപോലും പൂർണവും കണിശവുമായി മനസ്സിലാക്കാൻ

കഴിഞ്ഞിട്ടില്ല. ജീവൻ, ബുദ്ധി, ഓർമശക്തി, ആത്മാവ് തുടങ്ങിയവയെക്കുറിച്ചൊന്നും സൂക്ഷ്മവും ഖണ്ഡിതവുമായ അറിവ് ആർക്കുമില്ല. താൻ ജീവിക്കുന്ന ഭൂമിയെയും അതുൾക്കൊള്ളുന്ന പ്രപഞ്ചത്തെയും സംബന്ധിച്ച അറിവോ, നന്നെ പരിമിതവും. ആ വിജ്ഞാന സാമ്രാജ്യത്തെ സമുദ്രത്തോട് തുലനം ചെയ്താൽ അതിലെ ഒരു തുള്ളിപോലും സ്വായത്തമാക്കാൻ മനുഷ്യനിന്നോളം സാധിച്ചിട്ടില്ല. നമ്മുടെ അറിവിന്റെ പരിമിതിയാണിതിനു കാരണം. അതിനാൽ നാം പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തെയും അവന്റെ കർമങ്ങളെയും സംബന്ധിച്ച് അറിയണമെന്ന് ശഠിക്കുന്നതിലൊട്ടും അർഥമില്ല. ദൈവവുമായി ബന്ധപ്പെട്ട എല്ലാം പഞ്ചേന്ദ്രിയങ്ങൾക്കും അവയുടെ പരിമിതികൾക്കും വിധേയമായ മനുഷ്യബുദ്ധിക്കും ചിന്തക്കും അപ്രാപ്യമായ അഭൗതിക ജ്ഞാനത്തിൽപെട്ടവയാണ്. അല്ലാഹു തന്റെ ദൂതന്മാരിലൂടെ അറിയിച്ചു കൊടുത്തതിനപ്പുറം അതിനെക്കുറിച്ച് ആർക്കും ഒന്നുമറിയില്ല. അതിനാൽ ദൈവവിധിയെക്കുറിച്ച് ദിവ്യബോധനങ്ങളിലൂടെ ലഭ്യമായതല്ലാതെ മനസ്സിലാക്കാൻ നമുക്ക് സാധ്യമല്ല. വേദഗ്രന്ഥത്തിലൂടെ ലഭ്യമായ ജ്ഞാനമനുസരിച്ച് ദൈവവിധിയും ജ്ഞാനവും പ്രപഞ്ചത്തെയും അതിലുള്ള സകലതിനെയും ചൂഴ്ന്നുനിൽക്കുന്നു. മനുഷ്യനും അതിന്നതീതനല്ല. അതേസമയം സ്വയം തീരുമാനമെടുക്കാനും അതനുസരിച്ച് ജീവിക്കാനും അവന് സ്വാതന്ത്ര്യവും സാധ്യതയും നൽകപ്പെട്ടിട്ടുണ്ട്. അത് അപരിമിതമോ അനിയന്ത്രിതമോ അല്ല. സ്വാതന്ത്ര്യം ലഭിച്ച മേഖലകളിൽ ദൈവത്തെ അനുസരിച്ച് അവൻ നിശ്ചയിച്ച ജീവിതപാത പിന്തുടരണമെന്ന് അല്ലാഹു അനുശാസിച്ചിരിക്കുന്നു. അങ്ങനെ ചെയ്യുന്നവർക്ക് ജീവിതവിജയവും പരലോകരക്ഷയും വാഗ്ദാനം ചെയ്തിട്ടുമുണ്ട്. ദൈവത്തെ ധിക്കരിക്കാനുള്ള സാധ്യതയും സ്വാതന്ത്ര്യവും മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. അങ്ങനെ ചെയ്യുന്നവർക്ക് പരാജയവും പരലോകത്ത് കടുത്ത ശിക്ഷയുമാണുണ്ടാവുകയെന്ന് താക്കീത് നൽകുകയും ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ, ഓരോരുത്തർക്കും നൽകപ്പെട്ട കഴിവിന്റെയും സ്വാതന്ത്ര്യത്തിന്റെയും തോതനുസരിച്ചാണ് അവരവരുടെ ബാധ്യത. അതിന്റെ നിർവഹണത്തിന്റെയും ലംഘനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും മരണാനന്തരം മറുലോകത്തെ രക്ഷാ-ശിക്ഷകൾ. അതിനാൽ നമ്മുടെ സ്വർഗവും നരകവും നേടുന്നത് നാം തന്നെയാണ്. സ്വന്തം തീരുമാനങ്ങളിലൂടെയും കർമങ്ങളിലൂടെയും രണ്ടിലൊന്നിന്റെ അവകാശിയായിത്തീരുന്നു. അതിനാൽ ആരും തീരെ അനീതിക്കിരയാവുന്നില്ല. സത്യം കവിവാക്യം തന്നെ:

'നമിക്കിലുയരാം, നടുകിൽ തിന്നാം
നൽകുകിൽ നേടിടാം
നമുക്കുനാമേ പണിവതുനാകം
നരകവുമതുപോലെ.'

## വിധിവിശ്വാസവും മനഃശാന്തിയും

കർമങ്ങൾക്ക് അവയിലേർപ്പെടുന്നവർ ലക്ഷ്യം വച്ച ഫലം തന്നെ ഉണ്ടാവണമെന്നില്ല. ലാഭമഭിലഷിച്ച് വ്യാപാരത്തിലേർപ്പെടുന്നവർ നഷ്ടം

സഹിക്കേണ്ടിവരുന്നു. വരുമാനം പ്രതീക്ഷിച്ച് വയലേലകളിൽ വേല ചെയ്യുന്നവർ വിളനഷ്ടത്തിന്നിരയാവുന്നു. നാം നമ്മുടെ അറിവിന്റെയും പരിചയത്തിന്റെയും കഴിവിന്റെയും പരിമിതികളിൽ നിന്നുകൊണ്ട് കാര്യങ്ങൾ കണക്കുകൂട്ടി അതിനനുസരിച്ച് പ്രവർത്തിക്കുന്നു. ചിലപ്പോൾ നമ്മുടെ സ്വപ്നങ്ങളും സങ്കൽപങ്ങളും നിമിഷനേരംകൊണ്ട് നിലംപൊത്തുന്നു. അപ്രതീക്ഷിതമായ ആഘാതങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. എങ്കിലും അത്തരം വിപത്സാധ്യതകൾ ആരെയും നിഷ്ക്രിയരാക്കാറില്ല. ആക്കാവുന്നതുമല്ല. വിജയവും നേട്ടവും പ്രതീക്ഷിച്ച് കർമങ്ങളിലേർപ്പെടാറാണ് പതിവ്. മോഹങ്ങളൊക്കെയും പൂവണിയാറില്ലെന്നതുകൊണ്ടു മാത്രം ആരും ഒന്നും ആഗ്രഹിക്കാതിരിക്കാറില്ല. മനുഷ്യൻ കൊതിച്ചതല്ല കിട്ടുക; ദൈവം വിധിച്ചതാണ്.

"ആകാശഭൂമികളുടെ താക്കോൽ അല്ലാഹുവിൽ നിക്ഷിപ്തമത്രെ! അവനിഛിക്കുന്നവർക്ക് അവൻ വിഭവസമൃദ്ധി നൽകുന്നു. ഇഛിക്കുന്നവർക്ക് ക്ലിപ്തപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. നിശ്ചയം, എല്ലാം അറിയുന്നവനത്രെ അവൻ"(ഖുർആൻ 42: 12).

"നിങ്ങൾ ചിന്തിക്കുന്നില്ലേ? നിങ്ങൾ വിതയ്ക്കുന്ന വിത്ത്, അതിൽ നിന്ന് വിള മുളപ്പിക്കുന്നത് നിങ്ങളോ? അതോ നാമോ? നാം ഇഛിക്കുകയാണെങ്കിൽ ഈ വിളകളെ ഉണങ്ങിയ താളുകളാക്കുക തന്നെ ചെയ്യും! അപ്പോഴോ നിങ്ങൾ പലതും പറഞ്ഞുകൊണ്ടിരിക്കും. നമ്മുടെ മേൽ കടം കുടുങ്ങിയല്ലോ, നാം നിർഭാഗ്യവാന്മാരായിപ്പോയല്ലോ എന്നിങ്ങനെ"(56: 63-67).

നമ്മുടെ മരണം എവിടെവച്ച്; എങ്ങനെ എന്ന് ആർക്കുമറിയില്ല. എല്ലാം അലംഘനീയമായ ദൈവവിധിക്കു വിധേയം. അതിനെ തട്ടിമാറ്റാനാർക്കും സാധ്യമല്ല. ആയുസ്സിന്റെ ഹ്രസ്വ-ദൈർഘ്യതയൊക്കെയും അല്ലാഹുവിന്റെ തീരുമാനമനുസരിച്ചാണ്.

"ആരും അറിയുന്നില്ല; നാളെ താൻ എന്തൊക്കെ നേടുമെന്ന്; ഏതു മണ്ണിലാണ് തന്റെ മരണമെന്നറിയുന്നവരുമില്ല"(31: 34).

"ജീവനുള്ളവയ്ക്കൊന്നും ദൈവഹിതമന്യേ മരിക്കുക സാധ്യമല്ല. മരണസമയമാകട്ടെ ലിഖിതവും"(31: 145). "യഥാർഥത്തിൽ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നത് അല്ലാഹു മാത്രമാകുന്നു"(3: 156). "മരണമാകട്ടെ, നിങ്ങൾ എവിടെയായിരുന്നാലും അത് നിങ്ങളെ പിടികൂടുകതന്നെ ചെയ്യും. നിങ്ങൾ എത്ര ഭദ്രമായ കോട്ടകളിലായിരുന്നാലും"(4: 78).

മനുഷ്യജീവിതത്തിലെ നന്മ-തിന്മകൾ, സന്മാർഗ-ദുർമാർഗങ്ങൾ, ജയാപചയങ്ങൾ തുടങ്ങിയവപോലെത്തന്നെ ഭൗതിക ജീവിതത്തിലെ കാര്യങ്ങളും ദൈവവിധിക്കു വിധേയമാണ്. അതോടൊപ്പം ദൈവവിധിയുണ്ടെങ്കിൽ ആഹാരം ലഭിച്ചുകൊള്ളുമെന്നു കരുതി ആരും അധ്വാനിക്കാതെ അടങ്ങിയൊതുങ്ങിക്കഴിയാറില്ല. ദൈവഹിതമനുസരിച്ചാണ് മരണമുണ്ടാവുകയെന്നതിനാൽ രോഗമാകുമ്പോൾ ദൈവേഛയുണ്ടെങ്കിൽ സുഖമായിക്കൊള്ളുമെന്ന് സമാധാനിച്ച് ചികിത്സ നടത്താതിരിക്കാറുമില്ല. കാര്യബോധമുള്ളവരാരും ജീവിതത്തിന്റെ ഭാഗധേയം വിധിക്ക് വിട്ടുകൊടുത്ത് ആല

സ്യത്തിൽ ആമഗ്നരാവുകയില്ല. ശരിയായ പാത പരതിയെടുത്ത് അതിലൂടെ ജീവിതപുരോഗതിക്കും ലക്ഷ്യപ്രാപ്തിക്കും പരമാവധി പ്രയത്നിക്കാറാണ് പതിവ്. മതമനുശാസിക്കുന്നതും അതുതന്നെ. ദൈവവിധി പുലരുക മനുഷ്യകർമങ്ങളിലൂടെയാണല്ലോ.

“എല്ലാവർക്കും തങ്ങളുടെ പ്രവർത്തനങ്ങൾക്കനുസൃതമായ പദവികൾ ലഭിക്കും. അവരുടെ പ്രവർത്തനങ്ങൾ അല്ലാഹു അവർക്ക് പൂർത്തിയാക്കിക്കൊടുക്കും. അവരോട് അനീതി കാണിക്കുകയില്ല”(46: 19). “സൽക്കർമം ചെയ്യുക. നാം നിങ്ങൾ ചെയ്യുന്നതൊക്കെയും കാണുന്നവനല്ലോ”(34: 11).

പ്രവാചകൻ പറയുന്നു: “നിങ്ങൾ പ്രഭാതപ്രാർഥന പൂർത്തിയാക്കിയാൽ ആഹാരത്തിനായി അധ്വാനിക്കാതെ ഉറങ്ങരുത്”(ത്വബ്റാനി). “ലോകാവസാനം ആസന്നമായ ഘട്ടത്തിൽപോലും നിങ്ങളിലാരുടെയെങ്കിലുമടുക്കൽ ഒരു ഈന്തപ്പനത്തൈ ഉണ്ടെങ്കിൽ അവനത് നട്ടുകൊള്ളട്ടെ. അവന്നതിൽ പ്രതിഫലമുണ്ട്.”

ഒരിക്കൽ നബിതിരുമേനി രണ്ടുപേർ തമ്മിലുണ്ടായ കേസിൽ വിധി നടത്തി. പിരിഞ്ഞുപോയപ്പോൾ കേസിൽ പരാജയപ്പെട്ടയാൾ പറഞ്ഞു: “എനിക്ക് അല്ലാഹു മതി. അവൻ ഏറ്റവും നല്ല സംരക്ഷകനത്രെ”. ഇതു കേൾക്കാനിടയായ പ്രവാചകൻ അയാളോടു പറഞ്ഞു: “ദൗർബല്യത്തെ ദൈവം വെറുക്കുന്നു. അതിനാൽ ശക്തിയും തന്റേടവും നേടുക. എന്നിട്ടും പരാജിതരായാൽ അപ്പോൾ നിങ്ങൾക്കു പറയാം: ‘എനിക്ക് അല്ലാഹു മതി. അവൻ ഏറ്റവും നല്ല സംരക്ഷകനത്രെ.”

മനുഷ്യൻ തന്റെ സാധ്യതകളൊക്കെയും സ്വരൂപിച്ച് പ്രതിബന്ധങ്ങളോടും പ്രതികൂല പരിതഃസ്ഥിതികളോടും പൊരുതാൻ ബാധ്യസ്ഥനാണ്. വിജയം വരിക്കാൻ അത് അനിവാര്യമാണെന്ന് മതമോതുന്നു. ദൃഢനിശ്ചയം, സ്ഥിരചിത്തത, ത്യാഗമനസ്ഥിതി, സ്ഥിരോത്സാഹം തുടങ്ങിയവയൊക്കെ സ്വായത്തമാക്കണമെന്ന് അതാവശ്യപ്പെടുന്നു. പണിയെടുക്കാതെ അലസമായിരുന്ന് പതനങ്ങളും പാളിച്ചകളും പിഴവുകളുമൊക്കെ വിധിയുടെ മേൽ വച്ചുകെട്ടുന്നത് കടുത്ത കുറ്റമത്രെ. അശ്രദ്ധയുടെയും അനാസ്ഥയുടെയും അനിവാര്യഫലങ്ങൾക്ക് ദൈവവിധിയുടെ പരിവേഷമണിയിക്കുന്നത് അത്യന്തം അപലപനീയമാണ്. അധ്വാനിക്കാതെ ഫലം പ്രതീക്ഷിക്കുന്നതും കഷ്ടതകൾ സഹിക്കാതെ നേട്ടം കൊതിക്കുന്നതും മടയത്തമാണ്. കർമത്തിനേ അല്ലാഹു പ്രതിഫലം നൽകുകയുള്ളൂ. നിഷ്ക്രിയത്വം നാശനിമിത്തമത്രെ.

ഒരാൾ പ്രവാചകനോട് ചോദിച്ചു: “ദൈവദൂതരേ, ഞാൻ ഒട്ടകത്തെ ബന്ധിച്ച ശേഷം അല്ലാഹുവിൽ ഭരമേൽപിക്കണമോ? അതോ അതിനെ അഴിച്ചുവിട്ടു കൊണ്ടോ?” പ്രവാചകൻ പ്രതിവചിച്ചു: “അതിനെ കെട്ടിയിടുക. എന്നിട്ട് ദൈവത്തിൽ ഭരമേൽപിക്കുക.”

ആഹാരം കഴിക്കാതെ വിശപ്പുമാറില്ല. വെള്ളം കുടിക്കാതെ ദാഹം ശമിക്കുകയില്ല. വിത്തിറക്കാതെ വിളവുണ്ടാവില്ല. പണിയെടുക്കാതെ പണവും. വൻ വിജയങ്ങൾക്ക് മർമമറിഞ്ഞ കർമം അനിവാര്യമത്രെ. ഇത് മാറ്റമില്ലാത്ത ദൈവിക നിയമമാണ്. ഇതറിയുന്ന യഥാർഥ വിശ്വാസി സദാ കർമനിരതനായിരിക്കും. അതിനാൽ വിധിവിശ്വാസം ആലസ്യമല്ല; ഔത്സുക്യമാണ്

വളർത്തുക.

ദൈവ വിധിയും ദിവ്യജ്ഞാനവും പ്രത്യക്ഷമോ പ്രകടമോ അല്ല. അതിനാൽ തനിക്ക് അജ്ഞാതമായ ഒന്നിനെക്കുറിച്ച് ആലോചിച്ച് അസ്വസ്ഥനാവുന്നതിലർഥമില്ല. അതിരുകളില്ലാത്ത ദൈവകാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് പണിയെടുക്കുകയാണ് വേണ്ടത്. നിരാശ വിശ്വാസികൾക്ക് അന്യമത്രെ. "നിങ്ങൾ ദൈവകാരുണ്യത്തെക്കുറിച്ച് നിരാശരാവരുത്"(39: 53).

അധ്വാനിക്കാനുള്ള ദൃഢനിശ്ചയത്തിനുശേഷം മാത്രമേ അല്ലാഹുവിൽ ഭരമേൽപിക്കാവൂ എന്നാണ് മതമനുശാസിക്കുന്നത്. "നീ ഒരു കാര്യത്തിൽ ദൃഢനിശ്ചയമെടുത്തു കഴിഞ്ഞാൽ ദൈവത്തിൽ ഭരമേൽപിക്കുക"(3:159).

ചുറുചുറുക്കോടെ ഓടിച്ചാടി നടക്കുന്ന ചെറുപ്പക്കാരൻ ആകസ്മികമായി വാതരോഗത്തിന്നടിപ്പെടുന്നു. പലവിധ ചികിത്സകളും നടത്തിനോക്കുന്നു. പക്ഷേ, ഒന്നും ഫലിക്കുന്നില്ല. അവസാനം അലോപ്പതിയും ആയുർവേദവും, ഹോമിയോപ്പതിയുമുൾപ്പെടെ എല്ലാ വൈദ്യവിദ്യകളും രോഗം ഭേദമാവുകയില്ലെന്ന് വിധിയെഴുതുന്നു. അതിനാൽ താനിനി ഒരിക്കലും കട്ടിലിൽ നിന്നിറങ്ങി നടക്കുകയില്ലെന്ന് അയാളറിയുന്നു. എങ്കിൽ അയാൾ അത്യധികം അസ്വസ്ഥനാവുക സ്വാഭാവികമത്രെ. ഇത്തരമൊരു സാഹചര്യത്തിൽ ആ രോഗിയെ ആശ്വസിപ്പിക്കാൻ ലോകത്തിലൊരു ഭൗതിക ദർശനത്തിനും പ്രത്യയശാസ്ത്രത്തിനും സാധ്യമല്ല. ഇരുപതാം നൂറ്റാണ്ടു കണ്ട വീര വിപ്ലവകാരി വി.ഐ. ലെനിൻ പോലും വാതരോഗത്തിനടിപ്പെട്ടപ്പോൾ അത്യധികം അസ്വസ്ഥനായി തന്റെ ആത്മമിത്രമായ സ്റ്റാലിനോട് സയനൈഡ് ആവശ്യപ്പെട്ടത് അതിനാലാണല്ലോ. എന്നാൽ ദൈവ വിധിയിൽ ദൃഢമായി വിശ്വസിക്കുന്നവർ സകലതും സ്രഷ്ടാവിൽ സമർപ്പിച്ച് ആശ്വാസം കൊള്ളുന്നു. അവർ മനഃസമാധാനത്തോടെ ആത്മഗതം ചെയ്യുന്നു: "തനിക്ക് കൈയും കാലും കണ്ണും കാതും നാക്കും മൂക്കും ആയുസ്സും ആരോഗ്യവും ജീവനും ജീവിതവും നൽകിയത് ദൈവമാണ്. അവൻ കനിഞ്ഞേകിയ ആരോഗ്യം തൽക്കാലം അവൻ തിരിച്ചെടുത്തിരിക്കുന്നു. ഇതൊരു പരീക്ഷണമാണ്. ദൈവ വിധി. പതർച്ച പറ്റിയാൽ പരാജയമായിരിക്കും ഫലം. ക്ഷമിച്ചാൽ വിജയവും. വാതവും രോഗവുമൊന്നുമില്ലാത്ത സ്വർഗം പ്രതിഫലമായി ലഭിക്കും."

ഏകമകന്റെ മാതാപിതാക്കൾ. കാണികളിൽ ഏറെ കൗതുകമുണർത്തുന്ന നാലഞ്ചു വയസ്സ് പ്രായത്തിൽ ആ കുഞ്ഞ് മരണമടയുന്നു. ഇത്തരം അനുഭവങ്ങൾക്കിരയാകുന്ന വ്യക്തികളനുഭവിക്കുന്ന വ്യഥയും വേദനയും വിവരണാതീതമത്രെ. നിലവിലുള്ള കുടുംബസങ്കൽപം മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടിയാണെന്നും സ്വകാര്യ ഉടമാവകാശമില്ലാതിരുന്ന സ്ത്രീസ്വാതന്ത്ര്യത്തിന്റെ പ്രാകൃത കമ്യൂണിസ്റ്റ് കാലഘട്ടത്തിൽ കുട്ടികൾ അഛൻമാരെ തിരിച്ചറിഞ്ഞിരുന്നില്ലെന്നും വാദിച്ച കാറൽ മാർക്സ് പോലും തന്റെ മകന്റെ വിയോഗത്തിൽ ഏറെ വിഹ്വലനാവുകയുണ്ടായി. 1855-ൽ അദ്ദേഹത്തിന്റെ ഇഷ്ടപുത്രൻ എഡ്ഗാറിന് ഗുരുതരമായ രോഗം ബാധിച്ചു. എട്ടുവയസ്സുള്ള അതിസമർഥനായ ആ കുട്ടി മുഷ് എന്ന ഓമനപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. ഏകമകന്റെ രോഗശയ്യക്കരികിൽ നീണ്ട രാത്രികൾ

ഉറക്കമൊഴിച്ച് കഴിച്ചുകൂട്ടിയ മാർക്സ് ആ ഘട്ടത്തിൽ ഏംഗൽസിനെ ഴുതി: "ഹൃദയം നീറുകയാണ്. തല പുകയുകയാണ്." പിന്നീട് മുഷ് മര ണമടഞ്ഞപ്പോൾ അദ്ദേഹമെഴുതി: "പാവം മുഷ് മരിച്ചു....എന്റെ ദുഃഖം എത്ര വലുതാണെന്നറിയാമല്ലോ. ഒട്ടേറെ കഷ്ടപ്പാടുകൾ അനുഭവിച്ചി ട്ടുള്ളവനാണ് ഞാൻ. പക്ഷേ, യഥാർഥ ദുഃഖമെന്താണെന്ന് ഇപ്പോഴാണെ നിക്കു മനസ്സിലായത്."

ഇത്തരം സാഹചര്യങ്ങളിലും വിധിയിൽ വിശ്വസിക്കുന്നവർ ആശ്വാ സമനുഭവിക്കുന്നു. അവരുടെ മനസ്സ് മന്ത്രിക്കുന്നു: "തനിക്ക് കുഞ്ഞിനെ കനിഞ്ഞേകിയത് കരുണാമയനായ ദൈവമാണ്. തന്റെ ഓമനമകനെ തിരി ച്ചുവിളിച്ചതും അവൻ തന്നെ. എല്ലാം അവന്റെ അലംഘനീയമായ വിധി. തന്നേക്കാൾ സ്നേഹവും കരുണയും വാത്സല്യവുമുള്ള സ്രഷ്ടാവിന്റെ വശം കുഞ്ഞിനെ തിരിച്ചേൽപിക്കുകയാണ് താൻ ചെയ്തത്. അതിനാൽ അക്ഷമ കാണിക്കുന്നത് അസ്ഥാനത്താണ്. തീർത്തും അർഥശൂന്യവും. സഹനമവലംബിച്ചാൽ ലഭിക്കാനുള്ളത് സ്വർഗമാണ്. അനശ്വരമായ അ തിന്റെ കവാടത്തിൽ തന്റെ ഓമന മകൻ മന്ദസ്മിതനായി തന്നെ സ്വാഗതം ചെയ്യാൻ കാത്തുനിന്നേക്കാം."

വിധി വിശ്വാസമില്ലാത്തവർ വിപത്തുകൾ വരുമ്പോൾ അസഹ്യമായ അസ്വസ്ഥതക്കും അക്ഷമക്കും അടിപ്പെടുന്നു. വേവലാതിപ്പെടുകയും പരാ തി പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. അവരുടെ ആശങ്കയും അര ക്ഷിതബോധവുമകറ്റാൻ ആശ്വാസവചനങ്ങൾ പോലും അശക്തമായിരി ക്കും. എന്നാൽ അല്ലാഹുവിന്റെ അലംഘനീയമായ വിധിയിൽ വിശ്വാസ മർപ്പിക്കുന്നവർ അനല്പമായ ആശ്വാസമനുഭവിക്കുന്നു. ക്ഷമിച്ചാലും അക്ഷമ കാണിച്ചാലും ഭൗതിക ഫലം ഒന്നുതന്നെ എന്ന് അവരറിയുന്നു. എന്നല്ല, അക്ഷമ അസ്വാസ്ഥ്യം അധികരിപ്പിക്കുകയാണ് ചെയ്യുക. ക്ഷമയും സഹനവും ശാന്തിയേകും. ദൈവസന്നിധിയിലോ ക്ഷമിക്കുന്നവർക്ക് മഹ ത്തായ പ്രതിഫലം. അക്ഷമ അപരാധവും. ഐഹിക ജീവിതം മുഴുക്കെ പരീക്ഷണമാണ്. അനുഗ്രഹങ്ങൾ നൽകിയും നിഷേധിച്ചും ദൈവമത് നിർവഹിക്കുന്നു. ഫലമറിയുക മരണാനന്തരം മറുലോകത്താണ്. അനു ഗ്രഹങ്ങൾ ലഭ്യമാകുന്ന അനുകൂലാവസ്ഥയിൽ ആഹ്ലാദത്തിൽ മിതത്വം പുലർത്തണമെന്ന് മതമാവശ്യപ്പെടുന്നു; അവ നിഷേധിക്കപ്പെടുമ്പോൾ ക്ഷമയും സഹനവും പാലിക്കണമെന്നും. വിജയം വാഗ്ദാനം ചെയ്യപ്പെ ട്ടത് ആവിധം പ്രവർത്തിക്കുന്നവർക്കാണ്.

"ഭയാശങ്കകൾ, ക്ഷാമം, ജീവധനാദികളുടെ നഷ്ടം, വിളനാശം എന്നി വയിലൂടെ നാം നിങ്ങളെ നിശ്ചയമായും പരീക്ഷിക്കും. അപ്പോൾ ക്ഷമ അവലംബിക്കുകയും 'ഞങ്ങൾ ദൈവത്തിന്റേതാണല്ലോ, അവനിലേക്കാ ണല്ലോ ഞങ്ങൾ മടങ്ങേണ്ടതും എന്നു പറയുകയും ചെയ്യുന്നവരെ സന്തോ ഷ വാർത്ത അറിയിക്കുക. അവർക്ക് തങ്ങളുടെ നാഥനിൽനിന്ന് വലിയ അനുഗ്രഹങ്ങൾ ലഭിക്കും. അവന്റെ കാരുണ്യം അവർക്ക് തണലേകും. അവർ തന്നെയാകുന്നു സന്മാർഗം പ്രാപിച്ചവർ"(2: 155-157).

ഇതംഗീകരിക്കുന്ന വിശ്വാസികൾ സ്വസ്ഥരും നിർഭയരുമായിരിക്കും. തങ്ങളുടെ വിധിയിൽ തീർത്തും തൃപ്തരും. അത് തങ്ങൾക്ക് അനുകൂ ലമോ പ്രതികൂലമോ എന്നത് അവരെ സംബന്ധിച്ചേടത്തോളം അപ്രസ

ക്തമത്രെ. വ്യഥയും വേവലാതിയും വിതുമ്പലും വിഹ്വലതയും വിധിയിലൊരു വ്യത്യാസവും വരുത്തുകയില്ലല്ലോ. അവർ നഷ്ടസന്ദർഭങ്ങളുടെയും സൗഭാഗ്യങ്ങളുടെയും പേരിൽ വിലപിച്ച് കാലം കഴിക്കാതെ, ദിവ്യകാരുണ്യത്തിൽ പ്രതീക്ഷയർപ്പിച്ച് സ്വസ്ഥചിത്തരായി പുതിയ പ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്നു. അവർ ഇന്നലെകളുടെ നഷ്ടങ്ങളോർത്ത് നെടുവീർപ്പിടുകയല്ല; അവയെ വർത്തമാന ക്രിയകളിലും ഭാവികർമങ്ങളിലും വളമാക്കി മാറ്റുകയാണ് ചെയ്യുക. അങ്ങനെ യഥാർഥ വിധിവിശ്വാസം കർമപ്രേരകമായും മനഃശാന്തിയുടെ നിർഝരിയായും വർത്തിക്കുന്നു. വികലമായ വിധിവിശ്വാസമാണ് ആലസ്യത്തിലേക്കും കർമശൂന്യതയിലേക്കും വഴിയൊരുക്കുക. ഇസ്‌ലാം ഒരിക്കലും അതംഗീകരിക്കുന്നില്ല.

## ഇരുപത്താറ്

# ഖുർആൻ വാക്യങ്ങളിൽ വൈരുധ്യമോ?

*“കാര്യങ്ങളെല്ലാം നടക്കുക ദൈവവിധിയനുസരിച്ചാണെന്ന് കാണിക്കുന്ന കുറേ ഖുർആൻ വാക്യങ്ങളും മനുഷ്യകർമങ്ങൾക്കനുസൃതമായ ഫലമാണുണ്ടാവുകയെന്ന് വ്യക്തമാക്കുന്ന നിരവധി വചനങ്ങളും ഇവിടെ ഉദ്ധരിക്കപ്പെടുകയുണ്ടായി. വിധിവിശ്വാസത്തെ സംബന്ധിച്ച ഖുർആൻ വാക്യങ്ങളിൽ പരസ്പര വൈരുധ്യമുണ്ടെന്നല്ലേ ഇത് തെളിയിക്കുന്നത്?”*

വിധിവിശ്വാസത്തെ സംബന്ധിച്ച വിശുദ്ധ ഖുർആൻ വചനങ്ങളിൽ ഒരു വിധ വൈരുധ്യവുമില്ല. മാത്രമല്ല, അവ പരസ്പരം വ്യാഖ്യാനിക്കുന്നവയും വിശദീകരിക്കുന്നവയുമാണ്. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം.

നല്ല നിലയിൽ ഉയർന്ന നിലവാരത്തോടെ അച്ചടക്കപൂർണമായി നടത്തപ്പെടുന്ന ഒരു മാതൃകാവിദ്യാലയം. സമർഥനായ പ്രധാനാധ്യാപകൻ. ആത്മാർഥതയുള്ള സഹപ്രവർത്തകർ. യോഗ്യരായ വിദ്യാർഥികൾ. കുട്ടികളുടെ കാര്യം ജാഗ്രതയോടെ ശ്രദ്ധിക്കുന്ന രക്ഷിതാക്കൾ. അങ്ങനെ എല്ലാവരും വിദ്യാലയത്തിന്റെ നന്മയിലും ഉയർച്ചയിലും നിർണായകമായ പങ്കുവഹിക്കുന്നു. സ്ഥാപനം നന്നാവുകയെന്ന സംഭവത്തിനു പിന്നിൽ ഒന്നിലേറെ കാരണങ്ങളും നിരവധി ഘടകങ്ങളുമുണ്ടെന്നർഥം. ഇത്തരമൊരവസ്ഥയിൽ വിദ്യാലയം മാതൃകായോഗ്യമാകാൻ കാരണം പ്രധാനാധ്യാപകനാണെന്നു പറയാം. അധ്യാപകരാണെന്നും വിദ്യാർഥികളാണെന്നും രക്ഷി

താക്കളാണെന്നുമൊക്കെ പറയാം. ഇതിലേതു പറഞ്ഞാലും കളവാകില്ല. ഒരിക്കലൊന്നും മറ്റൊരിക്കലൊന്നും പറഞ്ഞാൽ പരസ്പര വിരുദ്ധവുമാവുകയില്ല. ആവശ്യാനുസൃതം ഓരോ കാരണവും എടുത്തു കാണിക്കുകയാണെങ്കിൽ സന്ദർഭാനുസൃതമായ സത്യപ്രസ്താവം മാത്രമേ ആവുകയുള്ളൂ. എന്നാൽ ഇതിൽ ഏതെങ്കിലും ഒരു ഘടകം മാത്രമാണ് സംഭവത്തിനു പിന്നിലെന്ന് വിശ്വസിക്കുന്നവരോട് അത് നിഷേധിക്കേണ്ടിയും വരും.

മനുഷ്യകർമങ്ങളുടെ സ്ഥിതിയും ഈവിധം തന്നെ. ഒരാൾ നടന്നുപോകവെ വഴിയിലൊരു വൃദ്ധൻ വീണുകിടക്കുന്നത് കാണാനിടയാകുന്നു. അയാൾക്ക് വേണമെങ്കിൽ വൃദ്ധനെ കാണാത്തവിധം നടന്നുനീങ്ങാം. അങ്ങനെ ചെയ്യാതെ, അയാൾ വൃദ്ധനെ താങ്ങിയെടുത്ത് ആശുപത്രിയിലെത്തിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നു. അങ്ങനെ ചെയ്യുമ്പോൾ തന്നെ വ്യത്യസ്തമായ ഉദ്ദേശ്യത്തോടെ അത് നിർവഹിക്കാവുന്നതാണ്. വൃദ്ധന്റെയോ അയാളുടെ ബന്ധുക്കളുടെയോ നന്ദിയും പ്രത്യുപകാരവും പ്രതിഫലവും പ്രതീക്ഷിക്കാം. അത്തരമൊന്നുമാഗ്രഹിക്കാതെ വൃദ്ധനോടുള്ള സ്നേഹ-കാരുണ്യ- വാത്സല്യ-ഗുണകാംക്ഷാ വികാരത്തോടെയും അതു ചെയ്യാം. അപ്പോൾ ഈ സംഭവത്തിൽ മനുഷ്യന്റെ ഭാഗത്തുനിന്ന് അയാളെടുക്കുന്ന തീരുമാനത്തിനും അതിന്റെ പിന്നിലെ ഉദ്ദേശ്യത്തിനും തുടർന്നുള്ള പ്രവർത്തനത്തിനുമെല്ലാം അനൽപമായ പങ്കുണ്ട്. അതിനാൽ വൃദ്ധനെ ആശുപത്രിയിലെത്തിച്ചതും ശുശ്രൂഷിച്ചതും ആ മനുഷ്യനാണെന്ന് പറയുന്നതിൽ തെറ്റോ അസാംഗത്യമോ ഇല്ല. അതേസമയം, വൃദ്ധനെ താങ്ങിയെടുക്കാനുപയോഗിച്ച കൈകളും ശരീരവും ആരോഗ്യവും കഴിവും കരുത്തുമൊക്കെ നൽകിയത് ദൈവമാണ്. വൃദ്ധനോട് അലിവ് തോന്നുകയും ശുശ്രൂഷിക്കാൻ തീരുമാനമെടുക്കുകയും ചെയ്ത മനസ്സും ദൈവത്തിന്റെ ദാനം തന്നെ. അതിനാൽ ദൈവമാണ് വൃദ്ധനെ രക്ഷിച്ചതെന്ന പ്രസ്താവവും സത്യനിഷ്ഠവും വസ്തുതാപരവുമത്രെ. അപ്പോൾ ഇത്തരം സംഭവങ്ങളെ മനുഷ്യനോട് ചേർത്തുപറയാം, ദൈവത്തോട് ചേർത്തു പറയാം; മനുഷ്യനോടും ദൈവത്തോടും ഒരേസമയം ചേർത്തു പറയാം. അപ്രകാരം തന്നെ മനുഷ്യകർമം മാത്രമാണെന്ന് ധരിക്കുന്നവരോട് അതിനെ നിഷേധിക്കാം. ദൈവത്തിന്റെ പങ്ക് ഊന്നിപ്പറയാം. ഈ രീതികളെല്ലാം ഖുർആൻ സ്വീകരിച്ചിട്ടുണ്ട്. മനസ്സിന്റെ തീരുമാനത്തിലും ഉദ്ദേശ്യത്തിലും മനുഷ്യന്റെ പങ്ക് എത്രയെന്ന് ലോകത്ത് ആർക്കും അറിയുകയില്ല. മനുഷ്യന്റെ ഗ്രാഹ്യവരുതിക്ക് അതീതമായതിനാൽ ദൈവം വിശദമായി പറഞ്ഞുതന്നിട്ടുമില്ല.

സംഭവങ്ങളെയും കർമങ്ങളെയും അവയ്ക്കു പിന്നിലെ തീരുമാനങ്ങളെയും വിശുദ്ധ ഖുർആൻ ദൈവവുമായും മനുഷ്യനുമായും ബന്ധപ്പെടുത്തിയതായി കാണാം. കപടവിശ്വാസികൾ സ്വീകരിച്ചിരുന്ന സമീപനം തിരുത്തി ഖുർആൻ പറയുന്നു: "അവർക്ക് വല്ല നേട്ടവും കിട്ടിയാൽ അത് ദൈവത്തിങ്കൽനിന്നാണെന്ന് അവർ പറയും. വല്ല വിപത്തും ബാധിച്ചാലോ, നിന്നെ കുറ്റപ്പെടുത്തുകയും ചെയ്യും. പറയുക: എല്ലാം ദൈവത്തിങ്കൽ നിന്നു

തന്നെ. ഇവർക്കെന്തു പറ്റി? ഇവർ ഗ്രഹിക്കുന്നില്ലല്ലോ"(ഖുർആൻ 4: 78).

നന്മയും തിന്മയും ദൈവത്തിങ്കൽ നിന്നാണെന്ന് വ്യക്തമാക്കുന്ന ഖുർ ആൻ ഇവിടെ കപടവിശ്വാസിയുടെ തെറ്റായ സമീപനത്തിന് കാരണക്കാർ അവർ തന്നെയാണെന്ന് പറയുകയും അതിന്റെ പേരിൽ അവരെ കുറ്റപ്പെ ടുത്തുകയും ചെയ്യുന്നു. ശരിയായ സമീപനം സ്വീകരിക്കാൻ സാധ്യതയു ണ്ടായിട്ടും മറിച്ചൊരു നിലപാട് അവലംബിച്ചതിനാലാണ് ഖുർആൻ അവരെ ആക്ഷേപിക്കുന്നത്.

ഗുണദോഷങ്ങളിൽ മനുഷ്യകർമം പോലെ ദൈവവിധിക്കും പങ്കുള്ള തിനാൽ അതിന്റെ കാരണത്തെ സ്രഷ്ടാവിലേക്ക് ചേർത്തുപറയുന്ന സമീ പനം സ്വീകരിച്ചതിന് ഖുർആനിൽ നിരവധി ഉദാഹരണങ്ങൾ കാണാം.

"അല്ലാഹു നിനക്ക് വല്ല ദോഷവും വരുത്തുകയാണെങ്കിൽ അത് പരിഹരിക്കാൻ അവനല്ലാതെ മറ്റാർക്കും സാധ്യമല്ല. അഥവാ, അവൻ നിനക്ക് വല്ല ദോഷവും വരുത്തുകയാണെങ്കിൽ എല്ലാറ്റിനും കഴിവുള്ള വനത്രെ അവൻ"(6:17). "അല്ലാഹു താനിഛിക്കുന്നവരെ സന്മാർഗത്തി ലാക്കുന്നു. താനിഛിക്കുന്നവരെ ദുർമാർഗത്തിലാക്കുന്നു. പ്രതാപശാ ലിയും യുക്തിജ്ഞനുമത്രെ അവൻ"(14: 4).

അതോടൊപ്പം സന്മാർഗ-ദുർമാർഗ പ്രാപ്തിയിൽ മനുഷ്യന്റെ പങ്കും ഖുർആൻ ഊന്നിപ്പറയുന്നു: "ആർ അണുമണിത്തൂക്കം നന്മ ചെയ്യുന്നുവോ അവൻ അത് കണ്ടെത്തുകതന്നെ ചെയ്യും. ആർ അണുമണിത്തൂക്കം തിന്മ ചെയ്യുന്നുവോ അവൻ അതും കണ്ടെത്തും"(99: 7,8). "ഒരുത്തനും മറ്റൊരു ത്തന്റെ ഭാരം ചുമക്കുന്നില്ല. മനുഷ്യന് അവൻ പ്രവർത്തിച്ചതല്ലാതെ ഇല്ല" (53: 38). "അല്ലാഹു ആരെയും അവന്റെ കഴിവിനതീതമായതിന് കൽപി ക്കുകയില്ല. ഓരോരുത്തർക്കും അവർ പ്രവർത്തിച്ചതിനുള്ള പ്രതിഫലവും ശിക്ഷയുമാണുണ്ടാവുക"(2: 286). "നിനക്ക് വല്ല ദോഷവും ബാധിച്ചിട്ടു ണ്ടെങ്കിൽ അത് നിന്റെ ഭാഗത്തുനിന്നു തന്നെയുള്ളതാണ്"(4: 79). "എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്തവർക്ക് അവ രുടെ പ്രതിഫലം പൂർണമായി ലഭിക്കുന്നതാണ്. അക്രമികളെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല"(3: 57). "അവിശ്വസിക്കുകയും നമ്മുടെ ദൃഷ്ടാന്തങ്ങൾ കളവാക്കുകയും ചെയ്തവരാരോ അവരത്രെ നരകാവകാശികൾ. അവര തിൽ നിത്യവാസികളത്രെ"(2: 39). "സത്യനിഷേധികളേ, ഇന്ന് നിങ്ങൾ ഒഴികഴിവ് ബോധിപ്പിക്കേണ്ട. നിങ്ങൾ പ്രവർത്തിച്ചതിന്റെ ഫലം തന്നെ യാണ് നിങ്ങളിന്ന് അനുഭവിക്കുന്നത്"(66: 7).

നന്മ-തിന്മകളിൽ മനുഷ്യന്റെ പങ്കും ദൈവവിധിയും എവ്വിധം ബന്ധ പ്പെടുന്നുവെന്നും ഖുർആൻ വ്യക്തമാക്കുന്നു: "പറയുക: ദൈവം ഇഛി ക്കുന്നവരെ അവൻ ദുർമാർഗത്തിലാക്കുകയും തന്നിലേക്ക് ഖേദിച്ചു മട ങ്ങുന്നവരെ സന്മാർഗത്തിലാക്കുകയും ചെയ്യുന്നു"(13: 27). "സന്മാർഗം സ്പഷ്ടമായിക്കഴിഞ്ഞശേഷവും ആരെങ്കിലും ദൈവദൂതനെ ധിക്കരിക്കു കയും സത്യവിശ്വാസികളുടേതല്ലാത്ത മാർഗം പിന്തുടരുകയുമാണെങ്കിൽ അവൻ സ്വയം തിരിഞ്ഞുകളഞ്ഞ ഭാഗത്തേക്കു തന്നെ നാം അവനെ തിരി ക്കുന്നതാണ്"(4: 115).

ചുരുക്കത്തിൽ, കർമങ്ങളുടെ ഫലത്തെ സംബന്ധിച്ച് മനസ്സിലാക്കാൻ സാധിക്കുന്ന മനുഷ്യന് ചിന്തിക്കാനും തീരുമാനിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും സ്വാതന്ത്ര്യം നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ഈ സ്വാതന്ത്ര്യം അപരിമിതമോ അനിയന്ത്രിതമോ അല്ല. ദൈവേഛയ്ക്കും വിധിക്കും വിധേയമാണ്. ഈ പരിമിതിയുടെ പരിധിക്കുള്ളിൽ നൽകപ്പെട്ട സ്വാതന്ത്ര്യത്തിന്റെ തോതനുസരിച്ച ബാധ്യത മാത്രമേ മനുഷ്യന്റെ മേൽ ചുമത്തപ്പെട്ടിട്ടുള്ളൂ. ആ ബാധ്യതയുടെ നിർവഹണവും ലംഘനവുമാണ് ജീവിതത്തിന്റെ ജയാപജയങ്ങളും സ്വർഗ-നരകങ്ങളും തീരുമാനിക്കുക. അതിനാൽ കഴിവിനതീതമായ ഒന്നിനും അല്ലാഹു ആരെയും നിർബന്ധിക്കുന്നില്ല. ആരോടും അനീതി കാണിക്കുന്നുമില്ല. വിധിയുടെയും മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും അവസ്ഥയും അവയ്ക്കിടയിലെ ബന്ധവും മനുഷ്യന് മനസ്സിലാക്കാൻ സാധിക്കുംവിധം വിവരിക്കുന്ന വിശുദ്ധ ഖുർആൻ വാക്യങ്ങളിൽ ഒട്ടും വൈരുധ്യവുമില്ല.

ദൈവവിധിയുടെയും മനുഷ്യ സ്വാതന്ത്ര്യത്തിന്റെയും അവസ്ഥയെ സംബന്ധിച്ച ഇസ്‌ലാമിക വീക്ഷണം യഥാവിധി അനാവരണം ചെയ്യുന്ന ഒരു സംഭവം രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖിന്റെ കാലത്ത് നടക്കുകയുണ്ടായി. ഫലസ്ത്വീനിൽ പ്ലേഗ് ബാധിച്ചു. ഏറെ കഴിയും മുമ്പേ അത് സിറിയയിലേക്കും പടർന്നുപിടിച്ചു. അതിവേഗം ആളിപ്പടർന്ന രോഗം അത് സ്പർശിക്കുന്നവരെയെല്ലാം കൊന്നൊടുക്കി. മരുന്നും ചികിത്സയുമൊന്നും ഫലിച്ചില്ല. ഒരൊറ്റ മാസത്തിനകം പതിനയ്യായിരം പേർ മരിച്ചു. ഈ വിപത്തിനെ സംബന്ധിച്ച് വിവരമറിഞ്ഞ ഉമറുൽ ഫാറൂഖ് ഒരു സംഘം സൈനികരോടൊപ്പം സിറിയയിലേക്ക് പുറപ്പെട്ടു. വഴിമധ്യേ തന്റെ അടുത്ത അനുയായികളുമായി, എന്തു ചെയ്യണമെന്ന് കൂടിയാലോചിച്ചു. അനന്തര നടപടികൾക്ക് നിർദേശം നൽകിയശേഷം, രോഗബാധിത പ്രദേശത്തേക്ക് പോകേണ്ടതില്ലെന്ന് തീരുമാനിച്ചു. പകർച്ചവ്യാധി ബാധിച്ചേടത്തേക്കുള്ള യാത്ര അപകടം വരുത്തിയേക്കുമെന്നതിനാൽ എല്ലാവരും തടസ്സം നിൽക്കുകയായിരുന്നു. വിവരമറിഞ്ഞ അബൂ ഉബൈദ ഖലീഫയോട് രോഷത്തോടെ ചോദിച്ചു: “ദൈവവിധിയിൽ നിന്ന് ഓടിപ്പോകയോ?” ആ സേനാനായകന്റെ അന്തർഗതം വായിച്ചറിഞ്ഞ ഉമറുൽ ഫാറൂഖ് പറഞ്ഞു: “അതെ, ഒരു ദൈവവിധിയിൽ നിന്ന് മറ്റൊരു ദൈവവിധിയിലേക്ക്.” അൽപസമയത്തെ മൗനത്തിനുശേഷം അദ്ദേഹം തുടർന്നു: “ഒരാൾ ഒരു സ്ഥലത്ത് ചെന്നിറങ്ങി. അവിടെ അയാൾക്ക് രണ്ടു താഴ്വരകളുണ്ട്. ഫലസമൃദ്ധമായതും അല്ലാത്തതും. ഫലസമൃദ്ധമായത് സംരക്ഷിക്കുന്നവനും അല്ലാഹുവിന്റെ വിധി

യനുസരിച്ചല്ലേ പ്രവർത്തിക്കുന്നത്? അല്ലാത്തത് നോക്കി നടത്തുന്നവനും അല്ലാഹുവിന്റെ വിധിയനുസരിക്കുകയല്ലേ ചെയ്യുന്നത്?"

ഇസ്‌ലാമിലെ വിധിവിശ്വാസം വിപത്തുകളുടെയും വിനാശത്തിന്റെയും താക്കോലാവരുതെന്നും പുരോഗതിയുടെയും നേട്ടങ്ങളുടെയും വിജയത്തിന്റെയും വഴിയിൽ വിഘാതം വരുത്തരുതെന്നും വ്യക്തമായ ഭാഷയിൽ സമൂഹത്തെ പഠിപ്പിക്കുകയായിരുന്നു ഉമറുൽ ഫാറൂഖ്. ദൈവവിധിയുടെ വരുതിയിൽ മനുഷ്യനു നൽകപ്പെട്ട സ്വാതന്ത്ര്യത്തെ പരമാവധി പ്രയോജനപ്പെടുത്തണമെന്ന ഉദ്ബോധനവും അതുൾക്കൊള്ളുന്നു.

## ഇരുപത്തേഴ്

# അടിമത്തം നിരോധിക്കാതിരുന്നതെന്തുകൊണ്ട്?

*"ഇസ്‌ലാം അടിമത്തം നിരോധിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എങ്കിൽ സമത്വത്തെയും നീതിയെയും സംബന്ധിച്ച് സംസാരിക്കാൻ ഇസ്‌ലാമിന് എന്തവകാശമാണുള്ളത്?"*

മനുഷ്യരെല്ലാം ഒരേ ദൈവത്തിന്റെ സൃഷ്ടികളും ഒരേ മാതാപിതാക്കളുടെ മക്കളുമാണെന്ന് ഇസ്‌ലാം പ്രഖ്യാപിക്കുന്നു. അതുകൊണ്ടുതന്നെ അവർക്കിടയിൽ വിവേചനം അരുതെന്ന് അത് അനുശാസിക്കുന്നു. "മനുഷ്യരേ, ഒരാണിൽനിന്നും പെണ്ണിൽനിന്നുമത്രെ നിങ്ങളെ നാം സൃഷ്ടിച്ചിട്ടുള്ളത്. പിന്നെ, നിങ്ങളെ നാം സമുദായങ്ങളും ഗോത്രങ്ങളുമാക്കി. നിങ്ങൾ പരസ്പരം പരിചയപ്പെടേണ്ടതിന്" (ഖുർആൻ 49: 13).

പ്രവാചകൻ പറയുന്നു: "നിശ്ചയം, നിങ്ങളുടെ ദൈവം ഏകനാണ്. നിങ്ങളുടെയെല്ലാം പിതാവും ഒരാൾ തന്നെ. എല്ലാവരും ആദമിൽനിന്നുള്ളവരാണ്. ആദമോ മണ്ണിൽനിന്നും. അതിനാൽ അറബിക്ക് അനറബിയെക്കാളോ വെളുത്തവന് കറുത്തവനെക്കാളോ യാതൊരു ശ്രേഷ്ഠതയുമില്ല; ഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ" (മുസ്‌ലിം, അബൂദാവൂദ്).

നിയമത്തിന്റെ മുമ്പിൽ സർവരും സമൻമാരാണെന്ന് ഇസ്‌ലാം സിദ്ധാന്തിക്കുന്നു. പൗരാവകാശങ്ങളുടെ കാര്യത്തിൽ സർവരും തുല്യരാണ്. പണത്തിന്റെയും പദവിയുടെയും പേരിലുള്ള പ്രത്യേകാവകാശങ്ങൾ അതാർ

ക്കും അനുവദിച്ചുകൊടുക്കുന്നില്ല. തദടിസ്ഥാനത്തിലുള്ള വിവേചനങ്ങളെ തീർത്തും നിരാകരിക്കുകയും ചെയ്യുന്നു.

ഇങ്ങനെയൊക്കെയായിരുന്നിട്ടും ഇസ്‌ലാം എന്തുകൊണ്ട് അടിമത്തം നിരോധിച്ചില്ല എന്ന പ്രശ്നം വിശദമായ വിശകലനമർഹിക്കുന്നു.

1. മുഹമ്മദ് നബിയുടെ നിയോഗകാലത്ത് ലോകമെങ്ങും ക്രൂരമായ അടിമത്തമാണ് നിലനിന്നിരുന്നത്. പുരാതനറോമിൽ അടിമ ആടുമാടുകളെപ്പോലെ കച്ചവടം ചെയ്യപ്പെടുന്ന വിൽപ്പനച്ചരക്ക് മാത്രമായിരുന്നു. ഓടിപ്പോകാതിരിക്കാനായി കാലുകളിലണിയിക്കപ്പെട്ട ചങ്ങലകളുമായാണ് അവർ ഭാരിച്ച ജോലികൾപോലും ചെയ്തിരുന്നത്. കാലിത്തൊഴുത്തുകൾക്ക് സമാനമായ സ്ഥലങ്ങളായിരുന്നു അവരുടെ വാസസ്ഥലം. ഭക്ഷണമല്ലാതെ മറ്റൊന്നിനും അവർക്കവകാശമുണ്ടായിരുന്നില്ല. അതും യജമാനന്റെ എച്ചിലുകളായിരുന്നു. ചാട്ടവാറടികൾക്ക് മുതുക് കാണിച്ചുകൊടുക്കാൻ വിധിക്കപ്പെട്ടവരായിരുന്നു അക്കാലത്തെ അടിമകൾ. കാളകൾക്കിടയിലെന്നപോലെ അടിമകൾക്കിടയിലും പോര് സംഘടിപ്പിക്കുക സാധാരണമായിരുന്നു. അങ്ങനെ അവർ പരസ്പരം തല്ലിച്ചാകുന്നത് കണ്ട് ഉല്ലസിക്കൽ യജമാനൻമാരുടെ മുഖ്യ വിനോദമായിരുന്നു.

ഇന്ത്യയിലെ സ്ഥിതിയും ഭിന്നമായിരുന്നില്ല. ഇന്ത്യയിൽ ജാതിവ്യവസ്ഥയുടെ പേരിലാണ് അടിമത്തം നിലനിന്നിരുന്നത്. അതിനാലത് ദൈവനിശ്ചയമായാണ് ഗണിക്കപ്പെട്ടിരുന്നത്. അമേരിക്കയിലും ആഫ്രിക്കയിലും അടുത്ത കാലം വരെയും ക്രൂരമായ അടിമത്തവും വർണവിവേചനവും നിലനിന്നിരുന്നു. ഇതര പാശ്ചാത്യനാടുകളുടെ സ്ഥിതിയും അതുതന്നെ.

ഇത്തരമൊരവസ്ഥയിലാണ് ഇസ്‌ലാം ഇക്കാര്യത്തിൽ സമൂലമായ മാറ്റം വരുത്തിയത്. ആദ്യമായി അതു ചെയ്തത് അടിമകളോടുള്ള സമീപനത്തിൽ സമഗ്രമായ പരിവർത്തനം സൃഷ്ടിക്കുകയായിരുന്നു. അവരും മറ്റുള്ളവരെപ്പോലെ മനുഷ്യരാണെന്ന് പ്രഖ്യാപിച്ചു. ആ ബോധം എല്ലാവരിലും വളർത്തുകയും ചെയ്തു. അല്ലാഹു ആജ്ഞാപിച്ചു: “മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കുക. ബന്ധുക്കളോടും അനാഥകളോടും അഗതികളോടും ബന്ധുവായ അയൽക്കാരോടും അകന്ന അയൽക്കാരോടും സഹവാസികളോടും യാത്രക്കാരനോടും നിങ്ങളുടെ അധീനതയിലുള്ള അടിമകളോടും നൻമയിൽ വർത്തിക്കുക. അഹങ്കാരിയും പൊങ്ങച്ചക്കാരനുമായ ഒരാളെയും അല്ലാഹു ഇഷ്ടപ്പെടുന്നതല്ല” (4: 36).

നബിതിരുമേനി അരുൾ ചെയ്യുന്നു: “നിങ്ങളുടെ സഹോദരൻമാരും ബന്ധുക്കളുമാണവർ. തന്റെ കീഴിലുള്ള സഹോദരന് താൻ ഭക്ഷിക്കുന്നതുപോലുള്ള ആഹാരവും ധരിക്കുന്നതുപോലുള്ള വസ്ത്രവും നൽകേണ്ടതാണ്. അവർക്ക് അസാധ്യമായ കാര്യം അവരെ ഏൽപിക്കരുത്, അഥവാ, പ്രയാസകരമായ വല്ല ജോലികളും അവരെ ഏൽപിക്കുകയാണെങ്കിൽ നിങ്ങളും അവരെ സഹായിക്കുക” (ബുഖാരി).

‘ഇത് എന്റെ അടിമ, ഇത് എന്റെ അടിമസ്ത്രീ’ എന്നിങ്ങനെ പറയാൻ പാടില്ലെന്ന് പഠിപ്പിച്ച പ്രവാചകൻ ‘അവരെ നിങ്ങളുടെ കീഴിൽ വരാൻ ഇടയാക്കിയ അല്ലാഹു നിങ്ങളെ അവരുടെ കീഴിൽ കൊണ്ടുവരാനും കഴി

വുറ്റവനാണെ'ന്ന് സമൂഹത്തെ ഉണർത്തി.

നബി പറഞ്ഞു: "വല്ലവനും തന്റെ അടിമയെ വധിക്കുന്ന പക്ഷം അവനെ നാമും വധിക്കും. വല്ലവനും തന്റെ അടിമയെ അംഗഛേദം ചെയ്താൽ നാം അവനെയും അംഗഛേദം ചെയ്യും. വല്ലവനും തന്റെ അടിമയെ ഷണ്ഡീകരിച്ചാൽ നാമവനെയും ഷണ്ഡീകരിക്കും" (ബുഖാരി, മുസ്ലിം). മാന്യമായ ഭക്ഷണവും വസ്ത്രവും പാർപ്പിടവും ഉറപ്പുവരുത്തിയ ഇസ്‌ലാം ഇതുവഴി അടിമകളുടെ സുരക്ഷിതത്വവും ഭദ്രമാക്കി. മറ്റു സ്ത്രീകളെപ്പോലെ വിവാഹവേളയിൽ അടിമസ്ത്രീകൾക്കും വിവാഹമൂല്യം നിശ്ചയിച്ചു. ഖുർആൻ പറയുന്നു: "നിങ്ങളിലാർക്കെങ്കിലും സ്വതന്ത്രകളായ സത്യവിശ്വാസിനികളെ വിവാഹം ചെയ്യാൻ സാമ്പത്തിക ശേഷിയില്ലെങ്കിൽ നിങ്ങളുടെ അധീനതയിലുള്ള സത്യവിശ്വാസിനികളായ അടിമസ്ത്രീകളെ വിവാഹം ചെയ്തുകൊള്ളുക. നിങ്ങളുടെ വിശ്വാസത്തെക്കുറിച്ച് നന്നായി അറിയുന്നവൻ അല്ലാഹുവാണ്. നിങ്ങൾ പരസ്പരം ബന്ധുക്കളാണ്. അതിനാൽ അവരുടെ രക്ഷിതാക്കളുടെ അനുമതിയോടെ നിങ്ങളവരെ വിവാഹം കഴിച്ചുകൊള്ളുക. അവരുടെ വിവാഹമൂല്യം മര്യാദയോടെ നൽകുകയും ചെയ്യുക" (4: 26).

പ്രവാചകൻ(സ) പറയുന്നു: "നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക. നിങ്ങളുടെ നേതാവായി വരുന്നത് ഉണങ്ങിയ മുന്തിരി പോലുള്ള ശിരസ്സോടുകൂടിയ നീഗ്രോ അടിമയായിരുന്നാലും ശരി."

ഖലീഫാ ഉമറുൽ ഫാറൂഖ് ആസന്ന മരണനായിരിക്കെ ഭാവി ഭരണാധികാരിയെ സംബന്ധിച്ച ചർച്ചക്കിടയിൽ തന്റെ വികാരം പ്രകടിപ്പിച്ചതിങ്ങനെയാണ്: "അബൂഹുദൈഫഃ മോചിപ്പിച്ച അടിമയായിരുന്ന സാലിം ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തെ ഭരണാധികാരിയായി ഞാൻ നിശ്ചയിക്കുമായിരുന്നു."

അബൂബക്ർ സ്വിദ്ദീഖ്, ഉമറുൽ ഫാറൂഖ് പോലുള്ള വളരെ പ്രമുഖരായ അനുചരൻമാരുൾപ്പെടുന്ന സംഘത്തിന്റെ സർവ സൈന്യാധിപനായി വിമോചിത അടിമയായ സൈദിന്റെ മകൻ ഉസാമയെ നിശ്ചയിച്ച നബി സൈദിന് തന്റെ പിതൃസഹോദരീ പുത്രി സൈനബിനെ വിവാഹം കഴിപ്പിച്ചുകൊടുക്കാൻ സന്നദ്ധനായി.

അറബികളായ സ്വതന്ത്രൻമാർക്കും അടിമകൾക്കുമിടയിൽ സാഹോദര്യം സ്ഥാപിക്കുക പ്രവാചകന്റെ പതിവിൽപെട്ടതായിരുന്നു. നീഗ്രോ അടിമയായിരുന്ന ബിലാലും ഖശ്അമീഗോത്രക്കാരനായ ഖാലിദുബ്നു റുവൈഹയും തമ്മിലും അടിമയായിരുന്ന സൈദും സ്വന്തം പിതൃവ്യനായ ഹംസയും തമ്മിലും അടിമയായിരുന്ന ഖാരിജബ്നു സൈദും പിൽക്കാലത്ത് പ്രഥമ ഖലീഫയായിത്തീർന്ന അബൂബക്ർ സ്വിദ്ദീഖും തമ്മിലും നബി തിരുമേനി സാഹോദര്യം സ്ഥാപിക്കുകയുണ്ടായി.

അടിമകളെ അവഗണിക്കാനോ പ്രയാസപ്പെടുത്താനോ ഇസ്‌ലാം അനുവദിച്ചില്ല. ഒരിക്കൽ അടിമയെ പിറകിൽ നടത്തി വാഹനത്തിൽ സഞ്ചരിക്കുന്ന യാത്രക്കാരനോട് അബൂഹുറയ്റ പറഞ്ഞു: "നിന്റെ പിറകിൽ അവനെയും കയറ്റൂ. നിന്റെ സഹോദരനാണവൻ. നിന്റേതുപോലുള്ള ആത്മാവ്

അവനുമുണ്ട്.”

ഈവിധം അടിമയ്ക്ക് സമൂഹത്തിൽ മാന്യമായ പദവിയും അംഗീകാരവും പരിഗണനയും നൽകി അവന്റെ അവകാശങ്ങൾ സംരക്ഷിച്ച ഇസ്‌ലാം അവനോടുള്ള അനീതിയെയും അതിക്രമത്തെയും കൊടിയ കുറ്റമായി കണക്കാക്കുകയുണ്ടായി. അതോടൊപ്പം അടിമയുടെ ബാധ്യതകളിലും ശിക്ഷകളിലും ഗണ്യമായ ഇളവനുവദിക്കുകയും ചെയ്തു.

2. ഇസ്‌ലാം അടിമത്തത്തെ ഒരടിസ്ഥാനമായി അംഗീകരിക്കുന്നില്ല. അന്തിമമായി അതിനറുതിവരുത്താനുള്ള നടപടികളാണ് അത് സ്വീകരിച്ചത്. അടിമത്ത മോചനത്തിന് വമ്പിച്ച പ്രാധാന്യം നൽകി. അല്ലാഹു ചോദിക്കുന്നു: “മനുഷ്യൻ എന്തുകൊണ്ട് ദുർഘടമായ പുണ്യപാത കടക്കുന്നില്ല. എന്താണ് ആ ദുർഘട മാർഗമെന്ന് നിനക്കറിയാമോ? അടിമയുടെ മോചനമാണത്” (90: 11-13).

ഇസ്‌ലാം സകാത്തിന്റെ ഒരോഹരി നിശ്ചയിച്ചത് അടിമകളുടെ മോചനത്തിനുവേണ്ടിയാണ് (9: 60). തന്റെ ഉടമസ്ഥതയിലുള്ള അടിമയെ മോചിപ്പിക്കലും മറ്റുള്ളവരുടെ വശമുള്ളവരെ വാങ്ങി മോചിപ്പിക്കലും ഇസ്‌ലാം നിശ്ചയിച്ച അടിമമോചന മാർഗങ്ങളത്രെ. അതനുസരിച്ചാണ് നബിതിരുമേനിയും അവിടത്തെ അനുചരൻമാരും തങ്ങളുടെ കീഴിലുണ്ടായിരുന്ന അടിമകളെ മോചിപ്പിച്ചത്. അബൂബക്ർ സ്വിദ്ദീഖിനെപ്പോലുള്ള സഹൃദയർ സമ്പത്തിന്റെ സിംഹഭാഗവും വിനിയോഗിച്ചത് അടിമകളെ വാങ്ങി മോചിപ്പിക്കാനാണ്. പത്തുപേർക്ക് എഴുത്തും വായനയും പഠിപ്പിച്ചുകൊടുക്കുന്ന അടിമകളെ പ്രവാചകൻ മോചിപ്പിച്ചിരുന്നു.

പല പാപങ്ങൾക്കും ഇസ്‌ലാം നിശ്ചയിച്ച പ്രായശ്ചിത്തങ്ങളിൽ പ്രഥമവും പ്രധാനവും അടിമകളെ മോചിപ്പിക്കലാണ്. “ആരെങ്കിലും ഒരു വിശ്വാസിയെ വധിക്കാനിടയായാൽ പ്രായശ്ചിത്തമായി വിശ്വാസിയായ ഒരടിമയെ മോചിപ്പിക്കണം. കൊല്ലപ്പെട്ടവന്റെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകുകയും വേണം. അവർ നഷ്ടപരിഹാരം വിട്ടുകൊടുത്താലൊഴികെ” (4: 92).

ശപഥലംഘനം, വ്രതമനുഷ്ഠിക്കവെ ഭാര്യാഭർത്താക്കൻമാർ ലൈംഗികബന്ധം പുലർത്തൽ പോലുള്ള അപരാധങ്ങളുടെ പ്രായശ്ചിത്തവും അടിമകളെ മോചിപ്പിക്കലത്രെ. ഇങ്ങനെ അടിമത്ത മോചനത്തിന് ഇസ്‌ലാം വിവിധ മാർഗങ്ങൾ നിശ്ചയിച്ചു. പരലോകത്ത് അതിമഹത്തായ പ്രതിഫലം വാഗ്ദാനം നൽകുകയും ചെയ്തു. അതുകൊണ്ടുതന്നെ ഇസ്‌ലാമിക സമൂഹത്തിൽ സംഭവിച്ചപോലെ വിപുലവും വ്യാപകവുമായ നിലയിൽ അടിമകൾ വിമോചിതരായ മറ്റൊരു കാലഘട്ടവും ചരിത്രത്തിലുണ്ടായിട്ടില്ല.

മോചനപത്രമെഴുതി സ്വാതന്ത്ര്യം നേടാനും ഇസ്‌ലാം അവസരമൊരുക്കി. അതനുസരിച്ച് അടിമയും യജമാനനും യോജിച്ചു തീരുമാനിക്കുന്ന മൂല്യം നിശ്ചയിച്ച് സ്വാതന്ത്ര്യം നേടാൻ അടിമകൾക്ക് സാധിക്കുമായിരുന്നു. ഇത്തരം ഘട്ടങ്ങളിൽ സ്വാതന്ത്ര്യം നൽകാൻ യജമാനൻ ബാധ്യസ്ഥനാണ്. അതിലിടപെടാനോ കരാർ നിരാകരിക്കാനോ അയാൾക്ക് അവകാശമില്ല. മോചനപത്രമെഴുതുന്ന നിമിഷം മുതൽ അടിമ അടിമയല്ലാതായി,

കൂലിപ്പണിക്കാരന്റെ സ്ഥാനത്തെത്തുന്നു. പിന്നീട് ചെയ്യുന്ന ജോലിക്ക് പ്രതിഫലമുണ്ടാവുകയും അത് മോചനമൂല്യമായി മാറുകയും ചെയ്യുന്നു. മറ്റു തൊഴിലുകളിലൂടെ പണമുണ്ടാക്കി മോചനമൂല്യം ശേഖരിക്കാനും അയാൾക്കവകാശമുണ്ടായിരിക്കും. ഇത്തരമൊരു വ്യവസ്ഥ യൂറോപ്പിൽ അംഗീകരിക്കപ്പെട്ടത് പതിനാലാം നൂറ്റാണ്ടിൽ മാത്രമാണെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ.

ഇങ്ങനെ വിവിധ വിധേന മോചനം നേടിയ അടിമകൾ ഇസ്‌ലാമിക ചരിത്രത്തിൽ മഹത്തായ സ്ഥാനമലങ്കരിക്കുകയും ഭരണംവരെ കൈയാളുകയുമുണ്ടായി. ബിലാലുബ്നു റബാഹിനെപ്പോലെ അതുല്യമായ പദവിയിലെത്തിയവരും അവരിലുണ്ട്.

3. അടിമകൾ തലമുറ തലമുറകളായി തുടരുന്ന അവസ്ഥക്ക് ഇസ്‌ലാം അറുതി വരുത്തി. യജമാനന് അടിമസ്ത്രീയിൽ കുട്ടികളുണ്ടായാൽ അവർ യജമാനന്റെ കുട്ടികളായാണ് പരിഗണിക്കപ്പെടുകയെന്നും മറ്റു മക്കളെപ്പോലെ തന്നെ പൂർണാവകാശമുള്ള സ്വതന്ത്രരായ പൗരൻമാരായിരിക്കുമെന്നും ഇസ്‌ലാം പ്രഖ്യാപിച്ചു. അതോടൊപ്പം യജമാനന്റെ മരണത്തോടെ അവരുടെ മാതാക്കൾ സ്വതന്ത്രരായിത്തീരുമെന്നും അത് വിളംബരം ചെയ്തു. അതോടൊപ്പം യജമാനൻമാർ തങ്ങളുടെ കീഴിലുള്ള അടിമസ്ത്രീകളെ വേശ്യാവൃത്തിക്കുപയോഗിച്ച് വരുമാനമുണ്ടാക്കുന്ന അത്യന്തം നീചമായ സമ്പ്രദായത്തിന് പൂർണമായും അറുതിവരുത്തുകയും ചെയ്തു.

4. ക്രമപ്രവൃദ്ധമായി അടിമത്തം അവസാനിപ്പിക്കാനാവശ്യമായ സമീപനം സ്വീകരിച്ച ഇസ്‌ലാം അത് പൂർണമായും നിരോധിക്കാതിരുന്നത് അനിവാര്യമായ കാരണങ്ങളാലാണ്. യുദ്ധത്തിലൂടെയല്ലാതെ അടിമകളുണ്ടാവുന്ന എല്ലാ വഴികളും അത് പൂർണമായും കൊട്ടിയടച്ചു. നബിതിരുമേനിയുടെ നിയോഗകാലത്ത് യുദ്ധത്തടവുകാരെ അടിമകളാക്കുകയോ വധിക്കുകയോ ചെയ്യുന്ന സമ്പ്രദായമാണ് നിലനിന്നിരുന്നത്. ദീർഘകാലം ഇതേ അവസ്ഥ തുടരുകയുണ്ടായി. ശത്രുരാഷ്ട്രവുമായി യുദ്ധമുണ്ടാകുമ്പോൾ അവർ പിടികൂടുന്ന ഇസ്‌ലാമിക രാഷ്ട്രത്തിലെ പൗരൻമാരെ അടിമകളാക്കുകയോ വധിക്കുകയോ ചെയ്യുന്ന സമ്പ്രദായം നിലനിന്നിരുന്ന സാഹചര്യത്തിൽ ഇസ്‌ലാമിക രാഷ്ട്രം പിടികൂടുന്ന ശത്രുരാഷ്ട്രത്തിലെ ബന്ദികളുടെ കാര്യത്തിൽ മറ്റൊരു നിലപാട് സ്വീകരിക്കുക സാധ്യമോ പ്രായോഗികമോ ആയിരുന്നില്ല. എന്നിട്ടും യുദ്ധത്തടവുകാരെ വധിക്കുന്നത് ഇസ്‌ലാം വിലക്കി. അവരെ വെറുതെ വിടുകയോ പ്രതിഫലം വാങ്ങി വിട്ടയക്കുകയോ ചെയ്യാമെന്ന് നിർദേശിക്കുകയും ചെയ്തു (47: 4).

യുദ്ധത്തടവുകാരെ മുഴുവൻ താമസിപ്പിക്കാൻ സൗകര്യമുള്ള സംവിധാനമില്ലാതിരുന്നതിനാൽ ശത്രുരാഷ്ട്രങ്ങൾ ചെയ്ത പോലെത്തന്നെ ഇസ്‌ലാമിക രാഷ്ട്രവും അവരെ അടിമകളാക്കുകയാണുണ്ടായത്. ഇതേക്കുറിച്ച് പ്രമുഖ ഇസ്‌ലാമിക പണ്ഡിതൻ മുഹമ്മദ് ഖുത്ബ് എഴുതുന്നു: "യുദ്ധത്തടവുകാരുടെ കാര്യത്തിൽ ശത്രുപക്ഷം മറ്റൊരു രീതി സ്വീകരിക്കാൻ സന്നദ്ധമാവുന്നതുവരെ എന്ന് അടിമത്ത സമ്പ്രദായത്തിന് അവധി

നിശ്ചയിച്ചു. മുസ്‌ലിം യുദ്ധത്തടവുകാർ ഏകപക്ഷീയമായി അടിമത്തത്തിന്റെ ചളിക്കുണ്ടിൽ എറിയപ്പെടാതിരിക്കാൻവേണ്ടി മാത്രമാണത്. ഇവിടെ എടുത്തോതേണ്ട ഒരു പ്രധാന സംഗതിയുണ്ട്: 'വെറുതെയോ പ്രതിഫലം വാങ്ങിയോ വിട്ടയക്കുക' എന്ന യുദ്ധത്തടവുകാരെ പരാമർശിക്കുന്ന ഏക ഖുർആൻ വാക്യം ബന്ധനസ്ഥരെ  അടിമകളാക്കുന്ന കാര്യം പറഞ്ഞിട്ടില്ല. അതൊരു ശാശ്വത നിയമമാവാതിരിക്കാൻ വേണ്ടിയാണത്. പ്രായശ്ചിത്തം വാങ്ങിയുള്ള മോചനത്തെപ്പറ്റി പറഞ്ഞു. പ്രതിഫലം കൂടാതെയുള്ള മോചനത്തെക്കുറിച്ചും പറഞ്ഞു. കാരണം, അവ രണ്ടുമാണ് സമീപഭാവിയിലോ വിദൂരഭാവിയിലോ യുദ്ധത്തടവുകാരോടുള്ള  പെരുമാറ്റത്തിൽ മനുഷ്യരാശിക്കുവേണ്ടി ഇസ്‌ലാം പരിമിതപ്പെടുത്താനുദ്ദേശിക്കുന്ന ശാശ്വത രൂപങ്ങൾ. അടിമത്ത സമ്പ്രദായം മുസ്‌ലിംകൾ സ്വീകരിച്ചത് നിർബന്ധ സാഹചര്യത്തിന്റെ അനിവാര്യത നിമിത്തമായിരുന്നു. അല്ലാതെ ഖണ്ഡിതമായ ഒരിസ്‌ലാമിക വിധിക്കു വിധേയമായിട്ടായിരുന്നില്ല" (തെറ്റിദ്ധരിക്കപ്പെട്ട മതം - പുറം 62)

നബിതിരുമേനിയുടെ കാലത്ത് യുദ്ധത്തടവുകാരുടെ കാര്യത്തിൽ പ്രധാനമായും അഞ്ചു സമീപനമാണ് സ്വീകരിച്ചിരുന്നത്.

a. ശത്രുക്കൾ ബന്ധനസ്ഥരാക്കിയ തടവുകാർക്കു പകരമായി തങ്ങളുടെ തടവുകാരെ അവർക്ക് കൈമാറുക.

b. പ്രതിഫലം സ്വീകരിച്ച് മോചിപ്പിക്കുക. ബദ്ർയുദ്ധത്തിലെ തടവുകാരുടെ കാര്യത്തിൽ മാത്രമേ ഈ സമീപനം സ്വീകരിച്ചുള്ളൂ. ഇസ്‌ലാമിക രാഷ്ട്രം ദരിദ്രവും തടവുകാർ മക്കയിലെ സമ്പന്നരുമായിരുന്നതിനാലാകാം അവരിൽനിന്ന് പ്രതിഫലം സ്വീകരിച്ചത്.

c. രാജ്യത്തിന്റെ ഭദ്രതയ്ക്ക് ഹാനികരമല്ലെങ്കിൽ വെറുതെ വിടുക. ഹുനൈൻയുദ്ധത്തിലെ തടവുകാരുടെ കാര്യത്തിൽ നബിതിരുമേനി ഈ സമീപനമാണ് സ്വീകരിച്ചത്. ബനൂമുസ്ത്വലഖ് യുദ്ധത്തിലെ ബന്ദികളുടെ കാര്യത്തിൽ അവലംബിച്ച നയവും ഇതുതന്നെയായിരുന്നു.

d. ശത്രുക്കൾ പിടികൂടുന്ന ഇസ്‌ലാമിക സമൂഹത്തിലെ പൗരൻമാരെ അടിമകളാക്കുന്നപോലെ മുസ്‌ലിംകളുടെ പിടിയിൽ പെടുന്ന തടവുകാരെയും അടിമകളാക്കി പട്ടാളക്കാർക്ക് ഭാഗിച്ചുകൊടുക്കുക. അപ്പോഴും അവരോട് മാന്യമായി പെരുമാറാനും തങ്ങൾ കഴിക്കുന്ന ആഹാരവും ധരിക്കുന്ന വസ്ത്രവും താമസിക്കുന്നതുപോലുള്ള ഇടവും അവർക്ക് നൽകാനും ശക്തമായി  നിർദേശിക്കപ്പെട്ടിരുന്നു.

e. മുസ്‌ലിംകൾക്ക് നിർബന്ധ പട്ടാള സേവനം നിശ്ചയിക്കപ്പെട്ടിരുന്നതിനാൽ അതിൽനിന്നൊഴിവാക്കപ്പെട്ട മതന്യൂനപക്ഷങ്ങൾ രാജ്യരക്ഷക്കായി നൽകേണ്ട ജിസ്‌യ സ്വീകരിച്ച് തടവിലാക്കപ്പെടുന്നവരെയെല്ലാം സ്വതന്ത്രരാക്കുക. നജ്റാനിലെ ക്രിസ്ത്യാനികളുടെ കാര്യത്തിൽ നബിതിരുമേനി സ്വീകരിച്ച സമീപനം ഇതായിരുന്നു. പിൽക്കാലത്ത് ഇസ്‌ലാമിക രാഷ്ട്രത്തിലെ ഭരണാധികാരികളവലംബിച്ച നയവും ഇതുതന്നെ.

യുദ്ധത്തടവുകാരെ അടിമകളാക്കുകയെന്നത് അനിവാര്യമായ സാഹചര്യത്തിൽ അപൂർവമായി മാത്രമവലംബിച്ച സമീപനമായിരുന്നു. അതൊരു

സ്ഥിരം സമ്പ്രദായമായിരുന്നില്ല. അതുകൊണ്ടുതന്നെ ഇസ്‌ലാം അടിമത്തംഅനുവദിച്ചുവെന്നത് നിർബന്ധിത പരിതഃസ്ഥിതിയിലെ താൽക്കാലിക സമീപനം മാത്രമത്രെ. മുഹമ്മദ് ഖുത്ബ് എഴുതുന്നു: "ഒരടിസ്ഥാനമെന്ന നിലയ്ക്ക് അടിമത്തത്തെ ഇസ്‌ലാം അംഗീകരിച്ചിട്ടില്ല. അടിമത്തമോചനത്തിനുവേണ്ടി വ്യത്യസ്ത മാർഗങ്ങളിലൂടെ ഇസ്‌ലാം നടത്തിയ ശ്രമം അതിനു തെളിവാണ്. അതിന്റെ ഉറവിടങ്ങൾ വറ്റിച്ചുകളയാൻ ഇസ്‌ലാം പരമാവധി ശ്രമിച്ചു. ഇസ്‌ലാമിന് ഒറ്റയ്ക്ക് തീരുമാനമെടുക്കാൻ വയ്യാത്ത, അതിന്റെ പിടിയിലൊതുങ്ങാത്ത ഒരു നിർബന്ധിത സാഹചര്യമുണ്ടായിരുന്നു. ഇസ്‌ലാമിന് സ്വാധീനമില്ലാത്ത രാഷ്ട്രങ്ങളും ജനതകളുമായി ബന്ധപ്പെട്ട ഒരു പ്രശ്നമായിരുന്നു അത്. അവർ മുസ്‌ലിം യുദ്ധത്തടവുകാരെ അടിമകളാക്കി കഠോര ശിക്ഷയ്ക്കു വിധേയമാക്കി. അതിനാൽ (അടിമകളോടുള്ള നീചമായ പെരുമാറ്റത്തിന്റെ കാര്യത്തിലൊഴിച്ച്, അടിമകളാക്കുകയെന്ന തത്ത്വത്തിലെങ്കിലും) തത്തുല്യമായ നയം സ്വീകരിക്കുവാനത് നിർബന്ധിതമായി. അടിമത്ത സമ്പ്രദായം നിർത്തലാക്കാതിരിക്കുന്നതിന് ഇസ്‌ലാമിനെ നിർബന്ധിച്ച ആ ഏക മാർഗം അവസാനിപ്പിക്കുവാൻ ലോകത്തിലെ ഇതര ശക്തികളുടെ സഹകരണം കൂടി ആവശ്യമായിരുന്നു. ആ സഹകരണം ലഭിക്കുന്ന നിമിഷത്തിൽ അസന്ദിഗ്ധമാംവിധം ഇസ്‌ലാം വ്യക്തമാക്കിയ അതിന്റെ മഹത്തായ സിദ്ധാന്തത്തിലേക്ക് മടങ്ങുന്നതാണ്. എല്ലാവർക്കും സമത്വവും സ്വാതന്ത്ര്യവും എന്ന തത്ത്വത്തിലേക്ക്" (തെറ്റിദ്ധരിക്കപ്പെട്ട മതം- പുറം 64)

ഇന്നും യുദ്ധത്തടവുകാരെ കുറ്റവാളികളായി കണ്ട് തടവിലിടാറാണ് പതിവ്. കാരാഗൃഹത്തിലെ ഇരുളടഞ്ഞ മുറിയിൽ തടവുപുള്ളിയായി കാലം കഴിക്കുന്നതിനെക്കാൾ പതിൻമടങ്ങ് ഭേദം ഇസ്‌ലാമിക സമൂഹത്തിലുണ്ടായിരുന്ന എല്ലാ ഭൗതികാവശ്യങ്ങളും പൂർത്തീകരിക്കപ്പെടുന്ന സംവിധാനമായിരുന്നുവെന്നതാണ് വസ്തുത. അടിമയെന്ന വിശേഷണം ഏറെ അരോചകമാണെങ്കിലും.

ഒരു സാമൂഹികഘടനയുടെ അവിഭാജ്യഭാഗമായി നിലനിൽക്കുന്ന ഒരു സമ്പ്രദായത്തെ പെട്ടെന്നൊരുനാൾ നിയമം മൂലം നിരോധിക്കുന്നത് ഫലപ്രദമല്ല. അടിമത്ത സമ്പ്രദായത്തെ അക്കാലത്ത് കേവലം ഒരുത്തരവുകൊണ്ട് അവസാനിപ്പിക്കുക സാധ്യമായിരുന്നില്ല. അത്തരമൊരു നടപടി ഉണ്ടായാലും പിറ്റേന്ന് മുതൽ സമൂഹം മുഴുവൻ അടിമകളെയും സാധാരണ സ്വതന്ത്ര പൗരൻമാരെപ്പോലെ സ്വീകരിക്കാൻ മാനസികമായി സന്നദ്ധമാവുകയില്ല. ഒരു സുപ്രഭാതത്തിൽ വിമോചിതരായ എല്ലാ അടിമകളുമായി സ്വതന്ത്രസമൂഹം സമഭാവനയോടെ പെരുമാറുമെന്ന് പ്രതീക്ഷിക്കാവതല്ല. വിവാഹത്തിലേർപ്പെടാനും മറ്റും ഇത് വിഘാതം സൃഷ്ടിക്കും. വിമുക്ത അടിമകളുടെ ഒരു വർഗം രൂപംകൊള്ളലായിരിക്കും ഇതിന്റെ ഫലം. നേരത്തെ ലഭിച്ചുപോന്നിരുന്ന തൊഴിലും സംരക്ഷണവും ലഭിക്കാതെ ഈ വിഭാഗം കൊടിയ കെടുതികൾക്കിരയാവുകയും ചെയ്യും. അബ്രഹാം ലിങ്കൺ അമേരിക്കൻ ഐക്യനാടുകളിലെ അടിമത്ത വ്യവസ്ഥ നിർത്തലാ

ക്കിയപ്പോഴുണ്ടായ അനുഭവമിതിന് സാക്ഷിയാണ്. അടിമകൾ സ്വാതന്ത്ര്യം ഉൾക്കൊള്ളാൻ മാനസികമായി സജ്ജമായിട്ടില്ലാതിരുന്നതിനാൽ യജമാനൻമാരുടെ അടുത്തേക്ക് തിരിച്ചുവന്ന് തങ്ങളെ അടിമകളായി സ്വീകരിക്കാൻ അവരോട് ആവശ്യപ്പെടുകപോലുമുണ്ടായി. അതിനാലാണ് ഇസ്‌ലാം അടിമത്ത സമ്പ്രദായത്തിന് അറുതിവരുത്താൻ ക്രമപ്രവൃദ്ധവും വ്യവസ്ഥാപിതവുമായ മാർഗം അവലംബിച്ചത്.

5. മനുഷ്യശരീരത്തിന്റെ ചലനങ്ങളുടെ മേൽ ഏർപ്പെടുത്തപ്പെടുന്ന നിയന്ത്രണമാണല്ലോ നിയമം. അതിനാൽ നാമെങ്ങനെ ജീവിക്കണമെന്ന് തീരുമാനിക്കുന്നത് നിയമമാണ്. ഇത്തരം നിയമങ്ങൾ നിർമിക്കാനുള്ള ആത്യന്തികമായ അധികാരാവകാശം ആർക്കാണെന്നത് മനുഷ്യസ്വാതന്ത്ര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തികൾ തോന്നിയപോലെ ജീവിക്കുന്ന സമൂഹം പൂർണമായും അരക്ഷിതവും അരാജകവുമായിരിക്കും. അതിനാൽ സമൂഹത്തിന്റെ സുഗമമായ നിലനിൽപിന് നിയമം അനിവാര്യമാണ്. അത് നിർമിക്കാനുള്ള പരമാധികാരം കൈയടക്കിവയ്ക്കുന്നവർ യജമാനൻമാരാണ്. അതിനു വിധേയരാവുന്നവർ അടിമകളും. അതുകൊണ്ടുതന്നെ നിയമനിർമാണത്തിന്റെ പരമാധികാരം ദൈവത്തിനല്ലാതെ മറ്റാർക്കുമില്ലെന്ന പരമസത്യം അംഗീകരിക്കാത്ത എല്ലാവരും തങ്ങളെപ്പോലുള്ള മനുഷ്യരുടെ അടിമകളും ആജ്ഞാനുവർത്തികളുമത്രെ. ഈ സൂക്ഷ്മാർഥത്തിൽ നിയമനിർമാണത്തിന്റെ പരമാധികാരം ഭരണകൂടത്തിന് അംഗീകരിച്ചുകൊടുക്കുന്ന ആധുനിക സമൂഹങ്ങളൊക്കെയും അടിമ സമൂഹങ്ങളത്രെ. അവരെ സംബന്ധിച്ചേടത്തോളം യഥാർഥ മോചനം ഏറെ വിദൂരം തന്നെ.

നിയമനിർമാണത്തിന്റെ പരമാധികാരമോ സ്വേഛ മറ്റുള്ളവരുടെ മേൽ അടിച്ചേൽപിക്കാൻ അനുവാദമോ ഇസ്‌ലാം ആർക്കും നൽകുന്നില്ല. സ്രഷ്ടാവിനുമാത്രമാണ് പരമാധികാരം. ഭരണാധികാരികൾ അവന്റെ നിയമം നീതിപൂർവം നടപ്പാക്കുന്നവർ മാത്രമത്രെ. ഈജിപ്തിന്റെ ജേതാവും ആ രാജ്യത്തിന്റെ പ്രഥമ മുസ്‌ലിം ഗവർണറുമായ അംറുബ്നുൽ ആസ്വിന്റെ മകൻ ഒരു സാധാരണക്കാരനെ അന്യായമായി അടിച്ചതായി പരാതി ലഭിച്ചപ്പോൾ ഖലീഫാ ഉമറുൽ ഫാറൂഖ് പ്രതികാരം നടപ്പിലാക്കിയശേഷം ഗവർണറോട് ചോദിച്ചതിതായിരുന്നു: "അംറേ, നിങ്ങളെപ്പോഴാണ് ജനങ്ങളെ അടിമകളാക്കാൻ തുടങ്ങിയത്? അവരുടെ മാതാക്കൾ അവരെ സ്വതന്ത്രരായിട്ടാണല്ലോ പ്രസവിച്ചത്."

അടിമത്തത്തെ സംബന്ധിച്ച ഇസ്‌ലാമിക സമീപനത്തിന്റെ അന്തസ്സത്ത എന്തെന്ന് ഉമറുൽ ഫാറൂഖിന്റെ ഈ ചോദ്യം അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്. യഥാർഥ വിമോചനം ഉദ്ഘോഷിക്കുന്ന ഇസ്‌ലാം ചരിത്രത്തിലറിയപ്പെടുന്നതുപോലുള്ള അടിമത്തവുമായി ഒരിക്കലും പൊരുത്തപ്പെടുന്നില്ല.

## ഇരുപത്തെട്ട്

# ഇസ്‌ലാമിന്റെ പ്രചാരണവും ആയുധപ്രയോഗവും

*“ഇന്ത്യയിൽ മുസ്‌ലിംകൾ ന്യൂനപക്ഷമായതിനാലല്ലേ ഞങ്ങൾക്കെതിരെ ജിഹാദ് നടത്താത്തത്? ഇസ്‌ലാം കാഫിറുകൾക്കെതിരെ ജിഹാദ് ചെയ്യാൻ കൽപിക്കുന്നില്ലേ?”*

ഇന്ത്യയിലെ മുസ്‌ലിംകൾ ജിഹാദ് നടത്തുന്നില്ലെന്ന ധാരണ ശരിയല്ല. കാരണം മുഴുവൻ വിശ്വാസികളും ജിഹാദ് നിർവഹിക്കാൻ ബാധ്യസ്ഥരാണ്. അതിൽനിന്ന് മാറിനിൽക്കാൻ ആർക്കും അനുവാദമില്ല. നരകശിക്ഷയിൽനിന്ന് രക്ഷനേടാനും സ്വർഗലബ്ധിക്കും അതനിവാര്യമാണ്. ഖുർആൻ പറയുന്നു: “വിശ്വസിച്ചവരേ, വേദനയേറിയ ശിക്ഷയിൽനിന്ന് നിങ്ങളെ മോചിപ്പിക്കുന്ന ഒരു വ്യാപാരത്തെക്കുറിച്ച് നിങ്ങൾക്കു ഞാനറിയിച്ചു തരട്ടെയോ? നിങ്ങൾ ദൈവത്തിലും അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങളുടെ ജീവധനാദികളാൽ ദൈവമാർഗത്തിൽ ജിഹാദ് നടത്തുക. അതാണ് നിങ്ങൾക്കുത്തമം. നിങ്ങൾ അറിയുന്നവരെങ്കിൽ.” (61: 10-11)

‘ജിഹാദ് ചെയ്യുന്നവരും ക്ഷമ അവലംബിക്കുന്നവരുമാണെന്ന് വ്യക്തമാക്കപ്പെടാതെ സ്വർഗപ്രവേശം സാധ്യമല്ലെന്നു’ ഖുർആൻ പ്രഖ്യാപിക്കുന്നു (3: 142). മുസ്‌ലിംസമുദായത്തിന്റെ നിയോഗലക്ഷ്യം തന്നെ ജിഹാദ് നിർവഹിക്കലത്രെ. “ദൈവമാർഗത്തിൽ യഥാവിധി ജിഹാദ് ചെയ്യുക. തന്റെ ദൗത്യത്തിനുവേണ്ടി നിങ്ങളെ നിയോഗിച്ചത് അവനാണ്. മതത്തിൽ നിങ്ങൾക്കൊരു ക്ലിഷ്ടതയും അവനുണ്ടാക്കിയിട്ടില്ല.”(22: 78)

ജിഹാദ് ആർക്കെങ്കിലും എതിരാണെന്ന ധാരണ പരമാബദ്ധമാണ്. സത്യസംസ്ഥാപനത്തിനുള്ള നിരന്തരയത്നമാണത്. മോഹങ്ങളെ മെരുക്കിയെടുത്തും ഇഛകളെ നിയന്ത്രിച്ചും ആഗ്രഹങ്ങളുടെ മേൽ മേധാവിത്വം പുലർത്തിയും സ്വന്തം ജീവിതത്തെ ദൈവനിർദേശങ്ങൾക്കനുരൂപമാക്കി, യഥാർഥ സത്യവിശ്വാസിയാവാൻ നടത്തുന്ന ശ്രമം പോലും ജിഹാദാണ്. യുദ്ധരംഗത്തുനിന്ന് മടങ്ങവേ ഒരിക്കൽ പ്രവാചകൻ പറഞ്ഞു: “നാം ഏറ്റവും ചെറിയ ജിഹാദിൽനിന്ന് ഏറ്റവും വലിയ ജിഹാദിലേക്ക് തിരിച്ചുവന്നിരിക്കുന്നു”. പ്രവാചക ശിഷ്യൻമാർ ചോദിച്ചു: “ഏതാണ് ഏറ്റവും വലിയ ആ ജിഹാദ്?” നബിതിരുമേനി അരുൾ ചെയ്തു: “മനസ്സിനോടുള്ള സമരവും സ്വന്തത്തോടുള്ള ജിഹാദുമാണത്.”

കുടുംബത്തിന്റെ ഇസ്‌ലാമീകരണത്തിനായി നടത്തപ്പെടുന്ന വിദ്യാഭ്യാസം, സംസ്കരണം, സദുപദേശം, ശിക്ഷണം തുടങ്ങിയവയെല്ലാം ജിഹാദിലുൾപ്പെടുന്നു. സത്യസംസ്ഥാപനത്തിനും നൻമയുടെ പ്രചാരണത്തിനും ധർമത്തിന്റെ ഉന്നതിക്കുമായുള്ള എഴുത്തും പ്രസംഗവും സംഭാഷണവും ചർച്ചയും വിദ്യാഭ്യാസ പ്രചാരണവുമെല്ലാം അതിൽപെടുന്നു. സമുദായത്തിന്റെ അഭ്യുന്നതി ലക്ഷ്യംവെച്ചുള്ള ശാസ്ത്ര-സാങ്കേതിക-സാമ്പത്തിക-സാംസ്കാരിക-കലാ-സാഹിത്യ പ്രവർത്തനങ്ങളും ജിഹാദുതന്നെ. ദൈവിക സൻമാർഗത്തിന്റെ സംസ്ഥാപനത്തിനായി നടത്തപ്പെടുന്ന സകല ശ്രമങ്ങളും ദൈവമാർഗത്തിലെ ജിഹാദാണ്. സമഗ്രമായൊരു പദമാണത്. ബുദ്ധിപരമായും ചിന്താപരമായുമുള്ള വിപ്ലവങ്ങളുണ്ടാക്കാനും ജനങ്ങളുടെ വികാരങ്ങളും താൽപര്യങ്ങളും സംസ്കരിക്കാനും, അവരുടെ വീക്ഷണം ദൈവിക സൻമാർഗത്തിനനുരൂപമാക്കി മാറ്റാനും നടത്തപ്പെടുന്ന വാചികവും ലിഖിതവുമായ സംരംഭങ്ങൾതൊട്ട് സത്യത്തിന്റെ ശത്രുക്കളോടുള്ള സായുധ സമരം വരെ അത് വ്യാപിച്ചു കിടക്കുന്നു. വ്യക്തി, തന്റെ അഭിമാനവും ജീവനും സ്വത്തും സംരക്ഷിക്കാൻ ശ്രമിക്കുന്നതും ജിഹാദ്തന്നെ; ആ മാർഗത്തിലെ മരണം ദൈവസരണിയിലെ രക്തസാക്ഷിത്വവും.

അതിനാൽ, മുസ്‌ലിംകൾ ന്യൂനാൽ ന്യൂനപക്ഷമായാലും മഹാഭൂരിപക്ഷമായാലും ജിഹാദ് നിർബന്ധമാണ്. സാഹചര്യമാണ് അതിന്റെ രീതി നിശ്ചയിക്കുക. അത് അമുസ്‌ലിംകൾക്കെതിരെയുള്ള സായുധ സമരമോ യുദ്ധമോ അല്ല. ദൈവികമാർഗത്തിലെ ത്യാഗപരിശ്രമമാണ്.

ചോദ്യത്തിൽ സൂചിപ്പിക്കപ്പെട്ടപോലെ അമുസ്‌ലിംകളെല്ലാം കാഫിറുകളല്ല. കാഫിർ എന്നത് ഇസ്‌ലാമിലെ ഒരു സാങ്കേതികപദമാണ്. സത്യവും സൻമാർഗവും യഥാവിധി മനസ്സിലാക്കിയ ശേഷവും ബോധപൂർവം അതിനെ നിഷേധിക്കുന്നവനാണ് കാഫിർ. കാഫിറുകളോടും അനിവാര്യമായ കാരണമില്ലാതെ ആയുധമെടുത്ത് അടരാടാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അവർ മുസ്‌ലിംഭൂരിപക്ഷ പ്രദേശത്തായാലും ന്യൂനപക്ഷ നാടുകളിലായാലും ശരി.

*“മുഹമ്മദ് നബി തന്നെ നിരവധി യുദ്ധം നടത്തിയിട്ടില്ലേ? ഇസ്‌ലാമിന്റെ പ്രചാരണത്തിൽ മുഖ്യ പങ്കുവഹിച്ചത് ആയുധപ്രയോഗമല്ലേ?”*

മുഹമ്മദ് നബി പ്രവാചകത്വ ലബ്ധിക്കുശേഷം നീണ്ട പതിമൂന്നു വർഷം മക്കയിൽ ഇസ്‌ലാമിക പ്രബോധന പ്രവർത്തനങ്ങൾ നടത്തി. ആ ഘട്ടത്തിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ പ്രവാചകനെയും അനുയായികളെയും നിർദയം മർദിച്ചു. കൊടിയ പീഡനങ്ങൾക്കിരയാക്കി. അസഹ്യമാംവിധം അവഹേളിക്കുകയും നാട്ടിൽനിന്ന് ബഹിഷ്കരിക്കുകയും ചെയ്തു. അപ്പോഴൊന്നും പ്രവാചകൻ അവയെ പ്രതിരോധിക്കുകയോ പ്രതികാര നടപടികൾ സ്വീകരിക്കുകയോ പ്രത്യാക്രമണങ്ങൾ നടത്തുകയോ ചെയ്തില്ല. അനുയായികൾ തിരിച്ചടിക്കാൻ അനുവാദം ആരാഞ്ഞെങ്കിലും നബിതിരുമേനി അംഗീകരിച്ചില്ല. ‘കൈകൾ അടക്കിവയ്ക്കുക. നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക. സകാത്ത് നൽകുക’ എന്നതായിരുന്നു അവരോടുള്ള ദൈവശാസന.

മക്കയിൽ ജീവിതം ദുസ്സഹമായപ്പോൾ നബിതിരുമേനിയും അനുയായികളും നാടുവിട്ടു. അവർ മദീനയിൽ അഭയം തേടി. അവിടെ അവർ സ്ഥാപിച്ച ഇസ്‌ലാമിക സമൂഹത്തിനും രാഷ്ട്രത്തിനുമെതിരെ ശത്രുക്കൾ തങ്ങളുടെ എതിർപ്പും അതിക്രമവും തുടർന്നു. അപ്പോൾ മാത്രമാണ് പ്രവാചകന്നും അനുചരൻമാർക്കും തിരിച്ചടിക്കാൻ അനുവാദം ലഭിച്ചത്. അല്ലാഹു അറിയിച്ചു: "തീർച്ചയായും അല്ലാഹു സത്യവിശ്വാസികൾക്കു വേണ്ടി പ്രതിരോധിക്കുന്നു. അല്ലാഹു കൃതഘ്നരായ വഞ്ചകരെയാരെയും ഇഷ്ടപ്പെടുകയില്ല. ആർക്കെതിരെ യുദ്ധം നടത്തപ്പെടുന്നുവോ ആ അക്രമത്തിനിരയാകുന്നവർക്ക് തിരിച്ചടിക്കാൻ അനുമതി നൽകപ്പെട്ടിരിക്കുന്നു. കാരണം അവർ മർദിക്കപ്പെട്ടിരിക്കുന്നു. നിശ്ചയമായും അവരെ സഹായിക്കാൻ കഴിവുറ്റവനത്രെ അല്ലാഹു. ഞങ്ങളുടെ നാഥൻ ദൈവമാണ് എന്നു പറഞ്ഞതല്ലാതെ യാതൊരു ന്യായവുമില്ലാതെ സ്വന്തം വീടുകളിൽനിന്ന് പുറത്താക്കപ്പെട്ടവരാണവർ. അല്ലാഹു ചിലരെക്കൊണ്ട് മറ്റു ചിലരെ തടഞ്ഞിരുന്നില്ലെങ്കിൽ മഠങ്ങളും ദേവാലയങ്ങളും പ്രാർഥനാ മന്ദിരങ്ങളും ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന പള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹുവും സഹായിക്കുകതന്നെ ചെയ്യും. തീർച്ചയായും ശക്തനും അജയ്യനുമാകുന്നു അല്ലാഹു." (22: 38-40)

ഇസ്‌ലാം യുദ്ധം അനുവദിച്ചത് എല്ലാവരുടെയും ആരാധനാ സ്വാതന്ത്ര്യം സംരക്ഷിക്കാനാണെന്ന് ഈ വിശുദ്ധ വചനം അസന്ദിഗ്ധമായി വ്യക്തമാക്കുന്നു.

അതിക്രമം കാണിക്കാത്തവരാരെയും അക്രമിക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. ആരോടാണ്, എപ്പോഴാണ് യുദ്ധം അനുവദിക്കപ്പെട്ടതും ആജ്ഞാപിക്കപ്പെട്ടതുമെന്ന് വ്യക്തമാക്കുന്ന നിരവധി ഖുർആൻ വാക്യങ്ങളുണ്ട്. ചിലതു മാത്രമിവിടെ ഉദ്ധരിക്കാം:

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരോട് അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. നിങ്ങൾ അതിക്രമം പ്രവർത്തിക്കരുത്. അതിക്രമകാരികളെ ഒരിക്കലും അല്ലാഹു ഇഷ്ടപ്പെടുകയില്ല. യുദ്ധത്തിൽ ഏറ്റുമുട്ടുമ്പോൾ അവരെ കണ്ടിടത്തുവച്ച് നിങ്ങൾ കൊന്നുകളയുക. അവർ നിങ്ങളെ പുറംതള്ളിയ മാർഗത്തിലൂടെ നിങ്ങൾ അവരെയും പുറന്തള്ളുക. കുഴപ്പം കൊലപാതകത്തെക്കാൾ ഗുരുതരമത്രെ. മക്കയിലെ പള്ളിയുടെ പരിസരത്തുവച്ച് നിങ്ങളവരോട് യുദ്ധം ചെയ്യരുത്, അവർ അവിടെ വച്ച് നിങ്ങളോട് യുദ്ധം ചെയ്യുന്നതുവരെ. ഇനി, നിങ്ങളോടവർ യുദ്ധം ചെയ്താൽ ആ യുദ്ധത്തിൽ നിങ്ങൾക്കവരെ വധിക്കാം. അപ്രകാരമാണ് നിഷേധികളുടെ പ്രതിഫലം. അഥവാ, അവർ വിരമിച്ചാൽ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു അല്ലാഹു. നാശം ഇല്ലാതാവുകയും വിധേയത്വം ദൈവത്തിനാവുകയും ചെയ്യുന്നതുവരെ നിങ്ങളവരോട് യുദ്ധം ചെയ്യുക. അഥവാ അവർ വിരമിച്ചാൽ പിന്നെ അക്രമികളോടല്ലാതെ ശത്രുതയില്ല."(2: 190-192)

"അവർ സമാധാനത്തിലേക്ക് തിരിഞ്ഞാൽ നീയും അതിലേക്കു തിരിയുക"(8: 61). ഇങ്ങോട്ടു യുദ്ധത്തിനൊരുങ്ങിയ ശത്രുക്കളോട് യുദ്ധത്തിന് ഈ വിധം അനുമതിയും ആജ്ഞയും നൽകുമ്പോഴും അതിക്രമമോ അനീതിയോ അരുതെന്ന് മതമനുശാസിക്കുന്നു. "നിങ്ങളെ പുണ്യഭവനത്തിൽ

നിന്ന് തടഞ്ഞുവെന്നതിന്റെ പേരിൽ ഒരു ജനതയോടുള്ള വിദ്വേഷം, അതിക്രമം ചെയ്യാൻ നിങ്ങളെ പ്രേരിപ്പിക്കരുത്. പുണ്യത്തിനും സൂക്ഷ്മതയോടു കൂടിയ ജീവിതത്തിനും വേണ്ടി നിങ്ങൾ പരസ്പരം സഹകരിക്കുക. പാപത്തിനും ശത്രുതയ്ക്കും വേണ്ടി നിങ്ങൾ സഹകരിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും കഠിനമായി ശിക്ഷിക്കുന്നവനാകുന്നു അല്ലാഹു." (5: 2)

"ഒരു ജനതയോടുള്ള വിരോധം നിങ്ങളെ നീതിയിൽനിന്ന് വ്യതിചലിപ്പിക്കാൻ പാടില്ലാത്തതാകുന്നു. നീതി പാലിക്കുവിൻ. അതാണ് ഭക്തിക്ക് അനുയോജ്യം. ദൈവഭക്തിയുള്ളവരായി വർത്തിക്കുക. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതൊക്കെയും അല്ലാഹു സൂക്ഷ്മമമായി അറിയുന്നുണ്ട്." (5: 8)

തങ്ങളോട് യുദ്ധത്തിനു വരാത്തവരോട് സ്വീകരിക്കേണ്ട സമീപനമെന്തെന്ന് വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നുണ്ട്: "മതത്തിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും നിങ്ങളുടെ ഭവനങ്ങളിൽനിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്തവരോട് നിങ്ങൾ നന്മ ചെയ്യുന്നതിനെയോ നീതി കാണിക്കുന്നതിനെയോ അല്ലാഹു വിലക്കുന്നില്ല. നിശ്ചയമായും അല്ലാഹു നീതിമാന്മാരെ ഇഷ്ടപ്പെടുന്നു. മതത്തിന്റെ പേരിൽ നിങ്ങളോടു യുദ്ധം ചെയ്യുകയും നിങ്ങളുടെ ഭവനങ്ങളിൽനിന്ന് നിങ്ങളെ പുറത്താക്കുകയും നിങ്ങളെ പുറംതള്ളാൻ ശത്രുക്കളെ സഹായിക്കുകയും ചെയ്തവരെ മിത്രങ്ങളാക്കുന്നതിനെ മാത്രമേ അല്ലാഹു നിരോധിക്കുന്നുള്ളൂ. അക്കൂട്ടരെ ആരെങ്കിലും മിത്രങ്ങളാക്കിയാൽ അവരത്രെ അക്രമികൾ"(60:8-9).

വിശുദ്ധ ഖുർആന്റെ ആജ്ഞകൾക്കും അധ്യാപനങ്ങൾക്കുമനുസരിച്ച് പ്രവർത്തിച്ച പ്രവാചകൻ(സ) ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അക്രമിക്കുകയും തങ്ങളോട് യുദ്ധം നടത്തുകയും ചെയ്തവരോട് മാത്രമാണ് അടരാടിയത്. നബിതിരുമേനിയുടെ കാലത്ത് ആകെ എൺപത്തൊന്ന് പോരാട്ടങ്ങളാണ് നടന്നത്. അതിൽ 27 എണ്ണത്തിലാണ് പ്രവാചകൻ നേരിട്ടു പങ്കെടുത്തത്. മറ്റ് 54 എണ്ണം അനുയായികളുടെ സംഘങ്ങൾ നയിച്ച സംഘട്ടനങ്ങളായിരുന്നു. ഈ 81 യുദ്ധങ്ങളിലുമായി ആകെ വധിക്കപ്പെട്ടത് 1018 പേരാണ്. 259 മുസ്‌ലിംകളും 759 ശത്രുക്കളും. അനിവാര്യമായ സാഹചര്യത്തിൽ യുദ്ധം നയിച്ച് നബിതിരുമേനി കൂട്ടക്കൊലകൾ പരമാവധി ഒഴിവാക്കാനാണ് ശ്രമിച്ചിരുന്നതെന്ന് ഈ കണക്കുകൾ സംശയാതീതമായി വ്യക്തമാക്കുന്നു.

മർദിതരുടെ മോചനത്തിനായി മർദകരോട് പൊരുതാൻ ഇസ്‌ലാം അതിന്റെ അനുയായികളെ ആഹ്വാനം ചെയ്യുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ എന്തുകൊണ്ട് നിങ്ങൾ യുദ്ധം ചെയ്യുന്നില്ല? 'ഞങ്ങളുടെ നാഥാ, അക്രമികളുടേതായ ഈ നാട്ടിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ, നിന്നിൽനിന്നുള്ള ഒരു രക്ഷകനെ നീ ഞങ്ങൾക്കു നൽകേണമേ, നിന്നിൽനിന്നുള്ള ഒരു സഹായിയെ നീ ഞങ്ങൾക്കു തരേണമേ!' എന്നു പ്രാർഥിച്ചുകൊണ്ടിരുന്ന ദുർബലരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും മോചനമാർഗത്തിലും നിങ്ങളെന്തുകൊണ്ട് പൊരുതു

ന്നില്ല?"(4: 75).

ഈ ശാസന പാലിച്ച് മുസ്‌ലിംകൾ റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളുടെ പിടിയിൽപെട്ട് അടിയാളരായി നരകയാതനയനുഭവിച്ച ജനവിഭാഗങ്ങളെ മോചിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. തദ്ഫലമായി പ്രസ്തുത സാമ്രാജ്യശക്തികൾ ഇസ്‌ലാമുമായി ഏറ്റുമുട്ടി. അവ പരാജയമടഞ്ഞ് തകർന്നപ്പോൾ കോളനികളായിരുന്ന ഇറാൻ, ഇറാഖ്, സിറിയ, ജോർദാൻ, ഫലസ്തീൻ, ഈജിപ്ത് പോലുള്ള രാജ്യങ്ങൾ സ്വതന്ത്രമാവുകയും ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭാഗമാവുകയും ചെയ്തു. റോമാ-പേർഷ്യൻ സാമ്രാജ്യങ്ങളെ കഠിനമായി വെറുത്തിരുന്ന തദ്ദേശീയർ മുസ്‌ലിംകളുടെ ആഗമനം ആവശ്യപ്പെടുകയും സഹർഷം സ്വാഗതം ചെയ്യുകയുമായിരുന്നു. ഈ വിധം ഇസ്‌ലാമിന്റെ കീഴിൽ വന്ന നിവാസികളിലാരെയും മതംമാറ്റത്തിന് മുസ്‌ലിംകൾ നിർബന്ധിച്ചിരുന്നില്ല. അതിന് ഇസ്‌ലാം ആരെയും അനുവദിക്കുന്നുമില്ല.

ഇസ്‌ലാമിൽ ആകൃഷ്ടരായി സ്വയം അത് സ്വീകരിക്കാൻ സന്നദ്ധരായവർ മുസ്‌ലിംകളാവുകയും അവശേഷിക്കുന്നവർ പൂർവിക മതത്തിൽ തന്നെ തുടരുകയുമാണുണ്ടായത്. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ പ്രബോധനവും പ്രചാരണവും ആയുധപ്രയോഗത്തിലൂടെയോ അധികാരശക്തിയുടെ നിർബന്ധം വഴിയോ ആയിരുന്നില്ല. നിഷ്പക്ഷരായ ചരിത്രകാരന്മാരെല്ലാം ഇക്കാര്യം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ഇസ്‌ലാം പ്രചരിച്ചത് വാളുകൊണ്ടാണെന്ന വ്യാജപ്രചാരണത്തെ ഖണ്ഡിച്ചുകൊണ്ട് സർ തോമസ് ആർണൾഡ് ബൃഹത്തായ ഒരു ഗ്രന്ഥം തന്നെ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ 'ഇസ്‌ലാം: പ്രബോധനവും പ്രചാരവും' എന്ന കൃതി വിവിധ നാടുകളിൽ ഇസ്‌ലാം പ്രചരിച്ച പശ്ചാത്തലം വിശദമായി വിവരിച്ച് പാശ്ചാത്യരുടെ ആരോപണങ്ങൾ തീർത്തും അടിസ്ഥാനരഹിതമാണെന്ന് സമർഥിക്കുന്നു. മധ്യപൂർവദേശത്തെ ഇസ്‌ലാമിന്റെ വ്യാപനം വിവരിച്ചുകൊണ്ട് ആർണൾഡ് എഴുതുന്നു: "മേലുദ്ധരിച്ച ഉദാഹരണങ്ങളിൽനിന്ന് ക്രൈസ്തവ ഗോത്രങ്ങൾ സ്വമനസ്സാലെ ഇസ്‌ലാം സ്വീകരിക്കുകയാണുണ്ടായതെന്ന് നമുക്ക് ഊഹിക്കാം. ജേതാക്കളായ മുസ്‌ലിംകളും തുടർന്നുള്ള മുസ്‌ലിം തലമുറകളും അവരോടു കാണിച്ച സഹിഷ്ണുത അങ്ങനെ ഉറപ്പിക്കാനാണ് നമ്മെ പ്രേരിപ്പിക്കുന്നത്. മുഹമ്മദീയരുടെ ഇടയിൽ ഇപ്പോഴും ജീവിക്കുന്ന ക്രൈസ്തവ അറബികൾ ഈ സഹിഷ്ണുതയുടെ ജീവനുള്ള തെളിവുകളാണ്" (പേജ് 64). അദ്ദേഹം തന്നെ തുടരുന്നു: "ക്രൈസ്തവരോട് മുസ്‌ലിം ഭരണത്തിന്റെ ആദ്യകാലത്ത് കാണിച്ച സഹിഷ്ണുതയുടെ വെളിച്ചത്തിൽ വാളാണ് മതപരിവർത്തനത്തിന്റെ മുഖ്യ ഉപകരണം എന്ന വാദം ഒട്ടും തൃപ്തികരമല്ലാത്തതാകുന്നു"(പേജ് 83).

ഇന്ത്യയിലെ ഇസ്‌ലാമിക പ്രചാരണത്തെ സംബന്ധിച്ച് ഡോ. ഈശ്വരി പ്രസാദ് പറയുന്നു: "ഉദ്യോഗമേന്മയ്ക്കും ഫ്യൂഡൽ സ്ഥാനങ്ങൾക്കും കൊതിച്ചിരുന്ന കുറേയേറെ സവർണർ മുസ്‌ലിം ഭരണത്തോടുകൂടി ഇസ്‌ലാമിലേക്ക് വന്നു. എന്നാൽ കൂടുതലും താഴ്ന്ന ജാതിയിൽ പെട്ട അധഃകൃതരായിരുന്നു. അതിനു കാരണം ക്രൂരമായ ജാതിവ്യവസ്ഥ ഹിന്ദുമതത്തിൽ അവർക്ക് മൃഗതുല്യത മാത്രമാണ് നൽകിയതെന്നും ഇസ്‌ലാം സമത്വസാ

ഹോദര്യം സംഭാവന ചെയ്തുവെന്നതുമാണ്"(Ram Gopal, Indian Muslims A Political History, P. 2).

ഡോ. റോയ് ചൗധരി എഴുതുന്നു: "ബംഗാളിലെ അടിച്ചമർത്തപ്പെട്ട അധഃകൃത വർഗത്തിന് ഇസ്‌ലാം ഒരാശ്വാസവും സാന്ത്വനവുമായിരുന്നു. സവർണപീഡയിൽനിന്നും ഒരു വരം കിട്ടിയിട്ടെന്നപോലെ അവർ പിട ഞ്ഞെഴുന്നേറ്റു" (Dr. Roy Choudary, Histoy of Muslim Rule, P. 14 ഉദ്ധരണം: ചരിത്രപാഠങ്ങൾ, പേജ് 344).

ദീർഘകാലം ബംഗാൾ സിവിൽ സർവീസിലായിരുന്ന സർ ഹെൻട്രി കോട്ടൻ India and Home affairs എന്ന ഗ്രന്ഥത്തിലെഴുതുന്നു: "കിഴക്കൻ ബം ഗാളിലെ മുസ്‌ലിംകൾ മുഴുക്കെ അധഃകൃതരും അധഃസ്ഥിതരുമായ ഹിന്ദു ക്കളുടെ സന്താനപരമ്പരയാണ്. സാമൂഹികനീതിക്കുവേണ്ടി മതപരിവർ ത്തനം ചെയ്തവരാണ് അവരുടെ പിതാക്കന്മാർ"(ഉദ്ധരണം: Ibid പേജ്:335).

ഹർബൻസ് മുഖിയ എഴുതുന്നു: "മതപരിവർത്തനം നടന്നിരുന്നുവെന്ന കാര്യം ആരും നിഷേധിക്കുന്നില്ല. ബഹുജനതലത്തിലധികവും സംഭവി ച്ചത് സ്വമേധയാ ആയിരുന്നു. ജനങ്ങളുടെ ഇടയിൽ താമസിക്കുകയും അവ രോട് അവരുടെ ഭാഷയിൽ സംസാരിക്കുകയും ചെയ്തുപോന്ന സ്വൂഫീ സന്യാസിമാരുടെ സ്വാധീനശക്തികൊണ്ടാവാം അങ്ങനെ സംഭവിച്ചത്" (വർഗീയതയും പ്രാചീന ഭാരത ചരിത്രരചനയും, പേജ് 48).

മഹാത്മാഗാന്ധി എഴുതുന്നു: "ഇന്നു മനുഷ്യവർഗത്തിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ, നിർവിവാദമായ ആധിപത്യം പുലർത്തുന്ന ഒരാളുടെ ജീവി തത്തിന്റെ ഏറ്റവും ഉത്തമമായ വശം അറിയാൻ ഞാൻ ശ്രമിച്ചു. അക്കാ ലത്ത് ജീവിതസരണിയിൽ ഇസ്‌ലാമിന് സ്ഥാനം നേടിക്കൊടുത്തത് വാളാ യിരുന്നില്ലെന്ന് മുമ്പെന്നത്തേക്കാളും എനിക്കു ബോധ്യമായിരിക്കുന്നു. പ്രവാചകന്റെ അചഞ്ചലമായ ലാളിത്യവും ഉദാത്തമായ ആത്മബലവും പ്രതിജ്ഞകളോടുള്ള ദൃഢമായ പ്രതിബദ്ധതയും കൂട്ടുകാരോടും അനു യായികളോടുമുള്ള അതിരറ്റ അർപ്പണവും നിർഭയത്വവും ദൈവത്തിലും തന്റെ ദൗത്യത്തിലുമുള്ള പരമമായ വിശ്വാസവുമായിരുന്നു, വാളായിരുന്നില്ല എല്ലാറ്റിനെയും അവരുടെ മുമ്പിലെത്തിച്ചതും എല്ലാ തടസ്സങ്ങളെയും അതിജീവിക്കാൻ സഹായിച്ചതും"(യങ്ങ് ഇന്ത്യ 16-9-1924).

പാശ്ചാത്യൻ ഗ്രന്ഥകാരനായ മിസ്റ്റർ റോബെർട്ട് സെൻ എഴുതുന്നു: "മതാവേശവും ഇതര മതസ്ഥരോടുള്ള സഹിഷ്ണുതയുടെ ചൈതന്യവും ഒരുപോലെ നിലനിർത്തിയവർ മുസ്‌ലിംകൾ മാത്രമാകുന്നു. അവർ വാളെ ടുത്തതോടൊപ്പം തന്നെ ഇസ്‌ലാമിൽ താൽപര്യമില്ലാത്തവരെ അവരുടെ മതം മുറുകെ പിടിക്കാൻ അനുവദിക്കുകയുണ്ടായി"(Civilization of Arabs, ഉദ്ധരണം: ഇസ്‌ലാമും മതസഹിഷ്ണുതയും, പേജ് 68).

പ്രവാചകൻ പങ്കെടുത്തതും നയിച്ചതുമായ യുദ്ധങ്ങൾ അനിവാര്യ സാഹചര്യത്തിൽ അതിക്രമങ്ങളെ പ്രതിരോധിക്കാനും അനീതിയും അധർമവും അവസാനിപ്പിക്കാനും വേണ്ടിയായിരുന്നുവെന്നും ഇസ്‌ലാം പ്രചരിച്ചത് വാളാലാണെന്ന വാദം വ്യാജാരോപണം മാത്രമാണെന്നും ഈ വിധം വസ്തുതകളെ വിശകലനം ചെയ്യാൻ സന്നദ്ധരായവരെല്ലാം സംശ യലേശമന്യേ വ്യക്തമാക്കിയ വസ്തുതയത്രെ.

## ഇരുപത്തൊമ്പത്

# ഇസ്‌ലാമിക ഭരണത്തിലെ മതന്യൂനപക്ഷങ്ങൾ

*“ഇന്ത്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളായതിനാലല്ലേ എല്ലാ മതക്കാർക്കും തുല്യാവകാശം നൽകുന്ന സെക്കുലരിസം ഇവിടെ നിലനിൽക്കുന്നത്? ഭൂരിപക്ഷം മുസ്‌ലിംകളായിരുന്നുവെങ്കിൽ ഇന്ത്യയും മതാധിഷ്ഠിത ഇസ്‌ലാമിക രാഷ്ട്രമാവുകയും മറ്റു മതാനുയായികൾ രണ്ടാംതരം പൗരന്മാരാവുകയോ മതംമാറാൻ നിർബന്ധിതരാവുകയോ ചെയ്യുമായിരുന്നില്ലേ?”*

സമൂഹത്തിൽ നിലനിൽക്കുന്ന ഗുരുതരമായ തെറ്റിദ്ധാരണകളാണ് ഇത്തരം സംശയങ്ങൾക്ക് കാരണം. മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള നാടുകളെല്ലാം മതാധിഷ്ഠിത ഇസ്‌ലാമികരാഷ്ട്രങ്ങളാണെന്ന ധാരണ ശരിയല്ല. ഇസ്‌ലാമികവ്യവസ്ഥ യഥാവിധി നടപ്പാക്കപ്പെടുന്ന രാജ്യങ്ങൾ മാത്രമേ ഇസ്‌ലാമികരാഷ്ട്രമെന്ന വിശേഷണത്തിന് അർഹമാവുകയുള്ളൂ. നിലവിലുള്ള മുസ്‌ലിം നാടുകൾ അവ്വിധം ചെയ്യാത്തതിനാലാണ് ലോകത്തെവിടെയും മാതൃകാ ഇസ്‌ലാമിക രാഷ്ട്രങ്ങൾ കാണപ്പെടാത്തത്. ഭാഗികമായി ഇസ്‌ലാമികവ്യവസ്ഥ നടപ്പാക്കുന്ന നാടുകളുണ്ട്. അവ അത്രത്തോളമേ ഇസ്‌ലാമികമാവുകയുള്ളൂ.

ഇസ്‌ലാമികരാഷ്ട്രത്തിലെ അമുസ്‌ലിം പൗരന്മാർക്ക് തങ്ങളുടെ വിശ്വാസങ്ങൾ വച്ചുപുലർത്താനും ആരാധനാനുഷ്ഠാനങ്ങൾ നിർവഹിക്കാനും ആചാരങ്ങൾ പിന്തുടരാനും സ്വാതന്ത്ര്യമുണ്ടായിരിക്കും. ആരുടെ മേലും ഇസ്‌ലാമിനെ അടിച്ചേൽപിക്കുകയോ ആരെയെങ്കിലും മതം മാറാൻ നിർബന്ധിക്കുകയോ ഇല്ല. അങ്ങനെ ചെയ്യുന്നത് ഇസ്‌ലാം കണിശമായി വിലക്കിയിരിക്കുന്നു: “മതത്തിൽ ഒരുവിധ നിർബന്ധവുമില്ല. സന്മാർഗം മിഥ്യാധാരണകളിൽ നിന്ന് വേർതിരിഞ്ഞ് കഴിഞ്ഞിരിക്കുന്നു.”(ഖു. 2: 256).

“നീ വിളംബരം ചെയ്യുക: ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാകുന്നു. ഇഷ്ടമുള്ളവർക്കിത് സ്വീകരിക്കാം. ഇഷ്ടമുള്ളവർക്ക് നിഷേധിക്കാം.” (ഖു. 18:29).

ദൈവദൂതന്മാർക്കുപോലും മതം സ്വീകരിക്കാൻ ആരെയും നിർബന്ധിക്കാൻ അനുവാദമുണ്ടായിരുന്നില്ല. അല്ലാഹു അറിയിക്കുന്നു: “ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ? ദൈവഹിതമില്ലാതെ

ഒരാൾക്കും വിശ്വസിക്കുക സാധ്യമല്ല"(ഖു. 6: 69).

"നബിയേ, നീ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുക. നീ ഉദ്ബോധകൻ മാത്രമാകുന്നു. നീ അവരെ നിർബന്ധിച്ച് വഴിപ്പെടുത്തുന്നവനൊന്നുമല്ല."(ഖു. 88: 21,22).

ലോകത്തിലെ ആദ്യത്തെ ഇസ്‌ലാമികരാഷ്ട്രമായ മദീനയിൽ, അതിന്റെ സ്ഥാപകനായ നബിതിരുമേനി മതന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചതുപോലുള്ള സ്വാതന്ത്ര്യവും സൗകര്യവും മറ്റേതെങ്കിലും മതാധിഷ്ഠിത നാടുകളിലോ മതനിരപേക്ഷ രാജ്യങ്ങളിലോ കാണപ്പെടുമോയെന്ന് ന്യായമായും സംശയിക്കേണ്ടിയിരിക്കുന്നു. മദീന അംഗീകരിച്ച് പ്രഖ്യാപിച്ച പ്രമാണത്തിൽ ഇങ്ങനെ കാണാം: "നമ്മുടെ ഭരണസാഹോദര്യസീമയിൽപെടുന്ന ജൂതന്മാർക്ക് വർഗാടിസ്ഥാനത്തിലുള്ള പക്ഷപാതപരമായ പെരുമാറ്റങ്ങളിൽനിന്നും ദ്രോഹങ്ങളിൽനിന്നും രക്ഷ നൽകും. നമ്മുടെ സഹായത്തിനും ദയാനിരതമായ സംരക്ഷണത്തിനും മുസ്‌ലിം സമുദായാംഗങ്ങളെപ്പോലെ അവർക്കും അവകാശമുണ്ട്. മുസ്‌ലിംകളുമായി ചേർന്ന് അവർ ഏക ഘടനയുള്ള ഒരു രാഷ്ട്രമായിത്തീരും. മുസ്‌ലിംകളെപ്പോലെത്തന്നെ അവർക്കും സ്വതന്ത്രമായി തങ്ങളുടെ മതം ആചരിക്കാവുന്നതാണ്."

സർ തോമസ് ആർണൾഡ് എഴുതുന്നു: "മുഹമ്മദ് പല അറബ്-ക്രൈസ്തവ ഗോത്രങ്ങളുമായും സന്ധിയിലേർപ്പെട്ടിരുന്നു. അവർക്കദ്ദേഹം സംരക്ഷണവും സ്വന്തം മതമാചരിക്കാനുള്ള സ്വാതന്ത്ര്യവും നൽകി" (ഇസ്‌ലാം: പ്രബോധനവും പ്രചാരവും, പുറം 60).

പ്രവാചകന്റെ പാത പിന്തുടർന്ന് മുഴുവൻ മുസ്‌ലിംഭരണാധികാരികളും സ്വീകരിച്ച സമീപനവും ഇതുതന്നെ. ഇന്ത്യാ ചരിത്രത്തിൽ ഏറെ തെറ്റിദ്ധരിക്കപ്പെടുകയും വിമർശനവിധേയനാവുകയും ചെയ്ത ഔറംഗസീബിന്റെ മതസമീപനത്തിൽ പ്രകടമായിരുന്ന സഹിഷ്ണുതയെ സംബന്ധിച്ച് അലക്സാണ്ടർ ഹാമിൽട്ടൺ എഴുതുന്നു: "ഹിന്ദുക്കൾക്ക് പരിപൂർണമായ മതസ്വാതന്ത്ര്യം ലഭിക്കുന്നുണ്ടെന്നതിന് പുറമെ ഹൈന്ദവ രാജാക്കന്മാരുടെ കീഴിലായിരിക്കുമ്പോഴൊക്കെ അവർ നടത്തിയിരുന്ന വ്രതങ്ങളും ഉത്സവങ്ങളും ആഘോഷിക്കാനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നു. മീററ്റ് നഗരത്തിൽ മാത്രം ഹൈന്ദവവിഭാഗത്തിൽ നൂറിൽപരം വ്യത്യസ്ത വിഭാഗങ്ങളുണ്ടെങ്കിലും അവർ തമ്മിൽ പ്രാർഥനകളുടെയോ സിദ്ധാന്തങ്ങളുടെയോ പേരിൽ യാതൊരു വിധ വിവാദവും ഉണ്ടായിരുന്നില്ല. ഏതൊരാൾക്കും അയാളാഗ്രഹിക്കുന്ന വിധം ദൈവാർച്ചനകൾ നടത്തുവാനും ആരാധിക്കാനുമുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. മതധ്വംസനങ്ങൾ അജ്ഞാതമത്രെ" (Alaxander Hamilton, A new Account of the East Indies, Vol. 1, PP. 159, 162, 163).

മുസ്‌ലിം ഭരണാധികാരികൾ മതപരിവർത്തനത്തിന് നിർബന്ധിക്കുകയോ സമ്മർദം ചെലുത്തുകയോ ചെയ്തിരുന്നുവെങ്കിൽ നീണ്ട നിരവധി നൂറ്റാണ്ടുകളുടെ ഭരണത്തിനു ശേഷവും മുസ്‌ലിംകളിവിടെ ന്യൂനപക്ഷമാകുമായിരുന്നില്ലെന്ന് സുവിദിതമാണല്ലോ.

ഇസ്‌ലാമിക ഭരണത്തിൽ മതന്യൂനപക്ഷങ്ങൾക്ക് പൂർണമായ ആരാധനാസ്വാതന്ത്ര്യം നൽകപ്പെട്ടിരുന്നു. നജ്റാനിലെ ക്രിസ്ത്യാനികളുമായി

പ്രവാചകനുണ്ടാക്കിയ സന്ധിവ്യവസ്ഥകളിൽ ഇങ്ങനെ കാണാം. "നജ്റാനിലെ ക്രൈസ്തവർക്കും അവരുടെ സഹവാസികൾക്കും ദൈവത്തിന്റെ അഭയവും ദൈവദൂതനായ മുഹമ്മദിന്റെ സംരക്ഷണോത്തരവാദിത്വവുമുണ്ട്. അവരുടെ ജീവൻ, മതം, ഭൂമി, ധനം എന്നിവയ്ക്കും അവരിൽ ഹാജറുള്ളവന്നും ഇല്ലാത്തവന്നും അവരുടെ ഒട്ടകങ്ങൾക്കും നിവേദക സംഘങ്ങൾക്കും കുരിശ്, ചർച്ച് പോലുള്ള മതചിഹ്നങ്ങൾക്കും വേണ്ടിയാണിത്. നിലവിലുള്ള അവസ്ഥയിൽ ഒരു മാറ്റവും വരുത്തുന്നതല്ല. അവരുടെ യാതൊരവകാശവും ഒരു മതചിഹ്നവും മാറ്റപ്പെടുന്നതല്ല. അവരുടെ പാതിരിയോ പുരോഹിതനോ ചർച്ച് സേവകനോ തന്റെ സ്ഥാനത്ത് നിന്ന് നീക്കപ്പെടുന്നതല്ല."

ഒന്നാം ഖലീഫ അബൂബക്ർ സ്വിദ്ദീഖ്(റ) ഹീറാവാസികളുമായി ഒപ്പുവച്ച സന്ധിവ്യവസ്ഥകളിലിങ്ങനെ പറയുന്നു: "അവരുടെ ആരാധനാലയങ്ങളും കനീസുകളും ശത്രുക്കളിൽനിന്ന് രക്ഷ നേടുന്ന കോട്ടകളും പൊളിച്ചുമാറ്റപ്പെടുന്നതല്ല. മണിയടിക്കുന്നതോ പെരുന്നാളിന് കുരിശ് എഴുന്നള്ളിക്കുന്നതോ തടയപ്പെടുന്നതുമല്ല."

മധ്യപൂർവദേശത്തെ ക്രൈസ്തവവിശ്വാസികൾ മുസ്ലിം ഭരണത്തിന് കീഴിൽ സമ്പൂർണ മതസ്വാതന്ത്ര്യം അനുവദിച്ചിരുന്നതിനാൽ വളരെയേറെ സംതൃപ്തരായിരുന്നു. നീണ്ട അഞ്ചു നൂറ്റാണ്ടുകാലം ഇസ്ലാമികാധിപത്യം അനുഭവിച്ചശേഷവും ഈ അവസ്ഥയിലൊരു മാറ്റവും സംഭവിച്ചിരുന്നില്ലെന്ന് പന്ത്രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ അന്തോക്യയിലെ യാക്കോബായ പാത്രിയാർക്കീസായിരുന്ന വലിയ മൈക്കലിന്റെ പ്രസ്താവന അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. റോമൻ ഭരണാധികാരിയായിരുന്ന ഹിരാക്ലിയസിന്റെ മർദന കഥകൾ വിവരിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: "ഇങ്ങനെയാണ് സർവശക്തനും മനുഷ്യരുടെ സാമ്രാജ്യങ്ങൾ തന്റെ ഹിതത്തിനനുസരിച്ച് മാറ്റിമറിക്കുന്നവനും താനിഛിക്കുന്നവർക്ക് സാമ്രാജ്യം നൽകുന്നവനും പാവങ്ങളെ ഉദ്ധരിക്കുന്നവനുമായ പ്രതികാരത്തിന്റെ ദൈവം ഇശ്മേലിന്റെ സന്താനങ്ങളെ റോമൻ കരങ്ങളിൽനിന്നും നമ്മെ രക്ഷിക്കാനായി തെക്കുനിന്നു കൊണ്ടുവന്നത്. റോമക്കാർ നമ്മുടെ ചർച്ചുകളും മഠങ്ങളും കവർച്ച ചെയ്യുന്നതും നമ്മെ നിർദയം മർദിക്കുന്നതും ദൈവം നോക്കിക്കാണുകയായിരുന്നു. യഥാർഥത്തിൽ നമുക്കൽപം നഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അത് കാൽസിഡോണിയൻ പക്ഷത്തുനിന്ന് ഏൽപിക്കപ്പെട്ട നമ്മുടെ ചർച്ചുകൾ അവരുടെ കൈയിൽ തന്നെ ശേഷിക്കുന്നതുകൊണ്ട് ഉണ്ടായതു മാത്രമാണ്. അറബികൾ നഗരങ്ങൾ അധീനപ്പെടുത്തിയപ്പോൾ ഓരോരുത്തരുടെയും കൈവശമുള്ള ചർച്ചുകൾ അങ്ങനെത്തന്നെ നിലനിർത്തി. ഏതായിരുന്നാലും റോമക്കാരുടെ ക്രൂരതയിൽനിന്നും നീചത്വത്തിൽനിന്നും രോഷത്തിൽനിന്നും മതാവേശത്തിൽനിന്നും രക്ഷ പ്രാപിക്കുകയും നാം സമാധാനത്തിൽ കഴിയുകയും ചെയ്യുന്നുവെന്നത് ഒട്ടും നിസ്സാരകാര്യമല്ല"(Michael the elder Vol. 2, PP. 412, 413. ഉദ്ധരണം: സർ തോമസ് ആർണൾഡ്, ഇസ്ലാം പ്രബോധനവും പ്രചാരവും, പുറം 67).

ഇന്ത്യയിലെ മുസ്ലിം ആധിപത്യത്തെ സംബന്ധിച്ച് ശ്രീ. ഈശ്വരി

പ്രസാദ് പറയുന്നു: "മുസ്‌ലിംകൾ കീഴടക്കപ്പെട്ട ജനതയ്ക്ക് ആരാധനാ സ്വാതന്ത്ര്യം അനുവദിക്കുകയും അവരോട് സഹിഷ്ണുതാപൂർവം പെരുമാറുകയുമുണ്ടായി."(History of Muslim Rule, Page 46).

ഡോക്ടർ താരാചന്ദ് എഴുതുന്നു: "മുസ്‌ലിം ജേതാക്കൾ പരാജിതരോട് വളരെ നന്നായി പെരുമാറി. ഹിന്ദു പണ്ഡിതന്മാർക്കും പൂജാരിമാർക്കും തങ്ങളുടെ ദേവാലയങ്ങൾക്കും ചട്ടപ്പടിയുള്ള അവകാശം നൽകാൻ കർഷകരെ അനുവദിച്ചു."(Ibid, Page 49).

മകൻ ഹുമയൂണിന് ബാബർ ചക്രവർത്തി നൽകിയ അന്ത്യോപദേശങ്ങളിൽ ഹിന്ദുസഹോദരന്മാരോട് അത്യുദാരമായി പെരുമാറാനാവശ്യപ്പെടുകയുണ്ടായി. ഡോ. രാജേന്ദ്രപ്രസാദ് ഉൾപ്പെടെ ഉദ്ധരിച്ച പ്രസ്തുത അന്ത്യോപദേശങ്ങളിൽ ഇങ്ങനെ കാണാം: "ഇന്ത്യ മതവൈവിധ്യങ്ങളുടെ നാടാണ്. അതിൽ നീ നന്ദി രേഖപ്പെടുത്തണം. അല്ലാഹു നിനക്ക് അധികാരം നൽകിയാൽ നീ മതപക്ഷപാതിത്വം കാണിക്കരുത്. ഹൈന്ദവരുടെ ഹൃദയം വ്രണപ്പെടും വിധം പശുക്കളെ അറുക്കരുത്. അതു ചെയ്താൽ ജനം നിന്നെ വെറുക്കും. ക്ഷേത്രങ്ങളും ആരാധനാലയങ്ങളും തകർക്കരുത്. ഭരണാധികാരി ഭരണീയരെയും ഭരണീയർ ഭരണകർത്താവിനെയും സ്നേഹിക്കുന്ന സാഹചര്യം സൃഷ്ടിക്കുക. ദയാഹൃദയം കൊണ്ടാണ് ഇസ്‌ലാമിനെ ധന്യമാക്കേണ്ടത്. അടിച്ചമർത്തലിലൂടെയല്ല"(ഉദ്ധരണം: മിസിസ് നിലോഫർ അഹ്മദ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒബ്ജക്ടീവ് സ്റ്റഡീസ്, ന്യൂഡൽഹി).

ആലംഗീർ നാമയിലിങ്ങനെ വായിക്കാം: "ഔറംഗസീബ് ബംഗാളിലും ആസാമിലും ചില ഹിന്ദു ക്ഷേത്രങ്ങൾ നിർമിക്കുകയും ബുദ്ധഗയക്ക് വമ്പിച്ച ഭൂസ്വത്ത് രാജകീയശാസന വഴി നൽകുകയുമുണ്ടായി"(ഉദ്ധരണം: Illustrated weekly, 5.10.'75).

പണ്ഡിറ്റ് സുന്ദർലാൽ പറയുന്നു: "അക്ബർ, ജഹാംഗീർ, ഷാജഹാൻ എന്നിവരുടെ കാലത്തും ഔറംഗസീബിന്റെയും പിൻഗാമികളുടെയും കാലത്തും ഹിന്ദുക്കളോടും മുസ്‌ലിംകളോടും ഒരേ സമീപനമാണ് സ്വീകരിച്ചിരുന്നത്. രണ്ടു മതങ്ങളും തുല്യമായി ആദരിക്കപ്പെട്ടു. മതത്തിന്റെ പേരിൽ ആരോടും ഒരുവിധ വിവേചനവും കാണിച്ചിരുന്നില്ല. എല്ലാ ചക്രവർത്തിമാരും നിരവധി ക്ഷേത്രങ്ങൾക്ക് ഒട്ടേറെ ഭൂസ്വത്തുക്കൾ നൽകുകയുണ്ടായി. ഇന്നും ഇന്ത്യയിലെ വിവിധ ക്ഷേത്രപൂജാരികളുടെ വശം ഔറംഗസീബിന്റെ ഒപ്പുള്ള രാജകൽപന നിലവിലുണ്ട്. അവ അദ്ദേഹം പാരിതോഷികങ്ങളും ഭൂസ്വത്തുക്കളും നൽകിയതിന്റെ സ്മരണികയത്രെ. ഇത്തരം രണ്ടു കൽപനകൾ ഇപ്പോഴും ഇലഹാബാദിലുണ്ട്. അവയിലൊന്ന് സോമനാഥ ക്ഷേത്രത്തിലെ പൂജാരിയുടെ വശമാണ്".

ഇതര മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളുടെ സംരക്ഷണത്തിലും ഇസ്‌ലാമികരാഷ്ട്രം എന്നും എവിടെയും തികഞ്ഞ ശ്രദ്ധയും ജാഗ്രതയും പുലർത്തിപ്പോന്നിട്ടുണ്ട്. ഒന്നാം ഖലീഫയായ അബൂബക്ർ സ്വിദ്ദീഖിനോട് രാജ്യത്തെ ക്രൈസ്തവ വിശ്വാസികൾ, തങ്ങൾ പുതുതായി നിർമിച്ച ചർച്ച് ഉദ്ഘാടനം ചെയ്യാനാവശ്യപ്പെടുകയും അത് ഇസ്‌ലാമികാരാധനയായ നമ

സ്കാരം നിർവഹിച്ച് നടത്തിയാൽ മതിയെന്ന് നിർദേശിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം പറഞ്ഞു: "ഞാനത് ഉദ്ഘാടനം ചെയ്താൽ എന്റെ കാലശേഷം യാഥാർഥ്യമറിയാത്തവർ ഞങ്ങളുടെ ഖലീഫ നമസ്കരിച്ച സ്ഥലമാണെന്ന് അതിന്റെ പേരിൽ അവകാശവാദമുന്നയിക്കുകയും അത് കുഴപ്പങ്ങൾക്കിടവരുത്തുകയും ചെയ്തേക്കാം." ഖലീഫയുടെ ആശങ്ക ശരിയാണെന്നു ബോധ്യമായ ക്രൈസ്തവ സഹോദരന്മാർ തങ്ങളുടെ ഉദ്യമത്തിൽനിന്ന് പിൻമാറി.

ഫലസ്തീൻ സന്ദർശിക്കവെ നമസ്കാരസമയമായപ്പോൾ രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖിനോട് അവിടത്തെ പാത്രിയാർക്കീസ് സ്വഫർനിയൂസ്, തങ്ങളുടെ ചർച്ചിൽവച്ച് നമസ്കാരം നിർവഹിക്കാനാവശ്യപ്പെട്ടു. എന്നാൽ ആ നിർദേശം ഖലീഫ നന്ദിപൂർവം നിരസിക്കുകയാണുണ്ടായത്. അതിന് അദ്ദേഹം പറഞ്ഞ കാരണം, താനവിടെ വച്ച് നമസ്കരിച്ചാൽ പിൽക്കാലത്ത് അവിവേകികളായ മുസ്‌ലിംകളാരെങ്കിലും അതിന്റെ പേരിൽ അവകാശവാദമുന്നയിക്കുകയും അത് പള്ളിയാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തേക്കുമെന്നായിരുന്നു. അത്തരമൊരവിവേകത്തിന് അവസരമുണ്ടാവരുതെന്ന് നിർബന്ധമുണ്ടായിരുന്ന ഉമറുൽ ഫാറൂഖ് ചർച്ചിനു പുറത്തുള്ള ഒരു ഒഴിഞ്ഞ സ്ഥലത്ത് വസ്ത്രം വിരിച്ച് നമസ്കരിക്കുകയാണുണ്ടായത്.

അമുസ്‌ലിംകൾക്ക് അവരുടെ വ്യക്തിനിയമങ്ങളനുസരിച്ച് ജീവിക്കാൻ പൂർണ സ്വാതന്ത്ര്യം നൽകുന്ന ഇസ്‌ലാം അവരുടെ ഒരവകാശവും ഹനിക്കാൻ അനുവദിക്കുന്നില്ല. പ്രവാചകൻ തിരുമേനി അരുൾ ചെയ്യുന്നു: "സൂക്ഷിച്ചുകൊള്ളുക, അമുസ്‌ലിം പൗരന്മാരെ വല്ലവരും അടിച്ചമർത്തുകയോ അവരുടെ മേൽ കഴിവിനതീതമായ നികുതിഭാരം ചുമത്തുകയോ അവരോട് ക്രൂരമായി പെരുമാറുകയോ അവരുടെ അവകാശങ്ങൾ വെട്ടിക്കുറയ്ക്കുകയോ ചെയ്യുകയാണെങ്കിൽ അന്ത്യവിധി നാളിൽ അവർക്കെതിരെ ഞാൻ സ്വയം തന്നെ പരാതി ബോധിപ്പിക്കുന്നതാണ്."(അബൂദാവൂദ്)

"ആർ അമുസ്‌ലിം പൗരനെ അപായപ്പെടുത്തുന്നുവോ അവൻ സ്വർഗത്തിന്റെ ഗന്ധം പോലും അനുഭവിക്കുകയില്ല" (അബൂയൂസുഫ്, കിതാബുൽ ഖറാജ്, പേജ് 71).

വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ വ്യക്തിനിയമങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം ബന്ധപ്പെട്ട കക്ഷികളുടെ മതാചാരപ്രകാരമാണ് ഇസ്‌ലാമിക കോടതികൾ തീർപ്പ് കൽപിക്കുക. ശരീഅത്ത് വിധികൾ അവരുടെ മേൽ നടപ്പിലാക്കുകയില്ല. നബിതിരുമേനിയുടെ കാലത്ത് ജൂതന്മാരുടെ കേസുകൾ വിചാരണയ്ക്കു വന്നാൽ മദീനയിലെ 'ബൈത്തുൽ മിദ്റാസ്' എന്ന ജൂതസെമിനാരിയുമായി ബന്ധപ്പെട്ട് അവിടത്തെ പുരോഹിതന്മാരോട് തോറയിലെ വിധികൾ അന്വേഷിച്ച് പഠിച്ച ശേഷമേ അവിടന്നു തീർപ്പ് കൽപിച്ചിരുന്നുള്ളൂ. (ഇബ്നു ഹിശാം, സീറത്തുന്നബി, വാള്യം 2, പുറം 201).

സർ തോമസ് ആർണൾഡ് എഴുതുന്നു: "അമുസ്‌ലിം സമൂഹങ്ങൾ മിക്കവാറും പൂർണമായ സ്വയംഭരണാവകാശം അനുഭവിക്കുകയുണ്ടായി. എന്തുകൊണ്ടെന്നാൽ തങ്ങളുടെ ആഭ്യന്തരകാര്യങ്ങൾ കൈകാര്യം ചെയ്യാ

നുള്ള സ്വാതന്ത്ര്യം ഭരണകൂടം അവരുടെ കരങ്ങളിൽ തന്നെ ഏൽപിച്ചിരുന്നു. മതപരമായ വിഷയങ്ങളിൽ തീരുമാനമെടുക്കുവാനുള്ള അധികാരം അവരുടെ പുരോഹിതന്മാർക്ക് ലഭിച്ചു. അവരുടെ ചർച്ചുകളും മഠങ്ങളും യാതൊരു ഊനവും തട്ടാതെ നിലനിർത്താനനുവദിച്ചു"(ഇസ്ലാം: പ്രബോധനവും പ്രചാരവും, പുറം 78).

എന്നാൽ ഇസ്ലാമികരാഷ്ട്രത്തിൽ അനീതികളും വിവേചനങ്ങളും നടക്കുകയില്ല. ജാതി-മത-കക്ഷി ഭേദമന്യേ നിഷ്കൃഷ്ടമായ നീതി നടപ്പിലാക്കപ്പെടും. ഖുർആൻ കൽപിക്കുന്നു: "വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനു വേണ്ടി നേർമാർഗത്തിൽ നിലകൊള്ളുന്നവരും നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമാകുക. ഒരു ജനതയോടുള്ള വിരോധം നീതി നടപ്പിലാക്കപ്പെടാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നീതി പാലിക്കുവിൻ. അതാണ് ദൈവഭക്തിക്ക് ഏറ്റവും അനുയോജ്യം"(5:8).

ഇസ്ലാമികരാഷ്ട്രത്തിൽ അമുസ്ലിം പൗരന്മാർക്കെതിരെ കലാപം നടത്തിയാൽ ശിക്ഷാ നടപടികൾ സ്വീകരിക്കപ്പെടും. വധിച്ചാൽ പ്രതിക്രിയ നടപ്പാക്കപ്പെടും. ആരാധനാലയങ്ങൾ തകർക്കപ്പെട്ടാൽ തകർത്തവർക്കെതിരെ കടുത്ത ശിക്ഷ വിധിക്കുകയും തകർക്കപ്പെട്ടവ പുനർനിർമിക്കുകയും ചെയ്യും. ആരാധനാലയങ്ങളെപ്പോലെത്തന്നെ മതന്യൂനപക്ഷങ്ങളുടെ ജീവനും സ്വത്തും വിദ്യാസ്ഥാപനങ്ങളും വ്യക്തിനിയമങ്ങളും പൂർണമായും സുരക്ഷിതമായിരിക്കും. അവയുടെയൊന്നും നേരെ ഒരുവിധ കൈയേറ്റവും അനുവദിക്കപ്പെടുന്നതല്ല. അതുകൊണ്ടുതന്നെ ഇസ്ലാമിക ഭരണത്തിൽ മതന്യൂനപക്ഷങ്ങൾ സ്വാതന്ത്ര്യവും സുരക്ഷയും അനുവദിക്കുമെന്നതിലൊട്ടും സംശയമില്ല. അവരൊരിക്കലും അൽപവും അനീതിക്കോ കൈയേറ്റങ്ങൾക്കോ അവഹേളനങ്ങൾക്കോ ഇരയാവുകയില്ല.

രാജ്യത്തെ ആദിവാസികളും പിന്നോക്ക ജാതിക്കാരുമെല്ലാം തങ്ങൾ ഹിന്ദുക്കളല്ലെന്ന് ശക്തമായി വാദിച്ചുകൊണ്ടിരിക്കെ, ചോദ്യത്തിലുന്നയിച്ച, ഇന്ത്യയിലെ ഭൂരിപക്ഷം ഹിന്ദുക്കളാണെന്ന പരാമർശം സൂക്ഷ്മമോ വസ്തുനിഷ്ഠമോ അല്ലെന്നുകൂടി പറയേണ്ടതുണ്ട്.

## മുഖത്ത്

# ജിസ്‌യ മതനികുതിയോ?

### മുസ്‌ലിം രാജ്യത്തിൽ ക്ഷേത്രങ്ങൾക്ക് അനുവാദമുണ്ടോ?

*“മതേതരനാടുകളിലേതുപോലെയോ കൂടുതലായോ മതന്യൂനപക്ഷങ്ങൾക്ക് ഇസ്‌ലാമികരാഷ്ട്രത്തിൽ മതസ്വാതന്ത്ര്യമുണ്ടാകുമെന്ന് താങ്കൾ അവകാശപ്പെടുകയുണ്ടായല്ലോ? എന്നാൽ ലോകത്ത് ഏതെങ്കിലും മുസ്‌ലിം രാജ്യത്ത് ഹിന്ദുക്കൾക്ക് ക്ഷേത്രം നിർമിക്കാൻ അനുവാദമുണ്ടോ? പാകിസ്താനിലും ബംഗ്ലാദേശിലുമെല്ലാം ഉള്ളവതന്നെ തകർക്കുകയല്ലേ ചെയ്യുന്നത്?”*

പാകിസ്താനും ബംഗ്ലാദേശുമുൾപ്പെടെ ലോകത്ത് ഹിന്ദുപൗരന്മാരുള്ള മുസ്‌ലിം നാടുകളിലെല്ലാം ക്ഷേത്രം നിർമിക്കാനും അവിടെ ആരാധനയും ആഘോഷവും നടത്താനും അനുവാദമുണ്ട്. ഭരണകൂടമോ ജനങ്ങളോ അതിലൊരിക്കലും ഒരു നിലക്കും ഇടപെടാറില്ല. എന്നല്ല, ആവശ്യമായ സഹായസഹകരണം ചെയ്തുകൊടുക്കാറുമുണ്ട്. ഏതാനും വർഷം മുമ്പ് വന്ന ഒരു പത്രവാർത്തയിലിങ്ങനെ കാണാം: “ബംഗ്ലാദേശിലെ ഹിന്ദുക്ഷേത്രങ്ങളും ധർമസ്ഥാപനങ്ങളും പുനരുദ്ധരിക്കാൻ ഗവൺമെന്റ് ഏകദേശം ആറു ലക്ഷം രൂപ അനുവദിച്ചു. ഈ തീരുമാനമെടുത്ത നീതിന്യായ വകുപ്പിന്റെയും ആധ്യാത്മിക കാര്യങ്ങളുടെയും മന്ത്രി നൂറുൽ ഇസ്‌ലാം, എല്ലാ മതങ്ങളുടെയും ഉന്നമനത്തിൽ തങ്ങൾ തൽപരരാണെന്നറിയിച്ചു.”(മാതൃഭൂമി 4-10-1985).

മറ്റൊരു മുസ്‌ലിം നാടായ ഇന്തോനേഷ്യയെ സംബന്ധിച്ച് ആർ.എസ്.എസ്. വാരിക കേസരി എഴുതുന്നു: “എല്ലാ വിഭാഗങ്ങൾക്കും പൂർണമായ ആരാധനാസ്വാതന്ത്ര്യം നൽകുന്ന ഇന്തോനേഷ്യൻ ഭരണഘടന ആ രാജ്യത്തിന്റെ മതേതര സ്വഭാവം വ്യക്തമാക്കുന്നു. ഇസ്‌ലാം, ക്രിസ്തുമതം, ബുദ്ധമതം, ഹിന്ദുധർമം തുടങ്ങിയ നാലു മതങ്ങൾക്കും സർക്കാർ തുല്യമായ അംഗീകാരവും പ്രോത്സാഹനവുമാണ് നൽകുന്നത്. ഇതിനായി സർക്കാർ നിയന്ത്രണത്തിൽ ഒരു പ്രത്യേക വകുപ്പ് തന്നെയുണ്ട്. വിവിധ മതാനുയായികൾ ഇവിടെ പരസ്പരം സ്നേഹത്തോടും സഹവർത്തിത്തത്തോടും കൂടി കഴിയുന്നു”(7-6-1987).

പാകിസ്താനിൽ ജന്മാഷ്ടമി, ദീപാവലി പോലുള്ള ആഘോഷദിന

ങ്ങളിൽ ഹിന്ദു സഹോദരങ്ങൾക്ക് അരി, പഞ്ചസാര തുടങ്ങിയവ പ്രത്യേ കമായി അനുവദിക്കാറുണ്ട്. കൂടാതെ, ലാഹോർ ജില്ലയിലെ അംഗീകൃത കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന ന്യൂനപക്ഷസമുദായ വിദ്യാ ർഥികൾക്ക് സർക്കാർ സ്കോളർഷിപ്പ് നൽകിവരുന്നു. ലാഹോറിലെ ക്രൈസ്തവ മതവിശ്വാസികൾക്ക് ശ്മശാനമുണ്ടാക്കാൻ ആറു ലക്ഷം രൂപ സർക്കാർ സഹായധനം നൽകുകയുണ്ടായി.

1992-ൽ ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോൾ പാകിസ്താനിലെയും ബംഗ്ലാദേശിലെയും അവിവേകികളായ ചിലർ ക്ഷേത്രങ്ങളുടെ നേരെ കൈയേറ്റം നടത്തുകയും കേടുപാടുകൾ വരുത്തുകയും ചെയ്തു. അപ്പോൾ അവരെ തടയാനും ഹൈന്ദവ ആരാധനാലയങ്ങൾ സംരക്ഷിക്കാനും മുന്നോട്ടു വന്നത് അവിടങ്ങളിലെ ഇസ്ലാമികപ്രവർത്തകരാണ്. അന്ന് അമ്പലങ്ങൾ ആക്രമിക്കപ്പെട്ട പശ്ചാത്തലത്തിൽ സുഗതകുമാരി ഇന്ത്യാ ടുഡേയിലെഴുതി: "ബാബരി മസ്ജിദ് തകർത്തതിലൂടെ ഹിന്ദുക്കൾ എന്തു നേടി? അയൽനാടുകളിൽ എത്രയോ ക്ഷേത്രങ്ങൾ അക്രമിക്കപ്പെടുകയു ണ്ടായി. തകർക്കപ്പെട്ട പള്ളി പുനർനിർമിച്ചു കൊടുക്കാതിരിക്കാൻ നമ്മുടെ സംസ്കാരം നമ്മെ അനുവദിക്കുകയില്ല. എന്നാൽ കൈയേറ്റങ്ങൾക്കിര യായ അമ്പലങ്ങളുണ്ടോ പുനരുദ്ധരിക്കപ്പെടുന്നു?"

പക്ഷേ, സംഭവിച്ചത് മറിച്ചാണ്. ഒമ്പതു മാസത്തിനകം അക്രമങ്ങൾക്കി രയായ മുഴുവൻ ക്ഷേത്രങ്ങളും പാകിസ്താനിലെയും ബംഗ്ലാദേശിലെയും ഭരണകൂടങ്ങൾ പുതുക്കിപ്പണിതു. ഈ സംഭവം ഇന്ത്യയിലെ പത്രങ്ങൾ തന്നെ റിപ്പോർട്ടു ചെയ്യുകയുണ്ടായി. അവയുടെ കട്ടിംഗുകളും ഇന്ത്യാടുഡേ യിലെ ലേഖനത്തിന്റെ കോപ്പിയും അയച്ചുകൊടുത്ത് പ്രതികരണമാവശ്യ പ്പെട്ടുവെങ്കിലും സുഗതകുമാരി മറുപടി അയയ്ക്കാനുള്ള സന്മനസ്സു പോലും കാണിച്ചില്ല. കാരണം യാഥാർഥ്യം അവർ കണക്കുകൂട്ടിയതിൽ നിന്നും നാട്ടിൽ പ്രചരിപ്പിക്കപ്പെട്ടതിൽനിന്നും തികച്ചും വ്യത്യസ്തമായി രുന്നു.

അന്യ മതസമൂഹങ്ങളുടെ ആരാധ്യവസ്തുക്കളെ അവഹേളിക്കാനോ അവരുടെ ആരാധനാലയങ്ങളെ കൈയേറ്റം ചെയ്യാനോ ഇസ്ലാം ആരെയും അനുവദിക്കുന്നില്ല. അതുകൊണ്ടുതന്നെ മുസ്ലിംനാടുകളിലെ വിടെയും ആരാധനാലയങ്ങൾ ആക്രമിക്കപ്പെടുകയോ തകർക്കപ്പെടുകയോ ഇല്ല. അഥവാ, ഏതെങ്കിലും അവിവേകികൾ അങ്ങനെ ചെയ്താൽ അവ പുനർനിർമിക്കാൻ ഇസ്ലാമിക സമൂഹവും ഭരണകൂടവും ബാധ്യസ്ഥവും പ്രതിജ്ഞാബദ്ധവുമത്രെ.

## ഗൾഫുനാടുകളിലെ ക്ഷേത്രവിലക്ക്

*"ഗൾഫ്നാടുകളിൽ ഹിന്ദുക്കളെ ക്ഷേത്രം പണിയാൻ അനുവദിക്കാറി ല്ലെന്നാണ് അറിവ്. അതെന്തുകൊണ്ടാണ്?"*

ഗൾഫ് നാടുകളിൽ ഹിന്ദുപൗരന്മാരില്ല. അവിടെയുള്ള ഹിന്ദുക്കൾ ജോലിയാവശ്യാർഥം ചെന്ന വിദേശികളാണ്. മുസ്ലിംകളുൾപ്പെടെ വിദേ ശികളായ ആർക്കും അവിടെ സ്ഥലം വാങ്ങാനോ ആരാധനാലയം പണി യാനോ അനുവാദമില്ല. അഥവാ, വിദേശമുസ്ലിംകൾക്ക് പള്ളിയുണ്ടാ

ക്കാനും അവിടങ്ങളിലെ നിയമം അനുവദിക്കുന്നില്ല. വിദേശികൾക്ക് ഇന്ത്യയിലോ ഇതര സെക്യുലർ നാടുകളിലോ സ്വന്തമായ ആരാധനാലയം പണിയാൻ അനുവാദമില്ലാത്തതുപോലെത്തന്നെ.

എന്നിട്ടും ദീർഘകാലമായി ഗൾഫ് നാടുകളിൽ കഴിഞ്ഞുകൂടുന്ന സിന്ധി ഹിന്ദുക്കൾക്ക് ആരാധനാലയം നിർമിക്കാൻ ഭരണകൂടം പ്രത്യേകം അനുമതി നൽകുകയുണ്ടായി. മലയാളത്തിലെ ആർ.എസ്.എസ്. വാരിക കേസരി എഴുതുന്നു: "മസ്കത്ത്, ബഹ്റൈൻ, ദുബൈ എന്നീ ഗൾഫു രാജ്യങ്ങൾ വിദേശക്കോയ്മക്ക് കീഴിൽ ഉള്ളതുമുതൽ ഭാരതീയരും ഹിന്ദുക്കളുമായ സിന്ധികൾ ഇവിടങ്ങളിൽ കുടിയേറിപ്പാർക്കുക കാരണം പ്രസ്തുത രാജ്യങ്ങളുടെ അഭിവൃദ്ധിയിൽ ഗണ്യമായ പങ്കുവഹിച്ചിരുന്നു. പ്രസ്തുത യാഥാർഥ്യം മനസ്സിലാക്കി അവിടങ്ങളിലെ ഭരണാധിപന്മാർ അവർക്ക് പ്രത്യേക പരിഗണനകൾ കൊടുത്തുപോന്നു"(6-4-1986).

"ദുബൈ ശൈഖ് അവർക്ക് വേണ്ടുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചുപോന്നു. സിന്ധികളുടെ ആവശ്യാർഥം ഹിന്ദുക്കളുടെ ഒരു ക്ഷേത്രവും ഇഷ്ടദേവതകളെ വച്ചു പൂജിക്കാനുള്ള അനുവാദവും അതുപോലെ ഉത്സവാദികൾ കൊണ്ടാടാനുള്ള അംഗീകാരവും നൽകുകയുണ്ടായി. ഹിന്ദുക്കൾക്ക് ശവസംസ്കാരം ചെയ്യാനുള്ള ഒരു പ്രത്യേക ശ്മശാനത്തിനുള്ള സ്ഥലവും കൂടി അനുവദിക്കുകയുണ്ടായി" (കേസരി 5-1-1986).

### ജിസ്യ

*"ഇസ്ലാമികരാഷ്ട്രം അമുസ്ലിം പൗരന്മാരിൽനിന്ന് ജിസ്യ എന്ന മതനികുതി ഈടാക്കാറില്ലേ? അത് കടുത്ത വിവേചനവും അനീതിയുമല്ലേ?"*

ജിസ്യ മതനികുതിയല്ല. ആണെന്ന ധാരണ അബദ്ധമാണ്. ഏറെ തെറ്റിദ്ധരിക്കപ്പെട്ട വിഷയമെന്ന നിലയിൽ ഇത് അൽപം വിശദീകരിക്കുന്നത് ഗുണകരമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുസ്ലിംകൾ തങ്ങളുടെ കാർഷികവരുമാനത്തിന്റെ പത്തു ശതമാനവും ഇതര സാമ്പത്തിക വരുമാനങ്ങളുടെ രണ്ടര ശതമാനവും പൊതു ഖജനാവിൽ അടക്കാൻ ബാധ്യസ്ഥരാണ്. ഇത് മതപരമായ ആരാധനാകർമം കൂടിയായതിനാൽ ഇതര മതവിഭാഗക്കാരുടെ മേൽ നിർബന്ധമാക്കാൻ നിർവാഹമില്ല. കാരണം അതവരുടെ മതസ്വാതന്ത്ര്യത്തിന്റെ നിഷേധമായിരിക്കും. അതിനാൽ സമൂഹത്തിൽ സാമ്പത്തിക സന്തുലിതത്വം നിലനിർത്താനായി അമുസ്ലിം പൗരന്മാരുടെ മേൽ ഇസ്ലാമിലെ മതചടങ്ങുകളുമായി ബന്ധമില്ലാത്ത മറ്റൊരു നികുതി ചുമത്തുകയാണുണ്ടായത്. അതാണ് ജിസ്യ. മുസ്ലിംകളിൽനിന്ന് രാഷ്ട്രം നിർബന്ധമായും പിരിച്ചെടുക്കുന്ന സകാത്തിനു പകരമുള്ള നികുതിയാണത്.

സമ്പത്തുള്ള മുസ്ലിംകളെല്ലാം സകാത്ത് നൽകാൻ ബാധ്യസ്ഥരാണ്. സ്ത്രീകളും കുട്ടികളും വൃദ്ധന്മാരും രോഗികളും ഉൾപ്പെടെ ആരും തന്നെ അതിൽനിന്ന് മുക്തരല്ല. എന്നാൽ അതിനെയപേക്ഷിച്ച് ജിസ്യയിൽ ഒട്ടേറെ ആനുകൂല്യങ്ങളും ഇളവുകളുമുണ്ട്. സ്ത്രീകൾ, കുട്ടികൾ, അന്ധന്മാർ, വൃദ്ധന്മാർ, ഭ്രാന്തന്മാർ, മാറാരോഗികൾ, മഠങ്ങളിലെ സന്യാസിമാർ, പുരോഹിതന്മാർ പോലുള്ളവരിൽനിന്നൊന്നും ജിസ്യ പിരിക്കുന്നതല്ല.

അതിനാൽ ജിസ്‌യ അമുസ്‌ലിം പൗരന്മാരോടുള്ള വിവേചനമോ അനീതിയോ അല്ല. അവർക്ക് സാമ്പത്തികമായി ഇളവ് ലഭിക്കാനുള്ള ഉപാധിയാണ്.

ആരെങ്കിലും മുസ്‌ലിംകളെപ്പോലെ സകാത്ത് നൽകാൻ സ്വയം സന്നദ്ധമായി മുന്നോട്ടു വരികയാണെങ്കിൽ അവരെ ഇസ്‌ലാമിക രാഷ്ട്രം ജിസ്‌യയിൽനിന്ന് ഒഴിവാക്കുന്നതാണ്. ചരിത്രത്തിലിതിന് ഏറെ ഉദാഹരണങ്ങൾ കാണാം. ഒന്നിവിടെ ഉദ്ധരിക്കാം: സർ തോമസ് ആർണൾഡ് എഴുതുന്നു: "അവരോട് (തഗ്‌ലിബ് ഗോത്രം) അമുസ്‌ലിം ഗോത്രങ്ങൾക്ക് നൽകുന്ന സംരക്ഷണത്തിനു പകരമായി ചുമത്തുന്ന കരം- ജിസ്‌യ- അടക്കാനും അദ്ദേഹം (ഉമറുൽ ഫാറൂഖ്) ആവശ്യപ്പെട്ടു. എന്നാൽ ജിസ്‌യ കൊടുക്കുന്നത് അപമാനമായി കരുതിയ തഗ്‌ലിബ് ഗോത്രം തങ്ങളെ മുസ്‌ലിംകളെപ്പോലെ നികുതി (സകാത്ത്) അടക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടു. ഖലീഫ അതനുവദിക്കുകയും അവർ മുസ്‌ലിംകളെപ്പോലെ ജിസ്‌യയുടെ ഇരട്ടി വരുന്ന സംഖ്യ ഖജനാവിലേക്കടക്കുകയും ചെയ്തു" (ഇസ്‌ലാം പ്രബോധനവും പ്രചാരവും, പുറം 62).

ഇസ്‌ലാമികരാഷ്ട്രത്തിലെ മുഴുവൻ പൗരന്മാരെയും സംരക്ഷിക്കാൻ ഭരണകൂടം ബാധ്യസ്ഥമാണ്. അതിനാൽ മുസ്‌ലിംകളുടെ മാത്രമല്ല, അമുസ്‌ലിംകളുടെയും ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കാൻ നിർബന്ധ സൈനികസേവനം നിർവഹിക്കാൻ മുസ്‌ലിംകൾ ബാധ്യസ്ഥരായിരുന്നു. ഈ വിധം സംരക്ഷണം ഉറപ്പു നൽകുന്നതിനും പട്ടാളസേവനത്തിൽനിന്ന് ഒഴിവാക്കുന്നതിനും പകരമായാണ് അവരിൽനിന്ന് ജിസ്‌യ ഈടാക്കിയിരുന്നത്. സൈനികസേവനത്തിന് അക്കാലത്ത് ശമ്പളമുണ്ടായിരുന്നില്ലെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. എപ്പോഴെങ്കിലും രാജ്യനിവാസികൾക്ക് സംരക്ഷണം നൽകാൻ ഭരണകൂടത്തിന് സാധിക്കാതെ വന്നാൽ ജിസ്‌യ തിരിച്ചുനൽകുക പതിവായിരുന്നു. അപ്രകാരം തന്നെ സൈനികസേവനത്തിന് സ്വയം സന്നദ്ധരായി മുന്നോട്ടുവരുന്നവരെയും ജിസ്‌യയിൽനിന്ന് പൂർണമായും ഒഴിവാക്കിയിരുന്നു. സർ തോമസ് ആർണൾഡ് എഴുതുന്നു: "ചിലർ നമ്മെ വിശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നതുപോലെ മുസ്‌ലിം വിശ്വാസം സ്വീകരിക്കാൻ വിസമ്മതിച്ചതിന്റെ ശിക്ഷയായി ക്രൈസ്തവരുടെ മേൽ ചുമത്തപ്പെടുന്നതല്ല ഈ നികുതി. എല്ലാ അമുസ്‌ലിം പൗരന്മാരും അടക്കേണ്ടതായിരുന്നു അത്. മതപരമായ കാരണങ്ങളാൽ നിർബന്ധ സൈനിക സേവനത്തിൽനിന്ന് അവർ ഒഴിവാക്കപ്പെട്ടിരുന്നു. മുസ്‌ലിംകൾ നൽകിയിരുന്ന സംരക്ഷണത്തിന് പകരമായാണ് അവർ ജിസ്‌യ കൊടുക്കേണ്ടി വന്നത്....

"തുർക്കീ ഭരണകാലത്ത് സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ക്രിസ്ത്യാനികളും ജിസ്‌യയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നതായി കാണാം. കൊറിൻത് കരയിടുക്കിലേക്ക് നയിക്കുന്ന സിത്തിറോൺ, ഗറാനിയ ചുരങ്ങൾ കാക്കാൻ ഒരു സംഘം സായുധരെ നൽകാമെന്ന വ്യവസ്ഥയിൽ അൽബേനിയൻ ക്രൈസ്തവവർഗമായ മെഗാരികളെ തുർക്കികൾ ജിസ്‌യയിൽനിന്ന് ഒഴിവാക്കിയിരുന്നു. തുർക്കീ സൈന്യത്തിന്റെ മുമ്പേ പോയി നിരത്തുകളും പാലങ്ങളും നന്നാക്കിയിരുന്ന ക്രിസ്തീയ സംഘത്തിൽനിന്ന്

ജിസ്‌യ ഈടാക്കിയിരുന്നില്ലെന്നു മാത്രമല്ല, കരം വാങ്ങാതെ അവർക്ക് ഭൂമി പതിച്ചുകൊടുക്കുകകൂടി ചെയ്തിരുന്നു. ഹൈഡ്രയിലെ ക്രിസ്ത്യാനികൾ സുൽത്താന് ജിസ്‌യ നൽകിയിരുന്നില്ല. പകരമായി അവർ 250 ദൃഢഗാത്രരായ നാവികരെ തുർക്കിപ്പടക്കു നൽകി.

"ആർമത്തോളി എന്നു വിളിക്കപ്പെടുന്ന തെക്കൻ റുമാനിയക്കാരാണ് പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ തുർക്കി സൈന്യത്തിൽ മുഖ്യഘടകമായിരുന്നത്. സ്കൂട്ടാരിക്കു വടക്കുള്ള പർവതനിരകളിൽ വസിച്ചിരുന്ന മിർദികൾ എന്ന അൽബേനിയൻ കത്തോലിക്കർ കരത്തിൽനിന്നൊഴിവാക്കപ്പെട്ടിരുന്നു. യുദ്ധവേളയിൽ സായുധ സംഘത്തെ നൽകാമെന്നായിരുന്നു അവരുടെ പ്രതിജ്ഞ. അതേപോലെ ഗ്രീക്ക് ക്രിസ്ത്യാനികളെയും ജിസ്‌യയിൽനിന്നൊഴിവാക്കി. കോൺസ്റ്റാന്റിനോപ്പിളിലേക്ക് ശുദ്ധജലം കൊണ്ടുവന്നിരുന്ന കൽക്കുഴലുകൾ അവരായിരുന്നു സംരക്ഷിച്ചിരുന്നത്. നഗരത്തിലെ വെടിമരുന്നുശാലക്ക് കാവലിരുന്നവരേയും കരത്തിൽനിന്നൊഴിവാക്കിയിരുന്നു. എന്നാൽ, ഈജിപ്തിലെ ഗ്രാമീണ കർഷകർ സൈനികസേവനത്തിൽനിന്ന് ഒഴിവാക്കപ്പെട്ടപ്പോൾ അവരുടെ മേൽ ക്രിസ്ത്യാനികളെപ്പോലെ കരം ചുമത്തുകയും ചെയ്തു."(സർ തോമസ് ആർണൾഡ്, ഇസ്‌ലാം: പ്രബോധനവും പ്രചാരവും, പുറം 73-76).

നബിതിരുമേനിയുടെ കാലത്ത് മദീനയിലെ അമുസ്‌ലിം വിഭാഗങ്ങൾ രാഷ്ട്രത്തിന്റെ പ്രതിരോധപ്രവർത്തനങ്ങളിൽ പങ്കാളികളായിരുന്നതിനാൽ അവരിൽനിന്ന് ജിസ്‌യ ഈടാക്കിയിരുന്നില്ല.

ചുരുക്കത്തിൽ, പാശ്ചാത്യർ പ്രചരിപ്പിക്കുകയും അവരുടെ മെഗാഫോണുകളായി മാറിയ മറ്റുള്ളവർ ഏറ്റുപിടിക്കുകയും ചെയ്യുന്നതുപോലെ ജിസ്‌യ ഒരു മതനികുതിയല്ല. ഒരിക്കലും അങ്ങനെ ആയിരുന്നിട്ടുമില്ല. യഥാർഥത്തിലിത് യുദ്ധനികുതിയാണ്. കഴിവും കായികബലവും ഉണ്ടായിരുന്നിട്ടും സൈനികസേവനമനുഷ്ഠിക്കാൻ സന്നദ്ധമാവാതെ മാറിനിന്നവരാണ് അത് നൽകേണ്ടിവന്നിരുന്നത്. നിർബന്ധ സൈനിക സേവനം നിലനിന്നിരുന്ന ഘട്ടത്തിൽ അതിൽനിന്നൊഴിവാക്കുകയും അതോടൊപ്പം ശാരീരികവും സാമ്പത്തികവുമായ സുരക്ഷിതത്വം അനുഭവിക്കുകയും ചെയ്തിരുന്നതിന്റെ പ്രതിഫലമായിരുന്നു അത്. എന്നാൽ ഇസ്‌ലാമികരാഷ്ട്രത്തിലെ മുസ്‌ലിം പൗരന്മാർ നിർബന്ധ സൈനിക സേവനമനുഷ്ഠിച്ചാലും ഭരണകൂടത്തിനു സകാത്ത് നൽകാൻ ബാധ്യസ്ഥരാണ്. എക്കാലത്തും സകാത്ത് സംഖ്യ ജിസ്‌യയേക്കാൾ വളരെ കൂടുതലായിരുന്നുവെന്ന വസ്തുത വിസ്മരിക്കാവതല്ല. അമുസ്‌ലിം പൗരന്മാർ സകാത്ത് നൽകുകയോ സൈനികസേവനമനുഷ്ഠിക്കാൻ സന്നദ്ധമാവുകയോ ചെയ്തപ്പോഴെല്ലാം അവരെ ജിസ്‌യയിൽനിന്നൊഴിവാക്കിയിരുന്നു. സൈനികവൃത്തി വേതനമുള്ള തൊഴിലായി മാറിയ ഇക്കാലത്തും ഇസ്‌ലാമിക രാഷ്ട്രം അമുസ്‌ലിം പൗരന്മാരുടെ മേൽ ജിസ്‌യ ചുമത്തുന്നതല്ല. അതിനാൽ മതന്യൂനപക്ഷങ്ങൾ ഇസ്‌ലാമികരാഷ്ട്രത്തിൽ ഒരുവിധ വിവേചനവും അനുഭവിക്കുകയില്ലെന്നു മാത്രമല്ല, സകാത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നതിനാൽ മുസ്‌ലിംകളേക്കാൾ സാമ്പത്തിക സൗകര്യവും ആനുകൂല്യവും അനുഭവിക്കുകയും ചെയ്യുന്നു.

## മുപ്പത്തൊന്ന്

# സ്ത്രീയുടെ പദവി ഇസ്‌ലാമിൽ

*"ഇസ്‌ലാമിൽ സ്ത്രീ-പുരുഷ സമത്വമുണ്ടോ? സ്ത്രീയുടെ പദവി പുരുഷന്റേതിനേക്കാൾ വളരെ താഴെയല്ലേ?"*

മനുഷ്യർ പല തരക്കാരാണ്. മനുഷ്യരിലെ അവസ്ഥാവ്യത്യാസമനുസരിച്ച് അവരുടെ സ്ഥാനപദവികളിലും അവകാശ-ബാധ്യതകളിലും അന്തരമുണ്ടാവുക സ്വാഭാവികവും അനിവാര്യവുമത്രെ. അതുപോലെ സ്ത്രീ-പുരുഷന്മാർക്കിടയിലും ശാരീരികവും മാനസികവുമായ അന്തരമുണ്ട്. പുരുഷൻ എത്രതന്നെ ആഗ്രഹിച്ചാലും ശ്രമിച്ചാലും ഗർഭം ധരിക്കാനും പ്രസവിക്കാനും മുലയൂട്ടാനും സാധ്യമല്ലല്ലോ. സ്ത്രീ, പുരുഷനിൽനിന്ന് വ്യത്യസ്തമായി മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ ആർത്തവവും അതിന്റെ അനിവാര്യതയായ ശാരീരികവും മാനസികവുമായ പ്രശ്നങ്ങളും അനുഭവിക്കുന്നു. കായികമായി പുരുഷൻ സ്ത്രീയേക്കാൾ കരുത്തനും ഭാരിച്ച ജോലികൾ ചെയ്യാൻ കഴിവുറ്റവനുമാണ്.

പുരുഷന്റെ ഏതാണ്ട് എല്ലാ ശാരീരികാവയവങ്ങളും സ്ത്രീയുടേതിൽനിന്ന് തീർത്തും വ്യത്യസ്തമാണ്. പ്രമുഖ ശരീര ശാസ്ത്രജ്ഞനായ ഹാവ്‌ലോക് എല്ലിസ് പറയുന്നു: "പുരുഷൻ അവന്റെ കൈവിരൽത്തുമ്പുവരെ പുരുഷൻ തന്നെയാണ്. സ്ത്രീ കാൽവിരൽത്തുമ്പുവരെ സ്ത്രീയും".

ശരീരഘടനയിലെ അന്തരം മാനസികവും വൈകാരികവുമായ അവസ്ഥയിലും പ്രകടമത്രെ. അതിനാൽ സ്ത്രീപുരുഷന്മാർക്കിടയിൽ ശാരീരികമോ മാനസികമോ ആയ സമത്വമോ തുല്യതയോ ഇല്ല. അതുകൊണ്ടുതന്നെ അവർക്കിടയിലെ സമ്പൂർണ സമത്വം അപ്രായോഗികമാണ്, പ്രകൃതിവിരുദ്ധവും.

മനുഷ്യരാശിയുടെ സ്രഷ്ടാവും സംരക്ഷകനുമായ ദൈവം നല്കിയ ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. അതിനാലത് മനുഷ്യപ്രകൃതിയോട് പൂർണമായും ഇണങ്ങുന്നതും പൊരുത്തപ്പെടുന്നതുമത്രെ. ഇസ്‌ലാം സ്ത്രീയെയും പുരുഷനെയും അവകാശ-ബാധ്യതകളുടെ പേരിൽ പരസ്പരം കലഹിക്കുന്ന രണ്ടു ശത്രുവർഗമായല്ല കാണുന്നത്. ഒരേ വർഗത്തിലെ അന്യോന്യം സഹകരിച്ചും ഇണങ്ങിയും കഴിയുന്ന, കഴിയേണ്ട

രണ്ട് അംഗങ്ങളായാണ്. അല്ലാഹു അറിയിക്കുന്നു: "നിങ്ങളെല്ലാവരും ഒരേ വർഗത്തിൽപെട്ടവരാണ്"(ഖുർആൻ 4:25). പ്രവാചകൻ പറഞ്ഞു: "സ്ത്രീകൾ പുരുഷന്മാരുടെ ഭാഗം തന്നെയാണ്"(അബൂദാവൂദ്).

അതിനാൽ സ്ത്രീപുരുഷന്മാരുടെ പദവികളെ ഗണിത ശാസ്ത്രപരമായി വിശകലനം ചെയ്യുക സാധ്യമല്ല. ചില കാര്യങ്ങളിൽ പുരുഷന്മാർക്കാണ് മുൻഗണനയെങ്കിൽ മറ്റു ചിലതിൽ സ്ത്രീകൾക്കാണ്. തദ്സംബന്ധമായ ഇസ്‌ലാമിന്റെ സമീപനം ഇങ്ങനെ സംഗ്രഹിക്കാം:

1. അല്ലാഹുവിങ്കൽ സ്ത്രീപുരുഷന്മാർക്കിടയിൽ എന്തെങ്കിലും അന്തരമോ വിവേചനമോ ഇല്ല. അവന്റെയടുക്കൽ സമ്പൂർണ സമത്വവും തുല്യതയും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

"പുരുഷനാവട്ടെ സ്ത്രീയാവട്ടെ, ആരു സത്യവിശ്വാസമുൾക്കൊണ്ട് സൽക്കർമമനുഷ്ഠിക്കുന്നുവോ, ഈ ലോകത്ത് അവർക്ക് നാം വിശുദ്ധ ജീവിതം നൽകും. പരലോകത്ത് അവരുടെ ശ്രേഷ്ഠവൃത്തികളുടെ അടിസ്ഥാനത്തിൽ നാമവർക്ക് പ്രതിഫലം നൽകുകയും ചെയ്യും"(16: 97). "പുരുഷനാവട്ടെ സ്ത്രീയാവട്ടെ, സത്യവിശ്വാസമുൾക്കൊണ്ട് സൽക്കർമമനുഷ്ഠിക്കുന്നതാരോ, അവർ സ്വർഗാവകാശികളായിരിക്കും"(40: 40). "അവരുടെ നാഥൻ അവരോട് ഉത്തരമേകി: സ്ത്രീയാവട്ടെ, പുരുഷനാവട്ടെ, നിങ്ങളിലാരുടെയും കർമത്തെ നാം നിഷ്ഫലമാക്കുന്നതല്ല. നിങ്ങളെല്ലാവരും ഒരേ വർഗത്തിൽ പെട്ടവരാണല്ലോ"(3:195).

2. ഭൂമിയിൽ ഏറ്റവുമധികം ആദരവ് അർഹിക്കുന്നത് സ്ത്രീയാണ്. മാതൃത്വത്തോളം മഹിതമായി മറ്റൊന്നും ലോകത്തില്ല. തലമുറകൾക്ക് ജന്മം നൽകുന്നത് അവരാണ്. ആദ്യ ഗുരുക്കന്മാരും അവർതന്നെ. മനുഷ്യന്റെ ജനനത്തിലും വളർച്ചയിലും ഏറ്റവുമധികം പങ്കുവഹിക്കുന്നതും പ്രയാസമനുഭവിക്കുന്നതും മാതാവാണ്. അതുകൊണ്ടുതന്നെ മനുഷ്യൻ ഭൂമിയിൽ ഏറ്റവുമധികം അനുസരിക്കുകയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടത് മാതാവിനെയാണ്.

ഒരാൾ പ്രവാചകസന്നിധിയിൽ വന്ന് ചോദിച്ചു: "ദൈവദൂതരേ, എന്റെ ഏറ്റവും മെച്ചപ്പെട്ട സഹവാസത്തിന് അർഹൻ ആരാണ്?" അവിടന്ന് അരുൾ ചെയ്തു: "നിന്റെ മാതാവ്". അയാൾ ചോദിച്ചു: "പിന്നെ ആരാണ്?" പ്രവാചകൻ പ്രതിവചിച്ചു: "നിന്റെ മാതാവ്". അയാൾ വീണ്ടും ചോദിച്ചു: "പിന്നെ ആരാണ്" നബി അറിയിച്ചു: "നിന്റെ മാതാവ് തന്നെ." അയാൾ ചോദിച്ചു: "പിന്നെ ആരാണ്?" പ്രവാചകൻ പറഞ്ഞു: "നിന്റെ പിതാവ്" (ബുഖാരി, മുസ്‌ലിം).

വിശുദ്ധ ഖുർആൻ മാതാപിതാക്കളെ ഒരുമിച്ച് പരാമർശിച്ച ഒന്നിലേറെ സ്ഥലങ്ങളിൽ എടുത്തുപറഞ്ഞത് മാതാവിന്റെ സേവനമാണ്. "മനുഷ്യനോട് അവന്റെ മാതാപിതാക്കളുടെ കാര്യം നാം ഉപദേശിച്ചിരിക്കുന്നു. കടുത്ത ക്ഷീണത്തോടെയാണ് മാതാവ് അവനെ ഗർഭം ചുമക്കുന്നത്. അവന്റെ മുലകുടി നിർത്താൻ രണ്ടു വർഷം വേണം. അതിനാൽ നീ എന്നോടും നിന്റെ മാതാപിതാക്കളോടും നന്ദികാണിക്കണം"(31:14). "മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്ന് മനുഷ്യനോട് നാം കൽപിച്ചിരിക്കുന്നു. ഏറെ പ്രയാസത്തോ

ടെയാണ് മാതാവ് അവനെ ഗർഭം ചുമന്നത്. കടുത്ത പാരവശ്യത്തോടെ യാണ് പ്രസവിച്ചത്"(46:15). അതിനാൽ ഇസ്‌ലാമികവീക്ഷണത്തിൽ പ്രഥ മസ്ഥാനവും പരിഗണനയും മാതാവെന്ന സ്ത്രീക്കാണ്.

3. പുരുഷന്മാരേക്കാൾ വിവേകപൂർവവും ഉചിതവുമായ സമീപനം സ്വീകരിക്കാൻ സാധിക്കുന്ന സ്ത്രീകളുണ്ടെന്ന് ഖുർആൻ ഉദ്ധരിക്കുന്ന ശേബാരാജ്ഞിയുടെ ചരിത്രം അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. സുലൈ മാൻ നബിയുടെ സന്ദേശം ലഭിച്ചപ്പോൾ അവർ തന്റെ കൊട്ടാരത്തിലുള്ള വരുമായി എന്തുവേണമെന്ന് കൂടിയാലോചിച്ചു. വ്യക്തവും യുക്തവുമായ നിലപാട് സ്വീകരിക്കാനവർക്ക് സാധിച്ചില്ല. പക്വമായ അഭിപ്രായവും സമീ പനവുമുണ്ടായത് ശേബാ രാജ്ഞിയുടെ ഭാഗത്തുനിന്നു തന്നെയായിരു ന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു. (27: 29,44).

4. ആദ്യപാപത്തിന്റെ കാരണക്കാരി സ്ത്രീയാണെന്ന ജൂത- ക്രൈസ്തവ സങ്കൽപത്തെ ഇസ്‌ലാം തീർത്തും നിരാകരിക്കുന്നു. ദൈവ ശാസന ലംഘിച്ച് ആദമും ഹവ്വായും വിലക്കപ്പെട്ട കനി ഭക്ഷിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുന്ന ഖുർആൻ ഇതിന്റെ കുറ്റം പ്രധാനമായും ചുമത്തുന്നത് ആദമിലാണ്, ഹവ്വയിലല്ല. "അങ്ങനെ ആദമും പത്നിയും ആ വൃക്ഷ ത്തിന്റെ ഫലം ഭക്ഷിച്ചു. തദ്ഫലമായി അപ്പോൾതന്നെ അവരുടെ നഗ്നത പരസ്പരം വെളിവായി. ഇരുവരും തോട്ടത്തിലെ ഇലകൾകൊണ്ട് തങ്ങളെ മറയ്ക്കാൻ തുടങ്ങി. ആദം തന്റെ നാഥനെ ധിക്കരിച്ചു. നേർവഴിയിൽനിന്ന് വ്യതിചലിച്ചു. പിന്നീട് ആദമിനെ തന്റെ നാഥൻ തെരഞ്ഞെടുത്തു. അദ്ദേ ഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കുകയും സന്മാർഗമേകുകയും ചെയ്തു"(20:121-122).

"നാം ഇതിനു മുമ്പ് ആദമിന് കൽപന കൊടുത്തിരുന്നു. പക്ഷേ, ആദം അത് മറന്നു. നാം അയാളിൽ നിശ്ചയദാർഢ്യം കണ്ടില്ല"(20:115). ആദിപാ പത്തിന്റെ കാരണക്കാരി പെണ്ണാണെന്ന പരമ്പരാഗതധാരണയെ ഖുർആ നിവിടെ പൂർണമായും തിരുത്തുന്നു.

5. ഭോഗാസക്തിക്കടിപ്പെട്ട ഭൗതിക സമൂഹങ്ങൾ പലപ്പോഴും സ്ത്രീ കളെ കൊടിയ പീഡനങ്ങൾക്കിരയാക്കുക മാത്രമല്ല, പെൺകുഞ്ഞുങ്ങളെ ക്രൂരമായി കൊലപ്പെടുത്താറുമുണ്ട്. സമകാലീന സമൂഹത്തിലെ സ്ഥിതി യും ഭിന്നമല്ല. ഇക്കാര്യത്തിൽ ഇന്ത്യയിൽ പ്രഥമസ്ഥാനം തമിഴ്നാടിനാണ്. അവിടത്തെ സേലം ജില്ലയിലെ ഉശിലാംപെട്ടി ശിശുഹത്യക്ക് കുപ്രസിദ്ധി യാർജിച്ച സ്ഥലമാണ്. അവിടെ പ്രസവിച്ചത് പെണ്ണിനെയാണെന്നറിഞ്ഞാൽ ഭർത്താവ് കാണാൻ പോലും വരില്ല. കൊന്നുകളഞ്ഞിട്ടു വാ എന്ന അറി യിപ്പാണ് കിട്ടുക. അതിനാൽ വീട്ടുകാർ കുട്ടിയുടെ കഥ കഴിച്ചശേഷം തള്ളയെ ഭർത്തൃഭവനത്തിലേക്കയക്കുന്നു.

പെൺകുഞ്ഞുങ്ങൾ പിറക്കാതിരിക്കാൻ അവരെ ഗർഭപാത്രത്തിൽവെച്ച് കൊലപ്പെടുത്തുന്ന രീതി ലോകത്തിന്റെ ഇതര ഭാഗങ്ങളിലെന്നപോലെ ഇന്ത്യയിലും വളരെ വ്യാപകമത്രെ. "ഇന്ത്യയിൽ ഭ്രൂണഹത്യക്കിരയായി ഒരു വർഷം അമ്പത് ലക്ഷം പെൺകുഞ്ഞുങ്ങൾ മരിക്കുന്നുണ്ടെന്ന് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഭാരവാഹികൾ വ്യക്തമാക്കുന്നു. ഔദ്യോ

ഗിക കണക്കനുസരിച്ച് ഇത് ഇരുപത് ലക്ഷമാണ്.

ഈ ക്രൂരകൃത്യം നബിതിരുമേനിയുടെ ആഗമന കാലത്ത് അറേബ്യയിലെ ചില ഗോത്രങ്ങളിലും നിലനിന്നിരുന്നു. ഖുർആൻ പറയുന്നു: "അവരിലൊരാൾക്ക് പെൺകുട്ടി പിറന്നതായി സുവാർത്ത ലഭിച്ചാൽ കൊടിയ ദുഃഖം കടിച്ചിറക്കി അവന്റെ മുഖം കറുത്തിരുളുന്നു. അവൻ ജനങ്ങളിൽനിന്ന് ഒളിച്ചു നടക്കുന്നു; ഈ ചീത്ത വാർത്ത അറിഞ്ഞശേഷം ആരെയും അഭിമുഖീകരിക്കാതിരിക്കാൻ. മാനഹാനി സഹിച്ച് അതിനെ വളർത്തേണമോ അതോ അവളെ ജീവനോടെ കുഴിച്ചുമൂടേണമോ എന്ന് അയാൾ ആലോചിച്ചുകൊണ്ടിരിക്കുന്നു"(16: 58, 59).

ഇസ്‌ലാം ഇതിനെ കഠിനമായി വിലക്കുകയും ഗുരുതരമായ കുറ്റമായി പ്രഖ്യാപിക്കുകയും ചെയ്തു. 'ജീവനോടെ കുഴിച്ചുമൂടപ്പെട്ട പെൺകുഞ്ഞിനോട്, അവളെന്ത് അപരാധത്തിന്റെ പേരിലാണ് വധിക്കപ്പെട്ടതെന്ന് ചോദിക്കപ്പെടുന്ന' വിചാരണനാളിനെ അഭിമുഖീകരിക്കേണ്ടി വരുമെന്ന താക്കീത് നൽകുകയും ചെയ്തു (81: 8,9).

ഇങ്ങനെ ഇസ്‌ലാം സ്ത്രീകളുടെ ജീവിക്കാനുള്ള അവകാശം ഉറപ്പുവരുത്തി. പെൺകുഞ്ഞുങ്ങളെ ഹനിക്കുന്ന ഹീനവൃത്തിക്ക് അറുതിവരുത്തി.

6. എക്കാലത്തും എവിടെയും അവഗണിക്കപ്പെടുന്ന വിഭാഗമാണ് സ്ത്രീകളെന്നതിനാൽ ഇസ്‌ലാം അവർക്ക് പ്രത്യേക പരിഗണനയും പ്രാധാന്യവും നൽകി. പ്രവാചകൻ പറഞ്ഞു: "ഒരാൾക്ക് രണ്ടു പെൺകുട്ടികളുണ്ടാവുകയും അയാളവരെ നല്ലനിലയിൽ പരിപാലിക്കുകയും ചെയ്താൽ അവർ കാരണമായി അയാൾ സ്വർഗാവകാശിയായിത്തീരും"(ബുഖാരി).

"മൂന്നു പെൺമക്കളോ സഹോദരിമാരോ കാരണമായി പ്രാരാബ്ധമനുഭവിക്കുന്നവന് സ്വർഗം ലഭിക്കാതിരിക്കില്ല" (ത്വഹാവി). "നിങ്ങൾ നിങ്ങളുടെ മക്കൾക്കിടയിൽ ദാനത്തിൽ തുല്യത പുലർത്തുക. ഞാൻ ആർക്കെങ്കിലും പ്രത്യേകത കൽപിക്കുന്നവനായിരുന്നുവെങ്കിൽ സ്ത്രീകൾക്ക് മുൻഗണന നൽകുമായിരുന്നു" (ത്വബ്റാനി).

ഈ വിധം പ്രകൃതിപരമായ പ്രത്യേകതകൾ പൂർണമായും പരിഗണിച്ചുള്ള സ്ഥാനപദവികളും അവകാശ-ബാധ്യതകളുമാണ് ഇസ്‌ലാം സ്ത്രീപുരുഷന്മാർക്ക് കൽപിക്കുന്നത്. അതുകൊണ്ടുതന്നെ മാതൃത്വത്തിന് മഹത്വമേകുകയും അതിനെ അത്യധികം ആദരിക്കുകയും ചെയ്യുന്നു. സ്ത്രീയുടെ ഏറ്റവും വലിയ സവിശേഷതയും മാതൃത്വമത്രെ. അമേരിക്കൻ മനശ്ശാസ്ത്രവിദഗ്ധനായ തിയോഡർ റൈക്ക് 'സ്ത്രീ- പുരുഷന്മാർക്കിടയിലെ വൈകാരിക വൈജാത്യങ്ങൾ' എന്ന ഗ്രന്ഥത്തിൽ മാതൃത്വത്തിലഭിമാനിക്കുന്ന ഒരു സ്ത്രീയുടെ വാക്കുകൾ ഇങ്ങനെ ഉദ്ധരിക്കുന്നു: "ധൈഷണികരംഗത്തും ഇതര മേഖലകളിലുമുള്ള പുരുഷന്റെ പ്രത്യേകത സങ്കോചലേശമന്യേ ഞങ്ങളംഗീകരിക്കുന്നു. പക്ഷേ, ഞങ്ങൾ സ്ത്രീകൾ അതിനേക്കാൾ എത്രയോ പ്രധാനപ്പെട്ട ഒന്നുകൊണ്ട് അനുഗൃഹീതരാണ്. ഞങ്ങളില്ലെങ്കിൽ മനുഷ്യരാശി വേരറ്റുപോകും. മക്കൾക്ക് ജന്മം നൽകുന്നത് ഞങ്ങളാണ്. വരുംതലമുറകളുടെ സാന്നിധ്യം അതുവഴി ഞങ്ങൾ ഉറപ്പുവരുത്തുന്നു".

എന്നാൽ പെണ്ണ് പോലും ഇന്ന് മാതൃത്വത്തിന്റെ മഹത്വത്തെപ്പറ്റി

ബോധവതിയല്ല. താൻ ഇത്ര കുട്ടികളെ ഗർഭം ചുമക്കുകയും പ്രസവിക്കുകയും പോറ്റിവളർത്തുകയും ചെയ്തിരിക്കുന്നുവെന്ന് അഭിമാനത്തോടെ പറയുന്ന സ്ത്രീകളിന്ന് വളരെ വിരളമാണ്. മനുഷ്യന്റെ വിലയിടിവാണിതിനു കാരണം. മനുഷ്യൻ ഈ വിധം തീരേ വില കുറഞ്ഞ വസ്തുവായി മാറിയതിനാൽ അവനെ ഗർഭം ചുമക്കുന്നതും പ്രസവിക്കുന്നതും ഹോട്ടലിലെ റിസപ്ഷനിസ്റ്റിന്റെ ജോലിയേക്കാൾ തരംതാണതായി സ്ത്രീകൾക്ക് തോന്നി. അതിനാൽ പലർക്കുമിന്ന് ഗർഭം ചുമക്കാനും പ്രസവിക്കാനും മടിയാണ്. അഥവാ ഒന്നോ രണ്ടോ കുഞ്ഞിന് ജന്മം നൽകിയാൽ തന്നെ വേണ്ട രീതിയിൽ വളർത്താനവർ ഒരുക്കമല്ല. അവരുടെ സംരക്ഷണം ആയമാരെ ഏൽപിക്കുന്നു. അവർ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത് മാസംതോറും ലഭിക്കുന്ന വേതനം പ്രതീക്ഷിച്ചാണ്. അലിജാ അലി ഇസ്സത്ത് ബെഗോവിച്ച് പറഞ്ഞപോലെ മാതാപിതാക്കൾക്ക് മക്കൾ വ്യക്തിത്വമുള്ള അസ്തിത്വമാണ്; ആയമാർക്ക് സാധനങ്ങളിൽ ഒരു സാധനവും. അതിനാൽ ആയമാർ അവരെ കളിപ്പിക്കുന്നത് യന്ത്രങ്ങളുടെ ചക്രങ്ങൾ തിരിക്കുന്നതുപോലെയും കുളിപ്പിക്കുന്നത് യന്ത്രങ്ങൾ തേച്ചുമിനുക്കുന്നതുപോലെയും തീർത്തും നിർവികാരമായിരിക്കും.

മാതൃത്വം അവഗണിക്കപ്പെട്ടതിന്റെ അനിവാര്യമായ ദുരന്തം ലോകമെങ്ങുമിന്ന് പ്രകടമാണ്. സോവിയറ്റ് ഭരണാധികാരിയായിരുന്ന മിഖായേൽ ഗോർബച്ചേവ് തന്റെ വിശ്വവിഖ്യാതമായ പെരിസ്ത്രോയിക്കയിൽ എഴുതുന്നു: "ഞങ്ങളുടെ വിഷമകരവും വീരോചിതവുമായ ചരിത്രത്തിന്റെ വർഷങ്ങളിൽ അമ്മയെന്ന നിലയിലും ഗൃഹനായികയെന്ന നിലയിലും സ്വന്തം കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുകയെന്ന ഒഴിച്ചുകൂടാനാവാത്ത ജോലിയും സ്ത്രീകൾക്കുള്ള സ്ഥാനത്തുനിന്ന് ഉയർന്നുവരുന്ന സ്ത്രീകളുടെ പ്രത്യേകാവകാശങ്ങൾക്കും ആവശ്യങ്ങൾക്കും പരിഗണന നൽകുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടു. ശാസ്ത്രീയ ഗവേഷണങ്ങളിലേർപ്പെടുകയും നിർമാണ സ്ഥലങ്ങളിലും ഉൽപാദനങ്ങളിലും സേവനതുറകളിലും പണിയെടുക്കുകയും സർഗാത്മക പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നതിനാൽ സ്ത്രീകൾക്ക് വീട്ടിൽ അവരുടെ ദൈനംദിന കടമകൾ നിർവഹിക്കുന്നതിന് -വീട്ടു ജോലി, കുട്ടികളെ വളർത്തൽ, നല്ല കുടുംബാന്തരീക്ഷം സൃഷ്ടിക്കൽ-മതിയായ സമയം കിട്ടാതെ വരുന്നു. ഞങ്ങളുടെ പല പ്രശ്നങ്ങൾക്കും -കുട്ടികളുടെയും യുവജനങ്ങളുടെയും പെരുമാറ്റങ്ങളുടെ ധാർമിക മൂല്യങ്ങളിലും സംസ്കാരത്തിലും ഉൽപാദനത്തിലുമുള്ള പ്രശ്നങ്ങൾക്ക് - ഭാഗികമായ കാരണം ദുർബലമാകുന്ന കുടുംബബന്ധങ്ങളും കുടുംബപരമായ ഉത്തരവാദിത്തങ്ങളോടുള്ള തണുത്ത സമീപനങ്ങളുമാണെന്ന് ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. എല്ലാ കാര്യത്തിലും സ്ത്രീയെ പുരുഷനു തുല്യമാക്കണമെന്ന ഞങ്ങളുടെ ആത്മാർഥവും രാഷ്ട്രീയമായി നീതീകരിക്കത്തക്കതുമായ ആഗ്രഹത്തിന്റെ ഫലമാണ് ഈ വിരോധാഭാസം. ഇപ്പോൾ പെരിസ്ത്രോയിക്കയുടെ പ്രക്രിയയിൽ ഈ കുറവ് ഞങ്ങൾ തരണം ചെയ്യാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീ

കൾക്ക് സ്ത്രീകളെന്ന നിലയ്ക്കുള്ള അവരുടെ തനിയായ ദൗത്യത്തിലേക്ക് മടങ്ങാൻ സാധ്യമാക്കുന്നതിന് എന്തു ചെയ്യണമെന്ന പ്രശ്നത്തെപ്പറ്റി, പത്രങ്ങളിലും പൊതു സംഘടനകളിലും തൊഴിൽ സ്ഥലത്തും വീട്ടിലും ഇപ്പോൾ ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ നടക്കുന്നത് അതിനാലാണ്''.

സ്ത്രീയുടെ ശാരീരിക സവിശേഷതകൾ പരിഗണിക്കുകയോ മാതൃത്വത്തിന്റെ മഹത്വം അംഗീകരിക്കുകയോ ചെയ്യാത്ത പ്രകൃതിവിരുദ്ധമായ ഏതു വ്യവസ്ഥിതിയിലും മനുഷ്യന്റെ വിലയിടിയുകയും മനസ്സിന്റെ സ്വാസ്ഥ്യം നഷ്ടപ്പെടുകയും കുടുംബഘടന ശിഥിലമാവുകയും സമൂഹത്തിൽനിന്ന് സമാധാനം വിടപറയുകയും വ്യക്തികൾ ആൾക്കൂട്ടത്തിലും ഒറ്റപ്പെട്ട് ഏകാന്തതയുടെ കൊടിയ വ്യഥക്ക് വിധേയരാവുകയും ചെയ്യുക അനിവാര്യമാണ്. പ്രകൃതിപരമായ പ്രത്യേകതകൾ പൂർണമായും പരിഗ

ണിക്കുന്ന ഇസ്‌ലാമിക വ്യവസ്ഥ ഇത്തരം ന്യൂനതകളിൽനിന്ന് തീർത്തും മുക്തവും പ്രതിസന്ധികൾക്കിടവരുത്താത്തതുമത്രെ.

## മുപ്പത്തിരണ്ട്

# ഇസ്‌ലാം പുരുഷമേധാവിത്വത്തിന്റെ മതമോ?

*“ഇസ്‌ലാം പുരുഷമേധാവിത്വപരമല്ലേ? ഖുർആൻ നാലാം അധ്യായം 34-ാം വാക്യം തന്നെ ഇതിനു തെളിവാണല്ലോ?”*

ഖുർആൻ നാലാം അധ്യായം മുപ്പത്തിനാലാം വാക്യം കുടുംബഘടനയെ സംബന്ധിച്ച ദൈവികനിർദേശമാണ്. അത് ഈ വിധമത്രെ: “പുരുഷന്മാർ സ്ത്രീകളുടെ രക്ഷാധികാരികളാകുന്നു. അല്ലാഹു അവരിൽ ചിലരെ മറ്റു ചിലരേക്കാൾ കഴിവുറ്റവരാക്കിയതിനാലും പുരുഷന്മാർ തങ്ങളുടെ ധനം ചെലവഴിക്കുന്നതിനാലുമാണത്.”

ഇവിടെ പുരുഷന്മാരെ സംബന്ധിച്ച് ഖുർആൻ പ്രയോഗിച്ച പദം ഖവ്വാം എന്നാണ്. “ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ സംഘടനയുടെയോ കാര്യങ്ങൾ നല്ല നിലയിൽ കൊണ്ടുനടത്താനും മേൽനോട്ടം വഹിക്കാനും അതിനാവശ്യമായത് സജ്ജീകരിക്കാനും ഉത്തരവാദപ്പെട്ട വ്യക്തിക്കാണ് അറബിയിൽ ഖവ്വാം അല്ലെങ്കിൽ ഖയ്യിം എന്നു പറയുക”(തഫ്ഹീമുൽ ഖുർആൻ, ഭാഗം 1, പുറം 310. 56-ാം അടിക്കുറിപ്പ്).

മേൽനോട്ടക്കാരനും രക്ഷാധികാരിയുമില്ലാതെ ഏതൊരു സ്ഥാപനവും സംരംഭവും വിജയകരമായി നിലനിൽക്കുകയില്ല. സമൂഹത്തിന്റെ അടിസ്ഥാന ഘടകമായ കുടുംബം ഭദ്രമായും സുരക്ഷിതമായും നിലനിൽക്കേണ്ട സ്ഥാപനമത്രെ. കൈകാര്യകർത്താവില്ലാതെ അത് സാധ്യമല്ല. അത് ആരായിരിക്കണമെന്നത് ഓരോ കുടുംബത്തിലും സ്ത്രീ- പുരുഷന്മാർക്കിടയിൽ വിവാദ വിഷയമായാൽ കുടുംബഭദ്രത നഷ്ടമാവുകയും ഛിദ്രത അനിവാര്യമാവുകയും ചെയ്യും. അതിനാൽ ശാരീരികവും മാനസികവും വൈകാരികവുമായ പ്രത്യേകതകൾ പരിഗണിച്ച് ഇസ്‌ലാം അത് പുരുഷനെ ഏൽപിച്ചു. കുടുംബത്തിന്റെ സംരക്ഷണമെന്നത് ഒരു അവകാശമോ അധികാരമോ അല്ല. ഭാരിച്ച ഒരു ഉത്തരവാദിത്തമാണ്. ജീവിതവുമായി മല്ലിടാൻ ഏറ്റവും പ്രാപ്തനും കരുത്തനും പുരുഷനായതിനാലാണ് കടുത്ത ആ ചുമതല പുരുഷനെ ഏൽപിച്ചത്. അതിനാൽ ഇസ്‌ലാമിക വീക്ഷണത്തിൽ പുരുഷൻ കുടുംബമെന്ന കൊച്ചു രാഷ്ട്രത്തിലെ പ്രധാനമന്ത്രിയും

സ്ത്രീ ആഭ്യന്തരമന്ത്രിയുമാണ്. വീട്ടിനകത്തെ കാര്യങ്ങളൊക്കെ തീരുമാനിക്കുന്നതും നിർവഹിക്കുന്നതും സ്ത്രീയാണ്.

സ്ത്രീ-പുരുഷന്മാർക്കിടയിലെ ബന്ധം ഭരണാധികാരി-ഭരണീയ ബന്ധമല്ല. അതിനാലാണ് ഇസ്‌ലാം ദമ്പതികളെ ഭാര്യാഭർത്താക്കന്മാരെന്ന് വിളിക്കുകയോ വിശേഷിപ്പിക്കുകയോ ചെയ്യാത്തത്. ഇണകളെന്നാണ് ഇസ്‌ലാം ദമ്പതികളെ വിശേഷിപ്പിക്കുന്നത്. 'സ്ത്രീകൾ പുരുഷന്മാരുടെയും പുരുഷന്മാർ സ്ത്രീകളുടെയും വസ്ത്രമാണെ'ന്ന് (2: 187) വിശുദ്ധ ഖുർആൻ പറയാനുള്ള കാരണവും അതുതന്നെ.

രാജ്യത്തെ ഭരണാധികാരി ഭരണീയരോടും സമൂഹത്തിലെ നേതാവ് അനുയായികളോടുമെന്നപോലെ ഗൃഹനാഥൻ വീട്ടുകാരോട് കൂടിയാലോചിച്ചു മാത്രമായിരിക്കണം തീരുമാനങ്ങളെടുക്കുന്നതും നടപ്പാക്കുന്നതും. "തങ്ങളുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ചു നടത്തുന്നവരാണവർ"(ഖുർആൻ: 42: 38).

അതിനാൽ പുരുഷൻ വീട്ടിലെ സ്വേഛാധിപതിയോ സർവാധികാരിയോ അല്ല. എല്ലാ ദൈവികപരിധികളും പാലിക്കാനയാൾ ബാധ്യസ്ഥനാണ്; കുടുംബത്തിന്റെ സംരക്ഷണം മാന്യമായും മര്യാദയോടെയും നിർവഹിക്കാൻ കടപ്പെട്ടവനും. സ്ത്രീയുടെ അവകാശങ്ങളെല്ലാം പൂർണമായും പാലിച്ചുകൊണ്ടായിരിക്കണം അത് നിർവഹിക്കുന്നത്. അല്ലാഹു അറിയിക്കുന്നു: "സ്ത്രീകൾക്ക് ചില ബാധ്യതകളുള്ളതുപോലെത്തന്നെ ന്യായമായ ചില അവകാശങ്ങളുമുണ്ട്"(2: 228).

പ്രവാചകൻ(സ) പറയുന്നു: "മാന്യന്മാരല്ലാതെ സ്ത്രീകളെ മാനിക്കുകയില്ല. നീചനല്ലാതെ അവരെ നിന്ദിക്കുകയില്ല."

"കുടുംബത്തോട് കാരുണ്യം കാണിക്കാത്തവനും അഹങ്കരിക്കുന്നവനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല"(അബൂദാവൂദ്).

"വിശ്വാസികളിൽ വിശ്വാസപരമായി ഏറ്റവുമധികം പൂർണത വരിച്ചവൻ അവരിൽ ഏറ്റം നല്ല സ്വഭാവമുള്ളവനാണ്. നിങ്ങളിലേറ്റവും നല്ലവർ സ്വന്തം സഹധർമിണിമാരോട് നന്നായി വർത്തിക്കുന്നവരാണ്"(തിർമിദി).

സ്വകുടുംബത്തിന്റെ നിലനിൽപിനും പ്രതിരോധത്തിനും ജീവിതാവശ്യങ്ങൾക്കും ഗുണകരമായ എല്ലാറ്റിനും പങ്കുവഹിക്കുന്നതിനുവേണ്ടി ജീവിതം നീക്കിവച്ചത് പുരുഷനായതിനാൽ വീട്ടിലെ അവസാനവാക്ക് -ചർച്ചക്കും കൂടിയാലോചനക്കും ശേഷം- അവന്റേതാണ്. എന്നാലത് നന്മക്ക് എതിരോ അവകാശനിഷേധമോ അവിവേകപൂർവമോ ആകാവതല്ല. ഭർത്താവിന് തെറ്റ് സംഭവിച്ചാൽ തിരുത്താനും അയാളുടെ അന്യായമായ തീരുമാനങ്ങൾ അവഗണിക്കാനും വേണ്ടിവന്നാൽ തദാവശ്യാർഥം തന്റെയോ അയാളുടെയോ കുടുംബത്തെയോ അധികാരകേന്ദ്രങ്ങളെയോ സമീപിക്കാനും സ്ത്രീക്ക് അവകാശമുണ്ടായിരിക്കും. പുരുഷനാവട്ടെ, അപ്പോൾ ദൈവികപരിധികൾ പാലിച്ചു നടപ്പാക്കാൻ ബാധ്യസ്ഥനുമാണ്.

പുറത്തുപോയി പണിയെടുക്കാൻ സ്ത്രീയേക്കാൾ കൂടുതൽ കഴിയുക പുരുഷന്നാണ്. പ്രതിയോഗികളുടെ പരാക്രമങ്ങളെ പ്രതിരോധിക്കാൻ സാധിക്കുന്നതും അവനുതന്നെ. എന്തുതന്നെയായാലും സ്ത്രീക്ക് എല്ലാ സമയത്തും ഒരുപോലെ പാടത്തും പറമ്പിലും ഫാക്ടറിയിലും പുറത്തും പോയി ജോലി ചെയ്തു സമ്പാദിക്കുക സാധ്യമല്ല. മനുഷ്യരാശി നിലനിൽക്കണ

മെങ്കിൽ സ്ത്രീ ഗർഭം ധരിക്കുകയും പ്രസവിക്കുകയും മുലയൂട്ടുകയു മൊക്കെ വേണമല്ലോ. ഈ ശാരീരികമായ പ്രത്യേകതകളാലാണ് ഇസ്ലാം കുടുംബത്തിന്റെ സാമ്പത്തികബാധ്യതകളും സംരക്ഷണോത്തരവാദിത്ത ങ്ങളും നേതൃപദവിയും പുരുഷനെ ഏൽപിച്ചത്.

## എന്തുകൊണ്ട് സ്ത്രീപ്രവാചകന്മാരില്ല?

*"ദൈവത്തിങ്കൽ ലിംഗവിവേചനമില്ലെങ്കിൽ എന്തുകൊണ്ട് സ്ത്രീ പ്രവാ ചകന്മാരെ നിയോഗിച്ചില്ല?"*

ദൈവിക ജീവിതവ്യവസ്ഥ സമൂഹത്തിന് സമർപ്പിക്കലും അതിന് കർമ പരമായ സാക്ഷ്യം വഹിക്കലും പ്രായോഗിക മാതൃക കാണിച്ചുകൊടുക്ക ലുമാണല്ലോ പ്രവാചകൻമാരുടെ പ്രധാന ദൗത്യം. അതിനാൽ ആരാധ നാകാര്യങ്ങളിലും സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ, ഭരണരംഗങ്ങളിലും യുദ്ധം, സന്ധി പോലുള്ളവയിലും സമൂഹത്തിന് അവർ മാതൃകയാവേണ്ടതുണ്ട്. മാസത്തിൽ ഏതാനും ദിവസം ആരാധനാകർമ ങ്ങൾക്ക് നേതൃത്വം നൽകാനും ഗർഭധാരണം, പ്രസവം പോലുള്ള ഘട്ട ങ്ങളിൽ നായകത്വപരമായ പങ്കുവഹിക്കാനും സ്ത്രീകൾക്ക് സാധ്യമാവാതെ വരുന്നു. അതുകൊണ്ടുതന്നെ സമൂഹത്തിന് സദാ സകല മേഖലകളിലും നേതൃത്വം നൽകേണ്ട പ്രവാചകത്വബാധ്യതയിൽനിന്ന് സ്ത്രീകൾ ഒഴിവാ ക്കപ്പെട്ടിരിക്കുന്നു. എങ്കിലും മൂസാനബിയുടെ മാതാവ് സ്വന്തം ജീവിത ത്തിൽ പകർത്തേണ്ട നിർദേശങ്ങൾ ദൈവത്തിൽനിന്ന് നേരിട്ട് സ്വീകരിച്ച തായി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. അല്ലാഹു അറിയിക്കുന്നു: "നാം മൂസായുടെ മാതാവിനു ബോധനം നൽകി. അവനെ മുലയൂട്ടിക്കൊള്ളുക. അവന്റെ ജീവനിൽ ആശങ്കയുണ്ടായാൽ അവനെ നദിയിലെറിയുക. ഒന്നും ഭയപ്പെടേണ്ടതില്ല. ഒട്ടും ദുഃഖിക്കേണ്ടതില്ല. നാം അവനെ നിന്റെ അടുക്ക ലേക്കുതന്നെ തിരികെ കൊണ്ടുവരുന്നതാകുന്നു. അവനെ ദൈവദൂതന്മാ രിലുൾപ്പെടുത്തുകയും ചെയ്യും"(28: 7).

പ്രവാചകൻമാർക്ക് ലഭിക്കും വിധം യേശുവിന്റെ മാതാവ് മർയമിന് മലക്കിൽനിന്ന് സന്ദേശം ലഭിച്ചതായും ഖുർആൻ പ്രസ്താവിക്കുന്നു: "അങ്ങനെ മർയം ആ കുഞ്ഞിനെ ഗർഭം ധരിച്ചു. ഗർഭവുമായി അവൾ അ കലെയുള്ള ഒരു സ്ഥലത്ത് ചെന്നെത്തി. പിന്നെ പ്രസവവേദന അവളെ ഒരു ഈന്തപ്പനയുടെ ചുവട്ടിലെത്തിച്ചു. അവൾ കേണുകൊണ്ടിരുന്നു. ഹാ കഷ്ടം! ഇതിനു മുമ്പുതന്നെ ഞാൻ മരിക്കുകയും എന്റെ പേരും കുറിയും വിസ്മൃതമാവുകയും ചെയ്തിരുന്നെങ്കിൽ! അപ്പോൾ താഴെനിന്ന് മലക്ക് അവളെ വിളിച്ചറിയിച്ചു. വ്യസനിക്കാതിരിക്കുക! നിന്റെ നാഥൻ നിനക്കു താഴെ ഒരു അരുവി ഒഴുക്കിയിരിക്കുന്നു. നീ ആ ഈന്തപ്പനയുടെ തടിയൊ ന്നു കുലുക്കി നോക്കുക. അതു നിനക്ക് പുതിയ ഈത്തപ്പഴം വീഴ്ത്തിത്ത രും. അതു തിന്നുകയും കുടിക്കുകയും കൺകുളിർക്കുകയും ചെയ്തുകൊ ള്ളുക. പിന്നെ, വല്ല മനുഷ്യരെയും കാണുകയാണെങ്കിൽ അവരോടു പറ ഞ്ഞേക്കുക: ഞാൻ കാരുണികനായ ദൈവത്തിനുവേണ്ടി വ്രതം നേർന്നി രിക്കുകയാണ്. അതിനാൽ ഞാനിന്ന് ആരോടും സംസാരിക്കുന്നതല്ല"(19: 22-26).

പ്രകൃതിപരമായ കാരണങ്ങളാൽ സ്ത്രീകൾ പ്രവാചകരായി നിയോ

ഗിതരായിട്ടില്ലെങ്കിലും പ്രവാചകന്മാർക്കെന്നപോലെ അവർക്കും ദിവ്യബോധനം ലഭിച്ചിരുന്നതായി ഈ വേദവാക്യങ്ങൾ വ്യക്തമാക്കുന്നു.

## മുപ്പത്തിമൂന്ന്

# പർദ മുതൽ സാക്ഷ്യം വരെ

*"പർദ നിർബന്ധമാക്കുക വഴി ഇസ്‌ലാം സ്ത്രീകളെ പീഡിപ്പിക്കുകയല്ലേ ചെയ്യുന്നത്? മുസ്‌ലിം സ്ത്രീകളുടെ പിന്നാക്കാവസ്ഥക്ക് പ്രധാന കാരണം പർദയല്ലേ?"*

സ്ത്രീ മുഖവും മുൻകൈയുമൊഴിച്ചുള്ള ശരീരഭാഗങ്ങൾ മറയ്ക്കണമെന്നതാണ് ഇസ്‌ലാമിക ശാസന. ഇത് പുരോഗതിക്ക് തടസ്സമല്ലെന്നു മാത്രമല്ല; സഹായകവുമാണ്. സ്ത്രീക്ക് പർദ പീഡനമല്ല; സുരക്ഷയാണ് നൽകുന്നത്.

ഇന്ന് ലോകത്തിന്റെ പല ഭാഗത്തും പർദയണിഞ്ഞ സ്ത്രീകൾ ശാസ്ത്രജ്ഞകളായും വൈമാനികരായും സാഹിത്യകാരികളായും പത്രപ്രവർത്തകകളായും പാർലമെന്റംഗങ്ങളായും പ്രശസ്ത സേവനം നിർവഹിച്ചുവരുന്നു. ഇറാനിലെ അഞ്ചു വൈസ് പ്രസിഡന്റുമാരിലൊരാളായ മഅ്സൂമാ ഇബ്തികാർ പർദാധാരിണിയാണ്. അമേരിക്കയിൽ ഉപരിപഠനം നിർവഹിച്ച മഅ്സൂമാ തെഹ്റാൻ യൂനിവേഴ്സിറ്റിയിലെ അസോസിയേറ്റ് പ്രഫസറും പ്രശസ്ത പത്രപ്രവർത്തകയുമാണ്. അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകയായ അവർ നിരവധി അന്തർദേശീയ സമ്മേളനങ്ങളിൽ സംബന്ധിച്ചിട്ടുണ്ട്. ഇറാനിലെ പ്രമുഖ വനിതാ പ്രസിദ്ധീകരണമായ 'മഹ്ജൂബാഹി'ന്റെ പത്രാധിപയും തെഹ്റാൻ സർവകലാശാലാ പ്രഫസറുമായ ടുറാൻ ജംശീദ്‌യാൻ, നാഷനൽ ഒളിംപിക് വൈസ് പ്രസിഡന്റും പാർലമെന്റ് ഉപാധ്യക്ഷയുമായിരുന്ന ഫസീഹ് ഹാശ്മി, വനിതാ ക്ഷേമവകുപ്പിന്റെ ഉപദേശകയായിരുന്ന ശഹ്‌ലാ ഹബീബി, മലേഷ്യൻ രാഷ്ട്രീയത്തിൽ നിറഞ്ഞു നിൽക്കുന്ന വാൻ അസീസ പോലുള്ള വിഖ്യാതരായ വനിതകളെല്ലാം പർദാധാരിണികളാണ്. ആധുനിക ലോകത്ത് രണാങ്കണത്തിൽ ധീരമായി പൊരുതിയ വീരവനിതകൾ ഇറാനിലെയും അഫ്ഗാനിസ്താനിലെയും പർദാധാരിണികളാണെന്ന വസ്തുത വിസ്മരിക്കാവതല്ല. വോളിബോൾ, ബാസ്കറ്റ് ബോൾ, ഷൂട്ടിംഗ്, സൈക്ലിംഗ്, ടെന്നീസ്, ജിംനാസ്റ്റിക്, കുതിരയോട്ടം, ജൂഡോ, കരാട്ടെ, ചെസ്സ് തുടങ്ങിയ വിനോദങ്ങളിലും കായികാഭ്യാസങ്ങളിലും മികവ് പ്രകടിപ്പിക്കുന്ന ഇറാനിയൻ വനിതകളുടെ പുരോഗതിയുടെ

പാതയിൽ പർദ ഒരുവിധ വിഘാതവും സൃഷ്ടിക്കുന്നില്ല. പർദക്ക് സമാനമായ വസ്ത്രമണിഞ്ഞത് മദർ തെരേസയുടെ സേവനവൃത്തികൾക്കൊട്ടും വിഘാതം സൃഷ്ടിച്ചില്ല. വിവിധ മേഖലകളിൽ സേവനമനുഷ്ഠിക്കുന്ന കന്യാസ്ത്രീകളുടെ വേഷം ഇസ്‌ലാമിലെ പർദക്കു സമാനമാണല്ലോ. ശരീരഭാഗം മറയ്ക്കുന്നത് ഗോളാന്തരയാത്രക്കോ പരീക്ഷണ-നിരീക്ഷണങ്ങൾക്കോ ഒട്ടും തടസ്സം സൃഷ്ടിക്കില്ലെന്ന് ചാന്ദ്രയാത്രികരുടെ അനുഭവം തെളിയിക്കുന്നു. പാന്റ്സും ഷർട്ടും ടൈയും ഓവർകോട്ടും സോക്സും ഷൂവും കേപ്പുമണിയുന്ന പാശ്ചാത്യരാജ്യങ്ങളിലെ പുരുഷന്മാർ ഇസ്‌ലാം സ്ത്രീകളോട് മറയ്ക്കാനാവശ്യപ്പെട്ട ശരീരഭാഗങ്ങളിലേറെയും മറയ്ക്കുന്നവരാണ്. സ്ത്രീകൾ മറിച്ചാണെങ്കിലും.

സ്ത്രീയെന്നാൽ അവളുടെ ശരീരവും രൂപലാവണ്യവുമാണെന്നും അവളുടെ വ്യക്തിത്വം അതിന്റെ മോടി പിടിപ്പിക്കലിനനുസൃതമാണെന്നുമുള്ള ധാരണ സൃഷ്ടിക്കുന്നതിൽ പുത്തൻ മുതലാളിത്ത സാമ്രാജ്യത്വവും അതിന്റെ സൃഷ്ടിയായ കമ്പോള സംസ്കാരവും വൻവിജയം വരിച്ചതാണ്, പർദ പുരോഗതിക്കും പരിഷ്കാരത്തിനും തടസ്സമാണെന്ന ധാരണ വളരാൻ കാരണം. മാംസളമായ ശരീരഭാഗങ്ങൾ പ്രദർശിപ്പിച്ച് പട്ടണങ്ങളിലും പൊതുസ്ഥലങ്ങളിലും ചുറ്റിക്കറങ്ങലാണ് പുരോഗതിയെന്ന് പ്രചരിപ്പിക്കുന്ന സ്ത്രീകൾ, പുരുഷന്മാർ തങ്ങളുടെ ശരീരസൗന്ദര്യം കണ്ടാസ്വദിക്കുന്നതിൽ നിർവൃതിയടയുന്ന ഒരുതരം മനോവൈകൃതത്തിനടിപ്പെട്ടവരത്രെ.

സമൂഹത്തിലെ സ്ത്രീകളുടെയൊക്കെ സൗന്ദര്യം കണ്ടാസ്വദിക്കാൻ കാമാതുരമായ കണ്ണുകളുമായി കാത്തിരിക്കുന്നവരിൽനിന്ന് സ്വന്തം ശരീരം മറച്ചുവയ്ക്കലാണ് മാന്യത. സ്ത്രീയുടെ സുരക്ഷിതത്വത്തിന് ഏറെ സഹായകവും അതത്രെ. പർദയണിയാൻ ഇസ്‌ലാം ആവശ്യപ്പെടാനുള്ള കാരണവും അതുതന്നെ. അതോടൊപ്പം അത് പുരോഗതിയെ ഒട്ടും പ്രതികൂലമായി ബാധിക്കുന്നുമില്ല. ഇറാൻ സന്ദർശിച്ചശേഷം എം.പി. വീരേന്ദ്രകുമാർ എഴുതിയ വരികൾ ശ്രദ്ധേയമത്രെ: “ഇറാനിയൻ സ്ത്രീകൾ പർദ ധരിക്കുന്നു. മുഖം മൂടാറില്ല. തല മൂടും. ഏത് പിക്നിക് സ്പോട്ടിൽ ചെന്നാലും നൂറുകണക്കിന് സ്ത്രീകളെ കാണാം. ഇറാനിയൻ വാർത്താ ഏജൻസിയായ ‘ഇർന’യുടെ കേന്ദ്രകമ്മിറ്റി ഓഫീസിൽ ചെന്നപ്പോൾ അവിടെ പ്രവർത്തിച്ചിരുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളായിരുന്നു. സ്ത്രീകൾ തെഹ്റാനിലൂടെ കാറോടിക്കുന്നു. ഒരു കുഴപ്പവുമില്ല. പക്ഷേ ഒന്നുണ്ട്. ന്യൂയോർക്കിലൊക്കെ പോയാൽ കാണുന്നതുപോലെ സ്ത്രീകളെ സെക്സ് സിംബലാക്കി മാറ്റാൻ ഇറാനികൾ അനുവദിക്കുകയില്ല.”(ബോധനം വാരിക, 1993 നവംബർ 6).

ശ്രീമതി കൽപനാ ശർമയുടെ ചോദ്യം പ്രസക്തമത്രെ: “വിദ്യയഭ്യസിക്കാനും പുറത്തിറങ്ങി ജോലി ചെയ്യുവാനും ദാമ്പത്യ ബന്ധം പൊറുപ്പിച്ചുകൂടാതെ വരുമ്പോൾ വിവാഹമോചനമാവശ്യപ്പെട്ട് കോടതിയിൽ പോവാനും അവകാശമുള്ള ഇറാനിലെ സ്ത്രീകൾക്കെതിരെ വിധിപറയാൻ നാം ശക്തരാണോ? പർദയണിയുന്ന ഇറാനിലെ സഹോദരിമാരേക്കാൾ എന്തു മഹത്വമാണ് നമ്മുടെ നാട്ടിലെ സ്ത്രീകൾക്കുള്ളത്?”(Kalpana

Sharma- Behind The Veil- The Hindu 20- 7-'97).

*"സ്ത്രീകൾക്ക് പർദ നിർബന്ധമാക്കുകയും പുരുഷന്മാരെ അതിൽനിന്നൊഴിവാക്കുകയും ചെയ്തത് തികഞ്ഞ വിവേചനമല്ലേ?"*

ഈ വിവേചനം പ്രകൃതിപരമാണ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും ശരീരപ്രകൃതി ഒരുപോലെയല്ലല്ലോ. ഏതൊരു കരുത്തനായ പുരുഷനും സ്ത്രീയെ അവളുടെ അനുവാദമില്ലാതെ തന്നെ ബലാത്സംഗം ചെയ്യാൻ സാധിക്കും. എന്നാൽ സ്ത്രീ എത്ര കരുത്തയായാലും പുരുഷന്റെ അനുമതിയില്ലാതെ അയാളെ ലൈംഗികമായി കീഴ്പ്പെടുത്താനാവില്ല. ഈ അന്തരത്തിന്റെ അനിവാര്യമായ താൽപര്യമാണ് വസ്ത്രത്തിലെ വ്യത്യാസം. അതിനാലാണല്ലോ ഇന്ത്യയുൾപ്പെടെ ലോകമെങ്ങും സ്ത്രീയുടെ സംരക്ഷണത്തിന് പ്രത്യേക നിയമം അനിവാര്യമായത്. സ്ത്രീപീഡനത്തിന് കഠിനശിക്ഷ നിയമം മൂലം നിശ്ചയിച്ച നാടുകളിലൊന്നും പുരുഷ പീഡനത്തിനെതിരെ ഇവ്വിധം നിയമനിർമാണം നടത്തിയിട്ടില്ലല്ലോ. ശാരീരിക വ്യത്യാസങ്ങളാൽ കൂടുതൽ സുരക്ഷിതത്വവും മുൻകരുതലും ആവശ്യമുള്ളത് സ്ത്രീകൾക്കാണെന്ന് ഇത് സുതരാം വ്യക്തമാക്കുന്നു. അവൾ തന്റെ ശരീരസൗന്ദര്യം പരപുരുഷന്മാരുടെ മുമ്പിൽ പ്രകടിപ്പിക്കരുതെന്ന് ഇസ്‌ലാം ആവശ്യപ്പെടാനുള്ള കാരണവും അതത്രെ. അതിനാൽ പർദ സ്ത്രീകൾക്ക് സുരക്ഷയും സൗകര്യവുമാണ്. അസൗകര്യമോ പീഡനമോ അല്ല.

## സ്ത്രീക്ക് പുരുഷന്റെ പാതി സ്വത്ത്

*"സ്ത്രീക്ക് പുരുഷന്റെ പാതിസ്വത്തല്ലേ ഇസ്‌ലാം അനുവദിക്കുന്നുള്ളൂ. ഇത് കടുത്ത അനീതിയും കൊടിയ വിവേചനവുമല്ലേ?"*

ഇസ്‌ലാമിക നിയമമനുസരിച്ച് ഏതവസരത്തിലും സ്ത്രീക്ക് ഒരു വിധ സാമ്പത്തിക ബാധ്യതകളുമില്ല. അവകാശങ്ങളേയുള്ളൂ. എല്ലാ ബാധ്യതകളും ഏതു സാഹചര്യത്തിലും പുരുഷനു മാത്രമാണ്. വിവാഹവേളയിൽ വരന്റേയും വധുവിന്റെയും വസ്ത്രങ്ങളുൾപ്പെടെ എല്ലാ വിധ ചെലവുകളും വഹിക്കേണ്ടത് പുരുഷനാണ്. അതോടൊപ്പം വധുവിന് നിർബന്ധമായും മഹ്ർ നൽകുകയും വേണം. തുടർന്ന് സ്ത്രീയുടെയും കുട്ടികളുടെയും സംരക്ഷണോത്തരവാദിത്വം പൂർണമായും പുരുഷന്നാണ്. രണ്ടുപേരും ഒരേ പോലെ വരുമാനമുള്ള ഡോക്ടർമാരോ അധ്യാപകരോ ആരായിരുന്നാലും ശരി, സ്ത്രീ താൻ ഉൾപ്പെടെ ആരുടെയും സാമ്പത്തിക ചെലവുകൾ വഹിക്കേണ്ടതില്ല. ഉദ്യോഗസ്ഥയായ ഭാര്യയുടെ പോലും ഭക്ഷണവും വസ്ത്രവും ചികിത്സയുമുൾപ്പെടെയുള്ള ചെലവുകളൊക്കെ നിർവഹിക്കേണ്ടത് ഭർത്താവാണ്. അഥവാ ഭർത്താവ് മരണപ്പെട്ടാൽ അയാൾക്ക് സ്വത്തില്ലെങ്കിൽ അയാളുടെ അനാഥക്കുട്ടികളെ സംരക്ഷിക്കേണ്ടത് പിതാവ്, സഹോദരന്മാർ, സഹോദരമക്കൾ, പിതൃവ്യർ തുടങ്ങി മരിച്ചയാൾക്ക് മക്കളില്ലെങ്കിൽ അയാളുടെ സ്വത്തിന്റെ ശിഷ്ടാവകാശികളാകാനിടയുള്ളവരാണ്. സ്ത്രീ വിവാഹിതയാണെങ്കിൽ ഭർത്താവും അവിവാഹിതയെങ്കിൽ പിതാവും പിതാവില്ലെങ്കിൽ സഹോദരന്മാരുമാണ് അവളെ സംരക്ഷിക്കേണ്ടത്. മാതാവിന്റെ സംരക്ഷണച്ചുമതല മക്കൾക്കാണ്. അതിനാൽ ഏതവസ്ഥയിലും നിയമപരമായി സ്ത്രീക്ക് ഒരുവിധ സാമ്പത്തിക ബാധ്യതയുമില്ല. പരസ്പര ബന്ധത്തിന്റെയും സ്നേഹത്തിന്റെയും പേരിൽ ചെലവഴിക്കുന്നുവെങ്കിൽ അത്

മറ്റൊരു കാര്യമാണ്. എന്നിട്ടും ഇസ്‌ലാം സ്ത്രീക്ക് സ്വത്തവകാശമനുവദിച്ചതും മഹ്ർ നിർബന്ധമാക്കിയതും അവരുടെ അന്തസ്സും സുരക്ഷിതത്വവും ഉറപ്പുവരുത്താനാണ്. സ്വന്തം സ്വത്ത് സൂക്ഷിക്കാനും സംരക്ഷിക്കാനും വർധിപ്പിക്കാനും സ്ത്രീക്ക് സ്വാതന്ത്ര്യവും അവകാശവുമുണ്ട്. മാതാവ്, മകൾ, ഭാര്യ, സഹോദരി പോലുള്ള ഏതവസ്ഥയിലും സംരക്ഷണം പൂർണമായും ഉറപ്പുവരുത്തപ്പെട്ട ശേഷവും ഭൗതിക മാനദണ്ഡമനുസരിച്ച് സ്വത്ത് ആവശ്യമില്ലാതിരുന്നിട്ടും ഇസ്‌ലാം അത് അനുവദിച്ചത് സ്ത്രീത്വത്തിന്റെ മഹത്ത്വത്തിനും ആദരവിനും ഒരുവിധ പോറലുമേൽക്കാതിരിക്കാനാണ്.

## സ്ത്രീയുടെ അനുവാദമില്ലാതെ അവളുടെ വിവാഹം

*"സ്ത്രീയുടെ അനുവാദമോ സമ്മതമോ ഇല്ലാതെ അവളെ കല്യാണം കഴിച്ചുകൊടുക്കാൻ രക്ഷിതാക്കൾക്ക് ഇസ്‌ലാം അനുവാദം നൽകുന്നുണ്ടെന്ന് പറയുന്നത് ശരിയാണോ?"*

അല്ല. സ്ത്രീയുടെ അനുവാദമോ സമ്മതമോ ഇല്ലാതെ അവളെ വിവാഹം ചെയ്തുകൊടുക്കാൻ ഇസ്‌ലാം അനുവദിക്കുന്നില്ല. അഥവാ, അങ്ങനെ ചെയ്താൽ അത് സ്വീകരിക്കാനെന്ന പോലെ നിരസിക്കാനും സ്ത്രീക്ക് അവകാശമുണ്ട്.

പ്രവാചകൻ (സ) പറയുന്നു: "കന്യകയല്ലാത്ത സ്ത്രീയെ സംബന്ധിച്ചേടത്തോളം അവൾക്കുതന്നെയാണ് രക്ഷിതാവിനേക്കാൾ സ്വന്തം കാര്യം തീരുമാനിക്കാനുള്ള അവകാശം. കന്യകയെ കല്യാണം കഴിച്ചു കൊടുക്കാൻ അവളുടെ അനുവാദം ആരായേണ്ടതാണ്. അവളുടെ മൗനം അനുവാദമായി ഗണിക്കും"(മുസ്‌ലിം, തിർമിദി, അബൂദാവൂദ്, നസാഈ, ഇബ്നുമാജ).

ഒരിക്കൽ ഒരു പെൺകുട്ടി പ്രവാചക സന്നിധിയിൽ വന്ന്, പിതാവ് തന്റെ സമ്മതം കൂടാതെ ഒരാളെ വിവാഹം കഴിക്കാൻ തന്നെ നിർബന്ധിക്കുന്നതായി പരാതിപ്പെട്ടു. അപ്പോൾ അവൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിക്കാൻ പ്രവാചകൻ അനുമതി നൽകി.

ഒരു യുവതി നബിയുടെ സന്നിധിയിൽ വന്നു പറഞ്ഞു: 'എന്റെ പിതാവ് സ്വന്തം സഹോദരപുത്രനെക്കൊണ്ട്, എന്നിലൂടെ അദ്ദേഹത്തിന്റെ പോരായ്മ പരിഹരിക്കാനായി, എന്നെ കല്യാണം കഴിച്ചുകൊടുത്തിരിക്കുന്നു.' അങ്ങനെ നബി കാര്യം തീരുമാനിക്കാനുള്ള അവകാശം അവൾക്ക് നൽകി. അപ്പോൾ അവൾ പറഞ്ഞു: പിതാവിന്റെ പ്രവൃത്തി ഞാൻ അംഗീകരിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ പിതാക്കന്മാർക്ക് ഒരു അധികാരവുമില്ലെന്ന് സ്ത്രീകളെ പഠിപ്പിച്ചുകൊടുക്കലാണ് എന്റെ ഉദ്ദേശ്യം.

വിവാഹക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരവും അവകാശവും സ്ത്രീകൾക്കാണെന്ന് ഇതൊക്കെയും അസന്ദിഗ്ധമായി തെളിയിക്കുന്നു.

## സ്ത്രീയുടെ സാക്ഷ്യം

*"സാക്ഷ്യത്തിന് ഒരാണിനു പകരം രണ്ട് സ്ത്രീ വേണമെന്നാണല്ലോ ഇസ്‌ലാമിക നിയമം. ഇത് സ്ത്രീയോടുള്ള അനീതിയും വിവേചനവും*

*പുരുഷമേധാവിത്വപരമായ സമീപനവുമല്ലേ?"*

ഒരു പുരുഷനു പകരം രണ്ട് സ്ത്രീയെന്നത് സാക്ഷ്യത്തിനുള്ള ഇസ്‌ലാമിന്റെ പൊതു നിയമമല്ല; സാമ്പത്തിക ഇടപാടുകളിൽ മാത്രം ബാധകമായ കാര്യമാണ്. സ്ത്രീകൾ സാധാരണ ഗതിയിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്നവരും കൊള്ളക്കൊടുക്കകളിൽ ഏർപ്പെടുന്നവരുമല്ലാത്തതിനാൽ പണമിടപാടുകളുടെ സാക്ഷ്യത്തിൽ അബദ്ധം സംഭവിക്കാതിരിക്കാനും സൂക്ഷ്മത പാലിക്കാനുമായി നിശ്ചയിക്കപ്പെട്ട നിബന്ധന മാത്രമാണിത്. സ്ത്രീക്കെതിരെ സദാചാര ലംഘനം ആരോപിക്കപ്പെട്ടാൽ സ്വീകരിക്കേണ്ട സ്വയം സാക്ഷ്യത്തിന്റെയും സത്യം ചെയ്യലിന്റെയും കാര്യത്തിൽ സ്ത്രീ-പുരുഷ വ്യത്യാസമൊട്ടുമില്ലെന്ന് ഖുർആൻ തന്നെ സംശയത്തിനിടമില്ലാത്ത വിധം വ്യക്തമാക്കിയിട്ടുണ്ട് (അധ്യായം 24, വാക്യം 6-9).

ഇതര സാക്ഷ്യങ്ങളുടെ സ്ഥിതിയും ഇതുതന്നെ. വിവാഹമോചനത്തെക്കുറിച്ച് ഖുർആൻ പറയുന്നു: "ഇനി അവരുടെ ദീക്ഷാവധി സമാപിച്ചാലോ, ഒന്നുകിൽ അവരെ മാന്യമായി കൂടെ നിർത്തുകയോ അല്ലെങ്കിൽ മാന്യമായ നിലയിൽ വേർപിരിയുകയോ ചെയ്യുക. നിങ്ങളിൽ നീതിമാന്മാരായ രണ്ടാളുകളെ സാക്ഷികളാക്കുകയും ചെയ്യുക. അവർ അല്ലാഹുവിനുവേണ്ടി നീതിപൂർവം സാക്ഷ്യം വഹിക്കട്ടെ."(65: 2). ഒസ്യത്തിനെ സംബന്ധിച്ച് ഖുർആൻ പറയുന്നു: "വിശ്വസിച്ചവരേ, നിങ്ങളിലൊരുവന്ന് മരണമാസന്നമാവുകയും അയാൾ ഒസ്യത്ത് ചെയ്യുകയുമാണെങ്കിൽ അതിനുള്ള സാക്ഷ്യത്തിന്റെ മാനം ഇപ്രകാരമത്രെ. നിങ്ങളിൽനിന്നുള്ള രണ്ടു നീതിമാന്മാർ സാക്ഷ്യം വഹിക്കണം. അല്ലെങ്കിൽ നിങ്ങൾ യാത്രാവസ്ഥയിലായിരിക്കുകയും അവിടെ മരണവിപത്ത് അഭിമുഖീകരിക്കുകയുമാണെങ്കിൽ അപ്പോൾ മറ്റു ജനത്തിൽനിന്നു രണ്ടാളുകളെ സാക്ഷികളാക്കണം."(5: 106)

ആർത്തവം, പ്രസവം, തുടങ്ങി പുരുഷന്മാർക്ക് സാക്ഷികളാകാൻ പ്രയാസമുള്ള കാര്യങ്ങളിൽ സ്ത്രീകളുടെ മാത്രം സാക്ഷ്യമാണ് സ്വീകാര്യമാവുകയെന്നതിൽ ഇസ്‌ലാമിക പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

ഇസ്‌ലാമിൽ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും ഭരണപരവുമായ എല്ലാ നിയമങ്ങളുടെയും അടിസ്ഥാന പ്രമാണങ്ങളിലൊന്ന് പ്രവാചക ചര്യയാണ്. ഈ പ്രവാചക ചര്യയുടെ നിവേദനത്തിന്റെ സ്വീകാര്യതയിൽ പുരുഷന്റേതു പോലെത്തന്നെ സ്ത്രീയുടേതും പ്രാമാണികവും പ്രബലവുമത്രേ. ലിംഗഭേദത്തിന്റെ അടിസ്ഥാനത്തിലിവിടെ ഒരുവിധ വിവേചനവുമില്ല. അതുകൊണ്ടു തന്നെ പ്രബലമായ ഹദീസ് ഗ്രന്ഥങ്ങളിൽ പുരുഷൻമാരെന്ന പോലെ സ്ത്രീകൾ നിവേദനം ചെയ്തവയും ധാരാളമായി കാണാവുന്നതാണ്. എല്ലാ സാക്ഷ്യങ്ങളുടെയും സാക്ഷ്യമായ അടിസ്ഥാന പ്രമാണത്തിന്റെ കാര്യത്തിൽ പുരുഷന്റെ പദവി തന്നെ സ്ത്രീക്കും കൽപിച്ച ഇസ്‌ലാം ഇടപാടുകളുടെ കാര്യത്തിൽ വ്യത്യസ്തമായ നിലപാട് സ്വീകരിച്ചത് വിവേചനപരമോ അവഗണനയോ അനീതിയോ അല്ലെന്നും മറിച്ച്, അബദ്ധം സംഭവിക്കാതിരിക്കാനുള്ള സൂക്ഷ്മത മാത്രമാണെന്നും വ്യക്തമത്രേ.

ഇമാം അബൂഹനീഫ, ത്വബരി പോലുള്ള പണ്ഡിതൻമാർ സ്ത്രീകൾക്ക് ന്യായാധിപസ്ഥാനം വരെ വഹിക്കാമെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. നിയമ

ത്തിന്റെയും നീതിയുടെയും കാര്യത്തിൽ വിവേചനമുണ്ടെങ്കിൽ നിയമ നടത്തിപ്പിന്റെ പരമോന്നത പദവിയായ ന്യായാധിപസ്ഥാനം സ്ത്രീക്ക് ആവാമെന്ന് പ്രാമാണിക പണ്ഡിതന്മാർ പറയുകയില്ലല്ലോ.

## മുപ്പത്തിനാല്

# പൊതുജീവിതത്തിലെ സ്ത്രീ പങ്കാളിത്തം

*"സ്ത്രീകളെ പൊതുജീവിതത്തിൽനിന്ന് മാറ്റിനിർത്തുകയും അടുക്കളയിൽ തളച്ചിടുകയുമല്ലേ ഇസ്‌ലാം ചെയ്യുന്നത്?"*

പ്രകൃതിപരമായ പ്രത്യേകതകൾ പരിഗണിക്കുമ്പോൾ സ്ത്രീയുടെ പ്രധാന പ്രവർത്തനരംഗം വീടുതന്നെയാണ്. മഹിതമായ കൃത്യം മാതൃത്വവും. എന്നാൽ സ്ത്രീ പൊതുജീവിതത്തിൽ ഇടപെടുന്നതിനെയോ സജീവപങ്കാളിത്തം വഹിക്കുന്നതിനെയോ ഇസ്‌ലാം വിലക്കുന്നില്ല. എന്നല്ല; അതനുവദിക്കുകയും അനിവാര്യസന്ദർഭങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

അധ്യയനത്തിലും അധ്യാപനത്തിലും പ്രവാചകന്റെ കാലംതൊട്ടുതന്നെ സ്ത്രീകളും പുരുഷന്മാരെപ്പോലെ സജീവമായി പങ്കെടുത്തുപോന്നിട്ടുണ്ട്. പ്രവാചകസന്നിധിയിൽ വന്ന് കാര്യങ്ങൾ പഠിച്ചു മനസ്സിലാക്കുന്നതിലും അത് മറ്റുള്ളവരെ പഠിപ്പിക്കുന്നതിലും അവരൊട്ടും പിന്നിലായിരുന്നില്ല. പ്രവാചകചര്യയുടെ നിവേദകരിൽ പ്രമുഖരായ വനിതകൾ ഉണ്ടാവാനുള്ള കാരണവും അതത്രെ.

പ്രവാചകപത്നി ആഇശയുടെ പാണ്ഡിത്യം സുവിദിതമാണ്. ഇമാം സുഹ്‌രി പറയുന്നു: "ആഇശ ജനങ്ങളിൽ ഏറ്റവും അറിവുള്ള വ്യക്തിയായിരുന്നു. പ്രവാചകന്റെ അനുചരന്മാരിൽ പ്രമുഖർ പോലും അവരോട് ചോദിച്ച് പഠിക്കാറുണ്ടായിരുന്നു". സുബൈറിന്റെ മകൻ ഉർവ രേഖപ്പെടുത്തുന്നു: "ഖുർആൻ, അനന്തരാവകാശ നിയമങ്ങൾ, വിജ്ഞാനം, കവിത, കർമശാസ്ത്രം, അനുവദനീയം, നിഷിദ്ധം, വൈദ്യം, അറബികളുടെ പുരാതന വൃത്താന്തങ്ങൾ, ഗോത്രചരിത്രം എന്നിവയിൽ ആഇശയേക്കാൾ അറിവുള്ള ആരെയും ഞാൻ കണ്ടിട്ടില്ല".

ലബീദിന്റെ മകൻ മഹ്മൂദ് പറയുന്നു: "പ്രവാചകപത്നിമാരെല്ലാം ഹദീസുകൾ മനഃപാഠമാക്കിയിരുന്നു. എന്നാൽ ആഇശയോടും ഉമ്മുസൽമയോ

ടുമൊപ്പമെത്തിയിരുന്നില്ല മറ്റുള്ളവർ.”

പ്രവാചകപത്നിമാരിൽ ആഇശ മാത്രം 2210 ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. ഉമ്മുസൽമയും നിരവധി ഹദീസുകൾ നിവേദനം ചെയ്യുകയുണ്ടായി. സ്ത്രീകൾ മാത്രമല്ല, ധാരാളം പുരുഷന്മാരും അവരിൽനിന്ന് അറിവ് നേടിയിരുന്നു. വൈജ്ഞാനികരംഗത്തെന്നപോലെ ഇസ്ലാമിക പ്രബോധന പ്രവർത്തനങ്ങളിലും സ്ത്രീകൾ സജീവ പങ്കുവഹിച്ചു. അതിനാൽ പുരുഷന്മാരെപ്പോലെത്തന്നെ അവരും കൊടിയ പീഡനങ്ങൾക്കിരയായി. ഇസ്ലാമിലെ ആദ്യത്തെ രക്തസാക്ഷിപോലും സുമയ്യ എന്ന സ്ത്രീയാണ്. ജന്മനാട്ടിൽ ജീവിതം ദുസ്സഹമായി പലായനം അനിവാര്യമായപ്പോൾ സ്ത്രീകളുമതിൽ പങ്കാളികളായി.

പ്രവാചകന്റെയോ സച്ചരിതരായ ഖലീഫമാരുടെയോ കാലത്ത് പൊതുജീവിതത്തിൽനിന്ന് സ്ത്രീകൾ മാറ്റിനിർത്തപ്പെട്ടിരുന്നില്ല. യുദ്ധരംഗത്തുപോലും സ്ത്രീകളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ഉഹ്ദ് യുദ്ധത്തിൽ ഭടന്മാർക്ക് വെള്ളമെത്തിക്കാനും മുറിവേറ്റവരെ ശുശ്രൂഷിക്കാനും നേതൃത്വം നൽകിയത് പ്രവാചകപത്നി ആഇശയായിരുന്നു. ഉമ്മു സുലൈമും ഉമ്മു സലീത്തും ഈ സാഹസത്തിൽ പങ്കുചേരുകയുണ്ടായി.

ഖൈബർ യുദ്ധത്തിൽ പങ്കെടുത്ത പട്ടാളക്കാർക്ക് ആഹാരമൊരുക്കിക്കൊടുക്കുകയും മുറിവേറ്റവരെ ശുശ്രൂഷിക്കുകയും ചെയ്ത വനിതകൾക്ക് പ്രവാചകൻ സമരാർജിത സമ്പത്തിൽനിന്ന് വിഹിതം നൽകുകയുണ്ടായി. ഉഹ്ദ് യുദ്ധത്തിൽ മുറിവേറ്റവരെയും രക്തസാക്ഷികളെയും മദീനയിലേക്കെത്തിക്കുന്ന ചുമതല നിർവഹിച്ചത് മുഅവ്വിദിന്റെ പുത്രി റുബയ്യഉം സഹപ്രവർത്തകരുമായിരുന്നു. ഉമ്മു അതിയ്യ ഏഴു യുദ്ധങ്ങളിൽ സംബന്ധിക്കുകയുണ്ടായി. അനസുബ്നു മാലിക്കിന്റെ മാതാവ് ഉമ്മു സുലൈമും നിരവധി യുദ്ധങ്ങളിൽ പ്രവാചകനെ അനുഗമിക്കുകയുണ്ടായി. ഖൻദഖ് യുദ്ധത്തിൽ സ്ത്രീകളെയും കുട്ടികളെയും അക്രമിക്കാനെത്തിയ ശത്രുവെ കൂർത്ത കമ്പെടുത്ത് കുത്തിക്കൊന്നത് സ്വഫിയ്യയാണ്. ഉഹ്ദ് യുദ്ധത്തിൽ പ്രവാചകന്റെ പരിരക്ഷയ്ക്കായി പൊരുതിയ പ്രമുഖരിലൊരാൾ ഉമ്മു അമ്മാറയാണ്. അവരുടെ ശരീരത്തിൽ നിരവധി മുറിവുകളേൽക്കുകയുണ്ടായി. ഒന്നാം ഖലീഫ അബൂബക്ർ സിദ്ദീഖിന്റെ കാലത്തു നടന്ന യമാമ യുദ്ധത്തിൽ പങ്കെടുത്ത അവരുടെ ശരീരത്തിൽ പന്ത്രണ്ടു മുറിവുകളുണ്ടായിരുന്നു. ഈവിധം രണാങ്കണത്തിൽ ധീരമായി പൊരുതിയ നിരവധി വനിതകളെ ഇസ്ലാമികചരിത്രം പരിചയപ്പെടുത്തുന്നുണ്ട്.

ആധുനികലോകത്തും മുസ്ലിം സ്ത്രീകൾ സമരരംഗത്ത് സജീവമായി പങ്കെടുത്തതിന് നിരവധി ഉദാഹരണങ്ങളുണ്ട്. റിദാ ഷാ പഹ്ലവിയുടെ ഏകാധിപത്യ മർദക ഭരണത്തിനെതിരെ ഖുമൈനി നയിച്ച പോരാട്ടത്തിലും റഷ്യൻ അധിനിവേശത്തിനെതിരെ അഫ്ഗാൻ ജനത നടത്തിയ ചെറുത്തുനിൽപിലും സ്ത്രീകൾ ധീരോജ്ജ്വലമായ സേവനങ്ങളർപ്പിക്കുകയുണ്ടായി. ഇസ്ലാമിക സമരനിരയിലെ സ്ത്രീസാന്നിധ്യം പാശ്ചാത്യ മാധ്യമങ്ങൾപോലും എടുത്തുകാണിക്കാൻ നിർബന്ധിതമാകുംവിധം അവഗണിക്കാനാവാത്തതാണ്.

സ്ത്രീ വീടിന് പുറത്തുപോയി തൊഴിലിലേർപ്പെടുന്നതിനെയോ സേവനവൃത്തികളിൽ വ്യാപൃതമാവുന്നതിനെയോ പൊതു പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നതിനെയോ ഇസ്‌ലാം ഒരു നിലയ്ക്കും വിലക്കുന്നില്ലെന്ന് ഇതും ഇതുപോലുള്ളവയുമായ സംഭവങ്ങൾ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. രണ്ടാം ഖലീഫ ഉമറുൽ ഫാറൂഖിന്റെ ഭരണകാലത്ത് കടകമ്പോളങ്ങളുടെ മേൽനോട്ടത്തിന്റെ ഉത്തരവാദിത്വം ഏൽപിച്ചിരുന്നത് ശിഫാ ബിൻതു അബ്ദില്ലാ എന്ന സ്ത്രീയെയായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമത്രെ. നമ്മുടെ കാലത്തെ ഉപഭോക്തൃസംരക്ഷണ വകുപ്പിന്റെ ഡയറക്ടർ പദവിക്കു സമാനമായ സ്ഥാനമാണത്.

സമകാലീന സമൂഹത്തിലും മുസ്‌ലിം സ്ത്രീകൾ ഇസ്‌ലാമിക പ്രവർത്തനങ്ങളിലെന്നപോലെ സാമൂഹിക സേവനരംഗത്തും പൊതുജീവിതത്തിലും സജീവമായി പങ്കുവഹിച്ചുവരുന്നുണ്ട്. ശാസ്ത്ര- സാങ്കേതിക-വിദ്യാഭ്യാസ മേഖലകളിലെല്ലാം ഇറാനിയൻ സ്ത്രീകൾ സ്തുത്യർഹമായ സേവനമാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അവിടത്തെ യൂനിവേഴ്സിറ്റികളിലെ പ്രഫസർമാരിലും മറ്റു ജീവനക്കാരിലും നാൽപതു ശതമാനത്തോളം സ്ത്രീകളാണ്. നഴ്സറി സ്കൂൾ തൊട്ട് ഹൈസ്കൂളിലെ അവസാനവർഷം വരെ അധ്യാപനവൃത്തി പൂർണമായും നിർവഹിക്കുന്നത് സ്ത്രീകളാണ്. ഇറാനിലെ നല്ലൊരു വിഭാഗം സ്ത്രീകൾ സ്വന്തമായി കച്ചവടസ്ഥാപനങ്ങൾ നടത്തുന്നവരാണ്. സ്വകാര്യസ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും ഉന്നത ജോലിയിലേർപ്പെട്ടവരും നിരവധിയാണ്. ധാരാളം വനിതാ അഡ്വക്കേറ്റുമാരും ഡോക്ടർമാരും എഞ്ചിനീയർമാരും അവിടെ ജോലി ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ ആരോഗ്യവകുപ്പുകളിലായി പതിനൊന്ന് ലക്ഷത്തിലേറെ സ്ത്രീകൾ സേവനമനുഷ്ഠിച്ചു വരുന്നു. മാധ്യമരംഗത്തും ഇറാനിൽ സ്ത്രീകൾക്ക് മെച്ചപ്പെട്ട പ്രാതിനിധ്യമുണ്ട്. ടെലിവിഷൻ മേഖലയിൽ മുപ്പത്തഞ്ചു ശതമാനം സ്ത്രീകളാണ്.

ഈജിപ്ത്, സുഡാൻ തുടങ്ങി ഇതര മുസ്‌ലിം നാടുകളിലും ഇസ്‌ലാമിക മര്യാദകൾ പൂർണമായും പാലിച്ചുകൊണ്ടു തന്നെ ലക്ഷക്കണക്കിന് സ്ത്രീകൾ പൊതുരംഗത്ത് പ്രവർത്തിച്ചുവരുന്നു. മതപണ്ഡിതന്മാരോ ഇസ്‌ലാമിക പ്രസ്ഥാനങ്ങളോ ഇതിനെ എതിർക്കാറില്ലെന്നതും ശ്രദ്ധേയമത്രെ. ഈ വിധം പൊതു ജീവിതത്തിൽ സജീവമായി പങ്കുവഹിക്കാൻ അനുവദിക്കുമ്പോഴും സ്ത്രീയുടെ പ്രഥമവും പ്രധാനവുമായ ചുമതല ഗൃഹഭരണവും കുട്ടികളുടെ സംരക്ഷണവുമാണെന്ന കാര്യം ഇസ്‌ലാം ഊന്നിപ്പറയുന്നു. അതവഗണിക്കുന്നത് അത്യന്തം അപകടകരവും ദൂരവ്യാപകമായ വിപത്തുകൾക്ക് നിമിത്തവുമാണെന്ന് ഉണർത്തുകയും ചെയ്യുന്നു.

## സ്ത്രീക്ക് ഭരണ-രാഷ്ട്രീയ പങ്കാളിത്തം പാടില്ലേ?

*“സ്ത്രീകൾ ഭരണ-രാഷ്ട്രീയ രംഗങ്ങളിൽ പങ്കുവഹിക്കുന്നതിനെ ഇസ്‌ലാം വിലക്കുന്നുണ്ടോ? മുസ്‌ലിം സ്ത്രീകൾ ഭരണാധികാരികളാകാൻ പാടില്ലെന്ന് പറഞ്ഞുകേൾക്കുന്നത് ശരിയാണോ?”*

ഈ ചോദ്യത്തിന് ഇരുപതാം നൂറ്റാണ്ട് കണ്ട പ്രമുഖ പണ്ഡിതന്മാരിലൊരാളായ ശൈഖ് മുഹമ്മദുൽ ഗസ്സാലി നൽകിയ വിശദീകരണം ഇവിടെ

ഉദ്ധരിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു. അദ്ദേഹം എഴുതുന്നു: “മദീനാ മാർക്കറ്റിന്റെ നിയന്ത്രണവും വിധിത്തീർപ്പും ശിഫാഇനെയാണ് ഉമറുൽ ഫാറൂഖ് ഏൽപിച്ചിരുന്നത്. അവരവിടെ നിയമലംഘനങ്ങൾ തടയുകയും നീതി നടപ്പാക്കുകയും വിധി പ്രസ്താവിക്കുകയും ചെയ്തത് ആൺ-പെൺഭേദമന്യേ എല്ലാവർക്കുമിടയിലായിരുന്നു. ഏതെങ്കിലും വിധത്തിലുള്ള നിയന്ത്രണങ്ങൾ ഖലീഫ അവരുടെ മേൽ ഏർപ്പെടുത്തിയിരുന്നില്ല.

സ്ത്രീകളെ രാഷ്ട്രനേതൃത്വമോ ഭരണാധികാരമോ ഏൽപിച്ചുകൊടുക്കാൻ മോഹിച്ചു നടക്കുന്ന കൂട്ടത്തിലൊന്നുമല്ല ഞാൻ. ഒരു കാര്യമേ നാം ആഗ്രഹിക്കുന്നുള്ളൂ. സമൂഹത്തിലെ ഏറ്റവും അനുയോജ്യനായ ആൾ രാജ്യത്തിന്റെയും രാജ്യഭരണത്തിന്റെയും നേതൃത്വത്തിൽ വരണം.

‘സ്ത്രീയെ അധികാരമേൽപിച്ച ജനത പരാജയപ്പെട്ടിരിക്കുന്നു’ എന്ന പ്രവാചകവചനമുണ്ടല്ലോ. അപ്പോൾ ഏതെങ്കിലും വിധത്തിലുള്ള അധികാരം സ്ത്രീയെ ഏൽപിക്കുന്നത് പരാജയകാരണമാവില്ലേയെന്ന് ചോദിച്ചേക്കാം. ഇവിടെ ഈ പ്രവാചകവചനത്തെ സംബന്ധിച്ച് അൽപം ആഴത്തിൽ ആലോചിക്കാൻ നാമാഗ്രഹിക്കുന്നു. പ്രവാചകവചനം സ്വീകാര്യം തന്നെ. എന്നാൽ അതിന്റെ ആശയം എന്തായിരിക്കും?

ഇസ്‌ലാമിക മുന്നേറ്റത്തിനു മുമ്പിൽ പേർഷ്യൻ സാമ്രാജ്യം നിലംപൊത്തിക്കൊണ്ടിരുന്നപ്പോൾ അവിടെ ഭരണം നടത്തിയിരുന്നത് അഭിശപ്തമായ രാജവാഴ്ചയും ഏകാധിപത്യവുമായിരുന്നു. വിഗ്രഹാരാധനയിലധിഷ്ഠിതമായ മതം, കൂടിയാലോചന അചിന്ത്യമായ രാജകുടുംബം, മരണം വിധിക്കപ്പെട്ട അഭിപ്രായ വിമർശനസ്വാതന്ത്ര്യം, തമ്മിലടിക്കുന്ന രാജകുടുംബങ്ങൾ, മകൻ പിതാവിനെയും സഹോദരൻ സഹോദരനെയും വകവരുത്തുന്ന അധികാരക്കൊതി, സർവോപരി എല്ലാം സഹിച്ച് അടങ്ങിയൊതുങ്ങി കഴിയുന്ന പ്രതികരണശേഷി അറിയാത്ത ജനത!

മുസ്‌ലിം മുന്നേറ്റത്തിനു മുമ്പിൽ പേർഷ്യൻ സൈന്യം പിടിച്ചുനിൽക്കാനാവാതെ പിന്തിരിയുകയും രാജ്യാതിർത്തി ചുരുങ്ങിച്ചുരുങ്ങി വരികയുമായിരുന്നു. അപ്പോഴുമവർക്ക് പ്രാപ്തനായ ഒരാളെ രാജ്യഭരണം ഏൽപിക്കാനായില്ല. രാജഭരണത്തിന്റെ ഭാഗമായി അവിവേകിയായ ഒരു സ്ത്രീയെ അധികാരത്തിൽ വാഴിക്കുകയായിരുന്നു. ഇത് ആ രാജ്യത്തിന്റെയും സാമ്രാജ്യത്തിന്റെയും എന്നന്നേക്കുമായുള്ള തിരോധാനം വിളിച്ചറിയിക്കുന്നതായിരുന്നു. ദീർഘവീക്ഷകനും സൂക്ഷ്മജ്ഞാനിയുമായ പ്രവാചകൻ ഇതേപ്പറ്റിയുള്ള തന്റെ വിലയിരുത്തൽ സത്യസന്ധമായി രേഖപ്പെടുത്തുകയായിരുന്നു. ‘സ്ത്രീയെ അധികാരമേൽപിച്ച ജനത പരാജയമടഞ്ഞതുതന്നെ.’

നേരെ മറിച്ച് ആ അവസരം പേർഷ്യൻഭരണം കൂടിയാലോചനയിലധിഷ്ഠിതവും ഭരണാധികാരിയായ വനിത ഗോൾഡാമീറിനെപ്പോലൊരാളാവുകയും സൈനിക തീരുമാനങ്ങൾ ഉത്തരവാദപ്പെട്ടവരുടെ കരങ്ങളിൽ ആയിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ പ്രവാചകന്റെ വിലയിരുത്തൽ മറ്റൊരു വിധത്തിലായിരുന്നേനെ.”

ഉപര്യുക്ത പ്രവാചകവചനത്തെ സംബന്ധിച്ച് ഡോ. ജമാൽ ബദവി എഴുതുന്നു: “ഈ നബിവചനം സ്ത്രീകളെ ഭരണനേതൃത്വത്തിൽനിന്നും

മാറ്റിനിർത്താനുള്ള തെളിവായി വ്യാഖ്യാനിക്കപ്പെട്ടുവരുന്നുണ്ടെങ്കിലും പല പണ്ഡിതൻമാരും ഇതിനോട് യോജിക്കുന്നില്ല. നബിയുടെ കാലത്തെ പേർഷ്യൻ ഭരണാധികാരികൾ പ്രവാചകനോടും അദ്ദേഹം അവരുടെ അടുത്തേക്കയച്ച ദൂതനോടും കൊടിയ ശത്രുത കാണിച്ചവരായിരുന്നു. അതിനാൽ പേർഷ്യക്കാർ ഖുസ്രുവിന്റെ പുത്രിയെ തങ്ങളുടെ ഭരണാധികാരിയായി അംഗീകരിച്ച വാർത്തയോടുള്ള പ്രതികരണത്തെ, രാഷ്ട്രത്തിന്റെ ഭരണനേതൃത്വവുമായി ബന്ധപ്പെട്ട ലിംഗപ്രശ്നത്തിന്റെ വിശദീകരണമായല്ല, ആ മർദകസാമ്രാജ്യത്തിന്റെ ആസന്നപതനത്തെ സംബന്ധിച്ച പ്രവചനമെന്ന നിലയിലാണ് കാണേണ്ടത്. നബിയുടെ പ്രവചനം പിന്നീട് പുലരുകയും ചെയ്തു... അതിനാൽ ഈ നബിവചനം സ്ത്രീകളെ രാഷ്ട്രത്തിന്റെ ഭരണനേതൃത്വത്തിൽനിന്നും ഒഴിച്ചുനിർത്തിയേ പറ്റൂ എന്നുള്ളതിന് തെളിവാകുന്നില്ല.”

അതിനാൽ സ്ത്രീയെ ഭരണനേതൃത്വത്തിൽനിന്ന് വിലക്കുന്ന വ്യക്തവും ഖണ്ഡിതവുമായ ഖുർആൻ വാക്യമോ പ്രവാചക വചനമോ ഇല്ല. എങ്കിലും വളരെ അനിവാര്യ സാഹചര്യമില്ലെങ്കിൽ അതൊഴിവാക്കുന്നതാണുത്തമം. ഡോ. ജമാൽ ബദവി എഴുതുന്നു: “ഇസ്ലാമിന്റെ രാഷ്ട്രീയ വ്യവസ്ഥ വിശദീകരിക്കുന്നതിൽ പ്രസിദ്ധിയാർജിച്ച പ്രമുഖ നിയമ പണ്ഡിതൻ അബൂയഅ്ലാ രാഷ്ട്രത്തലവന്റെ യോഗ്യതകളിൽ ‘പുരുഷനായിരിക്കുക’ എന്നൊരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലെന്ന് അൽഖാസിമി നിരീക്ഷിക്കുന്നു. ഇവിടെ പക്ഷേ, ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇസ്ലാമിലെ രാഷ്ട്രത്തലവൻ വെറുമൊരു ചടങ്ങു തലവനല്ല. അദ്ദേഹം നമസ്കാരത്തിനു നേതൃത്വം കൊടുക്കുന്നു. ചിലപ്പോൾ നിരന്തരം യാത്രചെയ്യുന്നു. ഇതര രാഷ്ട്രത്തലവൻമാരുമായി- അവർ പലപ്പോഴും പുരുഷൻമാരായിരിക്കും- കൂടിയാലോചന നടത്തുന്നു; പലപ്പോഴും രഹസ്യ സംഭാഷണങ്ങളും. സ്ത്രീകൾക്ക് ഇത്തരം ബന്ധങ്ങളും ബാധ്യതകളും ദുർവഹമായിരിക്കുമെന്നതിൽ സംശയമില്ല. മാത്രമല്ല, സ്ത്രീ-പുരുഷൻമാർക്കിടയിലെ ശരിയായ പരസ്പരബന്ധങ്ങളെ സംബന്ധിച്ച് ഇസ്ലാമിക മാർഗ നിർദേശങ്ങളോട് അവ പൊരുത്തപ്പെടുകയില്ല.”

ഇത് രാഷ്ട്രത്തിന്റെ പരമോന്നത പദവിയെ സംബന്ധിച്ചു മാത്രം ബാധകമാകുന്ന കാര്യമാണ്. സ്ത്രീ അതിനുതാഴെയുള്ള സ്ഥാനങ്ങൾ വഹിക്കുന്നതിനെയോ സജീവ രാഷ്ട്രീയത്തിൽ ഇടപെടുന്നതിനെയോ ഇസ്ലാം വിലക്കുന്നില്ല. ഇറാൻ ഇസ്ലാമിക് റിപ്പബ്ലിക്കിലെ വൈസ് പ്രസിഡന്റുമാരിലൊരാളും അവിടത്തെ എം.പി.മാരിൽ പതിനാലു പേരും വനിതകളാണ്. ഇതര മുസ്ലിം നാടുകളുടെ സ്ഥിതിയും ഭിന്നമല്ല.

എങ്കിലും സ്ത്രീകളുടെ പ്രഥമവും പ്രധാനവുമായ ബാധ്യത വീടിന്റെ ഭരണവും മാതൃത്വപരമായ ഉത്തരവാദിത്തങ്ങളുടെ ശരിയായ നിർവഹണവുമാണെന്ന കാര്യം വിസ്മരിക്കാവതല്ല. വരുംതലമുറകളെ യഥാവിധി വാർത്തും വളർത്തിയുമെടുക്കുകയെന്നതിനെ ഇസ്ലാം ഒട്ടും നിസ്സാരമാ

യിക്കാണുന്നില്ലെന്നു മാത്രമല്ല, അതിപ്രധാന കൃത്യമായി പരിഗണിക്കുകയും ചെയ്യുന്നു. മാതൃത്വം ഭൂമിയിൽ ഏറ്റവും ആദരണീയവും മഹിതവുമാവാനുള്ള കാരണവും അതുതന്നെ.

## മുപ്പത്തഞ്ച്

# അനാഥ പൗത്രന്റെ അനന്തരാവകാശം

*“പരേതന് പുത്രനുള്ളപ്പോൾ അനാഥ പൗത്രൻ അനന്തരാവകാശിയാവുകയില്ല. ഈ നിയമം അന്യായമല്ലേ? അനാഥരോടുള്ള അതിക്രൂരമായ അനീതിയും? അനാഥ സംരക്ഷണത്തിന് അനല്പമായ പ്രാധാന്യം കല്പിക്കുന്ന ഇസ്‌ലാം അങ്ങനെ ചെയ്യുമോ? അതിനാൽ നിലവിലുള്ള അനന്തരാവകാശ വ്യവസ്ഥ അനിസ്‌ലാമികവും ഖുർആനിക സമീപനത്തിന് വിരുദ്ധവുമല്ലേ?”*

തീർച്ചയായും ഇസ്‌ലാം അനാഥസംരക്ഷണത്തിന് അതിയായ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. അവരോടുള്ള അവഗണന മതനിഷേധം തന്നെയാണ്. അല്ലാഹു പറയുന്നു: “നീ കണ്ടുവോ, മതത്തെ നിഷേധിക്കുന്നവനെ? അവനാകുന്നു അനാഥയെ അവഗണിക്കുന്നവൻ.” (ഖുർആൻ 107: 1, 2)

അനാഥയോട് പരുഷമായി പെരുമാറുന്നതുപോലും പാപമാണ്. പ്രവാചകനെ അഭിസംബോധനം ചെയ്ത് അല്ലാഹു ആജ്ഞാപിക്കുന്നു: “അതിനാൽ നീ അനാഥയോട് പരുഷമായി പെരുമാറരുത്. ചോദിച്ചു വരുന്നവരെ വിരട്ടരുത്.” (ഖുർആൻ 93: 9,10)

പിന്തുടർച്ചാവകാശത്തെപ്പറ്റി പറഞ്ഞേടത്തെല്ലാം പരിശുദ്ധ ഖുർആൻ പ്രയോഗിച്ചത് ‘വിട്ടേച്ചുപോയ സ്വത്ത്’ (4: 7, 176) എന്നാണ്. ഇതിൽ മൂന്നു പൊതു തത്ത്വങ്ങൾ അന്തർഭവിച്ചിരിക്കുന്നു.

1. ഇസ്‌ലാമിൽ അനന്തരാവകാശമാണുള്ളത്. അതിനാൽ അനന്തരമെടുക്കപ്പെടുന്ന ആളുടെ ജീവിതകാലത്ത് അയാളുടെ സ്വത്തിൽ ആർക്കും ഒരവകാശവുമില്ല.

2. പരേതന്റെ മരണസമയത്ത് ജീവിച്ചിരിക്കുന്ന പിന്തുടർച്ചക്കാർക്ക് മാത്രമേ ദായധനാവകാശമുണ്ടാവുകയുള്ളൂ.

3. പരേതന്റെ ജീവിതകാലത്ത് മരണപ്പെട്ട പിന്തുടർച്ചക്കാർക്ക് അയാ

ളുടെ അനന്തരസ്വത്തിൽ അവകാശമുണ്ടാവുകയില്ല. അനന്തരസ്വത്തു ണ്ടാവുന്നതിനു മുമ്പേ അവർ മരിച്ചുപോയി എന്നതുതന്നെ കാരണം.

അനന്തരാവകാശത്തിന്റെ അടിസ്ഥാനമായി അല്ലാഹു അംഗീകരിച്ചത് അടുത്ത ബന്ധമാണ്. 'മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചു പോയ സ്വത്ത്' എന്ന ഖുർആന്റെ പ്രയോഗം അതാണ് തെളിയിക്കുന്നത്. ആറു നിയമങ്ങൾ ഇതിന്റെ അനിവാര്യതയത്രെ:

1. പരേതന്റെ അടുത്ത ബന്ധുക്കൾ അതേ താവഴിയിലെ അകന്ന ബന്ധുക്കളുടെ അവകാശം തടയും.

2. ദായധന വിഭജനത്തിൽ അനന്തരാവകാശിയുടെ സാമ്പത്തികാവ സ്ഥയല്ല. പരേതനുമായുള്ള ബന്ധമാണ് പരിഗണിക്കപ്പെടുക.

3. ദായധന വിഭജനത്തിലെ അംഗീകൃത മാനദണ്ഡം വ്യക്തികളുടെ ആവശ്യങ്ങളോ അവശതകളോ അല്ല; ബന്ധത്തിന്റെ സ്വഭാവമാണ്.

4. മാതാപിതാക്കൾ, ഭാര്യാഭർത്താക്കൻമാർ, പുത്ര-പുത്രിമാർ എന്നി വരാണ് പരേതന്റെ അടുത്ത ബന്ധുക്കൾ. അവരുടെ സാന്നിധ്യത്തിൽ മറ്റാരും അവകാശികളാവുകയില്ല.

5. പിതാവുള്ളപ്പോൾ പിതാമഹനും മാതാവുള്ളപ്പോൾ ഉമ്മൂമ്മയും പുത്ര നുള്ളപ്പോൾ പൗത്രനും ദായധനാവകാശികളാവുകയില്ലെന്നത് ഇതിന്റെ അനിവാര്യതയത്രെ.

6. പിതാവില്ലാതിരിക്കെ പിതാമഹന്നും പുത്രനില്ലാത്തപ്പോൾ പൗത്ര ന്നും പിന്തുടർച്ചാവകാശം ലഭിക്കുന്നത് അവർ പിതാവിന്റെയും പുത്ര ന്റെയും പ്രതിനിധികളെന്ന നിലക്കല്ല; ഏറ്റവും അടുത്ത കണ്ണികളുടെ അഭാ വത്തിൽ അവകാശം തൊട്ടടുത്ത കണ്ണികളിലേക്ക് നീളുന്നതുകൊണ്ടാണ്.

ഉപര്യുക്ത കാരണങ്ങളാൽ പുത്രൻമാരുള്ളപ്പോൾ അവരുടെ മക്കൾക്ക് മാത്രമല്ല, നേരത്തെ മരിച്ചുപോയ പുത്രൻമാരുടെ മക്കൾക്കും പരേതന്റെ സ്വത്തിൽ വിഹിതമുണ്ടാവുകയില്ല. കാരണം, ഇവിടെ ദായധനാവകാശം കുടുംബശൃംഖലയിലെ ഏറ്റവും അടുത്ത കണ്ണിയായ പുത്രനുമായി ബന്ധ പ്പെടുന്നതിനാൽ അകന്ന കണ്ണിയായ പൗത്രനിലേക്കു നീളുന്നില്ല. പരി ശുദ്ധ ഖുർആനിൽനിന്നും പ്രവാചകചര്യയിൽനിന്നും, ഇന്നോളമുള്ള പ്രാമാ ണികരായ പണ്ഡിതൻമാരത്രയും മനസ്സിലാക്കിയതും ആചരിച്ചുപോന്ന തുമായ നിയമം ഇതത്രെ.

കേവല നിയമങ്ങൾകൊണ്ട് ഈ പ്രശ്നത്തിൽ സമ്പൂർണ നീതി നട പ്പാക്കുക സാധ്യമല്ല. ഇത് ഇസ്‌ലാമിന്റെ മാത്രം സ്ഥിതിയല്ല. മുഴുവൻ നിയ മവ്യവസ്ഥകളുടെയും അവസ്ഥയാണ്. ചില ഉദാഹരണങ്ങളിലൂടെ ഈ വസ്തുത ആർക്കും അനായാസം ഗ്രഹിക്കാവുന്നതാണ്.

1. പരേതന് നാലു മക്കളുണ്ടെന്ന് സങ്കല്പിക്കുക. മൂത്ത മകൻ 28 വയ സ്സുള്ള എഞ്ചിനീയറാണ്. സ്വന്തമായി സ്വത്തും വീടുമുണ്ട്. രണ്ടാമൻ ഇരു പത്തിനാലുകാരനായ ഡോക്ടറാണ്. മൂന്നാമൻ പന്ത്രണ്ട് വയസ്സുള്ള വിദ്യാർഥിയും, നാലാമൻ നാലു വയസ്സുകാരനും. സമ്പൂർണനീതിയെ സംബന്ധിച്ച ശുദ്ധ സങ്കല്പമനുസരിച്ച് സ്വത്തെല്ലാം ചെറിയ രണ്ട് കുട്ടി കൾക്കായി അവരുടെ പ്രായവ്യത്യാസമനുസരിച്ച് വീതിച്ചുകൊടുക്കുക

യാണ് വേണ്ടത്. മൂത്ത രണ്ടു പേർക്കും സ്വയം സമ്പാദിക്കാൻ സാധിക്കുമല്ലോ. എന്നാൽ, ഇവ്വിധം ദായധനം ഓഹരിവെക്കണമെന്ന് ഒരു നിയമവ്യവസ്ഥയും അനുശാസിക്കുന്നില്ല. അതൊട്ട് പ്രായോഗികവുമല്ല.

2. അനന്തരാവകാശികളായ രണ്ട് പുത്രൻമാരിൽ ഒരാൾ അംഗവൈകല്യത്താൽ അധ്വാനശേഷി കുറഞ്ഞവനും അപരൻ അരോഗദൃഢഗാത്രനുമാണെങ്കിൽ ദായധനത്തിന്റെ സിംഹഭാഗവും വികലാംഗന് നല്കിയാലേ നീതിയാവുകയുള്ളൂ. എന്നാൽ രണ്ടാൾക്കും തുല്യമായി ഭാഗിക്കാനല്ലാതെ ശാരീരികശക്തിയുടെ ഏറ്റക്കുറവനുസരിച്ച് അനന്തരാവകാശത്തിലെ അനുപാതം നിശ്ചയിച്ച ഒരു നിയമവ്യവസ്ഥയും ലോകത്തില്ല.

3. ഒരേ മാതാപിതാക്കളുടെ സന്താനങ്ങളെല്ലാം ബുദ്ധിശക്തിയിലും സാമർഥ്യത്തിലും സമൻമാരായിരിക്കില്ല, അസാമാന്യ കഴിവുള്ളവരും തീരെ മോശക്കാരുമുണ്ടായിരിക്കും. സമർഥൻമാർക്ക് വേഗം സമ്പാദിക്കാനും സുഖമായി ജീവിക്കാനും സാധിക്കുന്നതിനാൽ അവരുടെ ദായധനവിഹിതം മറ്റ് മക്കളെയപേക്ഷിച്ച് കുറയ്ക്കണമെന്ന് ആജ്ഞാപിക്കുന്ന പിന്തുടർച്ചാവകാശക്രമം എവിടെയും നിലവിലില്ല. ധൈഷണിക കഴിവിന്റെ തോതനുസരിച്ച് അനന്തരാവകാശത്തിലെ അനുപാത നിർണയം നടപ്പുള്ള കാര്യവുമല്ല.

ഇങ്ങനെ സമ്പൂർണനീതി നടപ്പാക്കാൻ കേവലനിയമങ്ങൾക്ക് സാധ്യമല്ലാത്തതിനാലാണ് ഈ മേഖലയിൽ ഇസ്ലാം മനുഷ്യന്റെ പരലോക വിശ്വാസത്തിലും ധർമബോധത്തിലും കാരുണ്യവികാരങ്ങളിലും ഊന്നൽ നല്കുന്നത്. അവയൊക്കെ ഉത്തേജിപ്പിച്ച് മാത്രമേ സാമ്പത്തികനീതി നടപ്പാക്കാനാവുകയുള്ളൂ.

പ്രാതിനിധ്യസിദ്ധാന്തമംഗീകരിച്ചാൽ മാത്രമേ പുത്രനുള്ളപ്പോൾ അനാഥ പൗത്രന് അനന്തരസ്വത്തിൽ വിഹിതമുണ്ടാവുകയുള്ളൂ. മരിച്ച പുത്രൻ ജീവിച്ചിരിപ്പുള്ളതായി സങ്കല്പിച്ച്, തൽസ്ഥാനത്ത് അയാളുടെ സന്താനങ്ങളെ പ്രതിനിധികളാക്കി ദായധനത്തിൽ വിഹിതം നൽകുന്ന സമ്പ്രദായമാണിത്. ഉദാഹരണമായി, Aഎന്ന വ്യക്തിക്ക്, B,C എന്നീ രണ്ട് പുത്രൻമാരുണ്ടെന്ന് സങ്കല്പിക്കുക. D,E,F എന്നിവർ Bയുടെ സന്താനങ്ങളാണ്. A ജീവിച്ചിരിക്കെതന്നെ B മരിച്ചു. പിന്നീട് A മരിച്ചാൽ B ജീവിച്ചിരിക്കുന്നവനായി പരിഗണിച്ച് Cയോടൊപ്പം D,E,F എന്നിവരെ Bയുടെ പ്രതിനിധികളാക്കി Aയുടെ അനന്തരസ്വത്ത് വിഭജിക്കലാണിത്. അപ്പോൾ C ക്ക് ലഭിക്കുന്ന വിഹിതം Bയുടെ മൂന്ന് മക്കൾക്കും കൂടി കിട്ടുന്നു.

ഇസ്ലാം ഈ പ്രാതിനിധ്യരീതി അംഗീകരിക്കുന്നില്ല. പ്രസ്തുത സിദ്ധാന്തം ഒട്ടേറെ പാളിച്ചകൾക്കും പിഴവുകൾക്കും വഴിവെക്കുന്നുവെന്നതുതന്നെ കാരണം.

1. അനന്തരാവകാശ വ്യവസ്ഥയിലെവിടെയെങ്കിലും പ്രാതിനിധ്യസിദ്ധാന്തം അംഗീകരിക്കുകയാണെങ്കിൽ എല്ലാ വശങ്ങളിലും അത് നടപ്പാക്കൽ നിർബന്ധമായിത്തീരും. ഭാര്യാഭർത്താക്കൻമാരും ഇതിൽനിന്നൊഴിവാകുകയില്ല. അതിനാൽ, ഭർത്താവിന്റെ മരണശേഷം ഭാര്യ മരിക്കുകയാണെങ്കിൽ ഭാര്യയുടെ അനന്തരസ്വത്തിൽ ഭർത്താവിനുള്ള വിഹിതം, മരിച്ച ഭർത്താവിന്റെ അടുത്ത ബന്ധുക്കൾക്ക് നല്കേണ്ടിവരും. അതുപോലെ,

ഭാര്യയുടെ ശേഷം ഭർത്താവ് മരിച്ചാൽ ഭാര്യയുടെ വിഹിതം അവരുടെ മാതാവ്, പിതാവ് പോലുള്ള ഉറ്റബന്ധുക്കൾക്ക് നല്കേണ്ടിവരും. ഇങ്ങനെ ചെയ്യണമെന്ന് ആരും വാദിക്കുമെന്നു തോന്നുന്നില്ല.

2. പിതാവ് ജീവിച്ചിരിപ്പില്ലാത്ത ഒരാൾ മരിച്ചാൽ ദായധനം വീതിക്കപ്പെടുമ്പോൾ അയാൾക്കു മുമ്പേ മരിച്ചുപോയ പിതാവിന്റെ പിന്തുടർച്ചക്കാരെയെല്ലാം പിതാവിന്റെ പ്രതിനിധികളായി പരിഗണിച്ച് അവകാശം നല്കേണ്ടിവരും. ഉദാഹരണത്തിന്, Aയുടെ മക്കളാണ് B, C, D. ഇതിൽ Bക്ക് E, F, G എന്നീ മക്കളാണുള്ളത്. ഇവരിൽ A നേരത്തെ മരണപ്പെട്ടു. പിന്നീട് B മരിക്കുമ്പോൾ ഭാര്യയോ മാതാവോ പിതാമഹനോ ഉമ്മൂമ്മയോ ഇല്ലെങ്കിൽ മുഴുവൻ ധനവും ശേഷക്കാരായ മക്കൾ E, F, G എന്നിവർക്കാണ് ലഭിക്കുക. എന്നാൽ, പ്രാതിനിധ്യ സിദ്ധാന്തം അംഗീകരിക്കുന്നുവെങ്കിൽ A ജീവിച്ചിരിക്കുന്നവനായി സങ്കല്പിച്ച് ആറിലൊന്ന് അയാൾക്ക് നീക്കിവെച്ച് മറ്റു മക്കളായ B, C എന്നിവരെ Aയുടെ പ്രതിനിധികളാക്കി അവർക്ക് നല്കേണ്ടിവരും. അപ്രകാരം മുമ്പേ മരണപ്പെട്ട മാതാവിന്റെ അടുത്ത ബന്ധുക്കളെ അവരുടെ പ്രതിനിധികളായി കണക്കാക്കി ആറിലൊന്ന് അവർക്കും, മരിച്ചുപോയ ഭാര്യയുടെ ഉറ്റവരെ അവരുടെ പ്രതിനിധികളാക്കി എട്ടിലൊന്ന് അവർക്കും കൊടുക്കൽ നിർബന്ധമായിത്തീരുന്നു. അതോടെ യുക്തിയുക്തവും വ്യവസ്ഥാപിതവുമായ അനന്തരാവകാശഘടന യുക്തിശൂന്യവും അവ്യവസ്ഥിതവുമായിത്തീരുന്നു. അങ്ങനെ അനാഥരായ പൗത്രൻമാരുടെ നേട്ടത്തിനുവേണ്ടി ഉണ്ടാക്കുന്ന അതേ വ്യവസ്ഥ അവരുടെ സ്വത്ത് മറ്റു ബന്ധുക്കളിലേക്ക് ഒഴുകിപ്പോകാനുള്ള അനേകം ചാലുകളായി പരിണമിക്കുന്നു.

3. വിശുദ്ധ ഖുർആനിലോ പ്രവാചകചര്യയിലോ വ്യക്തമാക്കുകയോ സൂചിപ്പിക്കുകയോ ചെയ്യാത്ത ഒരു നിയമം പുതുതായി നിർമിക്കുമ്പോൾ അതിന് പ്രാമാണികമായ അടിത്തറയില്ലെങ്കിൽ ബുദ്ധിപരമായ സാധുതയെങ്കിലും വേണം. അനാഥ പൗത്രൻമാരുടെ കാര്യത്തിൽ മാത്രം പ്രാതിനിധ്യസിദ്ധാന്തം അംഗീകരിക്കുകയും മറ്റെവിടെയും അത് പരിഗണിക്കാതിരിക്കുകയുമാണെങ്കിൽ അതിന് എന്തെങ്കിലും തെളിവോ ന്യായീകരണമോ അനിവാര്യമാണ്. ഇതൊന്നും ഇന്നോളം ആരും മുന്നോട്ടുവെച്ചിട്ടില്ല.

4. പ്രാതിനിധ്യസിദ്ധാന്തമംഗീകരിക്കുന്നുവെങ്കിൽ സഹോദര സഹോദരിമാർക്കും പിതൃവ്യൻമാർക്കും അവരുടെ പുത്രൻമാർക്കുമെല്ലാം അനന്തരാവകാശ നിയമം നിശ്ചയിച്ചത് അനാവശ്യമാണെന്ന് വാദിക്കേണ്ടിവരും. കാരണം, പരേതന് പിതാവുണ്ടെങ്കിൽ സഹോദരൻമാർക്കും മറ്റും അവകാശമുണ്ടായിരിക്കുകയില്ലല്ലോ; മറ്റ് ഓഹരിക്കാരുടേത് കഴിച്ചുള്ളതെല്ലാം അദ്ദേഹത്തിനാണല്ലോ ലഭിക്കുക. പ്രാതിനിധ്യ തത്ത്വമനുസരിച്ച് പിതാവ് ജീവിച്ചിരിപ്പില്ലെങ്കിലും ജീവിച്ചിരിക്കുന്നവനായി സങ്കല്പിച്ച് അദ്ദേഹത്തിന്റെ അടുത്ത ബന്ധുക്കളെ അയാളുടെ പ്രതിനിധികളാക്കി മുഴുവൻ സ്വത്തും അവർക്ക് നല്കേണ്ടിവരും. അതോടെ സഹോദരീ സഹോദരൻമാരുടെയും മറ്റും ഓഹരി നിർണയം തീരെ നിഷ്ഫലവും നിരർഥകവുമായിത്തീരുന്നു. അവർക്ക് ലഭിക്കുന്ന വിഹിതത്തിൽ സാരമായ മാറ്റം സംഭവിക്കുകയും

ചെയ്യുന്നു.

5. പ്രാതിനിധ്യസിദ്ധാന്തം പൗത്രൻമാർക്ക് ഇസ്‌ലാം നിശ്ചയിച്ച വിഹിതത്തിലും വ്യത്യാസം വരുത്തുന്നു. ഉദാഹരണത്തിന്, Aക്ക് B, C എന്നീ പുത്രൻമാരുണ്ട്. ഇവരിൽ B ക്ക് D എന്ന മകനും Cക്ക് E, F, G എന്നീ പുത്രൻമാരുമാണുള്ളത്. Aയുടെ മരണത്തിനു മുമ്പേ മക്കളായ Bയും Cയും പരലോകം പ്രാപിച്ചു. പിന്നീട് A മരണപ്പെടുകയാണെങ്കിൽ ഇസ്‌ലാമിക നിയമപ്രകാരം D, E, F, G എന്നീ പൗത്രൻമാർക്കെല്ലാം തുല്യാവകാശമാണുണ്ടാവുക. പ്രാതിനിധ്യ സിദ്ധാന്തമാണ് സ്വീകരിക്കുന്നതെങ്കിൽ Bയെ പ്രതിനിധീകരിക്കുന്ന Dക്ക് ലഭിക്കുന്ന വിഹിതം മാത്രമേ C യെ പ്രതിനിധീകരിക്കുന്ന E, F, G എന്നിവർക്കെല്ലാം കൂടി ഉണ്ടാവുകയുള്ളൂ. ഇത് ഇസ്‌ലാമിക വ്യവസ്ഥ തകർക്കുന്നതോടൊപ്പം തികച്ചും അനീതിയായിത്തീരുകയും ചെയ്യുന്നു.

6. ഇസ്‌ലാമിലെ അനന്തരാവകാശത്തിന്റെ അടിസ്ഥാനങ്ങളിൽ അതിപ്രധാനമായ ഒന്ന് അന്യോന്യമുള്ള സംരക്ഷണബാധ്യതയാണ്. പുത്രനുള്ളപ്പോൾ പിതാവിന്റെ സംരക്ഷണോത്തരവാദിത്തം പൗത്രന്നില്ല. അതേസമയം പൗത്രന്റെ സംരക്ഷണ ബാധ്യത പിതാമഹന്നാണ്. പിതാമഹനില്ലെങ്കിൽ പിതൃവ്യന്നും. അതുകൊണ്ടുതന്നെയാണ് പൗത്രന്റെ അനന്തര സ്വത്ത് പിതാമഹന്ന് ലഭിക്കുന്നത്. പ്രാതിനിധ്യസിദ്ധാന്തം അംഗീകരിക്കുന്നതോടെ ഈ അടിസ്ഥാനം പൂർണമായും തകരുന്നു. അല്ലെങ്കിൽ പിതാവിനെ പ്രതിനിധീകരിച്ച് പിതാമഹന്റെ സംരക്ഷണച്ചുമതല പൗത്രനിൽ വന്നുചേരുകയും ചെയ്യുന്നു. പുത്രനുള്ളപ്പോൾ അനാഥപൗത്രനെ ഇവ്വിധം ബാധ്യതകളേല്പിക്കുന്നത് തികച്ചും അനീതിയത്രെ.

പുരാതന അറേബ്യൻ സമൂഹത്തിൽ അനാഥരായ പൗത്രൻമാർക്ക് മാത്രമല്ല, അനാഥരായ പുത്രൻമാർക്കും അനന്തരാവകാശമുണ്ടായിരുന്നില്ല. പ്രായപൂർത്തിയെത്തിയ പുത്രൻമാർക്ക് മാത്രമേ പിന്തുടർച്ചാവകാശം ലഭിച്ചിരുന്നുള്ളൂ. എന്നാൽ, ഇസ്‌ലാം ഗർഭസ്ഥശിശു ഉൾപ്പെടെ മുഴുവൻ മക്കൾക്കും സ്വത്തവകാശമനുവദിച്ചു. എങ്കിലും വളരെ ഭദ്രവും ക്രമബന്ധിതവും വ്യവസ്ഥാപിതവുമായ ഇസ്‌ലാമിക അനന്തരാവകാശ ക്രമമനുസരിച്ച് നേരത്തെ വിവരിച്ച ന്യായമായ കാരണങ്ങളാൽ പുത്രൻ ജീവിച്ചിരിക്കെ അനാഥപൗത്രന് അനന്തരാവകാശമുണ്ടാവുകയില്ല. പുരാതന കാലത്തെ ഗോത്രസമൂഹ വ്യവസ്ഥയിൽ ഇത് ഒരു പ്രശ്നവും സൃഷ്ടിച്ചിരുന്നില്ല. കുടുംബത്തിലെ മുഴുവൻ അംഗങ്ങളെയും അന്യോന്യം അടുപ്പിച്ചുനിറുത്തുന്ന ശക്തമായ ഗോത്രചിന്ത സകലരുടെയും സംരക്ഷണം ഉറപ്പ് വരുത്തിയിരുന്നു. അന്നൊക്കെ അനാഥരുടെ പൂർണമായ സംരക്ഷണം അവരുടെ രക്ഷിതാവ് നല്ലപോലെ നിർവഹിച്ചുപോന്നിരുന്നു. പിതാമഹൻ, പിതൃവ്യൻ തുടങ്ങിയ അടുത്ത ബന്ധുക്കൾ അവരെ ഒട്ടും അവഗണിച്ചിരുന്നില്ല. ജനനത്തിനു മുമ്പേ പിതാവ് നഷ്ടപ്പെട്ട പ്രവാചകനെ പിതാമഹനും പിന്നീട് പിതൃവ്യനും സംരക്ഷിച്ച സംഭവം സുവിദിതമാണ്. ഇവിടെ പിതൃവ്യൻ പ്രവാചകനെ പോറ്റിവളർത്തുക മാത്രമല്ല, സ്വന്തം സന്താനങ്ങളെക്കാൾ സ്നേഹിക്കുകയും വളരെ പ്രതികൂലമായ പരിതഃസ്ഥിതിയിൽ അദ്ദേ

ഹത്തിനുവേണ്ടി പ്രമാണിവർഗത്തിന്റെ വിരോധം ഏറ്റുവാങ്ങുകയുമുണ്ടായി. ശക്തമായ കുടുംബബോധവും ഗോത്രചിന്തയും അതിൽ അനല്പമായ പങ്ക് വഹിച്ചിട്ടുണ്ട്. പരമ്പരാഗതമായി നിലനിന്നുപോന്നിരുന്ന ഈ കുടുംബവ്യവസ്ഥ ഇസ്‌ലാമിന്റെ ആഗമനാനന്തരവും തുടർന്നുപോന്നു. അതിനാലാണ് അനാഥ പേരക്കുട്ടികളുടെ അനന്തരാവകാശ പ്രശ്നം അടുത്ത കാലംവരെയും ചർച്ചാവിഷയമാവാതിരുന്നത്. ഇസ്‌ലാം ഉയർത്തിപ്പിടിച്ച ഉന്നതമായ ധാർമികതത്ത്വങ്ങളും മാനുഷികമൂല്യങ്ങളും കാരുണ്യവികാരങ്ങളും അതിൽ അനല്പമായ പങ്ക് വഹിച്ചിട്ടുണ്ട്.

എന്നാൽ, പഴയ ഗോത്രബോധത്തിന് മങ്ങലേല്ക്കുകയും അനാഥരുടെ സംരക്ഷണകാര്യത്തിൽ രക്ഷിതാക്കൾ അശ്രദ്ധ കാണിക്കുകയും ചെയ്യുന്ന ആധുനിക സമൂഹത്തിൽ അനാഥരായ പൗത്രൻമാരുടെ അനന്തരാവകാശപ്രശ്നം, പരലോകബോധം സൃഷ്ടിക്കുന്ന സ്നേഹ-കാരുണ്യ-വാത്സല്യ വികാരങ്ങൾക്കും ധാർമിക ചിന്തക്കും മാത്രം വിട്ടുകൊടുത്താൽ പോരെന്ന വളരെ ശക്തമായ അഭിപ്രായം ഉയർന്നുവന്നിരിക്കുന്നു. മുസ്‌ലിംലോകത്ത് ഇക്കാര്യം ഏറെ വിവാദങ്ങൾക്ക് വഴിമരുന്നിടുകയും ചില നിയമനിർമാണങ്ങൾക്ക് നിമിത്തമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അവയിൽ പലതും ഇസ്‌ലാമിക വ്യവസ്ഥയുടെ ചൈതന്യം ചോർത്തിക്കളയുന്നവയും മൗലികമായ പാളിച്ചകൾ പറ്റിയവയുമാണ്.[1]

എങ്കിലും പ്രശ്നത്തിന് ഇസ്‌ലാമികമായ പരിഹാരം അനിവാര്യമാണെന്ന് പല ആധുനിക പണ്ഡിതൻമാരും അംഗീകരിച്ചിട്ടുണ്ട്. ഇസ്‌ലാമിക നിയമവ്യവസ്ഥയുടെ ചട്ടക്കൂട്ടിലൊതുങ്ങിനിന്നുകൊണ്ട് അതെങ്ങനെ സാധിക്കുമെന്നതു മാത്രമാണ് പ്രശ്നം. ദായധനം ലഭിക്കാത്ത അടുത്ത ബന്ധുക്കൾക്ക് ഒസ്യത്ത് നിർബന്ധമാണെന്ന പൂർവപണ്ഡിതൻമാരുടെ അഭിപ്രായം ഇവിടെ ഏറെ പ്രസക്തമാകുന്നു. ത്വാവൂസ്, ഖതാദഃ, ഹസൻ ബസ്വരി, ജാബിർ, അബൂമിജ്‌ലസ്, മസ്റൂഖ്, ഇയാസ്, ഇബ്നു ജരീർ, സുഹ്‌രി പോലുള്ളവർ പ്രസ്തുത വീക്ഷണം അംഗീകരിച്ചവരാണ്. പ്രമുഖ കർമശാസ്ത്ര പണ്ഡിതനായ ഇബ്നുഹജരിൽ അസ്ഖലാനിയും ഇതേ പക്ഷക്കാരനാണ്. ഇപ്രകാരം തന്നെ അനന്തരാവകാശനിയമങ്ങളുടെ അവതരണത്തോടെ ഒസ്യത്ത് നിർബന്ധമാക്കുന്ന ഖുർആൻ വാക്യം ദുർബലപ്പെട്ടുവെന്ന വീക്ഷണത്തോട് വിയോജിക്കുന്നവരാണ് ഇബ്നു ഉമർ, ത്വൽഹഃ, സുബൈർ, അബ്ദുല്ലാഹിബ്നു ഉബയ്യ്, ശഅ്ബി, അത്വാഅ്, ഇസ്ഹാഖ്, ത്വബരി, ദാവൂദ് പോലുള്ളവർ.

ഏതായിരുന്നാലും അനാഥ പൗത്രൻമാർക്ക് ഒസ്യത്ത് ചെയ്യാൻ പിതാമഹൻ ധാർമികമായി ബാധ്യസ്ഥനാണ്. നിയമം മൂലം അതിനവരെ നിർബന്ധിക്കാമെന്ന് പല ആധുനിക പണ്ഡിതൻമാരും പറഞ്ഞിട്ടുണ്ട്. പ്രമുഖ ഈജിപ്ഷ്യൻ ഗ്രന്ഥകാരനായ മുഹമ്മദ് അബൂസഹ്റ,[2] മുഹമ്മദ് സകരി

1. വിശദവിവരങ്ങൾക്ക് ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ് പ്രസിദ്ധീകരിച്ച വി.എ. കബീറിന്റെ 'ശരീഅത്തും ഇന്ത്യൻ മുസ്‌ലിംകളും.' പേജ് 180-192
2. 'അഹ്കാമുത്തരീഖാതി വൽ മവാരീസി,' പേജ് 323-324
3. 'അൽമീറാസു വൽവസ്വിയ്യതു ഫിൽഇസ്‌ലാം', പേജ് 175, 176

യ്യൽ ബർദീസി[3] പോലുള്ളവരെല്ലാം ഇത്തരം നിയമനിർമാണങ്ങളെ അനുകൂലിച്ചിട്ടുണ്ട്.

മുഹമ്മദ് അബൂസഹ്റ ഇക്കാര്യത്തിൽ വ്യക്തമായ മാർഗനിർദേശം നല്കിയിട്ടുണ്ട്. അതനുസരിച്ച് അനാഥ പൗത്രൻമാരുടെ പിതാവ് ജീവിച്ചിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന സ്വത്തോ ഒസ്യത്ത് അനുവദിക്കപ്പെട്ട ആകെ സ്വത്തിന്റെ മൂന്നിലൊന്നോ ഏതാണ് കുറവെങ്കിൽ അത്രയും പരേതന്റെ സ്വത്തിൽനിന്നെടുത്ത് അനാഥ പൗത്രൻമാർക്ക് നല്കുകയും ബാക്കി യഥാർഥ അവകാശികൾക്കിടയിൽ വിഭജിക്കുകയുമാണ് വേണ്ടത്. ഉദാഹരണമായി, പരേതന് പുത്രനും രണ്ട് പുത്രിമാരും മാതാപിതാക്കളും മരണമടഞ്ഞ മകന്റെ മകളുമാണുള്ളതെങ്കിൽ മാതാപിതാക്കൾക്ക് ആറിലൊന്ന് വീതവും ബാക്കി മക്കൾക്കുമാണല്ലോ ലഭിക്കുക. മരണമടഞ്ഞ മകൻ ജീവിച്ചിരുന്നുവെങ്കിൽ ശേഷിച്ചതിന്റെ ആറിൽ രണ്ട് ($^2/_6$) അഥവാ ആകെ സ്വത്തിന്റെ പതിനെട്ടിൽ നാല് ( $^4/_{18}$) ആണ് അയാൾക്കുണ്ടാവുക. ഒസ്യത്ത് ചെയ്യാവുന്ന പരമാവധി സ്വത്തിനെക്കാൾ അത് കുറവാകയാൽ അത്രയും ധനം അനന്തരസ്വത്തിൽനിന്നെടുത്ത് അനാഥ പൗത്രിക്ക് നല്കുകയും ശേഷിക്കുന്നത് അവകാശികൾക്കിടയിൽ വിഭജിക്കുകയും ചെയ്യുന്നതാണ്. അഥവാ പരേതന് പുത്രനും മരിച്ച പുത്രന്റെ പുത്രനുമാണുള്ളതെങ്കിൽ മരിച്ച മകൻ ജീവിച്ചിരിക്കുന്നതായി സങ്കല്പിച്ച് കിട്ടാവുന്ന വിഹിതമായ ആകെ സ്വത്തിന്റെ പാതി പൗത്രന് നല്കാവതല്ല. കാരണം, അത് ഒസ്യത്ത് ചെയ്യാവുന്ന പരമാവധിയായ മൂന്നിലൊന്നിൽ കൂടുതലാണ്. ഇത്തരം ഘട്ടങ്ങളിൽ മൂന്നിലൊന്ന് പൗത്രനുവേണ്ടി നീക്കിവെക്കേണ്ടതാണ്. ഇവ്വിധം ഒസ്യത്ത് ചെയ്യാൻ പിതാമഹൻമാരെ നിയമം വഴി നിർബന്ധിക്കാമെന്ന വീക്ഷണം നിരാകരിക്കേണ്ട ഒരാവശ്യവുമില്ല.

നമ്മുടേതുപോലെ നിയമം വഴി ഒസ്യത്ത് നിർബന്ധമാക്കാത്ത നാടുകളിൽ പുത്രനോ പുത്രിയോ പരലോകം പ്രാപിക്കുമ്പോൾതന്നെ അവരിലെ അനാഥ പേരക്കുട്ടികൾക്ക് ഒസ്യത്ത് ചെയ്യാൻ പിതാമഹൻമാർ നിഷ്കർഷ പുലർത്തേണ്ടതാണ്. ഇങ്ങനെ അനാഥ പൗത്രപ്രശ്നം പരി

ഹരിക്കാൻ കഴിഞ്ഞാൽ ഇസ്ലാം വളരെ പ്രാധാന്യം നല്കിയ അനാഥ സംരക്ഷണത്തിന് പാതയൊരുക്കാൻ അത് സഹായകമായിത്തീരും. പിന്തുടർച്ചാവകാശം ലഭിക്കാത്ത അടുത്തബന്ധുക്കൾക്ക് ഒസ്യത്ത് ചെയ്യൽ നിർബന്ധമാണെന്ന് അഭിപ്രായമില്ലാത്ത പണ്ഡിതൻമാരും അത് വളരെ പ്രബലമായ പുണ്യകർമമാണെന്ന് പറഞ്ഞിട്ടുണ്ടെന്ന വസ്തുത പ്രത്യേകം പ്രസ്താവ്യമത്രെ.

## മുപ്പത്താറ്

# ബലികർമവും ജീവകാരുണ്യവും

*"കാരുണ്യത്തെക്കുറിച്ച് ഏറെ പറയുന്ന ഇസ്ലാം മൃഗങ്ങളോടും മറ്റു ജീവികളോടും കാണിക്കാറുള്ളത് ക്രൂരതയല്ലേ? അവയെ അറുക്കുന്നത് ശരിയാണോ?"*

ഭൂമിയിലെ എല്ലാറ്റിനോടും കാരുണ്യം കാണിക്കണമെന്ന് ഇസ്ലാം കല്പിക്കുന്നു. പ്രവാചകൻ പറഞ്ഞു: "ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക. ഉപരിലോകത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും."(ത്വബ്റാനി)

"കരുണയില്ലാത്തവന് കാരുണ്യം കിട്ടുകയില്ല."(ബുഖാരി, മുസ്ലിം)

"നിർഭാഗ്യവാനല്ലാതെ കരുണയില്ലാത്തവനാവതേയില്ല."(അബൂദാവൂദ്)

ഭൂമിയിലെ ജീവികളെയെല്ലാം ഇസ്ലാം മനുഷ്യരെപ്പോലുള്ള സമുദായമായാണ് കാണുന്നത്. അല്ലാഹു പറയുന്നു: "ഭൂമിയിലെ ഏതൊരു ജന്തുവും രണ്ടു ചിറകുകളാൽ പറക്കുന്ന ഏതൊരു പക്ഷിയും നിങ്ങളെപ്പോലുള്ള ചില സമുദായങ്ങൾ മാത്രമാകുന്നു."(ഖുർആൻ 6: 38)

മനുഷ്യർ ധിക്കാരികളാകുമ്പോഴും മഴവർഷിക്കുന്നത് ഇതര ജീവികളെ പരിഗണിച്ചാണെന്ന് പ്രവാചകൻ പഠിപ്പിക്കുന്നു. "ജനം സകാത്ത് നല്കാതിരുന്നാൽ മഴ നിലക്കുമായിരുന്നു. ജന്തുക്കൾ കാരണമായാണ് എന്നിട്ടും മഴ വർഷിക്കുന്നത്."(ഇബ്നുമാജ)

ജീവനുള്ള ഏതിനെ സഹായിക്കുന്നതും സേവിക്കുന്നതും പുണ്യകർമമത്രെ. പ്രവാചകൻ പറയുന്നു: "പച്ചക്കരളുള്ള ഏതൊരു ജീവിയുടെ കാര്യത്തിലും നിങ്ങൾക്കു പുണ്യമുണ്ട്."(ബുഖാരി)

നബിതിരുമേനി അരുൾ ചെയ്യുന്നു: "ഒരാൾ ഒരു വഴിയിലൂടെ നടന്നു പോകവേ ദാഹിച്ചുവലഞ്ഞു. അയാൾ അവിടെ ഒരു കിണർ കണ്ടു. അതി

ലിറങ്ങി വെള്ളം കുടിച്ചു. പുറത്തുവന്നപ്പോൾ ഒരു നായ ദാഹാധിക്യ ത്താൽ മണ്ണ് കപ്പുന്നതു കണ്ടു. 'ഈ നായക്ക് കഠിനമായ ദാഹമുണ്ട്; എനിക്കുണ്ടായിരുന്നപോലെ!' എന്ന് ആത്മഗതം ചെയ്ത് അയാൾ കിണ റ്റിലിറങ്ങി. ഷൂവിൽ വെള്ളം നിറച്ച് വായകൊണ്ട് കടിച്ചുപിടിച്ച് കരക്കു കയറി നായയെ കുടിപ്പിച്ചു. ഇതിന്റെ പേരിൽ അല്ലാഹു അയാളോട് നന്ദി കാണിച്ചു. അയാൾക്കു പൊറുത്തു കൊടുത്തു." ഇതുകേട്ട് അവിടത്തെ അനുചരന്മാർ ചോദിച്ചു: മൃഗങ്ങളുടെ കാര്യത്തിലും ഞങ്ങൾക്കു പ്രതി ഫലമുണ്ടോ? പ്രവാചകൻ പ്രതിവചിച്ചു: പച്ചക്കരളുള്ള എല്ലാറ്റിന്റെ കാര്യ ത്തിലും നിങ്ങൾക്കു പ്രതിഫലമുണ്ട്."(ബുഖാരി, മുസ്‌ലിം)

മറ്റൊരു സംഭവം പ്രവാചകൻ ഇങ്ങനെ വിവരിക്കുന്നു: "ഒരു നായ കിണറ്റിനുചുറ്റും ഓടിനടക്കുകയായിരുന്നു. കഠിനമായ ദാഹം കാരണം അതു ചാവാറായിരുന്നു. അതുകണ്ട ഇസ്റാഈല്യരിൽപെട്ട ഒരു വ്യഭി ചാരി തന്റെ ഷൂ അഴിച്ച് അതിൽ വെള്ളമെടുത്ത് അതിനെ കുടിപ്പിക്കു കയും സ്വയം കുടിക്കുകയും ചെയ്തു. അതിന്റെ പേരിൽ അല്ലാഹു അവർക്ക് പൊറുത്തുകൊടുത്തു."(ബുഖാരി)

ഏതു ജീവിയേയും ദ്രോഹിക്കുന്നത് പാപമാകുന്നു. പ്രവാചകനത് ശക്തമായി വിലക്കുന്നു. നബിതിരുമേനി അരുൾചെയ്യുന്നു: "പൂച്ച കാരണം ഒരു സ്ത്രീ ശിക്ഷിക്കപ്പെട്ടു. അവളതിനെ വിശന്നുചാകുവോളം കെട്ടിയി ട്ടു. അങ്ങനെ അവർ നരകാവകാശിയായി." (ബുഖാരി, മുസ്‌ലിം)

"ഒരു കുരുവിയെയോ അതിനെക്കാൾ ചെറിയ ജീവിയെയോ അന്യാ യമായി വധിക്കുന്നത് അല്ലാഹുവോട് ഉത്തരം പറയേണ്ട കാര്യമാണ്. 'ന്യായമായ ആവശ്യമെന്തെന്ന്' ചോദിച്ചപ്പോൾ അവിടന്ന് പറഞ്ഞു: ഭക്ഷ ണമുണ്ടാക്കലും ബലിയറുക്കലും കൊന്നശേഷം വെറുതെ ഉപേക്ഷിക്കാ തിരിക്കലും."(അഹ്മദ്)

വിനോദത്തിന് ജീവികളെ കൊല്ലുന്നതും പരസ്പരം പോരടിപ്പിച്ച് മത്സ രിപ്പിക്കുന്നതും പ്രവാചകൻ നിരോധിച്ചിരിക്കുന്നു. (മുസ്‌ലിം, തിർമുദി)

ഇപ്രകാരം തന്നെ മൃഗങ്ങളെ കല്ലെറിയുന്നതും തേനീച്ച, ഉറുമ്പ്, കുരുവി പോലുള്ളവയെ കൊല്ലുന്നതും അവിടന്ന് വിലക്കിയിരിക്കുന്നു.( മുസ്‌ലിം, അബൂദാവൂദ്)

നബിതിരുമേനി അരുൾ ചെയ്യുന്നു: "ആരെങ്കിലും ഒരു പക്ഷിയെ അനാ വശ്യമായി വധിച്ചാൽ അന്ത്യദിനത്തിൽ അത് അലമുറയിട്ടുകൊണ്ട് അല്ലാ ഹുവോട് പറയും: എന്റെ നാഥാ! ഇന്നയാൾ എന്നെ അനാവശ്യമായി കൊന്നിരിക്കുന്നു. ഉപയോഗത്തിനു വേണ്ടിയല്ല അയാളെന്നെ വധിച്ചത്."(ന സാഈ, ഇബ്നുഹിബ്ബാൻ)

തണുപ്പകറ്റാൻ തീയിട്ട അനുചരന്മാരോട്, ഉറുമ്പ് കരിയാൻ കാരണ മാകുമോ എന്ന ആശങ്കയാൽ അത് കെടുത്താൻ കല്പിക്കുകയും ഒട്ടകത്തെ കെട്ടിയിട്ട് അതിന് ആഹാരം നൽകാതെ പട്ടിണിക്കിട്ടവനെ ശക്തമായി ശാസിക്കുകയും മൃഗങ്ങളുടെ മുഖത്ത് മുദ്രവെക്കുന്നതും പുറത്ത് ചൂടു വെക്കുന്നതും വിലക്കുകയും ജന്തുക്കളുടെ പുറംഭാഗം 'ഇരിപ്പിട'മാക്കരു തെന്ന് ആജ്ഞാപിക്കുകയും ചെയ്ത പ്രവാചകൻ വൃക്ഷങ്ങളോടുപോലും കരുണ കാണിക്കണമെന്ന് ഉപദേശിക്കുകയുണ്ടായി. മരത്തിനുനേരെ കല്ലെ

റിഞ്ഞ കുട്ടിയോട് അവിടന്ന് പറഞ്ഞു: “ഇനിമേൽ നീ ഒരു മരത്തേയും കല്ലെറിയരുത്. കല്ലുകൊണ്ടാൽ അതിനു വേദനിക്കും.”

ഇവ്വിധം ഈ പ്രപഞ്ചത്തിലെ എല്ലാറ്റിനോടും നിറഞ്ഞ കാരുണ്യ ത്തോടെ വർത്തിക്കണമെന്നാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്.

ആഹാരമില്ലാതെ ഇവിടെ ഒന്നിനും ജീവിക്കാനാവില്ല. സസ്യങ്ങളും പ്രാണികളും ഇഴജീവികളും ജലജീവികളും കന്നുകാലികളും പറവകളു മെല്ലാം ജീവിക്കുന്നത് ഭക്ഷണം ഉപയോഗിച്ചാണ്. അത് സാധ്യമാവണമെ ങ്കിൽ ഓരോന്നിനും മറ്റുള്ളവയെ ഉപയോഗപ്പെടുത്തുകതന്നെ വേണം. സസ്യങ്ങൾ നിലനിൽപിനായി മറ്റു സസ്യങ്ങളെ ഉപയോഗിക്കുന്നു. അപൂർവം ചിലത് ജീവികളെയും ആഹാരമായുപയോഗിക്കാറുണ്ട്. പ്രാണി കൾ സസ്യങ്ങളെയും മറ്റു ജീവികളെയും ഭക്ഷിക്കുന്നു. വായുവിലും വെള്ള ത്തിലും കരയിലും കടലിലുമുള്ള ജീവികളെല്ലാം നിലനിൽക്കുന്നത് സസ്യ ങ്ങളെയും മറ്റു ജീവികളെയും ആഹാരമായുപയോഗിച്ചാണ്. ഇവയിൽ ഓരോ ജീവിക്കും അതിന്റെ ശരീരഘടനക്കനുസൃതമായ ജീവിതരീതിയാ ണുള്ളത്. മുയൽ സസ്യഭുക്കായതിനാൽ അതിനനുസൃതമായ പല്ലും വയ റുമാണ് അതിനുള്ളത്. സിംഹം മാംസഭുക്കായതിനാൽ അതിന്റെ വായ യുടെയും വയറിന്റെയും ഘടന അതിനു ചേരുംവിധമാണ്.

മനുഷ്യൻ സസ്യാഹാരവും മാംസാഹാരവും ഉപയോഗിക്കാൻ സാധി ക്കുംവിധമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. തീർത്തും സസ്യഭുക്കുകളായ ആട്, പശു, ചെമ്മരിയാട് തുടങ്ങിയവയുടെ പല്ലുകൾ സസ്യാഹാരം മാത്രം കഴിക്കാൻ കഴിയുംവിധം പരന്നതും നിരപ്പായതുമാണല്ലോ. പൂർണമായും മാംസഭുക്കായ കടുവ പോലുള്ളവയുടേത് കൂർത്തതും മൂർച്ചയുള്ളതുമ ത്രേ. എന്നാൽ, മനുഷ്യനു രണ്ടിനും പറ്റുന്ന പല്ലുകളുണ്ട്. പരന്നതും നിര പ്പായതുമായ പല്ലുകളോടൊപ്പം മൂർച്ചയുള്ളവയും കൂർത്തവയുമുണ്ട്. അഥ വാ, മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതുതന്നെ മിശ്രഭുക്കായാണ്.

ദഹനേന്ദ്രിയങ്ങളുടെ സ്ഥിതിയും ഇതുതന്നെ. സസ്യഭുക്കുകൾക്ക് സസ്യാഹാരം മാത്രം ദഹിപ്പിക്കാവുന്നതും മാംസഭുക്കുകൾക്ക് അതിനനു സൃതമായതുമാണ് ദഹനേന്ദ്രിയങ്ങളെങ്കിൽ മനുഷ്യന്റേത് രണ്ടിനെയും ദഹി പ്പിക്കാവുന്ന വിധമുള്ളവയാണ്. പല്ലുകളുടെയും ദഹനവ്യവസ്ഥയുടെയും അവസ്ഥതന്നെ മനുഷ്യൻ മിശ്രഭുക്കാണെന്ന് അസന്ദിഗ്ധമായി തെളിയി ക്കുന്നു.

ഈ ഭൂമിയും അതിലുള്ളവയുമൊക്കെ മനുഷ്യസമൂഹത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവയാണ്. അഥവാ, മനുഷ്യനാണ് ഭൂമിയുടെ കേന്ദ്രബിന്ദു. അല്ലാഹു പറയുന്നു: “ആകാശഭൂമികളിലുള്ളതൊക്കെയും നിങ്ങൾക്ക് അധീ നപ്പെടുത്തിത്തന്നത് നിങ്ങൾ കാണുന്നില്ലേ? പ്രത്യക്ഷവും പരോക്ഷവു മായ അനുഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തി രിക്കുന്നു.”(ഖുർആൻ 31: 20)

“കാലികളിൽനിന്ന് ഭാരം ചുമക്കുന്നവയും അറുത്തു ഭക്ഷിക്കാനുള്ള വയും അവൻ സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾക്ക് അല്ലാഹു നല്കിയ തിൽനിന്ന് ഭക്ഷിച്ചുകൊള്ളുക. പിശാചിന്റെ കാൽപാടുകളെ പിന്തുടരരു ത്. അവൻ നിങ്ങളുടെ പ്രത്യക്ഷശത്രുവാകുന്നു.”(ഖുർആൻ 6: 142)

"ഉറപ്പായും നിങ്ങൾക്ക് കന്നുകാലികളിൽ ഗുണപാഠമുണ്ട്. അവയുടെ ഉദരത്തിൽനിന്നുള്ളതിൽനിന്ന് നിങ്ങൾക്കു നാം കുടിക്കാൻ തരുന്നു. നിങ്ങൾക്ക് അവയിൽ ധാരാളം പ്രയോജനങ്ങളുണ്ട്. അവയിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും ചെയ്യുന്നു."(ഖുർആൻ 23: 21)

"നിങ്ങൾക്കു പുതുമാംസം എടുത്തു ഭക്ഷിക്കാനും നിങ്ങൾക്കണിയാനുള്ള ആഭരണം പുറത്തെടുക്കാനും പാകത്തിൽ കടലിനെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നതും അല്ലാഹുവാകുന്നു."(ഖുർആൻ 16: 14)

ഭൂമിയിലുള്ളതൊക്കെയും മനുഷ്യനുവേണ്ടി സംവിധാനിക്കപ്പെട്ടതാണെന്ന തത്വത്തെ നിരാകരിക്കുന്നവരും പ്രയോഗത്തിൽ അതിനനുസൃതമായ സമീപനമാണ് സ്വീകരിക്കാറുള്ളത്. മനുഷ്യൻ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ ഭൂമിയെ ഉഴുതുമറിക്കുന്നു. അതിൽ കിണറുകളും കുളങ്ങളും കുഴിക്കുന്നു. റോഡുകളും പാലങ്ങളും നിർമിക്കുന്നു. വീടുകൾ ഉണ്ടാക്കുന്നു. ഇതൊക്കെ ചെയ്യുമ്പോൾ അവിടെയുള്ള പ്രാണികൾക്കും ഇതര ജീവികൾക്കും എന്തു സംഭവിക്കുന്നുവെന്ന് പരിഗണിക്കാറില്ല. എല്ലാ ജീവികൾക്കും ഒന്നുപോലെ അവകാശപ്പെട്ട ഭൂമിയിലാണ് താൻ റോഡും കിണറുമൊക്കെ ഉണ്ടാക്കുന്നതെന്നോർക്കാറില്ല. ഇപ്രകാരം തന്നെ സസ്യങ്ങളെയും ഫലവൃക്ഷങ്ങളെയും വിളകളെയുമെല്ലാം മനുഷ്യൻ തന്റെ താൽപര്യത്തിനായുപയോഗിക്കുന്നു. അതിനാൽ ഭൂമിയും അതിലുള്ളവയും മനുഷ്യനുവേണ്ടി സജ്ജമാക്കപ്പെട്ടതാണെന്ന സത്യത്തെ പ്രയോഗതലത്തിൽ അംഗീകരിക്കാത്ത ആരുമില്ല.

ഒരു ജീവിയെയും കൊല്ലുകയില്ല എന്നതാണ് അഹിംസകൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെങ്കിലും അതിനനുസൃതമായി ജീവിതം നയിക്കുന്ന ആരും ഈ ഭൂമിയിലില്ല. മാംസാഹാരം കഴിക്കാത്തവർ സസ്യാഹാരം ഭക്ഷിക്കുന്നവരാണല്ലോ. സസ്യങ്ങൾക്ക് ജീവനും വികാരവുമുണ്ടെന്നത് സുസമ്മതസത്യമത്രെ. അതിനാൽ മാംസഭുക്കുകളെപ്പോലെ, സസ്യഭുക്കുകളും ജീവഹാനിവരുത്തുന്നവരും സസ്യങ്ങളെ വേദനിപ്പിക്കുന്നവരുമാണ്.

ഏതു മനുഷ്യനും ശരീരത്തിൽ മുറിവുപറ്റിയാൽ അതിലെ വിഷാണുക്കളെ മരുന്നുപയോഗിച്ചു കൊല്ലുന്നു. ഉദരത്തിലെ കൃമികളെ നശിപ്പിക്കുന്നു. കൊതുകുകൾ മുട്ടയിട്ടുവിരിയുന്ന കെട്ടിനിൽക്കുന്ന മലിനജലത്തിൽ വിഷം തളിച്ച് അവയെ കൊല്ലുന്നു. മൂട്ടയെയും കൊതുകിനെയും നശിപ്പിക്കുന്നു. ചുരുക്കത്തിൽ, ഏതെങ്കിലും ജീവിയെ ഹനിക്കാതെ ആരും എവിടെയുമില്ല; ഉണ്ടാവുക സാധ്യവുമല്ല.

മനുഷ്യസമൂഹത്തിന്റെ സുഗമമായ നിലനിൽപിനായി വിഷാണുക്കളെ കൊല്ലാമെങ്കിൽ അതേ കാര്യത്തിൽ ഏറ്റം നല്ല പോഷകാഹാരമെന്ന നിലയിൽ മാംസം ഉപയോഗിക്കാവുന്നതാണ്. പ്രോട്ടീൻ, ഇരുമ്പ്, വിറ്റാമിൻ ബി. 1, നിയാസിൻ തുടങ്ങിയവ മാംസാഹാരത്തിൽ ധാരാളമായി ഉണ്ടെന്നത് അനിഷേധ്യമാണ്. സസ്യങ്ങളെയും പ്രാണികളെയും അണുക്കളെയും മറ്റും തങ്ങളുടെ നിലനിൽപിന്നായി കൊല്ലാമെന്ന് തീരുമാനിച്ചവർ ജനകോടികൾക്ക് ആഹാരമായി മാറുന്ന മാംസം ഉപേക്ഷിക്കണമെന്ന് പറയുന്നത് തീർത്തും നിരർഥകമത്രെ.

അതുകൊണ്ടുതന്നെ, ജീവജാലങ്ങളോട് പരമാവധി കാരുണ്യം കാണി

ക്കാൻ കൽപിക്കുന്ന ഇസ്‌ലാം അവയുടെ മാംസം ഭക്ഷിക്കുന്നത് അനുവദനീയമാക്കി. ലോകത്തിലെ കോടിക്കണക്കിന് ജനങ്ങൾ ജീവിതം നയിക്കുന്നത് മാംസാഹാരം ഉപയോഗിച്ചാണ്. അത് വിലക്കുന്നത് സാമൂഹ്യ ദ്രോഹവും ജനവിരുദ്ധവുമാണ്.

മാംസം അനുവദനീയമാകാൻ ജീവികളെ ദൈവനാമമുച്ചരിച്ച് അറുക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹവും കാരുണ്യവും അനുസരിച്ചുകൊണ്ടായിരിക്കണം മറ്റെല്ലാ കർമങ്ങളുമെന്നപോലെ അവന്റെ സൃഷ്ടിയായ ജീവിയെ അനിവാര്യമായ ആവശ്യത്തിന് ഉപയോഗപ്പെടുത്തേണ്ടതെന്ന് ഇതു പഠിപ്പിക്കുന്നു. അതോടൊപ്പം ഉരുവിന് പരമാവധി സൗകര്യം നൽകിയും പ്രയാസം ലഘൂകരിച്ചുമായിരിക്കണം അറവെന്ന് കണിശമായി കല്പിക്കുകയും ചെയ്യുന്നു. പ്രവാചകൻ പറയുന്നു: “അല്ലാഹു എല്ലാ കാര്യങ്ങളിലും നന്മ നിശ്ചയിച്ചിരിക്കുന്നു. അതിനാൽ നിങ്ങൾ കൊല്ലുന്നുവെങ്കിൽ നല്ല നിലയിലത് നിർവഹിക്കുക. അറുക്കുന്നുവെങ്കിൽ അതും നല്ലനിലയിലാക്കുക. കത്തിയുടെ വായ്ത്തല മൂർച്ച കൂട്ടി ഉരുവിന് സൗകര്യം ചെയ്യുക.”(മുസ്‌ലിം)

ഒരിക്കൽ ഒരാൾ നബിതിരുമേനിയോടു പറഞ്ഞു: “ഞാൻ ആടിനെ അറുക്കുമ്പോൾ ദയ കാണിക്കാറുണ്ട്.” ഇതുകേട്ട് പ്രവാചകൻ പ്രതിവചിച്ചു: “നീ അതിനോടു കരുണ കാണിച്ചാൽ അല്ലാഹു നിന്നോടും കരുണ കാണിക്കും.”(ഹാകിം)

ഒരാൾ അറുക്കാനുള്ള ആടിനെ അതിന്റെ കാലു പിടിച്ചുവലിച്ചു കൊണ്ടുപോവുന്നതു കാണാനിടയായ ഉമറുൽ ഫാറൂഖ് പറഞ്ഞു: “നിനക്കു നാശം! അതിനെ നല്ലനിലയിൽ മരണത്തിലേക്കു നയിക്കുക.”

ഇസ്‌ലാമിനെപ്പോലെ ഹൈന്ദവ ധർമത്തിലും മാംസാഹാരം അനുവദനീയമാണ്. അത് മാംസഭക്ഷണം വിലക്കുന്നുവെന്ന ധാരണ അബദ്ധമാണ്. പല മഹർഷിമാരും പുണ്യവാളന്മാരും മാംസാഹാരം കഴിക്കുന്നവരായിരുന്നുവെന്ന് പുരാണങ്ങൾ വ്യക്തമാക്കുന്നു. ശ്രീരാമൻ വനവാസത്തിന് അയക്കപ്പെട്ടപ്പോൾ, എനിക്കു രുചികരമായ മാംസത്തളിക ഉപേക്ഷിക്കേണ്ടിവരുമെന്ന് മാതാവിനോട് പറഞ്ഞിരുന്നതായി അയോധ്യാകാണ്ഡത്തിലെ 20, 26, 94 ശ്ലോകങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഇത് ശ്രീരാമന് മാംസഭക്ഷണത്തോട് പ്രിയമുണ്ടായിരുന്നതായി വ്യക്തമാക്കുന്നു.

ബൃഹദാരണ്യകോപനിഷത്ത് പറയുന്നു: “എനിക്കു പണ്ഡിതനും പ്രസിദ്ധനും സഭകളിൽ പോകുന്നവനും മറ്റുള്ളവർ കേൾക്കാൻ ആഗ്രഹിക്കുന്ന വാക്കുകൾ പറയുന്നവനുമായ പുത്രനുണ്ടാവണം, അവൻ എല്ലാ വേദങ്ങളും പഠിക്കണം, ആറ് വർഷം ജീവിക്കണം എന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ മാംസത്തോടുകൂടിയ ഭക്ഷണം പാകം ചെയ്ത് നെയ്യോടുകൂടി രണ്ടുപേരും കഴിക്കണം. അങ്ങനെയുള്ള പുത്രനെ ജനിപ്പിക്കാൻ അവർ ശക്തരാവും. മാംസം ഉക്ഷത്തിന്റെയോ ഋഷഭത്തിന്റെയോ ആകാം.”(6-4-18)

## ബലിയുടെ ആത്മാവ്

*“എന്നാലും ഹജ്ജിലും പെരുന്നാളിലും നടത്തുന്ന ബലികർമം ശരിയാണോ? എന്തിനാണിത്ര കൂടുതൽ ജീവികളെ കൊല്ലുന്നത്?”*

ചരിത്രത്തിന്റെ ഇരുളടഞ്ഞ ഇടനാഴികകളിൽ ഇടക്കിടെ നടന്നുകൊണ്ടിരുന്ന നരബലിയെന്ന അത്യാചാരത്തിന് അറുതിവരുത്തിയ മഹൽസംഭവത്തിന്റെ അനുസ്മരണമാണ് ഇസ്‌ലാമിലെ ബലി. ഒപ്പം അസദൃശമായ ആത്മത്യാഗത്തിന്റെ ഓർമപുതുക്കലിലൂടെയുള്ള സമർപ്പണപ്രതിജ്ഞയും.

പ്രായമേറെയായിട്ടും ഇബ്‌റാഹീം പ്രവാചകന്നു സന്താനങ്ങളുണ്ടായില്ല. അതീവ ദുഃഖിതനായ അദ്ദേഹം ദൈവത്തോടു സന്താനലബ്ധിക്കായി മനംനൊന്തു കേണു. നിരന്തര പ്രാർഥനക്കൊടുവിൽ പ്രപഞ്ചനാഥൻ അദ്ദേഹത്തിന് ഒരു മകനെ പ്രദാനം ചെയ്തു. ഇസ്മാഈൽ എന്നു വിളിക്കപ്പെട്ട ആ ഇഷ്ടപുത്രൻ കൂടെ നടക്കാറായപ്പോൾ അവനെ ബലി നൽകണമെന്ന ദൈവശാസനയുണ്ടായി. പിതാവും പുത്രനും ദൈവകൽപന പാലിച്ച് ബലിക്കൊരുങ്ങി. അപ്പോൾ, മകനെ അറുക്കേണ്ടതില്ലെന്നും പകരം മൃഗത്തെ ബലിനൽകിയാൽ മതിയെന്നും ദൈവശാസനയുണ്ടായി.

'എന്തുകിട്ടു'മെന്ന ചോദ്യമുണർത്താനാണല്ലോ ഭൗതികജീവിതവീക്ഷണം മനുഷ്യനെ എപ്പോഴും പ്രേരിപ്പിക്കുക. എന്നാൽ, 'എന്തു നൽകാനാവും' എന്ന ചിന്തയും ചോദ്യവുമാണ് മതം എപ്പോഴും വിശ്വാസികളിലുണർത്തുക. അതിനു 'പ്രയാസപ്പെട്ടതെന്തും' എന്ന് ജീവിതത്തിലൂടെ മറുപടി നൽകാനുള്ള പ്രചോദനമാണ് ബലി സൃഷ്ടിക്കുന്നത്.

തനിക്കേറ്റം പ്രിയപ്പെട്ടതുൾപ്പെടെ എന്തും ദൈവത്തിനു സമർപ്പിക്കാൻ സന്നദ്ധനായ ഇബ്‌റാഹീം പ്രവാചകന്റെ ത്യാഗപൂർണമായ ഈ പ്രവൃത്തിയുടെ പ്രതീകാത്മകമായ ആവർത്തനമാണ് ഹജ്ജിലെയും അതിനോടനുബന്ധിച്ച പെരുന്നാളിലെയും ബലി. തനിക്കേറ്റം ഇഷ്ടപ്പെട്ടതുൾപ്പെടെ ആവശ്യമായതൊക്കെ നൽകാൻ ഒരുക്കമാണെന്നതിന്റെ പ്രതിജ്ഞയും പ്രഖ്യാപനവുമാണത്. പണമോ പദവിയോ പ്രതാപമോ പ്രശസ്തിയോ പെണ്ണോ പൊന്നോ കുലമോ കുടുംബമോ അന്തസ്സോ അധികാരമോ ഒന്നും തന്നെ ദൈവഹിതത്തിനെതിരായ ജീവിതത്തിനു കാരണമാവില്ലെന്ന ദൃഢവിശ്വാസത്തിന്റെ പ്രകാശനം കൂടി അതിലുണ്ട്.

സർവപ്രധാനമെന്ന് കരുതുന്നവയുടെ സമർപ്പണമാണല്ലോ ഏവർക്കും ഏറെ പ്രയാസകരം. താനതിനൊരുക്കമാണെന്ന് വിശ്വാസി ബലിയിലൂടെ വിളംബരം ചെയ്യുന്നു. പ്രത്യക്ഷത്തിൽ അതൊരു ജീവൻ ഹനിക്കലാണ്. എന്നാൽ, അതിന്റെ ആന്തരാർഥം അതിമഹത്തരമത്രെ. പ്രപഞ്ചനാഥന്റെ പ്രീതിക്കായി ഏറെ പ്രിയംകരമായതൊക്കെ കൊടുക്കാനും പ്രയാസകരമായത് ചെയ്യാനും തയ്യാറാണെന്ന പ്രതിജ്ഞയും അതുൾക്കൊള്ളുന്നു. അതിനാലാണ് ഖുർആൻ അതിനെ സംബന്ധിച്ച് ഇങ്ങനെ പറഞ്ഞത്: "അവയുടെ മാംസമോ രക്തമോ ദൈവത്തെ പ്രാപിക്കുന്നില്ല. മറിച്ച്, അവനെ പ്രാപിക്കുന്നത് നിങ്ങളുടെ അർപ്പണബോധമാകുന്നു."(22: 37)

ഇസ്‌ലാമിലെ ദൈവാരാധനകളേറെയും സമൂഹത്തിനു പൊതുവിലും അവരിലെ അഗതികൾക്കും അശരണർക്കും വിശേഷിച്ചും ഗുണം ചെയ്യുന്നവയാണ്. ബലിയും അവ്വിധം തന്നെ. അല്ലാഹു ആജ്ഞാപിക്കുന്നു: "അതിൽനിന്ന് നിങ്ങൾ സ്വയം ഭക്ഷിക്കുക. പ്രയാസപ്പെടുന്ന ആവശ്യക്കാരെ ആഹരിപ്പിക്കുകയും ചെയ്യുക."(ഖുർആൻ 22: 28)

സന്തോഷത്തിന്റെ സന്ദർഭങ്ങളിലെല്ലാം ദൈവത്തോടുള്ള നന്ദിപ്രകടനത്തിന്റെ ഭാഗമായി അവന്റെ സൃഷ്ടികളായ മനുഷ്യർക്ക്; പ്രത്യേകിച്ചും

അവരിലെ പാവങ്ങൾക്ക് അന്നദാനം നടത്തുന്നത് നല്ലതാണെന്ന് ഇസ്‌ലാം നിർദേശിക്കുന്നു. ആഹാരപദാർഥങ്ങളിൽ ഏറ്റം പോഷകാംശമുള്ളതും ഉത്തമവും മാംസഭക്ഷണമായതിനാൽ അതു നൽകുന്നതിൽ ഉദാരമതികളായ വിശ്വാസികൾ നിഷ്കർഷത പുലർത്തുകയും ചെയ്യുന്നു. ലോകത്തിന്റെ ഏതു ഭാഗത്തെ, ഏതു ജനവിഭാഗത്തിന്റേതായാലും മാംസവിഭവങ്ങളില്ലാത്ത സൽക്കാരത്തളികകൾ വളരെ വളരെ വിരളമത്രെ.

## മുപ്പത്തേഴ്

# ഇസ്‌ലാമും ഭീകരവാദവും

*"ലോകമെങ്ങുമുള്ള മുസ്‌ലിംകൾ ഭീകരവാദികളും തീവ്രവാദികളുമാകാൻ കാരണം ഇസ്‌ലാമല്ലേ?"*

അല്പം വിശദീകരണമർഹിക്കുന്ന ചോദ്യമാണിത്. 1492 മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ ദുരന്തത്തിന്റെ വർഷമായിരുന്നു. നീണ്ട നിരവധി നൂറ്റാണ്ടുകാലം ശാസ്ത്ര-സാങ്കേതിക രംഗങ്ങളിലും കലാ,സാഹിത്യ, സാംസ്കാരിക, നാഗരിക, വൈജ്ഞാനിക മേഖലകളിലും ലോകത്തിന് നേതൃത്വം നൽകിപ്പോന്ന മുസ്‌ലിം സ്പെയിനിലെ അവസാനത്തെ ഭരണാധികാരി അബൂ അബ്ദുല്ലയായിരുന്നു. ഗ്രാനഡെ നഗരം മാത്രമേ അദ്ദേഹത്തിന്റെ അധീനതയിലുണ്ടായിരുന്നുള്ളൂ. 1492 ജനുവരി അവസാനത്തോടെയാണ് അയാളെ പുറംതള്ളി സ്പാനിഷുകാർ അവിടെ ആധിപത്യമുറപ്പിച്ചത്. സ്പെയിനിന്റെ പതനം പൂർത്തിയായ അതേ വർഷമാണ് സാമ്രാജ്യത്വാധിനിവേശം ആരംഭിച്ചതെന്ന വസ്തുത ഏറെ ശ്രദ്ധേയമത്രെ. 1492-ലാണല്ലോ കൊളംബസ് തന്റെ 'കണ്ടെത്തൽ' യാത്രക്ക് തുടക്കം കുറിച്ചത്.

അതേവർഷം ഒക്ടോബർ 12-ന് അയാൾ ഗ്വാനാഹാനി ദ്വീപിലെത്തി. ആയുധങ്ങളുമായി കപ്പലിറങ്ങിയ കൊളംബസും കൂട്ടുകാരും, അതുമുതൽ ആ നാട് സ്പാനിഷ് രാജാവിന്റേതായിരിക്കുമെന്ന് പ്രഖ്യാപിച്ചു. തദ്ദേശീയരെ അവർക്കറിയാത്ത സ്പാനിഷ് ഭാഷയിലുള്ള ഉത്തരവ് വായിച്ചു കേൾപ്പിച്ചു. അത് അനുസരിച്ചില്ലെങ്കിൽ എന്താണ് സംഭവിക്കുകയെന്ന് ഇങ്ങനെ വിശദീകരിച്ചു: "ഞാൻ ഉറപ്പിച്ചു പറയുന്നു, ദൈവസഹായത്താൽ ഞങ്ങൾ നിങ്ങളുടെ രാജ്യത്ത് ബലമായി പ്രവേശിക്കും. നിങ്ങളോട് ആവുംവിധം യുദ്ധം ചെയ്യും. നിങ്ങളെ ക്രിസ്ത്യൻ പള്ളിക്കും തമ്പ്രാക്കന്മാർക്കും കീഴ്പെടുത്തും. നിങ്ങളെയും ഭാര്യമാരെയും കുട്ടികളെയുമെല്ലാം പിടികൂടി

അടിമകളാക്കും. നിങ്ങളുടെ സാമാനങ്ങൾ പിടിച്ചടക്കും. ഞങ്ങളാലാവുന്ന എല്ലാ ദ്രോഹവും നാശവും നിങ്ങൾക്ക് വരുത്തും"(David E Stannard, American Holocaust, The conquest of the New World, OUP 1993, P 66) ( ഉദ്ധരണം: പരാന്നഭോജികൾ: പാശ്ചാത്യവൽക്കരണത്തിന്റെ അഞ്ഞൂറു വർഷം, ഐ. പി.എച്ച്, പുറം 17)

ഇതോടെയാണ് യൂറോപ്പിന്റെ അധിനിവേശം ആരംഭിച്ചത്. മുസ്ലിം സ്പെയിൻ തകർന്ന് കൃത്യം ആറുവർഷം കഴിഞ്ഞ് 1498-ലാണല്ലോ വാസ്കോഡഗാമ കോഴിക്കോട്ട് കപ്പലിറങ്ങിയത്.

1492-ൽ അമേരിക്കയിൽ ഏഴരകോടിക്കും പത്തുകോടിക്കുമിടയിൽ ആദിവാസികളുണ്ടായിരുന്നു. യൂറോപ്യൻ അധിനിവേശത്തെത്തുടർന്ന് ഒന്നര നൂറ്റാണ്ടുകൊണ്ട് അവരിൽ 90 ശതമാനവും സ്വന്തം മണ്ണിൽനിന്ന് തുടച്ചുനീക്കപ്പെട്ടു. ക്രൂരമായ കൂട്ടക്കൊലകളിലൂടെ തദ്ദേശീയരെ നശിപ്പിച്ചശേഷം 1776-ലെ 'സ്വാതന്ത്ര്യപ്രഖ്യാപനത്തോടെ' യൂറോപ്യർ അമേരിക്ക അധീനപ്പെടുത്തുകയായിരുന്നു. തീർത്തും അനീതിയിലും അതിക്രമത്തിലും അധിഷ്ഠിതമായ ഈ പ്രഖ്യാപനത്തിലൂടെയാണ് ഇന്നത്തെ അമേരിക്ക സ്ഥാപിതമായത്.

1527-ൽ പോർച്ചുഗീസുകാർ ബഹ്റൈൻ പിടിച്ചടക്കി. തൊട്ടുടനെ ഒമാനും കീഴ്പ്പെടുത്തി. എങ്കിലും ഉസ്മാനികൾ ആ നാടുകൾ തിരിച്ചുപിടിച്ചു. പിന്നീട് 1798-1801 കാലത്ത് നെപ്പോളിയന്റെ ഫ്രഞ്ച് സേന ഈജിപ്തിലെ അലക്സാണ്ട്രിയ, അക്കാ നഗരങ്ങൾ അധീനപ്പെടുത്തി.

പിന്നിട്ട രണ്ട് നൂറ്റാണ്ടുകൾ അറബ് -മുസ്ലിം നാടുകൾ ഇതര ഏഷ്യനാഫ്രിക്കൻ രാജ്യങ്ങളെപ്പോലെത്തന്നെ പാശ്ചാത്യാധിനിവേശത്തിന്റേതായിരുന്നു. ഫ്രാൻസ് 1830-ൽ അൾജീരിയയും 1859-ൽ ജിബൂട്ടിയും 1881-ൽ തുനീഷ്യയും 1919-ൽ മൗറിത്താനിയയും അധീനപ്പെടുത്തി. ഇറ്റലി 1859-ൽ സോമാലിയയും 1911-ൽ ലിബിയയും 1880-ൽ ഐറിത്രിയയും കീഴ്പ്പെടുത്തി. ബ്രിട്ടൻ 1800-ൽ മസ്കത്തും 1820-ൽ ഒമാന്റെ ബാക്കി ഭാഗവും 1839-ൽ ഏതനും 1863-ൽ ബഹ്റൈനും 1878-ൽ സൈപ്രസും 1882-ൽ ഈജിപ്തും 1898-ൽ സുഡാനും 1899-ൽ കുവൈതും പിടിച്ചടക്കി. 1916-ൽ ബ്രിട്ടനും ഫ്രാൻസും ചേർന്നുണ്ടാക്കിയ സൈക്സ്-പിക്കോട്ട് രഹസ്യ കരാറനുസരിച്ച് ഉസ്മാനിയാ ഖലീഫയുടെ കീഴിലുണ്ടായിരുന്ന അറബ് പ്രവിശ്യകൾ ബ്രിട്ടനും ഫ്രാൻസും പങ്കിട്ടെടുത്തു. അങ്ങനെ ഇറാഖും ജോർദാനും ഫലസ്തീനും ഖത്തറും ബ്രിട്ടന്റെയും സിറിയയും ലബനാനും ഫ്രാൻസിന്റെയും പിടിയിലമർന്നു. മൊറോക്കോ സ്പെയിനിന്റെയും ഇന്തോനേഷ്യ ഡച്ചുകാരുടെയും കോളനികളായി. ഇന്ത്യയും അഫ്ഗാനിസ്ഥാനുമെല്ലാം സാമ്രാജ്യശക്തികളുടെ പിടിയിലമർന്നപോലെത്തന്നെ.

കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യപാദം പിന്നിട്ടതോടെ പടിഞ്ഞാറിന്റെ കോളനികളിലെല്ലാം സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു. തദ്ഫലമായി 1932-ൽ ഇറാഖും '46-ൽ സിറിയയും ലബനാനും '51-ൽ ലിബിയയും ഒമാനും '52-ൽ ഈജിപ്തും '56-ൽ മൊറോക്കോയും സുഡാനും തുനീഷ്യയും '58-ൽ ജോർദാനും '59-ൽ മൗറിത്താനിയയും '60-ൽ സോമാലിയയും '61-ൽ കുവൈത്തും '62-ൽ അൾജീരിയയും '68-ൽ യമനും '71-ൽ ഖത്തറും

ബഹ്റൈനും അറബ് എമിറേറ്റ്സും '77-ൽ ജിബൂട്ടിയും സ്വാതന്ത്ര്യം നേടി.

എന്നാൽ, സാമ്രാജ്യശക്തികൾ ഈ നാടുകളോട് വിടപറഞ്ഞത് അവിടങ്ങളിലടക്കം അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന ഏകാധിപതികളും സ്വേച്ഛാധികാരികളുമായ രാജാക്കന്മാരെയും ചക്രവർത്തിമാരെയും സുൽത്താന്മാരെയും പ്രതിഷ്ഠിച്ച ശേഷമായിരുന്നു. അതോടൊപ്പം ഈ നാടുകൾക്കിടയിലെല്ലാം അപരിഹാര്യങ്ങളായ അതിർത്തിത്തർക്കങ്ങളും ഉണ്ടാക്കിവെച്ചു. യമനും സൗദി അറേബ്യയും തമ്മിലും ഇറാനും ഇറാഖും തമ്മിലും ഇറാഖും കുവൈത്തും തമ്മിലും ഇറാനും യു.എ.ഇയും തമ്മിലും ഇനിയും പരിഹരിക്കപ്പെടാത്ത തർക്കങ്ങൾ നിലനിൽക്കാനുള്ള കാരണം സാമ്രാജ്യത്വശക്തികൾ ചെയ്തുവെച്ച കുതന്ത്രങ്ങളത്രെ. അറബ്-മുസ്ലിം നാടുകൾ ഒന്നിക്കുന്നതിന് ഈ അതിർത്തി തർക്കങ്ങൾ സ്ഥിരമായ തടസ്സം സൃഷ്ടിക്കുന്നതോടൊപ്പം പലപ്പോഴും കിടമൽസരത്തിന് കാരണമായിത്തീരുകയും ചെയ്യുന്നു. അമേരിക്കക്കും ഇതര മുതലാളിത്ത നാടുകൾക്കും അവിടങ്ങളിലെ പെട്രോളും വാതകവും ഇതര അസംസ്കൃത പദാർഥങ്ങളും തട്ടിയെടുക്കാനും ആ നാടുകളെ തങ്ങളുടെ ആയുധക്കമ്പോളമാക്കി മാറ്റാനും ഇത് അവസരമൊരുക്കുന്നു.

സാമ്രാജ്യശക്തികൾ തന്നെ സൃഷ്ടിച്ച തർക്കത്തിന്റെ പേരിലാണല്ലോ ഇറാഖും കുവൈത്തും തമ്മിലേറ്റുമുട്ടിയത്. ഇത് അമേരിക്കക്ക് മേഖലയിൽ ഇടപെടാൻ അവസരമൊരുക്കി. അതുതന്നെയായിരുന്നുവല്ലോ അവരുടെ ലക്ഷ്യം. അറബ്-മുസ്ലിം നാടുകൾ സ്വാതന്ത്ര്യം നേടിയശേഷവും അവിടങ്ങളിലെല്ലാം പടിഞ്ഞാറിന്റെ അദൃശ്യസാമ്രാജ്യത്വവും ചൂഷണവും നിയന്ത്രണവും ഇന്നോളം നിലനിന്നുപോന്നിട്ടുണ്ട്. ആ രാജ്യങ്ങൾക്കൊന്നും തന്നെ സ്വന്തം നാടുകളിലെ വിഭവങ്ങൾ ഇഷ്ടാനുസൃതം വിനിയോഗിക്കാനോ നിയന്ത്രിക്കാനോ സാധിച്ചിട്ടില്ല. അവിടങ്ങളിലെ ഭരണാധികാരികൾ അറിഞ്ഞോ അറിയാതെയോ നിർബന്ധിതമായോ അല്ലാതെയോ പടിഞ്ഞാറിന്റെ താൽപര്യങ്ങൾ സംരക്ഷിച്ചുവരികയായിരുന്നു.

ഇറാഖിൽ ഇടപെടാൻ അവസരം ലഭിച്ചതോടെ അമേരിക്ക അറബ് നാടുകളുടെ മേലുള്ള പിടിമുറുക്കുകയും തങ്ങളുടെ പട്ടാളത്തെ തീറ്റിപ്പോറ്റുന്ന ചുമതലയും സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്ന ബാധ്യതയും ആ നാടുകളുടെ മേൽ വെച്ചുകെട്ടുകയും ചെയ്തു. ഇന്ന് എല്ലാ പ്രധാന അറബ് നാടുകളിലും അമേരിക്കക്ക് ആയുധശാലകളും സൈനികത്താവളങ്ങളുമുണ്ട്. അത് അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെടുന്നതും ഈ സാമ്രാജ്യത്വ ചൂഷണത്തിന് അറുതിവരുത്തണമെന്ന് വാദിക്കുന്നതും കൊടിയ പാതകമായാണ് പാശ്ചാത്യസാമ്രാജ്യ ശക്തികൾ കണക്കാക്കുന്നത്.

കഴിഞ്ഞ നൂറ്റാണ്ടിലെ അവസാനദശകം വരെ ലോകത്ത് ശാക്തികമായ സന്തുലിതത്വം നിലനിന്നിരുന്നു. എന്നാൽ സോഷ്യലിസ്റ്റ് ചേരി ദുർബലമായി ചരിത്രത്തിന്റെ ഭാഗമായതോടെ ശീതസമരം അവസാനിച്ചു. ലോകം അമേരിക്കയുടെ നേതൃത്വത്തിൽ ഏകധ്രുവമായി മാറി. ഗൾഫ് യുദ്ധത്തിൽ അമേരിക്കൻ ചേരി വിജയിച്ചതോടെ ആ രാജ്യം ലോകപോലീസ് ചമയാൻ തുടങ്ങി. തങ്ങളുടെ താൽപര്യങ്ങൾക്ക് എതിരു നിൽക്കുന്നവരെയെല്ലാം തീവ്രവാദികളും ഭീകരവാദികളുമായി മുദ്രകുത്തുകയും അവരെയൊക്കെ

തകർക്കാൻ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു.

പാശ്ചാത്യ ചേരി കമ്യൂണിസ്റ്റ് നാടുകളുടെ തകർച്ചയോടെ തങ്ങളുടെ മുഖ്യശത്രുവായി പ്രതിഷ്ഠിച്ചത് ഇസ്‌ലാമിനെയാണ്. അമേരിക്കയും അതിന്റെ നേതൃത്വത്തിലുള്ള നാറ്റോയും ഇക്കാര്യം സംശയലേശമന്യേ വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ലോകമെങ്ങുമുള്ള ഇസ്‌ലാമിക നവോത്ഥാന ചലനങ്ങളെയും മുന്നേറ്റങ്ങളെയും അടിച്ചമർത്താനും നശിപ്പിക്കാനും അമേരിക്കയും കൂട്ടാളികളും ആവുന്നതൊക്കെ ചെയ്യുന്നു. അതിനായി ആടിനെ പട്ടിയാക്കും വിധമുള്ള പ്രചാരവേലകൾ സംഘടിപ്പിക്കുന്നു. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരെ മതമൗലികവാദം, മതഭ്രാന്ത്, ഭീകരത, തീവ്രവാദം തുടങ്ങിയ പദങ്ങൾ നിരന്തരം നിർലോഭം പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. 1993-ൽ അമേരിക്കൻ കോൺഗ്രസ്സ് അംഗീകരിച്ചു പുറത്തിറക്കിയ കേവലം 93 പുറങ്ങളുള്ള 'പുതിയ ലോക ഇസ്‌ലാമിസ്റ്റുകൾ' എന്ന ഔദ്യോഗിക രേഖയിൽ 288 പ്രാവശ്യം ഭീകരത, ഭീകരർ എന്നീ പദങ്ങൾ പ്രയോഗിച്ചിട്ടുണ്ട്. സയണിസ്റ്റ് പ്രസ്ഥാനത്തോട് കൂറുപുലർത്തുന്ന ഫാൻഫോറെയ്സ്റ്റ്, യോസഫ് സോദാൻസ്കി എന്നിവരാണ് പ്രസ്തുത രേഖ തയ്യാറാക്കിയത്.

യഥാർഥത്തിൽ ആരാണ് ലോകത്ത് കൂട്ടക്കൊലകളും യുദ്ധങ്ങളും ഭീകരപ്രവർത്തനങ്ങളും നടത്തുന്നത്? ഒന്നാം ലോകയുദ്ധത്തിൽ 80 ലക്ഷവും രണ്ടാം ലോകയുദ്ധത്തിൽ അഞ്ചുകോടിയും വിയറ്റ്നാമിൽ മുപ്പതു ലക്ഷവും കൊല്ലപ്പെട്ടു. പനാമയിലും ഗോട്ടിമലയിലും നിക്കരാഗ്വയിലും കമ്പൂച്ചിയയിലും കൊറിയയിലും ദക്ഷിണാഫ്രിക്കയിലുമെല്ലാം അനേകലക്ഷങ്ങൾ അറുകൊല ചെയ്യപ്പെടുകയുണ്ടായി. ഇതിലൊന്നും ഇസ്‌ലാമിന്നോ മുസ്‌ലിംകൾക്കോ ഒരു പങ്കുമില്ല.

ജപ്പാൻ യുദ്ധത്തിൽനിന്ന് പിന്മാറാൻ തയ്യാറായിട്ടും ഹിരോഷിമയിലും നാഗസാക്കിയിലും ബോംബ് വർഷിച്ച കൊടും ഭീകരനായ അമേരിക്കതന്നെയാണ് ഇന്നും ആ പേരിന്നർഹൻ. തങ്ങളുടെ കുടില താൽപര്യങ്ങൾക്കെതിരു നിൽക്കുന്ന എല്ലാ നാടുകളെയും സമൂഹങ്ങളെയും ആ രാജ്യം എതിർക്കുന്നു. സ്വന്തം വരുതിയിൽ വരാത്ത നാടുകളിലെല്ലാം ഭീകരപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. ചാരസംഘടനയായ സി.ഐ.എയെയും ഭീകരപ്രവർത്തകരായ സയണിസ്റ്റുകളെയും അതിനായി ഉപയോഗിക്കുന്നു. ആഭ്യന്തര പ്രശ്നങ്ങൾ ഒഴിവാക്കാൻ പോലും ലോകത്ത് യുദ്ധങ്ങളുണ്ടാക്കുന്നു. അമേരിക്കൻ രാഷ്ട്രീയവൃത്തങ്ങളിൽ നിറഞ്ഞുനിൽക്കുന്ന മിസ്റ്റർ റോസ്പെറോ പറയുന്നു: "ആഭ്യന്തരസ്ഥിതി മോശമാകുമ്പോൾ ശ്രദ്ധ തിരിച്ചുവിടാനായി ഞങ്ങൾ ലോകത്ത് കൊച്ചുകൊച്ചു യുദ്ധങ്ങൾ സംഘടിപ്പിക്കുന്നു."

ഇവ്വിധം കഴിഞ്ഞ ഒരു നൂറ്റാണ്ടിനകം അമേരിക്ക ലോകത്തിലെ അമ്പതിലേറെ രാജ്യങ്ങളിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെട്ട് കുഴപ്പങ്ങൾ കുത്തിപ്പൊക്കുകയും കൂട്ടക്കൊലകൾ സംഘടിപ്പിക്കുകയുമുണ്ടായി. ഇത്തരമൊരു ഭീകരരാഷ്ട്രത്തിന്റെ പ്രചാരണമാണ് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച തെറ്റിദ്ധാരണകൾ വളർന്നുവരാനിടവരുത്തിയത്. എല്ലാ വിധ പ്രചാരണോപാധികളും കയ്യടക്കിവെക്കുന്ന അമേരി

ക്കയുടെ കുടിലതന്ത്രങ്ങൾ ലോകജനതയെ തെറ്റിദ്ധരിപ്പിക്കുന്നതിൽ അനല്പമായ പങ്കുവഹിക്കുകയാണുണ്ടായത്.

യഥാർഥത്തിൽ, ഇന്ന് ലോകത്തിലെ ഏറ്റവും കൊടിയ ഭീകരകൃത്യം നടത്തുന്നത് സമാധാനത്തിന്റെ സംരക്ഷകരായി അറിയപ്പെടുന്ന ഐക്യരാഷ്ട്രസഭയുടെ സെക്യൂരിറ്റി കൗൺസിലാണ്. ഏതെങ്കിലും ഒരു രാജ്യത്തെ ഭരണാധികാരിയോടുള്ള ശത്രുതയുടെ പേരിൽ ആ രാജ്യത്തിന്റെ യാത്രാവിമാനം തട്ടിക്കൊണ്ടുപോയി അതിലെ നാനൂറോ അഞ്ഞൂറോ ആളുകളെ ബന്ദികളാക്കിയാൽ നാമവരെ തീവ്രവാദികളെന്നും ഭീകരവാദികളെന്നും വിളിക്കും. തീർച്ചയായും അത് ശരിയുമാണ്. നിരപരാധരായ യാത്രക്കാരെ ശാരീരികമായും മാനസികമായും പീഡിപ്പിക്കുന്നത് ക്രൂരതയാണ്; മനുഷ്യവിരുദ്ധവും. അതുകൊണ്ടുതന്നെ മതവിരുദ്ധവുമാണ്. എന്നാൽ സദ്ദാം ഹുസൈൻ എന്ന ഒരു ഭരണാധികാരിയോടുള്ള വിരോധത്തിന്റെ പേരിൽ ഇറാഖിലെ ഒന്നേകാൽ കോടി മനുഷ്യരെ കഴിഞ്ഞ പതിനൊന്നു വർഷം ആഹാരവും മരുന്നും കൊടുക്കാതെ ഐക്യരാഷ്ട്രസഭ ബന്ദികളാക്കുകയും ആറുലക്ഷം കുട്ടികളുൾപ്പെടെ പതിനൊന്നു ലക്ഷത്തെ കൊന്നൊടുക്കുകയും ചെയ്തു. ഇവ്വിധം ലോകത്തിലെ ഏറ്റം ക്രൂരനായ കൊലയാളിയും കൊടുംഭീകരനുമായി മാറിയ സെക്യൂരിറ്റി കൗൺസിൽ ഇപ്പോഴും സമാധാനത്തിന്റെ കാവൽക്കാരായാണ് അറിയപ്പെടുന്നതെന്നത് എത്രമാത്രം വിചിത്രവും വിരോധാഭാസവുമാണ്. അമേരിക്കയുടേതല്ലാത്ത ഒരു മാനദണ്ഡവും അളവുകോലും ലോകത്തിന് ഇന്നില്ല എന്നതാണ് ഇതിനു കാരണം.

മുസ്‌ലിംകളിൽ തീവ്രവാദികളോ ഭീകരപ്രവർത്തകരോ ആയി ആരുമില്ലെന്ന് അവകാശപ്പെടാനാവില്ല. ഇസ്‌ലാമിനെ ഏറെ കളങ്കപ്പെടുത്തുകയും അതിന്റെ പ്രതിഛായ തകർക്കുകയും ചെയ്യുന്ന അപക്വവും വിവേകരഹിതവുമായ അത്തരം പ്രവർത്തനങ്ങളിലേർപ്പെടുന്ന ഒറ്റപ്പെട്ട ചിലരെ അങ്ങിങ്ങായി കാണാൻ കഴിഞ്ഞേക്കും. മുസ്‌ലിം നാടുകളിൽ അത്തരം ഭീകരപ്രവർത്തനങ്ങളും തീവ്രവാദചിന്തകളും വളർന്നുവരാൻ കാരണം, അവിടങ്ങളിലെ ഏകാധിപത്യ-സ്വേഛാധിപത്യ ഭരണകൂടങ്ങളും അവയുടെ കൊടിയ തിന്മകളുമാണ്. ജനാധിപത്യപരവും സമാധാനപരവുമായ മാർഗങ്ങളിലൂടെ ജനാഭിലാഷങ്ങളെ പ്രതിനിധീകരിക്കുന്ന ഭരണകൂടങ്ങൾ സ്ഥാപിക്കാനും വ്യവസ്ഥാമാറ്റത്തിനുമായി കഴിഞ്ഞ നിരവധി പതിറ്റാണ്ടുകളിലായി നടത്തിപ്പോന്ന ശ്രമങ്ങൾ സാമ്രാജ്യ ശക്തികളുടെ ഇടപെടൽകാരണം പരാജയമടഞ്ഞതിനാൽ ക്ഷമകെട്ട ഒരുപറ്റം ചെറുപ്പക്കാർ തീവ്രവാദസമീപനം സ്വീകരിക്കുകയാണുണ്ടായത്. മുസ്‌ലിം ന്യൂനപക്ഷ പ്രദേശങ്ങളിൽ ഭൂരിപക്ഷത്തോടൊപ്പം ഭരണകൂടവും ചേർന്ന് നടത്തുന്ന കൊടുംഭീകരവൃത്തികളാണ് ചില ചെറുപ്പക്കാരെ തുല്യനിലയിൽ പ്രതികരിക്കാൻ പ്രേരിപ്പിക്കുന്നത്. തീർത്തും ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങളെ പെരുപ്പിച്ചു കാണിച്ചാണ് തൽപര കക്ഷികൾ ഇസ്‌ലാമിനെതിരെ ഭീകരതയും തീവ്രവാദവും ആരോപിക്കുന്നത്.

ഇസ്‌ലാം എല്ലാവിധ ഭീകരതക്കും എതിരാണ്- വ്യക്തികളുടെയും സംഘടിത പ്രസ്ഥാനങ്ങളുടെയും ഭരണകൂടങ്ങളുടെയും ഐക്യരാഷ്ട്ര

സഭയുടെയും. ഭീകരതയെയും തീവ്രവാദത്തെയും അത് തീർത്തും നിരാകരിക്കുകയും ശക്തിയായി എതിർക്കുകയും ചെയ്യുന്നു. നിരപരാധികളുടെ മരണത്തിനും സ്വത്തുനാശത്തിനും ഇടവരുത്തുന്ന ഭീകരപ്രവർത്തനങ്ങൾ മതവിരുദ്ധമാണ്. അകാരണമായി ഒരാളെ വധിക്കുന്നത് മുഴുവൻ മനുഷ്യരെയും വധിക്കുന്നതുപോലെയും, ഒരാൾക്കു ജീവനേകുന്നത് മുഴുവൻ മനുഷ്യർക്കും ജീവിതമേകുന്നതുപോലെയുമാണെന്ന് ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു.(5: 32)

അതിനാൽ യഥാർഥ വിശ്വാസികൾക്ക് ഒരിക്കലും തീവ്രവാദികളോ ഭീകരപ്രവർത്തകരോ ആവുക സാധ്യമല്ല. അതോടൊപ്പം ലോകമെങ്ങും മുസ്‌ലിംകൾ ഭീകരപ്രവർത്തകരാണെന്നത് അമേരിക്കയുടെയും കൂട്ടാളികളുടെയും അവയുടെ മെഗഫോണുകളാകാൻ വിധിക്കപ്പെട്ട പൗരസ്ത്യ നാടുകളുടെ അടിയാളസമൂഹങ്ങളുടെയും പ്രചാരണം മാത്രമാണെന്ന വസ്തുത വിസ്മരിക്കാവതല്ല.(വിശദമായ പഠനത്തിന് ഐ.പി.എച്ച് പ്രസിദ്ധീകരിച്ച 'ഭീകരവാദവും ഇസ്‌ലാമും', 'ഖുർആന്റെ യുദ്ധസമീപനം' എന്നീ കൃതികൾ കാണുക.)

## മുപ്പത്തെട്ട്

# ഇസ്‌ലാം എന്തുകൊണ്ട് സ്വീകാര്യമാവുന്നില്ല?

*"ഇസ്‌ലാം നല്ലതും ഫലപ്രദവുമാണെങ്കിൽ ലോകത്ത് നൂറുകോടിയോളം മുസ്‌ലിംകളും അമ്പതിലേറെ മുസ്‌ലിംരാഷ്ട്രങ്ങളുമുണ്ടായിട്ടും അതെന്തുകൊണ്ട് നടപ്പാക്കപ്പെടുന്നില്ല? അതിന്റെ സദ്ഫലങ്ങൾ എന്തുകൊണ്ട് കാണപ്പെടുന്നില്ല?"*

വൈയക്തികവും സാമൂഹികവും രാഷ്ട്രീയവുമായ നേട്ടങ്ങളോടൊപ്പം മരണാനന്തരജീവിത വിജയം ഉറപ്പുവരുത്തുന്ന ദൈവിക ജീവിതവ്യവസ്ഥയാണ് ഇസ്‌ലാം. വ്യക്തിജീവിതത്തിലെ കൊടുംചൂടിൽ തണലേകുന്ന കുടയായും കൂരിരുട്ടിൽ വെളിച്ചമേകുന്ന വിളക്കായും വീഴ്ചകളിൽ താങ്ങാവുന്ന തുണയായും വിജയവേളകളിൽ നിയന്ത്രണം നല്കുന്ന കടിഞ്ഞാണായും വിഷാദനിമിഷങ്ങളിൽ ആശ്വാസ സന്ദേശമായും വേദനകളിൽ സ്നേഹസ്പർശമായും അത് വർത്തിക്കുന്നു. ജീവിതത്തിൽ വ്യക്തമായ ദിശാബോധം നൽകുന്നു. അങ്ങനെ അലക്ഷ്യതയ്ക്ക് അറുതിവരുത്തുന്നു. അസ്വസ്ഥതകൾക്ക് വിരാമമിടുന്നു. കുടുംബജീവിതത്തിൽ സ്വൈരവും ഭദ്രതയും ഉറപ്പുവരുത്തുന്നു. ഈ വിധം വ്യക്തിജീവിതത്തിൽ ഇസ്‌ലാം പ്രയോഗവൽക്കരിച്ച് സദ്ഫലങ്ങൾ സ്വായത്തമാക്കുന്നതോടൊപ്പം അതിന്റെ ആത്മാർഥമായ ആചരണം മരണാനന്തരം നരകത്തിൽനിന്ന് രക്ഷയും സ്വർഗലബ്ധിയും പ്രദാനം ചെയ്യുന്നു. ഈ നിയോഗമൊക്കെയും കഴിഞ്ഞ പതിനാലു നൂറ്റാണ്ടിലേറെ കാലമായി ഇസ്‌ലാം അവിരാമം ഭംഗിയായും ഫലപ്രദമായും നിർവഹിച്ചുവരുന്നു. ഇന്നും ലോകമെങ്ങുമുള്ള ജനകോടികളിൽ ഈ വിധം സദ്ഫലങ്ങൾ സമ്മാനിക്കുന്ന ഇസ്‌ലാമിന്റെ സജീവ സാന്നിധ്യമുണ്ട്.

ഒരു കാര്യം വളരെ നല്ലതും ഗുണകരവും ഫലപ്രദവുമാണെന്നതുകൊണ്ടു മാത്രം സ്വീകരിക്കപ്പെടണമെന്നില്ല. പുകവലി ചീത്തയാണെന്നറിയാത്ത ആരും ലോകത്തുണ്ടാവുകയില്ലല്ലോ. എന്നിട്ടും അനേകകോടികൾ അതുപയോഗിച്ചുകൊണ്ടിരിക്കുന്നു. മദ്യപാനം ശരീരത്തിനും മസ്തിഷ്കത്തിനും കുടുംബത്തിനും സമൂഹത്തിനും രാഷ്ട്രത്തിനും ഹാനികരമാണെന്നറിഞ്ഞുകൊണ്ടുതന്നെ ജനം അതിനായി കോടികൾ തുലയ്ക്കുന്നു. അതിനാൽ

ഒരു കാര്യം നല്ലതോ ചീത്തയോ ഗുണകരമോ ദോഷകരമോ ഫലപ്രദമോ ദ്രോഹകരമോ എന്നതിന്റെ മാനദണ്ഡം എത്ര പേർ അത് സ്വീകരിക്കുന്നു, നിരാകരിക്കുന്നു എന്നതല്ല; മറിച്ച് അംഗീകരിച്ച് നടപ്പാക്കിയാൽ നൻമയും ഗുണവും സദ്ഫലങ്ങളുമാണുള്ളതെങ്കിൽ നല്ലതും, ഉപേക്ഷിക്കുമ്പോഴാണ് അതൊക്കെ ലഭിക്കുന്നതെങ്കിൽ ചീത്തയുമെന്നതാണ് ശരിയായ മാനദണ്ഡം. ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ഇസ്‌ലാമിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-ഭരണവ്യവസ്ഥ നടപ്പാക്കപ്പെട്ടപ്പോഴൊക്കെ അത് മാനവരാശിക്ക് മഹത്തായ വിജയവും അതുല്യ നേട്ടങ്ങളും സമ്മാനിച്ചിട്ടുണ്ട്; പ്രയോഗവത്കരണം ഭാഗികമാകുമ്പോൾ ഭാഗികമായും അതിനനുസരിച്ച് പൂർണമാകുമ്പോൾ പൂർണമായും.

## സോഷ്യലിസത്തിന്റെ തകർച്ച പോലെത്തന്നെയല്ലേ ഇസ്‌ലാമിനേറ്റ തിരിച്ചടിയും?

*"സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചക്കു കാരണം വ്യവസ്ഥയുടെ തകരാറാണെന്ന് പ്രചരിപ്പിക്കുന്നവർ ഇസ്‌ലാമിന്റെ കാര്യത്തിലാകുമ്പോൾ മറിച്ചൊരു നിലപാട് സ്വീകരിക്കുന്നത് തികഞ്ഞ വൈരുധ്യമല്ലേ?"*

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയും ഇസ്‌ലാമിക ഭരണസംവിധാനത്തിൽ കാലാന്തരേണയുണ്ടായ തിരിച്ചടിയും പ്രത്യക്ഷത്തിൽ ഒരേപോലെയാണെന്ന് തോന്നിയേക്കാം. എന്നാൽ രണ്ടും തമ്മിൽ വളരെ പ്രകടമായ അന്തരമുണ്ട്. ആദർശഘടന, അവകാശ വാദങ്ങൾ, ചരിത്ര പാഠങ്ങൾ, പ്രായോഗികാനുഭവങ്ങൾ എന്നിവ പരിശോധിക്കുന്ന ഏവർക്കുമിത് അനായാസം ബോധ്യമാകും:

1. കമ്യൂണിസത്തിന്റെ ലക്ഷ്യം അതിന്റെ മാനിഫെസ്റ്റോ വ്യക്തമാക്കുന്നപോലെ വർഗരഹിത സമൂഹത്തിന്റെ സംസ്ഥാപനമാണ്. ലെനിൻ വിശദീകരിച്ച വിധം ഭരണാധികാരിയും ഭരണീയനും നേതാവും അനുയായിയും പോലീസും പട്ടാളവും കോടതിയുമൊന്നുമില്ലാത്ത സമൂഹത്തിന്റെ നിർമിതി. എന്നാൽ ഇത്തരമൊരു സമൂഹം മാർക്സിനുശേഷം ഭൂമിയിൽ ഒരിഞ്ചു സ്ഥലത്തു പോലും ഒരു നിമിഷവുമുണ്ടായിട്ടില്ല. അഥവാ, മാർക്സിസം അല്ലെങ്കിൽ കമ്യൂണിസം ലോകത്തെവിടെയും ഇത്തിരി നേരത്തേക്കുപോലും സ്ഥാപിതമായിട്ടില്ല. ഇസ്‌ലാമിന്റെ സ്ഥിതി ഇതല്ല. അത് പൂർണമായും പ്രയോഗവൽക്കരിക്കപ്പെടുകയും ചരിത്രത്തിൽ തുല്യതയില്ലാത്ത സദ്ഫലങ്ങൾ സമ്മാനിക്കുകയും ചെയ്തുവെന്നത് സുവിദിതവും അവിതർക്കിതവുമത്രെ.

2. അനിവാര്യമായും സ്ഥാപിതമാകുന്ന വ്യവസ്ഥയെന്ന നിലയിലാണ് കമ്യൂണിസത്തെ അതിന്റെ ആചാര്യന്മാർ പരിചയപ്പെടുത്തിയിരുന്നത്. ഇടവപ്പാതിയിൽ മഴ വർഷിക്കും വിധം പ്രകൃതിയുടെ അലംഘനീയ നിയമമാണതിന്റെ പ്രയോഗവൽക്കരണമെന്നായിരുന്നുവല്ലോ അവരുടെ പ്രചരണം. മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കും അതിൽനിന്ന് കമ്യൂണിസത്തിലേക്കുമുള്ള ക്രമാനുസൃതമായ പരിവർത്തനം ചരിത്രത്തിന്റെ അനിവാര്യതയായാണ് വിവരിക്കപ്പെട്ടത്. ആർക്കും അതിനെ തട

യാനാവില്ലെന്നും അവരവകാശപ്പെട്ടു. പക്ഷേ, സംഭവിച്ചത് മറിച്ചാണെന്ന് അനുഭവം അസന്ദിഗ്ധമായി തെളിയിക്കുന്നു. സമൂഹം സോഷ്യലിസത്തിൽ നിന്ന് കമ്യൂണിസത്തിലേക്ക് മുന്നേറുകയല്ല; മുതലാളിത്തത്തിലേക്ക് തിരിച്ചു പോവുകയാണുണ്ടായത്. സോഷ്യലിസ്റ്റ് നാടുകളിലെയും സമൂഹങ്ങളിലെയും അനുഭവമിത് സാക്ഷ്യം വഹിക്കുന്നു.

എന്നാൽ ഇസ്‌ലാം കാലവർഷം പോലെ അനിവാര്യമായും സ്ഥാപിതമാവുന്ന ഒരു വ്യവസ്ഥയാണെന്ന് അതൊരിക്കലും അവകാശപ്പെട്ടിട്ടില്ല. സമൂഹത്തിന് സ്വീകരിക്കാനെന്നപോലെ നിരാകരിക്കാനും സ്വാതന്ത്ര്യമുള്ള, സ്വാതന്ത്ര്യം അനുവദിക്കുന്ന പ്രത്യയശാസ്ത്രമാണത്. സമൂഹത്തിന്റെ ആഗ്രഹാഭിലാഷങ്ങളും തീരുമാനവും അനുകൂല സാഹചര്യവും ദൈവവിധിയും ഒത്തുവരുമ്പോഴത് പ്രയോഗത്തിൽ വരുന്നു. അങ്ങനെ സംഭവിച്ചില്ലെങ്കിൽ ആശയതലത്തിൽ മാത്രമൊതുങ്ങുന്നു. അഥവാ, സ്വയം സ്ഥാപിതമാവുകയും അനിവാര്യമായും നിലവിൽവരികയും നിലനിൽക്കുകയും ചെയ്യുന്ന ഒന്നല്ല ഇസ്‌ലാമിക വ്യവസ്ഥ. അവ്വിധം അതിനെ ഒരിക്കലും ഒരിടത്തും പരിചയപ്പെടുത്തപ്പെട്ടിട്ടുമില്ല. ഇസ്‌ലാമിനില്ലാത്ത അവകാശവാദത്തിന്റെ പേരിൽ അതിനെ വിമർശിക്കുന്നത് നീതിയല്ലല്ലോ.

3. കമ്യൂണിസത്തിലേക്കുള്ള ചവിട്ടുപടിയെന്ന് വിശേഷിപ്പിക്കപ്പെട്ട സോഷ്യലിസം സ്ഥാപിതമായ നാടുകളിലെല്ലാം ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയല്ല, പെരുകുകയാണുണ്ടായത്. വ്യക്തികളുടെ സമസ്താവകാശങ്ങളും കവർന്നെടുത്ത് അവരെ യന്ത്രങ്ങളെപ്പോലെ നിർവികാരരും നിർവീര്യരുമാക്കി പണിയെടുപ്പിച്ചിട്ടും പൗരന്മാരുടെ പ്രാഥമികാവശ്യങ്ങൾപോലും പരിഹരിക്കപ്പെടുകയുണ്ടായില്ല. അതിനാൽ ജനം സോഷ്യലിസ്റ്റ് സംവിധാനത്തിന്നെതിരെ രംഗത്തിറങ്ങി വിപ്ലവം സംഘടിപ്പിക്കുകയും സോഷ്യലിസ്റ്റ് വ്യവസ്ഥയെ കടപുഴക്കിയെറിയുകയുമാണുണ്ടായത്. എന്നാൽ ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിതമായപ്പോൾ ജനങ്ങളുടെ പ്രശ്നങ്ങളൊക്കെ പരിഹരിക്കപ്പെടുകയും ക്ഷേമപൂർണമായ സാഹചര്യം സംജാതമാവുകയും ചെയ്തു. അതുകൊണ്ടുതന്നെ ജനം ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിതമാകണമെന്നും നിലനിൽക്കണമെന്നുമാണാഗ്രഹിച്ചിരുന്നത്. ഭരണാധികാരികളാണ് അതിനെതിരെ നിലകൊണ്ടത്. നാലു ഖലീഫമാരുടെ കാലശേഷം ഇസ്‌ലാമിക വ്യവസ്ഥയുടെ നടത്തിപ്പിൽ വീഴ്ചവരുത്തിയത് ഉമവിയാക്കളും അബ്ബാസിയാക്കളുമായ ഭരണാധികാരികളാണ്. അപ്പോഴൊക്കെയും ജനത ഇസ്‌ലാമിക വ്യവസ്ഥയുടെ പക്ഷത്തായിരുന്നു. ഇന്നത്തെ സ്ഥിതിയും ഭിന്നമല്ല. ഈജിപ്തിലെയും അൾജീരിയയിലെയും തുർക്കിയിലെയും സുഊദി അറേബ്യയിലെയും ജനങ്ങൾ ഇസ്‌ലാമിക വ്യവസ്ഥക്കുവേണ്ടി നിലകൊള്ളുമ്പോൾ ഭരണാധികാരികളാണ് അതിനെതിരെ നിലകൊള്ളുന്നത്. പാശ്ചാത്യ മുതലാളിത്ത സാമ്രാജ്യശക്തികൾ അവരെ പിന്തുണക്കുകയും ചെയ്യുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥയെ അത് സ്ഥാപിതമായ നാടുകളിലെ ജനം എതിർക്കുമ്പോൾ സർവാധിപതികളായ ഭരണാധികാരികൾ അതിന്റെ കൂടെനിന്ന് സോഷ്യലിസത്തെ സംരക്ഷിക്കുവാൻ ശ്രമിക്കുന്നു. ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപ

നത്തിന് ജനം ആവശ്യപ്പെടുമ്പോൾ ഭരണാധികാരികൾ അതിനെ നിരാകരിക്കുന്നു. രണ്ടു വ്യവസ്ഥകളും തമ്മിലുള്ള പ്രകടമായ അന്തരമാണിതിനു കാരണം.

4. ട്രാഫിക് നിയമങ്ങൾ പോലെയാണ് ഇസ്‌ലാമിക വ്യവസ്ഥയെന്ന് പറയാം. അവ പാലിച്ച് നടപ്പാക്കിയാൽ എല്ലാവിധ പ്രയാസങ്ങളിൽനിന്നും നാശനഷ്ടങ്ങളിൽനിന്നും രക്ഷപ്പെടാം. മറിച്ചായാൽ ദുരന്തം അനിവാര്യമത്രെ. ചരിത്രാനുഭവങ്ങളൊക്കെയും ഇതിനു സാക്ഷിയാണ്. ട്രാഫിക് നിയമങ്ങൾ പോലെത്തന്നെ ഇസ്‌ലാമിക വ്യവസ്ഥയും പാലിക്കാനും പാലിക്കാതിരിക്കാനും മനുഷ്യന് സ്വാതന്ത്ര്യവും സാധ്യതയുമുണ്ട്.

5. സൻആ മുതൽ ഹദറമൗത് വരെ ഒരു യാത്രാ സംഘത്തിന് നിർഭയമായി സഞ്ചരിക്കാൻ സാധിക്കുമാറ് ഇസ്‌ലാമിക വ്യവസ്ഥ സ്ഥാപിതമാവുമെന്ന് പ്രവാചകൻ ഇസ്‌ലാമിക പ്രബോധനത്തിന്റെ പ്രാരംഭ ഘട്ടത്തിലെ വളരെ പ്രതികൂലമായ പരിതഃസ്ഥിതിയിൽ തന്നെ പ്രവചിക്കുകയുണ്ടായി. ഇത് പൂർണമായും പുലർന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അപ്രകാരം തന്നെ ഇസ്‌ലാമിക വ്യവസ്ഥ പിൽക്കാലത്ത് തിരസ്കരിക്കപ്പെടുമെന്നും പ്രവാചകൻ താക്കീതു ചെയ്തതും പൂർണമായും പുലരുകയുണ്ടായി. ഇസ്‌ലാമിന്റെ സത്യതയ്ക്കും ദൈവികതയ്ക്കുമുള്ള തെളിവുകൂടിയാണിത്. അതേസമയം കമ്യൂണിസം നിലവിൽവരുന്ന പ്രദേശത്തെയും രീതിയെയും കാലത്തെയും സംബന്ധിച്ച മാർക്സിന്റെ പ്രവചനങ്ങളൊക്കെയും പിഴക്കുകയാണുണ്ടായത്.

6. ഇസ്‌ലാം ആവർത്തന സ്വഭാവമുള്ള വ്യവസ്ഥയാണ്. ജനത്തിന് ഏതു കാലത്തും പ്രദേശത്തും അത് പ്രയോഗവൽക്കരിക്കാൻ സാധിക്കും. ഇസ്‌ലാമിക വ്യവസ്ഥ കഴിഞ്ഞ പതിനാലു നൂറ്റാണ്ടുകളിൽ ഇടയ്ക്കിടെ പൂർണാർഥത്തിൽ സ്ഥാപിതമായ ചരിത്രാനുഭവങ്ങളിതിനു സാക്ഷിയാണ്. അതിനാൽ ഇസ്‌ലാമിക വ്യവസ്ഥ നിരാകരിക്കപ്പെട്ടുവെന്ന വാദം ശരിയോ വസ്തുനിഷ്ഠമോ അല്ല. കാരണം, ഇവ്വിധം നിരാകരിക്കപ്പെട്ടശേഷം പല ഘട്ടങ്ങളിലുമത് വീണ്ടും സ്ഥാപിതമായിട്ടുണ്ട്.

7. മനുഷ്യചരിത്രത്തിൽ തീർത്തും അസദൃശവും എക്കാലത്തേക്കും ഏറ്റവും മാതൃകായോഗ്യവുമെന്ന നിലയിൽ പൂർണാർഥത്തിൽ ഇസ്‌ലാമിക വ്യവസ്ഥ പ്രവാചകനുശേഷം ദീർഘകാലം നിലനിന്നില്ലെന്നത് ശരിയാണെങ്കിലും 1924-ൽ ഉസ്മാനിയാ ഖിലാഫത്തിന്റെ അന്ത്യം വരെ അത് ഭാഗികമായും ചിലപ്പോൾ ഒട്ടൊക്കെ പൂർണമായും ചിലപ്പോൾ പരിപൂർണമായും നിലനിന്നുപോന്നിട്ടുണ്ട്. ഇന്നും പല നാടുകളിലും ഇസ്‌ലാമിക ഭരണവ്യവസ്ഥ അതിന്റെ സദ്ഫലങ്ങൾ സമ്മാനിച്ചുകൊണ്ടിരിക്കുന്നുണ്ട്. കഴിഞ്ഞ പതിനാലു നൂറ്റാണ്ടിലൊരിക്കലും മുസ്‌ലിം സമൂഹം ഇസ്‌ലാമിക വ്യവസ്ഥയെ തീർത്തും നിരാകരിച്ച് വിരുദ്ധമായ വ്യവസ്ഥയെ സ്വീകരിച്ച അനുഭവമുണ്ടായിട്ടില്ല. എന്നാൽ സോഷ്യലിസ്റ്റ് സമൂഹങ്ങൾ ഹ്രസ്വകാലത്തെ പരീക്ഷണശേഷം അതിനെ കൈയൊഴിച്ച് തികച്ചും വിരുദ്ധമായ മുതലാളിത്ത വ്യവസ്ഥയെ വാരിപ്പുണരുകയുണ്ടായി. പൂർവ യൂറോപ്യൻ നാടുകളിൽ പലതുമിതിന്റെ അനിഷേധ്യ ഉദാഹരണങ്ങളത്രെ.

8. ഇസ്‌ലാം എന്നത് കേവലമൊരു രാഷ്ട്രീയ ഭരണവ്യവസ്ഥ മാത്രമല്ല; അതിന്റെ പരമമായ ലക്ഷ്യം മനുഷ്യനെ ദൈവ കോപത്തിൽനിന്നും ശിക്ഷയിൽനിന്നും രക്ഷിച്ച് ദൈവപ്രീതിക്കും പ്രതിഫലമായ സ്വർഗത്തിന്നും അർഹരാക്കുകയെന്നതാണ്. അതോടൊപ്പം ഭൂമിയിൽ മനസ്സിന്റെ സ്വാസ്ഥ്യവും വ്യക്തിജീവിതത്തിന്റെ വിശുദ്ധിയും കുടുംബ ഘടനയുടെ ഭദ്രതയും സമൂഹത്തിന്റെ സമാധാനവും അത് ഉറപ്പുവരുത്തുന്നു. കാല-ദേശഭേദങ്ങൾക്കതീതമായി ഈ നിയോഗങ്ങളത്രയും ഇസ്‌ലാം ഇന്നോളം നിർവഹിച്ചുപോന്നിട്ടുണ്ട്. ഇപ്പോൾ നിർവഹിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ലോകാന്ത്യം വരെ ഇത് തുടരുകയും ചെയ്യും. എന്നാൽ ഇത്തരമൊന്നും കമ്യൂണിസത്തിൽനിന്ന് ഒരിക്കലും ഒരിടത്തും പ്രതീക്ഷിക്കാവതല്ല.

## മുപ്പത്തൊമ്പത്

# ഇസ്‌ലാമും മുസ്‌ലിം പിന്നാക്കാവസ്ഥയും

*"ലോകതലത്തിൽ മുസ്‌ലിം നാടുകളിൽ പരിതാപകരമായ പിന്നാക്കാവസ്ഥ പ്രകടമാണ്. ഇന്ത്യയിലെ മുസ്‌ലിംകളും ഇവിടത്തെ ഇതര ജനവിഭാഗങ്ങളെ അപേക്ഷിച്ച് വളരെ പിറകിലാണ്. ഇസ്‌ലാം പുരോഗതിക്ക് തടസ്സവും പിന്നാക്കാവസ്ഥയ്ക്ക് കാരണവുമാണെന്നല്ലേ ഇത് തെളിയിക്കുന്നത്?"*

മാനവസമൂഹം സ്വായത്തമാക്കിയ വളർച്ചയിലും പുരോഗതിയിലും ഇസ്‌ലാമും മുസ്‌ലിംകളും വഹിച്ച പങ്ക് പറഞ്ഞറിയിക്കേണ്ടതില്ലാത്തവിധം വ്യക്തവും വിവാദാതീതവുമാണ്. ഗാഢനിദ്രയിലായിരുന്ന അറേബ്യൻ സമൂഹത്തെ ഇസ്‌ലാം തൊട്ടുണർത്തി. അവരുടെ അജ്ഞതയ്ക്കും അന്ധവിശ്വാസങ്ങൾക്കും അറുതിവരുത്തി. മുഴുജീവിത മേഖലയിലും അതവരെ പുരോഗതിയിലേക്കും ഔന്നത്യത്തിലേക്കും നയിച്ചു. അങ്ങനെ അവർ ലോകത്തിന്റെ നേതാക്കളും ജേതാക്കളുമായി മാറി. സത്യം, സമത്വം, സാഹോദര്യം, സഹിഷ്ണുത, ധർമം, നീതി തുടങ്ങിയ ഉൽകൃഷ്ട ഗുണങ്ങളുടെ കാര്യത്തിൽ മാത്രമല്ല കല, സാഹിത്യം, ശാസ്ത്രം, സാങ്കേതിക വിദ്യ, വിജ്ഞാനം, നഗര സംവിധാനം, ഭരണനിർവഹണം പോലുള്ള എല്ലാ മണ്ഡലങ്ങളിലും ദീർഘകാലം ലോകത്തിന് നേതൃത്വം നൽകിയത് മുസ്‌ലിംകളാണ്. ഇന്ന് ലോകത്ത് മികച്ചുനിൽക്കുന്നത് പാശ്ചാത്യരാണല്ലോ. അതിനവരെ സജ്ജരാക്കിയതും പടിഞ്ഞാറൻ നാഗരികതയ്ക്ക് കളിത്തൊട്ടിലൊരുക്കിയതും ഇസ്‌ലാമും മുസ്‌ലിംകളുമാണ്. നിഷ്പക്ഷരായ എല്ലാ ചരിത്രകാരന്മാരും സാമൂഹിക ശാസ്ത്രജ്ഞരും ഈ സത്യം സുതരാം വ്യക്തമാക്കിയിട്ടുണ്ട്. റോബർട്ട് ബ്രിഫോൾട്ട് എഴുതുന്നു: "പതിനഞ്ചാം നൂറ്റാണ്ടിൽ പുഷ്പിച്ചു നിന്ന അറബ് - മൂറിഷ് നാഗരികതകളുടെ സ്വാധീനമാണ് നവോത്ഥാനത്തിന് ജന്മം നൽകിയത്. ഇറ്റലിയല്ല, സ്പെയിനായിരുന്നു യൂറോപ്പിന്റെ പുനർജന്മത്തിന് തൊട്ടിലായി വർത്തിച്ചത്. സാരസൻ സാമ്രാജ്യത്തിലെ നഗരങ്ങളായ കൈറോയും കൊർഡോവയും ബഗ്ദാദും ടോളിഡോയും സംസ്കാരത്തിന്റെയും വിചാരവ്യാപാരത്തിന്റെയും കേന്ദ്രങ്ങളായി വളർന്നപ്പോൾ, പ്രാകൃതത്വത്തിൽ മൂക്കറ്റം മുങ്ങിയ യൂറോപ്പ്

അജ്ഞതയുടെയും അധഃപതനത്തിന്റെയും ഘനാന്ധകാരത്തിൽ ആണ്ടു കിടക്കുകയായിരുന്നു. മനുഷ്യപരിണാമത്തിന്റെ നവീനദശയായി വളർന്ന പുതിയ ജീവിതം രൂപംകൊണ്ടത് അവിടങ്ങളിലായിരുന്നു. അവരുടെ നാഗരികതയുടെ സ്വാധീനം അനുഭവപ്പെട്ടു തുടങ്ങിയപ്പോഴാണ് ഒരു പുതിയ ജീവിതത്തിന്റെ ബഹിർഗമനമാരംഭിച്ചത്...”

“അറബികളില്ലായിരുന്നുവെങ്കിൽ ആധുനിക യൂറോപ്യൻ സംസ്കാരം തന്നെ ജന്മമെടുക്കുമായിരുന്നില്ലെന്ന യാഥാർഥ്യം തികച്ചും വിശ്വസനീയമത്രെ. പരിണാമത്തിന്റെ പ്രാചീന ദശകങ്ങളെയെല്ലാം കവച്ചു വയ്ക്കത്തക്ക സ്വഭാവ വൈശിഷ്ട്യവും മുസ്ലിംകളുടെ അഭാവത്തിലവർക്ക് സമ്പാദിക്കാൻ സാധിക്കുമായിരുന്നില്ല. യൂറോപ്പിന്റെ വളർച്ചയുടെ ചെറിയ അംശങ്ങളിൽപോലും ഇസ്ലാമിന്റെ സ്വാധീനം കാണപ്പെടാതിരിക്കില്ല” (The Making of Humanity, Page 183-190).

യൂറോപ്പ് ഇന്നനുഭവിക്കുന്ന സുഖ സൗകര്യങ്ങൾക്കെല്ലാം പൂർണമായും കടപ്പെട്ടത് ഇസ്ലാമിനോടും മുസ്ലിംകളോടുമാണെന്ന് പ്രസിദ്ധ ചരിത്രകാരനായ ജോൺ വില്യം തന്റെ Intellectual Development of Europe എന്ന ഗ്രന്ഥത്തിൽ അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. “വൈജ്ഞാനിക രംഗത്ത് മുസ്ലിംകൾ തുടങ്ങിവെക്കാത്ത ഒന്നും തങ്ങൾക്ക് പൂർത്തീകരിക്കേണ്ടതായിട്ടില്ലെ''ന്ന് എച്ച്.ജി. വെൽസ് തന്റെ ‘ലോകചരിത്ര സംഗ്രഹ’ത്തിലും തുറന്നുപറഞ്ഞിട്ടുണ്ട്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തന്റെ Glimpses of World Historyയിൽ എഴുതുന്നു: “പ്രാചീനർക്കിടയിൽ ഈജിപ്തിലോ ഇന്ത്യയിലോ ചൈനയിലോ ശരിയായ ശാസ്ത്രീയ സമ്പ്രദായം നാം കാണുന്നില്ല. അതിന്റെ ചെറിയൊരു ശകലം പുരാതന ഗ്രീസിൽ ദൃശ്യമാണ്. റോമിൽ അതുണ്ടായിരുന്നതേയില്ല. എന്നാൽ അറബികളിൽ ഈ ശാസ്ത്രീയമായ അന്വേഷണബുദ്ധി പ്രകടമായിരുന്നു. അതുകൊണ്ടു തന്നെ ആധുനിക ശാസ്ത്രത്തിന്റെ പിതാക്കൾ മുസ്ലിംകളാണെന്ന് പറയാവുന്നതാണ്.” അദ്ദേഹം തന്നെ എഴുതുന്നു: “ഗ്രീക്കുകാർ ആരംഭിക്കുകയും പിന്നീട് ഉപേക്ഷിക്കുകയും ചെയ്ത കേവല ജ്ഞാനത്തിന്റെ ക്രമാനുഗതമായ വികസനത്തെ, അറബി മനസ്സ് ഒരു പുതിയ കാഴ്ചപ്പാടോടും ചൈതന്യത്തോടും കൂടി ഏറ്റെടുത്തു. ലാറ്റിനിന്റെ വഴികളിലൂടെയല്ല, അറബികളിലൂടെയായിരുന്നു ആധുനിക ലോകത്തിന് പ്രകാശത്തിന്റെയും ശക്തിയുടെയും അനുഗ്രഹങ്ങൾ ലഭിച്ചത്.”

ഈ പുരോഗതിക്കൊക്കെയും വഴിവച്ചത് ഇസ്ലാമിക വിശ്വാസമത്രെ. Rom Landar തന്റെ Islam and the Arab എന്ന ഗ്രന്ഥത്തിലെഴുതുന്നു: “ശാസ്ത്രീയ ഗവേഷണങ്ങളുടെ പ്രചോദനശക്തി, അല്ലാഹു സൃഷ്ടിച്ചതുപോലെ നിലനിൽക്കുന്ന പ്രപഞ്ചത്തെപ്പറ്റി അഗാധമായ അറിവ് നേടാനുള്ള അദമ്യമായ ആഗ്രഹമായിരുന്നു. ഭൗതികപ്രപഞ്ചം ആത്മീയപ്രപഞ്ചം പോലെത്തന്നെ പ്രധാനമാണെന്ന അംഗീകാരവും അറബി മനസ്സിന്റെ വികാരാതീത പ്രകൃതത്തെ ശരിക്കും പ്രതിഫലിപ്പിക്കുന്ന സത്യാന്വേഷണത്വരയും അവരുടെ അദമ്യമായ ജിജ്ഞാസയും യോഗാത്മകാനുഭൂതിയും മറ്റു പ്രേരകങ്ങളത്രെ. മാതൃവാത്സല്യം മുതൽ മാരകരോഗങ്ങൾ വരെയുള്ള

തെല്ലാം ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിലുൾപ്പെടുന്നവയാണ്. അവയോ രോന്നും അവന്റെ ശക്തിയുടെ നിദർശനങ്ങളാണ്; അതുകൊണ്ടുതന്നെ പഠനാർഹങ്ങളും. ഇസ്ലാമിൽ മതവും ശാസ്ത്രവും ഭിന്നവഴികളല്ല പിന്തുടരുന്നത്. മതം യഥാർഥത്തിൽ ശാസ്ത്രത്തിന്റെ ഏറ്റവും വലിയ പ്രചോദന ശക്തിയാണ്."

കുരിശു യുദ്ധത്തിലൂടെ മുസ്ലിം നാടുകളെ കീഴ്പ്പെടുത്തിയ ക്രൈസ്തവ സമൂഹം അക്കാലത്തും തുടർന്നും അറബികൾ ആർജിച്ച വൈജ്ഞാനിക നേട്ടങ്ങളെയും ഭൗതികവളർച്ചയെയും കൈവശപ്പെടുത്താൻ തീവ്ര ശ്രമം നടത്തി. വിവിധ വിജ്ഞാന ശാഖകളിലുള്ള അറബിഗ്രന്ഥങ്ങൾ തങ്ങളുടെ ഭാഷകളിലേക്ക് മൊഴിമാറ്റം നടത്തി. അങ്ങനെയാണ് യൂറോപ്പിൽ പുരോഗതിയുടെ ആദ്യ ചലനങ്ങൾ പ്രകടമാകാൻ തുടങ്ങിയത്. കൊർഡോവ, ഗ്രാനഡെ, ടോളിഡോ, ബഗ്ദാദ്, ഡമസ്കസ്, കൈറോ, അലക്സാണ്ട്റിയ പോലുള്ള പ്രമുഖ നഗരങ്ങളിലെ ഗ്രന്ഥാലയങ്ങളിലുണ്ടായിരുന്ന പുസ്തകങ്ങളിൽ ശ്രദ്ധേയമായവയെല്ലാം ലാറ്റിൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുകയും പിന്നീട് അവ ഉപയോഗിച്ച് ഗവേഷണ പരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. അങ്ങനെയാണ് പാശ്ചാത്യർ പുരോഗതിയുടെ പടവുകൾ ചവിട്ടിക്കയറിയത്.

ഇസ്ലാമിക സംസ്കാരത്തിന്റെയും നാഗരികതയുടെയും കേന്ദ്രമായിരുന്ന സ്പെയിനിലെ നേട്ടങ്ങളൊക്കെയും സ്വന്തമാക്കിയ ഇസ്ലാമിന്റെ ശത്രുക്കൾ 1492-ൽ ആ രാഷ്ട്രത്തെ അധീനപ്പെടുത്തുകയും അവിടെയുണ്ടായിരുന്ന ഗ്രന്ഥങ്ങളെല്ലാം ചുട്ടെരിക്കുകയും ചെയ്തു. അര നൂറ്റാണ്ട് പിന്നിട്ടപ്പോഴേക്കും ഒരൊറ്റ മുസ്ലിമും അവിടെ അവശേഷിക്കാത്തവിധം എല്ലാവരെയും നിർബന്ധമായി മതം മാറ്റുകയും വഴങ്ങാത്തവരെ നിർദയം വധിക്കുകയും ചെയ്തു. അതോടെയാണ് മുസ്ലിം നാടുകളുടെ പിന്നാക്കാവസ്ഥയും തകർച്ചയും സംഭവിച്ചത്. ഈ വസ്തുത പ്രശസ്ത ആംഗല ചരിത്രകാരനായ ലെയിൻ പൂൾ തന്നെ വ്യക്തമാക്കുന്നു: "നൂറ്റാണ്ടുകളോളം സ്പെയിൻ നാഗരികതയുടെ കേന്ദ്രവും കലാവിദ്യയുടെയും ഭൗതികശാസ്ത്രത്തിന്റെയും എന്നുവേണ്ട വിശിഷ്ടമായ എല്ലാതരം വിജ്ഞാനത്തിന്റെ ഇരിപ്പിടവുമായിരുന്നു. യൂറോപ്പിലെ മറ്റൊരു രാജ്യവും അന്നോളം അറബികളുടെ പരിഷ്കൃതരാജ്യത്തിന്റെ അടുത്തെങ്ങുമെത്തിയിരുന്നില്ല. ഫെർഡിനാന്റിന്റെയും ഇസബെല്ലയുടെയും ചാൾസിന്റെയും സാമ്രാജ്യങ്ങൾക്ക് ഇത്തരം ശാശ്വതമായ യാതൊരൗന്നത്യവും ലഭിച്ചില്ല. മുസ്ലിംകളെ അവർ പുറത്താക്കി. തെല്ലിട ക്രൈസ്തവ സ്പെയിൻ ചന്ദ്രനെപ്പോലെ കടം വാങ്ങിയ വെളിച്ചം കൊണ്ട് പ്രകാശിച്ചു. ക്ഷണത്തിൽ ഗ്രഹണം വന്നു. പിന്നീട് ഇന്നോളം സ്പെയിൻ അന്ധകാരത്തിൽ തപ്പിത്തടയുകയാണ്."

സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റത്തോടെ മുസ്ലിം നാടുകളുടെ തകർച്ച പൂർണമാവുകയായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലുമായി സാമ്രാജ്യശക്തികൾ മുഴുവൻ മുസ്ലിം നാടുകളും പങ്കിട്ടെടുത്തു. അങ്ങനെ മുസ്ലിം രാജ്യങ്ങളും സമൂഹങ്ങളും പാശ്ചാത്യ സാമ്രാജ്യശക്തികളുടെ അധീനതയിലായി. അവർ മുസ്ലിം നാടുകളെ തീർത്തും കൊള്ളയടിക്കുക മാത്രമല്ല, മുസ്ലിംകളെ

അവരുടെ ആദർശ വിശ്വാസങ്ങളിൽനിന്നും വിശുദ്ധമായ ജീവിതരീതിക ളിൽനിന്നും വ്യതിചലിപ്പിക്കുകയും ചെയ്തു. അതോടെ ആ നാടുകളും നാട്ടുകാരും പെട്ടെന്നൊന്നും പരിഹരിക്കാനാവാത്ത പിന്നാക്കാവസ്ഥക്ക് അടിപ്പെട്ടു. അതോടൊപ്പം പുരോഗതിയുടെയും നവോത്ഥാനത്തിന്റെയും ചാലകശക്തിയായി വർത്തിക്കുന്ന ആദർശവിശ്വാസങ്ങൾക്കും ജീവിതവീ ക്ഷണങ്ങൾക്കും മങ്ങലേൽക്കുകയും ചെയ്തു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യ ദശകങ്ങളിൽ ഈ നാടുകൾ സ്വാതന്ത്ര്യം നേടിയെങ്കിലും അവക്കൊന്നും മുതുക് നിവർത്താൻ പറ്റാത്ത സ്ഥിതിയാ ണുണ്ടായിരുന്നത്. സ്വാതന്ത്ര്യം നൽകിയപ്പോൾ സാമ്രാജ്യശക്തികൾ അവി ടങ്ങളിലെല്ലാം തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന, ഇസ്‌ലാമിക നിയമങ്ങൾ നടപ്പിലാക്കുന്നതിലൊട്ടും താൽപര്യമില്ലാത്ത, രാജ്യപുരോഗ തിയെ സംബന്ധിച്ച ശരിയായ കാഴ്ചപ്പാടോ ദീർഘവീക്ഷണമോ തീരേ ഇല്ലാത്ത ഏകാധിപതികളെയും രാജാക്കന്മാരെയും സുൽത്താൻമാരെയും കുടിയിരുത്തുകയായിരുന്നു. തദ്ദേശീയരുടെ അഭിപ്രായങ്ങളോ താൽപര്യ ങ്ങളോ ഒട്ടും പരിഗണിക്കാതെയാണവർ ഇന്നോളം ഭരണം നടത്തിപ്പോ ന്നത്. അതുകൊണ്ടുതന്നെ പാശ്ചാത്യ സാമ്രാജ്യശക്തികൾക്ക് കോളനി വാഴ്ചക്കാലത്തെന്നപോലെ തുടർന്നും ആ നാടുകളെ കൊള്ളയടിക്കാൻ അനായാസം സാധിച്ചു. ഇന്നും അതേ സ്ഥിതി തുടരുകയാണ്. നാടിന്റെ വളർച്ചയ്ക്കും വികാസത്തിനും പുരോഗതിക്കും വഴിയൊരുക്കുന്ന ഇസ്‌ലാ മിക വ്യവസ്ഥ നടപ്പാക്കാനായി യത്നിച്ചുകൊണ്ടിരിക്കുന്ന പ്രസ്ഥാനങ്ങളെ സാമ്രാജ്യ ശക്തികളുടെ സഹായത്തോടെ തദ്ദേശീയരായ സ്വേഛാധിപ തികൾ ക്രൂരമായി അടിച്ചമർത്തുകയും ചോരയിൽ മുക്കിക്കൊല്ലുകയുമാണ്. അവിടങ്ങളിൽ ജനഹിതം നടപ്പിലാക്കപ്പെടുന്നതും ജനാധിപത്യം സ്ഥാപി തമാകുന്നതും പാശ്ചാത്യ സാമ്രാജ്യശക്തികൾ ഇഷ്ടപ്പെടുന്നില്ല. അവരുടെ ചൂഷണവും മുസ്‌ലിം നാടുകളുടെ പിന്നാക്കാവസ്ഥയും അവിരാമം തുട രാൻ അതനിവാര്യമാണല്ലോ. മുസ്‌ലിം സമൂഹങ്ങളും രാഷ്ട്രങ്ങളും ഇസ്‌ലാ മിനെ യഥാവിധി പിന്തുടർന്നപ്പോൾ പുരോഗതിയുടെ പാരമ്യത പ്രാപി ക്കുകയും അതിനെ കൈയൊഴിച്ചപ്പോൾ പിന്നാക്കാവസ്ഥയുടെ പാതാള ത്തിൽ പതിക്കുകയുമാണുണ്ടായത്. ഇസ്‌ലാം സമൂഹത്തിൽ സൃഷ്ടിക്കുന്ന സ്വാധീനം എന്താണെന്ന് ഈ ചരിത്രവസ്തുത സുതരാം വ്യക്തമാക്കുന്നു.

പാശ്ചാത്യ അധിനിവേശം വരെ ഇന്ത്യയിലെ മുസ്‌ലിംകൾ ഇതര ജന വിഭാഗങ്ങളെ അപേക്ഷിച്ച് ഒട്ടും പിന്നിലായിരുന്നില്ല. എന്നല്ല, കലാസാ ഹിത്യ സാംസ്കാരിക മേഖലകളിൽ ഏറെ മികവ് പുലർത്തുകയും ചെയ്തി രുന്നു. ഭാരതത്തിന്റെ ബഹുമുഖമായ പുരോഗതിയിൽ ഇസ്‌ലാം വഹിച്ച മഹത്തായ പങ്ക് സുവിദിതമാണ്. നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃ കങ്ങളും നാഗരികാവശിഷ്ടങ്ങളും പരിശോധിക്കുന്ന ഏവർക്കുമത് ബോധ്യ മാകും. ഇന്ത്യയുടെ ചരിത്രം കുറിച്ചിട്ട നിഷ്പക്ഷരായ ചരിത്രകാരന്മാരെല്ലാം ഇസ്‌ലാമിന്റെ സാന്നിധ്യം സമ്മാനിച്ച അനർഘമായ നേട്ടങ്ങളെ നന്ദി യോടെ സ്മരിക്കുകയും വ്യക്തമായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പിന്നീട് ബ്രിട്ടീഷുകാർ ഇന്ത്യയിൽ ആധിപത്യമുറപ്പിച്ചപ്പോൾ അതിനെ ഏറ്റവും ശക്തമായി എതിർത്തതും നേരിട്ടതും മുസ്‌ലിംകളായിരുന്നു.

തങ്ങൾക്കെതിരെ കലാപം തുടങ്ങിവച്ചത് മുഹമ്മദീയരാണെന്ന് ബ്രിട്ടീഷ് ഉദ്യോഗസ്ഥനായ ജെയിംസ് ഔട്ട്റാമും, മുഹമ്മദൻ പട്ടാളക്കാരും ജനങ്ങളുമായിരുന്നു ഹിന്ദുക്കളേക്കാൾ ശത്രുത പുലർത്തിയതെന്ന് പഞ്ചാബ് കമീഷണർ സർ ജോൺ ലോറൻസും പറയാനുള്ള കാരണവും അതുതന്നെ. (History of Indian Mutiny Vol. 11 P: 355).

അതിനാൽ ബ്രിട്ടീഷുകാർ ഇന്ത്യൻ മുസ്‌ലിംകളോട് ശത്രുതാപരമായ നിലപാട് സ്വീകരിച്ചു. മതസ്ഥാപനങ്ങളുടെ നടത്തിപ്പിനുവേണ്ടി നൽകപ്പെട്ടിരുന്ന സ്വത്തുക്കൾ കോൺവാലീസ് പ്രഭുവിന്റെ ശാശ്വത നികുതി വ്യവസ്ഥ വന്നതോടെ മുസ്‌ലിംകൾക്ക് നഷ്ടപ്പെട്ടു. ബ്രിട്ടീഷുകാർ പേർഷ്യൻ ഭാഷയ്ക്ക് നിയന്ത്രണമേർപ്പെടുത്തുകയും ശരീഅത്ത് വ്യവസ്ഥ നിർത്തലാക്കുകയും ചെയ്തു. വഖ്ഫ് സ്വത്തുക്കൾക്ക് നിയന്ത്രണമേർപ്പെടുത്തിയത് മതസ്ഥാപനങ്ങളെ പ്രതികൂലമായി ബാധിച്ചു. ഇത്തരം പ്രയാസങ്ങളും പ്രതിസന്ധികളും മുസ്‌ലിംകളുടെ മനോവീര്യം കെടുത്തുന്നതിൽ അനൽപമായ പങ്കുവഹിച്ചു. അതോടൊപ്പം വൈദേശികാധിപത്യത്തോടുള്ള അതിശക്തമായ വെറുപ്പും വിരോധവും കാരണമായി പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ നേരെ മുസ്‌ലിം സമുദായം പുറം തിരിഞ്ഞുനിന്നു. ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതിനെ മതനേതൃത്വം കണിശമായി വിലക്കി. അത് നിഷിദ്ധമാണെന്ന് പണ്ഡിതന്മാർ വിധിച്ചു. ഈ സമീപനം ദേശീയ സ്വാതന്ത്ര്യബോധത്താൽ പ്രചോദിതമായിരുന്നുവെങ്കിലും മുസ്‌ലിംകൾ മറ്റുള്ളവരെ അപേക്ഷിച്ച് ബഹുദൂരം പിന്നിലാകാൻ അത് കാരണമായി. ബ്രിട്ടീഷുകാരുടെ പ്രതികാര നടപടികളും മുസ്‌ലിംകളുടെ ബ്രിട്ടീഷ്‌വിരോധവും ഒത്തുചേർന്നപ്പോൾ ദീർഘകാലം രാജ്യഭരണം നടത്തിയ സമൂഹം അധഃപതനത്തിലേക്ക് ആണ്ടുപോവുകയായിരുന്നു.

ബ്രിട്ടീഷുകാർ നാടുനീങ്ങിയതോടെ ഇന്ത്യ വിഭജിക്കപ്പെടുകയും ഇവിടത്തെ മുസ്‌ലിം വ്യാപാരികളും വ്യവസായികളും ഉദ്യോഗസ്ഥരും നേതാക്കളും പണ്ഡിതന്മാരും സമ്പന്നരുമെല്ലാം പാകിസ്താനിലേക്ക് പോവുകയും തദ്ഫലമായി ഫലത്തിൽ ഇന്ത്യയിലെ മുസ്‌ലിംകൾ തീർത്തും അനാഥരാവുകയും ചെയ്തു. സ്വതന്ത്രേന്ത്യയിൽ അടിക്കടിയുണ്ടായ വർഗീയ കലാപങ്ങളും ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുണ്ടായ അവഗണനയും സർവോപരി യോഗ്യമായ സമുദായനേതൃത്വത്തിന്റെ അഭാവവും മുസ്‌ലിംകളെ കൂടുതൽ അധഃസ്ഥിതരും പിന്നാക്കക്കാരുമാക്കി. ഇന്നും ഈ നില തുടരുകയാണ്. ചരിത്രപരമായ കാരണങ്ങളാൽ സംഭവിച്ച ഈ പതിതാവസ്ഥയിൽ ഇസ്‌ലാമിന് ഒരു പങ്കുമില്ലെന്നും ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒടുങ്ങാത്ത മോഹവും യത്നവും സ്വാതന്ത്ര്യവേളയിലുണ്ടായ രാജ്യവിഭജനവുമാണ് യഥാർഥ കാരണമെന്നും ഏവർക്കും ഏറെയൊന്നും വിശകലനം ചെയ്യാതെ തന്നെ മനസ്സിലാക്കാവുന്ന വസ്തുതയത്രെ.

ഇസ്‌ലാമിനെ സമഗ്രമായും യഥാതഥമായും ഉൾക്കൊള്ളുമ്പോഴാണ് മുസ്‌ലിംകൾ മുഴുജീവിത മേഖലകളിലും വളർച്ചയും പുരോഗതിയും നേടുകയെന്നും അതിനെ കൈയൊഴിക്കുമ്പോഴാണ് തകർച്ചയെയും പിന്നാക്കാവസ്ഥയെയും അഭിമുഖീകരിക്കുകയെന്നും കഴിഞ്ഞ പതിനാലു നൂറ്റാണ്ടു

കാലത്തെ ചരിത്രം വിലയിരുത്തുന്ന ഏവർക്കും ബോധ്യമാകും.

## നാല്പത്

# യുക്തിവാദികളുടെ ചില ചോദ്യങ്ങൾ

### മനുഷ്യന്റെ ജീവിതവ്യവസ്ഥ മനുഷ്യനല്ലേ നിർമിക്കേണ്ടത്?

*“എന്തിനെക്കുറിച്ച് പറയുമ്പോഴും പരലോകത്തെപ്പറ്റി സംസാരിക്കുന്ന മതത്തിന് എങ്ങനെയാണ് ഭൂമിയിൽ നീതിയും നന്മയും സ്ഥാപിക്കാൻ സാധിക്കുക? ഇവിടെ ജീവിക്കുന്ന മനുഷ്യന്റെ കാര്യം നോക്കേണ്ടത് അവൻ തന്നെയല്ലേ?”*

ഇത് ചില മൗലിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണ്. സത്യം, അസത്യം, നീതി, അനീതി, ന്യായം, അന്യായം, ക്രമം, അക്രമം, നന്മ, തിന്മ, ശരി, തെറ്റ്, ധർമം, അധർമം പോലുള്ളവ എന്താണ്? ആരാണ് അവ നിശ്ചയിക്കേണ്ടത്? മനുഷ്യരാണോ? ആണെങ്കിൽ അവരിലാരാണ്? ഓരോരുത്തരുമാണോ? എങ്കിൽ അറുനൂറു കോടി മനുഷ്യരുടേതും വ്യത്യസ്തങ്ങളും പരസ്പര വിരുദ്ധങ്ങളുമാവില്ലേ? ഓരോരുത്തരും തങ്ങൾക്കു തോന്നിയ പോലെ താന്തോന്നികളായി ജീവിക്കണമെന്നല്ലേ അതിനർഥം? സമൂഹമാണോ അത് തീരുമാനിക്കേണ്ടത്? എങ്കിൽ സമൂഹത്തിൽ ആരാണ്? ഭൂരിപക്ഷമാണോ? അങ്ങനെയെങ്കിൽ ഭൂരിപക്ഷം മതവിശ്വാസികളായതിനാൽ അവരല്ലേ അത് നിശ്ചയിക്കേണ്ടത്? അഥവാ, മഹാഭൂരിപക്ഷം അന്ധവിശ്വാസികളാണെങ്കിൽ അവരും? ഭരണാധികാരികളാണോ തീരുമാനിക്കേണ്ടത്? എങ്കിൽ ഏകാധിപത്യ, സർവാധിപത്യ, സ്വേഛാധിപത്യ, രാജാധിപത്യ വ്യവസ്ഥയിൽ അധികാരം കൈയാളുന്നവരുടെ ഇഛകളും താൽപര്യങ്ങളുമല്ലേ സത്യത്തിന്റെയും നീതിയുടെയും രൂപമണിയുക? ജനാധിപത്യ ഭരണകൂടമാണെങ്കിൽ ഭൂരിപക്ഷത്തിന്റെ പ്രതിനിധികളുടെ താൽപര്യവും മുതലാളിത്ത വ്യവസ്ഥയിലെ സത്യവും നീതിയും ന്യായവും നന്മയും തന്നെയായിരിക്കുമോ സോഷ്യലിസ്റ്റ് വ്യവസ്ഥയിലേതും?

ഭൗതിക ദർശനങ്ങളും പ്രത്യയശാസ്ത്രങ്ങളും പറയുന്നപോലെ സാമൂഹിക സാഹചര്യങ്ങളുടെയും സാമ്പത്തിക ഘടനയുടെയും സൃഷ്ടിയാണ് മൂല്യങ്ങളെങ്കിൽ ആ വിധമുള്ള മൂല്യങ്ങൾ എന്തുതന്നെയായാലും അവ

അംഗീകരിക്കാൻ ഏവരും ബാധ്യസ്ഥരാവുകയില്ലേ? സാമൂഹികാവസ്ഥയുടെയും സാമ്പത്തിക വ്യവസ്ഥയുടെയും അനിവാര്യതയായി വന്നുചേരുന്നവ എന്തൊക്കെയായാലും അവയെ സഹിക്കുകയല്ലാതെ നിർവാഹമില്ലെന്ന് വരില്ലേ? പിന്നെ അവയ്ക്കെതിരെ പരാതി പറയുന്നതിൽ അർഥമുണ്ടോ?

മൂല്യങ്ങൾ നിശ്ചയിക്കാനുള്ള അവകാശം മനുഷ്യന്നാണെന്ന് അംഗീകരിക്കുകയാണെങ്കിൽ അതിൽ വൈയക്തികവും കുടുംബപരവും ജാതീയവും ദേശീയവും പ്രാദേശികവും മറ്റുമായ താൽപര്യങ്ങൾ പ്രകടമാവുക സ്വാഭാവികവും അനിവാര്യവുമത്രെ. അതിനാൽ എല്ലാ കാലത്തെയും പ്രദേശത്തെയും മുഴുവൻ മനുഷ്യരെയും ഒരുപോലെ കാണാൻ കഴിയുന്ന എല്ലാവരുടെയും സ്രഷ്ടാവായ ദൈവത്തിനു മാത്രമേ യഥാർഥമായ നീതിയും അനീതിയും നന്മയും തിന്മയും തെറ്റും ശരിയും ധർമവും അധർമവും ന്യായവും അന്യായവും നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ. ഇസ്‌ലാം മനുഷ്യരാശിയുടെ മുമ്പിൽ സമർപ്പിക്കുന്ന ദൈവപ്രോക്തമായ മൂല്യങ്ങൾ എല്ലാവരോടും ഒരേപോലെ നീതി ചെയ്യുന്ന സാർവജനീനവും കാലാതീതവുമാവാനുള്ള കാരണവും അതുതന്നെ.

പിന്നെ, ഭൂമിയിൽ ആർ എത്ര ശ്രമിച്ചാലും നിഷ്കൃഷ്ടമായ നീതി നടപ്പിലാക്കുക സാധ്യമല്ലാത്തതിനാലാണ് അത് സാധ്യമാവുന്ന പരലോകം അനിവാര്യമാകുന്നത്. ഒരാളെ വധിച്ചാൽ നീതി നടത്തുമ്പോൾ പരമാവധി സാധ്യമാവുക കൊലയാളിയെ വധിക്കലാണല്ലോ. അങ്ങനെ ഘാതകന്റെ കഥ കഴിച്ചതുകൊണ്ട് കൊല്ലപ്പെട്ടവന്റെ വിധവയ്ക്ക് ഭർത്താവിനെയും അനാഥരാവുന്ന മക്കൾക്ക് പിതാവിനെയും തിരിച്ചുകിട്ടുകയില്ലല്ലോ. വധിക്കപ്പെട്ടവൻ ഇരുപതുകാരിയുടെ ഭർത്താവും നാലു മക്കളുടെ പിതാവും കൊലയാളി മുപ്പത്തഞ്ചുകാരിയുടെ ഭർത്താവും രണ്ടു മക്കളുള്ളവനുമാണെങ്കിൽ ഇരുപതുകാരി, വിധവയും നാലു മക്കൾ അനാഥരുമാകുന്നതിനു പകരം മുപ്പത്തഞ്ചുകാരി വിധവയും രണ്ടു മക്കൾ അനാഥരുമാകുന്നത് ഒരിക്കലും നീതിയാവുകയില്ല. അതിനാൽ ഭൂമിയിലെ ശിക്ഷാ നിയമങ്ങൾ ഇവിടെ സമാധാനം സ്ഥാപിക്കാനുള്ള ഉപാധി മാത്രമാണ്. നിഷ്കൃഷ്ടവും കണിശവുമായ നീതി ഇവിടെ സാധ്യമല്ല. അത് മരണശേഷം മറുലോകത്താണ്.

ഇവിടെ മന്ദബുദ്ധികളും പ്രതിഭാശാലികളും രോഗികളും ആരോഗ്യവാന്മാരും വികലാംഗരും പൂർണകായരും ശക്തരും ദുർബലരും പണക്കാരും പാവങ്ങളുമെല്ലാമുണ്ട്. മരണത്തോടെ ജീവിതം അവസാനിക്കുമെങ്കിൽ ഈ ഘടന തീർത്തും അനീതിപരവും അതിക്രമവും അന്യായവുമത്രെ. ഓരോരുത്തർക്കും നൽകപ്പെട്ട കഴിവും സാധ്യതയുമനുസരിച്ച് ബാധ്യതകൾ നിശ്ചയിക്കപ്പെടുകയും അവയുടെ പൂർത്തീകരണ- ലംഘനമനുസരിച്ച് മരണശേഷം രക്ഷാ-ശിക്ഷകളനുഭവിക്കുകയുമാണെങ്കിൽ മാത്രമേ ഇത് നീതിയും ന്യായവുമാവുകയുള്ളൂ. ദൈവം മരണാനന്തര ജീവി

തവും ഇവിടത്തെ കർമമനുസരിച്ച് അവിടെ രക്ഷാശിക്ഷകളും നിശ്ചയിക്കാനുള്ള കാരണവും അതുതന്നെ.

## ഹ്രസ്വജീവിതത്തിന് ശാശ്വത രക്ഷാശിക്ഷകളോ?

*“ഇവിടത്തെ അറുപതോ എഴുപതോ കൊല്ലത്തെ ജീവിതത്തിലെ പ്രവർത്തനങ്ങളുടെ പേരിൽ ശാശ്വതമായ രക്ഷയോ ശിക്ഷയോ നൽകുന്നത് നീതിയാണോ? ദൈവം തീരെ നീതിമാനല്ലെന്നല്ലേ ഇതു തന്നെ തെളിയിക്കുന്നത്?”*

കർമങ്ങളുടെ സമയവും അവയുടെ ഫലവും തമ്മിൽ ഒരു ബന്ധവുമില്ല. ഒരാളെ കൊല്ലാൻ ഏതാനും നിമിഷം മതി. അതിന്റെ ഫലമോ? അതിദീർഘവും അത്യന്തം ഗുരുതരവും. ഒരു ബോംബ് വർഷിക്കാൻ ഒരു നിമിഷം മതി. അതിന്റെ പ്രത്യാഘാതമോ? ലക്ഷങ്ങളെയോ കോടികളെയോ പതിറ്റാണ്ടുകളോ നൂറ്റാണ്ടുകളോ നീണ്ടുനിൽക്കുംവിധം ബാധിക്കുന്നു. ഇന്റർവ്യൂ വേളയിലെ ചോദ്യത്തിനും ഉത്തരത്തിനും നിമിഷങ്ങളേ ആവശ്യമുള്ളൂ. അതേസമയം അതിന്റെ ഫലം ജീവിതാവസാനം വരെ തുടരുന്നു. പരീക്ഷയുടെയും അതിന്റെ ഫലത്തിന്റെയും സ്ഥിതിയും ഇതുതന്നെ.

ഒരാളുടെ ജീവിതാന്ത്യത്തോടെ അയാളുടെ കർമഫലങ്ങൾ ഭൂമിയിൽതന്നെ തീരുകയില്ല. ഒരാൾ ഉന്നത വിദ്യാലയം സ്ഥാപിക്കുകയാണെങ്കിൽ അതിന്റെ സദ്ഫലം ആ സ്ഥാപനം നിലനിൽക്കുവോളം തുടരുന്നു. അവിടെനിന്ന് പഠിക്കുന്നവർ ആരൊക്കെയാണോ അവർക്കും അവരിൽനിന്ന് പഠിക്കുന്നവർക്കും പിന്നീട് അവരിൽനിന്ന് പഠിക്കുന്നവർക്കും അങ്ങനെ എണ്ണിയാലൊടുങ്ങാത്ത അത്രയും പേർക്ക് ലഭിക്കുന്ന നന്മയുടെയും നേട്ടത്തിന്റെയും സദ്ഫലം വിദ്യാലയം സ്ഥാപിച്ച വ്യക്തിക്ക് ലഭിക്കുന്നു. ഒരു തിന്മ ആരെയെല്ലാം സ്വാധീനിക്കുന്നുവോ അവരുടെയും അവരിലൂടെ സ്വാധീനിക്കപ്പെടുന്നവരിലൂടെയും പിന്നീട് സ്വാധീനിക്കപ്പെട്ടവരാൽ സ്വാധീനിക്കപ്പെടുന്നവരുടെയുമെല്ലാം തിന്മകളുടെ ദുഷ്ഫലവും തുടക്കക്കാരനിലേക്ക് ചെന്നെത്തുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും ബോംബ് വർഷിച്ചത് ചുരുങ്ങിയ സമയംകൊണ്ടാണ്. അത് സൃഷ്ടിച്ച ദുരന്തമോ? ഇന്നും അവിരാമം തുടരുന്നു.

കാലദൈർഘ്യമോ ആയുസിന്റെ നീളമോ നല്ലവനെ കൊള്ളരുതാത്തവനോ നീചനെ ഉൽകൃഷ്ടനോ ആക്കുകയില്ല. അതിനാൽ കർമങ്ങൾക്കെടുക്കുന്ന സമയവും കർമഫലവും തമ്മിൽ ഒരു ബന്ധവുമില്ല. മനുഷ്യൻ മരിച്ചാലും അവന്റെ കർമഫലം അവിരാമം തുടരും. കർമം നന്മയാണെങ്കിൽ സദ്ഫലവും, തിന്മയാണെങ്കിൽ ദുഷ്ഫലവും. അതുകൊണ്ടുതന്നെ ആരുടെ കർമഫലവും അവരുടെ ജീവിതകാലത്ത് തിട്ടപ്പെടുത്തുക സാധ്യമല്ല. വിചാരണയും വിധിയും രക്ഷാശിക്ഷകളും ഭൂമിയിൽവച്ച് സംഭവിക്കാതിരിക്കാനുള്ള കാരണവും അതുതന്നെ. അപ്പോൾ പരലോകത്തിലെ ശാശ്വതമായ രക്ഷാശിക്ഷകൾക്ക് ഭൂമിയിലെ ജീവിതകാലം തന്നെ ധാരാളം.

പിന്നെ ദൈവനിശ്ചയവും അവന്റെ തീരുമാനങ്ങളുടെ യുക്തിയും ന്യായവും നീതിയുമൊക്കെ അവൻ വിശദീകരിച്ചുതരാതെ നമുക്ക് മനസ്സി

ലാകണമെങ്കിൽ നാം ദൈവത്തെപ്പോലെയോ അവനേക്കാൾ കഴിവുറ്റ വരോ ആകണമല്ലോ. സർവശക്തനും സർവജ്ഞനുമായ ദൈവത്തിന്റെ കർമങ്ങൾ എന്തുകൊണ്ട് അങ്ങനെയായി എന്ന് അവൻ നൽകിയ അൽപ ജ്ഞാനവും യുക്തിയുംകൊണ്ട് നമുക്ക് മനസ്സിലാവണമെന്നില്ല. നമ്മുടെ വൈജ്ഞാനികരംഗം എത്രയൊക്കെ വളരുകയും വികസിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അറുനൂറു കോടി മനുഷ്യർക്ക് അറിവും ബോധവും യുക്തിയും നൽകിയ ദൈവത്തിന്റെ അറിവിനെ അപേക്ഷിച്ച് അത് ഇന്നും തീർത്തും അഗണ്യമത്രെ. അതുപയോഗിച്ച് സ്രഷ്ടാവിന്റെ സൃഷ്ടിയിലെ ന്യായവും നീതിയും തേടുന്നത് നിരർഥകമാണ്. പ്രതിഭാശാലികളുടെ കർമ ങ്ങളുടെ യുക്തിയും ന്യായവും സാമാന്യ ബുദ്ധികൾക്ക് മനസ്സിലാവുക യില്ലല്ലോ; സാമാന്യബുദ്ധികളുടേത് മന്ദബുദ്ധികൾക്കും.

## ക്ലോണിംഗ് ദൈവത്തെ അപ്രസക്തമാക്കുന്നില്ലേ?

*“ക്ലോണിംഗിലൂടെ സൃഷ്ടികർമം നടത്താൻ കരുത്തുനേടിയ ശാസ്ത്രം ദൈവത്തെ അപ്രസക്തമാക്കുകയല്ലേ ചെയ്യുന്നത്?”*

ഇല്ലായ്മയിൽനിന്ന് ഉണ്ടാക്കലാണ് സൃഷ്ടികർമം. ക്ലോണിംഗ് അതല്ല. ദൈവം ഇവിടെ സൃഷ്ടിച്ച സസ്യത്തിന്റെയോ ജീവിയുടെയോ അംശമെ ടുത്ത് ദൈവം പ്രപഞ്ചത്തിൽ സംവിധാനിച്ച സൗകര്യങ്ങളുപയോഗിച്ച് നട ത്തുന്ന പ്രവൃത്തി മാത്രമാണത്. യഥാർഥത്തിൽ മനുഷ്യനിവിടെ പുതു തായൊന്നും സൃഷ്ടിക്കുന്നില്ല. ഉള്ളവയെ എടുത്ത് കൈകാര്യം ചെയ്ത് രൂപമാറ്റം വരുത്തുകയോ പുതുതായി പരിവർത്തിപ്പിക്കുകയോ മാത്രമേ ചെയ്യുന്നുള്ളൂ. ഭൂമിയിലെ മരമെടുത്ത്, ഇരുമ്പുകൊണ്ടുണ്ടാക്കിയ ആണി യുപയോഗിച്ച്, ഇരുമ്പുകൊണ്ടും മരംകൊണ്ടുമുള്ള ഉളിയുടെ സഹായ ത്തോടെ മേശയുണ്ടാക്കിയാൽ അതിനെ സൃഷ്ടികർമമായി ആരും വിശേ ഷിപ്പിക്കുകയില്ലല്ലോ. അതിനാൽ, പുതുതായൊന്നും സൃഷ്ടിക്കാത്ത മനു ഷ്യന് ദൈവത്തെ അപ്രസക്തനാക്കുക സാധ്യമേ അല്ല. തീർത്തും വ്യത്യ സ്തവും വ്യതിരിക്തവുമായ മുഖഭാവവും കൈവിരലും തലമുടിയും രക്ത വുമൊക്കെ നൽകി ദൈവം സൃഷ്ടിച്ച അറുനൂറു കോടി മനുഷ്യരിലൊ രാൾ മാത്രമാണല്ലോ ക്ലോണിംഗ് നടത്തുന്ന മനുഷ്യനും.

*“മനുഷ്യരിലെ ക്ലോണിംഗിനെക്കുറിച്ച് എന്തു പറയുന്നു?”*

ക്ലോണിംഗിലൂടെ ഉണ്ടാവുന്ന മനുഷ്യന്റെ വികാരവിചാരങ്ങളും സ്വഭാ വരീതികളും ആത്മീയാവസ്ഥകളുമൊക്കെ പ്രവചനാതീതവും ഇപ്പോൾ തീർത്തും അജ്ഞാതവുമത്രെ. അതിനാൽ നിലവിലുള്ള സാഹചര്യത്തിൽ വിധിപറയുക സാധ്യമല്ല. എന്നാൽ മനുഷ്യരിലെ ക്ലോണിംഗ് ഉയർത്തി യേക്കാവുന്ന സാമൂഹികവും ധാർമികവും നിയമപരവും മറ്റുമായ പ്രശ്ന ങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. നമ്മെപ്പോലെത്തന്നെ ഒരാളുണ്ടാവുകയും അയാൾ നമ്മുടെ നാട്ടിൽ തന്നെയാവുകയുമാണെങ്കിൽ നമ്മുടെ ഭാര്യമാരും കുട്ടികളും മാതാപിതാക്കളും ബന്ധുക്കളും സമൂഹവും അഭിമുഖീകരിച്ചേ ക്കാവുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും പ്രതിസന്ധികളും അതീവ ഗുരു തരമായിരിക്കും. അപ്പോൾ കുറ്റവാളികളെ പിടികൂടുകപോലും അസാധ്യ

മായേക്കും. ക്ലോണിംഗ് ഇത്തരം അപരിഹാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണെങ്കിൽ മതം അതിനെ അനുകൂലിക്കുകയില്ലെന്നത് സുവിദിതമാണല്ലോ.

## അവയവദാനം: ഇസ്‌ലാമിക കാഴ്ചപ്പാട്

*"ഇസ്‌ലാം അവയവ ദാനത്തെ അനുകൂലിക്കാതിരിക്കാൻ കാരണമെന്താണ്? ദൈവത്തിന്റെ സൃഷ്ടിപ്പിൽ മാറ്റം വരുത്തലായതിനാലാണോ?"*

അവയവ ദാനത്തെ ഇസ്‌ലാം അനുകൂലിക്കുന്നില്ലെന്ന ധാരണ ശരിയല്ല. ജീവിച്ചിരിക്കെ വൃക്കപോലെ ഒന്നിലധികമുള്ളതും ഒന്നു ദാനം ചെയ്താലും ജീവൻ നിലനിർത്താൻ സാധിക്കുന്നതുമായ അവയവം ദാനം ചെയ്യുന്നതിനെ ഇസ്‌ലാം ഒരു നിലക്കും വിലക്കുന്നില്ല. അപ്രകാരം തന്നെ മരണപ്പെട്ട ആളുടെ അവയവം ജീവിച്ചിരിക്കുന്നവർക്ക് ആവശ്യമായി വരികയാണെങ്കിൽ അനന്തരാവകാശികളുടെ അനുവാദത്തോടെ മാറ്റിവയ്ക്കുന്നതിനെയും ഇസ്‌ലാം വിലക്കുന്നില്ല. രണ്ടും വൈദ്യശാസ്ത്രത്തിന്റെ നൂതന സിദ്ധികളെന്ന നിലയിൽ അവയെ പഠനവിധേയമാക്കിയ ആധുനിക ഇസ്‌ലാമിക പണ്ഡിതന്മാർ അനുകൂലിക്കുകയാണുണ്ടായത്. അവയവങ്ങൾ വിൽക്കുന്നതിനെയും അനന്തരാവകാശികളുടെ അനുവാദമില്ലാതെ മൃതശരീരത്തിലെ അവയവങ്ങളെടുക്കുന്നതിനെയുമാണ് ഇസ്‌ലാം വിലക്കുന്നത്. ഇസ്‌ലാമിനെപ്പോലെത്തന്നെ ആധുനിക ലോകത്തെ എല്ലാ രാജ്യത്തും ഇതു രണ്ടും നിയമവിരുദ്ധമാണ്.

## മിശ്രവിവാഹത്തെ എന്തുകൊണ്ടെതിർക്കുന്നു?

*"ഇസ്‌ലാം മിശ്രവിവാഹത്തെ അനുകൂലിക്കാത്തതെന്തുകൊണ്ട്? ഇത് തികഞ്ഞ സങ്കുചിതത്വവും അസഹിഷ്ണുതയുമല്ലേ?"*

സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം. അത് രൂപപ്പെടുന്നത് വിവാഹത്തിലൂടെയാണ്. കുടുംബത്തിന്റെ ഭദ്രതയ്ക്ക് ദാമ്പത്യപ്പൊരുത്തം അനിവാര്യമത്രെ. അതുണ്ടാവണമെങ്കിൽ ദമ്പതികളെ കൂട്ടിയിണക്കുന്ന കണ്ണി സ്നേഹവും കാരുണ്യവുമായിരിക്കണം. ഖുർആൻ ഇക്കാര്യം ഇങ്ങനെ വ്യക്തമാക്കുന്നു: "അവൻ നിങ്ങൾക്കു നിങ്ങളിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുതന്നതും - അവരുടെ സാന്നിധ്യത്തിൽ നിങ്ങൾക്ക് ശാന്തി ലഭിക്കാനായി- നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കിത്തന്നതും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. നിശ്ചയം, ചിന്തിക്കുന്ന ജനത്തിന് ഇതിൽ നിരവധി ദൃഷ്ടാന്തങ്ങളുണ്ട്"(ഖുർആൻ 30: 21).

സ്നേഹബന്ധം സുദൃഢമാവണമെങ്കിൽ ആദർശൈക്യം അനിവാര്യമാണ്. ഒരു കമ്യൂണിസ്റ്റുകാരന് കോൺഗ്രസ്സുകാരനായ സഹോദരനേക്കാൾ അടുപ്പവും ഉറ്റ ആത്മബന്ധവുമുണ്ടാവുക തന്റെ കമ്യൂണിസ്റ്റുകാരനായ സുഹൃത്തിനോടായിരിക്കും. കോൺഗ്രസ്സുകാരന്റെയും ബി.ജെ.പി.ക്കാരന്റെയുമൊക്കെ സ്ഥിതിയും ഇതുതന്നെ. കലവറയില്ലാതെ രഹസ്യങ്ങൾ കൈമാറാനും കരുതിവയ്പില്ലാതെ ആത്മാർഥവും ഊഷ്മളവുമായ സ്നേഹബന്ധം സ്ഥാപിക്കാനും ആദർശപ്പൊരുത്തം കൂടിയേ തീരൂ. ഗണി

തശാസ്ത്രത്തിൽ ഒന്നും ഒന്നും ചേർന്നാൽ രണ്ടാണല്ലോ. എന്നാൽ ഇസ്‌ലാം വിഭാവന ചെയ്യുന്ന ദാമ്പത്യലോകത്ത് അത് 'ഇമ്മിണി വലിയ ഒന്നാ'ണ്. ഖുർആൻ പറയുന്നു: ''സ്ത്രീകൾ പുരുഷന്മാർക്ക് വസ്ത്രമാകുന്നു. പുരുഷന്മാർ സ്ത്രീകൾക്കും വസ്ത്രമാകുന്നു."(2: 187) "നിങ്ങൾ പരസ്പരം ഇഴുകിക്കഴിഞ്ഞവരത്രെ."(4: 21)

രണ്ട് പ്രവാഹങ്ങൾ ചേർന്ന് ഒന്നായി മാറുന്നപോലെ രണ്ടാൾ ചേർന്ന് ഒന്നായി മാറി കൂട്ടായി ജീവിക്കുന്ന അതിമഹത്തരവും അനിർവചനീയവുമായ ഒന്നാണല്ലോ ദാമ്പത്യം. വിശ്വാസ, വീക്ഷണ, ആചാര, ആരാധനാനുഷ്ഠാനങ്ങളിൽ വൈവിധ്യവും വൈരുധ്യവുമുള്ളവർ ചേർന്നുണ്ടാവുന്ന ദാമ്പത്യം ഭദ്രമോ ഊഷ്മളമോ ആവുകയില്ല. അസുഖകരമായ അവസ്ഥയ്ക്കും അനാരോഗ്യകരമായ പരിണതിക്കുമാണ് അത് വഴിവയ്ക്കുക.

താൻ സ്വീകരിച്ചംഗീകരിച്ച ആദർശമാണ് ഇഹപര വിജയത്തിന്റെ മാർഗമെന്നും പരമമായ സത്യമെന്നും വിശ്വസിക്കുന്ന സത്യസന്ധതയും ആത്മാർഥതയുമുള്ള ഏതൊരാളും തന്റെ മക്കളും പിൻമുറക്കാരും അതിന്റെ വക്താക്കളും പ്രയോക്താക്കളുമാകണമെന്ന് ആഗ്രഹിക്കുക അനിവാര്യമത്രെ. സ്വന്തക്കാരും സന്താനങ്ങളും തന്നെപ്പോലെ ആവണമെങ്കിൽ ജീവിത പങ്കാളിയും അതേ ആദർശ വിശ്വാസത്തെ പ്രതിനിധീകരിക്കുന്നവരാകണം. അതിനാൽ ദാമ്പത്യ ഭദ്രതയ്ക്കും കുടുംബത്തിന്റെ കെട്ടുറപ്പിനും പിൻമുറക്കാരുടെ ആദർശ പ്രതിബദ്ധതയ്ക്കും ഇണകൾക്കിടയിലെ ആദർശൈക്യം അനിവാര്യമാണ്. മിശ്രവിവാഹത്തിൽ അതുണ്ടാവില്ലെന്നത് സുവിദിതമാണല്ലോ. ഇസ്‌ലാം അതിനെ അംഗീകരിക്കാതിരിക്കാനുള്ള കാരണവും അതുതന്നെ.

# ഉപസംഹാരം

പ്രിയമുള്ളവരേ,

ലോകമെങ്ങുമെന്നപോലെ ഇവിടെ നമ്മുടെ നാട്ടിലും മഹാ ഭൂരിപക്ഷവും ഈശ്വര വിശ്വാസികളാണ്. ഈ പ്രപഞ്ചത്തെയും അതിലുള്ള സകലതിനെയും സൃഷ്ടിച്ചതും സംരക്ഷിക്കുന്നതും ദൈവമാണെന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. ഈ ലോകത്തിന്റെയും അതിലെ ഓരോ അണുവിന്റെയും പിന്നിൽ അത്യദ്ഭുതകരമായ ആസൂത്രണവും അതിവിദഗ്ധമായ സംവിധാനവും ഉള്ളതായി നാം മനസ്സിലാക്കുന്നു. മനുഷ്യ ധിഷണയുടെ സകല സങ്കൽപങ്ങൾക്കും അതീതമായി ഈ പ്രപഞ്ചം ഒരു മഹാവിസ്മയമായി നമ്മുടെ മുമ്പിൽ നിലകൊള്ളുന്നു. ഇതിന്റെ പിന്നിലെ മഹശ്ശക്തിയെ അഹന്തയാൽ അന്ധത ബാധിക്കാത്തവരൊക്കെ അംഗീകരിക്കുന്നു. അനാദ്യനും അനന്ത്യനും അരൂപിയും അദൃശ്യനും സർവജ്ഞനും സർവശക്തനുമായ ആ സ്രഷ്ടാവിനെ സംബന്ധിച്ച ബോധം ആദിമ മനുഷ്യൻ തൊട്ടിന്നേ വരെ എന്നും എവിടെയും നിലനിന്നു പോന്നിട്ടുണ്ട്.

സ്രഷ്ടാവും സംരക്ഷകനുമായ ദൈവം തന്നെയാണല്ലോ നമ്മുടെ സാക്ഷാൽ ഉടമസ്ഥനും യജമാനനും. മറ്റെല്ലാ വസ്തുക്കളെയും പോലെ നാമും അവന്റെ നിശ്ചയവും നിയമവുമനുസരിച്ചാണ് ഈ ലോകത്ത് ജൻമമെടുത്തത്.

സൂര്യൻ ദൈവം നിർണയിച്ച നിയത നിയമമനുസരിച്ച് അതിന്റെ നിയോഗം നിർവഹിക്കുന്നു. ചന്ദ്രനും നക്ഷത്രങ്ങളും കാറ്റും മഴയും ഇടിയും മിന്നലുമെല്ലാം അവ്വിധം തന്നെ. പക്ഷികളും മൃഗങ്ങളും ജലജീവികളും ഇഴജീവികളും സസ്യങ്ങളും പ്രാണികളുമൊക്കെ പ്രപഞ്ചനാഥനായ ദൈവം നിശ്ചയിച്ച പ്രകൃതിനിയമങ്ങളെ പൂർണമായും പിന്തുടരുന്നു. അതിനാലവയെല്ലാം ദൈവിക വ്യവസ്ഥയനുസരിച്ചാണ് അഥവാ ഇസ്‌ലാമായാണ് നിലകൊള്ളുന്നത്. ദൈവിക നിയമമനുസരിക്കലാണല്ലോ ഇസ്‌ലാം എന്നു പറയുക. അതനുസരിക്കുന്നവൻ മുസ്‌ലിമും. അതിനാൽ നാമും ഈ പ്രപഞ്ചഘടനയോട് പൊരുത്തപ്പെട്ട് പ്രകൃതിയോട് താദാത്മ്യം പ്രാപിക്കണമെങ്കിൽ മുഴു ജീവിതമേഖലകളിലും ദൈവിക ജീവിതവ്യവസ്ഥ സ്വീകരിക്കുകയും പാലിക്കുകയും വേണം.

ദൈവമാണ് നമ്മുടെ സ്രഷ്ടാവും സംരക്ഷകനുമെന്ന് അംഗീകരിക്കുന്ന

ഏവരും നമ്മുടെ ജീവിതം എവ്വിധമാവണമെന്ന് അവൻ നിർദേശിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കാൻ ബാധ്യസ്ഥരാണ്. അത്തരമൊരന്വേഷണം ദൈവദൂതൻമാരെക്കുറിച്ചും അവരിലൂടെ ലഭ്യമായ ദിവ്യസന്ദേശങ്ങളെ സംബന്ധിച്ചും വ്യക്തമായ അറിവ് നൽകാതിരിക്കില്ല.

ദൈവം തന്റെ ദൂതൻമാരിലൂടെ മാനവസമൂഹത്തിന് സമർപ്പിച്ച സമ്പൂർണമായ ജീവിതവ്യവസ്ഥയാണ് മതം. എല്ലാ മതവും മൗലികമായി ഒന്നുതന്നെയായിരുന്നു. ദൈവം ഏകനായതിനാൽ അവനിൽനിന്നു ലഭ്യമായ മതവും ഏകമാവുക അനിവാര്യമാണല്ലോ, എന്നിട്ടും ഇന്ന് ഒന്നിലേറെ മതങ്ങൾ കാണപ്പെടുന്നു. അവയ്ക്കിടയിൽ വ്യക്തമായ വ്യത്യാസങ്ങളും വൈരുധ്യങ്ങളുമുണ്ട്. മനുഷ്യരുടെ കൈകടത്തലുകളും വെട്ടിച്ചുരുക്കലുകളും കൂട്ടിച്ചേർക്കലുകളുമാണിതിനു കാരണം. അതില്ലായിരുന്നുവെങ്കിൽ ഏകനായ പ്രപഞ്ചനാഥനിൽനിന്ന് അവതീർണമായ മതത്തിൽ പരസ്പര വ്യത്യാസങ്ങളോ ഭിന്നതകളോ കാണപ്പെടുമായിരുന്നില്ല. അതിനാൽ മനുഷ്യരുടെ ഇടപെടലുകളിൽനിന്നും വെട്ടിത്തിരുത്തലുകളിൽ നിന്നും കൂട്ടിച്ചേർക്കലുകളിൽനിന്നും തീർത്തും മോചിതമായ, ദൈവം തന്റെ സന്ദേശ വാഹകനിലൂടെ നൽകിയ പോലെ നിലനിൽക്കുന്ന മതവും വേദഗ്രന്ഥവും ഏതെന്ന് അന്വേഷിക്കാനും പഠിക്കാനും നാം ബാധ്യസ്ഥരാണ്. അത്തരമൊരു പഠനം ആയിരത്തിനാനൂറിലേറെ വർഷം മുമ്പ് മുഹമ്മദ് നബിയിലൂടെ അവതീർണമായ ദൈവിക ജീവിതവ്യവസ്ഥയെ കണ്ടെത്താൻ കാരണമാകുമെന്ന് വിനീതമായി വിശ്വസിക്കുന്നു.

ഇസ്‌ലാം ഏതെങ്കിലും ജാതിക്കാരുടെയോ ദേശക്കാരുടെയോ ഭാഷക്കാരുടെയോ കാലക്കാരുടെയോ മതമല്ല. സൂര്യപ്രകാശംപോലെ, ചന്ദ്രന്റെ പൂനിലാവുപോലെ, വായുപോലെ, വെള്ളംപോലെ മുഴുവൻ മനുഷ്യർക്കും അവകാശപ്പെട്ടതാണ്. മാനവസമൂഹത്തിനുള്ള ദൈവത്തിന്റെ മഹത്തായ അനുഗ്രഹമാണ്. നമുക്ക് ജീവനും ജീവിതവും ആയുസ്സും ആരോഗ്യവും നൽകിയ നമ്മുടെ നാഥന്റെ ജീവിതവ്യവസ്ഥയിൽ നാമൊക്കെ തുല്യാവകാശികളാണ്. അതിന്റെ സ്വീകരണവും നിരാകരണവുമനുസരിച്ചാണല്ലോ നമ്മുടെ പരലോക ജീവിതത്തിലെ ജയാപജയങ്ങളും രക്ഷാശിക്ഷകളും.

ഈ കൃതിയിലെ ചോദ്യങ്ങൾക്കുള്ള മറുപടി പൂർണവും അന്തിമവുമാണെന്ന് അവകാശപ്പെടുന്നില്ല. പരിമിതമായ അറിവിന്റെയും ചിന്തയുടെയും പരിധിയിൽനിന്നുകൊണ്ട് നൽകപ്പെട്ടവയായതിനാൽ കൂടുതൽ പ്രമാണയുക്തവും യുക്തിഭദ്രവുമായ മറുപടിക്കു ധാരാളം സാധ്യതകളുണ്ട്. എങ്കിലും വർഗ-വർണ-ദേശ-ഭാഷാ വൈജാത്യങ്ങൾക്കതീതമായി മാനവ സമൂഹത്തിന് ദൈവം നൽകിയ ജീവിത വ്യവസ്ഥയായ ഇസ്‌ലാമിനെ സാമാന്യമായി മനസ്സിലാക്കാനും പരിചയപ്പെടാനും ഈ കൃതി കുറച്ചൊക്കെ സഹായകമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സഹൃദയരായ വായനക്കാർക്ക് ഇത് ജീവിതവിജയത്തിന്ന് വഴികാണിക്കുന്ന വെളിച്ചമായിത്തീരുമാറാവട്ടെ. നമ്മുടെ നാഥനായ ദൈവത്തിന്റെ സത്യശുദ്ധമായ പാത കണ്ടെത്തി അതു പിന്തുടർന്ന് ഇരു ലോകത്തും വിജയം വരിക്കാൻ അവൻ നമ്മെയേവരെയും അനുഗ്രഹിക്കുമാറാവട്ടെ.

## അനുബന്ധം 1

# കാലം ആഗ്രഹിക്കുന്ന ഉത്കൃഷ്ട കൃതി

## വാണിദാസ് എളയാവൂര്

**ജാ**ഹിലിയ്യാ കാലത്തിന്റെ ഇരുണ്ട അന്തരീക്ഷത്തിലാണ് ഇസ്ലാമിക നാഗരികതയുടെ പിറവി. അവിടെ അതൊരു നവനാഗരികതയുടെ പ്രകൃതമണിഞ്ഞു. ആദ്യമാദ്യം മന്ദമായും പിന്നെപിന്നെ ചടുലവുമായിരുന്നു അതിന്റെ പ്രസാരണം. അത് പലരുടെയും സ്വാസ്ഥ്യം കെടുത്തി. പ്രതിഷേധം ശക്തവും വ്യാപകവുമായി. സെമിറ്റിക് മത തലങ്ങളിൽനിന്നുപോലും എതിർപ്പിന്റെ കുന്തമുനകൾ നീണ്ടു. കാലമേറെ പിന്നിടും മുമ്പെ ലോകജനതയിൽ ശക്തമായ സ്വാധീനമായി ഇസ്ലാം മുന്നേറി. അസഹിഷ്ണുതകൊണ്ടാവാം പാശ്ചാത്യ നാഗരികത സത്യവേദത്തെ സബോധം വികൃതവൽക്കരിച്ചുതുടങ്ങി. ഇസ്ലാം വിശ്വാസികൾതന്നെ ധർമപഥത്തിൽനിന്ന് ഏറെ അകന്നുപോയി. കേവലമായ വിശ്വാസത്തിലൂന്നിയും സ്വന്തം താൽപര്യ സംരക്ഷണത്തിനനുഗുണമായും ഇസ്ലാമികാശയങ്ങളെ വ്യാഖ്യാനിച്ചും അവരെഴുതി. രണ്ടു പേരുടെയും രചനകളിൽ നിന്ന് സത്യം ഏറെ അകലെയായി. അതുകൊണ്ട് സത്യശുദ്ധമായ ദർശനസാരമുൾക്കൊള്ളാൻ തലമുറകൾക്ക് സാധിക്കാതെ വന്നു. ഇതിന്റെ ഫലമായി ഇസ്ലാം തെറ്റിദ്ധരിക്കപ്പെട്ടു.

ഇസ്ലാം അതിന്റെ പ്രാദുർഭാവകാലം തൊട്ടേ അത്യന്തം രചനാത്മകമായിരുന്നു; സർഗവിപ്ലവാത്മകവുമായിരുന്നു. എന്നാൽ മധ്യകാല കഥാതലം മരവിപ്പിന്റേതായി മാറി. അർഥമറിയാതെ ഓതിക്കൂട്ടുന്നതിൽ സായൂജ്യം കൊണ്ട അപക്വമതികൾ മുതൽ സബോധം ഇസ്ലാമിനെ ഇകഴ്ത്തിക്കാട്ടാനിറങ്ങിയ കുൽസിതബുദ്ധികൾ വരെ ഈ ദുരവസ്ഥക്ക് കാരണക്കാരായി. അസഹിഷ്ണുക്കളുടെ സബോധമായ പ്രചാരണശ്രമങ്ങളും മുസ്ലിം സമൂഹം തന്നെ ആചരണ രംഗത്ത് സത്യവേദത്തോട് കാണിച്ചുപോന്ന അന്യതാത്വവും ഇതിന് ശക്തി പകർന്നു.

സൂറത്തുൽ ഫാത്തിഹയിലെ “നിനക്കു മാത്രം ഞങ്ങൾ ഇബാദത്ത് ചെയ്യുന്നു” എന്ന വാക്യം അത്യുദാത്തമാണെങ്കിലും ആരുടെയെല്ലാം മുന്നിൽ സത്യവേദ വിശ്വാസികൾ ഇവിടെ തലകുനിക്കുന്നു! ഒന്നിനെ പരമാവധി ബഹുമാനിക്കുകയും അതിന്റെ മുന്നിൽ പരമാവധി വിനയവും താഴ്ച്ചയും പ്രകടിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇബാദത്തെങ്കിൽ, അതിന്റെ അന്തസ്സാരം ആ വിശേഷാരാധന അല്ലാഹുവിന് മാത്രമാണ് എന്നതാണെങ്കിൽ, സൂക്ഷ്മാർ

ഥത്തിൽ വിശ്വാസ തീവ്രതയിലും വിശുദ്ധിയിലും സത്യവേദ വിശ്വാസികൾക്ക് സമശീർഷരായി ഇവിടെ ആരെങ്കിലുമുണ്ടാകുമോ? വിപക്ഷികളുടെ കുൽസിത ശ്രമങ്ങളെ കറുത്ത നാളുകളിൽ സത്യത്തിന്റെ ജ്വാലാമുഖമുയർത്തിക്കാട്ടാൻ സബോധമായ സഫലമായ ശ്രമവുമിവിടെയുണ്ടായില്ല. നന്മ ചെയ്യുകയാണ് 'തഖ്‌വ'യെങ്കിൽ, തിന്മയെ അതിജയിക്കുകയാണ് 'ജിഹാദെ'ങ്കിൽ, ഇവ രണ്ടുമാണ് ഇസ്‌ലാമികാദർശങ്ങളുടെ ഹൃദയഭാവമെങ്കിൽ, അത് സമൂഹമധ്യത്തിലും ലോക ശ്രദ്ധയിലും സമർപ്പിക്കാൻ 'ജന്മബാധ്യത'യുള്ള മുസൽമാൻമാർക്കുപോലും കഴിയാതെ പോയി എന്നതാണ് സത്യം.

ഏകദൈവ വിശ്വാസവും സമസൃഷ്ടി സ്നേഹവുമാണ് ഇസ്‌ലാം ഊന്നുന്ന ബലിഷ്ഠങ്ങളായ ശിലാതലങ്ങൾ. വിചിത്രം എന്ന് വിശേഷിപ്പിച്ചാൽ പോരാ, വിസ്മയങ്ങളുടെ വിളഭൂമിയാണ് പ്രപഞ്ചം. ഏത് വസ്തുവെ ചൂണ്ടിയും കാരണമന്വേഷിക്കുന്ന മനുഷ്യൻ എല്ലാ വസ്തുക്കളെയും പ്രതിഭാസങ്ങളെയും നോക്കി മൗനമുദ്രിതമായ ചുണ്ടുകളോടെ വിരൽ ചൂണ്ടുന്നൊരിടമുണ്ട്, ഒരൗന്നത്യമുണ്ട്. കാരണങ്ങളാവശ്യമില്ലാത്ത ഒരു മഹാശക്തി സ്ഥാനമാണത്. സമസ്ത സംശയങ്ങളുമകന്ന, സകലാന്വേഷണശ്രമങ്ങളും വിഫലമായിത്തീരുന്ന ആ ശക്തിസ്ഥാനം പ്രപഞ്ചത്തിനുപരിയായിരിക്കണം. പദാർഥാതീതമായിരിക്കണം. സകലമാന പ്രതിഭാസങ്ങളുടെയും അടിസ്ഥാന കാരണം ദൈവമാണ്. ദൈവവിരചിതമായ പ്രപഞ്ചത്തെ നോക്കി 'അനന്തം അജ്ഞാതം അവർണനീയം' എന്ന് വിസ്മയം കൂറിനിൽക്കുന്ന മനുഷ്യൻ സത്യത്തിൽ എത്ര ചെറുതാണ്! ആ നിസ്സാരതയും അവന്റെ മുന്നിലെ ദൈവത്തിന്റെ സർവസാരത്വവുമാണ് ഋഷിവര്യനായ അലക്സി കാറേൽ തന്റെ വിശ്രുതമായ Man the unknown എന്ന ഗ്രന്ഥത്തിൽ അനാവരണം ചെയ്യുന്നത്. നിസാരതയുടെ മനുഷ്യനും നിഖില സാരാത്മമായ ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ ഭാഷ്യമാണ് മതം. മതത്തിന്റെ വാഗ്‌രൂപം വേദവും. ഈയൊരു വിശേഷാശയ പശ്ചാത്തലത്തിൽനിന്നുകൊണ്ടാണ് ഇസ്‌ലാമിക സാഹിത്യ രചനാരംഗത്തെ ലബ്ധപ്രതിഷ്ഠനായ ശൈഖ് മുഹമ്മദ് കാരകുന്നിന്റെ 'ദൈവം, മതം, വേദം: സ്നേഹസംവാദം' എന്ന ഗ്രന്ഥത്തെ ഞാൻ കാണുന്നത്. ദൈവസത്തയെക്കുറിച്ച് സ്വന്തമായ എന്തെങ്കിലും നിഗമനത്തിലെത്താൻ പോരും വിധമല്ല മനുഷ്യബുദ്ധി സംവിധാനം ചെയ്യപ്പെട്ടിട്ടുള്ളത്. അത്തരമൊരവസ്ഥയിൽ ദൈവിക സത്തയെക്കുറിച്ച് ദൈവം തന്നെ വെളിപ്പെടുത്തി എന്നു കരുതപ്പെടുന്ന കാര്യങ്ങൾ സ്വീകരിക്കുക മാത്രമേ നമുക്ക് കരണീയമായിട്ടുള്ളൂ. ഖുർആനും നബിവചനങ്ങളും അല്ലാഹുവിനെപ്പറ്റി പറഞ്ഞ വസ്തുതകൾ സ്വീകരിച്ച് നമ്മുടെ വിചാരചഷകത്തിലിട്ട് വിശ്ലഥനം സാധിക്കുകയും വയ്യെന്ന സ്ഥാനത്തെത്തുമ്പോൾ അവിടെ നിർത്തി 'അത് അല്ലാഹുവിനറിയാം' എന്നുമാത്രം വിനയപുരസ്സരം ആത്മഗതം ചെയ്യുകയും ചെയ്യുന്ന പൂർവ സൂരികളുടെ വഴിയിൽനിന്ന് സ്വൽപം മാറിയാണ് ഗ്രന്ഥകാരൻ നമ്മുടെ മുന്നിൽ നിൽക്കുന്നത്. മനനവും അന്വേഷണവും വഴി നയിക്കുന്ന നിരങ്കുശമായ നിഗമനമാണ് ഗ്രന്ഥകാരന്റെ സവിശേഷത. നാൽപത് അധ്യായങ്ങളിലായി പടർന്നുകിടക്കുന്ന വിചാര വിശകലനം വികലധാരണകളെ പിഴുതെറിയാൻ പോരുംവിധം യുക്തിഭദ്രവും തെളിവുറ്റതുമത്രേ. ആഖ്യാനതലത്തിലെ ലാളിത്യവും ഋജുത്വവും ബോധ്യപ്പെടുത്താൻ പോരുന്ന ഒരു ഉദാഹരണമുന്നയിക്കട്ടെ: "മനുഷ്യന് സ്വയം തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യവും

സാധ്യതയും ലഭിച്ച ജീവിതമേഖലകളിൽ, ദൈവം നിശ്ചയിച്ച വ്യവസ്ഥക്ക് വിധേയമായി, അവൻ അവതരിപ്പിച്ചുതന്ന ജീവിതവ്യവസ്ഥക്കനുസൃതമായി ജീവിക്കുന്നതിനാണ് ഇസ്‌ലാം എന്നു പറയുക. അങ്ങനെ ജീവിക്കുന്നവർ മാത്രമാണ് മുസ്‌ലിംകൾ."(പേജ് 15)

കഅ്ബയിലെ കൃഷ്ണ ശിലാഫലകത്തെ പരാമർശിക്കുന്ന സന്ദർഭങ്ങളിൽ തൂലികാസ്ഖലിതം കൊണ്ടുമാവാം ചില ഗ്രന്ഥകാരന്മാർ, ആരാധ്യതയുടെ പരിവേഷമണിയിച്ച് കാണാറുണ്ട്. ഇസ്‌ലാമിക ദാർശനികരീത്യാ അത് അക്ഷന്തവ്യവും അനുചിതവുമാണെന്ന് നാമറിയുന്നു. പ്രവാചകന്മാർ പണിത ദേവാലയത്തിന്റെ ഭാഗമെന്ന ചരിത്രപരമായ പ്രാധാന്യം ആ കറുത്ത കല്ലിനുണ്ടെങ്കിലും ആ കല്ലിന് കേവലം കഅ്ബയെ പ്രദക്ഷിണം ചെയ്യാൻ തുടങ്ങുന്ന ഇടം എന്നതിൽ കവിഞ്ഞ പ്രാധാന്യമൊന്നുമില്ലെന്ന് ചൂണ്ടിക്കാണിക്കാൻ പോലും ഗ്രന്ഥകാരൻ മറന്നില്ല. ബഹുത്വം അഥവാ വൈചിത്ര്യമാണ് പദാർഥപ്രപഞ്ചത്തിന്റെ മുഖപ്രകൃതം. പ്രപഞ്ചാതീതമായ ദൈവിക സത്തയുടെ അഥവാ അല്ലാഹുവിന്റെ നിയതപ്രകൃതം ഏകത്വവും. ഈ ഏകത്വവും പരാശ്രയ നിരപേക്ഷതയും അതീവ സംക്ഷിപ്തമായി പ്രതിപാദിച്ചിട്ടുള്ള ഖുർആനിലെ സൂറത്തുൽ ഇഖ്‌ലാസിലെ സങ്കീർണാശയത്തെ സരളസുന്ദരമായി അനുവാചക മനസ്സുകളിൽ പാകിമുളപ്പിക്കാൻ ഗ്രന്ഥകാരൻ കാണിച്ച കരവിരുത് ശ്ലാഘനീയമത്രെ.

അദ്വൈതത്തെ സംബന്ധിച്ചുള്ള ഒരു ചോദ്യത്തിന് നൽകിക്കണ്ട മറുപടി ഏറെ ഹൃദ്യവും യുക്തിഭദ്രവുമായി തോന്നി. വേദങ്ങളും ഉപനിഷത് വാക്യങ്ങളുടെ സമന്വയരൂപമായ ബ്രഹ്മസൂത്രവും പഠിപ്പിക്കുന്നതുപോലെ ബ്രഹ്മം അഥവാ ഈശ്വരൻ അല്ലെങ്കിൽ അല്ലാഹുവാണ് പ്രപഞ്ചത്തെയും അതിലുള്ളവയെയും സൃഷ്ടിച്ചതെന്നും ഈ ലോകം മിഥ്യയോ എന്നാൽ പരമാർഥിക യാഥാർഥ്യമോ അല്ലെന്നും ദൈവത്തിന്റെ സൃഷ്ടിയായ ക്ഷണിക യാഥാർഥ്യമാണെന്നും കാണുന്ന ഇസ്‌ലാം അദ്വൈതത്തെ അംഗീകരിക്കുന്നില്ലെന്ന് ഗ്രന്ഥകാരൻ വാദിക്കുമ്പോൾ, ഇസ്‌ലാമിന്റെ സത്യശുദ്ധമായ മുഖം കണ്ടറിയാനും അതിനെ അംഗീകരിക്കാനും ജ്ഞാനവിപാസുവായ ഒരാൾക്ക് സാധിക്കുന്നു. വേദങ്ങൾക്കും ഔപനിഷദികമായ മഹാജ്ഞാനത്തിനും അതിന്റെ അർഥീകൃത പ്രകൃതവും ബാദരായണകൃതവുമായ ബ്രഹ്മസൂത്രത്തിനും നിരക്കാത്തതാണ് അദ്വൈതത്തിന്റെ അന്തസ്സാരമെന്ന് ശങ്കരാചാര്യരുടെയും ഗുരുവായ ഗോവിന്ദസാദരുടെയും ആചാര്യനായ ഗൗഢപാദർ തന്റെ പ്രകരണഗ്രന്ഥ ചർച്ചാ വേളയിൽ ബൗദ്ധസന്യാസിമാരോട് തുറന്നുസമ്മതിക്കുകയുണ്ടായെന്നുപോലും തന്റെ സമർഥന വേളയിൽ ഗ്രന്ഥകർത്താവ് ഉദ്ധരിക്കുകയുണ്ടായി. ഡോ. രാധാകൃഷ്ണൻ, വാഗ്ഭടാനന്ദൻ, അരവിന്ദഘോഷ് തുടങ്ങിയ പണ്ഡിത പ്രതിഭകളെ നിരത്തിയാണ് ഗ്രന്ഥകാരൻ തന്റെ വാദമുഖമവതരിപ്പിക്കുന്നത് എന്നതിനാൽ സംശയനിവാരണത്തിന് പ്രാമാണികതയുടെ പരിവേഷം കൂടി കൈവന്നിരിക്കുന്നു.

ഇന്ന് ഖുർആൻ പുനർവായനക്ക് വിധേയമാക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിന്റെ മധുരവും വെളിച്ചവും മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്ത വിധം അമുസ്‌ലിംകളെപ്പോലും ആകർഷിച്ചു തുടങ്ങിയിരിക്കുന്നു. വികലധാരണകൾ തിരുത്തപ്പെടുകയും ദാർശനിക സൗന്ദര്യം ആസ്വദിക്കപ്പെടുകയും ചെയ്യുന്ന സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം

'കേരള ഡയലോഗ് സെന്റർ' പ്രസാധനം ചെയ്ത പ്രകൃതഗ്രന്ഥം വിലയിരുത്തപ്പെടാൻ. വിശ്വാസാവലംബിതമായ മതത്തിന്റെ വേദിയിൽ സംവാദം സാധാരണമല്ല. മതപണ്ഡിതന്മാർ സ്ഥാപനവൽക്കരിക്കപ്പെട്ട നിയത മാർഗത്തിലൂടെ വേദഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ച് പ്രചരിപ്പിക്കുകയാണ് മതസദസ്സുകളിലെ പതിവ്; സ്വതന്ത്രചിന്ത അവിടെ നിറം ചാർത്താനെത്താറില്ല. മതവിശ്വാസവും ധാരണകളും അപ്രമാദിത്വമവകാശപ്പെടുന്ന 'ഡോഗ്മ'കളായി മാത്രമിവിടെ വർത്തിക്കുന്നു. പൊടികെട്ടിക്കിടക്കുകയും അന്യഥാ വ്യാഖ്യാനിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്തുകഴിഞ്ഞ സത്യവേദ പഥത്തിൽ സ്നേഹപരിവേഷമണിഞ്ഞ സ്വതന്ത്ര സംവാദവുമായി കടന്നുവരുന്ന 'ഡയലോഗ് സെന്റർ' തന്നെ ശ്ലാഘനീയമാണ്. ഇസ്‌ലാമികാശയ പ്രചാരണരംഗത്ത് സുവർണേതിഹാസം രചിച്ചുപോരുന്ന 'ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസി'ന്റെ കർമശാലയിൽനിന്നു തന്നെയാണ് ഈ ഗ്രന്ഥശിൽപവും രൂപമണിഞ്ഞത്.

വിവിധ മതസമുദായങ്ങൾക്കിടയിൽ വലിയ അകൽച്ചയും തികഞ്ഞ അജ്ഞതയും ഗുരുതരമായ തെറ്റിദ്ധാരണകളും നിലനിൽക്കാനുള്ള കാരണങ്ങളിലൊന്ന് സംവാദ രംഗങ്ങളുടെ നിശൂന്യതയാണ്. അത് പരിഹരിക്കാനായി സ്നേഹത്തിലും പരസ്പര സഹകരണത്തിലും സൗഹൃദത്തിലും ഗുണകാംക്ഷയിലും അധിഷ്ഠിതമായ മുഖാമുഖങ്ങളും ചർച്ചകളും സെമിനാറുകളും സിംപോസിയങ്ങളും സംവാദങ്ങളും സംഘടിപ്പിക്കാനും ഉത്തമ ഗ്രന്ഥങ്ങൾ തയ്യാറാക്കാനുമാണ് 'ഡയലോഗ് സെന്റർ' വിഭാവനം ചെയ്യുന്നത്. ഫ്രഞ്ചുവിപ്ലവത്തിന് ജനമനസ്സുകളെ സജ്ജമാക്കുന്നതിന് വാൾട്ടയറുടെ നേതൃത്വത്തിൽ For the Revolution പ്രസ്ഥാനത്തിന്റെ കീഴിൽ നടന്ന പ്രചാരണ രംഗത്തെ സമർഥവും സകലതല സ്പർശിയുമായ പ്രവർത്തനേതിഹാസത്തിന് സമാനമാണിതെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. അക്കാലത്തവിടെ മുഴങ്ങിക്കേട്ട 'ഇവിടെ ചരിത്രമാരംഭിക്കുന്നു' എന്ന മുദ്രാവാക്യവും സ്മരിക്കുന്നു. കഴിഞ്ഞ 14 നൂറ്റാണ്ടിന്റെ കാലവിസ്തൃതിയിൽ, കേരളത്തിലിന്നോളം ഇതിനു സദൃശ്യമായ മറ്റൊരു ശ്രമം നടന്നിട്ടില്ല. വളരെ ആസൂത്രിതമായ ഒരു വിശുദ്ധ കർമപദ്ധതിയുടെ ഭാഗമാണിത്.

പല കാരണങ്ങളാലും തെളിച്ചം പോയി, വെളിച്ചം കെട്ട് വികൃത മുഖമായിക്കിടക്കുന്ന ഇസ്‌ലാമിക ദർശനങ്ങളുടെ മേഖലയിൽ നേരിന്റെ തെളിവെളിച്ചവുമായി കടന്നുവരുന്ന ഈ പ്രകാശം സാധിക്കുന്ന ദൗത്യം അനൽപമാണ്. ഇസ്‌ലാമിക സംസ്കൃതിയെ ശക്തവും ശുദ്ധവും പൂർവോപരി രചനാത്മകവുമാക്കാനുള്ള ശ്രമം ഇവിടെയാരംഭിക്കുന്നു.

## അനുബന്ധം 2

# സംസ്കൃതി പൂക്കുമ്പോൾ

## ഇബ്റാഹീം ബേവിഞ്ച

'എല്ലാം പൂക്കുന്നു, കായ്ക്കുന്നു, എല്ലാറ്റിനും വളക്കൂറുറ്റതിന്നിലം' എന്ന വരി ഒ.എൻ.വി. കുറുപ്പിന്റെതാണ്. കുട്ടിയുടെ ചോറൂൺകർമം നടത്താനായി തിരുനാവായ്ക്ക് പോകവേ ശ്രോതൃതടത്തിൽ വീണ വേദവചനങ്ങളുടെയും ഓത്തിന്റെയും ശബ്ദങ്ങൾ മനസ്സിലുണർത്തിയ സൗന്ദര്യഭാവത്തിലാമഗ്നനായിട്ടാണ് കവി ഈ വരികൾ കുറിച്ചത്. മതങ്ങളും സംസ്കൃതികളും വളക്കൂറോടെ വളരുകയും അവയെല്ലാം പൂക്കുകയും കായ്ക്കുകയും ചെയ്ത ചരിത്രം നമ്മുടെ നാടിനുണ്ട്. അന്നാണ് ഇടശ്ശേരി എന്ന കവി 'കൂട്ടുകൃഷി' എന്ന നാടകവും 'ഇസ്ലാമിലെ വന്മല' എന്ന കവിതയും എഴുതിയത്. അത്തരം കഥകളും നോവലുകളും കവിതകളും ധാരാളമായി അന്നുണ്ടായി. പല മെയ്യുകളും ഒരു മനസ്സുമായി ഒരിക്കൽ ഇവിടത്തെ മതവിഭാഗങ്ങൾ കഴിഞ്ഞുകൂടിയ കാലം. പിന്നെയാണ് വിഭാഗീയതയുടെയും കനത്ത തെറ്റുധാരണകളുടെയും വിഷക്കാറ്റുകൾ വന്ന് മനുഷ്യർ അകന്നുതുടങ്ങിയത്. വർഗീയതയുടെ വിഷം ഇപ്പോൾ അണുബോംബ് കണക്കെ ഇന്ത്യൻ സമൂഹജീവിതത്തെ മാരകമായി നശിപ്പിക്കുന്നുണ്ട്. കാളിമയേറിയ ഈ വിഷവാതത്തെ തുടച്ചുനീക്കാനുള്ള നല്ലൊരു വഴി മതങ്ങളെയും സംസ്കൃതികളെയും അടുത്തറിയുക എന്നതാണ്. വിശ്വാസിയോ അല്ലാത്തവനോ ആവട്ടെ, എല്ലാ ഭാരതീയനും സ്വന്തം മതത്തെയും അന്യമതത്തെയും ആഴത്തിൽ പഠിച്ചറിയേണ്ടത് ഇന്ത്യയുടെ ഭദ്രമായ നിലനിൽപിന്റെ അടിസ്ഥാന ഘടകമായിത്തീർന്നിരിക്കുന്നു. മതങ്ങളെ അറിയേണ്ടതുപോലെ അറിഞ്ഞാൽ അവർ അകലുകയല്ല, നന്നേ അടുത്ത് നിൽക്കുകയാണ് ചെയ്യുക. അന്യോന്യം അടുത്തറിയലിന്റെ അഭാവത്തിലാണ് വിപത്തിന്റെ വിത്തുകൾ വളരുന്നത്. അതിനാൽ മതസംവാദങ്ങൾ കാലത്തിന്റെ അതിപ്രധാനമായ ആവശ്യകതയായിത്തീർന്നിരിക്കുന്നു. സ്നേഹത്തിലും സഹകരണത്തിലും സൗഹാർദത്തിലും ഗുണകാംക്ഷയിലും അധിഷ്ഠിതമായ സ്നേഹസംവാദങ്ങൾ വിശ്വാസികൾ തമ്മിൽ നടത്തുന്നതോടെ ഒരുമയുടെ സംഗീതം ഉയരും. അറിവിന്റെ നവരാഗങ്ങൾ പടരും. ഈ ചിന്തകൾ മനസ്സിലൂട്ടിയുറപ്പിക്കുന്ന ഒരു ഗ്രന്ഥമാണ് ശൈഖ് മുഹമ്മദ് കാരകുന്നിന്റെ 'ദൈവം, മതം, വേദം: സ്നേഹസംവാദം'. കേരളത്തിന്റെ വിവി

ധ ഭാഗങ്ങളിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്താനായി നടന്ന 'സ്‌നേഹസംവാദം' പരിപാടികളിൽ മുസ്‌ലിംകളും ഇതര മതസ്ഥരും ഉന്നയിച്ച ചോദ്യങ്ങളുടെയും അവയ്ക്ക് നൽകപ്പെട്ട ഔഷധസമാനായ ഉത്തരങ്ങളുടെയും സമാഹാരമാണിത്.

ചിന്താശീലനായ ഏത് വ്യക്തിയുടെയും ഉള്ളിലുയരുന്ന അനേകം ചോദ്യങ്ങളുണ്ട് - ഭൂമിയിലെ തന്റെ ജീവിതമുയർത്തുന്ന ചോദ്യങ്ങൾ. താനാരാണെന്നും താനെവിടെനിന്നു വരുന്നുവെന്നും താനെങ്ങോട്ട് പോകുന്നുവെന്നും തന്റെ ജീവിതമെങ്ങനെ ക്രമപ്പെടുത്തണമെന്നും ലഭ്യമായ ജീവിതത്തിന്റെ അർഥവും അനർഥവുമെന്താണെന്നുമുള്ള ചോദ്യങ്ങൾ. ഏത് മനസ്സിനെയും അസ്വസ്ഥമാക്കുന്ന ഈ ചോദ്യങ്ങൾക്ക് ഓരോ കാലത്തും ഓരോ ആചാര്യന്മാർ അവരുടേതായ മറുപടി നൽകിയിട്ടുണ്ട്. ആ ഉത്തരങ്ങളിൽ ചിലത് തൃപ്തികരവും മറ്റു ചിലത് അതൃപ്തികരവുമായിരുന്നു. ആ ഉത്തരങ്ങളിൽ നിന്നെല്ലാം വീണ്ടും ചോദ്യങ്ങളുണ്ടാകുന്നു. അപ്പോൾ ചിന്താശീലന്റെ മനസ്സ് വീണ്ടും അസ്വസ്ഥമാവുന്നു. അപ്പോൾ ഏറ്റവും യുക്തിസഹവും സുഭദ്രവുമായ ഉത്തരമേത് എന്ന അന്വേഷണത്തിലേക്ക് മനസ്സ് കുതിക്കുന്നു. അത്തരമൊരു അന്വേഷണത്തിൽനിന്നും ലഭിക്കുന്ന ഉത്തരങ്ങളാണ് 'ദൈവം, മതം, വേദം: സ്‌നേഹസംവാദം.' ജീവിതത്തെ നിരന്തരമായി യുക്തിപൂർവം ചോദ്യം ചെയ്യുന്ന മനസ്സുകൾക്ക് ഇസ്‌ലാം നൽകുന്ന ഉത്തരങ്ങളാകുന്നു ഈ പുസ്തകത്തിൽ സമാഹരിച്ചിരിക്കുന്നത്. ഈ ഉത്തരങ്ങളാകട്ടെ ഏത് ബുദ്ധിജീവിയുടെയും മനസ്സിൽ ശാന്തിയും സമാധാനവും നിറക്കാൻ പര്യാപ്തവുമാണ്. ഈ ഉത്തരങ്ങളോട് വിയോജിക്കുന്നവർ പോലും ഗ്രന്ഥകാരന്റെ സമീപനങ്ങളിലെയും അവതരണത്തിലെയും സൗന്ദര്യവും യുക്തിയും അംഗീകരിക്കുക തന്നെ ചെയ്യും. മതം, ദൈവം, വേദം, പരലോകം, വിഗ്രഹാരാധന, പുനർജന്മം, അദ്വൈതം, ദൈവാവതാരം, പരിണാമ സിദ്ധാന്തം, വിധിവിശ്വാസം, സ്ത്രീ-പുരുഷ സമത്വം തുടങ്ങി എക്കാലത്തെയും മനുഷ്യരെ ചിന്തിപ്പിച്ച, അവരിൽ ചോദ്യശതാവലികളുണ്ടാക്കിയ പ്രശ്നങ്ങൾക്കെല്ലാം ഇസ്‌ലാമികമായ മറുപടികൾ ഈ കൃതിയിലൂടെ ലഭിക്കുമ്പോൾ ഒരു ജീവിതപദ്ധതിയെന്ന നിലയിൽ ഇസ്‌ലാമിന്റെ സൗന്ദര്യം തിരിച്ചറിയാൻ സാധിക്കുന്നു.

ഈ തിരിച്ചറിവ് ഇന്ത്യൻ സാഹചര്യത്തിൽ സുപ്രധാനമാണ്. ഇസ്‌ലാമിനെപ്പോലെ തെറ്റിദ്ധരിക്കപ്പെട്ട മതം വേറെയില്ലെന്ന് സുമനസ്സുകളായ ഇതര മതബുദ്ധിജീവികൾ നേരത്തെ തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. വാളിന്റെയും യുദ്ധത്തിന്റെയും അപരിഷ്കൃതത്വത്തിന്റെയും അവിദ്യയുടെയും അയുക്തിയുടെയും അസുന്ദരതയുടെയും മതമായിട്ടാണ് ഇതര മതങ്ങളിലെ വിദ്യാസമ്പന്നർ പോലും ഇസ്‌ലാമിനെ കണ്ടിട്ടുള്ളത്. അത്തരക്കാർ തന്നെ സ്‌നേഹസംവാദ സമ്മേളനങ്ങളിലെത്തുകയും അവരുടെയുള്ളിലുള്ള ചോദ്യങ്ങളെല്ലാം ഉന്നയിക്കുകയും അവയ്ക്കെല്ലാം ചേതോഹരങ്ങളായ ഉത്തരങ്ങൾ ലഭ്യമാവുകയും ചെയ്യുമ്പോൾ ശാന്തവും സുന്ദരവുമാകുന്നത് മുസ്‌ലിംകളുടെ മാത്രമല്ല, സംശയിക്കുകയും തെറ്റിദ്ധരിക്കുകയും ചെയ്തവരുടെ മനസ്സുകൂടിയാണ്. പുതിയ മനുഷ്യരും പുതിയ സമൂഹവും പുതിയ രാഷ്ട്രവും രൂപപ്പെടാൻ ഇത് സഹായകമാകുന്നു.

ഇന്ത്യയിലെയും കേരളത്തിലെയും മുസ്‌ലിംകളിൽ ചിലർ അനുഭവിക്കുന്ന ദുഃഖങ്ങളിലൊന്ന് അവർക്ക് സ്വന്തം മതത്തെയും ദർശനത്തെയും

ഉചിതമാംവിധത്തിൽ അറിയാൻ സാധിച്ചിട്ടില്ലെന്നതാണ്. അറിവുകളുടെ പുതു നൂറ്റാണ്ടിൽ ഇസ്‌ലാം ലോകത്തെ എങ്ങനെ സമീപിക്കുന്നുവെന്ന് അവരിൽ നല്ലൊരു പക്ഷത്തിന് അറിയാൻ സാധിച്ചിട്ടില്ല. പാരമ്പര്യമായി കിട്ടിയ 'മത'ത്തെ തലയിലേറ്റി നടക്കുകയാണവർ ചെയ്തിട്ടുള്ളത്. സ്വന്തം വിശ്വാസ ദർശനങ്ങളെത്തന്നെ സ്വയം വിചാരണ ചെയ്യാനും സ്വതന്ത്രവും സുന്ദരവുമായ തീരുമാനങ്ങളിലെത്താനും അവർക്ക് സാധിക്കുന്നില്ല. ഏതോ തരത്തിൽ തലയിലേറ്റി നടക്കുന്ന, കുറേ അനുഷ്ഠാനങ്ങളും ആചാരങ്ങളും മാത്രമാക്കി ചുരുക്കിയ തങ്ങളുടെ മതം കാലങ്ങളുടെയും അറിവുകളുടെയും മുമ്പിൽ സൗന്ദര്യപൂരമായി നിൽക്കുന്നതെങ്ങനെയെന്ന് 'ദൈവം, മതം, വേദം: സ്നേഹ സംവാദം' കാണിച്ചുകൊടുക്കുന്നു. മുസ്‌ലിംകളുടെ മനസ്സിനെ വിസ്തൃതവും പ്രകാശവത്തുമാക്കുന്നതോടൊപ്പം ഇതര മതസ്ഥരുടെ മനസ്സിലെ ഇരുട്ട് നീക്കാനും ഈ ഗ്രന്ഥം സഹായിക്കുന്നു.

നൂറു ശതമാനം ഇസ്‌ലാം മതവിശ്വാസിയായ ഒരു പണ്ഡിതൻ ഇതര മതങ്ങളെയും ദർശനങ്ങളെയും എത്രമാത്രം ഉദാരതയോടെയും സൗന്ദര്യ ബോധത്തോടെയും സമീപിക്കുമെന്നതിന്റെ മികച്ച ഉദാഹരണം കൂടിയാണ് ശൈഖിന്റെ ഈ പുസ്തകം. ഇസ്‌ലാമിക ദർശനങ്ങളുടെ യുക്തിപരത മാപനം ചെയ്യാൻ ഇതര മതങ്ങളുടെയും ആചാര്യന്മാരുടെയും ചിന്തകളെ സുലഭമായി ഉപയോഗിക്കുന്ന ഒരു പണ്ഡിതനെയാണ് പുസ്തകം കാട്ടിത്തരുന്നത്. ഇസ്‌ലാം ദർശനങ്ങളെപ്പോലെത്തന്നെ ഇതര മതദർശനങ്ങളെക്കുറിച്ചും ഗ്രന്ഥകാരന് നല്ല അറിവുണ്ട് എന്ന് ഇക്കാര്യം ചൂണ്ടിക്കാട്ടുന്നു. സ്വന്തം മതത്തെക്കുറിച്ച് വേറിട്ട അഭിപ്രായങ്ങൾ പകരാൻ ഇതര മതങ്ങളെ ആഴത്തിൽ പഠിക്കണമെന്നും അങ്ങനെ ചെയ്യുന്ന ആൾക്ക് ആരോഗ്യകരമായ മതസംവാദം സാധ്യമാകുമെന്നും പുസ്തകം ബോധ്യപ്പെടുത്തുന്നു. ഇതര മതങ്ങളെ മാത്രമല്ല പുതിയ അറിവുകളുടെ ഖനികളെയും ഉപയോഗപ്പെടുത്തുന്ന നിത്യനവീനമായ മനസ്സും ഗ്രന്ഥത്തിൽ കാണാനുണ്ട്.

മനസ്സ് മനസ്സിനോട് പറയുന്ന അമൃത വചനങ്ങളാണ് മതം. സ്വന്തം മതത്തെ ഇതര മതസ്ഥന് പരിചയപ്പെടുത്തുമ്പോൾ അക്ഷരങ്ങളുടെ അരമറിഞ്ഞിരിക്കണം. അപ്പോൾ ഉപയോഗിക്കുന്ന ഓരോ വാക്കും രാകിരാകിയുള്ളതായിരിക്കണം. വാചാലതയുടെയും കൃത്രിമത്വത്തിന്റെയും ഭാഷ കേൾവിക്കാരനിലും വായനക്കാരനിലും അരോചകത്വമുണ്ടാക്കും. ആശയത്തിന്റെ കേന്ദ്ര ബിന്ദുവിൽനിന്നും അവന്റെ ശ്രദ്ധ മാറുകയും ചെയ്യും. ആവേശവും ഉത്സാഹവുമല്ല വാഗ്മിതയും വികാരങ്ങളുടെ സംയമനവുമാണ് ഇവിടെ ആവശ്യം. ഇക്കാര്യം നമ്മുടെ പ്രമുഖ എഴുത്തുകാർക്കും പ്രസംഗകർക്കും അറിയില്ലെന്നതാണ് സത്യം. ഇക്കാര്യത്തിലും ഈ പുസ്തകം വേറിട്ടുനിൽക്കുന്നു. മലയാളികളുടെ കൂട്ടത്തിലെ നല്ലൊരു വായനക്കാരനായ ശൈഖ്(മാധ്യമത്തിലെ പ്രകാശരേഖ ഇതിന്റെ സാക്ഷ്യപത്രമാണ്) അതിന്റെ സമൃദ്ധികളെയെല്ലാം ഉപയോഗപ്പെടുത്തുമ്പോഴും വാക്കുകളെ നന്നേ ഉചിതമായും മിതമായുമാണ് ഉപയോഗിക്കുന്നത്. ഗൗരവ പ്രകൃതിയും ഭാഷാബോധവുമുള്ള വായനക്കാരെ ഇക്കാര്യം ഏറെ ആകർഷിക്കും. കാലം നമ്മുടെ നേരെ ഉയർത്തുന്ന ആത്മീയമായ ചോദ്യങ്ങൾക്കെല്ലാം നൽകുന്ന ഉത്തരങ്ങളടങ്ങിയ ഈ പുസ്തകത്തിലുള്ളത് ലളിത കോമളകാന്ത പദാവലിയാണ്. അതിനാൽ തന്നെ ആ ഉത്തരങ്ങൾ മനസ്സിൽ അലിഞ്ഞിറങ്ങും. അനുഭവവും ജീവിത

ബോധവുമായി പരിണമിക്കും. ഒരു പുസ്തകം വായിച്ചുകഴിഞ്ഞ ശേഷമുള്ള ആളല്ല അത് വായിക്കുന്നതിനു മുമ്പുള്ളയാൾ എന്ന് ഐ.എ. റിച്ചാർഡ്സ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. പുസ്തകം എങ്ങനെ മനസ്സിനെ മാറ്റുന്നുവെന്ന് ചൂണ്ടി ക്കാട്ടുകയാണ് ആ വിമർശകൻ. ഒരു പുസ്തകം അതിന്റെ വായനക്കാരനിൽ അസാധാരണമായ പരിവർത്തനങ്ങളുണ്ടാക്കുന്നുവെങ്കിൽ അതിന്റെ പിറവി സഫലമായി എന്നർഥം. ഈ സഫലത 'ദൈവം, മതം, വേദം: സ്നേഹസം വാദ'മുണ്ടാക്കുന്നുണ്ട് എന്ന കാര്യമാണ് പുസ്തകമിറങ്ങി ഒരു മാസം കഴി ഞ്ഞപ്പോൾ തന്നെ അതിന് രണ്ടാം പതിപ്പ് വേണ്ടിവന്നു എന്ന കാര്യം വിളിച്ച റിയിക്കുന്നത്.